# അക്കൗണ്ടൻസി

## ക്ലാസ് - XII

## കമ്പനി അക്കൗണ്ടുകളും ധനകാര്യപത്രികകളുടെ വിശകലനവും
## (Company Accounts & Analysis of Financial Statements)

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2019

*Prepared by:* State Council of Educational Research & Training (SCERT)
Poojappura, Thiruvananthapuram 12, Kerala.
E mail:scertkerala@gmail.com
*Type setting by:* SCERT Computer Lab.
©
Government of Kerala
Education Department
2018

# ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമമാർഗം എന്നതിനോടൊപ്പം സാംസ്കാരികത്തനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

ഇന്ത്യയിൽ തന്നെ പാഠപുസ്തകവിവർത്തന രംഗത്ത് നടന്ന വലിയൊരു കാൽവെപ്പായിരുന്നു ഇത്. പ്രഥമ സംരംഭമെന്ന നിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

**ഡോ.ജെ. പ്രസാദ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി. കേരളം

## പാഠപുസ്തക പരിഭാഷ ശില്പശാലയിൽ പങ്കെടുത്തവർ

1 **തോമസ് പി.വി.**
എച്ച്.എസ്.എസ്.ടി.
ഗവ. എച്ച്.എസ്.എസ്. ചാവശ്ശേരി, കണ്ണൂർ

2 **സുകു എസ്.**
എച്ച്.എസ്.എസ്.ടി.
ഗവ. എച്ച്.എസ്.എസ്. ആല, ചെങ്ങന്നൂർ,
ആലപ്പുഴ

3 **ദേവദാസ് ചെട്ടിയാർ.ആർ**
എച്ച്.എസ്.എസ്.ടി.
ഗവ. എച്ച്.എസ്.എസ്. വെച്ചൂച്ചിറ കോളനി,
മണ്ണടിശാല, പത്തനംതിട്ട

4 **ഷൈജു ഇളമ്പിലാൻ**
എച്ച്.എസ്.എസ്.ടി.
ഗവ. എച്ച്.എസ്.എസ്. മോറാഴ, കണ്ണൂർ

5 **ഡോ.രാജേഷ്ബാബു.കെ.ആർ.**
എച്ച്.എസ്.എസ്.ടി.
ഗവ.എച്ച്.എസ്.എസ്.തോട്ടട, കണ്ണൂർ

## വിദഗ്ധർ

**ഡോ. പി.എസ്. ദേവകുമാർ**
അസോസിയേറ്റ് പ്രൊഫസർ, കൊമേഴ്സ് വിഭാഗം
ഗവ. കോളേജ് ഫോർ വിമൺ, തിരുവനന്തപുരം

**ഡോ. ബിനോ ജോയ്**
അസി. പ്രൊഫസർ, കൊമേഴ്സ് വിഭാഗം, ഗവ. കോളേജ്, കോട്ടയം

**സുജൻകുമാർ കെ.ജി.**
അസി. പ്രൊഫസർ, കൊമേഴ്സ് വിഭാഗം, ഗവ. കോളേജ്, നെടുമങ്ങാട്

---

### അക്കാദമിക് കോ-ഓർഡിനേറ്റർ

**ഡോ. എസ്.ജയലക്ഷ്മി**
അസിസ്റ്റന്റ് പ്രൊഫസർ, എസ്.സി.ഇ.ആർ.ടി

# FOREWORD

The *National Curriculum Framework* (NCF), 2005, recommends that children's life at school must be linked to their life outside the school. This principle marks a departure from the legacy of bookish learning which continues to shape our system and causes a gap between the school, home and community. The syllabi and textbooks developed on the basis of NCF signify an attempt to implement this basic idea. They also attempt to discourage rote learning and the maintenance of sharp boundaries between different subject areas. We hope these measures will take us significantly further in the direction of a child-centred system of education outlined in the *National Policy on Education* (1986).

The success of this effort depends on the steps that school principals and teachers will take to encourage children to reflect on their own learning and to pursue imaginative activities and questions. We must recognise that, given space, time and freedom, children generate new knowledge by engaging with the information passed on to them by adults. Treating the prescribed textbook as the sole basis of examination is one of the key reasons why other resources and sites of learning are ignored. Inculcating creativity and initiative is possible if we perceive and treat children as participants in learning, not as receivers of a fixed body of knowledge.

These aims imply considerable change in school routines and mode of functioning. Flexibility in the daily time-table is as necessary as rigour in implementing the annual calendar so that the required number of teaching days are actually devoted to teaching. The methods used for teaching and evaluation will also determine how effective this textbook proves for making children's life at school a happy experience, rather than a source of stress or boredom. Syllabus designers have tried to address the problem of curricular burden by restructuring and reorienting knowledge at different stages with greater consideration for child psychology and the time available for teaching. The textbook attempts to enhance this endeavour by giving higher priority and space to opportunities for contemplation and wondering, discussion in small groups, and activities requiring hands-on experience.

The National Council of Educational Research and Training (NCERT) appreciates the hard work done by the textbook development committee responsible for this book. We wish to thank the Chairperson of the advisory group in Social Sciences Professor Hari Vasudevan and the Chief Advisor for this book, Professor R.K. Grover, (Retd.) Director, School of Management Studies (IGNOU), New Delhi for guiding the work of this committee. Several teachers contributed to the development of this textbook; we are grateful to their principals for making this possible. We are indebted to the institutions and organisations which have generously permitted us to draw upon their resources, material and personnel. We are especially grateful to the members of the National Monitoring Committee, appointed by the Department of Secondary and Higher Education, Ministry of Human Resource Development under the Chairpersonship of Professor Mrinal Miri and Professor G.P. Deshpande, for their valuable time and contribution. As an organisation committed to the systemic reform and continuous improvement in the quality of its products, NCERT welcomes comments and suggestions which will enable us to undertake further revision and refinement.

*Director*

New Delhi

National Council of Educational

*20 November 2006*

Research and Training

# Textbook Development Committee

**Chairperson, Advisory Committee for Textbooks in Social Sciences at Senior Secondary Level**

Hari Vasudevan, *Professor*, Department of History, University of Calcutta, Kolkata

**Chief Advisor**

R. K. Grover, *Professor, (Retd.)*, School of Management Studies, IGNOU, New Delhi

**Members**

D. K. Vaid, *Professor*, Department of Education in Social Sciences and Humanities, NCERT, New Delhi

Deepak Sehgal, *Reader*, Deen Dayal Upadhaya College, Delhi University

H.V. Jhamb, *Reader*, Khalsa College, Delhi University, Delhi

N. K. Kakar, *Director*, Maharaja Aggarsen Institute of Management, Rohini, New Delhi

Obul Reddy, *Professor*, Department of Commerce, Osmania University, Hyderabad, Andhra Pradesh

Rajesh Bansal, *PGT (Commerce)*, Rohatagi A.V. Senior Secondary School, Nai Sarak, New Delhi

Savita Shangari, *PGT (Commerce)*, Gyan Bharati School, Saket, New Delhi

S. C. Hussain, *Professor*, Department of Commerce, Jamia Millia Islamia, New Delhi

S. S. Sehrawat, *Assistant Commissioner*, Kendriya Vidyalaya Sangathan, Chandigarh

Sudhir Sapra, *PGT (Commerce)*, Kendriya Vidyalaya, Sultanpur, U.P.

Vanita Tripathi, *Lecturer*, Department of Commerce, Delhi School of Economics, Delhi

**Member-coordinator**

Shipra Vaidya, *Professor*, Department of Education in Social Sciences, NCERT, New Delhi

# ഉള്ളടക്കം

B2T2A2


| | | |
|---|---|---|
| അധ്യായം 1 | ഓഹരി മൂലധന അക്കൗണ്ടിംഗ് | 09 |
| അധ്യായം 2 | കടപ്പത്രങ്ങൾ പുറപ്പെടുവിക്കലും വീണ്ടെടുക്കലും | 110 |
| അധ്യായം 3 | കമ്പനിയുടെ ധനകാര്യപത്രികകൾ | 206 |
| അധ്യായം 4 | ധനകാര്യപത്രികകളുടെ വിശകലനം | 242 |
| അധ്യായം 5 | അക്കൗണ്ടിംഗ് അനുപാതങ്ങൾ | 275 |
| അധ്യായം 6 | പണപ്രവാഹപ്പട്ടിക | 335 |

# 1

# ഓഹരി മൂലധന അക്കൗണ്ടിംഗ്

## (Accounting for Share Capital)

E1Y9G1

**പഠന നേട്ടങ്ങൾ**

- *കമ്പനിരൂപത്തിലുള്ള ബിസിനസ് സ്ഥാപനത്തിന്റെ സ്വഭാവ സവിശേഷതകൾ മനസ്സിലാക്കി വിവിധ തരത്തിലുള്ള കമ്പനികളെക്കുറിച്ച് വിശദീകരിക്കുന്നു.*
- കമ്പനികൾ ഇറക്കുന്ന വിവിധ തരം ഓഹരികളെ താരതമ്യം ചെയ്യുന്നു.
- ഓഹരികൾ മുഖവിലയിലും, പ്രീമിയത്തിലും ഡിസ്കൗണ്ടിലും വിതരണം നടത്തുന്നതുമായി ബന്ധപ്പെട്ട അക്കൗണ്ടിംഗ് രേഖപ്പെടുത്തലുകൾ നടത്തുന്നു.
- വിവിധ സാഹചര്യങ്ങളിൽ ഓഹരികൾ കണ്ടുകെട്ടുന്നതും അവ പുനർവിതരണം നടത്തുന്നതുമായി ബന്ധപ്പെട്ട അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ നടത്തുന്നു.
- കണ്ടുകെട്ടിയ ഓഹരികൾ പുനർവിതരണം നടത്തുമ്പോൾ ക്യാപ്പിറ്റൽ റിസർവിലേക്ക് മാറ്റുന്ന തുക കണ്ടെത്തുകയും ഷെയർ ഫോർഫീറ്റഡ് അക്കൗണ്ട് തയാറാക്കുകയും ചെയ്യുന്നു.

**ബി**സിനസ്സ് സ്ഥാപനങ്ങളുടെ വികാസത്തിന്റെ മൂന്നാമത്തെ ഘട്ടമാണ് കമ്പനിരൂപത്തിലുള്ള സ്ഥാപനങ്ങൾ. കമ്പനിയുടെ മൂലധനം പല ആളുകളിൽനിന്നായി ഓഹരിരൂപത്തിലാണ് ശേഖരിക്കുന്നത്. ഇത്തരം ആളുകളെ ഓഹരിയുടമകൾ എന്നു വിളിക്കുന്നു. പക്ഷേ, അവരെ എല്ലാവരെയും കമ്പനിയുടെ മാനേജ്മെന്റ് പ്രവർത്തനത്തിൽ പങ്കെടുപ്പിക്കുവാൻ സാധ്യമല്ല. അതുകൊണ്ട് കമ്പനിയുടെ കാര്യങ്ങൾ മാനേജ് ചെയ്യുന്നതിന് അവരുടെ പ്രതിനിധികളായി ഒരു ബോർഡ് ഓഫ് ഡയറക്ടേഴ്സിനെ തിരഞ്ഞെടുക്കുന്നു. യഥാർത്ഥത്തിൽ കമ്പനിയുടെ എല്ലാക്കാര്യങ്ങളും നിയന്ത്രിക്കുന്നത് 2013 ലെ കമ്പനിനിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായാണ്. കമ്പനിയെന്നതുകൊണ്ട് അർഥമാക്കുന്നത്, 2013 ലെ കമ്പനിനിയമം അനുസരിച്ചോ നേരത്തെയുണ്ടായിരുന്ന മറ്റേതെങ്കിലും കമ്പനിനിയമം അനുസരിച്ചോ രജിസ്റ്റർ ചെയ്ത കമ്പനികളെയാണ്. ചീഫ് ജസ്റ്റിസ് മർഷലിന്റെ അഭിപ്രായത്തിൽ "കമ്പനിയെന്നത് കൃത്രിമവും കാണാൻ പറ്റാത്തതും തൊടാൻ സാധിക്കാത്തതും നിയമത്തിന്റെ കണ്ണുകളിൽ മാത്രം നിലനിൽക്കുന്ന ഒരു വ്യക്തിയാണ്. നിയമപരമായി സൃഷ്ടിക്കപ്പെടുന്ന ഒരു സ്ഥാപനമായതുകൊണ്ട് അതിന്റെ രൂപീകരണ നിയമാവലിയിൽ വ്യക്തമായോ യാദൃശ്ചികമായോ പ്രതിപാദിച്ച സവിശേഷതകൾ മാത്രം ഉൾക്കൊള്ളുന്നവയുമായിരിക്കും.

സാധാരണയായി കമ്പനി അതിന്റെ മൂലധനം ഓഹരിയുടെ രൂപത്തിലും (ഓഹരിമൂലധനം) കടപ്പത്ര രൂപത്തിലും (കടമൂലധനം) ശേഖരിക്കുന്നു. ഈ അധ്യായത്തിൽ

കമ്പനിയുടെ ഓഹരിമൂലധന അക്കൗണ്ടിങ്ങുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പ്രതിപാദിക്കുന്നത്.

## 1.1 കമ്പനിയുടെ സവിശേഷതകൾ (Features of a Company)

ഒരു പൊതു ശേഖരത്തിലേക്ക് പണമോ പണതുല്യമായ വസ്തുക്കളോ നിക്ഷേപിക്കുകയും അവ പൊതുവായ ഒരു ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുകയും ചെയ്യുന്ന ആളുകളുടെ ഒരു കൂട്ടായ്മയാണ് കമ്പനി. നിയമപരമായ വ്യക്തിത്വമുള്ളതും അംഗങ്ങളിൽനിന്നും (ഓഹരിയുടമകളിൽനിന്നും) വേറിട്ട് നിൽക്കുന്നതും ഒപ്പിനു വേണ്ടി പൊതുമുദ്ര ഉപയോഗിക്കുന്നതുമായ ഒരു കൃത്രിമ വ്യക്തിയാണ് കമ്പനി. അതുകൊണ്ട് അതിനു മറ്റ് ബിസിനസ് സ്ഥാപനങ്ങളിൽനിന്നു വ്യത്യസ്തമായ ചില സവിശേഷതകളുണ്ട്. അവ താഴെ കൊടുത്തിരിക്കുന്നു.

- *ഏകീകൃത വ്യക്തിത്വം (Body Corporate):* സമയാസമയത്തുണ്ടാകുന്ന നിയമങ്ങളുടെ വ്യവസ്ഥകൾ അനുസരിച്ചാണ് കമ്പനി രൂപീകൃതമാകുന്നത്. ഇന്ത്യയിൽ പ്രത്യേക നിയമമുള്ള ബാങ്കിംഗ് ഇൻഷുറൻസ് കമ്പനികൾ ഒഴികെയുള്ള കമ്പനികൾ രൂപീകരിക്കുന്നത് കമ്പനിനിയമപ്രകാരമാണ്.
- *വേറിട്ട നിയമപരമായ നിലനിൽപ്പ് (Separate Legal Entity):* കമ്പനിക്ക് അതിന്റെ അംഗങ്ങളിൽനിന്ന് വ്യത്യസ്തവും വേർതിരിക്കുന്നതുമായ ഒരു സ്വന്തം നിലനിൽപ്പുണ്ട്. അതിന് ഏതു തരത്തിലുള്ള സ്വത്തു വകകളും കൈവശം വയ്ക്കുവാൻ കഴിയും. അതിനു സ്വന്തം പേരിൽ കരാറിൽ ഏർപ്പെടാനും ബാങ്ക് അക്കൗണ്ട് തുടങ്ങുവാനും കഴിയും.
- *ക്ലിപ്തബാധ്യത (Limited Liability):* കമ്പനിയിലെ അംഗങ്ങളുടെ ബാധ്യത അവരുടെ കൈവശമുള്ള ഓഹരികളുടെ അടച്ചുതീർക്കാത്ത തുകയായി പരിമിതപ്പെടുത്തിയിരിക്കുന്നു. ജാമ്യക്ലിപ്ത കമ്പനിയുടെ കാര്യത്തിൽ, അംഗങ്ങളുടെ ബാധ്യത കമ്പനി അവസാനിപ്പിക്കുന്ന സമയത്ത് അവർ നൽകാമെന്ന് ഉറപ്പ് നൽകുന്ന തുകവരെയായി നിജപ്പെടുത്തിയിരിക്കുന്നു.
- *സ്ഥിരമായ നിലനിൽപ്പ് (Perpetual Succession):* നിയമപ്രകാരം രൂപീകൃതമായ ഒരു കൃത്രിമവ്യക്തി എന്ന നിലയിൽ അംഗത്വത്തിലുണ്ടാകുന്ന മാറ്റത്തിനനുസൃതമല്ലാതെ കമ്പനിയുടെ നിലനിൽപ്പ് തുടരുന്നതാണ്. കമ്പനിയുടെ പ്രവർത്തനത്തെ നിയമത്തിലൂടെ മാത്രമെ അവസാനിപ്പിക്കുവാൻ സാധിക്കുകയുള്ളു. ഒരു അംഗത്തിന്റെ മരണമോ, ചിത്തഭ്രമമോ, പാപ്പരത്വമോ കമ്പനിയുടെ നിലനിൽപ്പിനെ യാതൊരുവിധത്തിലും ബാധിക്കുന്നതല്ല. അംഗങ്ങൾ വരികയും പോവുകയും ചെയ്യും പക്ഷെ കമ്പനി തുടർന്നുകൊണ്ടേയിരിക്കും.
- *പൊതുമുദ്ര (Common Seal):* കമ്പനി ഒരു കൃത്രിമവ്യക്തിയായതിനാൽ സ്വയം ഒപ്പ് രേഖപ്പെടുത്തൽ സാധ്യമല്ല. അതുകൊണ്ട് എല്ലാ കമ്പനികൾക്കും അതിന്റെ ഔദ്യോഗിക ഒപ്പ് എന്ന നിലയിൽ ഒരു പൊതുമുദ്ര ആവശ്യമാണ്. കമ്പനിയുടെ പൊതുമുദ്ര പതിപ്പിക്കാത്ത ഒരു പ്രമാണവും കമ്പനിയുടേതാകുന്നില്ല.

- *ഓഹരികളുടെ കൈമാറ്റം (Transferability of Shares):* പൊതു ലിമിറ്റഡ് കമ്പനിയുടെ ഓഹരികൾ സ്വതന്ത്രമായി കൈമാറ്റം ചെയ്യപ്പെടാവുന്നതാണ്. ഓഹരികൾ കൈമാറുന്നതിന് കമ്പനിയുടെയോ കമ്പനിയുടെ ഏതെങ്കിലും അംഗത്തിന്റെയോ അനുമതി ആവശ്യമില്ല. പക്ഷേ, ഏതു രീതിയിലാണ് ഓഹരികൾ കൈമാറ്റം ചെയ്യപ്പെടേണ്ടതെന്ന് കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ വ്യക്തമാക്കാവുന്നതാണ്.
- *വ്യവഹാരം നടത്തുകയോ, വ്യവഹാരപ്പെടുകയോ ചെയ്യാം (May Sue or be Sued):* കമ്പനി നിയമപരമായി നിലനിൽക്കുന്ന വ്യക്തി എന്ന നിലയിൽ ഉടമ്പടികളിൽ ഏർപ്പെടുന്നതിനും ഉടമ്പടിപ്രകാരമുള്ള അവകാശങ്ങൾ നടപ്പിലാക്കുവാനും കഴിയും. ഉടമ്പടി വ്യവസ്ഥകൾ ലംഘിക്കുകയാണെങ്കിൽ കമ്പനിക്ക് അതിന്റെ സ്വന്തം പേരിൽ അന്യായം ഫയൽ ചെയ്യാവുന്നതും ചെയ്യപ്പെടാവുന്നതുമാണ്.

## 1.2 വിവിധതരം കമ്പനികൾ (Kinds of Companies)

കമ്പനികളെ അംഗങ്ങളുടെ ബാധ്യതയുടെ അടിസ്ഥാനത്തിലോ അംഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലോ തരംതിരിക്കാവുന്നതാണ്. അംഗങ്ങളുടെ ബാധ്യതയുടെ അടിസ്ഥാനത്തിൽ കമ്പനികളെ താഴെ കൊടുത്തിരിക്കുന്ന വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു.

(i) *ഓഹരിക്ലിപ്ത കമ്പനികൾ (Companies Limited by Shares):* ഇത്തരം കമ്പനികളിൽ അംഗങ്ങളുടെ ബാധ്യത അവരുടെ കൈവശമുള്ള ഓഹരികളുടെ മുഖവിലയ്ക്ക് തുല്യമായി നിജപ്പെടുത്തിയിരിക്കുന്നു. ഒരു അംഗം അയാളുടെ കൈവശമുള്ള ഓഹരികളുടെ മുഴുവൻ തുകയും കൊടുത്തുതീർത്താൽ കമ്പനിക്ക് എത്ര കടബാധ്യതയുണ്ടായാലും അയാൾക്ക് യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല. കമ്പനി നിലനിൽക്കുന്ന സമയത്തായാലും അടച്ചുപൂട്ടുന്ന സമയത്തായാൽ പോലും എത്ര ബാധ്യതയുണ്ടായാലും ഓഹരിയുടമ അയാളുടെ സ്വകാര്യ സ്വത്തിൽ നിന്ന് ഒരു പൈസ പോലും നൽകേണ്ടതില്ല.

(ii) *ജാമ്യക്ലിപ്ത കമ്പനികൾ (Companies Limited by Guarantee):* ഇത്തരം കമ്പനികളിൽ അംഗങ്ങളുടെ ബാധ്യത കമ്പനി പിരിച്ചുവിടുന്ന സമയം നൽകാമെന്ന് ഉറപ്പു നൽകിയിട്ടുള്ള തുകയായി പരിമിതപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടുതന്നെ അംഗങ്ങളുടെ ബാധ്യത കമ്പനി പിരിച്ചുവിടുന്ന സമയത്തു മാത്രമാണുണ്ടാകുന്നത്.

(iii) *അക്ലിപ്ത കമ്പനികൾ (Unlimited Companies):* അംഗങ്ങളുടെ ബാധ്യതയ്ക്ക് പരിമിതിയൊന്നുമില്ലെങ്കിൽ അത്തരം കമ്പനികളെ അക്ലിപ്ത കമ്പനികളെന്നു വിളിക്കുന്നു. കമ്പനിയുടെ കടബാധ്യത തീർക്കുന്നതിന് കമ്പനിയുടെ ആസ്തികൾ പര്യാപ്തമല്ലെങ്കിൽ അംഗങ്ങളുടെ ആസ്തികൾ ഉപയോഗിക്കാവുന്നതാണ്.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കമ്പനിയുടെ കടക്കാർക്ക് കിട്ടുവാനുള്ള തുക അംഗങ്ങളിൽ നിന്നും ഇടാക്കാവുന്നതാണ്. കമ്പനി നിയമം അനുവദിക്കുന്നെ ണ്ടെങ്കിലും ഇന്ത്യയിൽ ഇത്തരം കമ്പനികൾ നിലവിലില്ല.

അംഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കമ്പനികളെ താഴെ കൊടുത്ത പ്രകാരം മൂന്നായി തരംതിരിക്കാവുന്നതാണ്.

(i) *പൊതു കമ്പനി (Public Company)*: പൊതു കമ്പനിയെന്നത് കൊണ്ട് അർഥമാക്കുന്നത് (a) സ്വകാര്യ കമ്പനികളല്ലാത്ത കമ്പനികൾ (b) ഒരു സ്വകാര്യ കമ്പനിയുടെ അനുബന്ധ കമ്പനിയല്ലാത്ത കമ്പനികൾ

(ii) *സ്വകാര്യ കമ്പനി (Private Company)*: സ്വകാര്യ കമ്പനിയെന്നത് അതിന്റെ ആർട്ടിക്കിൾ പ്രകാരം:

(a) ഓഹരികൾ കൈമാറ്റം ചെയ്യുന്നതിനുള്ള അവകാശത്തെ നിയന്ത്രിക്കുന്നു.

(b) ഏകാംഗ കമ്പനികളൊഴികെ, എല്ലാ സ്വകാര്യ കമ്പനികൾക്കും കുറഞ്ഞത് രണ്ട് അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം.

(c) പരമാവധി അംഗങ്ങളുടെ എണ്ണം 200 ആയി പരിമിതപ്പെടുത്തിയിരിക്കുന്നു. (തൊഴിലാളികൾ ഒഴികെ)

(iii) *ഏകാംഗ കമ്പനി (One Person Company OPC)*: 2013 ലെ കമ്പനി നിയമം സെക്ഷൻ 2 (62) പ്രകാരം ഒരു വ്യക്തി മാത്രം അംഗമായുള്ള കമ്പനിയെ ഏകാംഗ കമ്പനിയെന്നു വിളിക്കുന്നു. കമ്പനി (രൂപീകരണം) റൂൾ 2014 ലെ റൂൾ 3 പ്രകാരം:

(a) ഇന്ത്യൻ പൗരനും ഇന്ത്യയിൽ സ്ഥിരതാമസക്കാരനുമായ ഒരു സാധാരണ വ്യക്തിക്കു മാത്രമേ ഏകാംഗ കമ്പനി രൂപീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(b) ഇതിനു ബാങ്കിങ്ങിതര സാമ്പത്തിക നിക്ഷേപപ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കില്ല.

(c) ഇതിന്റെ അടച്ചുതീർത്ത ഓഹരി മൂലധനം 50 ലക്ഷം രൂപയിൽ കവിയാൻ പാടുള്ളതല്ല

(d) ഇതിന്റെ മൂന്ന് വർഷത്തെ ശരാശരി വാർഷിക വിറ്റുവരവ് 2 കോടി രൂപയിൽ കൂടാൻ പാടുള്ളതല്ല

## 1.3 കമ്പനിയുടെ ഓഹരി മൂലധനം (Share Capital of a Company)


ഒരു കൃത്രിമ വ്യക്തി എന്ന നിലയിൽ കമ്പനിക്ക് സ്വന്തമായി മൂലധനം കൊണ്ടുവരുവാൻ സാധിക്കാത്തതിനാൽ മറ്റു പല വ്യക്തികളിൽ നിന്നും മൂലധനത്തുക ശേഖരിക്കേണ്ടി വരുന്നു. ഇത്തരം ആളുകളെ ഓഹരിയുടമകളെന്നും അവർ കൊണ്ടുവരുന്ന തുകയെ ഓഹരിമൂലധനമെന്നും വിളിക്കുന്നു. ഓഹരിയുടമകളുടെ എണ്ണം വളരെക്കൂടുതലായതുകൊണ്ട് അവർക്ക് ഓരോരുത്തർക്കും പ്രത്യേക മൂലധന അക്കൗണ്ടുകൾ തയാറാക്കാൻ സാധ്യമല്ല. അതുകൊണ്ട് എല്ലാവരിൽ നിന്നുമായി ശേഖരിക്കുന്ന മൂലധനത്തിന് പൊതുവായ ഒരു മൂലധന അക്കൗണ്ടാണ് തയാറാക്കുന്നത്.

### *1.3.1* വിവിധതരം ഓഹരിമൂലധനം (*Categories of Share Capital*)

അക്കൗണ്ടിംഗ് ആവശ്യത്തിനായി കമ്പനിയുടെ ഓഹരിമൂലധനത്തെ താഴെ കൊടുത്ത രീതിയിൽ തരംതിരിക്കാവുന്നതാണ്:

- *അംഗീകൃത മൂലധനം (Authorised Capital):* ഒരു കമ്പനിക്ക് അതിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരം ഓഹരി വിതരണത്തിലൂടെ ശേഖരിക്കാവുന്ന പരമാവധി മൂലധനത്തെയാണ് അംഗീകൃത മൂലധനമെന്നു പറയുന്നത്. കമ്പനിക്ക് മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ പറഞ്ഞതിൽ കൂടുതൽ മൂലധനത്തുക ശേഖരിക്കുവാൻ സാധ്യമല്ല. ഇതിനെ നാമമാത്ര മൂല ധനം അല്ലെങ്കിൽ ഔദ്യോഗിക മൂലധനമെന്നും വിളിക്കുന്നു. കമ്പനി നിയമത്തിലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മാത്രമെ അംഗീകൃത മൂലധനം വർധി പ്പിക്കുവാനോ കുറവ് വരുത്തുവാനോ സാധിക്കുകയുള്ളൂ. കമ്പനിക്ക് അതിന്റെ അംഗീകൃത മൂലധനം മുഴുവനായും ഒരേ സമയം പൊതു വിതരണം നടത്തേ ണ്ടതില്ല. ആവശ്യം വരുന്ന ഏതു സമയത്തും കമ്പനിക്ക് ഓഹരി മൂലധനം ശേഖരി ക്കാവുന്നതാണ്, പക്ഷേ, അത് അംഗീകൃത മൂലധനത്തെക്കാൾ അധികമാവരുത്.
- *പുറപ്പെടുവിച്ച മൂലധനം (Issued Capital):* കമ്പനിയുടെ മെമ്മോറാണ്ടത്തിൽ ഒപ്പിട്ടിരിക്കുന്നവർക്കും ആസ്തി വിൽപ്പനക്കാർക്കും *(Vendors of assets)* നൽകിയതുൾപ്പടെ പൊതു ജനങ്ങൾക്ക് വാങ്ങുന്നതിനുവേണ്ടി നൽകുന്ന അംഗീകൃതമൂലധനത്തിന്റെ ഒരു ഭാഗത്തെയാണ് പുറപ്പെടുവിച്ച മൂലധനമെന്നുപറയുന്നത്. അംഗീകൃത മൂലധനത്തിൽ പൊതു ജനങ്ങൾക്ക് നൽകാത്ത മൂലധനത്തെ പുറപ്പെടുവിക്കാത്ത മൂലധനമെന്നു വിളിക്കുന്നു. പുറപ്പെടുവിക്കാത്ത മൂലധനം ഭാവിയിൽ പൊതുജനങ്ങൾക്ക് വാങ്ങുന്നതിനുവേണ്ടി നൽകാവുന്നതാണ്.
- *ഏറ്റെടുക്കപ്പെട്ട മൂലധനം (Subscribed Capital):* പുറപ്പെടുവിച്ച മൂലധനത്തിൽ പൊതുജനങ്ങൾ യഥാർഥത്തിൽ വാങ്ങിയിരിക്കുന്ന മൂലധനത്തെ ഏറ്റെടുക്കപ്പെട്ട മൂലധനമെന്നു പറയുന്നു. പുറപ്പെടുവിച്ച മൂലധനം മുഴുവനായും പൊതുജനങ്ങൾ വാങ്ങിക്കുവാൻ തയാറാവുകയാണെങ്കിൽ പുറപ്പെടുവിച്ച മൂലധനവും ഏറ്റെടുക്കപ്പെട്ട മൂലധനവും ഒന്നായിരിക്കും. ആത്യന്തികമായി പുറപ്പെടുവിച്ച മൂലധനവും ഏറ്റെടുക്കപ്പെട്ട മൂലധനവും ഒന്നായിരിക്കും കാരണം, വാങ്ങുന്ന ഓഹരികളുടെ എണ്ണം കമ്പനി ഇറക്കുന്ന ഓഹരികളുടെ എണ്ണത്തെക്കാൾ കുറവാ ണെങ്കിൽ, വാങ്ങാൻ തയാറായ ഓഹരികൾ മാത്രമേ കമ്പനി നൽകുകയുള്ളൂ. വാങ്ങാനുള്ള അപേക്ഷ പുറപ്പെടുവിച്ച ഓഹരികളെക്കാൾ കൂടുതലാണെങ്കിൽ കമ്പനി നൽകാൻ ഉദ്ദേശിക്കുന്ന ഓഹരികൾ മാത്രമാണ് വിതരണം ചെയ്യുന്നത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, അമിത ഏറ്റെടുക്കലുകൾ (Over subscription) സാധാരണയായി കമ്പനിയുടെ അക്കൗണ്ട് ബുക്കിൽ രേഖപ്പെടുത്താറില്ല.

- *വിളിക്കപ്പെട്ട മൂലധനം (Called up Capital):* ഏറ്റെടുക്കപ്പെട്ട മുലധനത്തിൽ ഓഹരികളിൽ അടയ്ക്കുവാൻ കമ്പനി ആവശ്യപ്പെടുന്ന മുലധനത്തെ വിളിക്കപ്പെട്ട മുലധനമെന്നു പറയുന്നു. ഒരു ഓഹരിയുടെ മുഖവിലയുടെ മുഴുവൻ തുകയും ഒന്നിച്ചോ ഘട്ടങ്ങളായോ വിളിക്കുന്നതിന് കമ്പനിക്ക് തീരുമാനിക്കാവുന്നതാണ്. ഉദാഹരണത്തിന്, അനുവദിക്കപ്പെട്ട ഓഹരിയുടെ മുഖവില 10 രൂപയും കമ്പനി 7 രൂപ അടക്കുവാൻ ആവശ്യപ്പെടുകയുമാണെങ്കിൽ, 7 രൂപ വിളിക്കപ്പെട്ട മൂലധനമാണ്. ബാക്കി വരുന്ന 3 രൂപ കമ്പനിക്ക് ആവശ്യം വരുന്ന സമയത് ശേഖരിക്കാവുന്നതാണ്.
- *അടയ്ക്കപ്പെട്ട മൂലധനം (Paid up Capital):* വിളിക്കപ്പെട്ട മൂലധനത്തിൽ ഓഹരിയുടമകൾ യഥാർഥത്തിൽ അടയ്ക്കുന്ന മൂലധനത്തെ അടയ്ക്കപ്പെട്ട മൂലധനമെന്നു പറയുന്നു. വിളിക്കപ്പെട്ട മൂലധനം മുഴുവനായും ഓഹരിയുടമകൾ അടച്ചുതീർക്കുകയാണെങ്കിൽ വിളിക്കപ്പെട്ട മൂലധനവും അടയ്ക്കപ്പെട്ട മൂലധനവും ഒന്നായിരിക്കും.
- *വിളിക്കപ്പെടാത്ത മൂലധനം (Uncalled Capital):* ഏറ്റെടുത്ത മൂലധനത്തിൽ ഇതുവരെ അടയ്ക്കുവാൻ ആവശ്യപ്പെടാത്ത ഭാഗമാണ് വിളിക്കപ്പെടാത്ത മൂലധനം. നേരത്തെ പറഞ്ഞതുപോലെ, ഈ തുക കമ്പനിക്ക് കൂടുതൽ പണം ആവശ്യമായി വരുന്ന സമയത്ത് ശേഖരിക്കുന്നതാണ്.
- *കരുതൽ മൂലധനം (Reserve Capital):* വിളിക്കപ്പെടാത്ത മൂലധനത്തിന്റെ ഒരു ഭാഗം കമ്പനി പിരിച്ചുവിടുന്ന സമയത്ത് മാത്രം വിളിക്കുന്നതിനുവേണ്ടി കരുതി വയ്ക്കുന്നു. അങ്ങനെയുള്ള വിളിക്കപ്പെടാത്ത തുകയെ കമ്പനിയുടെ കരുതൽ മുലധനമെന്ന് വിളിക്കുന്നു. ഇത് കമ്പനി പിരിച്ചുവിടുന്ന സമയത്ത് കടക്കാർക്ക് മാത്രമെ ലഭിക്കുകയുള്ളു.




ചിത്രീകരണം1.1 : *വിവിധതരം ഓഹരി മൂലധനം*

താഴെ കൊടുത്ത ഒരു ഉദാഹരണത്തിലൂടെ ഓഹരി മൂലധനം ബാക്കിപത്രത്തിൽ എങ്ങനെയാണ് കാണിക്കുന്നതെന്ന് നോക്കാം. സൺറൈസ് കമ്പനി ലിമിറ്റഡ്, ന്യൂഡൽഹി അതിന്റെ മൂലധനം 10 രൂപ മുഖവിലയുള്ള 4,00,000 ഓഹരികളായി 40,00,000 രൂപയ്ക്ക് രജിസ്റ്റർ ചെയ്തു. കമ്പനി ഒരു ഓഹരിക്ക് 10 രൂപ നിരക്കിൽ, 2 രൂപ അപേക്ഷ പ്പണം, 3 രൂപ അനുവദിക്കൽപ്പണം, 3 രൂപ ആദ്യ വിളിപ്പണം, ബാക്കി തുക അവസാന വിളി പണം എന്ന രീതിയിൽ 2,00,000 ഓഹരികൾ പൊതുജനങ്ങൾക്ക് വാങ്ങുന്നതിനായി നൽകി. കമ്പനിക്ക് 2,50,000 ഓഹരിക്കുള്ള അപേക്ഷകൾ ലഭിച്ചു. കമ്പനി 2,00,000 ഓഹരികൾ അനുവദിക്കുവാനും 50,000 ഓഹരികൾക്കുള്ള അപേക്ഷകൾ നിരസിക്കുവാനും തീരുമാനിച്ചു. കമ്പനി അവസാനവിളി നടത്തിയില്ല. കമ്പനിക്ക് 2,000 ഓഹരികളിൽമേലുള്ള ആദ്യ വിളിപ്പണം ഒഴികെ മുഴുവൻ തുകയും ലഭിച്ചു. മുകളിൽ കൊടുത്തിരിക്കുന്ന തുകകൾ സൺറൈസ് കമ്പനിയുടെ ബാക്കിപത്രത്തിന്റെ അക്കൗണ്ടിനുള്ള കുറിപ്പിൽ താഴെ കൊടുത്തപോലെ കാണിക്കാവുന്നതാണ്.

**അക്കൗണ്ടുകൾക്കുള്ള കുറിപ്പുകൾ**

| | | |
|---|---|---|
| ഓഹരി മൂലധനം | | രൂപ |
| <u>അംഗീകൃത/ഔദ്യോഗിക/നാമമാത്ര മൂലധനം</u> | | |
| 10 രൂപ വിലയുള്ള 4,00,000 ഓഹരികൾ | | 40,00,000 |
| <u>പുറപ്പെടുവിച്ച മൂലധനം</u> | | |
| 10 രൂപ വിലയുള്ള 2,00,000 ഓഹരികൾ | | 20,00,000 |
| <u>ഏറ്റെടുക്കപ്പെട്ട മൂലധനം</u> | | |
| വാങ്ങപ്പെട്ടതും മുഴുവനായും അടച്ചുതീർക്കാത്തതും | | |
| 2,00,000 ഓഹരികൾ 10 നിരക്കിൽ 8 രൂപ വിളിക്കപ്പെട്ടത് | 16,00,000 | |
| *കുറവ്:* വിളിക്കുടിശ്ശിക | (6,000) | 15,94,000 |

## 1.4 ഓഹരിവിഭാഗങ്ങളും അവയുടെ സ്വഭാവങ്ങളും (Nature and Classes of Shares)

കമ്പനിയുടെ ആകെ ഓഹരിമൂലധനത്തെ വിഭജിച്ചിരിക്കുന്ന ഘടകത്തെയാണ് ഓഹരിയായി പരിഗണിക്കുന്നത്. അതുകൊണ്ട്, ഓഹരി മൂലധനത്തിന്റെ അംശഘടകമാണ് ഓഹരി. ഇത് കമ്പനിയുടെ ഉടമസ്ഥതാവകാശത്തിന്റെ അടിസ്ഥാനമായി വർത്തിക്കുന്നു. ഓഹരികളിൽ പണം നിക്ഷേപിക്കുന്ന ആളുകളെ ഓഹരിയുടമകളെന്നു വിളിക്കുന്നു.

അംഗീകൃത മൂലധനത്തിന്റെ തുകയും അവ എത്ര എണ്ണമായി വിഭജിച്ചിരിക്കുന്നുവെന്നതും മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലാണ് പ്രതിപാദിച്ചിരിക്കുന്നത്, പക്ഷേ,

കമ്പനിയുടെ ഓഹരി മൂലധനത്തിന്റെ വിവിധ വിഭാഗങ്ങളെക്കുറിച്ചും അവയ്ക്കുള്ള അധികാരങ്ങളെയും ബാധ്യതകളെയും കുറിച്ചും പ്രതിപാദിക്കുന്നത് ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലാണ്. കമ്പനിനിയമപ്രകാരം ഒരു കമ്പനിക്ക് രണ്ട് തരത്തിലുള്ള ഓഹരികളാണ് നൽകാവുന്നത്. (1) മുൻഗണന ഓഹരികൾ (2) ഇക്വിറ്റി ഓഹരികൾ (സാധാരണ ഓഹരികൾ).

### *1.4.1* മുൻഗണന ഓഹരികൾ/പ്രിഫറൻസ് ഓഹരികൾ *(Preference Shares)*

കമ്പനി നിയമം 2013 സെക്ഷൻ 43 പ്രകാരം താഴെ കൊടുത്തിരിക്കുന്ന വ്യവസ്ഥകൾ സാധൂകരിക്കുന്ന ഓഹരികളാണ് മുൻഗണന ഓഹരികൾ:

(a) സാധാരണ ഓഹരിയുടമകൾക്ക് നൽകുന്നതിനുമുമ്പായി ഒരു നിശ്ചിത ലാഭവിഹിതം ലഭിക്കാനോ അല്ലെങ്കിൽ മുഖവിലയുടെ നിശ്ചിത ശതമാനം തുക ലാഭവിഹിതം കിട്ടാനോ ഉള്ള മുൻഗണന അധികാരം ഈ ഓഹരിയുടമകൾക്ക് ഉണ്ടായിരിക്കും.

(b) കമ്പനിയുടെ പിരിച്ചുവിടൽ സമയത്ത് സാധാരണ ഓഹരിയുടമകൾക്ക് കൊടുക്കുന്നതിനുമുമ്പായി മൂലധനം തിരിച്ചു കിട്ടാനുള്ള മുൻഗണന അവകാശം ഉണ്ടായിരിക്കും.

മുകളിൽ പറഞ്ഞിരിക്കുന്ന രണ്ട് വ്യവസ്ഥകൾക്ക് പുറമെ മുൻഗണന ഓഹരിയുടെ ഉടമകൾക്ക് പൂർണമായോ ഒരു പരിധിവരെയോ കമ്പനിയുടെ മെമ്മോറാണ്ടത്തിലെയോ ആർട്ടിക്കിളിലെയോ വ്യവസ്ഥകൾക്ക് വിധേയമായി കമ്പനിയുടെ ലാഭത്തിൽ പങ്കുചേരുന്നതിനുള്ള അവകാശം ഉണ്ടായിരിക്കാവുന്നതാണ്. ആയതുകൊണ്ട്, മുൻഗണന ഓഹരികൾ പങ്കനുഭവിക്കുന്നതോ പങ്കനുഭവിക്കാത്തതോ ആവാം. അതുപോലെ ഇത്തരം ഓഹരികൾ സഞ്ചിതമോ സഞ്ചിതമല്ലാത്തതോ, തിരികെ നൽകുന്നതോ തിരികെ നൽകാത്തതോ ആവാം.

### *1.4.2* സാധാരണ ഓഹരികൾ/ഇക്വിറ്റി ഓഹരികൾ *(Equity Shares)*

കമ്പനി നിയമം 2013, സെക്ഷൻ 43 അനുസരിച്ച് മുൻഗണന ഓഹരികളല്ലാത്ത ഓഹരികളാണ് സാധാരണ ഓഹരികൾ (ഇക്വിറ്റി ഓഹരികൾ). മറ്റൊരു തരത്തിൽ പറഞ്ഞാൽ ലാഭവിഹിതം നൽകുന്ന സമയത്തോ മൂലധനം തിരികെ നൽകുന്ന സമയത്തോ ഒരു വിധത്തിലുള്ള മുൻഗണനയവകാശവും അനുഭവിക്കാത്ത ഓഹരികളെ ഇക്വിറ്റി ഓഹരികൾ അല്ലെങ്കിൽ സാധാരണ ഓഹരികൾ എന്നറിയപ്പെടുന്നു. ഇക്വിറ്റി ഓഹരിയുടമകൾക്ക്, മുൻഗണ ഓഹരിയുടമകളുടെ ലാഭവിഹിത അവകാശം നൽകിക്കഴിഞ്ഞതിനുശേഷം വിതരണ യോഗ്യമായ ലാഭം പങ്കിടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്. ഇക്വിറ്റി ഓഹരിയുടമകളുടെ ലാഭവിഹിതം സ്ഥിരമല്ല. അത് വിതരണത്തിന് ലഭ്യമായ ലാഭത്തിനനുസരിച്ച് വർഷംതോറും മാറിക്കൊണ്ടിരിക്കും. ഇക്വിറ്റി ഓഹരി മൂലധനം (i) സമ്മതിദാനാവകാശത്തോടുകൂടിയോ അല്ലെങ്കിൽ (ii)

സമ്മതിദാനം, ലാഭവിഹിതം അല്ലെങ്കിൽ മറ്റുള്ള അവകാശങ്ങൾ പ്രത്യേകം പ്രതിപാദിച്ചിരിക്കുന്ന നിയമങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി വിവിധ അവകാശങ്ങളോടുകൂടിയതോ ആവാം.

**സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ – 1**

താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് കണ്ടെത്തുക.

(a) കമ്പനി ഒരു കൃത്രിമ വ്യക്തിയാണ്.
(b) കമ്പനിയുടെ ഓഹരിയുടമകൾ കമ്പനിയുടെ പ്രവൃത്തികൾക്ക് ബാധ്യസ്ഥരാണ്.
(c) കമ്പനിയുടെ എല്ലാ അംഗങ്ങൾക്കും അതിന്റെ മാനേജ്മെന്റിൽ പങ്കെടുക്കുവാനുള്ള അവകാശമുണ്ടായിരിക്കും.
(d) കമ്പനിയുടെ ഓഹരികൾ പൊതുവെ കൈമാറ്റംചെയ്യപ്പെടാവുന്നതാണ്.
(e) ഓഹരിയപേക്ഷ അക്കൗണ്ട് ഒരു വ്യക്തിഗത അക്കൗണ്ടാണ്.
(f) കമ്പനിയുടെ ഡയറക്ടർ ഒരു ഓഹരിയുടമയായിരിക്കണം.
(g) അടയ്ക്കപ്പെട്ടമൂലധനം വിളിക്കപ്പെട്ടമൂലധനത്തേക്കാൾ അധികമാകാം.
(h) മൂലധനക്കരുതൽ മൂലധനലാഭത്തിൽനിന്നാണ് ഉണ്ടാകുന്നത്.
(i) ഓഹരികൾ വിതരണം ചെയ്യുന്ന സമയത്ത് ശേഖരിക്കാവുന്ന, പരമാവധി സെക്യൂരിറ്റീസ് പ്രീമിയം നിരക്ക് 10% ആണ്.
(j) പിരിച്ചുവിടൽ സമയത്ത് മാത്രം വിളിക്കപ്പെടുന്ന മൂലധനത്തിന്റെ ഭാഗത്തെ കരുതൽമൂലധനമെന്ന് വിളിക്കുന്നു.
(k) ആദ്യം ഡിസ്കൗണ്ടിൽ വിതരണം ചെയ്ത ഓഹരികൾ പ്രീമിയത്തിൽ പുനർ വിതരണം ചെയ്യാവുന്നതാണ്.

## 1.5 ഓഹരികളുടെ വിതരണം (Issue of Shares)

കമ്പനിയുടെ മൂലധനത്തിന്റെ പ്രധാനപ്പെട്ട സ്വഭാവ സവിശേഷത അതിന്റെ ഓഹരിയുടെ തുക കമ്പനിയുടെ വർധിച്ചുവരുന്ന സാമ്പത്തിക ആവശ്യങ്ങളനുസരിച്ച് വിവിധ കാലയളവുകളിൽ തവണകളായി ശേഖരിക്കാവുന്നതാണ് എന്നതാണ്. ആദ്യതവണ അതിന്റെ അപേക്ഷയോടൊപ്പം ശേഖരിക്കുന്നു. അതിനെ അപേക്ഷ (ആപ്ലിക്കേഷൻ) പണം എന്ന് വിളിക്കുന്നു. രണ്ടാമത്തെ തവണ ഓഹരി അനുവദിക്കുന്ന സമയത്തും (അലോട്ട്മെന്റ് പണം), ശേഷിക്കുന്ന തവണകൾ ആദ്യ വിളി (ഫസ്റ്റ് കോൾ) പണം, രണ്ടാമത്തെ വിളി (സെക്കന്റ് കോൾ) പണം, എന്നിങ്ങനെയും അറിയപ്പെടുന്നു. അവസാനത്തെ തവണയുടെ മുന്നിൽ അവസാനത്തെ (ഫൈനൽ) എന്ന പദം ചേർക്കുന്നു. എന്നാൽ ഒരു കമ്പനിക്ക് ഓഹരിയുടെ മുഴുവൻ വിലയും അപേക്ഷയുടെകൂടെ ശേഖരിക്കാവുന്നതാണ്.

ഓഹരി വിതരണത്തിലെ പ്രധാനപ്പെട്ട നടപടിക്രമങ്ങൾ ഇനി പറയുന്നവയാണ് :

- *കാര്യപത്രിക ഇറക്കൽ (Issue of Prospectus):* ആദ്യമായി കമ്പനി പൊതുജനങ്ങൾക്ക് വേണ്ടി ഒരു കാര്യപത്രിക ഇറക്കുന്നു. ഒരു പുതിയ കമ്പനി നിലവിൽ വന്നിട്ടുണ്ടെന്നും അതിനു ബിസിനസ് ചെയ്യുവാൻ പണം ആവശ്യമുണ്ടെന്നുമുള്ള വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്ന ഒരു ക്ഷണപ്പത്രമാണ് കാര്യപത്രിക. ഇതിൽ കമ്പനിയെക്കുറിച്ചുള്ള മുഴുവൻ വിവരങ്ങളും തൽപ്പരരായ നിക്ഷേപകരിൽനിന്ന് പണം ശേഖരിക്കുന്ന രീതികളും പറഞ്ഞിരിക്കും.
- *അപേക്ഷ സ്വീകരിക്കൽ (Receipt of Applications):* പൊതുജങ്ങൾക്ക് വേണ്ടി കാര്യപത്രിക പ്രസിദ്ധീകരിച്ചശേഷം കമ്പനിയുടെ മൂലധനത്തിൽ മുതൽ മുടക്കുവാൻ തയാറായിട്ടുള്ള നിക്ഷേപകരിൽ നിന്ന് അപേക്ഷയോടൊപ്പം അപേക്ഷപ്പണം സ്വീകരിക്കുകയും പ്രസ്തുതപണം കാര്യപത്രികയിൽ പറഞ്ഞപ്രകാരം നിർദിഷ്ട ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. കമ്പനിക്ക് കാര്യപത്രിക പ്രസിദ്ധീകരിച്ചിട്ട് 120 ദിവസത്തിനുള്ളിൽ കുറഞ്ഞ ഏറ്റെടുക്കൽ തുക (Minimum subscription) അപേക്ഷാപ്പണത്തിലൂടെ ലഭിച്ചിരിക്കണം. പറഞ്ഞിരിക്കുന്ന സമയപരിധിക്കുള്ളിൽ കുറഞ്ഞ ഏറ്റെടുക്കലിനുള്ള തുക ലഭിക്കുന്നതിൽ കമ്പനി പരാജയപ്പെട്ടാൽ ഓഹരികൾ അനുവദിക്കുവാൻ കഴിയാതെവരികയും ലഭിച്ചിരിക്കുന്ന അപേക്ഷപ്പണം കാര്യപത്രിക പ്രസിദ്ധീകരിച്ച ദിവസം മുതൽ 130 ദിവസത്തിനുള്ളിൽ തിരിച്ചു നൽകേണ്ടതുമാണ്.
- *ഓഹരികൾ അനുവദിക്കൽ (Allotment of Shares):* കുറഞ്ഞ ഏറ്റെടുക്കലിനുള്ള അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ നിയമപരമായ ചില ചടങ്ങുകൾ പാലിച്ച ശേഷം കമ്പനിക്ക് ഓഹരികൾ അനുവദിക്കുന്ന നടപടിക്രമങ്ങളുമായി മുന്നോട്ട് പോകാവുന്നതാണ്. ഓഹരികൾ അനുവദിച്ചവർക്ക് 'അനുമതി പത്രവും' അനുവദിക്കാത്തവർക്ക് 'നിഷേധ പത്രവും' അയച്ചുകൊടുക്കേണ്ടതാണ്. ഓഹരി അനുവദിച്ചു കഴിഞ്ഞാൽ കമ്പനിയും അപേക്ഷകരും തമ്മിൽ നിയമപരമായ ഒരു ഉടമ്പടിയുണ്ടാവുകയും അതിനു ശേഷം അപേക്ഷകർ കമ്പനിയുടെ ഓഹരിയുടമകളായി മാറുകയും ചെയ്യുന്നു.

**കുറഞ്ഞ ഏറ്റെടുക്കൽ**
**(Minimum Subscription)**

കമ്പനിയുടെ ഡയറക്ടർമാരുടെ അഭിപ്രായത്തിൽ ബിസിനസ് പ്രവർത്തനങ്ങൾക്ക് ആവശ്യമായി ശേഖരിക്കേണ്ട കുറഞ്ഞ ഏറ്റെടുക്കൽ തുക ബന്ധപ്പെട്ടിരിക്കുന്നത്:

$ Hnt cnh rÂ _ ` b re qSe ` r] p¶ Xp b p] t b nKn v] qÀW ant b m` nKn I ant b m h n§ rb t X m h n§ nf Dt±i r] p¶ t X m B b h k X ph I I - f psS h re .

- ഓഹരി വിൽപ്പനയുമായി ബന്ധപ്പെട്ട് കമ്പനി നൽകുവാനുള്ള പ്രാഥമിക ചെലവുകളും കമ്മീഷനുകളും.
- മുകളിൽ പറഞ്ഞിരിക്കുന്ന രണ്ട് കാര്യങ്ങൾക്കായി കമ്പനി വാങ്ങിയിരിക്കുന്ന കടം തിരികെ നൽകുന്നത്
- പ്രവർത്തന മൂലധനം
- സാധാരണയായുള്ള മറ്റു ബിസിനസ് പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന ചെലവുകൾ

സെബി (വെളിപ്പെടുത്തലും നിക്ഷേപക സംരക്ഷണം) മാർഗനിർദ്ദേശങ്ങൾ (6.3.8.1, 6.3.8.2) പ്രകാരം കുറഞ്ഞ ഏറ്റെടുക്കലിനുള്ള അപേക്ഷകൾ നൽകപ്പെട്ട തുകയുടെ 90% ൽ കുറയുവാൻ പാടുള്ളതല്ല. ഈ വ്യവസ്ഥ പാലിക്കപ്പെടുന്നില്ലെങ്കിൽ ഓഹരി വിൽപ്പനയിലൂടെ ലഭിച്ചിരിക്കുന്ന മുഴുവൻ തുകകളും തിരിച്ചു നൽകുവാൻ കമ്പനി ബാധ്യതപ്പെട്ടിരിക്കുന്നു. ഇതിന് ഏറ്റെടുക്കൽ പട്ടിക നിർത്തലാക്കിയതിനു ശേഷം 8 ദിവസത്തിൽ കൂടുതൽ താമസം വരുത്തുകയാണെങ്കിൽ 15% നിരക്കിൽ പലിശയോടുകൂടി പ്രസ്തുത തുക തിരികെ നൽകുവാൻ കമ്പനി ബാധ്യതപ്പെട്ടിരിക്കുന്നു. (സെക്ഷൻ 73(2)).

കമ്പനിയുടെ ഓഹരികൾ മുഖവിലയ്ക്കോ അല്ലെങ്കിൽ പ്രീമിയത്തിലോ ഇറക്കാവുന്നതാണ്. ഓഹരിയുടെ വിൽപ്പനവിലയും മുഖവിലയും തുല്യമാണെങ്കിൽ ഓഹരികൾ മുഖവിലയ്ക്ക് ഇറക്കിയെന്നു പറയാം. കമ്പനിയുടെ ഓഹരികൾ മുഖവിലയെക്കാൾ കൂടിയവിലയ്ക്ക് വിതരണം ചെയ്യുകയാണെങ്കിൽ, അധികം വരുന്ന തുകയെ പ്രീമിയം എന്ന് വിളിക്കുന്നു.

ഓഹരികൾ മുഖവിലയ്ക്കാണോ പ്രീമിയത്തിലാണോ എന്ന് പരിഗണിക്കാതെ, കമ്പനിയുടെ ഓഹരിമൂലധനം വിവിധസമയങ്ങളിൽ നൽകേണ്ട തവണകളായാണ് ശേഖരിക്കുന്നത്.

## 1.6 അക്കൗണ്ടിംഗ് നടപടിക്രമങ്ങൾ (Accounting Treatment)

***അപേക്ഷസമയത്ത് (On application)*** : വിവിധ തവണകളായി ശേഖരിക്കുന്ന തുകകൾ ഓഹരി മൂലധനത്തിലേക്കുള്ള നിക്ഷേപമായി പരിഗണിക്കപ്പെടുകയും അവസാനം അത് ഓഹരിമൂലധനത്തിൽ ക്രെഡിറ്റു ചെയ്യേണ്ടതുമാണ്. എന്നിരുന്നാലും സൗകര്യത്തിനുവേണ്ടി, ആദ്യം ഓരോ തവണയും ഓരോ അക്കൗണ്ടിലാണ് രേഖപ്പെടുത്തുന്നത്. അപേക്ഷയോടൊപ്പം ലഭിക്കുന്ന മുഴുവൻ തുകയും ഒരു ഷെഡ്യൂൾഡ് ബാങ്കിൽ ഈ ആവശ്യത്തിനായി തുറന്നിരിക്കുന്ന പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ജേർണൽ എൻട്രി താഴെ കൊടുത്തിരിക്കുന്നതുപോലെയാണ്.

ബാങ്ക് A/c Dr.

To ഷെയർ ആപ്ലിക്കേഷൻ A/c

(........ ഓഹരികൾക്ക് ......... രൂപ പ്രകാരം അപേക്ഷയോടോപ്പം ലഭിച്ചിരിക്കുന്ന തുക)

***അനുവദിക്കൽസമയത്ത് (On allotment) :*** കുറഞ്ഞ ഏറ്റെടുക്കൽ തുക ലഭിക്കുകയും ഓഹരി വിതരണവുമായി ബന്ധപ്പെട്ട നിയമ നടപടിക്രമങ്ങൾ പാലിക്കപ്പെടുകയും ചെയ്താൽ കമ്പനിയുടെ ഡയറക്ടേഴ്സിന് ഓഹരികളുടെ അനുവദിക്കലുമായി ബന്ധപ്പെട്ട നടപടികളിലേക്ക് കടക്കാവുന്നതാണ്.

ഓഹരികളുടെ അനുവദിക്കൽ എന്നത് കമ്പനിയും അപേക്ഷകരും, ഇപ്പോൾ ഒരു ഓഹരിക്കാരനായി മാറുകയും കമ്പനിയുടെ ഓഹരിയുടമയുടെ അല്ലെങ്കിൽ അംഗത്തിന്റെ സ്ഥാനം ലഭിക്കുകയും ചെയ്യുന്നയാൾ, തമ്മിൽ ഒരു ഉടമ്പടി ഉണ്ടാക്കുകയാണ്.

**ഓഹരികളുടെ അനുവദിക്കൽ**
**(അക്കൗണ്ടിങ്ങുമായി ബന്ധപ്പെട്ട അനുമാനം)**

- ഓഹരികൾ അനുവദിച്ചുകഴിഞ്ഞാൽ, ഓഹരി അനുവദിക്കപ്പെട്ടയാളിൽ നിന്നും അനുവദിക്കൽത്തുക(അലോട്ട്മെന്റ് തുക) അടയ്ക്കുവാൻ ആവശ്യപ്പെടുന്നു.
- കമ്പനി നൽകുന്ന വാഗ്ദാനം അപേക്ഷകർ സ്വീകരിക്കുമ്പോൾ ലഭിച്ചിരിക്കുന്ന അപേക്ഷപ്പണം കമ്പനിയുടെ ഓഹരി മൂലധനത്തിന്റെ ഭാഗമായി മാറുകയും അത് മൂലധന അക്കൗണ്ടിലേക്ക് മാറ്റേണ്ടതുമാണ്.
- നിരസിക്കപ്പെടുന്ന അപേക്ഷകളിൻമേൽ ലഭിച്ച പണം പൂർണമായും സെബി യോ അല്ലെങ്കിൽ നിയമമോ അനുശാസിക്കുന്ന സമയ പരിധിക്കുള്ളിൽ തിരിച്ചു നൽകേണ്ടതാണ്.
- അപേക്ഷകർക്ക് അവർ അപേക്ഷിച്ചതിനെക്കാൾ കുറഞ്ഞ എണ്ണം ഓഹരി കളാണ് അനുവദിക്കപ്പെടുന്നതെങ്കിൽ അധികമായി ലഭിച്ച അപേക്ഷപ്പണം അയാൾ നൽകുവാനുള്ള അനുവദിക്കൽ തുകയിലേക്ക് ക്രമീകരിക്കാവു ന്നതാണ്.
- അവസാനത്തെ രണ്ട് നടപടിക്രമങ്ങൾ താൽക്കാലിക അക്കൗണ്ടായ ഷെയർ ആപ്ലിക്കേഷൻ അക്കൗണ്ട് അവസാനിപ്പിക്കുന്നതിനു വേണ്ടിയുള്ളതാണ്.

ഓഹരികൾ അനുവദിക്കലുമായി ബന്ധപ്പെട്ട ജേർണലുകൾ താഴെ കൊടുത്തപ്രകാരമാണ്:

1. അപേക്ഷപ്പണം മാറ്റുന്നതിന് *(Transfer of Application Money)*

ഷെയർ ആപ്ലിക്കേഷൻ A/c Dr.

To ഷെയർ ക്യാപ്പിറ്റൽ A/c

(........... ഓഹരികൾ അനുവദിച്ചതിന്റെ ആപ്ലിക്കേഷൻ പണം ഓഹരി മൂലധനത്തിലേക്ക് മാറ്റിയിരിക്കുന്നു.)

2. നിരസിക്കപ്പെട്ട അപേക്ഷകളിൽ പണം തിരിച്ചു നൽകുന്നതിന് *(Money Refunded on Rejected Application)*

ഷെയർ ആപ്ലിക്കേഷൻ A/c Dr.

To ബാങ്ക് A/c

(നിരസിച്ച ........... ഓഹരികളുടെ അപേക്ഷപ്പണം തിരിച്ചു നൽകി)

3. അനുവദിക്കൽ സമയത്ത് നൽകേണ്ട തുകയ്ക്ക് *(Amount Due on Allotment)*

ഷെയർ അലോട്ട്മെന്റ് A/c Dr.

To ഷെയർ ക്യാപ്പിറ്റൽ A/c

4. അധികമായി ലഭിച്ച അപേക്ഷപ്പണം ക്രമീകരിക്കുന്നതിന് *(Adjustment of Excess Application Money)*

ഷെയർ ആപ്ലിക്കേഷൻ A/c Dr.

To ഷെയർ അലോട്ട്മെന്റ് A/c

(...... ഓഹരികളിൽ ഒരു ഓഹരിക്ക് ...... രൂപ നിരക്കിൽ ലഭിച്ച അപേക്ഷപ്പണം അലോട്ട്മെന്റിൽ ക്രമീകരിച്ചിരിക്കുന്നു)

5. അലോട്ട്മെന്റ് പണം ലഭിക്കുന്നതിന് *(Receipt of Allotment Money)*

ബാങ്ക് A/c Dr.

To ഷെയർ അലോട്ട്മെന്റ് A/c

(....... ഓഹരികളിൽ ഒരു ഓഹരിക്ക് ........ രൂപ നിരക്കിൽ അനുവദിക്കൽ പണം ലഭിച്ചിരിക്കുന്നു)

കുറിപ്പ്: (2) ഉം (4) ഉം ജേർണലുകൾ താഴെ കൊടുത്ത രീതിയിൽ സംയോജിപ്പിച്ച് എഴുതാവുന്നതാണ്:

ഷെയർ ആപ്ലിക്കേഷൻ A/c

To ബാങ്ക് A/c

To ഷെയർ അലോട്ട്മെന്റ് A/c

(അധികമായി വന്ന ആപ്ലിക്കേഷൻ മണി ഷെയർ അലോട്ട്മെന്റിൽ ക്രമീകരിക്കുകയും ബാക്കി തുക തിരിച്ചു നൽകുകയും ചെയ്തു.)

ചില സമയങ്ങളിൽ ഷെയർ ആപ്ലിക്കേഷനും ഷെയർ അലോട്ട്മെന്റിനും ഒരു സംയോജിത അക്കൗണ്ട്, ഷെയർ ആപ്ലിക്കേഷൻ ആൻറ് അലോട്ട്മെന്റ് അക്കൗണ്ട് എന്നപേരിൽ

കമ്പനിയുടെ ബുക്കിൽ തുറക്കാവുന്നതാണ്. സംയോജിത അക്കൗണ്ടിന്റെ അടിസ്ഥാനം ആപ്ലിക്കേഷൻ ഇല്ലാതെ അലോട്ട്മെന്റ് സാധ്യമല്ലെന്നും അലോട്ട്മെന്റില്ലാതെ ആപ്ലിക്കേഷന് അർഹമില്ലെന്നതുമാണ്. ഓഹരിമൂലധനം ശേഖരിക്കുന്ന ഈ രണ്ട് ഘട്ടങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നവയാണ്. സംയോജിത അക്കൗണ്ടുകൾ ഉപയോഗിക്കുന്ന ജേർണൽ എൻട്രികൾ താഴെ കൊടുത്ത രീതിയിൽ രേഖപ്പെടുത്താവുന്നതാണ്:

1. അപേക്ഷപ്പണവും അനുവദിക്കൽപ്പണവും ലഭിക്കുമ്പോൾ *(Receipt of Application and Allotment)*

ബാങ്ക് A/c Dr.

To ഷെയർ ആപ്ലിക്കേഷൻ ആൻറ് അലോട്ട്മെന്റ് A/c

(......... ഓഹരികൾക്ക് ........ നിരക്കിൽ അപേക്ഷപ്പണവും അനുവദിക്കൽപ്പണവും ലഭിച്ചിരിക്കുന്നു)

2. അപേക്ഷപ്പണവും അനുവദിക്കൽപ്പണവും മാറ്റുന്നതിന് *(Transfer of Application Money and Allotment Amount Due)*

ഷെയർ ആപ്ലിക്കേഷൻ ആൻറ് അലോട്ട്മെന്റ് A/c Dr.

To ഷെയർ ക്യാപ്പിറ്റൽ A/c

(....... ഓഹരികളിൽ ....... നിരക്കിൽ ലഭിച്ച അപേക്ഷപ്പണവും ....... നിരക്കിൽ ലഭിക്കേണ്ട അനുവദിക്കൽപ്പണവും ഓഹരി മൂലധന അക്കൗണ്ടിൽ മാറ്റിയിരിക്കുന്നു)

3. നിരസിക്കപ്പെട്ട അപേക്ഷകളുടെ പണം തിരിച്ചു നൽകുന്നതിന് *(Money Refunded on Rejected Applications)*

ഷെയർ ആപ്ലിക്കേഷൻ ആൻറ് അലോട്ട്മെന്റ് A/c Dr.

To ബാങ്ക് A/c

(നിരസിക്കപ്പെട്ട ........ ഓഹരികളുടെ അപക്ഷപ്പണം തിരിച്ചു നൽകി)

4. അനുവദിക്കൽപ്പണം ലഭിച്ചതിന് *(Receipt of Allotment Amount)*

ബാങ്ക് A/c Dr.

To ഷെയർ ആപ്ലിക്കേഷൻ ആൻറ് അലോട്ട്മെന്റ് A/c

(ബാക്കിയുള്ള അനുവദിക്കൽപ്പണം ലഭിച്ചു)

***വിളികൾ നടത്തുമ്പോൾ (On Calls) :*** വിളികൾ (കോളുകൾ) ഓഹരികൾ പൂർണമായും അടച്ചുതീർക്കപ്പെടുന്നതിലും ഓഹരിയുടമകളിൽനിന്നും തുക പൂർണമായും പിരിച്ചെടുക്കുന്നതിലും ഒരു പ്രധാന പങ്കു വഹിക്കുന്നുണ്ട്. ഓഹരികൾ അനുവദിക്കുന്ന സമയത്ത് മുഴുവൻ തുകയും വിളിക്കപ്പെടുന്നില്ലെങ്കിൽ ഓഹരികളുടെ ബാക്കി വരുന്ന

തുക അടയ്ക്കുവാൻ ആവശ്യപ്പെടുവാനുള്ള അധികാരം ഡയറക്ടർമാർക്കുണ്ട്. കോളുകളിൽ പണം അടയ്ക്കുന്നതിനുള്ള സമയം ഓഹരികൾ വിതരണത്തിനുവേണ്ടി നൽകുന്ന സമയത്ത് കാര്യപത്രികയിൽ നേരത്തെ അറിയിക്കാവുന്നതാണ്.

ഓഹരികളുടെ വിളികളുമായി ബന്ധപ്പെട്ട രണ്ട് കാര്യങ്ങൾ പ്രധാനപ്പെട്ടതാണ്. ഒന്ന് ഏതൊരു വിളിയും ഓഹരി മുഖവിലയുടെ 25% ൽ കവിയാൻ പാടുള്ളതല്ല. രണ്ടാമത് കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ പ്രത്യേകിച്ച് പ്രതിപാദിക്കുന്നില്ലെങ്കിൽ രണ്ട് വിളികൾ തമ്മിൽ കുറഞ്ഞത് ഒരു മാസത്തെ ഇടവേള ഉണ്ടായിരിക്കേണ്ടതാണ്.

ഒരു വിളി നടത്തുകയും അതിന്റെ പണം ലഭിക്കുകയും ചെയ്താൽ, താഴെ കൊടുത്ത ജേർണലുകൾ രേഖപ്പെടുത്താവുന്നതാണ്

1. കോൾ തുക കാലാവധിയായാൽ *(Call Amount Due)*
   ഷെയർ കോൾ A/c Dr.
   To ഷെയർ ക്യാപ്പിറ്റൽ A/c
   (....... ഓഹരികളിൽ ....... നിരക്കിൽ കാൾ തുക അടയ്ക്കുവാൻ കാലാവധിയായി)
2. കോൾ തുക ലഭിക്കുന്നതിന് *(Receipt of Call Amount)*
   ബാങ്ക് A/c Dr.
   To ഷെയർ കോൾ A/c
   (കോൾ തുക ലഭിച്ചു)

ഓരോ കോളിനനുസരിച്ച് ഒന്നാമത്തെ, രണ്ടാമത്തെ, മൂന്നാമത്തെ എന്നിങ്ങനെ വാക്കുകൾ ഷെയർ, കോൾ എന്നീ വാക്കുകളുടെ മധ്യത്തിൽ ചേർക്കേണ്ടതാണ്. ഉദാഹരണത്തിന്, ഒന്നാമത്തെ വിളിയുടെ കാര്യത്തിൽ, ഷെയർ ഫസ്റ്റ് കോൾ അക്കൗണ്ട് എന്നും രണ്ടാമത്തെ വിളിയുടെ കാര്യത്തിൽ ഷെയർ സെക്കന്റ് കോൾ എന്നിങ്ങനെയും.

മറ്റൊരു കാര്യം ശ്രദ്ധിക്കേണ്ടത് "ആന്റ് ഫൈനൽ" എന്ന വാക്ക് കൂടി അവസാനത്തെ കോളിന്റെ കൂടെ ചേർക്കാവുന്നതാണ്. രണ്ടാമത്തെ വിളിയാണ് അവസാനത്തെതെങ്കിൽ അതിനെ 'സെക്കന്റ് ആൻഡ് ഫൈനൽ കോളെന്നും' അത് മൂന്നാമത്തേതാണെങ്കിൽ അതിനെ 'തേർഡ് ആൻഡ് ഫൈനൽ കോളെന്നും' വിളിക്കാവുന്നതാണ്. അനുവദിക്കലിനുശേഷം ബാക്കി വരുന്ന മുഴുവൻ തുകയും ഒന്നാമത്തെ വിളിയിൽ തന്നെ ശേഖരിക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ ഒന്നാമത്തെ കോൾ തന്നെ ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ എന്ന് അറിയപ്പെടുന്നു.

ഓഹരി മൂലധനം പൊതുവിതരണം നടത്തുമ്പോൾ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതാണ്:

1. അപേക്ഷപ്പണം കുറഞ്ഞത് ഓഹരി മുഖവിലയുടെ 5% എങ്കിലും ആയിരിക്കണം.
2. ആർട്ടിക്ക്ൾസ് ഓഫ് അസോസിയേഷന്റെ വ്യവസ്ഥകൾ അനുസരിച്ചായിരിക്കണം കോളുകൾ നടത്തേണ്ടത്.
3. സ്വന്തമായി ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ ഇല്ലെങ്കിൽ 'ടേബിൾ-എഫ്' യിൽ താഴെ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ നടപ്പാക്കാവുന്നതാണ്
   (a) രണ്ട് കോളുകൾ തമ്മിൽ കുറഞ്ഞത് ഒരു മാസത്തെ ഇടവേളയുണ്ടായിരിക്കണം.
   (b) കോളിന്റെ തുക ഓഹരി മുഖവിലയുടെ 25% ത്തിൽ അധികമാകുവാൻ പാടുള്ളതല്ല.
   (c) തുക അടയ്ക്കുന്നതിന് ഓഹരിയുടമകൾക്ക് കുറഞ്ഞത് 14 ദിവസത്തെ മുന്നറിയിപ്പ് നൽകേണ്ടതാണ്.
   (d) ഒരു വിഭാഗത്തിൽപ്പെടുന്ന എല്ലാ ഓഹരികളുടെയും കോളുകൾ ഒരേ രീതിയിൽ മാത്രമേ നടത്തുവാൻ പാടുള്ളൂ.
4. മുൻഗണന ഓഹരികളുടെയും ഇക്വിറ്റി ഓഹരികളുടെയും വിതരണവുമായി ബന്ധപ്പെട്ട അക്കൗണ്ടിംഗ് നടപടിക്രമങ്ങൾ ഒരേപോലെയായിരിക്കണം. ഇവ രണ്ടിനെയും വേർതിരിക്കുന്നതിന് എല്ലാ തവണകളുടെയും മുന്നിൽ 'ഇക്വിറ്റി' എന്നും 'പ്രിഫെറൻസ്' എന്നും ചേർക്കേണ്ടതാണ്.

***നിർധാരണം 1***

ആപ്ലിക്കേഷൻ മണി 30 രൂപ, അലോട്ട്മെന്റ് 40 രൂപ, ഫസ്റ്റ് കോൾ 20 രൂപ, ബാക്കി സെക്കന്റ് ആൻഡ് ഫൈനൽ കോൾ എന്ന രീതിയിൽ അടച്ചുതീർക്കപ്പെടേണ്ട 100 രൂപ മുഖവിലയുള്ള 12,000 ഓഹരികൾ വിതരണം നടത്തുന്നതിന് ബീന ഏജൻസിസ് ലിമിറ്റഡ് തീരുമാനിച്ചു. 13,000 ഓഹരികൾക്കുള്ള അപേക്ഷ ലഭിച്ചു. ഡയറക്ടേഴ്സ് 1,000 ഓഹരികൾക്കുള്ള അപേക്ഷകൾ നിരസിക്കുന്നതിനും അവരുടെ ആപ്ലിക്കേഷൻ മണി പൂർണമായും തിരിച്ചു നൽകുവാനും തീരുമാനിച്ചു. മുഴുവൻ ഓഹരികളിലും അലോട്ട്മെന്റ് മണി പൂർണമായും 100 ഓഹരികൾ ഒഴികെ ബാക്കി മുഴുവൻ ഓഹരികളിലും കോൾ മണിയും ലഭിച്ചു. ഈ ഇടപാടുകൾ ബീന ഏജൻസിസ് ലിമിറ്റഡിന്റെ ബുക്കിൽ രേഖപ്പെടുത്തുക.

**ഉത്തരം:**

## ബീന ഏജൻസിസിന്റെ ബുക്ക്
## ജേർണൽ

| തീയതി | വിശദാംശങ്ങൾ | എൽ. എഫ് | ഡെബിറ്റ് തുക (രൂപ) | ക്രെഡിറ്റ് തുക (രൂപ) |
|---|---|---|---|---|
| | ബാങ്ക് A/c Dr.<br>To ഷെയർ ആപ്ലിക്കേഷൻ A/c<br>(ഓഹരിക്ക് 30 രൂപ നിരക്കിൽ 13,000 ഓഹരികളുടെ അപേക്ഷത്തുക ലഭിച്ചു) | | 3,90,000 | 3,90,000 |
| | ഷെയർ ആപ്ലിക്കേഷൻ A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>(അപേക്ഷത്തുക ഓഹരി മൂലധന ത്തിലേക്ക് മാറ്റി) | | 3,60,000 | 3,60,000 |
| | ഷെയർ ആപ്ലിക്കേഷൻ A/c Dr.<br>To ബാങ്ക് A/c<br>(1,000 ഓഹരികളുടെ അപേക്ഷത്തുക തിരിച്ചു നൽകി) | | 30,000 | 30,000 |
| | ഷെയർ അലോട്ട്മെന്റ് A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>(12,000 ഓഹരികളുടെ അനുവദിക്കൽത്തുക 40 രൂപ നിരക്കിൽ കാലാവധിയായി) | | 4,80,000 | 4,80,000 |
| | ബാങ്ക് A/c Dr.<br>To ഷെയർ അലോട്ട്മെന്റ് A/c<br>(12000 ഓഹരികളുടെ അനുവദിക്കൽത്തുക 40 രൂപ നിരക്കിൽ ലഭിച്ചു) | | 4,80,000 | 4,80,000 |
| | ഷെയർ ഫസ്റ്റ് കോൾ A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>(12,000 ഓഹരികളുടെ ഒന്നാം വിളി തുക 20 രൂപ നിരക്കിൽ കാലാവധിയായി) | | 2,40,000 | 2,40,000 |

| | | | | |
|---|---|---|---|---|
| | ബാങ്ക് A/c Dr.<br>To ഷെയർ ഫസ്റ്റ് കോൾ A/c<br>(100 ഓഹരികളുടേതൊഴികെ ഒന്നാം വിളി തുക ലഭിച്ചു) | | 2,38,000 | 2,38,000 |
| | ഷെയർ സെക്കന്റ് ആൻഡ് ഫൈനൽ-കോൾ A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>(12000 ഓഹരികളുടെ രണ്ടാമത്തെതും അവസാനത്തെതും വിളിത്തുക 10 രൂപ നിരക്കിൽ കാലാവധിയായി) | | 1,20,000 | 1,20,000 |
| | ബാങ്ക് A/c Dr.<br>To ഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ A/c<br>(100 ഓഹരികളുടെതൊഴികെ രണ്ടാമത്തെതും അവസാനത്തെതും വിളിത്തുക ലഭിച്ചു) | | 1,19,000 | 1,19,000 |

***നിർധാരണം 2***

ആപ്ലിക്കേഷൻ മണി 4 രൂപ, അലോട്ട്മെന്റ് 3 രൂപ, ബാക്കി ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ എന്ന രീതിയിൽ അടച്ചുതീർക്കപ്പെടേണ്ട 10 രൂപ മുഖവിലയുള്ള 40,000 ഓഹരികൾ വിതരണം നടത്തുന്നതിന് ഈസ്റ്റേൺ കമ്പനി ലിമിറ്റഡ് തീരുമാനിച്ചു. 40,000 ഓഹരികൾക്കുള്ള അപേക്ഷ ലഭിച്ചു. കമ്പനി എല്ലാ അപേക്ഷകർക്കും മുഴുവനായും ഓഹരികൾ അനുവദിച്ചു. അലോട്ട്മെന്റിലും ഫസ്റ്റ് ആൻഡ് ഫൈനൽ കോളിലും കാലാവധിയായ മുഴുവൻ തുകയും ലഭിച്ചു. കമ്പനിയുടെ ബുക്കിൽ ജേർണൽ എൻട്രികൾ എഴുതുക.

**ഉത്തരം:**

**ഈസ്റ്റേൺ കമ്പനി ലിമിറ്റഡിന്റെ ബുക്ക്**
**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | എൽ. എഫ് | ഡെബിറ്റ് തുക (രൂപ) | ക്രെഡിറ്റ് തുക (രൂപ) |
|---|---|---|---|---|
| | ബാങ്ക് A/c Dr.<br>To ഷെയർ ആപ്ലിക്കേഷൻ A/c<br>(ഓഹരിക്ക് 4 രൂപ നിരക്കിൽ 40,000 ഓഹരികളുടെ അപേക്ഷത്തുക ലഭിച്ചു) | | 1,60,000 | 1,60,000 |
| | ഷെയർ ആപ്ലിക്കേഷൻ A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>(അപേക്ഷത്തുക ഓഹരി മൂലധനത്തിലേക്ക് മാറ്റി) | | 1,60,000 | 1,60,000 |
| | ഷെയർ അലോട്ട്മെന്റ് A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>(40,000 ഓഹരികളുടെ അനുവദിക്കൽ തുക 3 രൂപ നിരക്കിൽ കാലാവധിയായി) | | 1,20,000 | 1,20,000 |
| | ബാങ്ക് A/c Dr.<br>To ഷെയർ അലോട്ട്മെന്റ് A/c<br>(40,000 ഓഹരികളുടെ അനുവദിക്കൽത്തുക 3 രൂപ നിരക്കിൽ ലഭിച്ചു) | | 1,20,000 | 1,20,000 |
| | ഷെയർ ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>(40,000 ഓഹരികളുടെ ഒന്നാമത്തെയും അവസാനത്തെയും വിളിത്തുക 3 രൂപ നിരക്കിൽ കാലാവധിയായി) | | 1,20,000 | 1,20,000 |
| | ബാങ്ക് A/c Dr.<br>To ഷെയർ ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ A/c<br>(40,000 ഓഹരികളുടെ ഒന്നാമത്തെയും അവസാനത്തെയും വിളിത്തുക 3 രൂപ നിരക്കിൽ ലഭിച്ചു) | | 1,20,000 | 1,20,000 |

**സ്വയം ചെയ്യുക**

40,000 രൂപ അംഗീകൃത മൂലധനം 10 രൂപ ഓഹരികളായി വിഭജിച്ചുകൊണ്ട് ഒരു ലിമിറ്റഡ് കമ്പനി 2015 ഏപ്രിൽ 1 നു രൂപീകൃതമായി. കമ്പനി 30,000 ഓഹരികൾ താഴെ കൊടുത്ത പോലെ നൽകേണ്ട രീതിയിൽ പൊതുജനങ്ങൾക്ക് വാങ്ങുന്നതിനായി വാഗ്ദാനം നൽകി.

| | | |
|---|---|---|
| ആപ്ലിക്കേഷൻ സമയത്ത് | : | ഓഹരി ഒന്നിന് 3 രൂപ നിരക്കിൽ |
| അലോട്ട്മെന്റ് സമയത്ത് | : | ഓഹരി ഒന്നിന് 2 രൂപ നിരക്കിൽ |
| ഫസ്റ്റ് കോൾ സമയത്ത് (അനുവദിക്കലിന് ഒരു മാസം കഴിഞ്ഞ്) | : | ഓഹരി ഒന്നിന് 2.50 രൂപ നിരക്കിൽ |
| സെക്കന്റ് ആൻഡ് ഫൈനൽ കോൾ സമയത്ത് | : | ഓഹരി ഒന്നിന് 2.50 രൂപ നിരക്കിൽ |

മുഴുവൻ ഓഹരികളും പൊതുജനങ്ങൾ വാങ്ങിക്കുകയും ആപ്ലിക്കേഷൻ തുക പൂർണമായും 2015 ഏപ്രിൽ 15 നു ലഭിക്കുകയും ചെയ്തു. ഡയറക്ടേഴ്സ് 2015 മെയ് 1 നു ഓഹരികൾ അനുവദിച്ചു നൽകി. കമ്പനി ആപ്ലിക്കേഷനും അലോട്ട്മെന്റിനും സംയോജിത അക്കൗണ്ടാണ് ഉപയോഗിക്കുന്നതെങ്കിൽ, ഓഹരിമേൽ കാലാവധിയായ മുഴുവൻ തുകയും ലഭിച്ചാൽ ഓഹരി മൂലധന ഇടപാടുകൾ നിങ്ങൾ എങ്ങനെയാണ് കമ്പനിയുടെ ബുക്കിൽ രേഖപ്പെടുത്തുക.

### *1.6.1* വിളിക്കുടിശ്ശിക/കോൾ കുടിശ്ശിക *(Calls in Arrears)*

ഓഹരിയുടമകൾ നിശ്ചയിച്ച കാലാവധിക്കുള്ളിൽ വിളിത്തുക അടയ്ക്കാതിരിക്കുന്നതും സംഭവിക്കാവുന്നതാണ്. ഏതെങ്കിലും ഓഹരിയുടമകൾ അനുവദിക്കൽ തുകയോ വിളിത്തുകകളോ അടയ്ക്കാതിരുന്നാൽ അത്തരം തുകകൾ വിളി കുടിശ്ശിക/കോൾ കുടിശ്ശിക/കോൾസ് ഇൻ അരിയേഴ്സ് എന്ന പേരിൽ അറിയപ്പെടുന്നു. കോൾ കുടിശ്ശിക എല്ലാ കോൾ അക്കൗണ്ടുകളുടെയും ഡെബിറ്റ് ബലൻസിനെ പ്രതിനിധാനം ചെയ്യുന്നു. അത്തരം തുകകൾ അക്കൗണ്ടുകൾക്കുള്ള കുറിപ്പിൽ കാണിക്കുന്നു (അധ്യായം 3 കാണുക). എന്നിരുന്നാലും ഒരു കമ്പനി കോൾസ് ഇൻ അരിയേഴ്സ് അക്കൗണ്ട് നിലനിർത്തുകയാണെങ്കിൽ, താഴെ കൊടുത്തിരിക്കുന്ന അധിക ജേർണൽ എൻട്രി കൂടി രേഖപ്പെടുത്തേണ്ടത് ആവശ്യമാണ്.

കോൾസ് ഇൻ അരിയേഴ്സ് A/c Dr.
  To ഷെയർ ഫസ്റ്റ് കോൾ A/c
  To ഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ A/c
(കോൾ കുടിശ്ശിക അക്കൗണ്ടിൽ രേഖപ്പെടുത്തി)

കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ പ്രകാരം ഡയറക്ടേഴ്സിന് വിളിക്കുടിശ്ശികക്ക് നിശ്ചിത നിരക്കിൽ പലിശ ഇടാക്കുന്നതിനുള്ള അധികാരം നൽകുന്നുണ്ട്. ഈ കാര്യം ആർട്ടിക്കിൾസിൽ വ്യക്തമായി പ്രതിപാദിക്കുന്നില്ലായെങ്കിൽ ടേബിൾ. എഫിൽ പറയുന്ന 10% നിരക്കിൽ കൂടാത്ത പലിശ വിളിക്കുടിശ്ശികമേൽ തുക അടയ്ക്കുവാൻ നിശ്ചയിച്ച തീയതി മുതൽ യഥാർത്ഥത്തിൽ അടച്ച തീയതി വരെയുള്ള കാലയളവിൽ ഇടാക്കാവുന്നതാണെന്ന നിയമം നടപ്പിലാക്കാവുന്നതാണ്.

വിളിത്തുക പലിശസഹിതം ലഭിക്കുന്ന സമയത്ത് പലിശ തുക പലിശ അക്കൗണ്ടിലും കാൾത്തുക യഥാക്രമം കോൾ അക്കൗണ്ടിലോ കോൾസ് ഇൻ അരിയർ അക്കൗണ്ടിലോ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

ഓഹരിയുടമകൾ കോൾ കുടിശ്ശികയും പലിശയും ഉൾപ്പെടെ ഒന്നിച്ച് അടക്കുകയാണെങ്കിൽ ജേർണൽ എൻട്രി താഴെ കൊടുത്തപോലെയായിരിക്കും :

| | |
|---|---|
| ബാങ്ക് A/c | Dr. |
| To കോൾസ് ഇൻ അരിയർ A/c | |
| To ഇന്ററസ്റ്റ് A/c | |
| (വിളിക്കുടിശ്ശിക പലിശ ഉൾപ്പടെ ലഭിച്ചു.) | |

*കുറിപ്പ്:* പ്രത്യേകിച്ച് ഒന്നും പറയുന്നില്ലെങ്കിൽ കോൾസ് ഇൻ അരിയേഴ്സിന്മേൽ പലിശ കാണേണ്ടതില്ല.

***നിർധാരണം 3***

ആപ്ലിക്കേഷൻ 2.50 രൂപ, അലോട്ട്മെന്റ് 3 രൂപ, ഫസ്റ്റ് കോൾ 2 രൂപയും ബാക്കി വരുന്ന 2.50 രൂപ സെക്കന്റ് ആൻഡ് ഫൈനൽ കോൾ എന്ന രീതിയിൽ 10 രൂപ മുഖവിലയുള്ള 10,000 ഇക്വിറ്റി ഓഹരികൾ എസ്.ആർ. ലിമിറ്റഡ് വിതരണം നടത്തി. മുഴുവൻ ഓഹരികളും ഏറ്റെടുക്കപ്പെടുകയും 100 ഓഹരികൾ കൈവശമുള്ള ഒരു ഓഹരിയുടമയുടെ സെക്കന്റ് ആൻഡ് ഫൈനൽ കോൾ ഒഴികെ മുഴുവൻ തുക ലഭിക്കുകയും ചെയ്തു. ഈ ഇടപാടുകൾ രേഖപ്പെടുത്താനാവശ്യമായ ജേർണൽ എൻട്രികൾ നൽകുക.

**ഉത്തരം:**

## എസ് ആർ ലിമിറ്റഡിന്റെ ബുക്ക്
## ജേർണൽ

| തീയതി | വിശദാംശങ്ങൾ | എൽ. എഫ് | ഡെബിറ്റ് തുക (രൂപ) | ക്രെഡിറ്റ് തുക (രൂപ) |
|---|---|---|---|---|
| | ബാങ്ക് A/c Dr.<br>To ഇക്വിറ്റിഷെയർ ആപ്ലി-ക്കേഷൻ A/c<br>(ഓഹരിക്ക് 2.50 രൂപ നിരക്കിൽ 10,000 ഓഹരികളുടെ അപേക്ഷത്തുക ലഭിച്ചു) | | 25,000 | 25,000 |
| | ഇക്വിറ്റിഷെയർ ആപ്ലിക്കേഷൻ A/c Dr.<br>To ഇക്വിറ്റിഷെയർ ക്യാപ്പിറ്റൽ A/c<br>(അപേക്ഷത്തുക ഓഹരി മൂലധനത്തിലേക്ക് മാറ്റി) | | 25,000 | 25,000 |
| | ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c Dr.<br>To ഇക്വിറ്റിഷെയർ ക്യാപ്പിറ്റൽ A/c<br>(10,000 ഓഹരികളുടെ അനുവദിക്കൽത്തുക 3 രൂപ നിരക്കിൽ കാലാവധിയായി) | | 30,000 | 30,000 |
| | ബാങ്ക് A/c Dr.<br>To ഇക്വിറ്റിഷെയർ അലോട്ട്മെന്റ് A/c<br>(10,000 ഓഹരികളുടെ അനുവദിക്കൽത്തുക 3 രൂപ നിരക്കിൽ ലഭിച്ചു) | | 30,000 | 30,000 |
| | ഇക്വിറ്റിഷെയർ ഫസ്റ്റ് കോൾ A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>(10,000 ഓഹരികളുടെ ഒന്നാമത്തെ വിളിതുക 2 രൂപ നിരക്കിൽ കാലാവധിയായി) | | 20,000 | 20,000 |
| | ബാങ്ക് A/c Dr.<br>To ഇക്വിറ്റിഷെയർ ഫസ്റ്റ് കോൾ A/c<br>(10,000 ഓഹരികളുടെ ഒന്നാമത്തെ വിളിത്തുക 2 രൂപ നിരക്കിൽ ലഭിച്ചു) | | 20,000 | 20,000 |

| | | | | |
|---|---|---|---|---|
| | ഇക്വിറ്റി ഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>(10000 ഓഹരികളുടെ രണ്ടാമത്തെയും അവസാനത്തെയും വിളിത്തുക 2.50 രൂപ നിരക്കിൽ കാലാവധിയായി) | | 25,000 | 25,000 |
| | ബാങ്ക് A/c Dr.<br>കോൾസ് ഇൻ അരിയർ A/c Dr.<br>To ഇക്വിറ്റി ഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾA/c<br>(10,000 ഓഹരികളുടെ രണ്ടാമത്തെയും അവസാനത്തെയും വിളി തുക 2.50 രൂപ നിരക്കിൽ ലഭിച്ചു) | | 24,750<br>250 | 25,000 |

### 1.6.2 മുൻകൂർവിളി/മുൻകൂർ കോൾ/കോൾസ് ഇൻ അഡ്വാൻസ് *(Calls in Advance)*

ചില സമയങ്ങളിൽ ഓഹരിയുടമകൾ വിളിത്തുകയുടെ ഒരു ഭാഗമോ അല്ലെങ്കിൽ മുഴുവനായോ വിളി നടത്തുന്നതിന് മുൻപായി അടയ്ക്കാറുണ്ട്. ഓഹരിയുടമകളിൽ നിന്ന് അങ്ങനെ ലഭിക്കുന്ന തുകയെ മുൻകൂർ വിളി/മുൻകൂർ കോൾ എന്ന പേരിലറിയപ്പെടുന്നു. മുൻകൂറായി ലഭിക്കുന്ന തുക കമ്പനിയെ സംബന്ധിച്ചിടത്തോളം ഒരു ബാധ്യതയാണ്, അതുകൊണ്ട് പ്രസ്തുത തുക മുൻകൂർ കോൾ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു. അങ്ങനെ ലഭിക്കുന്ന തുക പിന്നീട് അത്തരം കോളുകൾ കാലാവധിയാകുമ്പോൾ കോൾ അക്കൗണ്ടിലേക്ക് ക്രമീകരിക്കുന്നു. കമ്പനി നിയമത്തിലെ ടേബിൾ-എഫ് പ്രകാരം മുൻകൂർ വിളിക്ക് 12 % നിരക്കിൽക്കുറയാതെ പലിശ നൽകുന്നതിനുള്ള വ്യവസ്ഥയുണ്ട്.

മുൻകൂർ കോളിലൂടെ ലഭിക്കുന്ന തുകയ്ക്ക് താഴെ കൊടുത്ത ജേർണൽ രേഖപ്പെടുത്തലുകൾ നടത്താവുന്നതാണ്:

ബാങ്ക് A/c Dr.
To കോൾസ് ഇൻ അഡ്വാൻസ് A/c
(മുൻകൂർ കോളായി ലഭിച്ച തുക)

വിളിയുടെ കാലാവധി ദിവസം മുൻകൂർ കോളിന്റെ തുക താഴെ കൊടുത്ത ജേർണൽ വഴി ക്രമീകരിക്കുന്നു

കോൾസ് ഇൻ അഡ്വാൻസ് A/c Dr.
To കോൾ A/c
(മുൻകൂർ കോൾ തുക കോൾ അക്കൗണ്ടിൽ ക്രമീകരിച്ചു)

മുൻകൂർ കോൾ അക്കൗണ്ടിൽ നീക്കിയിരിപ്പ് വരുന്ന തുക കമ്പനിയുടെ ബാലൻസ് ഷീറ്റിൽ 'ഇക്വിറ്റീസ് ആൻഡ് ലയബിലിറ്റീസ്' എന്ന ശീർഷകത്തിൽ 'കറന്റ് ലയബിലിറ്റീസ്' എന്ന തലക്കെട്ടിൽ മറ്റു കറന്റ് ലയബിലിറ്റീസ് എന്ന ഉപ തലക്കെട്ടിൽ കാണിക്കേണ്ടതാണ്. ഈ തുക അടയ്ക്കപ്പെട്ട മൂലധനത്തിൽ ഉൾപ്പെടുത്താൻ പാടുള്ളതല്ല.

കമ്പനിയെ സംബന്ധിച്ച് മുൻകൂർ കോൾ ഒരു ബാധ്യതയായതുകൊണ്ട് ആർട്ടിക്കിളിൽ പ്രതിപാദിക്കുന്ന പ്രകാരം തുക ലഭിച്ച തീയതി മുതൽ കോൾ കാലാവധിയാകുന്ന തീയതി വരെ കമ്പനി പലിശ നൽകേണ്ടതാണ്. പൊതുവെ ആർട്ടിക്കിളിൽ നൽകേണ്ട പലിശ നിരക്ക് സംബന്ധിച്ച് പ്രതിപാദിച്ചിരിക്കേണ്ടതാണ്. ആർട്ടിക്കിൾ പലിശയെക്കുറിച്ച് വ്യക്തമാക്കുന്നില്ലെങ്കിൽ കമ്പനി നിയമത്തിലെ ടേബിൾ-എഫ് പ്രകാരം മുൻകൂർ വിളിക്ക് 12% നിരക്കിൽ കുറയാതെ പലിശ നൽകുന്നതിനുള്ള വ്യവസ്ഥ നടപ്പിലാക്കാവുന്നതാണ്.

മുൻകൂർ കോളിന്റെ പലിശയുടെ അക്കൗണ്ടിംഗ് ക്രമീകരണം താഴെ കൊടുത്തപോലെ ചെയ്യാവുന്നതാണ്:

1. പലിശ നൽകുമ്പോൾ (For payment of interest)

    ഇന്ററസ്റ്റ് ഓൺ കോൾസ് ഇൻ അഡ്വാൻസ് A/c Dr.

        To ബാങ്ക് A/c

    (മുൻകൂർ കാൾ പലിശ നൽകി)

അല്ലെങ്കിൽ

2.*(a)* പലിശ കാലാവധിയായാൽ (For interest due)

    ഇന്ററസ്റ്റ് ഓൺ കോൾസ് ഇൻ അഡ്വാൻസ് A/c Dr.

        To ഷെയർ ഹോൾഡേഴ്സ് A/c

    (മുൻകൂർ കോൾ പലിശ കാലാവധിയായി)

2.*(b)* പലിശ നൽകുമ്പോൾ (For interest paid)

    ഷെയർ ഹോൾഡേഴ്സ് A/c Dr.

        To ബാങ്ക് A/c

    (മുൻകൂർ കോൾ പലിശ നൽകി)

*നിർധാരണം 4*

100 രൂപ മുഖവിലയുള്ള 2,000 ഇക്വിറ്റി ഓഹരികളായി വിഭജിക്കപ്പെട്ട 2,00,000 രൂപ അംഗീകൃത ഇക്വിറ്റി ഓഹരി മൂലധനത്തോടുകൂടി രജിസ്റ്റർ ചെയ്ത കോനിക്ക ലിമിറ്റഡ് കമ്പനി 1,000 ഓഹരികൾ, 25 രൂപ ആപ്ലിക്കേഷൻ, 30 രൂപ അലോട്ട്മെന്റ്, 20 രൂപ ഫസ്റ്റ് കോൾ ബാക്കി തുക ആവശ്യപ്പെടുന്ന സമയത്ത് നൽകണമെന്ന വ്യവസ്ഥയിൽ പൊതുജനങ്ങൾക്ക് വിതരണം നടത്തി.

1000 ഓഹരികൾക്കും ആപ്ലിക്കേഷൻ പണം കൃത്യമായി ലഭിക്കുകയും അവയ്ക്ക് അനുമതി നൽകുകയും ചെയ്തു. അലോട്ട്മെന്റ് തുക കൃത്യമായി ലഭിച്ചു പക്ഷെ, ഫസ്റ്റ് കോൾ നടത്തിയപ്പോൾ 100 ഓഹരികൾ വാങ്ങിയ ഒരാൾ പണം നൽകുന്നതിൽ പരാജയപ്പെടുകയും 50 ഓഹരികൾ വാങ്ങിച്ച ഒരാൾ അയാളുടെ ഓഹരിയുടെ മുഴുവൻ തുകയും അടച്ചു തീർക്കുകയും ചെയ്തു. കമ്പനി മറ്റു കോളുകളൊന്നും നടത്തിയില്ല.

ഓഹരിമുലധന ഇടപാടുകൾ രേഖപ്പെടുത്താനാവശ്യമായ ജേർണൽ എൻട്രികൾ കമ്പനിയുടെ ബുക്കിൽ എഴുതുക.

***ഉത്തരം:***

**കോനിക്ക ലിമിറ്റഡിന്റെ ബുക്ക്**
**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | എൽ. എഫ് | ഡെബിറ്റ് തുക (രൂപ) | ക്രെഡിറ്റ് തുക (രൂപ) |
|---|---|---|---|---|
| | ബാങ്ക് A/c Dr.<br>To ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ A/c<br>(ഓഹരിക്ക് 25 രൂപ നിരക്കിൽ 1,000 ഓഹരികളുടെ അപേക്ഷത്തുക ലഭിച്ചു) | | 25,000 | 25,000 |
| | ഇക്വിറ്റിഷെയർ ആപ്ലിക്കേഷൻ A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>(അപേക്ഷത്തുക ഓഹരി മൂലധനത്തിലേക്ക് മാറ്റി) | | 25,000 | 25,000 |
| | ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>(1,000 ഓഹരികളുടെ അനുവദിക്കൽത്തുക 30 രൂപ നിരക്കിൽ കാലാവധിയായി) | | 30,000 | 30,000 |
| | ബാങ്ക് A/c Dr.<br>To ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c<br>(1,000 ഓഹരികളുടെ അനുവദിക്കൽത്തുക 30 രൂപ നിരക്കിൽ ലഭിച്ചു) | | 30,000 | 30,000 |
| | ഇക്വിറ്റിഷെയർ ഫസ്റ്റ് കോൾ A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>(1,000 ഓഹരികളുടെ ഒന്നാമത്തെ വിളിത്തുക 20 രൂപ നിരക്കിൽ കാലാവധിയായി) | | 20,000 | 20,000 |

| | | | | |
|---|---|---|---|---|
| | ബാങ്ക് A/c Dr.<br>കോൾസ് ഇൻ അരിയർ A/c Dr.<br>To ഇക്വിറ്റിഷെയർ ഫസ്റ്റ് കോൾ A/c<br>To കാൾസ് ഇൻ അഡ്വാൻസ് A/c<br>(900 ഓഹരികളുടെ ഫസ്റ്റ് കോൾ പണം ലഭിച്ചു, 100 ഓഹരികൾക്ക് 20 രൂപ നിരക്കിൽ കോൾസ് ഇൻ അരിയറും 50 ഓഹരികൾക്ക് 25 രൂപ നിരക്കിൽ കോൾസ് ഇൻ അഡ്വാൻസും കണക്കിലെടുത്തു) | | 19,250<br>2,000 | <br><br>20,000<br>1,250 |

പ്രായോഗികമായി പണം ലഭിക്കുന്നത് ക്യാഷ് ബുക്കിലാണ് രേഖപ്പെടുത്തുക ജേർണലിലല്ല. (നിർധാരണം-5 കാണുക)

***നിർധാരണം 5***

ഒമേഗ ലിമിറ്റഡ് 10 രൂപ വിലയുള്ള 20,000, 5% പ്രിഫറൻസ് ഓഹരികളും 10 രൂപ വിലയുള്ള 30,000 ഇക്വിറ്റി ഓഹരികളും ചേർന്ന് 5,00,000 രൂപ അംഗീകൃത മൂലധനത്തോടുകൂടി രജിസ്റ്റർ ചെയ്തു. കമ്പനി 10,000 പ്രിഫറൻസ് ഓഹരികളും 15,000 ഇക്വിറ്റി ഓഹരികളും പൊതുജനങ്ങൾക്ക് വിതരണം ചെയ്തു. ഓഹരികളിൽ താഴെ കൊടുത്തപോലെയാണ് കോളുകൾ നടത്തിയത്:

| | *ഇക്വിറ്റി ഓഹരികൾ* (രൂപ) | *പ്രിഫറൻസ് ഓഹരികൾ* (രൂപ) |
|---|---|---|
| ആപ്ലിക്കേഷൻ | 2 | 2 |
| അലോട്ട്മെന്റ് | 3 | 3 |
| ഫസ്റ്റ് കോൾ | 2.50 | 2.50 |
| സെക്കന്റ് ആൻഡ് ഫൈനൽ കോൾ | 2.50 | 2.50 |

എല്ലാ ഓഹരികളും മുഴുവനായും വാങ്ങിക്കപ്പെട്ടു. 100 ഇക്വിറ്റി ഷെയറിന്റെയും 200 പ്രിഫറൻസ് ഷെയറിന്റെയും സെക്കന്റ് ആൻഡ് ഫൈനൽ കോൾ ഒഴികെ കാലാവധിയായ മുഴുവൻ തുകയും ലഭിച്ചു. ഈ ഇടപാടുകൾ ജേർണലിൽ രേഖപ്പെടുത്തുക. കൂടാതെ ക്യാഷ് ബുക്കും ബാലൻസ് ഷീറ്റും തയാറാക്കുക.

**ഉത്തരം:**

**ഒമേഗ ലിമിറ്റഡിന്റെ ബുക്ക്**
**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | | എൽ. എഫ് | ഡെബിറ്റ് തുക (രൂപ) | ക്രെഡിറ്റ് തുക (രൂപ) |
|---|---|---|---|---|---|
| | ഇക്വിറ്റിഷെയർ ആപ്ലിക്കേഷൻ A/c | Dr. | | 30,000 | |
| | 5% പ്രിഫറൻസ്ഷെയർആപ്ലി-ക്കേഷൻ A/c | Dr. | | 20,000 | |
| | To ഇക്വിറ്റിഷെയർ ക്യാപ്പിറ്റൽ A/c | | | | 30,000 |
| | To 5% പ്രിഫറൻസ്ഷെയർ - ക്യാപ്പിറ്റൽ A/c | | | | 20,000 |
| | (അപേക്ഷത്തുക ഓഹരി മുലധനത്തി-ലേക്ക് മാറ്റി) | | | | |
| | ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c | Dr. | | 45,000 | |
| | 5% പ്രിഫറൻസ്ഷെയർ അലോട്ട്-മെന്റ് A/c | Dr. | | 30,000 | |
| | To ഇക്വിറ്റിഷെയർ ക്യാപ്പിറ്റൽ A/c | | | | 45,000 |
| | To 5% പ്രിഫറൻസ്ഷെയർ - ക്യാപ്പിറ്റൽ A/c | | | | 30,000 |
| | (ഓഹരികളുടെ അനുവദിക്കൽത്തുക കാലാവധിയായി) | | | | |
| | ഇക്വിറ്റിഷെയർ ഫസ്റ്റ് കോൾ A/c | Dr. | | 37,500 | |
| | 5% പ്രിഫറൻസ്ഷെയർ ഫസ്റ്റ്കോൾ A/c | Dr. | | 25,000 | |
| | To ഇക്വിറ്റിഷെയർ ക്യാപ്പിറ്റൽ A/c | | | | 37,500 |
| | To 5% പ്രിഫറൻസ്ഷെയർ-ക്യാപ്പിറ്റൽ A/c | | | | 25,000 |
| | (ഓഹരികളുടെ ഒന്നാമത്തെ വിളി-തുക കാലാവധിയായി) | | | | |
| | ഇക്വിറ്റി ഷെയർ സെക്കന്റ് ആൻഡ്-ഫൈനൽ കോൾ A/c | Dr. | | 37,500 | |
| | 5% പ്രിഫറൻസ്ഷെയർ സെക്കന്റ് & ഫൈനൽ കോൾ A/c | Dr. | | 25,000 | |

| | | | | |
|---|---|---|---|---|
| | To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>To 5% പ്രിഫറൻസ്ഷെയർ-<br>ക്യാപ്പിറ്റൽ A/c<br>(ഓഹരികളുടെ രണ്ടാമത്തെയും അവസാനത്തെയും വിളിത്തുക കാലാവധിയായി) | | | 37,500<br><br>25,000 |
| | കോൾസ് ഇൻ അരിയർ A/c<br>To ഇക്വിറ്റി ഷെയർ സെക്കന്റ് – ആൻഡ് ഫൈനൽ കോൾ A/c<br>To 5% പ്രിഫറൻസ്ഷെയർ സെക്കന്റ് & ഫൈനൽ കോൾ A/c<br>(കോൾസ് ഇൻ അരിയേഴ്സ് രേഖപ്പെടുത്തി) | Dr. | 750 | <br><br>250<br><br>500 |

**ക്യാഷ് ബുക്ക് (ബാങ്ക് കോളം)**

*Dr.* *Cr.*

| *തീയതി* | *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക (രൂപ)* | *തീയതി* | *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക (രൂപ)* |
|---|---|---|---|---|---|---|---|
| | ഇക്വിറ്റിഷെയർ ആപ്ലിക്കേഷൻ | | 30,000 | | ബാലൻസ് c/d | | 2,49,250 |
| | 5% പ്രിഫറൻസ് ഷെയർ ആപ്ലിക്കേഷൻ | | 20,000 | | | | |
| | ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് | | 45,000 | | | | |
| | 5% പ്രിഫറൻസ് ഷെയർ അലോട്ട്മെന്റ് | | 30,000 | | | | |
| | ഇക്വിറ്റിഷെയർ ഫസ്റ്റ് കോൾ | | 37,500 | | | | |
| | 5% പ്രിഫറൻസ് ഷെയർ ഫസ്റ്റ്കോൾ | | 25,000 | | | | |
| | ഇക്വിറ്റി ഷെയർ സെക്കന്റ് & ഫൈനൽ കോൾ | | 37,250 | | | | |
| | 5% പ്രിഫറൻസ് ഷെയർ സെക്കന്റ് & ഫൈനൽ കോൾ | | 24,500 | | | | |
| | | | **2,49,250** | | | | **2,49,250** |

**ഒമേഗ ലിമിറ്റഡിന്റെ ........ ലെ ബാലൻസ് ഷീറ്റ്**

| വിശദാംശങ്ങൾ | നോട്ട് നമ്പർ | തുക (രൂപ) |
|---|---|---|
| **I. ഇക്വിറ്റി ആൻഡ് ലയബിലിറ്റീസ്** | | |
| 1. ഷെയർ ഹോൾഡേഴ്സ് ഫണ്ട് | | |
| a) ഷെയർ ക്യാപ്പിറ്റൽ | 1 | 2,49,250 |
| | | **2,49,250** |
| **II.** അസറ്റ്സ് | | |
| 1. കറന്റ് അസറ്റ്സ് | | |
| a) ക്യാഷും ക്യാഷിനു തുല്യമായതും | 2 | 2,49,250 |
| | | **2,49,250** |

അക്കൗണ്ടിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. ഓഹരി മൂലധനം | | |
| *അംഗീകൃത മൂലധനം* | | |
| 10 രൂപ വിലയുള്ള 30,000 ഇക്വിറ്റി ഓഹരികൾ | | 3,00,000 |
| 10 രൂപ വിലയുള്ള 20,000 5% പ്രിഫറൻസ് ഓഹരികൾ | | 2,00,000 |
| | | **5,00,000** |
| *പുറപ്പെടുവിച്ച* മൂലധനം | | |
| 10 രൂപ വിലയുള്ള 15,000 ഇക്വിറ്റി ഓഹരികൾ | | 1,50,000 |
| 10 രൂപ വിലയുള്ള 10,000 5% പ്രിഫറൻസ് ഓഹരികൾ | | 1,00,000 |
| | | **2,50,000** |
| *ഏറ്റെടുക്കപ്പെട്ട ഓഹരികൾ* | | |
| ഏറ്റെടുക്കപ്പെട്ടതും മുഴുവനായും അടച്ചതും | | |
| 14,900 ഇക്വിറ്റി ഓഹരികൾ 10 രൂപ നിരക്കിൽ | 1,49,000 | |
| 9800, 5% പ്രിഫറൻസ് ഓഹരികൾ 10 രൂപ നിരക്കിൽ | 98,000 | |
| | | **2,47,000** |
| ഏറ്റെടുക്കപ്പെട്ടതും പക്ഷേ, മുഴുവനായും അടയ്ക്കാത്തതും | | |
| 100 ഇക്വിറ്റി ഓഹരികൾ 10 രൂപ നിരക്കിൽ | 1,000 | |
| കുറവ്: കോൾസ് ഇൻ അരിയേഴ്സ് | -250 | 750 |
| 200, 5% പ്രിഫറൻസ് ഓഹരികൾ 10 രൂപ നിരക്കിൽ | 2,000 | |
| കുറവ്: കോൾസ് ഇൻ അരിയേഴ്സ് | -500 | 1,500 |
| | | **2,49,250** |

### നിർധാരണം 6

രോഹിത് & കമ്പനി 30,000 ഓഹരികൾ 10 രൂപ നിരക്കിൽ, ആപ്ലിക്കേഷൻ 3 രൂപ, അലോട്ട്മെന്റ് 3 രൂപ, ഫസ്റ്റ് കോൾ 2 രൂപ, സെക്കന്റ് കോൾ 2 രൂപ എന്നിങ്ങനെ അടയ്ക്കത്തക്ക രീതിയിൽ വിതരണം നടത്തി. അലോട്ട്മെന്റ് തുക പൂർണമായും ലഭിച്ചു. പക്ഷേ, ഫസ്റ്റ് കോൾ നടത്തിയപ്പോൾ 400 ഓഹരി കൈവശമുള്ള ഒരു ഓഹരിയുടമ ഫസ്റ്റ് കോൾ പണം അടച്ചില്ല, 300 ഓഹരികൾ കൈവശമുള്ള മറ്റൊരു ഓഹരിയുടമ സെക്കന്റ് ആൻഡ് ഫൈനൽ കോൾപ്പണമായ 2 രൂപ അടയ്ക്കുവാൻ ആവശ്യപ്പെടാതെ തന്നെ അടച്ചു.

കമ്പനിയുടെ ബുക്കിൽ ജേർണൽ എൻട്രികൾ എഴുതുക.

***ഉത്തരം:***

**രോഹിത് & കമ്പനിയുടെ ബുക്ക്**
**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | എൽ. എഫ് | ഡെബിറ്റ് തുക (രൂപ) | ക്രെഡിറ്റ് തുക (രൂപ) |
|---|---|---|---|---|
| | ബാങ്ക് A/c Dr. | | 90,000 | |
| | To ഷെയർ ആപ്ലിക്കേഷൻ A/c | | | 90,000 |
| | (ഓഹരിക്ക് 3 രൂപ നിരക്കിൽ 30,000 ഓഹരികളുടെ അപേക്ഷത്തുക ലഭിച്ചു) | | | |
| | ഷെയർ ആപ്ലിക്കേഷൻ A/c Dr. | | 90,000 | |
| | To ഷെയർ ക്യാപ്പിറ്റൽ A/c | | | 90,000 |
| | (അപേക്ഷത്തുക ഓഹരിമൂലധനത്തിലേക്ക് മാറ്റി) | | | |
| | ഷെയർ അലോട്ട്മെന്റ് A/c Dr. | | 90,000 | |
| | To ഷെയർ ക്യാപ്പിറ്റൽ A/c | | | 90,000 |
| | (30,000 ഓഹരികളുടെ അനുവദിക്കൽത്തുക 3 രൂപ നിരക്കിൽ കാലാവധിയായി) | | | |
| | ബാങ്ക് A/c Dr. | | 90,000 | |
| | To ഷെയർ അലോട്ട്മെന്റ് A/c | | | 90,000 |
| | (30,000 ഓഹരികളുടെ അനുവദിക്കൽത്തുക 3 രൂപ നിരക്കിൽ ലഭിച്ചു) | | | |

| | | | | |
|---|---|---|---|---|
| | ഷെയർ ഫസ്റ്റ് കോൾ A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>(30,000 ഓഹരികളുടെ ഒന്നാമത്തെ വിളി തുക 2 രൂപ നിരക്കിൽ കാലാവധിയായി) | | 60,000 | <br>60,000 |
| | ബാങ്ക് A/c Dr.<br>കോൾസ് ഇൻ അരിയർ A/c Dr.<br>To ഷെയർ ഫസ്റ്റ് കോൾ A/c<br>To കോൾസ് ഇൻ അഡ്വാൻസ് A/c<br>(29,600 ഓഹരികളുടെ ഫസ്റ്റ് കോൾ പണം ലഭിച്ചു, 400 ഓഹരികൾക്ക് 2 രൂപ നിരക്കിൽ കോൾസ് ഇൻ അരിയറും 300 ഓഹരികൾക്ക് 2 രൂപ നിരക്കിൽ കോൾസ് ഇൻ അഡ്വാൻസും രേഖപ്പെടുത്തി) | | 59,800<br>800 | <br><br>60,000<br>600 |

**സ്വയം ചെയ്യുക**

1. ഒരു കമ്പനി 20,000 ഇക്വിറ്റി ഓഹരികൾ 10 രൂപ നിരക്കിൽ ആപ്ലിക്കേഷൻ 3 രൂപ, അലോട്ട്മെന്റ് 3 രൂപ, ഫസ്റ്റ് കോൾ 2 രൂപ, സെക്കന്റ് ആൻഡ് ഫൈനൽ കോൾ 2 രൂപ എന്നിങ്ങനെ അടയ്ക്കത്തക്ക രീതിയിൽ വിതരണം നടത്തി. അലോട്ട്മെന്റ് പണം 2015 മെയ് 01 നോ അതിനു മുമ്പായോ, ഫസ്റ്റ് കോൾ പണം 2015 ആഗസ്റ്റ് 01 നോ അതിനു മുമ്പായോ, സെക്കന്റ് ആൻഡ് ഫൈനൽ കോൾ പണം 2015 ഒക്ടോബർ 01 നോ അതിനു മുമ്പായോ അടച്ചിരിക്കണം. 1,000 ഓഹരി അനുവദിച്ച 'എക്സ്' അലോട്ട്മെന്റും ഫസ്റ്റ് കോളും അടച്ചില്ല, 600 ഓഹരികൾ അനുവദിച്ച 'വൈ' രണ്ട് കോളുകളും അടച്ചില്ല, 400 ഓഹരികൾ അനുവദിച്ച 'സെഡ്' ഫൈനൽ കോൾ അടച്ചില്ല. ജേർണൽ എൻട്രികൾ രേഖപ്പെടുത്തുകയും കമ്പനിയുടെ ബാലൻസ് ഷീറ്റ് തയാറാക്കുകയും ചെയ്യുക.
2. ആൽഫാ കമ്പനി 10,000 ഇക്വിറ്റി ഓഹരികൾ 10 രൂപ നിരക്കിൽ ആപ്ലിക്കേഷൻ 3 രൂപ, അലോട്ട്മെന്റ് 2 രൂപ, ബാക്കിത്തുക രണ്ട് തുല്യ തവണകളായി അടയ്ക്കത്തക്ക രീതിയിൽ വിതരണം നടത്തി. അലോട്ട്മെന്റ് പണം 2015 മാർച്ച് 31 നോ അതിനു മുമ്പോ, ഫസ്റ്റ് കോൾ പണം 2015 ജൂൺ 30 നോ അതിനു മുമ്പോ, ഫൈനൽ കോൾ 2015 ആഗസ്റ്റ് 31 നോ അതിനു മുമ്പോ അടയ്ക്കേണ്ടതാണ്. 600 ഓഹരികൾ അനുവദിച്ച 'എ' അയാൾക്കനുവദിച്ച ഓഹരികളുടെ ബാക്കിവരുന്ന മുഴുവൻ തുകയും അലോട്ട്മെന്റ് സമയത്തു തന്നെ അടച്ചു. കമ്പനിയുടെ ബുക്കിൽ ജേർണൽ എൻട്രികൾ രേഖപ്പെടുത്തുകയും ഓഹരി മൂലധനം ബാലൻസ് ഷീറ്റിൽ പ്രദർശിപ്പിക്കുകയും ചെയ്യുക.

### *1.6.3* അമിത ഏറ്റെടുക്കൽ *(Over Subscription)*

പൊതുജനങ്ങൾക്ക് വാങ്ങാനായി പുറപ്പെടുവിച്ച ഓഹരികളെക്കാൾ കൂടുതൽ അപേക്ഷകൾ കമ്പനിയുടെ ഓഹരികൾക്ക് ലഭിക്കുന്ന ചില സന്ദർഭങ്ങളുണ്ടാകാറുണ്ട്. ഇത് സാധാരണയായി സംഭവിക്കുന്നത് നല്ല രീതിയിൽ പ്രവർത്തിക്കുന്നതും സാമ്പത്തികമായി ശക്തിയാർജിച്ചതുമായ കമ്പനികളുടെ കാര്യത്തിലാണ്. ഇതിനെ അമിത ഏറ്റെടുക്കൽ എന്ന് പറയുന്നു.

ഈ സാഹചര്യം കൈകാര്യം ചെയ്യുന്നതിന് മൂന്ന് വഴികളാണ് ഡയറക്ടേഴ്സിന് ലഭ്യമായിട്ടുള്ളത്. (1) ചില അപേക്ഷകൾ പൂർണമായും സ്വീകരിക്കുക ബാക്കിയുള്ളവ മുഴുവനും തള്ളിക്കളയുക. (2) എല്ലാവർക്കും ആനുപാതികമായി അനുവദിക്കുക. (3) മുകളിൽ പറഞ്ഞ രണ്ട് രീതികളുടെ ഒരു മിശ്രിതം സ്വീകരിക്കുക

അമിത ഏറ്റെടുക്കൽപ്രശ്നം ഓഹരികൾ അനുവദിക്കുന്നതിലൂടെ പരിഹരിക്കപ്പെടുന്നതാണ്. അക്കൗണ്ടിംഗ് കാഴ്ചപ്പാടിൽ അമിത ഏറ്റെടുക്കൽ ആപ്ലിക്കേഷന്റെയും അലോട്ട്മെന്റിന്റെയും ചട്ടക്കൂട്ടിൽനിന്നുകൊണ്ട് ചെയ്യുന്നതാണ് നല്ലത്. ആപ്ലിക്കേഷൻ പണം സ്വീകരിക്കൽ, അലോട്ട്മെന്റ് പണം കാലാവധിയാവൽ, ഓഹരിയുടമകളിൽ നിന്ന് അവ സ്വീകരിക്കൽ എന്നീ എൻട്രികളിലൂടെ പരിഹരിക്കാവുന്നതാണ്.

***ആദ്യ വഴി (First Alternative) :*** ചില അപേക്ഷകൾ പൂർണമായും സ്വീകരിക്കുവാനും മറ്റു അപേക്ഷകൾ മുഴുവനായും നിരസിക്കുവാനും ഡയറക്ടേഴ്സ് തീരുമാനിക്കുകയാണെങ്കിൽ, നിരസിക്കപ്പെട്ട അപേക്ഷകളുടെ ആപ്ലിക്കേഷൻ പണം പൂർണമായും തിരിച്ചു നൽകേണ്ടതാണ്. ഉദാഹരണത്തിന്, ഒരു കമ്പനി 20,000 ഓഹരികൾക്ക് അപേക്ഷ ക്ഷണിച്ചു 25,000 ഓഹരികൾക്കുള്ള അപേക്ഷ ലഭിച്ചു. ഡയറക്ടേഴ്സിനു ആവശ്യത്തിലധികമായി വന്ന 5,000 ഓഹരികൾക്കുള്ള അപേക്ഷകൾ നിരസിക്കുകയും അവരുടെ അപേക്ഷപ്പണം തിരിച്ചു നൽകുകയും ചെയ്യാവുന്നതാണ്. ഈ സാഹചര്യത്തിൽ, ആപ്ലിക്കേഷനും അലോട്ട്മെന്റും താഴെ കൊടുത്ത ജേർണലിലൂടെ രേഖപ്പെടുത്താവുന്നതാണ്:

| | | |
|---|---|---|
| 1 | ബാങ്ക് A/c<br>To ഷെയർ ആപ്ലിക്കേഷൻ A/c<br>(25,000 ഓഹരികളുടെ അപേക്ഷപ്പണം ഓഹരിയൊന്നിന് ............ നിരക്കിൽ ലഭിച്ചു) | Dr. |
| 2 | ഷെയർ ആപ്ലിക്കേഷൻ A/c<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>To ബാങ്ക് A/c<br>(അനുവദിച്ച 20,000 ഓഹരികളുടെ ആപ്ലിക്കേഷൻ പണം ഓഹരി മൂലധനത്തിലേക്കു മാറ്റി നിരസിച്ച 5,000 അപേക്ഷകളുടെ അപേക്ഷപ്പണം തിരിച്ചു നൽകി.) | Dr. |

3 ഷെയർ അലോട്ട്മെന്റ് A/c Dr.
To ഷെയർ ക്യാപ്പിറ്റൽ A/c
(20,000 ഓഹരികളുടെ അനുവദിക്കൽത്തുക
....... നിരക്കിൽ കാലാവധിയായി)

4 ബാങ്ക് A/c Dr.
To ഷെയർ അലോട്ട്മെന്റ് A/c
(20,000 ഓഹരികളുടെ അനുവദിക്കൽത്തുക
....... നിരക്കിൽ ലഭിച്ചു )

***രണ്ടാമത്തെ വഴി (Second Alternative) :*** എല്ലാ അപേക്ഷകർക്കും ആനുപാതികമായി വിതരണം നടത്തുവാൻ ഡയറക്ടേഴ്സ് തീരുമാനിക്കുകയാണെങ്കിൽ (ആനുപാതിക വിതരണം/പ്രൊറാറ്റ അലോട്ട്മെന്റ്) അധികമായി ലഭിച്ച അപേക്ഷത്തുക സാധാരണയായി അലോട്ട്മെന്റ് തുകയിലേക്ക് ക്രമീകരിക്കുകയാണ് ചെയ്യുക. അപേക്ഷപ്പണം അലോട്ട്മെന്റ് തുകയെക്കാൾ കൂടുതലാണെങ്കിൽ, അധികമായി വരുന്ന തുക തിരിച്ചു നൽകുകയോ അല്ലെങ്കിൽ കോൾസ് ഇൻ അഡ്വാൻസായി കാണിക്കുകയോ ചെയ്യാവുന്നതാണ്.

ഉദാഹരണത്തിന്, 20,000 ഓഹരികൾക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ 25,000 അപേക്ഷ ലഭിക്കുന്ന ഒരു സാഹചര്യത്തിൽ എല്ലാ അപേക്ഷകർക്കും 4:5 എന്ന അനുപാതത്തിൽ ഓഹരികൾ അനുവദിക്കുവാൻ തീരുമാനിച്ചു. ഇത് ഒരു ആനുപാതിക വിതരണമാണ്. 5,000 ഓഹരികൾക്ക് അധികമായി ലഭിച്ച അപേക്ഷപ്പണം 20,000 ഓഹരികളുടെ കാലാവധിയാകുന്ന അലോട്ട്മെന്റ് തുകയിലേക്ക് ക്രമീകരിക്കാവുന്നത്. ഈ സാഹചര്യത്തിൽ, ആപ്ലിക്കേഷന്റെയും അലോട്ട്മെന്റിന്റെയും ജേർണൽ എൻട്രികൾ താഴെ കൊടുത്ത പ്രകാരമായിരിക്കും.

1 ബാങ്ക് A/c Dr.
To ഷെയർ ആപ്ലിക്കേഷൻ A/c
(25,000 ഓഹരികളുടെ അപേക്ഷപ്പണം ഓഹരിയൊന്നിന്
............ നിരക്കിൽ ലഭിച്ചു)

2 ഷെയർ ആപ്ലിക്കേഷൻ A/c Dr.
To ഷെയർ ക്യാപ്പിറ്റൽ A/c
To ഷെയർ അലോട്ട്മെന്റ് A/c
(അനുവദിച്ച 20,000 ഓഹരികളുടെ ആപ്ലിക്കേഷൻ
പണം ഓഹരി മൂലധനത്തിലേക്കു മാറ്റി 5,000 ഓഹരികൾക്ക്
അധികമായി ലഭിച്ച അപേക്ഷപ്പണം അലോട്ട്മെന്റിൽ ക്രമീകരിച്ചു.)

3 ഷെയർ അലോട്ട്മെന്റ് A/c Dr.
To ഷെയർ ക്യാപ്പിറ്റൽ A/c
(20,000 ഓഹരികളുടെ അനുവദിക്കൽത്തുക
....... നിരക്കിൽ കാലാവധിയായി)

4 ബാങ്ക് A/c Dr.
To ഷെയർ അലോട്ട്മെന്റ് A/c
(അധികമായി ലഭിച്ച അപേക്ഷപ്പണം ക്രമീകരി
ച്ചതിനുശേഷം ബാക്കി വരുന്ന അലോട്ട്മെന്റ്
തുക ലഭിച്ചു.)

***മൂന്നാമത്തെ വഴി (Third Alternative) :*** ചില അപേക്ഷകൾ പൂർണമായും നിരസിക്കുകയും ബാക്കിവരുന്ന അപേക്ഷകൾ ആനുപാതികമായി വിതരണം ചെയ്യുകയുമാണെങ്കിൽ നിരസിച്ച അപേക്ഷകളുടെ പണം തിരിച്ചു നൽകുകയും ആനുപാതിക വിതരണം നടത്തിയ അപേക്ഷകരിൽ നിന്നും ലഭിച്ച അധിക അപേക്ഷപ്പണം അവരുടെ അനുവദിക്കൽപ്പണം കാലാവധിയാകുമ്പോൾ അലോട്ട്മെന്റ് തുകയിൽ ക്രമീകരിക്കുകയും ചെയ്യേണ്ടതാണ്.

ഉദാഹരണത്തിന്, ഒരു കമ്പനി 10,000 ഓഹരികൾക്ക് അപേക്ഷ ക്ഷണിക്കുകയും 15,000 ഓഹരികൾക്കുള്ള അപേക്ഷ ലഭിക്കുകയും ചെയ്തു. ഡയറക്ടേർസ് 2500 അപേക്ഷകൾ പൂർണമായും നിരസിക്കുവാനും 10,000 ഓഹരികൾ ബാക്കി വരുന്ന 12,500 അപേക്ഷകൾക്ക് ആനുപാതികമായി വിതരണം നടത്തുവാനും തീരുമാനിച്ചു. ഈ അവസരത്തിൽ, നിരസിക്കപ്പെട്ട 2,500 ഓഹരികളുടെ അപേക്ഷപ്പണം പൂർണമായും തിരിച്ചു നൽകേണ്ടതും ബാക്കി വരുന്ന 2,500 അപേക്ഷപ്പണം 10,000 ഓഹരികളുടെ അലോട്ട്മെന്റ് തുക കാലാവധിയാകുമ്പോൾ അതിലേക്ക് ക്രമീകരിക്കേണ്ടതുമാണ്. ആപ്ലിക്കേഷന്റെയും അലോട്ട്മെന്റിന്റെയും ജേർണൽ എൻട്രികൾ താഴെ കൊടുത്തപോലെ രേഖപ്പെടുത്താവുന്നതാണ്:

1 ബാങ്ക് A/c Dr.
To ഷെയർ ആപ്ലിക്കേഷൻ A/c
(15,000 ഓഹരികളുടെ അപേക്ഷപ്പണം ഓഹരിയൊന്നിന്
............ നിരക്കിൽ ലഭിച്ചു)

2 ഷെയർ ആപ്ലിക്കേഷൻ A/c Dr.
To ഷെയർ ക്യാപ്പിറ്റൽ A/c
To ഷെയർ അലോട്ട്മെന്റ് A/c
To ബാങ്ക് A/c

(അനുവദിച്ച 10,000 ഓഹരികളുടെ ആപ്ലിക്കേഷൻ പണം ഓഹരി മൂലധനത്തിലേക്കു മാറ്റി, ആനുപാതിക വിതരണം വഴി 2,500 ഓഹരികൾക്ക് അധികമായി ലഭിച്ച അപേക്ഷപ്പണം അലോട്ട്മെന്റിൽ ക്രമീകരിച്ചു, നിരസിച്ച 2,500 ഓഹരികളുടെ അപേക്ഷപ്പണം തിരിച്ചു നൽകി)

3 ഷെയർ അലോട്ട്മെന്റ് A/c Dr.
To ഷെയർ ക്യാപ്പിറ്റൽ A/c
(10,000 ഓഹരികളുടെ അനുവദിക്കൽത്തുക ....... നിരക്കിൽ കാലാവധിയായി)

4 ബാങ്ക് A/c Dr.
To ഷെയർ അലോട്ട്മെന്റ് A/c
(അധികമായി ലഭിച്ച അപേക്ഷപ്പണം ക്രമീകരിച്ചതിനുശേഷം ബാക്കി വരുന്ന അലോട്ട്മെന്റ് തുക ലഭിച്ചു.)

### *നിർധാരണം 7*

ജനത പേപ്പർ ലിമിറ്റഡ് 25 രൂപ വിലയുള്ള 1,00,000 ഇക്വിറ്റി ഓഹരികൾക്ക് താഴെ കൊടുത്ത പോലെ അടയ്ക്കേണ്ട രീതിയിൽ അപേക്ഷ ക്ഷണിച്ചു.:

| | | |
|---|---|---|
| അപേക്ഷ സമയത്ത് | : | ഓഹരിയൊന്നിന് 5 രൂപ നിരക്കിൽ |
| അലോട്ട്മന്റ് സമയത്ത് | : | ഓഹരിയൊന്നിന് 7.50 രൂപ നിരക്കിൽ |
| ഫസ്റ്റ് കോൾ സമയത്ത് (അലോട്ട്മെന്റ് കഴിഞ്ഞ് രണ്ട് മാസത്തിനു ശേഷം) | : | ഓഹരിയൊന്നിന് 7.50 രൂപ നിരക്കിൽ |
| സെക്കന്റ് ആൻഡ് ഫൈനൽ കോൾ സമയത്ത് (ഫസ്റ്റ് കോൾ കഴിഞ്ഞ് രണ്ട് മാസത്തിനു ശേഷം) | : | ഓഹരിയൊന്നിന് 5 രൂപ നിരക്കിൽ |

2017 ജനുവരി 1 നു 4,00,000 ഓഹരികൾക്കുള്ള അപേക്ഷ ലഭിക്കുകയും 2017 ഫെബ്രുവരി 1 നു അലോട്ട്മെന്റ് നടത്തുകയും ചെയ്തു.

താഴെ കൊടുത്തിരിക്കുന്ന ഓരോ സാഹചര്യത്തിലും കമ്പനിയുടെ ബുക്കിൽ ഈ മൂലധന ഇടപാടുകൾ രേഖപ്പെടുത്തുവാനാവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

1 ഡയറക്ടേഴ്സ് തിരഞ്ഞെടുത്ത അപേക്ഷകർക്ക് 1,00,0000 ഓഹരികൾ അനുവദിക്കുവാനും ബാക്കി വരുന്ന 3,00,000 ഓഹരികൾക്കുള്ള അപേക്ഷകൾ മുഴുവനായും നിരസിക്കുവാനും തീരുമാനിച്ചു.

2 അപേക്ഷിച്ച എല്ലാവർക്കും അപേക്ഷിച്ചതിന്റെ 25% ആനുപാതിക വിതരണം നടത്തുവാനും ബാക്കി വരുന്ന ആപ്ലിക്കേഷൻതുക അലോട്ട്മെന്റ്തുക കാലാവധിയാകുമ്പോൾ അതിലേക്ക് ക്രമീകരിക്കുവാനും പിന്നെയും ബാക്കി വരികയാണെങ്കിൽ തിരികെ നൽകുവാനും തീരുമാനിച്ചു.

3 ഡയറക്ടേഴ്സ് 2,00,0000 ഓഹരികൾക്കുള്ള അപേക്ഷകൾ മുഴുവനായും നിരസിക്കുവാനും 80,000 ഓഹരികൾക്കുള്ള അപേക്ഷകൾ മുഴുവനായും സ്വീകരിക്കുവാനും ബാക്കിവരുന്ന അപേക്ഷകർക്ക് 20,000 ഓഹരികൾ ആനുപാതിക വിതരണം നടത്തുവാനും അധികം വരുന്ന അപേക്ഷത്തുക അലോട്ട്മെന്റിലും കോളുകളിലും ക്രമീകരിക്കുവാനും തീരുമാനിച്ചു.

***ഉത്തരം:***

**ജനത പേപ്പർ ലിമിറ്റഡിന്റെ ബുക്ക്**
**ജേർണൽ**

*ഒന്നാമത്തെ വഴി*

| *തീയതി* | *വിശദാംശങ്ങൾ* | *എൽ. എഫ്* | *ഡെബിറ്റ് തുക (രൂപ)* | *ക്രെഡിറ്റ് തുക (രൂപ)* |
|---|---|---|---|---|
| 2017 ജനുവരി 01 | ബാങ്ക് A/c Dr. | | 20,00,000 | |
| | To ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ A/c | | | 20,00,000 |
| | (ഓഹരിക്ക് 5 രൂപ നിരക്കിൽ 4,00,000 ഓഹരികളുടെ അപേക്ഷത്തുക ലഭിച്ചു) | | | |
| ഫെബ്രു- വരി 01 | ഇക്വിറ്റിഷെയർ ആപ്ലിക്കേഷൻ A/c Dr. | | 20,00,000 | |
| | To ഇക്വിറ്റിഷെയർ ക്യാപ്പിറ്റൽ A/c | | | 5,00,000 |
| | To ബാങ്ക് A/c | | | 15,00,000 |
| | (1,00,000 ഓഹരികളുടെ അപേക്ഷ തുക ഓഹരി മൂലധനത്തിലേക്ക് മാറ്റുകയും നിരസിച്ച അപേക്ഷയുടെ പണം തിരിച്ചു നൽകുകയും ചെയ്തു) | | | |

| | | | | |
|---|---|---|---|---|
| ഫെബ്രു-<br>വരി 01 | ഇകിറ്റി ഷെയർ അലോട്ട്മെന്റ് A/c Dr.<br>To ഇകിറ്റിഷെയർ ക്യാപ്പിറ്റൽ A/c<br>(1,00,000 ഓഹരികളുടെ അനുവദി<br>ക്കൽ തുക 7.50രൂപ നിരക്കിൽ<br>കാലാവധിയായി) | | 7,50,000<br>7,50,000 | |
| | ബാങ്ക് A/c Dr.<br>To ഇകിറ്റിഷെയർ അലോട്ട്മെന്റ് A/c<br>(1,00,000 ഓഹരികളുടെ അനുവദിക്കൽ<br>തുക 7.50 രൂപ നിരക്കിൽ ലഭിച്ചു) | | 7,50,000 | <br>7,50,000 |
| ഏപ്രിൽ 01 | ഇകിറ്റിഷെയർ ഫസ്റ്റ് കോൾ A/c Dr.<br>To ഇകിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>(1,00,000 ഓഹരികളുടെ ഒന്നാമത്തെ<br>വിളിത്തുക 7.50 രൂപ നിരക്കിൽ<br>കാലാവധിയായി) | | 7,50,000 | <br>7,50,000 |
| ഏപ്രിൽ 01 | ബാങ്ക് A/c Dr.<br>To ഇകിറ്റിഷെയർ ഫസ്റ്റ് കോൾ A/c<br>(1,00,000 ഓഹരികളുടെ ഒന്നാമത്തെ<br>വിളിത്തുക 7.50 രൂപ നിരക്കിൽ ലഭിച്ചു) | | 7,50,000 | <br>7,50,000 |
| ജൂൺ 01 | ഇകിറ്റി ഷെയർ സെക്കന്റ് ആൻഡ്<br>ഫൈനൽ കോൾ A/c Dr.<br>To ഇകിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>(1,00,000 ഓഹരികളുടെ രണ്ടാമത്തെയും<br>അവസാനത്തെയും വിളിത്തുക 5 രൂപ<br>നിരക്കിൽ കാലാവധിയായി) | | <br>5,00,000 | <br><br>5,00,000 |
| ജൂൺ 01 | ബാങ്ക് A/c Dr.<br>To ഇകിറ്റി ഷെയർ സെക്കന്റ്<br>ആൻഡ് ഫൈനൽ കോൾ A/c<br>(1,00,000 ഓഹരികളുടെ രണ്ടാമത്തെയും<br>അവസാനത്തെയും വിളിത്തുക 5 രൂപ<br>നിരക്കിൽ ലഭിച്ചു) | | 5,00,000 | <br><br>5,00,000 |

*രണ്ടാമത്തെ വഴി*

| തീയതി | വിശദാംശങ്ങൾ | എൽ. എഫ് | ഡെബിറ്റ് തുക (രൂപ) | ക്രെഡിറ്റ് തുക (രൂപ) |
|---|---|---|---|---|
| 2017<br>ജനുവരി 01 | ബാങ്ക് A/c Dr.<br>To ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ A/c<br>(ഓഹരിക്ക് 5 രൂപ നിരക്കിൽ 4,00,000 ഓഹരികളുടെ അപേക്ഷത്തുക ലഭിച്ചു) | | 20,00,000 | <br><br>20,00,000 |
| ഫെബ്രുവരി 01 | ഇക്വിറ്റിഷെയർ ആപ്ലിക്കേഷൻ A/c Dr.<br>To ഇക്വിറ്റിഷെയർ ക്യാപ്പിറ്റൽ A/c<br>To ഇക്വിറ്റിഷെയർ അലോട്ട്മെന്റ് A/c<br>To ബാങ്ക് A/c<br>(അനുവദിച്ച ഓഹരികളുടെ അപേക്ഷ തുക മൂലധനത്തിലേക്ക് മാറ്റുകയും അധികമായ അപേക്ഷത്തുക അലോട്ടുമെന്റിലേക്ക് മാറ്റുകയും നിരസിച്ച അപേക്ഷകളുടെ തുക തിരിച്ച് നൽകുകയും ചെയ്തു.) | | 20,00,000 | <br>5,00,000<br>7,50,000<br>7,50,000 |
| ഫെബ്രുവരി 01 | ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c Dr.<br>To ഇക്വിറ്റിഷെയർ ക്യാപ്പിറ്റൽ A/c<br>(1,00,000 ഓഹരികളുടെ അനുവദിക്കൽ തുക 7.50 രൂപ നിരക്കിൽ കാലാവധിയായി) | | 7,50,000 | <br>7,50,000 |

*കുറിപ്പ്:* രണ്ട് കോളുകൾക്കുള്ള എൻട്രികൾ മുകളിലത്തെ രീതിപോലെ തന്നെ ചെയ്യേണ്ടതാണ്.

*മൂന്നാമത്തെ വഴി*

| തീയതി | വിശദാംശങ്ങൾ | എൽ. എഫ് | ഡെബിറ്റ് തുക (രൂപ) | ക്രെഡിറ്റ് തുക (രൂപ) |
|---|---|---|---|---|
| *2017*<br>ജനുവരി 01 | ബാങ്ക് A/c Dr.<br>To ഇക്വിറ്റി ഷെയർ ആപ്ലി-ക്കേഷൻ A/c<br>(ഓഹരിക്ക് 5 രൂപ നിരക്കിൽ 4,00,000 ഓഹരികളുടെ അപേക്ഷത്തുക ലഭിച്ചു) | | 20,00,000 | <br><br>20,00,000 |

| | | | | |
|---|---|---|---|---|
| ഫെബ്രു-വരി 01 | ഇക്വിറ്റിഷെയർ ആപ്ലിക്കേഷൻ A/c Dr.<br>To ഇക്വിറ്റിഷെയർ ക്യാപ്പിറ്റൽ A/c<br>To ഇക്വിറ്റിഷെയർ അലോട്ട്മെന്റ് A/c<br>To കോൾസ് ഇൻ അഡ്വാൻസ് A/c<br>To ബാങ്ക് A/c<br>(ഷെയർ ആപ്ലിക്കേഷൻ തുക ഷെയർ ക്യാപ്പിറ്റൽ, ഷെയർ അലോട്ട്മെന്റ്, കോൾസ് ഇൻ അഡ്വാൻസ് എന്നിവയിൽ ക്രമീകരിക്കുകയും നിരസിച്ച അപേക്ഷകളുടെ പണം തിരിച്ചു നൽകുകയും ചെയ്തു.) | | 20,00,000 | <br>5,00,000<br>1,50,000<br>2,50,000<br>11,00,000 |
| ഫെബ്രു-വരി 01 | ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c Dr.<br>To ഇക്വിറ്റിഷെയർ ക്യാപ്പിറ്റൽ A/c<br>(1,00,000 ഓഹരികളുടെ അനുവദിക്കൽ തുക 7.50 രൂപ നിരക്കിൽ കാലാവധിയായി) | | 7,50,000 | <br>7,50,000 |
| | ബാങ്ക് A/c Dr.<br>To ഇക്വിറ്റിഷെയർ അലോട്ട്മെന്റ് A/c<br>(ഓഹരികളുടെ അനുവദിക്കൽത്തുക ലഭിച്ചു) | | 6,00,000 | <br>6,00,000 |
| ഏപ്രിൽ 01 | ഇക്വിറ്റിഷെയർ ഫസ്റ്റ് കോൾ A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>(1,00,000 ഓഹരികളുടെ ഒന്നാമത്തെ വിളിത്തുക 7.50 രൂപ നിരക്കിൽ കാലാവധിയായി) | | 7,50,000 | <br>7,50,000 |
| ഏപ്രിൽ 01 | ബാങ്ക് A/c Dr.<br>കോൾസ് ഇൻ അഡ്വാൻസ് A/c Dr.<br>To ഇക്വിറ്റിഷെയർ ഫസ്റ്റ് കോൾ A/c<br>(കോൾസ് ഇൻ അഡ്വാൻസ് ഫസ്റ്റ് കോളിൽ ക്രമീകരിക്കുകയും കോളിന്റെ ബാക്കിത്തുക ലഭിക്കുകയും ചെയ്തു) | | 6,00,000<br>1,50,000 | <br><br>7,50,000 |

| | | | | |
|---|---|---|---|---|
| ജൂൺ 01 | ഇക്വിറ്റി ഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>(1,00,000 ഓഹരികളുടെ രണ്ടാമത്തെയും അവസാനത്തെയും വിളിത്തുക 5 രൂപ നിരക്കിൽ കാലാവധിയായി) | | 5,00,000 | 5,00,000 |
| ജൂൺ 01 | ബാങ്ക് A/c Dr.<br>കോൾസ് ഇൻ അഡ്വാൻസ് A/c Dr.<br>To ഇക്വിറ്റി ഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ A/c<br>(കോൾസ് ഇൻ അഡ്വാൻസ് സെക്കന്റ് കോളിൽ ക്രമീകരിച്ചു. കോളിന്റെ ബാക്കി തുക ലഭിച്ചു.) | | 4,00,000<br>1,00,000 | 5,00,000 |

*കുറിപ്പ്:* ആനുപാതിക വിതരണത്തിന്റെ ഫലമായി വരുന്ന അധിക അപേക്ഷത്തുക മുകളിലത്തെ 3 മത്തെ സാഹചര്യത്തിൽ അലോട്ട്മെന്റിലെയും രണ്ട് കോളുകളിലെയും ആവശ്യം നികത്തുന്നതിലധികമായതിനാൽ പ്രസ്തുത അധികത്തുക നിരസിക്കപ്പെട്ട അപേക്ഷകളോടൊപ്പം തിരിച്ചു നൽകുന്നു.

*പ്രവർത്തനക്കുറിപ്പ്:*

| | | (രൂപ) | (രൂപ) |
|---|---|---|---|
| അധിക അപേക്ഷത്തുക | | | 15,00,000 |
| *കുറവ്* മാറ്റപ്പെട്ടത് : | | | |
| ഷെയർ അലോട്ട്മെന്റ് — | | | |
| | 20,000 ഓഹരികൾ 7.50 രൂപ നിരക്കിൽ | 1,50,000 | |
| ഷെയർ കോൾസ് — | | | |
| | 20,000 ഓഹരികൾ 12.50 രൂപ നിരക്കിൽ | 2,50,000 | 4,00,000 |
| തിരിച്ചു നൽകേണ്ട തുക (നിരസിച്ച അപേക്ഷയുൾപ്പെടെ) | | | 11,00,000 |

### *1.6.4* അപര്യാപ്ത ഏറ്റെടുക്കൽ *(Under Subscription)*

പൊതുജനങ്ങൾക്ക് വാങ്ങുന്നതിനായി പുറപ്പെടുവിച്ച ഓഹരികളുടെ എണ്ണത്തിലും കുറവായി അപേക്ഷ ലഭിക്കുന്ന സാഹചര്യത്തെയാണ് അപര്യാപ്ത ഏറ്റെടുക്കൽ എന്ന്

പറയുന്നത്. ഉദാഹരണത്തിന്, ഒരു കമ്പനി 2,00,000 ഓഹരികൾ പൊതുജനങ്ങൾക്ക് വാങ്ങുന്നതിനായി ഇറക്കി. പക്ഷേ, 1,90,000 ഓഹരിക്കുള്ള അപേക്ഷകൾ മാത്രമാണ് ലഭിച്ചത്. ഈ സാഹചര്യത്തിൽ 1,90,000 ഓഹരികൾ മാത്രമേ അനുവദിക്കുവാൻ സാധിക്കുകയുള്ളു. കമ്പനിക്ക് കുറഞ്ഞ ഏറ്റെടുക്കൽ (മിനിമം സബ്സ്ക്രിപ്ഷൻ) ലഭിച്ചെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഇല്ലെങ്കിൽ ലഭിച്ചിരിക്കുന്ന മുഴുവൻ തുകയും തിരിച്ചു നൽകേണ്ടതാണ്.

### *1.6.5* ഓഹരി വിതരണം പ്രീമിയത്തിൽ *(Issue of Shares at a Premium)*

സാമ്പത്തികമായി ശക്തിയാർജിച്ചതും നല്ലരീതിയിൽ മാനേജ് ചെയ്യുന്നതുമായ കമ്പനികൾ സാധാരണയായി ഓഹരികൾ പ്രീമിയത്തിലാണ് വിതരണം നടത്തുന്നത്. അതായത്,ഓഹരിയുടെ മുഖവിലയെക്കാൾ കൂടിയ വില. ഉദാഹരണമായി, 100 രൂപ മുഖവിലയുള്ള ഒരു ഓഹരി 105 രൂപയ്ക്ക് വിതരണം നടത്തുകയാണെങ്കിൽ, അത് 5% പ്രീമിയത്തിലാണ് വിതരണം നടത്തിയതെന്ന് പറയാം.

ഓഹരി പ്രീമിയത്തിൽ വിതരണം നടത്തുകയാണെങ്കിൽ പ്രീമിയം തുക സാങ്കേതികമായി ഓഹരി വിതരണത്തിന്റെ ഏതു ഘട്ടത്തിലും അടയ്ക്കാൻ നിർദേശിക്കാവുന്നതാണ്. പൊതുവെ പ്രീമിയം അലോട്ടുമെന്റ് തുക കാലാവധിയാകുമ്പോളോ, ചിലപ്പോൾ അപേക്ഷ പ്പണത്തിന്റെ കൂടയോ, അപൂർവമായി മാത്രം കോൾ തുകയുടെ കൂടെയോ വിളിക്കപ്പെടാ വുന്നതാണ്. പ്രീമിയംതുക 'സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ട്' എന്ന പ്രത്യേക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ടതും കമ്പനിയുടെ ബാലൻസ് ഷീറ്റിൽ 'കരുതലും മിച്ചവും' എന്ന തലക്കെട്ടിൽ ഇക്വിറ്റീസും ബാധ്യതകളും എന്ന ശീർഷകത്തിൽ കാണിക്കേണ്ടതുമാണ്. പ്രീമിയം തുക താഴെ കൊടുത്തിരിക്കുന്ന അഞ്ച് ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു:

(a) കമ്പനിയുടെ പുറപ്പെടുവിക്കാത്ത ഓഹരികളെക്കാൾ അധികമാകാത്ത, പൂർണ മായും അടച്ചു തീർക്കപ്പെട്ട ബോണസ് ഓഹരികൾ വിതരണം ചെയ്യുന്നതിന്.

(b) കമ്പനിയുടെ പ്രാരംഭച്ചെലവുകൾ എഴുതിത്തള്ളുന്നതിന്.

(c) കമ്പനി ഇറക്കുന്ന കടപ്പത്രങ്ങൾക്ക് ഉണ്ടായ ചെലവുകൾ, കമ്മീഷൻ, ഡിസ് കൗണ്ട് എന്നിവ എഴുതിത്തള്ളുന്നതിന്.

(d) കമ്പനിയുടെ മുൻഗണന ഓഹരികളോ കടപ്പത്രങ്ങളോ തിരിച്ചു വാങ്ങുമ്പോൾ പ്രീമിയം നൽകുന്നതിന്.

(e) സ്വന്തം ഓഹരികൾ തിരികെ വാങ്ങുന്നതിന്

ഓഹരികൾ പ്രീമിയത്തിൽ വിതരണം ചെയ്യുമ്പോഴുള്ള ജേർണൽ എൻട്രികൾ താഴെ കൊടുത്തിരിക്കുന്നു.

1. പ്രീമിയംതുക അപേക്ഷപ്പണത്തോടൊപ്പം വിളിക്കുമ്പോൾ *(For Premium Amount called with Application money)*

(a) ബാങ്ക് A/c Dr.
To ഷെയർ ആപ്ലിക്കേഷൻ A/c
(ഓഹരിയൊന്നിന് പ്രീമിയം ഉൾപ്പെടെ
.... രൂപ പ്രകാരം .......... ഓഹരികൾക്ക്
ആപ്ലിക്കേഷൻ പണം ലഭിച്ചു)

(b) ഷെയർ ആപ്ലിക്കേഷൻ A/c Dr.
To ഷെയർ ക്യാപ്പിറ്റൽ A/c
To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c
(ആപ്ലിക്കേഷൻ പണം ഓഹരി മൂലധനത്തിലേക്കും
സെക്യൂരിറ്റീസ് പ്രീമിയം അക്കൗണ്ടിലേക്കും മാറ്റുന്നു.)

2. പ്രീമിയംതുക അനുവദിക്കൽ പണത്തോടൊപ്പം വിളിക്കുകയാണെങ്കിൽ
*(For Premium Amount called with Allotment money)*

(a) ഷെയർ അലോട്ട്മെന്റ് A/c Dr.
To ഷെയർ ക്യാപ്പിറ്റൽ A/c
To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c
(അനുവദിക്കൽപ്പണം പ്രീമിയം തുക ഉൾപ്പെടെ ഓഹരിയൊന്നിന്
... രൂപ നിരക്കിൽ കാലാവധിയായി)

(b) ബാങ്ക് A/c Dr.
To ഷെയർ അലോട്ട്മെന്റ് A/c
(അനുവദിക്കൽപണം പ്രീമിയംതുക ഉൾപ്പെടെ ലഭിച്ചു)

3. പ്രീമിയം തുക കോൾപ്പണത്തിന്റെകൂടെ വിളിക്കുകയാണെങ്കിൽ
*(For Premium Amount called with Call money)*

(a) ഷെയർ കോൾ A/c Dr.
To ഷെയർ ക്യാപ്പിറ്റൽ A/c
To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c
(വിളിപ്പണം പ്രീമിയംതുക ഉൾപ്പെടെ ഓഹരിയൊന്നിന്
.... രൂപ നിരക്കിൽ കാലാവധിയായി)

(b) ബാങ്ക് A/c Dr.
To ഷെയർ കോൾ A/c
(വിളിപ്പണം പ്രീമിയം തുക ഉൾപ്പെടെ ലഭിച്ചു.)

***നിർധാരണം 8***

ജുപ്പിറ്റർ കമ്പനി ലിമിറ്റഡ്, 10 രൂപ വിലയുള്ള 35,000 ഇക്വിറ്റി ഓഹരികൾ 2 രൂപ പ്രീമിയത്തിൽ ഇനി പറയുന്ന പ്രകാരം വിതരണം നടത്തി:

| | |
|---|---|
| ആപ്ലിക്കേഷൻ | 3 രൂപ |
| അലോട്ട്മെന്റ് | 5 രൂപ (പ്രീമിയം ഉൾപ്പെടെ) |
| ബാക്കിത്തുക ഫസ്റ്റ് ആൻഡ് സെക്കന്റ് കോൾ | |

വിതരണം ചെയ്ത മുഴുവൻ ഓഹരികളും വാങ്ങപ്പെട്ടു. മുഴുവൻ പണവും കൃത്യമായി ലഭിച്ചു. കമ്പനിയുടെ ബുക്കിൽ ജേർണൽ എൻട്രികൾ രേഖപ്പെടുത്തുക.

***ഉത്തരം:***

**ജുപ്പിറ്റർ കമ്പനി ലിമിറ്റഡിന്റെ ബുക്ക്**
**ജേർണൽ**

| *തീയതി* | *വിശദാംശങ്ങൾ* | *എൽ. എഫ്* | *ഡെബിറ്റ് തുക (രൂപ)* | *ക്രെഡിറ്റ് തുക (രൂപ)* |
|---|---|---|---|---|
| | ബാങ്ക് A/c　Dr. | | 1,05,000 | |
| | To ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ A/c | | | 1,05,000 |
| | (ഓഹരിക്ക് 3 രൂപ നിരക്കിൽ 35,000 ഓഹരികളുടെ അപേക്ഷത്തുക ലഭിച്ചു) | | | |
| | ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ A/c　Dr. | | 1,05,000 | |
| | To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c | | 1,05,000 | |
| | (അപേക്ഷത്തുക ഓഹരി മൂലധനത്തിലേക്ക് മാറ്റി) | | | |
| | ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c　Dr. | | 1,75,000 | |
| | To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c | | 1,05,000 | |
| | To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c | | | 70,000 |
| | (35,000 ഓഹരികളുടെ അനുവദിക്കൽ തുക 5 രൂപ നിരക്കിൽ പ്രീമിയം ഉൾപ്പെടെ കാലാവധിയായി) | | | |
| | ബാങ്ക് A/c　Dr. | | 1,75,000 | |
| | To ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c | | | 1,75,000 |
| | (35,000 ഓഹരികളുടെ അനുവദിക്കൽ തുക 5 രൂപ നിരക്കിൽ പ്രീമിയം ഉൾപ്പെടെ ലഭിച്ചു) | | | |

| | | | | |
|---|---|---|---|---|
| | ഇക്വിറ്റിഷെയർ ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ A/c Dr.<br>To ഇക്വിറ്റിഷെയർ ക്യാപ്പിറ്റൽ A/c<br>(35,000 ഓഹരികളുടെ ഒന്നാമത്തെ വിളി തുക 4 രൂപ നിരക്കിൽ കാലാവധിയായി) | | 1,40,000 | 1,40,000 |
| | ബാങ്ക് A/c Dr.<br>To ഇക്വിറ്റിഷെയർ ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ A/c<br>(35,000 ഓഹരികളുടെ ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ പണം ലഭിച്ചു) | | 1,40,000 | 1,40,000 |

### *1.6.6* ഓഹരികളുടെ വിതരണം ഡിസ്കൗണ്ടിൽ *(Issue of Shares at a Discount)*

കമ്പനികളുടെ ഓഹരികൾ ഡിസ്കൗണ്ടിൽ വിതരണം ചെയ്യുന്ന സന്ദർഭങ്ങളുണ്ടാകാം, അതായത്, ഓഹരിയുടെ മുഖവിലയെക്കാൾ കുറഞ്ഞ വില. ഓഹരികളുടെ മുഖവിലയും വിതരണവിലയും തമ്മിലുള്ള വ്യത്യാസം ഡിസ്കൗണ്ടിനെ പ്രതിനിധാനം ചെയ്യുന്നു. ഉദാഹരണത്തിന്, 100 രൂപ മുഖവിലയുള്ള ഒരു ഓഹരി '98' രൂപയ്ക്ക് വിതരണം ചെയ്യുകയാണെങ്കിൽ അത് 2% ഡിസ്കൗണ്ടിൽ വിതരണം ചെയ്തതായി പറയുന്നു.

പൊതു നിയമപ്രകാരം സാധാരണയായി ഒരു കമ്പനിക്ക് ഓഹരികൾ ഡിസ്കൗണ്ടിൽ വിതരണം നടത്താൻ കഴിയുന്നതല്ല. അത് കണ്ടുകെട്ടിയ ഓഹരികൾ വീണ്ടും വിതരണം നടത്തുമ്പോൾ മാത്രമെ ചെയ്യുവാൻ സാധിക്കുകയുള്ളു.

### *1.6.7* പണമല്ലാതെ മറ്റ് പ്രതിഫലങ്ങൾക്കായുള്ള ഓഹരി വിതരണം *(Issue of Shares for Consideration other than Cash)*

കമ്പനി ആസ്തികൾ വാങ്ങിച്ച കച്ചവടക്കാരുമായി അവർക്ക് നൽകുവാനുള്ള തുക കമ്പനിയുടെ മുഴുവനായും അടച്ചു തീർത്ത ഓഹരികളായി നൽകാമെന്ന ഒരു നീക്കുപോക്കിൽ ഏർപ്പെടുകയും അത് അവർ അംഗീകരിക്കുകയും ചെയ്യുന്ന ചില സന്ദർഭങ്ങളുണ്ടാകാറുണ്ട്. സാധാരണയായി ഓഹരികളുടെ അത്തരം വിതരണത്തിൽ പണം ലഭിക്കുകയില്ല. ഇത്തരം ഓഹരികൾ മുഖവിലയ്ക്കോ പ്രീമിയത്തിലോ ഡിസ്കൗണ്ടിലോ വിതരണം നടത്താവുന്നതാണ്. വിതരണം നടത്തുന്ന ഓഹരികളുടെ എണ്ണം കച്ചവടക്കാർക്ക് നൽകുവാനുള്ള തുകയെയും ഓഹരി വിലയെയും ആശ്രയിച്ചിരിക്കും. കച്ചവടക്കാർക്ക് നൽകുവാനുള്ള ഓഹരികളുടെ എണ്ണം ഇനി കൊടുത്തിരിക്കുന്നപ്രകാരം കണക്കാക്കാവുന്നതാണ്.

വിതരണം നടത്തപ്പെടേണ്ട ഓഹരികളുടെ എണ്ണം = $\frac{\text{നൽകുവാനുള്ള തുക}}{\text{വിതരണ വില}}$

ഉദാഹരണത്തിന്, രാഹുൽ ലിമിറ്റഡ് 5,40,000 രൂപ വിലയുള്ള ഒരു കെട്ടിടം ഹരി ലിമിറ്റഡിൽ നിന്ന് വാങ്ങുകയും അതിന്റെ വില 100 രൂപ വിലയുള്ള ഓഹരികളായി നൽകുകയും ചെയ്തു. വിവിധ സാഹചര്യങ്ങളിൽ വിതരണം ചെയ്യേണ്ട ഓഹരികളുടെ എണ്ണം താഴെ കൊടുത്ത പോലെ കണക്കാക്കാവുന്നതാണ്:

(a) ഓഹരികൾ മുഖവിലയ്ക്ക് നൽകുകയാണെങ്കിൽ, അതായത് 100 രൂപയ്ക്ക്

$$= \frac{\text{നൽകുവാനുള്ള തുക}}{\text{വിതരണ വില}}$$

$$= \frac{5,40,000}{100}$$

= 5,400 ഓഹരികൾ

(b) ഓഹരികൾ 20% പ്രീമിയത്തിൽ നൽകുകയാണെങ്കിൽ, അതായത് 120 രൂപ (100+20)

$$= \frac{\text{നൽകുവാനുള്ള തുക}}{\text{വിതരണ വില}}$$

$$= \frac{5,40,000}{120}$$

= 4,500 ഓഹരികൾ

മുകളിൽ കൊടുത്ത സാഹചര്യങ്ങളിൽ പണമല്ലാതെ മറ്റ് പ്രതിഫലത്തിനായുള്ള ഓഹരി വിതരണത്തിന് താഴെ കൊടുത്ത ജേർണൽ എൻട്രികളിൽ നൽകാവുന്നതാണ്:

**രാഹുൽ ലിമിറ്റഡിന്റെ ബുക്ക്**

**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | എൽ. എഫ് | ഡെബിറ്റ് തുക (രൂപ) | ക്രെഡിറ്റ് തുക (രൂപ) |
|---|---|---|---|---|
| | ബിൽഡിങ് A/c Dr.<br>To ഹരി ലിമിറ്റഡ് A/c<br>(കെട്ടിടം വാങ്ങിച്ചു) | | 5,40,000 | 5,40,000 |

| | | | | |
|---|---|---|---|---|
| (a) | ഓഹരികൾ മുഖവിലയ്ക്ക് നൽകുകയാണെങ്കിൽ :<br>ഹരി ലിമിറ്റഡ് A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>(5,400 ഓഹരികൾ മുഖവിലയ്ക്ക് വിതരണം നടത്തി) | | 5,40,000 | 5,40,000 |
| (b) | ഓഹരികൾ പ്രീമിയത്തിൽ നൽകുക-യാണെങ്കിൽ :<br>ഹരി ലിമിറ്റഡ് A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c<br>(4,500 ഓഹരികൾ 20 രൂപ പ്രീമിയത്തിൽ വിതരണം നടത്തി) | | 5,40,000 | 4,50,000<br>90,000 |

***നിർധാരണം 9***

ജിദ ആൻഡ് കമ്പനി ഒരു മെഷിൻ മോഡേൺ മെഷീൻ ലിമിറ്റഡിൽ നിന്ന് 3,80,000 രൂപയ്ക്ക് വാങ്ങിച്ചു. വാങ്ങൽ കരാർ പ്രകാരം 20,000 രൂപ പണമായും ബാക്കി തുക 100 രൂപ വിലയുള്ള ഓഹരിയായും നൽകി. എന്ത് എൻട്രികളായിരിക്കും രേഖപ്പെടുത്തുക, ഓഹരികൾ :

(a) മുഖവിലയ്ക്ക് നൽകുകയാണെങ്കിൽ

(b) 20% പ്രീമിയത്തിൽ നൽകുകയാണെങ്കിൽ

***ഉത്തരം***

ഓഹരികളുടെ എണ്ണം താഴെ കൊടുത്ത പോലെ കണക്കാക്കാവുന്നതാണ്

(a) ഓഹരികൾ മുഖ വിലയ്ക്ക് നൽകുകയാണെങ്കിൽ

$$= \frac{3,60,000}{100} = 3,600 \text{ ഓഹരികൾ}$$

(b) ഓഹരികൾ 20% പ്രീമിയത്തിൽ നൽകുകയാണെങ്കിൽ

$$= \frac{3,60,000}{120} = 3,000 \text{ ഓഹരികൾ}$$

**ജിദ ആൻഡ് കമ്പനിയുടെ ബുക്ക്**
**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | എൽ. എഫ് | ഡെബിറ്റ് തുക (രൂപ) | ക്രെഡിറ്റ് തുക (രൂപ) |
|---|---|---|---|---|
| | മെഷിൻ A/c Dr.<br>To ബാങ്ക് A/c<br>To മോഡേൺ മെഷീൻ ലിമിറ്റഡ് A/c<br>(മെഷീൻ വാങ്ങിച്ചു 20,000 രൂപ പണം നൽകി, ബാക്കിത്തുക ഓഹരികളായി നൽകി) | | 3,80,000 | <br>20,000<br>3,60,000 |
| (a) | ഓഹരികൾ മുഖവിലയ്ക്ക് നൽകുകയാണെങ്കിൽ:<br>മോഡേൺ മെഷീൻ ലിമിറ്റഡ് Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>(3600 ഓഹരികൾ മുഖവിലയ്ക്ക് വിതരണം നടത്തി) | | 3,60,000 | 3,60,000 |
| (b) | ഓഹരികൾ പ്രീമിയത്തിൽ നൽകുകയാണെങ്കിൽ :<br>മോഡേൺ മെഷീൻ ലിമിറ്റഡ് A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c<br>(3,000 ഓഹരികൾ 20 രൂപ പ്രീമിയത്തിൽ വിതരണം നടത്തി) | | 3,60,000 | <br>3,00,000<br>60,000 |

**അറിവ് പരിശോധിക്കാം – II**

ശരിയായ ഉത്തരം തിരഞ്ഞെടുക്കുക

(a) ഇക്വിറ്റി ഓഹരിയുടമകൾ
- (i) കടക്കാർ
- (ii) ഉടമകൾ
- (iii) കമ്പനിയുടെ ഉപഭോക്താക്കൾ
- (iv) മുകളിലുള്ളവയൊന്നുമല്ല

(b) നാമമാത്ര ഓഹരി മൂലധനമെന്നത് :
   (i) അംഗീകൃത മൂലധനത്തിന്റെ ഭാഗമായിട്ടുള്ള പുറപ്പെടുവിച്ച മൂലധനം
   (ii) ഓഹരിയുടമകളാകാൻ സാധ്യതയുള്ളവർ യഥാർഥത്തിൽ അപേക്ഷിച്ചിരിക്കുന്ന മൂലധനം
   (iii) കമ്പനിയെ വിതരണം നടത്തുവാൻ അധികാരപ്പെടുത്തിയിരിക്കുന്ന പരമാവധി ഓഹരി മൂലധനം
   (iv) ഓഹരിയുടമകൾ യഥാർഥത്തിൽ അടച്ചിരിക്കുന്ന തുക

(c) ടേബിൾ-എഫ് പ്രകാരം കോൾ കുടിശ്ശികയുടെ മേൽ കണക്കാക്കുന്ന പലിശ നിരക്ക്
   (i) 10%
   (ii) 6%
   (iii) 8%
   (iv) 11%

(d) ഡയറക്ടേഴ്സ് കോൾ വിളിക്കുന്നതിനുമുമ്പേ ഓഹരിയുടമകളിൽ നിന്നും മുൻകൂറായി വാങ്ങുന്ന തുക :
   (i) കോൾസ് ഇൻ അഡ്വാൻസ് അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യുന്നു
   (ii) കോൾസ് ഇൻ അഡ്വാൻസ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു
   (iii) കോൾസ് അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യുന്നു
   (iv) മുകളിലുള്ളവയൊന്നുമല്ല

(e) ഓഹരികൾ കണ്ടുകെട്ടാൻ കഴിയുന്നത്
   (i) കോൾ പണം അടയ്ക്കാതിരിക്കുന്നതിന്
   (ii) യോഗത്തിൽ ഹാജരാകുന്നതിൽ വീഴ്ച വരുത്തിയാൽ
   (iii) ബാങ്കിനുള്ള ലോൺ തുക തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ
   (iv) പണയപ്പെടുത്തിയ ഓഹരികൾ

(f) കണ്ടുകെട്ടപ്പെട്ട ഓഹരികൾ വീണ്ടും വിതരണം നടത്തുമ്പോളുണ്ടാകുന്ന ലാഭം മാറ്റുന്നത് ഏത് അക്കൗണ്ടിലേക്കാണ്?
   (i) പൊതുകരുതൽ
   (ii) മൂലധന തിരിച്ചുനൽകൽകരുതൽ
   (iii) മൂലധനകരുതൽ
   (iv) വരുമാനകരുതൽ

(g) ഷെയർ ഫോർഫീറ്റഡ് അക്കൗണ്ടിലെ ബാക്കിത്തുക ബാക്കിപത്രത്തിൽ 2............. ശീർഷകത്തിലാണ് കാണിക്കുന്നത്
   (i) കറന്റ് ലയബിലിറ്റീസ് ആൻഡ് പ്രൊവിഷൻ
   (ii) കരുതലും മിച്ചവും
   (iii) ഓഹരി മൂലധനം
   (iv) ഈടില്ലാത്ത ലോൺ

## 1.7 ഓഹരികളുടെ കണ്ടുകെട്ടൽ (Forfeiture of Shares)

ചില ഓഹരിയുടമകൾ അലോട്ട്മെന്റ് പണം അല്ലെങ്കിൽ കോൾ പണം എന്നിവയുടെ ഒന്നോ അതിൽക്കൂടുതലോ തവണകൾ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന സാഹചര്യങ്ങളും ഉണ്ടാകാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ കമ്പനിക്ക് അവരുടെ ഓഹരികൾ കണ്ടുകെട്ടാവുന്നതാണ്, അതായത് അവരുടെ അലോട്ട്മെന്റ് റദ്ദാക്കുകയും ഓഹരികൾക്ക് ലഭിച്ചിരിക്കുന്ന തുക അതിന്റെ ആർട്ടിക്കിൾസിലെ വ്യവസ്ഥകൾക്ക് വിധേയമായി കമ്പനിക്ക് ലഭിക്കുന്നതുമാണ്. വിളിക്കപ്പെട്ട കോൾ അടയ്ക്കാതിരുന്നാൽ ഓഹരികൾ കണ്ടുകെട്ടുവാൻ ഡയറക്ടേഴ്സിനെ അധികാരപ്പെടുത്തുന്ന ഈ വ്യവസഗകൾക്ക് അടിസ്ഥാനം 'ടേബിൾ-എഫ്' ആണ്. ഈ ആവശ്യത്തിന് ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ കമ്പനി വളരെ കൃത്യതയോടെ പാലിക്കേണ്ടതാണ്. ഓഹരികൾ മുഖവിലയ്ക്കോ പ്രീമിയത്തിലോ ഡിസ്കൗണ്ടിലോ വിതരണം നടത്തിയാലും അക്കൗണ്ടിംഗ് ക്രമീകരണം താഴെ കൊടുത്തപോലെയാണ്. ഓഹരികൾ കണ്ടുകെട്ടിയാൽ, പ്രീമിയവുമായി ബന്ധപ്പെട്ടതൊഴികെ, അക്കൗണ്ടിംഗ് രേഖകളിൽ എഴുതിയിട്ടുള്ള മറ്റ് എല്ലാ എൻട്രികളും തിരിച്ചെഴുതേണ്ടതാണ്. കണ്ടുകെട്ടിയ ഓഹരികളുടെ മൂലധന അക്കൗണ്ട് വിളിക്കപ്പെട്ട തുകയ്ക്ക് ഡെബിറ്റ് ചെയ്യേണ്ടതും നൽകപ്പെടാത്ത കോൾ അക്കൗണ്ട് അല്ലെങ്കിൽ കോൾസ് ഇൻ അരിയേഴ്സ് അക്കൗണ്ട് നേരത്തെ ലഭിച്ച തുകയ്ക്ക് ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്. ജേർണൽ എൻട്രികൾ താഴെ കൊടുത്ത പോലെയാണ്.

(a) മുഖ വിലയ്ക്ക് നൽകിയ ഓഹരികൾ കണ്ടുകെട്ടിയാൽ *(Forfeiture of Shares issued at Par):*

ഷെയർ ക്യാപ്പിറ്റൽ A/c..........(വിളിക്കപ്പെട്ടതുക) Dr.
 To ഷെയർ ഫോർഫീറ്റഡ് A/c (അടച്ച തുക)
 To ഷെയർ അലോട്ട്മെന്റ് A/c
 To ഷെയർ കോൾ A/c (പ്രത്യേകമായി)
(.......... ഓഹരികൾ അലോട്ട്മെന്റ് തുകയും കോൾ തുകയും അടയ്ക്കാത്തതിനാൽ കണ്ടുകെട്ടി)

ഓഹരികൾ കണ്ടുകെട്ടുകയാണെങ്കിൽ, ലഭിച്ചിരിക്കുന്ന ഷെയർ പ്രീമിയം ഒഴികെ, കണ്ടുകെട്ടിയ ഓഹരികളുമായി ബന്ധപ്പെട്ട എല്ലാ എൻട്രികളും തിരിച്ചെഴുതേണ്ടതാണ്. വിളിക്കപ്പെട്ട മൂലധനത്തിന് തുല്യമായി ഷെയർ ക്യാപ്പിറ്റൽ അക്കൗണ്ട് ഡെബിറ്റ് ചെയ്യേണ്ടതും (i) അടയ്ക്കപ്പെടാത്ത കോൾ അക്കൗണ്ടും, അതായത് കോൾസ് ഇൻ അരിയേഴ്സ് (ii) നേരത്തെ ലഭിച്ചിരിക്കുന്ന തുകയ്ക്ക് ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ടും ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ടിലെ ബാക്കിത്തുക ആ ഓഹരികൾ വീണ്ടും വിതരണം ചെയ്യുന്നതുവരെ ബാക്കിപത്രത്തിൽ കമ്പനിയുടെ ആകെ അടയ്ക്കപ്പെട്ട മൂലധനത്തിന് പുറമെ ഓഹരി മൂലധനം എന്ന തലക്കെട്ടിൽ ഇക്വിറ്റീസ് ആൻഡ് ലയബിലിറ്റീസ് എന്ന ഉപ തലക്കെട്ടിൽ കാണിക്കണം.

***നിർധാരണം 10***

ഹോണ്ട ലിമിറ്റഡ് ഓഹരി ഒന്നിന് 100 രൂപ വിലയുള്ള 10,000 ഇക്വിറ്റി ഓഹരികൾ താഴെ കൊടുത്ത പോലെ അടയ്ക്കുന്ന രീതിയിൽ വിതരണം നടത്തി.

ആപ്ലിക്കേഷൻ 20 രൂപ, അലോട്ട്മെന്റ് 30 രൂപ, ഫസ്റ്റ് കോൾ 20 രൂപ, സെക്കന്റ് ആൻഡ് ഫൈനൽ കോൾ 30 രൂപ എന്നിങ്ങനെ. 10,000 ഓഹരികൾക്ക് അപേക്ഷ ലഭിക്കുകയും മുഴുവൻ ഓഹരികളും വിതരണം നടത്തുകയും ചെയ്തു. സുപ്രിയയുടെ കൈവശമുള്ള 300 ഓഹരികളുടെ രണ്ട് കോൾ ഒഴികെ കാലാവധിയായ മുഴുവൻ തുകയും ലഭിച്ചു. ഈ ഓഹരികൾ കണ്ടുകെട്ടി. ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

***ഉത്തരം:***

**ഹോണ്ട ലിമിറ്റഡിന്റെ ബുക്ക്**
**ജേർണൽ**

| *തീയതി* | *വിശദാംശങ്ങൾ* | *എൽ. എഫ്* | *ഡെബിറ്റ് തുക (രൂപ)* | *ക്രെഡിറ്റ് തുക (രൂപ)* |
|---|---|---|---|---|
| | ബാങ്ക് A/c Dr.<br>To ഇക്വിറ്റി ഷെയർ ആപ്ലി-ക്കേഷൻ A/c<br>(ഓഹരിക്ക് 20 രൂപ നിരക്കിൽ 10,000 ഓഹരികളുടെ അപേക്ഷ തുക ലഭിച്ചു) | | 2,00,000 | 2,00,000 |
| | ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>(അപേക്ഷത്തുക ഓഹരി മൂലധനത്തിലേക്ക് മാറ്റി) | | 2,00,000 | 2,00,000 |

| | | | | |
|---|---|---|---|---|
| | ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>(10,000 ഓഹരികളുടെ അനുവദിക്കൽ തുക 30 രൂപ നിരക്കിൽ കാലാവധിയായി) | | 3,00,000 | <br>3,00,000 |
| | ബാങ്ക് A/c Dr.<br>To ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c<br>(10,000 ഓഹരികളുടെ അനുവദിക്കൽത്തുക 30 രൂപ നിരക്കിൽ ലഭിച്ചു) | | 3,00,000 | <br>3,00,000 |
| | ഇക്വിറ്റി ഷെയർ ഫസ്റ്റ് കോൾ A/c Dr.<br>To ഇക്വിറ്റിഷെയർ ക്യാപ്പിറ്റൽ A/c<br>(10,000 ഓഹരികളുടെ ഒന്നാമത്തെ വിളിത്തുക 20 രൂപ നിരക്കിൽ കാലാവധിയായി) | | 2,00,000 | <br>2,00,000 |
| | ബാങ്ക് A/c Dr.<br>To ഇക്വിറ്റി ഷെയർ ഫസ്റ്റ് കോൾ A/c<br>(300 ഓഹരികൾ ഒഴികെ ഫസ്റ്റ് കോൾ പണം ലഭിച്ചു) | | 1,94,000 | <br>1,94,000 |
| | ഇക്വിറ്റി ഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>(10,000 ഓഹരികൾക്ക് 30 രൂപ നിരക്കിൽ സെക്കന്റ് ആൻഡ് ഫൈനൽ കോൾ കാലാവധിയായി) | | 3,00,000 | <br>3,00,000 |
| | ബാങ്ക് A/c Dr.<br>To ഇക്വിറ്റി ഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ A/c<br>(300 ഓഹരികൾ ഒഴികെ സെക്കന്റ് ആൻഡ് ഫൈനൽ കോൾ പണം ലഭിച്ചു) | | 2,91,000 | <br>2,91,000 |
| | ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c Dr.<br>To ഇക്വിറ്റി ഷെയർ ഫസ്റ്റ് കോൾ A/c<br>To ഇക്വിറ്റി ഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ A/c<br>To ഷെയർ ഫൊർഫീറ്റഡ് A/c<br>(300 ഓഹരികൾ കണ്ടുകെട്ടി) | | 30,000 | <br>6,000<br>9,000<br>15,000 |

***പ്രീമിയത്തിൽ വിതരണം നടത്തിയ ഓഹരികളുടെ കണ്ടുകെട്ടൽ (Forfeiture of Shares issued at a Premium):*** ആദ്യമായി പ്രീമിയത്തിൽ വിതരണം നടത്തിയ ഓഹരികൾ, പ്രീമിയം തുക മുഴുവനായും ലഭിച്ചതിനുശേഷം കോൾ തുക ലഭിക്കാത്തതിന്റെ പേരിൽ കണ്ടുകെട്ടുമ്പോൾ അക്കൗണ്ടിംഗ് നടപടിക്രമം മുഖവിലയ്ക്ക് വിതരണം നടത്തിയ ഓഹരികൾ കണ്ടുകെട്ടുമ്പോളുള്ള നടപടിക്രമം പോലെ തന്നെയാണ്. ഈ സന്ദർഭത്തിൽ പ്രധാനമായും ശ്രദ്ധിക്കേണ്ട വസ്തുത കണ്ടുകെട്ടുന്ന ഓഹരികളുടെ പ്രീമിയം തുക ലഭിച്ചിട്ടുണ്ടെങ്കിൽ, ഓഹരികൾ കണ്ടുകെട്ടുന്ന സമയത്ത് സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ട് ഡെബിറ്റ് ചെയ്യേണ്ടതില്ല എന്നതാണ്.

കണ്ടുകെട്ടിയ ഓഹരികളുടെ പ്രീമിയം തുക ഭാഗികമായോ പൂർണമായോ ലഭിച്ചിട്ടില്ലെങ്കിൽ, ഓഹരികൾ കണ്ടുകെട്ടുന്ന സമയം സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ട്, ക്യാപ്പിറ്റൽ അക്കൗണ്ടിന്റെ കൂടെ ലഭിക്കാത്ത പ്രീമിയം തുകയ്ക്ക് തുല്യമായി ഡെബിറ്റ് ചെയ്യേണ്ടതാണ്. സ്വാഭാവികമായി പ്രീമിയം തുക ലഭിക്കാതിരുന്നാലും ഇത് തന്നെയാണ് സാഹചര്യം. അതുകൊണ്ട്, പ്രീമിയത്തിൽ വിതരണം നടത്തിയ ഓഹരികൾ പ്രീമിയം തുക ലഭിക്കാതിരുന്നാൽ, കണ്ടുകെട്ടുമ്പോൾ താഴെ കൊടുത്ത രീതിയിൽ ജേർണലിൽ രേഖപ്പെടുത്താവുന്നതാണ്:

ഷെയർ ക്യാപ്പിറ്റൽ A/c Dr.
സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c Dr.
To ഷെയർ ഫൊർഫീറ്റഡ് A/c
To ഷെയർ അലോട്ട്മെന്റ് A/c
അല്ലെങ്കിൽ
To ഷെയർ കോൾ A/c
(........ ഓഹരികൾ അലോട്ട്മെന്റും കോൾ പണവും
അടയ്ക്കാത്തതുകൊണ്ട് കണ്ടുകെട്ടി)

*കുറിപ്പ്:* കോൾസ് ഇൻ അരിയേഴ്സ് അക്കൗണ്ട് നിലനിർത്തിയിട്ടുണ്ടെങ്കിൽ, ഷെയർ അലോട്ട്മെന്റ്/ഷെയർ കോൾ അക്കൗണ്ടുകൾക്ക് പകരം കോൾസ് ഇൻ അരിയേഴ്സ് അക്കൗണ്ട് ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

### *നിർധാരണം 11*

ശാഹുൽ എന്ന ഒരു ഓഹരിയുടമ 120 രൂപയ്ക്ക് വാങ്ങിയ (മുഖവില 100 രൂപ) 1,000 ഓഹരികളുടെ സെക്കന്റ് ആൻഡ് ഫൈനൽ കോൾ 20 രൂപ അടയ്ക്കുന്നതിൽ പരാജയപ്പെട്ടു. സെക്കന്റ് ആൻഡ് ഫൈനൽ കോൾ കഴിഞ്ഞതിനു ശേഷം അയാളുടെ ഓഹരികൾ കണ്ടുകെട്ടി. ഓഹരി കണ്ടുകെട്ടലിന്റെ ജേർണൽ എൻട്രികൾ എഴുതുക.

**ഉത്തരം**

| തീയതി | വിശദാംശങ്ങൾ | | എൽ. | ഡെബിറ്റ് എഫ് തുക (രൂപ) | ക്രെഡിറ്റ് തുക (രൂപ) |
|---|---|---|---|---|---|
| | ഷെയർ ക്യാപ്പിറ്റൽ A/c | Dr. | | 1,00,000 | |
| | To ഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ A/c | | | | 20,000 |
| | To ഷെയർ ഫൊർഫീറ്റഡ് A/c | | | | 80,000 |
| | (1,000 ഓഹരികൾ സെക്കന്റ് ആൻഡ് ഫൈനൽ കോൾ അടയ്ക്കാത്തതുകൊണ്ട് കണ്ടുകെട്ടി) | | | | |

***നിർധാരണം 12***

സുനേന എന്ന ഒരു ഓഹരിയുടമ 10 രൂപ വിലയുള്ള 500 ഓഹരികളുടെ ഓഹരിയൊന്നിന് 4 രൂപ വീതം അലോട്ട്മെന്റ് തുകയും (2 രൂപ പ്രീമിയം ഉൾപ്പെടെ) ഓഹരിയൊന്നിന് 3 രൂപ വീതം ഫസ്റ്റ് ആൻഡ് ഫൈനൽ കോളും അടച്ചില്ല. ഫസ്റ്റ് ആൻഡ് ഫൈനൽ കോളിനു ശേഷം അയാളുടെ ഓഹരികൾ കണ്ടുകെട്ടി. ഓഹരികൾ കണ്ടുകെട്ടലിന്റെ ജേർണൽ എൻട്രികൾ എഴുതുക.

**ഉത്തരം :**

| തീയതി | വിശദാംശങ്ങൾ | | എൽ. എഫ് | ഡെബിറ്റ് തുക (രൂപ) | ക്രെഡിറ്റ് തുക (രൂപ) |
|---|---|---|---|---|---|
| | ഷെയർ ക്യാപ്പിറ്റൽ A/c | Dr. | | 5,000 | |
| | സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c | Dr. | | 1,000 | |
| | To ഷെയർ അലോട്ട്മെന്റ് A/c | | | | 2,000 |
| | To ഷെയർ ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ A/c | | | | 1,500 |
| | To ഷെയർ ഫൊർഫീറ്റഡ് A/c | | | | 2,500 |
| | (500 ഓഹരികൾ അലോട്ട്മെന്റ് തുകയും ഫസ്റ്റ് ആൻഡ് ഫൈനൽ കോളും അടയ്ക്കാത്തതുകൊണ്ട് കണ്ടുകെട്ടി) | | | | |

### *നിർധാരണം 13*

അശോക ലിമിറ്റഡ് 10 രൂപ വീതം വിലയുള്ള 3,00,000 ഓഹരികൾ 2 രൂപ പ്രീമിയത്തിൽ, 3 രൂപ ആപ്ലിക്കേഷനും 5 രൂപ അലോട്ട്മെന്റും (പ്രീമിയം ഉൾപ്പെടെ) ബാക്കി തുല്യ തുകയോടുകൂടിയ രണ്ട് കോളുകളായും നൽകുന്ന രീതിയിൽ വിതരണം നടത്തി.

4,00,000 ഓഹരികൾക്കുള്ള അപേക്ഷകൾ ലഭിക്കുകയും എല്ലാ അപേക്ഷകർക്കും ആനുപാതിക വിതരണം നടത്തുകയും ചെയ്തു. അധികമായുള്ള അപേക്ഷത്തുക അലോട്ട്മെന്റിലേക്ക് ക്രമീകരിച്ചു. 800 ഓഹരികൾ അനുവദിച്ച മുകേഷ് രണ്ട് കോളുകളും അടയ്ക്കുന്നതിൽ പരാജയപ്പെടുകയും അയാളുടെ ഓഹരികൾ രണ്ടാമത്തെ കോളിനു ശേഷം കണ്ടുകെട്ടുകയും ചെയ്തു. ആവശ്യമായ ജേർണൽ എൻട്രികൾ അശോക് ലിമിറ്റഡിന്റെ ബുക്കിൽ രേഖപ്പെടുത്തുകയും ബാലൻസ് ഷീറ്റിൽ കാണിക്കുകയും ചെയ്യുക.

***ഉത്തരം :***

**അശോക ലിമിറ്റഡിന്റെ ബുക്ക്**

**ജേർണൽ**

| *തീയതി* | *വിശദാംശങ്ങൾ* | *എൽ. എഫ്* | *ഡെബിറ്റ് തുക (രൂപ)* | *ക്രെഡിറ്റ് തുക (രൂപ)* |
|---|---|---|---|---|
| | ബാങ്ക് A/c Dr.<br>To ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ A/c<br>(4,00,000 ഓഹരികളുടെ അപേക്ഷ തുക ലഭിച്ചു) | | 12,00,000 | <br><br>12,00,000 |
| | ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>To ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c<br>(3,00,000 ഓഹരികളുടെ അപേക്ഷത്തുക ഓഹരി മൂലധന അക്കൗണ്ടിലേക്കും അധികത്തുക ഷെയർ അലോട്ട്മെന്റി-ലേക്കും മാറ്റി) | | 12,00,000 | <br>9,00,000<br>3,00,000 |
| | ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c<br>(3,00,000 ഓഹരികളുടെ അലോട്ട്മെന്റ് തുക പ്രീമിയം ഉൾപ്പെടെ കാലാവധിയായി) | | 15,00,000 | <br>9,00,000<br><br>6,00,000 |

| | | | | |
|---|---|---|---|---|
| | ബാങ്ക് A/c Dr.<br>To ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c<br>(അധിക അപേക്ഷത്തുക ക്രമീകരിച്ച ശേഷം 3,00,000 ഓഹരികളുടെ അലോട്ട്-മെന്റ് തുക ലഭിച്ചു) | | 12,00,000 | 12,00,000 |
| | ഇക്വിറ്റി ഷെയർ ഫസ്റ്റ് കോൾ A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>(3,00,000 ഓഹരികളുടെ ഫസ്റ്റ് കോൾ തുക കാലാവധിയായി) | | 6,00,000 | 6,00,000 |
| | ബാങ്ക് A/c Dr.<br>കോൾസ് ഇൻ അരിയേഴ്സ് A/c Dr.<br>To ഇക്വിറ്റി ഷെയർ ഫസ്റ്റ് കോൾ A/c<br>(2,99,200 ഓഹരികളുടെ ഫസ്റ്റ് കോൾ തുക ലഭിച്ചു) | | 5,98,400<br>1,600 | 6,00,000 |
| | ഇക്വിറ്റി ഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>(3,00,000 ഓഹരികളുടെ സെക്കന്റ് ആൻഡ് ഫൈനൽ കോൾ തുക കാലാവധിയായി) | | 6,00,000 | 6,00,000 |
| | ബാങ്ക് A/c Dr.<br>കാൾസ് ഇൻ അരിയേഴ്സ് A/c Dr.<br>To ഇക്വിറ്റി ഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ A/c<br>(2,99,200 ഓഹരികളുടെ സെക്കന്റ് ആൻഡ് ഫൈനൽ കോൾ തുക ലഭിച്ചു) | | 5,98,400<br>1,600 | 6,00,000 |
| | ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c Dr.<br>To ഷെയർ ഫൊർഫീറ്റഡ് A/c<br>To കോൾസ് ഇൻ അരിയേഴ്സ് A/c<br>(800 ഓഹരികൾ കണ്ടുകെട്ടി) | | 8,000 | 4,800<br>3,200 |

## അശോക് ലിമിറ്റഡിന്റെ ................. ലെ ബാലൻസ് ഷീറ്റ്

| *വിശദാംശങ്ങൾ* | നോട്ട് നമ്പർ | തുക (രൂപ) |
|---|---|---|
| **I ഇക്വിറ്റീസ് ആൻഡ് ലയബിലിറ്റീസ്** | | |
| 1. ഷെയർ ഹോൾഡേഴ്സ് ഫണ്ട് | | |
| (a) ഷെയർ ക്യാപ്പിറ്റൽ | 1 | 29,96,800 |
| (b) റിസർവ്സ് ആൻഡ് സർപ്ലസ് | 2 | 6,00,000 |
| | | 35,96,800 |
| **II അസ്സറ്റ്സ്** | | |
| 1. കറന്റ് അസ്സറ്റ്സ് | | |
| പണവും പണത്തിനുതുല്യമായതും | 3 | 35,96,800 |
| | | 35,96,800 |

*അക്കൗണ്ടുകൾക്കുള്ള കുറിപ്പുകൾ*

| | | |
|---|---|---|
| *1.* ഓഹരിമൂലധനം | | തുക (രൂപ) |
| അംഗീകൃത മൂലധനം | | |
| 10 രൂപ വിലയുള്ള ...... ഇക്വിറ്റി ഓഹരികൾ | | |
| *പുറപ്പെടുവിച്ച മൂലധനം* | | |
| 10 രൂപ വിലയുള്ള 3,00,000 ഇക്വിറ്റി ഓഹരികൾ | | **30,00,000** |
| *ഏറ്റെടുത്ത മൂലധനം* | | |
| *ഏറ്റെടുത്തതും പൂർണമായി അടച്ചതും* | | |
| 10 രൂപ വിലയുള്ള 2,99,200 ഇക്വിറ്റി ഓഹരികൾ | | 29,92,000 |
| കൂട്ടുക: ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ട്സ് | | 4,800 |
| | | 29,96,800 |
| 2. *കരുതലും മിച്ചവും* | | |
| സെക്യൂരിറ്റീസ് പ്രീമിയം റിസർവ് | | **6,00,000** |
| 3. *പണവും പണത്തിനുതുല്യമായതും* | | |
| ബാങ്കിലുള്ള പണം | | **35,96,800** |

### നിർധാരണം 14

റോയൽ ഇന്ത്യ ലിമിറ്റഡ് ഓഹരിയൊന്നിന് 100 രൂപ വിലയുള്ള 30,000 ഓഹരികൾ 20 രൂപ പ്രീമിയത്തിൽ താഴെ കൊടുത്തതുപോലെ അടയ്ക്കുന്ന രീതിയിൽ അപേക്ഷ ക്ഷണിച്ചു.

| | |
|---|---|
| ആപ്ലിക്കേഷൻ | 40 രൂപ (10 രൂപ പ്രീമിയം ഉൾപ്പെടെ) |
| അലോട്ട്മെന്റ് | 30 രൂപ (10 രൂപ പ്രീമിയം ഉൾപ്പെടെ) |
| ഫസ്റ്റ് കോൾ | 30 രൂപ |
| സെക്കന്റ് ആൻഡ് ഫൈനൽ കോൾ | 20 രൂപ |

40,000 ഓഹരികൾക്ക് അപേക്ഷ ലഭിക്കുകയും 35,000 ഓഹരികൾക്കുള്ള അപേക്ഷകളിൽ മേൽ ആനുപാതിക അനുമതി നൽകുകയും ചെയ്തു. അധികം ലഭിച്ച അപേക്ഷപ്പണം അലോട്ട്മെന്റിലേക്ക് വിനിയോഗിച്ചു.

600 ഓഹരികൾ അനുവദിച്ച രോഹൻ അലോട്ട്മെന്റ് തുക അടയ്ക്കുന്നതിൽ പരാജയപ്പെട്ടതുകൊണ്ട് അയാളുടെ ഓഹരികൾ അലോട്ട്മെന്റിന് ശേഷം കണ്ടുകെട്ടി.

1,050 ഓഹരികൾ അനുവദിച്ച അമൽ ഫസ്റ്റ് കോൾ തുക അടയ്ക്കുന്നതിൽ പരാജയപ്പെട്ടതുകൊണ്ട് അയാളുടെ ഓഹരികൾ ഫസ്റ്റ് കോളിനു ശേഷം കണ്ടുകെട്ടി. കമ്പനി തുടർന്ന് സെക്കന്റ് ആൻഡ് ഫൈനൽ കോൾ നടത്തി. സെക്കന്റ് ആൻഡ് ഫൈനൽ കോളിൽ കാലാവധിയായ മുഴുവൻ തുകയും ലഭിച്ചു.

കണ്ടുകെട്ടിയ ഓഹരികളിൽ 1,000 ഓഹരികൾ (അമലിന്റെ മുഴുവൻ ഓഹരിയുൾപ്പെടെ) ഓഹരിയൊന്നിന് 80 രൂപ നിരക്കിൽ പൂർണമായും അടച്ചു തീർത്ത ഓഹരികളായി പുനർവിതരണം നടത്തി.

റോയൽ ഇന്ത്യ ലിമിറ്റഡിന്റെ ബുക്കിൽ ആവശ്യമായ ജേർണൽ എൻട്രികൾ രേഖപ്പെടുത്തുക.

**ഉത്തരം**

| തീയതി | വിശദാംശങ്ങൾ | എൽ. എഫ് | ഡെബിറ്റ് തുക (രൂപ) | ക്രെഡിറ്റ് തുക (രൂപ) |
|---|---|---|---|---|
| | ബാങ്ക് A/c Dr. | | 16,00,000 | |
| | To ഷെയർ ആപ്ലിക്കേഷൻ A/c | | 16,00,000 | |
| | (40,000 ഓഹരികളുടെ അപേക്ഷ തുക ലഭിച്ചു) | | | |

| | | | | |
|---|---|---|---|---|
| | ഷെയർ ആപ്ലിക്കേഷൻ A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c<br>To ഷെയർ അലോട്ട്മെന്റ് A/c<br>(അപേക്ഷത്തുക ഓഹരി മൂലധനത്തിലേക്കും സെക്യൂരിറ്റീസ് പ്രീമിയം റിസർവിലേക്കും അധികമുള്ള അപേക്ഷത്തുക അലോട്ട്മെന്റിലേക്കും മാറ്റി) | | 14,00,000 | <br>9,00,000<br>3,00,000<br>2,00,000 |
| | ഷെയർ ആപ്ലിക്കേഷൻ A/c Dr.<br>To ബാങ്ക് A/c<br>(5,000 ഓഹരികളുടെ അപേക്ഷത്തുക തിരിച്ചു നൽകി) | | 2,00,000 | <br>2,00,000 |
| | ഷെയർ അലോട്ട്മെന്റ് A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c<br>(അലോട്ട്മെന്റ് തുക പ്രീമിയം ഉൾപ്പെടെ കാലാവധിയായി) | | 9,00,000 | <br>6,00,000<br>3,00,000 |
| | ബാങ്ക് A/c Dr.<br>To ഷെയർ അലോട്ട്മെന്റ് A/c<br>(അലോട്ട്മെന്റ് തുക ലഭിച്ചു) | | 6,86,000 | <br>6,86,000 |
| | ഷെയർ ക്യാപ്പിറ്റൽ A/c Dr.<br>സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c Dr.<br>To ഷെയർ അലോട്ട്മെന്റ് A/c<br>To ഷെയർ ഫൊർഫീറ്റഡ് A/c<br>(രോഹന്റെ 600 ഓഹരികൾ അലോട്ട്മെന്റ് തുക അടയ്ക്കാത്തതുകൊണ്ട് കണ്ടുകെട്ടി) | | 30,000<br>6,000<br><br>22,000 | <br><br>14,000 |
| | ഷെയർ ഫസ്റ്റ് കോൾ A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>(29,400 ഓഹരികളുടെ ഫസ്റ്റ് കോൾ തുക കാലാവധിയായി) | | 8,82,000 | <br>8,82,000 |

| | | | | |
|---|---|---|---|---|
| | ബാങ്ക് A/c Dr.<br>To ഷെയർ ഫസ്റ്റ് കോൾ A/c<br>(28,500 ഓഹരികളുടെ ഫസ്റ്റ് കോൾ തുക ലഭിച്ചു) | | 8,55,000 | <br>8,55,000 |
| | ഷെയർ ക്യാപ്പിറ്റൽ A/c Dr.<br>To ഷെയർ ഫസ്റ്റ് കോൾ A/c<br>To ഷെയർ ഫൊർഫീറ്റഡ് A/c<br>(അമലിന്റെ 900 ഓഹരികൾ കണ്ടുകെട്ടി) | | 72,000 | <br>27,000<br>45,000 |
| | ഷെയർ സെക്കന്റ് ആൻഡ് ഫൈനൽകോൾ A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>(28,500 ഓഹരികളുടെ സെക്കന്റ് ആൻഡ് ഫൈനൽ കോൾ തുക കാലാവധിയായി) | | 5,70,000 | <br>5,70,000 |
| | ബാങ്ക് A/c Dr.<br>To ഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ A/c<br>(28,500 ഓഹരികളുടെ സെക്കന്റ് ആൻഡ് ഫൈനൽ കോൾ തുക ലഭിച്ചു) | | 5,70,000 | <br>5,70,000 |
| | ബാങ്ക് A/c Dr.<br>ഷെയർ ഫൊർഫീറ്റഡ് A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>(കണ്ടുകെട്ടിയ 1,000 ഓഹരികൾ പുനർവിതരണം നടത്തി) | | 80,000<br>20,000 | <br><br>1,00,000 |
| | ഷെയർ ഫൊർഫീറ്റഡ് A/c Dr.<br>To ക്യാപ്പിറ്റൽ റിസർവ്<br>(1,000 ഓഹരികൾ പുനർവിതരണം നടത്തിയതിലുണ്ടായ ആനുപാതിക ലാഭം ക്യാപ്പിറ്റൽ റിസർവിലേക്ക് മാറ്റി) | | 18,333 | <br>18,333 |

*പ്രവർത്തനക്കുറിപ്പ്*

**(I) രോഹന്റെ അപേക്ഷയിൽ അധികം ലഭിച്ച തുക**

രോഹന് അനുവദിച്ചത് = 600 ഓഹരികൾ

അയാൾ അപേക്ഷിച്ചിരുന്നത് $= \frac{35,000}{30,000} \times 600$ 700 ഓഹരികൾ

| | | രൂപ |
|---|---|---|
| രോഹനിൽനിന്ന് ലഭിച്ച തുക | = 700 × Rs. 40 | 28,000 |
| അപേക്ഷയിൽനിന്ന് ക്രമീകരിച്ച തുക | = 600 × Rs. 40 | (24,000) |
| അലോട്ട്മെന്റിൽ ക്രമീകരിച്ച തുക | | **4,000** |
| അലോട്ട്മെന്റിൽ കാലാവധിയായ തുക | = 600 × Rs. 30 | 18,000 |
| ക്രമീകരിച്ച തുക | | (4,000) |
| അലോട്ട്മെന്റിൽ കാലാവധിയായ ബാക്കിത്തുക | | **14,000** |

**(II) അലോട്ട്മെന്റിൽ ലഭിച്ച തുക**

| | | |
|---|---|---|
| അലോട്ട്മെന്റിൽ കാലാവധിയായ ആകെ തുക | = Rs. 30,000 × Rs. 30 = | 9,00,000 |
| അപേക്ഷയിൽ ലഭിച്ച തുക | | (2,00,000) |
| | | 7,00,000 |
| രോഹന്റെ ഓഹരിയിൽ ലഭിക്കാതിരുന്ന തുക | | (14,000) |
| | | **6,86,000** |

**(III) ഫസ്റ്റ് കോളിൽ ലഭിച്ച തുക**

| | | |
|---|---|---|
| 29,400 ഓഹരികളിൽ കാലാവധിയായ ഫസ്റ്റ് കോൾ | 29,400 × Rs. 30 = | 8,82,000 |
| 900 ഓഹരികളിൽ ലഭിക്കാതിരുന്ന ഫസ്റ്റ് കോൾ തുക | 900 × Rs. 30 | (27,000) |
| | | **8,55,000** |

**(IV)** അമലിന്റെ 900 ഓഹരിയും രോഹന്റെ 100 ഓഹരിയും ഉൾപ്പെടെ 1000 ഓഹരികൾ പുനർ വിതരണം നടത്തിയത്

| | | |
|---|---|---|
| 100 ഓഹരികളിലുള്ള ലാഭം | $= \frac{22,000}{600} \times 100$ = | 3,667 |
| 100 ഓഹരികളിലുള്ള ലാഭം | = | 45,000 |
| | | 48,667 |

കുറവ് : 1000 ഓഹരികളുടെ പുനർ വിതരണത്തി
ലുണ്ടായ നഷ്ടം (20,000)

**28,667**

**(V) 500 ഓഹരികളുടെ ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ടിലെ ബാക്കി**

$\frac{22,000}{600} \times 500 = 18,333$

**സ്വയം ചെയ്യുക**

1. 5 രൂപ ഫസ്റ്റ് കോൾ (പ്രീമിയം ഉൾപ്പെടെ) അടയ്ക്കാത്തതിന് ഓഹരിയൊന്നിന് 10 രൂപ വിലയുള്ള 20% പ്രീമിയത്തിൽ വിതരണം നടത്തിയ 100 ഇക്വിറ്റി ഓഹരികൾ ഒരു കമ്പനി കണ്ടുകെട്ടി. ഓഹരി കണ്ടുകെട്ടലിന്റെ ജേർണൽ എൻട്രി കാണിക്കുക.
2. 2 രൂപ ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ അടയ്ക്കാത്തതിന് ഓഹരിയൊന്നിന് 10 രൂപ വിലയുള്ള 20% ഡിസ്ക്കൗണ്ടിൽ വിതരണം നടത്തിയ 800 ഇക്വിറ്റി ഓഹരികൾ ഒരു കമ്പനി കണ്ടുകെട്ടി. കമ്പനി കണ്ടുകെട്ടിയ തുക കണക്കാക്കുകയും ഓഹരി കണ്ടുകെട്ടലിന്റെ ജേർണൽ എൻട്രി എഴുതുകയും ചെയ്യുക.

***നിർധാരണം 15***

'എക്സ്' ലിമിറ്റഡ്,10 രൂപ വിലയുള്ള 40,000 ഇക്വിറ്റി ഓഹരികൾ 2 രൂപ പ്രീമിയത്തിൽ താഴെ കൊടുത്തപോലെ അടയ്ക്കുന്ന രീതിയിൽ പൊതു വാങ്ങലിനായി പുറപ്പെടുവിച്ചു.

| | | |
|---|---|---|
| ആപ്ലിക്കേഷൻ ഓഹരിയൊന്നിന് | : | 4 രൂപ നിരക്കിൽ |
| അലോട്ട്മെന്റ് ഓഹരിയൊന്നിന് | : | 5 രൂപ നിരക്കിൽ (പ്രീമിയം ഉൾപ്പെടെ) |
| കോൾ ഓഹരിയൊന്നിന് | : | 3 രൂപ നിരക്കിൽ |

60,000 ഓഹരികൾക്കുള്ള അപേക്ഷ ലഭിച്ചു. 48,000 ഓഹരിക്കുള്ള അപേക്ഷകർക്ക് ആനുപാതികമായി ഓഹരി അനുവദിച്ചു. ബാക്കി വരുന്ന അപേക്ഷകൾ നിരസിച്ചു. അപേക്ഷകളിൽ അധികമായി അടച്ച പണം അലോട്ട്മെന്റ് തുക കാലാവധിയായ തുകയിൽ ക്രമീകരിച്ചു.

1,600 ഓഹരികൾ അനുവദിച്ച ചിത്ര എന്ന ഒരു അപേക്ഷക അലോട്ട്മെന്റ് തുക അടയ്ക്കുന്നതിൽ പരാജയപ്പെട്ടു. 2,000 ഓഹരികൾ അനുവദിച്ച ജഗതി എന്ന മറ്റൊരാൾ കോൾ തുക അടയ്ക്കുന്നതിൽ പരാജയപ്പെട്ടു. തുടർന്ന് ഈ ഓഹരികൾ കണ്ടുകെട്ടി.

മുകളിൽ പറഞ്ഞ ഇടപാടുകൾ കമ്പനിയുടെ ബുക്കിൽ രേഖപ്പെടുത്താനാവശ്യമായ ജേർണലുകൾ എഴുതുക

**ഉത്തരം :**

**ഹോണ്ട ലിമിറ്റഡിന്റെ ബുക്ക്**
**ജേർണൽ**

| *തീയതി* | *വിശദാംശങ്ങൾ* | *എൽ. എഫ്* | *ഡെബിറ്റ് തുക (രൂപ)* | *ക്രെഡിറ്റ് തുക (രൂപ)* |
|---|---|---|---|---|
| | ബാങ്ക് A/c Dr. | | 2,40,000 | |
| | To ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ A/c | | | 2,40,000 |
| | (ഓഹരിക്ക് 4 രൂപ നിരക്കിൽ 60,000 ഓഹരികളുടെ അപേക്ഷത്തുക ലഭിച്ചു) | | | |
| | ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ A/c Dr. | | 2,40,000 | |
| | To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c | | | 1,60,000 |
| | To ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c | | | 32,000 |
| | To ബാങ്ക് A/c | | | 48,000 |
| | (അപേക്ഷത്തുക ഓഹരി മൂലധനത്തിലേക്ക് മാറ്റി, ആനുപാതിക അനുവദിക്കൽ മൂലമുണ്ടായ അധിക അപേക്ഷത്തുക അലോട്ട്മെന്റിൽ ക്രമീകരിച്ചു, നിരസിച്ച അപേക്ഷയുടെ പണം തിരിച്ചു നൽകി) | | | |
| | ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c Dr. | | 2,00,000 | |
| | To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c | | | 1,20,000 |
| | To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c | | | 80,000 |
| | (40,000 ഓഹരികളുടെ അനുവദിക്കൽ തുക 5 രൂപ നിരക്കിൽ പ്രീമിയം ഉൾപ്പെടെ കാലാവധിയായി) | | | |
| | ബാങ്ക് A/c Dr. | | 1,61,280 | |
| | കോൾസ് ഇൻ അരിയേഴ്സ് A/c Dr. | | 6,720 | |
| | To ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c | | | 1,68,000 |
| | (അനുവദിക്കൽത്തുക ലഭിച്ചു) | | | |

| | | | | |
|---|---|---|---|---|
| | ഇകിറ്റിഷെയർ കോൾ A/c Dr.<br>To ഇകിറ്റിഷെയർ ക്യാപ്പിറ്റൽ A/c<br>(40,000 ഓഹരികളുടെ ഒന്നാമത്തെ വിളിത്തുക 30 രൂപ നിരക്കിൽ കാലാവധിയായി) | | 1,20,000 | 1,20,000 |
| | ബാങ്ക് A/c Dr.<br>കോൾസ് ഇൻ അരിയേഴ്സ് A/c Dr.<br>To ഇകിറ്റിഷെയർ കോൾ A/c<br>(കോൾ പണം ലഭിച്ചു) | | 1,09,200<br>10,800 | 1,20,000 |
| | ഇകിറ്റി ഷെയർ ക്യാപ്പിറ്റൽ A/c Dr.<br>സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c Dr.<br>To ഷെയർ ഫൊർഫീറ്റഡ് A/c<br>To കോൾസ് ഇൻ അരിയേഴ്സ് A/c<br>(3,600 ഓഹരികൾ കണ്ടുകെട്ടി) | | 36,000<br>3,200 | 21,680<br>17,520 |

*പ്രവർത്തനക്കുറിപ്പ്:*

**I. അലോട്ട്മെന്റിൽ ലഭിച്ച തുക** **രൂപ**

| | | |
|---|---|---|
| (a) | അലോട്ട്മെന്റ് കാലാവധിയായ തുക<br>40,000 ഓഹരികൾ × 5 രൂപ നിരക്കിൽ | 2,00,000 |
| (b) | അലോട്ട്മെന്റ് യഥാർഥത്തിൽ കാലാവധിയായ തുക | 2,00,000 |
| | *കുറവ് :* അലോട്ട്മെന്റിൽ ക്രമീകരിച്ച അധിക അപേക്ഷത്തുക | 32,000 |
| | യഥാർഥത്തിൽ കാലാവധിയായ തുക | 1,68,000 |
| (c) | ചിത്രയിൽ നിന്ന് കാലാവധിയായ തുക<br>ചിത്രയുടെ ഓഹരിയിൽ കാലാവധിയായ അലോട്ട്മെന്റ് തുക<br>1,600 ഓഹരികൾ × 5രൂപ നിരക്കിൽ | 8,000 |
| | *കുറവ്:* ആനുപാതിക അനുവദിക്കലിലൂടെ അധികം നൽകിയ അപേക്ഷപ്പണം –<br>(1,920 ഓഹരികൾ – 1,600 ഓഹരികൾ) 320 × 4 | 1,280 |
| | ചിത്രയിൽ നിന്ന് കാലാവധിയായ അലോട്ട്മെന്റ് തുക | 6,720 |

ആനുപാതിക വിതരണ അനുവദിക്കൽപ്രകാരം (40,000 ഓഹരികൾ : 48,000 ഓഹരികൾ). 1,600 ഓഹരികൾ അനുവദിക്കുന്നതിന് ചിത്ര 1,920 ഓഹരികൾക്ക് അപേക്ഷിച്ചിട്ടുണ്ടാകും (1,600 ഓഹരികൾ × 6/5).

| | | |
|---|---|---|
| (d) | അലോട്ട്മെന്റ് തുക ലഭിച്ചത് | |
| | (യഥാർഥത്തിൽ കാലാവധിയായ അലോട്ട്മെന്റ് തുക) | 1,68,000 |
| | *കുറവ്:* ചിത്ര അടയ്ക്കാത്ത തുക | (6,720) |
| | ലഭിച്ച തുക | 1,61,280 |

**II. ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ട് ബാക്കി**

| | |
|---|---|
| ചിത്ര അടച്ച തുക | |
| 1,920 ഓഹരികൾ അപേക്ഷിച്ചത് × ഓഹരിയൊന്നിന് | |
| 4 രൂപ നിരക്കിൽ | 7,680 |
| ജഗതി അടച്ച തുക | |
| 2,000 ഓഹരികൾ അപേക്ഷിച്ചത് × ഓഹരിയൊന്നിന് | |
| ( 4 + 3) 7 രൂപ നിരക്കിൽ | 14,000 |
| ആകെ ബാക്കി | 21,680 |

*കുറിപ്പ്* : ജഗതിയുടെ പ്രീമിയം തുക പൂർണമായും കമ്പനിക്ക് ലഭിച്ചതുകൊണ്ട് അത് അക്കൗണ്ടിൽ എടുക്കേണ്ടതില്ല.

### *1. 7. 1* കണ്ടുകെട്ടിയ ഓഹരികളുടെ പുനർവിതരണം *(Re-issue of Forfeited Shares)*

കണ്ടുകെട്ടിയ ഓഹരികൾ കമ്പനിക്ക് റദ്ദാക്കുകയോ പുനർ വിതരണം നടത്തുകയോ ചെയ്യാവുന്നതാണ്. കണ്ടുകെട്ടിയ ഓഹരികൾ പൂർണമായും അടയ്ക്കപ്പെട്ട ഓഹരികളായി മുഖവിലയ്ക്കോ, പ്രീമിയത്തിലോ, ഡിസ്കൗണ്ടിലോ പുനർ വിതരണം ചെയ്യാം. ഇത്തരം സന്ദർഭങ്ങളിൽ അനുവദിക്കുന്ന ഡിസ്കൗണ്ട് തുക ആദ്യ വിതരണത്തിൽ കണ്ടുകെട്ടിയ ഓഹരികളിൽ ലഭിച്ച തുകയെക്കാൾ അധികമാകാൻ പാടുള്ളതല്ല. പുനർ വിതരണത്തിൽ അനുവദിക്കുന്ന ഡിസ്കൗണ്ട് ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്. ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ടിൽ പുനർവിതരണം നടത്തിയ ഓഹരികളുമായി ബന്ധപ്പെട്ട് എന്തെങ്കിലും ബാക്കിയുണ്ടെങ്കിൽ അത് മൂലധന കരുതലിലേക്ക് മാറ്റേണ്ട മൂലധനലാഭമായി കണക്കാക്കേണ്ടതാണ്. ഉദാഹരണത്തിന്, ഒരു കമ്പനിക്ക് കണ്ടുകെട്ടിയ 10 രൂപ വിലയുള്ള 200 ഓഹരികളിൻമേൽ 600 രൂപ ലഭിച്ചിരിക്കുന്നു, അത് പുനർവിതരണം നടത്തുമ്പോൾ പരമാവധി 600 രൂപയെ ഡിസ്കൗണ്ട് അനുവദിക്കുവാൻ സാധിക്കുകയുള്ളൂ.

ഈ ഓഹരികൾ 1,800 രൂപയ്ക്ക് പൂർണമായും അടച്ചു തീർത്ത ഓഹരികളായി കമ്പനി പുനർവിതരണം നടത്തിയതായി അനുമാനിച്ചാൽ, അതുമായി ബന്ധപ്പെട്ട ജേർണൽ :

| | | | |
|---|---|---|---|
| ബാങ്ക് A/c | Dr. | 1,800 | |
| ഷെയർ ഫൊർഫീറ്റഡ് A/c | Dr. | 200 | |
| To ഷെയർ ക്യാപ്പിറ്റൽ A/c | | | 2,000 |
| (200 കണ്ടുകെട്ടിയ ഓഹരികൾ 9 രൂപ നിരക്കിൽ പൂർണമായും അടയ്ക്കപ്പെട്ട ഓഹരികളായി പുനർ വിതരണം നടത്തി.) | | | |

ഇതിലൂടെ ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ടിൽ ബാക്കി വരുന്ന 400 രൂപ ക്യാപ്പിറ്റൽ റിസർവ് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് താഴെ കൊടുത്ത ജേർണലിലൂടെ രേഖപ്പെടുത്താവുന്നതാണ്.

| | | | |
|---|---|---|---|
| ഷെയർ ഫൊർഫീറ്റഡ് A/c | Dr. | 400 | |
| To ക്യാപ്പിറ്റൽ റിസർവ് | | | 400 |
| (കണ്ടുകെട്ടിയ ഓഹരിയുടെ പുനർ വിതരണലാഭം മാറ്റി) | | | |

ഇത്തരം സന്ദർഭങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം കണ്ടുകെട്ടിയ ഓഹരികളിൽ പുനർവിതരണം നടത്തിയവയ്ക്ക് മാത്രമെ ലാഭം ഉണ്ടാകുകയുള്ളൂ അല്ലാതെ കണ്ടുകെട്ടിയ എല്ലാ ഓഹരികൾക്കും ഉണ്ടാകില്ല. ആയതുകൊണ്ട്, കണ്ടുകെട്ടിയ ഓഹരികളിൽ ഒരു ഭാഗം മാത്രം പുനർ വിതരണം നടത്തുകയാണെങ്കിൽ ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ടിന്റെ ബാക്കിവരുന്ന തുക മുഴുവനായും ക്യാപ്പിറ്റൽ റിസർവിലേക്ക് മാറ്റുവാൻ പാടില്ല.

അത്തരം സാഹചര്യങ്ങളിൽ, കണ്ടുകെട്ടി പുനർവിതരണം നടത്തിയ ഓഹരികളുടെ ആനുപാതികമായ തുക മാത്രമേ ക്യാപ്പിറ്റൽ റിസർവിലേക്ക് മാറ്റുവാൻ പാടുള്ളു. ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ടിൽ ബാക്കി വരുന്ന തുക കണ്ടുകെട്ടിയതിൽ പുനർവിതരണം നടത്താത്ത ഓഹരികൾക്ക് ആനുപാതികമാണെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്.

***നിർധാരണം 16***

പോളി പ്ലാസ്റ്റിക്ക് ലിമിറ്റഡിന്റെ ഡയറക്ടേഴ്സ് ഓഹരിയൊന്നിന് 100 രൂപ വിലയുള്ള 200 ഇക്വിറ്റി ഓഹരികൾ 30 രൂപ സെക്കന്റ് ആൻഡ് ഫൈനൽ കോൾ തുക അടയ്ക്കാത്തതുകൊണ്ട് കണ്ടുകെട്ടുവാൻ തീരുമാനിച്ചു. ഇതിൽ നിന്ന് 150 ഓഹരികൾ 60 രൂപ നിരക്കിൽ മോഹിതിനു പുനർവിതരണം നടത്തി. ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

**ഉത്തരം :**

**പോളി പ്ലാസ്റ്റിക്ക് ലിമിറ്റഡിന്റെ ബുക്ക്**
**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | എൽ. എഫ് | ഡെബിറ്റ് തുക (രൂപ) | ക്രെഡിറ്റ് തുക (രൂപ) |
|---|---|---|---|---|
| | ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c Dr.<br>To ഷെയർ ഫൊർഫീറ്റഡ് A/c<br>To ഇക്വിറ്റിഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ A/c<br>(200 ഓഹരികൾ ഓഹരിയൊന്നിന് 30 രൂപ നിരക്കിൽ ഫൈനൽ കോൾ അടയ്ക്കാത്തതുകൊണ്ട് റദ്ദാക്കി) | | 20,000 | 14,000<br>6,000 |
| | ബാങ്ക് A/c Dr.<br>ഷെയർ ഫൊർഫീറ്റഡ് A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>(100 രൂപ വിലയുള്ള 150 ഓഹരികൾ 60 രൂപയ്ക്ക് പൂർണമായും അടയ്ക്കപ്പെട്ട ഓഹരികളായി പുനർവിതരണം നടത്തി) | | 9,000<br>6,000 | 15,000 |
| | ഷെയർ ഫൊർഫീറ്റഡ് A/c Dr.<br>To ക്യാപ്പിറ്റൽ റിസർവ് A/c<br>(150 ഓഹരികളുടെ പുനർവിതരണ ലാഭം ക്യാപ്പിറ്റൽ റിസർവിലേക്ക് മാറ്റി) | | 4,500 | 4,500 |

*പ്രവർത്തനക്കുറിപ്പ് :*

| | | രൂപ | |
|---|---|---|---|
| 200 ഓഹരികളിൽ ആകെ കണ്ടുകെട്ടിയ തുക | = | 14,000 | (200 ഓഹരികൾ × 70) |
| 150 ഓഹരികളിൽ റദ്ദാക്കിയ തുക | = | 10,500 | (150 ഓഹരികൾ × 70) |
| 50 ഓഹരികളുടെ പുനർവിതരണത്തിലെ നഷ്ടം | = | 6,000 | (150 ഓഹരികൾ × 40) |
| ക്യാപ്പിറ്റൽ റിസർവിലേക്ക് മാറ്റിയ പുനർവിതരണം നടത്തിയ ഓഹരികളിലെ ലാഭം | = | 4,500 | (10,500 – 6,000) |

50 ഓഹരികളിൽ റദ്ദാക്കിയ തുക = 3,500 (50 ഓഹരികൾ × Rs. 70)
ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ടിൽ
അവശേഷിക്കുന്ന ബാക്കി = 3,500 (14,000 – 6,000
(50 ഓഹരികളിൽ കണ്ടുകെട്ടിയ തുകയ്ക്ക് തുല്യം) – 4,500)

### നിർധാരണം 17

2015 ജനുവരി 1 ന് 'എക്സ്' ലിമിറ്റഡിന്റെ ഡയറക്ടേഴ്സ് 10 രൂപ വിലയുള്ള 50,000 ഇക്വിറ്റി ഓഹരികൾ 12 രൂപയ്ക്ക് 5 രൂപ അപേക്ഷയോടൊപ്പവും (പ്രീമിയം ഉൾപ്പെടെ), 4 രൂപ അലോട്ട്മെന്റ് സമയത്തും, ബാക്കി തുക 2015 മെയ് 1 ന് കോൾ സമയത്തും അടയ്ക്കത്തക്ക രീതിയിൽ പൊതു വാങ്ങലിനായി പുറപ്പെടുവിച്ചു.

2015 ഫെബ്രുവരി 10 അപേക്ഷകരുടെ പട്ടിക അവസാനിപ്പിക്കുമ്പോൾ 70,000 ഓഹരികൾക്കുള്ള അപേക്ഷകൾ ലഭിച്ചിരുന്നു. കിട്ടിയ പണത്തിൽ 40,000 രൂപ തിരിച്ചു നൽകുകയും 60,000 രൂപ കാലാവധിയായ അലോട്ട്മെന്റ് തുകയിൽ ക്രമീകരിക്കുകയും ബാക്കി വരുന്ന തുക 2015 ഫെബ്രുവരി 16 ന് തിരികെ കൊടുക്കുകയും ചെയ്തു.

500 ഓഹരികൾ അനുവദിച്ച ഒരാളൊഴികെ എല്ലാ ഓഹരിയുടമകളും 2015 മെയ് 1 ന് കാലാവധിയായ കോൾ തുക അടച്ചു.

ഈ ഓഹരികൾ 2015 സപ്തംബർ 29 ന് കണ്ടുകെട്ടുകയും 2015 നവംബർ 1 ന് 8 രൂപ നിരക്കിൽ പൂർണ്ണമായും അടച്ചുതീർത്ത ഓഹരികളായി പുനർവിതരണം നടത്തുകയും ചെയ്തു.

കമ്പനി അതിന്റെ നയത്തിന്റെ ഭാഗമായി കോൾസ് ഇൻ അരിയേഴ്സ് അക്കൗണ്ട് നിലനിർത്തിയില്ല.

ഈ ഓഹരി മൂലധന ഇടപാടുകൾ രേഖപ്പെടുത്താനാവശ്യമായ ജേർണലുകൾ 'എക്സ്' ലിമിറ്റഡിന്റെ ബുക്കിൽ എഴുതുക.

**ഉത്തരം:**

**'എക്സ്' ലിമിറ്റഡിന്റെ ബുക്ക്**
**ജേർണൽ**

| *തീയതി* | *വിശദാംശങ്ങൾ* | *എൽ. എഫ്* | *ഡെബിറ്റ് തുക (രൂപ)* | *ക്രെഡിറ്റ് തുക (രൂപ)* |
|---|---|---|---|---|
| 2015 ഫെബ്രു 10 | ബാങ്ക് A/c Dr.<br>To ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ A/c<br>(ഓഹരിക്ക് 5 രൂപ നിരക്കിൽ പ്രീമിയം ഉൾപ്പെടെ 70,000 ഓഹരികളുടെ അപേക്ഷ തുക ലഭിച്ചു) | | 3,50,000 | 3,50,000 |

| | | | | |
|---|---|---|---|---|
| ഫെബ്രു. 16 | ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c<br>(50,000 ഓഹരികളുടെ അപേക്ഷത്തുക ഓഹരി മൂലധനത്തിലേക്ക് മാറ്റി, പ്രീമിയം തുക ക്രമീകരിച്ചു) | | 2,50,000 | <br>1,50,000<br><br>1,00,000 |
| ഫെബ്രു. 16 | ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ A/c Dr.<br>To ബാങ്ക് A/c<br>To ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c<br>(അധികമായ അപേക്ഷത്തുക ഷെയർ അലോട്ട്മെന്റിൽ ക്രെഡിറ്റ് ചെയ്തു, നിരസിച്ച അപേക്ഷയുടെ പണം തിരിച്ചു നൽകി.) | | 1,00,000 | <br>40,000<br>60,000 |
| ഫെബ്രു. 16 | ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c Dr.<br>To ഇക്വിറ്റിഷെയർ ക്യാപ്പിറ്റൽ A/c<br>(50,000 ഓഹരികളുടെ അനുവദിക്കൽ തുക 4 രൂപ നിരക്കിൽ കാലാവധിയായി) | | 2,00,000 | <br>2,00,000 |
| ഫെബ്രു. 16 | ബാങ്ക് A/c Dr.<br>To ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c<br>(അനുവദിക്കൽത്തുക ലഭിച്ചു) | | 1,40,000 | <br>1,40,000 |
| മെയ് 1 | ഇക്വിറ്റിഷെയർ ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ A/c Dr.<br>To ഇക്വിറ്റിഷെയർ ക്യാപ്പിറ്റൽ A/c<br>(ഓഹരികളുടെ ഒന്നാമത്തെ വിളി തുക കാലാവധിയായി) | | 1,50,000 | <br>1,50,000 |
| മെയ് 1 | ബാങ്ക് A/c Dr.<br>To ഇക്വിറ്റിഷെയർ ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ A/c<br>(കോൾ പണം ലഭിച്ചു,) | | 1,48,500 | <br>1,48,500 |

| | | | | |
|---|---|---|---|---|
| സപ്തം. 29 | ഇകിറ്റി ഷെയർ ക്യാപ്പിറ്റൽ A/c Dr.<br>To ഷെയർ ഫൊർഫീറ്റഡ് A/c<br>To ഇകിറ്റിഷെയർ ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ A/c<br>(500 ഓഹരികൾ ഒന്നാമത്തെ വിളിത്തുക അടക്കാത്തതിനാൽ കണ്ടുകെട്ടി) | | 5,000 | <br>3,500<br><br>1,500 |
| നവ. 1 | ബാങ്ക് A/c Dr.<br>ഷെയർ ഫൊർഫീറ്റഡ് A/c Dr.<br>To ഇകിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>(500 ഓഹരികൾ 8 രൂപ നിരക്കിൽ പൂർണമായും അടച്ചുതീർത്ത ഓഹരികളായി പുനർവിതരണം നടത്തി) | | 4,000<br>1,000 | <br><br>5,000 |
| നവ. 1 | ഷെയർ ഫൊർഫീറ്റഡ് A/c Dr.<br>To ക്യാപ്പിറ്റൽ റിസർവ്<br>(കണ്ടുകെട്ടിയ ഓഹരി പുനർവിതരണം നടത്തിയതിലുള്ള ലാഭം ക്യാപ്പിറ്റൽ റിസർവിലേക്ക് മാറ്റി) | | 2,500 | <br>2,500 |

***നിർധാരണം 18***

ഒമേഗ ലിമിറ്റഡ് 10 രൂപ വീതം വിലയുള്ള 2,00,000 ഇകിറ്റി ഓഹരികൾ ഓഹരിയൊന്നിന് 2 രൂപ നിരക്കിൽ പ്രീമിയത്തിൽ താഴെ കൊടുത്തിരിക്കുന്നപോലെ അടയ്ക്കുന്ന രീതിയിൽ വാഗ്ദാനം ചെയ്യുന്ന ഒരു കാര്യപത്രിക ഇറക്കി.

| | | |
|---|---|---|
| ആപ്ലിക്കേഷന് ഓഹരിയൊന്നിന് | : | 2.50 രൂപ നിരക്കിൽ |
| അലോട്ട്മെന്റിന് ഓഹരിയൊന്നിന് | : | 4.50 രൂപ നിരക്കിൽ (പ്രീമിയം ഉൾപ്പെടെ) |
| ഫസ്റ്റ് കോളിനു (അലോട്ട്മെന്റിന് 3 മാസം ശേഷം) | : | ഓഹരിയൊന്നിന് 2.50 രൂപ നിരക്കിൽ |
| സെക്കന്റ് കോളിനു (ഫസ്റ്റ് കാളിനു 3 മാസം ശേഷം) | : | ഓഹരിയൊന്നിന് 2.50 രൂപ നിരക്കിൽ |

2017 ഏപ്രിൽ 23 നു 3,17,000 അപേക്ഷകൾ ലഭിച്ചു. ഏപ്രിൽ 30 നു താഴെ കൊടുത്തിരിക്കുന്നപോലെ ഓഹരികൾ അനുവദിച്ചു.

| | | ഓഹരി അനുവദിച്ചത് |
|---|---|---|
| (i) | പൂർണമായും അനുവദിച്ചത് (രണ്ട് അപേക്ഷകർ 4,000 വീതം ഓഹരികൾക്ക് അലോട്ട്മെന്റ് സമയത്ത് മുഴുവൻ തുകയും അടച്ചു.) | 38,000 |
| (ii) | മൂന്ന് ഓഹരികൾക്ക് അപേക്ഷിച്ച എല്ലാവർക്കും രണ്ട് ഓഹരികൾ വീതം അനുവദിച്ചു | 1,60,000 |
| (iii) | നാല് ഓഹരികൾക്ക് അപേക്ഷിച്ച എല്ലാവർക്കും ഒരു ഓഹരി വീതം അനുവദിച്ചു | 2,000 |

31,000 ഓഹരികൾക്ക് വേണ്ടി ലഭിച്ച 77,500 രൂപ ഓഹരികളൊന്നും അനുവദിക്കാതെ 2017 മെയ് 6 നു തിരിച്ചു കൊടുത്തു.

ഓഹരികൾ അനുവദിച്ച ആളുകളിൽ നിന്ന് വിളിക്കപ്പെട്ട തുക 100 ഓഹരികളുടെ ഫൈനൽ കോൾ ഒഴികെ കാലാവധി തീയതിക്ക് ലഭിച്ചു. ഈ ഓഹരികൾ 2017 നവംബർ 15 നു കണ്ടുകെട്ടുകയും നവംബർ 16 നു ഓഹരിയൊന്നിന് 9 രൂപ നിരക്കിൽ പണമടച്ച് അമലിന് പുനർ വിതരണം നടത്തുകയും ചെയ്തു.

പണമിടപാട് ഒഴികെയുള്ള ജേർണൽ എൻട്രികൾ ഒമേഗ ലിമിറ്റഡിന്റെ ബുക്കിൽ രേഖപ്പെടുത്തി 2017 ഒക്ടോബർ 31 മുതൽ കാലാവധിയാകുന്ന പലിശ നൽകുന്നുവെന്ന അനുമാനത്തിൽ ഇടപാടുകൾ ബാലൻസ് ഷീറ്റിൽ എങ്ങനെ വരുമെന്ന് കാണിക്കുക.

***ഉത്തരം :***

**ഒമേഗ ലിമിറ്റഡിന്റെ ബുക്ക്**

**ജേർണൽ**

| *തീയതി* | *വിശദാംശങ്ങൾ* | *എൽ. എഫ്* | *ഡെബിറ്റ് തുക (രൂപ)* | *ക്രെഡിറ്റ് തുക (രൂപ)* |
|---|---|---|---|---|
| 2017 ഏപ്രിൽ 30 | ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ A/c Dr. | | 7,92,000 | |
| | To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c | | | 5,00,000 |
| | To ബാങ്ക് A/c | | | 77,500 |
| | To ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c | | | 2,09,000 |
| | To കോൾസ് ഇൻ അഡ്വാൻസ് A/c | | | 6,000 |
| | (അപേക്ഷത്തുക ഓഹരി മൂലധനത്തിലേക്ക് മാറ്റുകയും ആനുപാതിക വിതരണം വഴി അധികം വന്ന അപേക്ഷ തുക ഷെയർ അലോട്ട്മെന്റിലും കോൾസ് ഇൻ അഡ്വാൻസിലും ക്രെഡിറ്റ് ചെയ്തു.) | | | |

| | | | | |
|---|---|---|---|---|
| ഏപ്രിൽ 30 | ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c<br>(2,00,000 ഓഹരികളുടെ അനുവദിക്കൽ തുക 4.50 രൂപ നിരക്കിൽ പ്രീമിയം ഉൾപ്പെടെ കാലാവധിയായി) | | 9,00,000<br>5,00,000 | <br><br><br>4,00,000 |
| ജൂലൈ 31 | ഇക്വിറ്റിഷെയർ ഫസ്റ്റ്കോൾ A/c Dr.<br>To ഇക്വിറ്റിഷെയർ ക്യാപ്പിറ്റൽ A/c<br>(200000 ഓഹരികളുടെ ഒന്നാമത്തെ വിളിത്തുക 2.50 രൂപ നിരക്കിൽ കാലാവധിയായി) | | 5,00,000 | <br>5,00,000 |
| ഒക്ടോ. 31 | ഇക്വിറ്റി ഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ A/c Dr.<br>To ഇക്വിറ്റിഷെയർ ക്യാപ്പിറ്റൽ A/c<br>(2,00,000 ഓഹരികളുടെ സെക്കന്റ് കോൾ തുക 2.50 രൂപ നിരക്കിൽ കാലാവധിയായി) | | 5,00,000 | <br>5,00,000 |
| ഒക്ടോ. 31 | കോൾസ് ഇൻ അഡ്വാൻസ് A/c Dr.<br>കോൾസ് ഇൻ അരിയേഴ്സ് A/c Dr.<br>To ഇക്വിറ്റിഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ A/c<br>(8,000 ഓഹരികളിൽ ലഭിച്ച മുൻകൂർ വിളി തുക സെക്കന്റ് കോൾ തുക കാലാവധി യായതിൽ ക്രമീകരിച്ചു.) | | 21,000<br>250 | <br><br>21,250 |
| നവ. 15 | ഇക്വിറ്റിഷെയർ ക്യാപ്പിറ്റൽ A/c Dr.<br>To കോൾസ് ഇൻ അരിയേഴ്സ് A/c<br>To ഷെയർ ഫൊർഫീറ്റഡ് A/c<br>(കോൾ തുക അടയ്ക്കാത്ത 100 ഓഹരി കൾ കണ്ടുകെട്ടി) | | 1,000 | <br>250<br>750 |

| | | | | |
|---|---|---|---|---|
| നവ. 16 | ബാങ്ക് A/c Dr.<br>ഷെയർ ഫൊർഫീറ്റഡ് A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>(100 ഓഹരികൾ 9 രൂപ നിരക്കിൽ പൂർണമായും അടച്ചുതീർത്ത ഓഹരികളായി പുനർവിതരണം നടത്തി) | | 900<br>100<br>1000 | |
| നവ. 16 | ഷെയർ ഫൊർഫീറ്റഡ് A/c Dr.<br>To ക്യാപ്പിറ്റൽ റിസർവ്<br>(കണ്ടുകെട്ടിയ ഓഹരികൾ പുനർ-വിതരണം നടത്തിയതിലുള്ള ലാഭം ക്യാപ്പിറ്റൽ റിസർവിലേക്ക് മാറ്റി) | | 650 | 650 |

**ക്യാഷ് ബുക്ക്**

*Dr.* *Cr.*

| *വരവ്* | *തുക (രൂപ)* | *ചെലവ്* | *തുക (രൂപ)* |
|---|---|---|---|
| ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ | 7,92,500 | ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ | 77,500 |
| ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് | 6,91,000 | ബാലൻസ് c/d | 24,00,650 |
| കോൾസ് ഇൻ അഡ്വാൻസ് | 40,000 | | |
| ഇക്വിറ്റിഷെയർ ഫസ്റ്റ്കോൾ | 4,75,000 | | |
| ഇക്വിറ്റിഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ | 4,78,750 | | |
| ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ | 900 | | |
| | **24,78,150** | | **24,78,150** |

* *തീയതി കോളം ഒഴിവാക്കിയിട്ടുണ്ട്.*

*പ്രവർത്തനക്കുറിപ്പ് :*

1. അധിക അപേക്ഷത്തുക

| അനുവദിക്കൽ വിഭാഗം | അപേക്ഷിച്ച ഓഹരികളുടെ എണ്ണം | അനുവദിച്ച ഓഹരികളുടെ എണ്ണം | അനുവദിക്കൽ അനുപാതം |
|---|---|---|---|
| i | 38,000 | 38,000 | 100% |
| ii | 2,40,000 | 1,60,000 | 2/3 |
| iii | 8,000 | 2,000 | 1/4 |
| | **2,86,000** | **2,00,000** | |

*അതുകൊണ്ട്,* തിരിച്ചു നൽകേണ്ട അപേക്ഷത്തുക

= (3,17,000 – 2,86,000) × 2.50

= 77,500

ലഭിച്ച അപേക്ഷത്തുക = 7,15,000
(2,86,000 ഓഹരികൾ @ Rs. 2.50)

കാലാവധിയായ അപേക്ഷത്തുക : = 5,00,000
(2,00,000 ഓഹരികൾ @ Rs. 2.50)

അധിക അപേക്ഷത്തുക = 7,15,000-5,00,000
= 2,15,000

2. കോൾസ് ഇൻ അഡ്വാൻസ് തുക

4,000 ഓഹരികൾ വീതം കൈവശമുള്ള രണ്ട് ഓഹരിയുടമകൾ അലോട്ട്മെന്റ് സമയത്ത് മുഴുവൻ തുകയും അടച്ചു.

കോൾസ് ഇൻ അഡ്വാൻസ് തുക = 8,000ഓഹരികൾ × (2.50 + 2.50) = 40,000

**ഓഹരികൾ തിരികെ വാങ്ങൽ** (Buy-back of Shares) : ഒരു കമ്പനി അതിന്റെ തന്നെ ഓഹരികൾ വാങ്ങുകയാണെങ്കിൽ,അതിനെ ഓഹരികൾ തിരികെ വാങ്ങൽ എന്ന് വിളിക്കുന്നു. കമ്പനി നിയമം 2013 ലെ സെക്ഷൻ 68 താഴെ പറയുന്ന ഉറവിടങ്ങളിൽ നിന്ന് കമ്പനിക്ക് അവരുടെ സ്വന്തം ഓഹരികൾ വാങ്ങുന്നതിനു സൗകര്യം നൽകുന്നു.

(a) നിലവിലുള്ള ഓഹരിയുടമകളിൽ നിന്ന് ആനുപാതിക അടിസ്ഥാനത്തിൽ
(b) പൊതു മാർക്കറ്റിൽ നിന്ന്
(c) ഒറ്റപ്പെട്ട ഓഹരിയുടമകളിൽ നിന്ന്
(d) കമ്പനിയുടെ ജീവനക്കാരിൽ നിന്ന്

കമ്പനിക്ക് അതിന്റെ സ്വന്തം ഓഹരികൾ സ്വതന്ത്ര കരുതലിൽ നിന്നോ സെക്യൂരിറ്റീസ് പ്രീമിയത്തിൽ നിന്നോ ഏതെങ്കിലും ഓഹരികളിൽ

നിന്നുണ്ടാകുന്ന വരുമാനത്തിൽ നിന്നോ പ്രത്യേക കടപ്പത്രങ്ങളിൽ നിന്നോ ഉള്ള പണം ഉപയോഗിച്ച് തിരിച്ചു വാങ്ങാവുന്നതാണ്. സ്വതന്ത്ര കരുതൽ ഉപയോഗിച്ച് ഓഹരികൾ തിരിച്ചു വാങ്ങുന്ന സാഹചര്യങ്ങളിൽ തിരിച്ചു വാങ്ങുന്ന ഓഹരികളുടെ മുഖവിലയ്ക്ക് തുല്യമായ തുക 'ക്യാപ്പിറ്റൽ റിഡംഷൻ റിസർവ്' അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

ഓഹരി തിരിച്ചു വാങ്ങലിന് താഴെ കൊടുത്ത നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ് :

(a) ഓഹരി തിരിച്ചു വാങ്ങലിനു ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ കമ്പനിയെ ചുമതലപ്പെടുത്തിയിരിക്കണം.

(b) കമ്പനിയുടെ വാർഷിക പൊതുയോഗത്തിൽ ഒരു പ്രത്യേക പ്രമേയം പാസാക്കിയിരിക്കണം.

(c) ഒരു സാമ്പത്തിക വർഷത്തിലുണ്ടാകുന്ന ഓഹരി തിരിച്ചു വാങ്ങൽ അടയ്ക്കപ്പെട്ട മൂലധനത്തിന്റെയും സ്വതന്ത്ര കരുതലിന്റെയും 25% ൽ കവിയാൻ പാടുള്ളതല്ല.

(d) തിരിച്ചു വാങ്ങലിനുശേഷം കട–ഓഹരി അനുപാതം2:1 അനുപാതത്തിൽ കൂടുതലാവരുത്.

(e) തിരിച്ചു വാങ്ങുന്ന എല്ലാ ഓഹരികളും പൂർണമായും അടച്ചു തീർക്കപ്പെട്ടവയായിരിക്കണം.

(f) പ്രത്യേക പ്രമേയം പാസാക്കിയ തീയതിക്കു ശേഷം 12 മാസത്തിനുള്ളിൽ ഓഹരി തിരിച്ചു വാങ്ങൽ പൂർത്തിയാക്കിയിരിക്കണം.

(g) ഏറ്റവും കുറഞ്ഞത് രണ്ട് ഡയറക്ടർമാരെങ്കിലും ഒപ്പ് വച്ച ഒരു ലേയത്വ വിജ്ഞാപനം (Solvency declaration) രജിസ്ട്രാർക്കും സെബിക്കും കമ്പനി സമർപ്പിച്ചിരിക്കണം.

***നിർധാരണം 19***

ഗ്രാമ ലിമിറ്റഡ് 100 രൂപ വീതം വിലയുള്ള 3,000 ഓഹരികൾ ഓഹരിയൊന്നിന് 20 രൂപ നിരക്കിൽ പ്രീമിയത്തിൽ താഴെ കൊടുത്ത പോലെ അടയ്ക്കുന്ന രീതിയിൽ വാഗ്ദാനം നൽകുന്ന ഒരു കാര്യപത്രിക ഇറക്കി.

| | | |
|---|---|---|
| ആപ്ലിക്കേഷന് ഓഹരിയൊന്നിന് | : | 20 രൂപ നിരക്കിൽ |
| അലോട്ട്മെന്റിന് ഓഹരിയൊന്നിന് | : | 50 രൂപ നിരക്കിൽ (പ്രീമിയം ഉൾപ്പെടെ) |
| ഫസ്റ്റ് കോളിനു ഓഹരിയൊന്നിന് | : | 20 രൂപ നിരക്കിൽ |
| സെക്കന്റ് കോളിനു ഓഹരിയൊന്നിന് | : | 30 രൂപ നിരക്കിൽ |

4,000 ഓഹരികൾക്കുള്ള അപേക്ഷകൾ ലഭിക്കുകയും 3,600 ഓഹരികൾക്കുള്ള അപേക്ഷകളിൽ ആനുപാതിക വിതരണം നടത്തുകയും ബാക്കി അപേക്ഷകൾ

നിരസിക്കുകയും ചെയ്തു. അപേക്ഷയോടൊപ്പം ലഭിച്ച തുക അലോട്ട്മെന്റ് തുക കാലാവധിയാകുന്ന തുകയോട് ക്രമീകരിച്ചു.

360 ഓഹരികൾ അനുവദിച്ച രേണുക അലോട്ട്മെന്റ് തുകയും കോൾ തുകയും അടയ്ക്കുന്നതിൽ പരാജയപ്പെട്ടതുകൊണ്ട് അവരുടെ ഓഹരികൾ കണ്ടുകെട്ടി.

200 ഓഹരികളുടെ അപേക്ഷകയായ കനക രണ്ട് കോളുകളും അടയ്ക്കുന്നതിൽ പരാജയപ്പെട്ടതിനാൽ അവരുടെ ഓഹരികൾ കൂടി കണ്ടുകെട്ടി. ഈ എല്ലാ ഓഹരികളും 80 രൂപ നിരക്കിൽ പൂർണമായും അടയ്ക്കപ്പെട്ട ഓഹരികളായി നവീന് വിറ്റു. കമ്പനിയുടെ ബുക്കിൽ ജേർണൽ എൻട്രികൾ കാണിക്കുക.

***ഉത്തരം:***

**ഗ്രാമ ലിമിറ്റഡിന്റെ ബുക്ക്**
**ജേർണൽ**

| *തീയതി* | *വിശദാംശങ്ങൾ* | *എൽ. എഫ്* | *ഡെബിറ്റ് തുക (രൂപ)* | *ക്രെഡിറ്റ് തുക (രൂപ)* |
|---|---|---|---|---|
| | ബാങ്ക് A/c Dr. | | 80,000 | |
| | To ഷെയർ ആപ്ലിക്കേഷൻ A/c | | | 80,000 |
| | (4000 ഓഹരികൾക്ക് 20 രൂപ നിരക്കിൽ അപേക്ഷത്തുക ലഭിച്ചു) | | | |
| | ഷെയർ ആപ്ലിക്കേഷൻ A/c Dr. | | 80,000 | |
| | To ഷെയർ ക്യാപ്പിറ്റൽ A/c | | | 60,000 |
| | To ഷെയർ അലോട്ട്മെന്റ് A/c | | | 12,000 |
| | To ബാങ്ക് A/c | | | 8,000 |
| | (3,000 ഓഹരികളുടെ അപേക്ഷത്തുക മൂലധന അക്കൗണ്ടിലേക്ക് മാറ്റി, 600 ഓഹരികളുടെ അപേക്ഷത്തുക അലോട്ട്-മെന്റിൽ ക്രമീകരിച്ചു, 400 ഓഹരികളുടെ അപേക്ഷത്തുക തിരികെ നൽകി) | | | |
| | ഷെയർ അലോട്ട്മെന്റ് A/c Dr. | | 1,50,000 | |
| | To ഷെയർ ക്യാപ്പിറ്റൽ A/c | | | 90,000 |
| | To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c | | | 60,000 |
| | (3,000 ഓഹരികളുടെ അനുവദിക്കൽ തുക 50 രൂപ നിരക്കിൽ പ്രീമിയം 20 രൂപ ഉൾപ്പെടെ കാലാവധിയായി) | | | |

| | | | | |
|---|---|---|---|---|
| | ബാങ്ക് A/c Dr.<br>To ഷെയർ അലോട്ട്മെന്റ് A/c<br>(അനുവദിക്കൽത്തുക ലഭിച്ചു) | | 1,21,440 | <br>1,21,440 |
| | ഷെയർ ഫസ്റ്റ്കോൾ A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>(3,000 ഓഹരികളുടെ ഒന്നാമത്തെ വിളിത്തുക 20 രൂപ നിരക്കിൽ കാലാവധിയായി) | | 60,000 | <br>60,000 |
| | ബാങ്ക് A/c Dr.<br>To ഷെയർ ഫസ്റ്റ്കോൾ A/c<br>(2,440 ഓഹരികളുടെ ഫസ്റ്റ്കോൾ തുക ലഭിച്ചു) | | 48,800 | <br>48,800 |
| | ഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>(3,000 ഓഹരികളുടെ സെക്കന്റ് കോൾ തുക 30 രൂപ നിരക്കിൽ കാലാവധിയായി) | | 90,000 | <br>90,000 |
| | ബാങ്ക് A/c Dr.<br>To ഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ A/c<br>(2,440 ഓഹരികളുടെ സെക്കന്റ് ആൻഡ് ഫൈനൽ കോൾ തുക ലഭിച്ചു) | | 73,200 | <br>73,200 |
| | ഷെയർ ക്യാപ്പിറ്റൽ A/c Dr.<br>സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c Dr.<br>To ഷെയർ അലോട്ട്മെന്റ് A/c<br>To ഷെയർ ഫസ്റ്റ്കോൾ A/c<br>To ഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ A/c<br>To ഷെയർ ഫൊർഫീറ്റഡ് A/c<br>(560 ഓഹരികളുടെ കണ്ടുകെട്ടൽ) | | 56,000<br>7,200 | <br><br>16,560<br>11,200<br>16,800<br>18,640 |

| | | | | | |
|---|---|---|---|---|---|
| | ബാങ്ക് A/c | Dr. | | 44,800 | |
| | ഷെയർ ഫൊർഫീറ്റഡ് A/c | Dr. | | 11,200 | |
| | To ഷെയർ ക്യാപ്പിറ്റൽ A/c | | | | 56,000 |
| | (560 ഓഹരികൾ പുനർവിതരണം നടത്തി) | | | | |
| | ഷെയർ ഫൊർഫീറ്റഡ് A/c | Dr. | | 7,440 | |
| | ക്യാപ്പിറ്റൽ റിസർവ് A/c | | | | 7,440 |
| | (കണ്ടുകെട്ടിയ 560 ഓഹരികൾ പുനർ വിതരണം നടത്തിയതിലുള്ള ലാഭം ക്യാപ്പിറ്റൽ റിസർവിലേക്ക് മാറ്റി) | | | | |

*പ്രവർത്തനക്കുറിപ്പ്* :

അലോട്ട്മെന്റിൽ ലഭിച്ചിരിക്കുന്ന തുക താഴെ കൊടുത്തപോലെ കണക്കാക്കിയിരുന്നു :

| | | |
|---|---|---|
| | | *രൂപ* |
| | അലോട്ട്മെന്റിൽ കാലാവധിയായ ആകെ തുക (പ്രീമിയം ഉൾപ്പെടെ) | 1,50,000 |
| *കുറവ്:* | 600 ഓഹരികളുടെ ലഭിച്ച അപേക്ഷത്തുക അലോട്ട്മെന്റ് തുകയിൽ ക്രമീകരിച്ചത് | (12,000) |
| | 3000 ഓഹരികളുടെ അലോട്ട്മെന്റിൽ കാലാവധിയായ അറ്റ തുക | 1,38,000 |
| *കുറവ്:* | രേണുകയ്ക്ക് അനുവദിച്ച 360 ഓഹരികളിൽ കാലാവധിയായ അലോട്ട്മെന്റ് തുക ലഭിക്കാതിരുന്നത് $\frac{360}{3,000} \times 1,38,000$ | (16,560) |
| | 2,640 ഓഹരികളിൽ ലഭിച്ച അറ്റ തുക | 1,21,440 |

രേണുകയുടെ കൈവശമുള്ള 360 ഓഹരികളിൽ (ഇപ്പോൾ കണ്ടുകെട്ടിയത്) അടയ്ക്കാതിരുന്ന അലോട്ട്മെന്റ് തുകയിൽ ഉൾപ്പെട്ടിരിക്കുന്ന പ്രീമിയം തുക ഓഹരിയൊന്നിന് 20 രൂപ നിരക്കിൽ നിയമാനുസരണം സെക്യൂരിറ്റീസ് പ്രീമിയം അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തിരിക്കുന്നു.

റദ്ദാക്കിയ തുക താഴെ കൊടുത്ത പോലെ കണക്കാക്കിയിരുന്നു:

| | |
|---|---|
| രേണുകയിൽ നിന്ന് ലഭിച്ച അപേക്ഷത്തുക: $\left(360 \times \frac{3,600}{3,000}\right)$ | = 432 × Rs. 20 |
| | = 8,640 രൂപ |
| രേണുകയിൽ നിന്ന് 200 ഓഹരികളിൽ ലഭിച്ച ആപ്ലിക്കേഷൻ തുകയും അലോട്ട്മെന്റ് തുകയും | Rs. 10,000 |
| കണ്ടുകെട്ടിയ ഓഹരികളിൽ ലഭിച്ച ആകെ തുക | Rs. 18,640 |

**സ്വയം ചെയ്യുക**

എക്സൽ കമ്പനി ലിമിറ്റഡ് 1,00,000 ഇക്വിറ്റി ഓഹരികൾ 10 രൂപ വിലയ്ക്ക് താഴെ പറയുന്ന പ്രകാരം അടയ്ക്കേണ്ട രീതിയിൽ വിതരണം നടത്തി:

| | | |
|---|---|---|
| അപേക്ഷയുടെ കൂടെ ഓഹരിയൊന്നിന് | : | 2.50 രൂപ നിരക്കിൽ |
| അലോട്ട്മെന്റ് സമയത്ത് ഓഹരിയൊന്നിന് | : | 2.50 രൂപ നിരക്കിൽ |
| ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ സമയത്ത് ഓഹരിയൊന്നിന് | : | 5.00 രൂപ നിരക്കിൽ |

400 ഓഹരികൾ കൈവശമുള്ള രമേശ് കോൾ പണം അടച്ചില്ല അതുകൊണ്ട് അയാളുടെ ഓഹരികൾ കണ്ടുകെട്ടി. കണ്ടുകെട്ടിയ ഓഹരികളിൽ 200 ഓഹരികൾ 8 രൂപ നിരക്കിൽ പൂർണമായും അടച്ചുതീർത്ത ഓഹരികളായി പുനർവിതരണം നടത്തി. കമ്പനിയുടെ ബുക്കിൽ ജേർണൽ എൻട്രികൾ രേഖപ്പെടുത്തുകയും ഷെയർ ക്യാപ്പിറ്റൽ അക്കൗണ്ടും ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ടും തയാറാക്കുകയും ചെയ്യുക.

**അറിവ് പരിശോധിക്കുക**

(a) 10 രൂപ വിലയുള്ള ഓഹരി 8 രൂപ വിളിക്കപ്പെടുകയും 6 അടയ്ക്കുകയും ചെയ്തത് കണ്ടുകെട്ടിയാൽ, എന്ത് തുകയ്ക്കാണ് ഓഹരി മൂലധന അക്കൗണ്ട് ഡെബിറ്റ് ചെയ്യേണ്ടത്?

(b) 10 രൂപ വിലയുള്ള ഓഹരിയിൽ 6 രൂപ അടച്ചത് കണ്ടുകെട്ടിയാൽ, അത് പുനർവിതരണം നടത്താൻ കഴിയുന്ന ഏറ്റവും കുറഞ്ഞ വിലയേതാണ്?

(c) അതുല്യ ലിമിറ്റഡ് 1,00,000 രൂപ വിലയുള്ള ഒരു പ്ലാന്റ് ആൻഡ് മെഷിനറി വാങ്ങിച്ച വകയിൽ 100 രൂപ വിലയുള്ള 1,000 ഓഹരികൾ പൂർണമായും അടയ്ക്കപ്പെട്ട ഓഹരികളായി വിതരണം നടത്തി. കമ്പനിയുടെ ജേർണലിൽ എന്ത് രേഖപ്പെടുത്തലാണ് നടത്തുക?

***നിർധാരണം 20***

സൺറൈസ് കമ്പനി ലിമിറ്റഡ് 10 രൂപ വിലയുള്ള 10,000 ഓഹരികൾ ഓഹരിയൊന്നിന് 11 രൂപ നിരക്കിൽ പൊതു വിതരണത്തിനായി വാഗ്ദാനം നൽകി. പണം താഴെ കൊടുത്ത പോലെ അടയ്ക്കേണ്ടതാണ്:

3 രൂപ അപേക്ഷ സമയത്ത്

4 രൂപ അലോട്ട്മെന്റ് സമയത്ത് (പ്രീമിയം ഉൾപ്പെടെ)

4 രൂപ ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ സമയത്ത്

12,000 ഓഹരികൾക്കുള്ള അപേക്ഷകൾ ലഭിച്ചു. ഡയറക്ടേഴ്സ് ആനുപാതിക അനുവദിക്കൽ നടത്തി.

അഹമ്മദ്, എന്ന അപേക്ഷകന്, 120 ഓഹരികൾക്കുള്ള അലോട്ട്മെന്റ് തുകയും കോൾ തുകയും അടയ്ക്കുവാൻ കഴിഞ്ഞില്ല. ബസു, 200 ഓഹരികൾ കൈവശമുള്ള ഒരാൾ, കോൾ തുക അടയ്ക്കുന്നതിൽ പരാജയപ്പെട്ടു. ഈ ഓഹരികൾ എല്ലാം പിന്നീട് കണ്ടുകെട്ടി.

കണ്ടുകെട്ടിയ ഓഹരികളിൽ, 150 ഓഹരികൾ (അഹമ്മദിന്റെ മുഴുവൻ ഓഹരികളും ഉൾപ്പെടും) ഓഹരിയൊന്നിന് 8 രൂപ നിരക്കിൽ പുനർവിതരണം നടത്തി. മുകളിൽ കൊടുത്ത ഇടപാടുകൾക്ക് ജേർണൽ എൻട്രികൾ രേഖപ്പെടുത്തി ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ട് തയാറാക്കുക.

***ഉത്തരം:***

**സൺറൈസ് കമ്പനി ലിമിറ്റഡിന്റെ ബുക്ക്**
**ജേർണൽ**

| *തീയതി* | *വിശദാംശങ്ങൾ* | *എൽ. എഫ്* | *ഡെബിറ്റ് തുക (രൂപ)* | *ക്രെഡിറ്റ് തുക (രൂപ)* |
|---|---|---|---|---|
| | ബാങ്ക് A/c Dr. | | 36,000 | |
| | To ഷെയർ ആപ്ലിക്കേഷൻ A/c | | | 36,000 |
| | (12,000 ഓഹരികൾക്ക് 3 രൂപ നിരക്കിൽ അപേക്ഷത്തുക ലഭിച്ചു) | | | |
| | ഷെയർ ആപ്ലിക്കേഷൻ A/c Dr. | | 36,000 | |
| | To ഷെയർ ക്യാപ്പിറ്റൽ A/c | | | 30,000 |
| | To ഷെയർ അലോട്ട്മെന്റ് A/c | | | 6,000 |
| | (10,000 ഓഹരികളുടെ അപേക്ഷത്തുക മൂലധന അക്കൗണ്ടിലേക്ക് മാറ്റി, ബാക്കി തുക അലോട്ട്മെന്റിലേക്കും.) | | | |
| | ഷെയർ അലോട്ട്മെന്റ് A/c Dr. | | 40,000 | |
| | To ഷെയർ ക്യാപ്പിറ്റൽ A/c | | | 30,000 |
| | To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c | | | 10,000 |

| | | | | |
|---|---|---|---|---|
| | (10,000 ഓഹരികളുടെ അനുവദിക്കൽ തുക 4 രൂപ നിരക്കിൽ പ്രീമിയം 1 രൂപ ഉൾപ്പെടെ കാലാവധിയായി) | | | |
| | ബാങ്ക് A/c Dr.<br>To ഷെയർ അലോട്ട്മെന്റ് A/c<br>(അനുവദിക്കൽത്തുക ലഭിച്ചു. കുറിപ്പ് കാണുക) | | 33,660 | 33,660 |
| | ഷെയർ ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>(10.000 ഓഹരികളുടെ ഒന്നാമത്തെ വിളി തുക 4 രൂപ നിരക്കിൽ കാലാവധിയായി) | | 40,000 | 40,000 |
| | ബാങ്ക് A/c Dr.<br>To ഷെയർ ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ A/c<br>(9,700 ഓഹരികളുടെ ഫസ്റ്റ്കോൾ തുക ലഭിച്ചു) | | 38,800 | 38,800 |
| | ഷെയർ ക്യാപ്പിറ്റൽ A/c Dr.<br>സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c Dr.<br>To ഷെയർ അലോട്ട്മെന്റ് A/c<br>To ഷെയർ ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ A/c<br>To ഷെയർ ഫൊർഫീറ്റഡ് A/c<br>(300 ഓഹരികളുടെ കണ്ടുകെട്ടൽ) | | 3,000<br>100 | 340<br>1,200<br>1,560 |
| | ബാങ്ക് A/c Dr.<br>ഷെയർ ഫൊർഫീറ്റഡ് A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>(150 ഓഹരികൾ പുനർവിതരണം നടത്തി) | | 1,200<br>300 | 1,500 |
| | ഷെയർ ഫൊർഫീറ്റഡ് A/c Dr.<br>To ക്യാപ്പിറ്റൽ റിസർവ് A/c<br>(കണ്ടുകെട്ടിയ 150 ഓഹരി പുനർവിതരണം നടത്തിയതിലുള്ള ലാഭം ക്യാപ്പിറ്റൽ റിസർവിലേക്ക് മാറ്റി) | | 360 | 360 |

**ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ട്**

Dr. Cr.

| തീയതി | വിശദാംശങ്ങൾ | എൽ എഫ് | തുക (രൂപ) | തീയതി | വിശദാംശങ്ങൾ | എൽ എഫ് | തുക (രൂപ) |
|---|---|---|---|---|---|---|---|
| | ഷെയർ ക്യാപ്പിറ്റൽ | | 300 | | സൻഡ്രീസ് | | 1,560 |
| | ക്യാപ്പിറ്റൽ റിസർവ് | | 360 | | | | |
| | ബാലൻസ് c/d | | 900 | | | | |
| | | | 1,560 | | | | 1,560 |

*പ്രവർത്തനക്കുറിപ്പ്*

1. അലോട്ട്മെന്റിൽ ലഭിച്ച തുക താഴെ കൊടുത്ത പോലെ കണക്കാക്കുന്നു.

| | (Rs.) |
|---|---|
| 10,000 ഓഹരികൾക്ക് 4 രൂപ നിരക്കിൽ കാലാവധിയായ ആകെ തുക | 40,000 |
| *കുറവ്:* 2,000 ഓഹരികളിൽ ലഭിച്ച അപേക്ഷത്തുക അലോട്ട്മെന്റ് തുകയിൽ ക്രമീകരിച്ചത് | (6,000) |
| അലോട്ട്മെന്റിൽ കാലാവധിയായ അറ്റ തുക | 34,000 |
| *കുറവ്:* 100 ഓഹരികൾ മാത്രം അനുവദിച്ച 120 ഓഹരികൾക്ക് അപേക്ഷിച്ചയാളിൽ നിന്ന് കാലാവധിയായ തുക $\frac{100}{10,000} \times 34,000$ | (340) |
| അലോട്ട്മെന്റ് സമയത്ത് ലഭിച്ച തുക. | 33,660 |

2. അലോട്ട്മെന്റ് തുക (പ്രീമിയം ഉൾപ്പെടെ) അടയ്ക്കാതിരുന്ന അഹമ്മദിന്റെ 100 ഓഹരികളുമായി ബന്ധപ്പെട്ട 100 രൂപയാണ് സെക്യൂരിറ്റീസ് പ്രീമിയം അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തിരിക്കുന്നത്.

3. ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ട് പ്രതിനിധാനം ചെയ്യുന്നത് സെക്യൂരിറ്റീസ് പ്രീമിയം ഒഴികെ കണ്ടുകെട്ടിയ ഓഹരികളിൽ കിട്ടിയിരിക്കുന്ന തുകയാണ്. ഇത് താഴെ കൊടുത്ത പോലെ കണക്കാക്കാവുന്നതാണ്

| | രൂപ |
|---|---|
| അഹമ്മദ് 120 ഓഹരികൾക്ക് ഓഹരിയൊന്നിന് 3 രൂപ നിരക്കിൽ അപേക്ഷപ്പണം അടച്ചു | 360 |
| ബസു 200 ഓഹരികൾക്ക് 6 രൂപ നിരക്കിൽ പണം അടച്ചു (അപേക്ഷപ്പണവും അലോട്ട്മെന്റ് പണവും പ്രീമിയം ഒഴികെ) | 1,200 |
| ആകെ ലഭിച്ച തുക | 1,560 |

| | രൂപ |
|---|---|
| 4. കണ്ടുകെട്ടിയ 100 ഓഹരികൾക്ക്, പുനർവിതരണം നടത്തിയത്, അഹമ്മദിൽ നിന്ന് കിട്ടിയ തുക | 360 |
| കണ്ടുകെട്ടിയ 50 ഓഹരികൾക്ക്, പുനർവിതരണം നടത്തിയത്, ബസുവിൽ നിന്ന് കിട്ടിയ തുക $\left(\frac{50}{200} \times \text{Rs. } 1{,}200\right)$ | 300 |
| കണ്ടുകെട്ടിയതും പിന്നീട് പുനർവിതരണം നടത്തിയതുമായ 150 ഓഹരികളിൽ ആകെ ലഭിച്ച തുക | 660 |
| *കുറവ്:* കണ്ടുകെട്ടിയ ഓഹരികൾ പുനർവിതരണം നടത്തിയപ്പോൾ (150× 2) നൽകിയ ഡിസ്കൗണ്ട് | 300 |
| ക്യാപ്പിറ്റൽ റിസർവിലേക്ക് മാറ്റിയ മൂലധന ലാഭം | 360 |

### *നിർധാരണം 21*

ദേവം ലിമിറ്റഡ് 10 രൂപ വിലയുള്ള 30,000 ഇക്വിറ്റി ഓഹരികൾ 4 രൂപ പ്രീമിയത്തിൽ താഴെ കൊടുത്ത രീതിയിൽ വിതരണം നടത്തുന്നതിന് ഒരു കാര്യപത്രിക ഇറക്കി.

| | | |
|---|---|---|
| അപേക്ഷയുടെ കൂടെ (പ്രീമിയം 1 രൂപ ഉൾപ്പെടെ ) | : | 3 രൂപ |
| അലോട്ട്മെന്റ് സമയത്ത് (പ്രീമിയം 1 രൂപ ഉൾപ്പെടെ | : | 4 രൂപ |
| ഫസ്റ്റ് കോൾ സമയത്ത് (പ്രീമിയം 1 രൂപ ഉൾപ്പെടെ) | : | 4 രൂപ |
| സെക്കന്റ് ആൻഡ് ഫൈനൽ കോൾ സമയത്ത് (പ്രീമിയം 1 രൂപ ഉൾപ്പെടെ) | | ബാക്കി |

45,000 ഓഹരികൾക്ക് അപേക്ഷ ലഭിച്ചു. ലഭിച്ച അപേക്ഷകളിൽ 20% നിരസിച്ചു. അവരുടെ അപേക്ഷപ്പണം തിരിച്ചു നൽകി. ബാക്കി അപേക്ഷകൾ ആനുപാതിക അനുപാതത്തിൽ വിതരണം നടത്തി.

600 ഓഹരികൾക്ക് അപേക്ഷിച്ച സുധീർ, അലോട്ട്മെന്റ് തുക അടയ്ക്കുന്നതിൽ പരാജയപ്പെട്ടു, അവരുടെ ഓഹരികൾ തുടർന്ന് കണ്ടുകെട്ടി.

750 ഓഹരികൾ അനുവദിച്ച മുരുകൻ ഫസ്റ്റ് കോൾ തുക അടയ്ക്കുന്നതിൽ പരാജയപ്പെട്ടു, അതുകൊണ്ട് അവരുടെ ഓഹരികൾ കണ്ടുകെട്ടി.

സുധീറിന്റെ കണ്ടുകെട്ടിയ ഓഹരികൾ 8 രൂപ നിരക്കിൽ മുഴുവനായും അടയ്ക്കപ്പെട്ട ഓഹരികളായി ലക്ഷ്മണിന് പുനർവിതരണം ചെയ്തു.

ബാക്കി വരുന്ന ഓഹരികളിൽ ഫൈനൽ കോൾ നടത്തി. അമിത്തിന്റെ 1,000 ഓഹരികൾ ഒഴികെ മുഴുവൻ തുകയും ലഭിച്ചു. ഈ ഓഹരികളും കണ്ടുകെട്ടി.

ഈ കണ്ടുകെട്ടിയ ഓഹരികളിൽ 1,500 ഓഹരികൾ ദേവികയ്ക്ക് 12 രൂപ നിരക്കിൽ അമിത്തിന്റെ മുഴുവൻ ഓഹരികളും ഉൾപ്പെടുത്തി, പൂർണമായും അടയ്ക്കപ്പെട്ട ഓഹരികളായി വിതരണം നടത്തി. കമ്പനിയുടെ ബുക്കിൽ ജേർണൽ എൻട്രികൾ രേഖപ്പെടുത്തുക.

***ഉത്തരം:***

**ദേവം കമ്പനി ലിമിറ്റഡിന്റെ ബുക്ക്**
**ജേർണൽ**

| *തീയതി* | *വിശദാംശങ്ങൾ* | *എൽ. എഫ്* | *ഡെബിറ്റ് തുക (രൂപ)* | *ക്രെഡിറ്റ് തുക (രൂപ)* |
|---|---|---|---|---|
| | ബാങ്ക് A/c Dr.<br>To ഇക്വിറ്റി ഷെയർ ആപ്ലി-ക്കേഷൻ A/c<br>(45,000 ഓഹരികൾക്ക് അപേക്ഷ തുക ലഭിച്ചു) | | 1,35,000 | <br><br>1,35,000 |
| | ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c<br>To ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c<br>To ബാങ്ക് A/c<br>(30,000 ഓഹരികളുടെ അപേക്ഷത്തുക മൂലധന അക്കൗണ്ടിലേക്കും സെക്യൂരിറ്റീസ് പ്രീമിയം അക്കൗണ്ടിലേക്കും മാറ്റി, 9,000 ഓഹരികൾ തിരിച്ചു നൽകുകയും അധിക തുക അലോട്ട്മെന്റിലേക്ക് ക്രമീകരിക്കുകയും ചെയ്തു) | | 1,35,000 | <br>60,000<br>30,000<br>18,000<br>27,000 |

| | | | | |
|---|---|---|---|---|
| | ഇക്വിറ്റിഷെയർ അലോട്ട്മെന്റ് A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c<br>(30,000 ഓഹരികളുടെ അനുവദിക്കൽ തുക 4 രൂപ നിരക്കിൽ പ്രീമിയം 1 രൂപ ഉൾപ്പെടെ കാലാവധിയായി) | | 1,20,000<br>90,000 | <br><br>30,000 |
| | ബാങ്ക് A/c Dr.<br>To ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c<br>(സുധീറിന്റെ ഓഹരികളൊഴികെ അധികം ലഭിച്ച അപേക്ഷത്തുക ക്രമീകരിച്ചതിനുശേഷമുള്ള അലോട്ട്മെന്റ് തുക ലഭിച്ചു.) | | 1,00,300 | <br>1,00,300 |
| | ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c Dr.<br>സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c Dr.<br>To ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് A/c<br>To ഷെയർ ഫൊർഫീറ്റഡ് A/c<br>(സുധീറിന്റെ 500 ഓഹരികൾ കണ്ടുകെട്ടി) | | 2,500<br>500 | <br><br>1,700<br>1,300 |
| | ഇക്വിറ്റി ഷെയർ ഫസ്റ്റ് കോൾ A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c<br>(29.500 ഓഹരികളുടെ ഒന്നാമത്തെ വിളി തുക കാലാവധിയായി) | | 1,18,000 | <br>88,500<br>29,500 |
| | ബാങ്ക് A/c Dr.<br>To ഇക്വിറ്റി ഷെയർ ഫസ്റ്റ് കോൾ A/c<br>(28,750 ഓഹരികളുടെ ഫസ്റ്റ്കോൾ തുക ലഭിച്ചു) | | 1,15,000 | <br>1,15,000 |
| | ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c Dr.<br>സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c Dr.<br>To ഇക്വിറ്റി ഷെയർ ഫസ്റ്റ്കോൾ A/c<br>To ഷെയർ ഫൊർഫീറ്റഡ് A/c<br>(മുരുകന്റെ 750 ഓഹരികളുടെ കണ്ടു-കെട്ടൽ) | | 6,000<br>750 | <br><br>3,000<br>3,750 |

| | | | | |
|---|---|---|---|---|
| | ബാങ്ക് A/c Dr.<br>ഷെയർ ഫൊർഫീറ്റഡ് A/c Dr.<br>To ഷെയർ ക്യാപ്പിറ്റൽ A/c<br>(സുധീറിന്റെ 500 ഓഹരികൾ പുനർ-വിതരണം നടത്തി) | | 4,000<br>1,000 | <br><br>5,000 |
| | ഷെയർ ഫൊർഫീറ്റഡ് A/c Dr.<br>To ക്യാപ്പിറ്റൽ റിസർവ്<br>(കണ്ടുകെട്ടിയ 500 ഓഹരി പുനർ-വിതരണം നടത്തിയതിലുള്ള ലാഭം ക്യാപ്പിറ്റൽ റിസർവിലേക്ക് മാറ്റി) | | 300 | <br>300 |
| | ഇക്വിറ്റി ഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c<br>(28.750 ഓഹരികളുടെ സെക്കന്റ് ആൻഡ് ഫൈനൽ കോൾ തുക കാലാവധിയായി) | | 86,250 | <br>57,500<br>28,750 |
| | ബാങ്ക് A/c Dr.<br>To ഇക്വിറ്റി ഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ A/c<br>(27.750 ഓഹരികളുടെ സെക്കന്റ് ആൻഡ് ഫൈനൽ കോൾ. ഫൈനൽ കോൾ തുക ലഭിച്ചു) | | 83,250 | <br>83,250 |
| | ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c Dr.<br>സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c Dr.<br>To ഇക്വിറ്റി ഷെയർ സെക്കന്റ് ആൻഡ് ഫൈനൽ കോൾ A/c<br>To ഷെയർ ഫൊർഫീറ്റഡ് A/c<br>(അമിത്തിന്റെ 1,000 ഓഹരികളുടെ കണ്ടുകെട്ടൽ) | | 10,000<br>1,000 | <br><br>3,000<br>8,000 |

| | | | | |
|---|---|---|---|---|
| | ബാങ്ക് A/c Dr.<br>To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ A/c<br>To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് A/c<br>(കണ്ടുകെട്ടിയ 1,500 ഓഹരികൾ 12 രൂപ നിരക്കിൽ പുനർവിതരണം നടത്തി) | | 18,000 | <br>15,000<br>3,000 |
| | ഷെയർ ഫൊർഫീറ്റഡ് A/c Dr.<br>To ക്യാപ്പിറ്റൽ റിസർവ് A/c<br>(കണ്ടുകെട്ടിയ 1,500 ഓഹരി പുനർ-വിതരണം നടത്തിയതിലുള്ള ലാഭം ക്യാപ്പിറ്റൽ റിസർവിലേക്ക് മാറ്റി) | | 10,500 | <br>10,500 |

*പ്രവർത്തനക്കുറിപ്പ്* :

| | |
|---|---|
| 1. അലോട്ട്മെന്റിൽ ലഭിച്ച തുക | *രൂപ* |
| a. അലോട്ട്മെന്റിൽ കാലാവധിയായ തുക | |
| 30,000 ഓഹരികൾ × 4 രൂപ നിരക്കിൽ | <u>1,20,000</u> |
| b. അലോട്ട്മെന്റിൽ യഥാർത്ഥത്തിൽ കാലാവധിയായ തുക | |
| അലോട്ട്മെന്റിൽ കാലാവധിയായ തുക | 1,20,000 |
| *കുറവ് :* അധിക അപേക്ഷത്തുക അലോട്ട്മെന്റിൽ ക്രമീകരിച്ചത് | <u>18,000</u> |
| യഥാർത്ഥത്തിൽ കാലാവധിയായ തുക | <u>1,02,000</u> |
| c. സുധീറിൽ നിന്ന് കാലാവധിയായ അലോട്ട്മെന്റ് തുക | |
| സുധീർ അപേക്ഷിച്ച ഓഹരികൾ = 600 | |
| സുധീറിന് അനുവദിച്ച ഓഹരികൾ = $\frac{30000}{36000} \times 600 = 500$ | |
| സുധീറിൽ നിന്ന് കാലാവധിയായ അലോട്ട്മെന്റ് തുക | |
| 500 ഓഹരികൾ × 4 രൂപ നിരക്കിൽ | 2,000 |
| *കുറവ് :* അപേക്ഷത്തുക അധികം അടച്ചത് | |
| (600 ഓഹരികൾ – 500 ഓഹരികൾ) × 3 രൂപ | <u>300</u> |
| സുധീറിൽ നിന്ന് കാലാവധിയായ അലോട്ട്മെന്റ് തുക | <u>1,700</u> |

| | |
|---|---|
| d. അലോട്ട്മെന്റിൽ യഥാർഥത്തിൽ കാലാവധിയായ തുക | 1,02,000 |
| *കുറവ് :* സുധീർ അടയ്ക്കാത്ത തുക | 1,700 |
| അലോട്ട്മെന്റിൽ ലഭിച്ച തുക | 1,00,300 |

2. അമിത്തിന്റെ 1000 ഓഹരികളും മുരുകന്റെ 500 ഓഹരികളും ഉൾപ്പെടെ 1500 ഓഹരികൾ പുനർവിതരണം നടത്തി.

| | |
|---|---|
| അമിത്തിന്റെ 1000 ഓഹരികളിലുണ്ടായ ലാഭം | 8,000 |
| മുരുകന്റെ 500 ഓഹരികളിലുണ്ടായ ലാഭം = $\frac{3750}{750} \times 500 =$ | 2,500 |
| | 10,500 |

3. മുരുകന്റെ 250 ഓഹരികളുടെ ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ട് ബാക്കി = $\frac{3750}{750} \times 250 =$ 1,250

## സ്വയം ചെയ്യുക

**താഴെ കൊടുത്തവയ്ക്ക് ജേർണൽ എൻട്രികൾ നൽകുക:**

(a) ഒരു കമ്പനിയുടെ ഡയറക്ടർമാർ കണ്ടുകെട്ടിയ 10 രൂപ വിലയുള്ള 200 ഇക്വിറ്റി ഓഹരികളുടെ 800 രൂപ അടച്ചിരുന്നു. ഈ ഓഹരികൾ 1500 രൂപയ്ക്ക് പുനർവിതരണം നടത്തി.

(b) ഗണേഷിന്റെ കൈവശമുള്ള 10 രൂപ വിലയുള്ള 100 ഓഹരികളിൽ അയാൾ ഓഹരിയൊന്നിന് 1 രൂപ നിരക്കിൽ അപേക്ഷപ്പണം അടച്ചു. ബിനു അയാളുടെ കൈവശമുള്ള 10 രൂപ വിലയുള്ള 200 ഓഹരികളിൽ ഓഹരിയൊന്നിന് 1 രൂപ നിരക്കിൽ അപേക്ഷപ്പണവും ഓഹരിയൊന്നിന് 2 രൂപ നിരക്കിൽ അലോട്ട്മെന്റ് പണവും അടച്ചു. ചാണ്ടിയുടെ കൈവശമുള്ള 10 രൂപ വിലയുള്ള 300 ഓഹരികളിൽ ഓഹരിയൊന്നിന് 1 രൂപ നിരക്കിൽ അപേക്ഷപ്പണവും ഓഹരിയൊന്നിന് 2 രൂപ നിരക്കിൽ അലോട്ട്മെന്റ് പണവും ഓഹരിയൊന്നിന് 3 രൂപ നിരക്കിൽ ഫസ്റ്റ് കോൾ പണവും അടച്ചു. എല്ലാവരും അവരുടെ ഓഹരിമേലുള്ള കുടിശ്ശികയും സെക്കന്റ് കോൾ പണം 4 രൂപയും അടയ്ക്കുന്നതിൽ പരാജയപ്പെട്ടു. ഗണേഷ്, ബിനു, ചാണ്ടി എന്നിവരുടെ എല്ലാ ഓഹരികളും കണ്ടുകെട്ടുകയും തുടർന്ന് ഓഹരിയൊന്നിന് 11 രൂപ നിരക്കിൽ പൂർണമായും അടയ്ക്കപ്പെട്ട ഓഹരികളായി പുനർവിതരണവും നടത്തുകയും ചെയ്തു.

**പാഠഭാഗത്തെ മുഖ്യപദങ്ങൾ**

1. ജോയിന്റ് സ്റ്റോക്ക് കമ്പനി (Joint Stock Company)
2. ഓഹരി മൂലധനം (Share Capital)
3. അംഗീകൃത മൂലധനം (Authorised Capital)
4. പുറപ്പെടുവിച്ച മൂലധനം (Issued Capital)
5. പുറപ്പെടുവിക്കാത്ത മൂലധനം (Unissued Capital)
6. ഏറ്റെടുത്ത മൂലധനം (Subscribed Capital)
7. ഏറ്റെടുത്തതും മുഴുവനായും അടച്ചതും (Subscribed and fully paid-up)
8. ഏറ്റെടുത്തതും മുഴുവനായും അടച്ചു തീർക്കാത്തതും (Subscribed but not fully paid up)
9. അടച്ചുതീർത്ത മൂലധനം (Paid-up Capital)
10. കരുതൽ മൂലധനം (Reserve Capital)
11. ഓഹരികൾ (Shares)
12. മുൻഗണന ഓഹരികൾ (Preference Shares)
13. വീണ്ടെടുക്കാനാവാത്ത മുൻഗണന ഓഹരികൾ (Non-redeemable Preference Shares)
14. ഇക്വിറ്റി ഓഹരികൾ (Equity Shares)
15. പണമല്ലാതെ മറ്റു പ്രതിഫലങ്ങൾക്ക് നൽകുന്ന ഓഹരികൾ (Issue of Shares for Consideration Other than Cash)
16. ഓഹരികളുടെ പ്രീമിയം (Premium on Shares)
17. അപേക്ഷപ്പണം (Application Money)
18. കുറഞ്ഞ ഏറ്റെടുക്കൽ (Minimum Subscription)
19. ഓഹരി വിളികൾ (Calls on Shares)
20. വിളിക്കുടിശ്ശിക (Calls in Arrears)
21. മുൻകൂർ വിളിത്തുക (Calls in Advance)
22. അമിത ഏറ്റെടുക്കൽ (Over subscription)
23. അപര്യാപ്ത ഏറ്റെടുക്കൽ (Under subscription)
24. ഓഹരി കണ്ടുകെട്ടൽ (Forfeiture of Shares)
25. കണ്ടുകെട്ടിയ ഓഹരികളുടെ പുനർവിതരണം (Reissue of forfeited shares)
26. ഓഹരികൾ തിരികെ വാങ്ങൽ (Buy-back of Shares)

**പഠനനേട്ടങ്ങൾ അടിസ്ഥാനമാക്കിയുള്ള സംഗ്രഹം**

***കമ്പനി** (Company):* കമ്പനിയുടെ ഓഹരികൾ കൈവശം വയ്ക്കുന്നതുകൊണ്ട് ഓഹരിയുടമകൾ എന്ന് വിളിക്കുന്ന വ്യക്തികൾ അടങ്ങുന്ന ഒരു സംഘടന, അതിന്റെ ബിസിനസുമായി ബന്ധപ്പെട്ട ഡയറക്ടർ ബോർഡിലൂടെ ഒരു നിയമപരമായ വ്യക്തിയായി പ്രവർത്തിക്കുന്നു.

***ഓഹരി** (Share):* മൂലധനത്തിന്റെ ഘടകഭാഗം, കമ്പനിയുടെ ഉടമസ്ഥാവകാശത്തിന്റെ അടിസ്ഥാനം. 2013 ലെ കമ്പനി നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് പൊതുവെ രണ്ട് വിധത്തിലുള്ള ഓഹരികളാണുള്ളത്, അതായത് ഇക്വിറ്റി ഓഹരികളും മുൻഗണന ഓഹരികളും. മുൻഗണന ഓഹരികൾ അവയുമായി ബന്ധപ്പെട്ട അധികാരങ്ങളുടെ അടിസ്ഥാനത്തിൽ വീണ്ടും വിവിധ വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു.

കമ്പനിയുടെ ഓഹരി മൂലധനം (Share capital of company) ഓഹരികൾ ഒരു വിഭാഗം ആളുകൾക്ക് സ്വകാര്യ വിതരണത്തിലൂടെ (Private placement) നൽകിയോ അല്ലെങ്കിൽ വാങ്ങുന്നതിനുവേണ്ടി പൊതുജനങ്ങൾക്ക് വാഗ്ദാനം (Public issue) നല്കുന്നതിലൂടെയോ ശേഖരിക്കാവുന്നതാണ്. അതുകൊണ്ട്, ഓഹരി വിതരണമാണ് കമ്പനിയുടെ മൂലധനത്തിന്റെ അടിസ്ഥാനം. ഓഹരികൾ പണത്തിനുവേണ്ടിയോ പണമല്ലാതെ മറ്റു പ്രതിഫലത്തിനു വേണ്ടിയോ വിതരണം നടത്താവുന്നതാണ്, ആദ്യത്തെ രീതിയാണ് സാധാരണ ഉപയോഗിക്കുന്നത്. ഓഹരികൾ പണമല്ലാത്ത പ്രതിഫലത്തിന് നൽകുന്നത്, ഒരു ബിസിനസ് സ്ഥാപനത്തിന് ആസ്തികൾ വിൽക്കുന്നയാൾ അതിന്റെ വില കമ്പനിയുടെ പൂർണമായും അടയ്ക്കപ്പെട്ട ഓഹരികളായി സ്വീകരിക്കുവാൻ തയാറാകുമ്പോളാണ്.

***ഓഹരി വിതരണത്തിന്റെ ഘട്ടങ്ങൾ** (Stages of Share Issue)* : പണത്തിനായുള്ള ഓഹരി വിതരണം അതുമായി ബന്ധപ്പെട്ട നിയമപരമായ നടപടിക്രമങ്ങൾ കർശനമായി പാലിച്ചുകൊണ്ട് മാത്രമെ നടപ്പിലാക്കുവാൻ പാടുള്ളൂ. പണത്തിനുവേണ്ടി വിതരണം ചെയ്യുന്ന ഓഹരികളുടെ തുക താഴെ കൊടുത്ത ഒന്നോ അതിലധികമോ ഘട്ടങ്ങളിലൂടെ ശേഖരിക്കുവാൻ കഴിയുന്നതാണ്:

(i) ഓഹരിക്കുള്ള അപേക്ഷ സമയത്ത്
(ii) ഓഹരികൾ അനുവദിക്കുമ്പോൾ
(iii) ഓഹരികളിന്മേലുള്ള വിളികളിൽ

***വിളിക്കുടിശ്ശിക** (Calls -in-Areas):* അനുവദിക്കൽ സമയത്തോ ഓഹരിവിളി സമയത്തോ എല്ലാ ഓഹരിയുടമകളിൽ നിന്നും മുഴുവൻ തുകയും ലഭിക്കണമെന്നില്ല. അങ്ങനെ ലഭിക്കാതിരിക്കുന്ന തുകയെ വിളിക്കുടിശ്ശിക എന്ന് വിളിക്കുന്നു. കമ്പനി വിളിക്കുടിശ്ശികയ്ക്ക് പ്രത്യേകം അക്കൗണ്ട് സൂക്ഷിക്കണമെന്ന് നിർബന്ധമില്ല. ചില ഓഹരിയുടമകൾ അവർക്ക് അനുവദിച്ച ഓഹരികളിൽ ഒരു ഭാഗമോ മുഴുവനായോ വിളിക്കാത്ത വിളിത്തുക

മുൻകൂറായി അടയ്ക്കുന്ന സാഹചര്യങ്ങളും ഉണ്ടാകാറുണ്ട്. ഒരു ഓഹരിയുടമ അയാളുടെ കാലാവധിയാകാത്ത അലോട്ട്മെന്റ്/കോൾ തുക അടയ്ക്കുകയാണെകിൽ അതിനെ മുൻകൂർ വിളിത്തുക (കാൾസ് ഇൻ അഡ്വാൻസ്) എന്ന് വിളിക്കുന്നു. അതിനു പ്രത്യേകം അക്കൗണ്ട് സൂക്ഷിക്കേണ്ടതാണ്. ഒരു കമ്പനിക്ക് വിളിക്കുടിശ്ശികമേൽ പലിശ ഈടാക്കാനുള്ള അധികാരമുണ്ട്. അതുപോലെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ വ്യവസ്ഥകൾ അനുസരിച്ച്, മുൻകൂർ വിളിത്തുക മേൽ പലിശ നൽകുവാനുള്ള ബാധ്യതയും കമ്പനിക്കുണ്ട്.

***അമിത ഏറ്റെടുക്കൽ*** *(over subscription):* കമ്പനി വാങ്ങുന്നതിനു വേണ്ടി പൊതുജനങ്ങൾക്ക് വാഗ്ദാനം നൽകിയതിനെക്കാൾ കൂടുതൽ ഓഹരികൾക്ക് അപേക്ഷകൾ ലഭിക്കുകയാണെങ്കിൽ അത്തരം സാഹചര്യത്തെ അമിത ഏറ്റെടുക്കൽ എന്നറിയപ്പെടുന്നു.

കുറഞ്ഞ ഏറ്റെടുക്കലുകളിൽ 90% വരെ അപേക്ഷ ലഭിക്കുന്നില്ലെങ്കിൽ വിതരണം ഒഴിവാക്കേണ്ടി വരും. കമ്പനി വാഗ്ദാനം നൽകിയതിനെക്കാൾ കുറവാണ് അപേക്ഷ ലഭിക്കുന്നതെങ്കിൽ അതിനെ അപര്യാപ്ത ഏറ്റെടുക്കൽ എന്ന് പറയുന്നു.

***ഓഹരി വിതരണം പ്രീമിയത്തിൽ*** *(Issue of Shares at Premium):* ഓഹരികൾ പണമല്ലാത്ത പ്രതിഫലത്തിന് നൽകുന്ന സാഹചര്യങ്ങളിൽ ഉൾപ്പെടെ അത് മുഖ വിലയ്ക്കോ പ്രീമിയത്തിലോ നൽകാവുന്നതാണ്. ഓഹരികൾ അതിന്റെ യഥാർഥ വിലയ്ക്ക് നൽകുകയാണെങ്കിൽ അതിനെ ഓഹരികളുടെ മുഖവിലയ്ക്കുള്ള വിതരണമെന്നു പറയുന്നു. ഓഹരികൾ പ്രീമിയത്തിൽ നൽകുന്ന സാഹചര്യങ്ങളിൽ, അതായത്, മുഖ വിലയെക്കാൾ കൂടിയ വിലയ്ക്ക്, പ്രീമിയം തുക 'സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ട്' എന്ന പ്രത്യേകം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ടതും അതിന്റെ ഉപയോഗം നിയമപ്രകാരം കർശനമായി നിയന്ത്രിക്കേണ്ടതുമാണ്.

***ഓഹരികളുടെ ഡിസ്കൗണ്ടിലുള്ള വിതരണം*** *(Issue of Shares at Discount):* ഓഹരികൾ ഡിസ്കൗണ്ടിൽ വിതരണം നടത്തുവാൻ കഴിയും, അതായത്, ഇതുമായി ബന്ധപ്പെട്ട നിയമപരമായ എല്ലാ നടപടികളും പൂർത്തീകരിച്ചതിനുശേഷം ഓഹരിയുടെ മുഖ വിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് ഓഹരികൾ വിതരണം നടത്തുന്നു. ഇത്തരം നിയമ നടപടികൾക്കപ്പുറം, സാധാരണയായി, ഒരു കമ്പനിക്ക് ഓഹരികൾ ഡിസ്കൗണ്ടിൽ വിതരണം ചെയ്യുവാൻ സാധ്യമല്ല. 2013 ലെ കമ്പനി നിയമം അനുസരിച്ച് വിയർപ്പ് ഇക്വിറ്റി (Sweat equity) ഓഹരികൾ മാത്രമെ ഡിസ്കൗണ്ടിൽ വിതരണം നടത്തുവാൻ സാധിക്കുകയുള്ളു. ഓഹരികൾ (Sweat equity) ഡിസ്കൗണ്ടിൽ വിതരണം നടത്തുമ്പോൾ, 'ഡിസ്കൗണ്ട് ഓൺ ഇഷ്യു ഓഫ് ഷെയർ അക്കൗണ്ട്' ഡെബിറ്റ് ചെയ്യേണ്ടതാണ്. ഇത് കമ്പനിയെ സംബന്ധിച്ച് മൂലധന നഷ്ടത്തിന്റെ സ്വഭാവമുള്ളതാണ്.

***ഓഹരി കണ്ടുകെട്ടൽ*** *(Forfeiture of shares):* ചില സമയങ്ങളിൽ ഓഹരിയുടമകൾ അവർക്ക് അനുവദിച്ച ഓഹരികളിൽ ഒന്നോ അതിലധികമോ തവണകൾ അടയ്ക്കുന്നതിൽ

പരാജയപ്പെടാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ, വീഴ്ച വരുത്തിയവരുടെ ഓഹരികൾ റദ്ദാക്കുന്നതിനുള്ള അധികാരം കമ്പനിക്കുണ്ട്. ഇതിനെ ഓഹരി കണ്ടുകെട്ടൽ എന്ന് വിളിക്കുന്നു. കണ്ടുകെട്ടൽ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് കരാർ ലംഘനം നടത്തിയതിനാൽ ഓഹരികളുടെ അനുമതി റദ്ദാക്കലും അങ്ങനെയുള്ള ഓഹരികളിന്മേൽ നേരത്തെ അടച്ച തുക കമ്പനിക്ക് അടിയറവച്ചതായി കണക്കാക്കുന്നതുമാണ്. ഓഹരി കണ്ടുകെട്ടലുമായി ബന്ധപ്പെട്ട പ്രത്യേക അക്കൗണ്ടിംഗ് ക്രമീകരണം, ഓഹരി വിതരണം നടത്തിയത് മുഖവിലയ്ക്കാണോ, പ്രീമിയത്തിലാണോ, ഡിസ്കൗണ്ടിലാണോ എന്ന വ്യവസ്ഥകൾക്ക് അനുസരിച്ചാണ്. പൊതുവെ പറയുകയാണെങ്കിൽ, കണ്ടുകെട്ടലിന്റെ ക്രമീകരണംവരെ നടത്തിയിരിക്കുന്ന എൻട്രികൾ എതിർദിശയിലേക്ക് മാറ്റിയെഴുതുകയാണ് ചെയ്യേണ്ടത്. ഓഹരികളിൽ നേരത്തെ ലഭിച്ചിരിക്കുന്ന തുക ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നു.

***ഓഹരികളുടെ പുനർവിതരണം*** *(Re-issue of Shares):* ഒരിക്കൽ കണ്ടുകെട്ടിയ ഓഹരികൾ വീണ്ടും വിതരണം നടത്തുന്നതിനുള്ള അധികാരം അതുമായി ബന്ധപ്പെട്ട് ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി കമ്പനിയുടെ മാനേജ്മെന്റിൽ നിക്ഷിപ്തമായിരിക്കുന്നു. പുനർവിതരണം നടത്തുന്ന ഓഹരിയുടെ ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ടിലുള്ള ക്രെഡിറ്റ് ബാക്കിയിൽ വരുന്ന തുകയിൽ കൂടാതെ ഡിസ്കൗണ്ട് തുക അനുവദിച്ചു കൊണ്ട് ഓഹരികൾ ഡിസ്കൗണ്ടിലും പുനർ വിതരണം നടത്താവുന്നതാണ്. ആയതുകൊണ്ട്, കണ്ടുകെട്ടിയ ഓഹരികളുടെ പുനർ വിതരണ സമയത്ത് അനുവദിക്കുന്ന ഡിസ്കൗണ്ട് ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്.

ഒരിക്കൽ കണ്ടുകെട്ടിയ മുഴുവൻ ഓഹരികളും പുനർവിതരണം നടത്തിക്കഴിഞ്ഞാൽ, ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ടിലുള്ള ക്രെഡിറ്റ് ബാക്കിത്തുക, കണ്ടുകെട്ടിയ ഓഹരിമേലുള്ള ലാഭമായി പരിഗണിച്ച് ക്യാപ്പിറ്റൽ റിസർവ് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്. കണ്ടുകെട്ടിയ എല്ലാ ഓഹരികളും പുനർവിതരണം നടത്തിയില്ലെങ്കിൽ, പുനർവിതരണം നടത്താത്ത ഓഹരികളുടെ വിഹിതം മാറ്റിവച്ചുകൊണ്ട് ബാക്കി വരുന്ന തുക മാത്രം ക്യാപ്പിറ്റൽ റിസർവിലേക്ക് മാറ്റേണ്ടതാണ്.

## പരിശീലന ചോദ്യങ്ങൾ (Questions for Practice)

### ഹ്രസ്വോത്തര ചോദ്യങ്ങൾ (Short Answer Questions)

1. എന്താണ് പൊതു കമ്പനികൾ?
2. എന്താണ് സ്വകാര്യ കമ്പനി?
3. ഓഹരികൾ കണ്ടുകെട്ടുവാൻ കഴിയുന്നതെപ്പോഴാണ്?
4. വിളിക്കുടിശ്ശിക എന്നതു കൊണ്ട് അർത്ഥമാക്കുന്നത് എന്താണ്?
5. ലിസ്റ്റ് ചെയ്ത കമ്പനി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്?

6. സെക്യൂരിറ്റീസ് പ്രീമിയം എന്തൊക്കെ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കാൻ കഴിയുന്നത്.
7. മുൻകൂർ വിളി എന്നതുകൊണ്ട് അർഥമാക്കുന്നത് എന്താണ്?
8. കുറഞ്ഞ ഏറ്റെടുക്കലിനെക്കുറിച്ച് ഒരു ചെറു വിവരണം എഴുതുക.

## ദീർഘോത്തര ചോദ്യങ്ങൾ (Long Answer Questions)

1. കമ്പനി എന്ന പദം കൊണ്ട് അർഥമാക്കുന്നതെന്താണ്? അതിന്റെ സവിശേഷതകൾ വിശദീകരിക്കുക.
2. കമ്പനിയുടെ ഓഹരി മൂലധനം പ്രധാനമായും ഏതൊക്കെ വിഭാഗങ്ങളിലായാണ് വിഭജിച്ചിരിക്കുന്നതെന്ന് ചുരുക്കി വിവരിക്കുക.
3. ഓഹരിയെന്ന പദം കൊണ്ട് അർഥമാക്കുന്നതെന്താണ്? 2013 ലെ കമ്പനി നിയമ ഭേദഗതിപ്രകാരം ഏതൊക്കെ തരത്തിലുള്ള ഓഹരികളാണ് വിതരണം ചെയ്യുവാൻ സാധിക്കുകയെന്ന് ചർച്ച ചെയ്യുക.
4. അമിത ഏറ്റെടുക്കൽ സന്ദർഭങ്ങളിൽ കമ്പനിയുടെ ഓഹരി അനുവദിക്കലിന്റെ നടപടിക്രമങ്ങൾ ചർച്ച ചെയ്യുക.
5. മുൻഗണന ഓഹരികൾ എന്നാലെന്താണ്? വിവിധ തരം മുൻഗണന ഓഹരികൾ വിശദീകരിക്കുക.
6. വിളിക്കുടിശ്ശികയും മുൻകൂർ വിളിയുമായി ബന്ധപ്പെട്ട നിയമപരമായ വ്യവസ്ഥകൾ വിശദീകരിക്കുക.
7. അമിത ഏറ്റെടുക്കൽ, അപര്യാപ്ത ഏറ്റെടുക്കൽ എന്നീ പദങ്ങൾ വിശദീകരിക്കുക. അവ അക്കൗണ്ടിംഗ് രേഖകളിൽ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത്?
8. സെക്യൂരിറ്റീസ് പ്രീമിയം തുക ഏതൊക്കെ ആവശ്യങ്ങൾക്കാണ് ഒരു കമ്പനിക്ക് ഉപയോഗിക്കുവാൻ സാധിക്കുക എന്ന് വിശദീകരിക്കുക.
9. ഒരു കമ്പനിക്ക് ഏതൊക്കെ സാഹചര്യങ്ങളിലാണ് ഓഹരികൾ ഡിസ്കൗണ്ടിൽ വിതരണം നടത്താൻ സാധിക്കുകയെന്ന് വിശദീകരിക്കുക.
10. ഓഹരി കണ്ടുകെട്ടൽ എന്ന പദം വിശദീകരിക്കുക. കണ്ടുകെട്ടലിന്റെ അക്കൗണ്ടിംഗ് ക്രമീകരണവും വിശദീകരിക്കുക.

## സംഖ്യാപരമായ ചോദ്യങ്ങൾ *(Numerical Questions)*

1. അനീഷ് ലിമിറ്റഡ് 30,000 ഇക്വിറ്റി ഓഹരികൾ 100 രൂപ വിലയ്ക്ക് 30 രൂപ അപേക്ഷയുടെ കൂടെ 50 രൂപ അലോട്ട്മെന്റിൽ, 20 രൂപ ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ സമയത്ത് അടയ്ക്കുന്ന രീതിയിൽ പുറപ്പെടുവിച്ചു. എല്ലാ തുകയും കൃത്യമായി ലഭിച്ചു. ഈ ഇടപാടുകൾ കമ്പനിയുടെ ജേർണലിൽ രേഖപ്പെടുത്തുക.

2. ആദർശ് ലിമിറ്റഡ് 30,000 ഓഹരികൾ 10 രൂപ വിലയോടുകൂടി 3,00,000 രൂപ അംഗീകൃത മൂലധനം രജിസ്റ്റർ ചെയ്തു. അത് പൊതു ജനങ്ങൾക്ക് 3 രൂപ അപേക്ഷയുടെ കൂടെ

4 രൂപ അലോട്ട്മെന്റിൽ, 3 രൂപ ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ സമയത്ത് അടയ്ക്കുന്ന രീതിയിൽ നൽകുന്നു. ഈ ഓഹരികൾ മുഴുവനായും വാങ്ങുകയും മുഴുവൻ തുകയും ലഭിക്കുകയും ചെയ്തു. ജേർണലും ക്യാഷ് ബുക്കും തയാറാക്കുക.

3. അപേക്ഷത്തുക 40 രൂപ, അലോട്ട്മെന്റ് തുക 30 രൂപ, കോൾ തുക 30 രൂപ എന്നിങ്ങനെ അടയ്ക്കുന്ന രീതിയിൽ 100 രൂപ വിലയുള്ള 20,000 ഇക്വിറ്റി ഓഹരികൾ വിതരണം ചെയ്യുന്നതിന് സോഫ്റ്റ്‌വെയർ സൊല്യൂഷൻസ് ഇന്ത്യ ലിമിറ്റഡ് അപേക്ഷ വിളിച്ചു. കമ്പനിക്ക് 32,000 ഓഹരികൾക്കുള്ള അപേക്ഷകൾ ലഭിച്ചു. 2,000 ഓഹരികൾക്കുള്ള അപേക്ഷകൾ നിരസിക്കുകയും അപേക്ഷത്തുക അപേക്ഷകർക്ക് തിരിച്ചു നൽകുകയും ചെയ്തു. 10,000 ഓഹരികൾക്കുള്ള അപേക്ഷകൾ പൂർണമായും സ്വീകരിക്കുകയും 20,000 ഓഹരികൾക്കുള്ള അപേക്ഷകർക്ക് അപേക്ഷിച്ച ഓഹരിയുടെ പകുതി അനുവദിക്കുകയും അധികം വരുന്ന അപേക്ഷത്തുക അലോട്ട്മെന്റ് തുകയിൽ ക്രമീകരിക്കുകയും ചെയ്തു. അലോട്ട്മെന്റിലും കോളിലും കാലാവധിയായ മുഴുവൻ തുകയും ലഭിച്ചു. ജേർണലും ക്യാഷ് ബുക്കും തയാറാക്കുക.

4. റോയൽ ലിമിറ്റഡ് 100 രൂപ വിലയുള്ള 10,000 ഓഹരികൾ, ആപ്ലിക്കേഷൻ തുക ഓഹരിയൊന്നിന് 20 രൂപ നിരക്കിൽ, അലോട്ട്മെന്റ് തുക ഓഹരിയൊന്നിന് 30 രൂപ നിരക്കിൽ, ബാക്കി രണ്ട് കോളുകൾ ഓഹരിയൊന്നിന് 25 രൂപ നിരക്കിൽ എന്നിങ്ങനെ ശേഖരിക്കുന്ന തരത്തിൽ വിതരണം നടത്തി. ആപ്ലിക്കേഷൻ തുകയും അലോട്ട്മെന്റ് തുകയും കൃത്യമായി ലഭിച്ചു. ഒന്നാമത്തെ കോളിൽ, 200 ഓഹരികൾ കൈവശമുള്ള ഒരംഗം ഒഴികെ എല്ലാവരും പണം അടച്ചു. പക്ഷേ, 500 ഓഹരികൾ കൈവശമുള്ള മറ്റൊരംഗം ബാക്കിയുള്ള കോൾത്തുക മുഴുവനായും അടച്ചു. ഫൈനൽ കോൾ ഇതുവരെ നടത്തിയില്ല. ജേർണൽ എൻട്രികൾ എഴുതുകയും ക്യാഷ് ബുക്ക് തയാറാക്കുകയും ചെയ്യുക.

5. മോഹൻ ലിമിറ്റഡ് 100 രൂപ വിലയുള്ള 20,000 ഓഹരികൾ, ഓഹരിയൊന്നിന് 110 രൂപ നിരക്കിൽ, ആപ്ലിക്കേഷൻ 30 രൂപ, അലോട്ട്മെന്റ് 40 രൂപ (പ്രീമിയം ഉൾപ്പെടെ), ഫസ്റ്റ് കോൾ 20 രൂപ, ഫൈനൽ കോൾ 20 രൂപ എന്നീ നിരക്കിൽ വിതരണം നടത്തി. 24,000 ഓഹരികൾക്ക് അപേക്ഷ ലഭിക്കുകയും 20,000 ഓഹരികൾ അനുവദിക്കുകയും 4,000 ഓഹരികൾ നിരസിക്കുകയും അവയുടെ പണം തിരിച്ചേൽപ്പിക്കുകയും ചെയ്തു. എല്ലാ പണവും കൃത്യമായി ലഭിച്ചു. ഓഹരി ഇടപാടുകളുടെ ജേർണൽ എൻട്രികൾ എഴുതുക.

6. ഒരു ലിമിറ്റഡ് കമ്പനി 10 രൂപ വിലയുള്ള 1,00,000 ഇക്വിറ്റി ഓഹരികൾ ഓഹരിയൊന്നിന് 2 രൂപ നിരക്കിൽ പ്രീമിയത്തിലും 10 രൂപ വിലയുള്ള 200000, 10% പ്രിഫെറൻസ് ഓഹരികൾ മുഖവിലയ്ക്കും വാങ്ങുന്നതിനായുള്ള വാഗ്ദാനം പൊതുജനങ്ങൾക്ക് നൽകി.

ഓഹരികളിൽ താഴെ കൊടുത്ത പ്രകാരം തുകകൾ അടയ്ക്കേണ്ടതാണ്.

| | | ***ഇക്വിറ്റി ഓഹരികൾ*** | **പ്രീഫെറൻസ് ഓഹരികൾ** |
|---|---|---|---|
| അപേക്ഷയുടെ കൂടെ | : | ഓഹരിയൊന്നിന് 3 രൂപ | ഓഹരിയൊന്നിന് 3 രൂപ |
| അലോട്ട്മെന്റ് സമയത്ത് | : | ഓഹരിയൊന്നിന് 5 രൂപ (പ്രീമിയം ഉൾപ്പെടെ) | ഓഹരിയൊന്നിന് 4 രൂപ |
| ഫസ്റ്റ് കോൾ സമയത്ത് | : | ഓഹരിയൊന്നിന് 4 രൂപ | ഓഹരിയൊന്നിന് 3 രൂപ |

എല്ലാ ഓഹരികളും വാങ്ങിക്കുകയും വിളിക്കപ്പെടുകയും അടയ്ക്കപ്പെടുകയും ചെയ്തു. ഈ ഇടപാടുകൾ കമ്പനിയുടെ ജേർണലിലും ക്യാഷ് ബുക്കിലും രേഖപ്പെടുത്തുക.

7. 10,00,000 രൂപ ഓഹരിയൊന്നിന് 10 രൂപ നിരക്കിൽ വിഭജിച്ചിരിക്കുന്ന അംഗീകൃത മൂലധനത്തോടുകൂടിയ ഇന്ദിര കമ്പനി ലിമിറ്റഡ്, 50,000 ഓഹരികൾ ഒന്നിന് 3 രൂപ പ്രീമിയം നിരക്കിൽ താഴെ കൊടുത്തപോലെ അടയ്ക്കേണ്ട വ്യവസ്ഥയിൽ വിതരണം നടത്തി:

| | | |
|---|---|---|
| ആപ്ലിക്കേഷൻ സമയത്ത് | : | ഓഹരിയൊന്നിന് 3 രൂപ നിരക്കിൽ |
| അലോട്ട്മെന്റ് സമയത്ത് (പ്രീമിയം ഉൾപ്പെടെ) | : | ഓഹരിയൊന്നിന് 5 രൂപ നിരക്കിൽ |
| ഫസ്റ്റ് കോൾ (അലോട്ട്മെന്റിന് മൂന്ന് മാസം ശേഷം) സമയത്ത്: | : | ഓഹരിയൊന്നിന് 3 രൂപ നിരക്കിൽ |
| ബാക്കി ആവശ്യം വരുന്ന സമയത്ത് | | |

60,000 ഓഹരികൾക്കുള്ള അപേക്ഷകൾ ലഭിക്കുകയും ഡയറക്ടേർസ് താഴെ കൊടുത്ത പോലെ ഓഹരികൾ അനുവദിക്കുകയും ചെയ്തു:

(a) 40,000 ഓഹരികൾക്ക് ലഭിച്ച അപേക്ഷകർക്ക് പൂർണമായും
(b) 15,000 ഓഹരികൾക്ക് ലഭിച്ച അപേക്ഷകർക്ക് 8,000 ഓഹരികളും
(c) 5,000 ഓഹരികൾക്ക് ലഭിച്ച അപേക്ഷകൾ 2,000 ഓഹരികളും അനുവദിച്ചു, അധിക ആപ്ലിക്കേഷൻതുക തിരിച്ചു കൊടുത്തു.

അലോട്ട്മെന്റിൽ കാലാവധിയായ മുഴുവൻ തുകയും ലഭിച്ചു.
ഫസ്റ്റ് കോൾ കൃത്യമായി നടത്തി, 100 ഓഹരികളിന്മേൽ കാലാവധിയായ കോൾ തുക ഒഴികെയുള്ള പണം കിട്ടി.

കമ്പനിയുടെ ഇടപാടുകൾ ജേർണലിലും ക്യാഷ് ബുക്കിലും രേഖപ്പെടുത്താനാവശ്യമായ എൻട്രികൾ എഴുതുക. കമ്പനിയുടെ ബാലൻസ് ഷീറ്റു കൂടി തയാറാക്കുക.

8. സുമിത് മെഷീൻ ലിമിറ്റഡ് 100 രൂപ വിലയുള്ള 50,000 ഓഹരികൾ 5% പ്രീമിയത്തിൽ വിതരണം നടത്തി. ഓഹരികൾ അടയ്ക്കേണ്ടത് 25 രൂപ ആപ്ലിക്കേഷൻ, 50 രൂപ അലോട്ട്മെന്റ്, 30 രൂപ ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ എന്ന രീതിയിൽ. മുഴുവൻ ഓഹരികളും വാങ്ങിക്കപ്പെടുകയും 400 ഓഹരികളുടെ ഫൈനൽ കാൾ തുക ഒഴികെ

മുഴുവൻ പണവും ലഭിക്കുകയും ചെയ്തു. പ്രീമിയം അലോട്ട്മെന്റിൽ ക്രമീകരിച്ചു. ജേർണൽ എൻട്രികൾ എഴുതുകയും ബാലൻസ് ഷീറ്റ് തയാറാക്കുകയും ചെയ്യുക.

9. കുമാർ ലിമിറ്റഡ് 6,30,000 രൂപ വിലയ്ക്ക് ഒരു ആസ്തി ഭാനു ഓയിൽ ലിമിറ്റഡിൽ നിന്ന് വാങ്ങിച്ചു. കുമാർ ലിമിറ്റഡ് ഇതിലേക്കായി 100 രൂപ വിലയുള്ള പൂർണമായും അടച്ചുതീർത്ത ഇക്വിറ്റി ഓഹരികൾ നൽകി. എന്ത് ജേർണൽ എൻട്രികളാണ് എഴുതുക, ഓഹരികൾ (a) മുഖ വിലയ്ക്ക് നൽകിയാൽ, (b) 20% പ്രീമിയത്തിൽ നൽകിയാൽ
(ഉത്തരം : നൽകിയ ഓഹരികളുടെ എണ്ണം (a) 6300 (b) 5250)

10. ബൻസാൽ ലിമിറ്റഡ് 3,20,000 രൂപ വിലവരുന്ന ഒരു മെഷീൻ ഹോണ്ട ട്രേഡേഴ്സിൽ നിന്ന് വാങ്ങിച്ചു. 50,000 രൂപ പണമായി നൽകുകയും ബാക്കി വരുന്ന തുക 100 രൂപ വിലയുള്ള പൂർണമായും അടയ്ക്കപ്പെട്ട ഓഹരികളായി 90 രൂപ വിതരണ നിരക്കിൽ നൽകുകയും ചെയ്തു.

മുകളിൽ കൊടുത്ത ഇടപാടുകൾ രേഖപ്പെടുത്താനാവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

(ഉത്തരം : നൽകിയ ഓഹരികളുടെ എണ്ണം = 3,000 ഓഹരികൾ)

11. നർമദ ലിമിറ്റഡ് 20,000 ഓഹരികൾ 100 രൂപ നിരക്കിൽ വിതരണം നടത്തി. ആപ്ലിക്കേഷൻ 25 രൂപ, അലോട്ട്മെന്റ് 30 രൂപ, ഫസ്റ്റ് കോൾ 25 രൂപ, ബാക്കി ഫൈനൽ കാൾ എന്ന നിലയിൽ അടയ്ക്കേണ്ടതാണ്. 200 ഓഹരികൾ കൈവശമുള്ള അനുഷ അലോട്ട്മെന്റ് തുകയും കോൾ തുകയും അടച്ചിട്ടില്ലാത്തതും 100 ഓഹരികൾ കൈവശമുള്ള കുമാരി രണ്ട് കോളുകളും അടച്ചിട്ടില്ലാത്തതും ഒഴികെ മുഴുവൻ തുകയും കൃത്യമായി ലഭിച്ചു. അനുഷയുടെയും കുമാരിയുടെയും ഓഹരികൾ ഡയറക്ടേഴ്സ് കണ്ടുകെട്ടി. ഓഹരി ഇടപാടുമായി ബന്ധപ്പെട്ട ജേർണൽ എൻട്രികൾ എഴുതുക.

12. കൃഷ്ണ ലിമിറ്റഡ് 100 രൂപ വീതം വിലയുള്ള 15,000 ഓഹരികൾ ഒന്നിന് 10 രൂപ പ്രീമിയം നിരക്കിൽ താഴെ കൊടുത്ത പോലെ അടയ്ക്കേണ്ട രീതിയിൽ പുറപ്പെടുവിച്ചു.

| | | |
|---|---|---|
| അപേക്ഷയുടെ കൂടെ | : | 30 രൂപ |
| അലോട്ട്മെന്റിന്റെ കൂടെ | : | 50 രൂപ (പ്രീമിയം ഉൾപ്പെടെ) |
| ഫസ്റ്റ് ആൻഡ് ഫൈനൽ കോളിന്റെ കൂടെ | : | 30 രൂപ |

എല്ലാ ഓഹരികളും വാങ്ങുകയും 150 ഓഹരികളുടെ അലോട്ട്മെന്റ് തുകയും കോൾ തുകയും ഒഴികെ കാലാവധിയായ മുഴുവൻ തുകയും കമ്പനിക്ക് ലഭിക്കുകയും ചെയ്തു. വീഴ്ചവരുത്തിയ ഓഹരികൾ കണ്ടുകെട്ടുകയും ഓഹരിയൊന്നിന് 12 രൂപ നിരക്കിൽ പൂർണമായും അടച്ചുതീർത്ത ഓഹരികളായി നേഹയ്ക്ക് പുനർവിതരണം നടത്തുകയും ചെയ്തു. കമ്പനിയുടെ ബുക്കിൽ ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.
(ഉത്തരം : ക്യാപ്പിറ്റൽ റിസർവ് = 4,500 രൂപ)

13. ആദിത്യ കംപ്യൂട്ടേഴ്സ് 100 രൂപ വിലയുള്ള 10,000 ഇക്വിറ്റി ഓഹരികൾ 10% പ്രീമിയം നിരക്കിൽ വിതരണം ചെയ്തു. തുക താഴെ കൊടുത്തപോലെ അടയ്ക്കേണ്ടതാണ്:

| | |
|---|---|
| ആപ്ലിക്കേഷൻ | 20 രൂപ |
| അലോട്ട്മെന്റ് | 50 രൂപ (40 രൂപ + പ്രീമിയം 10 രൂപ) |
| ഫസ്റ്റ് കോൾ | 30 രൂപ |
| ഫൈനൽ കോൾ | 10 രൂപ |

200 ഓഹരികൾ കൈവശമുള്ള ഒരു ഓഹരിയുടമ ഫൈനൽ കോൾ തുക അടച്ചില്ല. അയാളുടെ ഓഹരികൾ കണ്ടുകെട്ടി. അതിൽ നിന്ന് 150 ഓഹരികൾ ഓഹരിയൊന്നിന് 75 രൂപ നിരക്കിൽ സോണിയയ്ക്ക് പുനർവിതരണം നടത്തി.

കമ്പനിയുടെ ബുക്കിൽ ജേർണൽ എൻട്രികൾ എഴുതുക.

(ഉത്തരം : ക്യാപ്പിറ്റൽ റിസർവ് = 9,750 രൂപ)

14. രേണുക കോട്ടൺ ലിമിറ്റഡ് 100 രൂപ വിലയുള്ള 6000 ഇക്വിറ്റി ഓഹരികൾ 20 രൂപ പ്രീമിയം നിരക്കിൽ, താഴെ പറയുന്ന പ്രകാരം അടച്ചുകൊണ്ട് വിതരണം ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ച് ഒരു കാര്യ പത്രിക ഇറക്കി.

| | |
|---|---|
| ആപ്ലിക്കേഷൻ | 20 രൂപ |
| അലോട്ട്മെന്റ് | 50 രൂപ (പ്രീമിയം ഉൾപ്പെടെ) |
| ഫസ്റ്റ് കോൾ | 30 രൂപ |
| ഫൈനൽ കോൾ | 20 രൂപ |

10,000 ഓഹരികൾക്ക് അപേക്ഷ ലഭിക്കുകയും 8,000 ഓഹരികളുടെ അപേക്ഷകർക്ക് ആനുപാതിക അനുവദിക്കൽ നടത്തുകയും ബാക്കിയുള്ള അപേക്ഷകൾ തിരസ്ക്കരിക്കുകയും ചെയ്തു. ആപ്ലിക്കേഷനിൽ അധികമായി ലഭിച്ച തുക അലോട്ട്മെന്റ് തുക കാലാവധിയായതിൽ ക്രമീകരിച്ചു.

300 ഓഹരികൾ അനുവദിച്ച രോഹിത് അലോട്ട്മെന്റ് തുകയും കോൾ തുകയും അടയ്ക്കുന്നതിൽ പരാജയപ്പെട്ടതിനാൽ അയാളുടെ ഓഹരികൾ കണ്ടുകെട്ടി. 600 ഓഹരികൾക്ക് അപേക്ഷിച്ച നന്ദന രണ്ട് കോൾ തുകകളും അടയ്ക്കാതിരിക്കുകയും അവരുടെ ഓഹരികൾ കൂടി കണ്ടുകെട്ടുകയും ചെയ്തു. ഈ മുഴുവൻ ഓഹരികളും 80 രൂപ നിരക്കിൽ കാർത്തിക്കിന് പൂർണമായും അടയ്ക്കപ്പെട്ട ഓഹരികളായി വിൽക്കുന്നു.

കമ്പനിയുടെ ബുക്കിൽ ജേർണൽ എൻട്രികൾ രേഖപ്പെടുത്തുക.

(ഉത്തരം : ക്യാപ്പിറ്റൽ റിസർവ് = 15,000 രൂപ)

15. ഹിമാലയ ലിമിറ്റഡ് 1,20,000 ഓഹരികൾ ഒന്നിന് 10 രൂപ വിലയുള്ളത് 2 രൂപ പ്രീമിയം നിരക്കിൽ താഴെ കൊടുത്ത രീതിയിൽ അടച്ചുകൊണ്ട് വിതരണം നടത്തി:

ആപ്ലിക്കേഷൻ ഓഹരിയൊന്നിന് : 3 രൂപ നിരക്കിൽ

| | | |
|---|---|---|
| അലോട്ട്മെന്റ് ഓഹരിയൊന്നിന് | : | 5 രൂപ നിരക്കിൽ (പ്രീമിയം ഉൾപ്പെടെ) |
| ഫസ്റ്റ് കോൾ ഓഹരിയൊന്നിന് | : | 2 രൂപ നിരക്കിൽ |
| സെക്കന്റ് ആൻഡ് ഫൈനൽ കോൾ ഓഹരിയൊന്നിന് | : | 2 രൂപ നിരക്കിൽ |

1,60,000 ഓഹരികൾക്ക് അപേക്ഷ ലഭിച്ചു. ആനുപാതിക അടിസ്ഥാനത്തിൽ അലോട്ട്മെന്റ് നടത്തി. അധികം ലഭിച്ച ആപ്ലിക്കേഷൻ തുക അലോട്ട്മെന്റ് തുക കാലാവധിയായതിൽ ക്രമീകരിച്ചു.

4,600 ഓഹരികൾ അനിവദിക്കപ്പെട്ട രോഹൻ രണ്ട് കോൾ തുകകളും അടയ്ക്കുന്നതിൽ പരാജയപ്പെട്ടു. രണ്ടാമത്തെ കോൾ നടത്തിയതിനു ശേഷം ഈ ഓഹരികൾ കണ്ടുകെട്ടി. കണ്ടുകെട്ടിയ മുഴുവൻ ഓഹരികളും ഓഹരിയൊന്നിന് 7 രൂപ നിരക്കിൽ ടീനയ്ക്ക് പൂർണമായും അടയ്ക്കപ്പെട്ട ഓഹരികളായി പുനർവിതരണം നടത്തി. ഓഹരി ഇടപാടുകളുടെ ജേർണൽ എൻട്രികൾ രേഖപ്പെടുത്തുകയും ഓഹരി മൂലധനവുമായി ബന്ധപ്പെട്ട ഇടപാടുകൾ കമ്പനിയുടെ ബാലൻസ് ഷീറ്റിൽ കാണിക്കുകയും ചെയ്യുക.

(ഉത്തരം : 14,400 രൂപ)

16. പ്രിൻസ് ലിമിറ്റഡ് 10 രൂപ വിലയുള്ള 20,000 ഇക്വിറ്റി ഓഹരികൾ 3 രൂപ പ്രീമിയം നിരക്കിൽ താഴെ പറയും പോലെ അടയ്ക്കുന്ന രീതിയിൽ പുറപ്പെടുവിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് ഒരു കാര്യപത്രിക ഇറക്കി:

| | | |
|---|---|---|
| ആപ്ലിക്കേഷൻ | : | 2 രൂപ |
| അലോട്ട്മെന്റ് | : | 5 രൂപ (പ്രീമിയം ഉൾപ്പെടെ) |
| ഫസ്റ്റ് കോൾ | : | 3 രൂപ |
| സെക്കന്റ് കോൾ | : | 3 രൂപ |

30,000 ഓഹരികൾക്ക് അപേക്ഷ ലഭിക്കുകയും ആനുപാതിക അടിസ്ഥാനത്തിൽ അലോട്ട്മെന്റ് നടത്തുകയും ചെയ്തു. അപേക്ഷയിൽ അധികമായി അടച്ച തുക അലോട്ട്മെന്റ് തുകയിൽ ക്രമീകരിച്ചു.

400 ഓഹരികൾ അനുവദിച്ച മോഹിത് അലോട്ട്മെന്റ് തുകയും ഫസ്റ്റ് കോൾ തുകയും അടയ്ക്കുന്നതിൽ പരാജയപ്പെട്ടു. ആദ്യ കോളിനു ശേഷം അയാളുടെ ഓഹരികൾ കണ്ടുകെട്ടി. 600 ഓഹരികൾ അനുവദിച്ച ജോളി രണ്ട് കാൾ തുകകളും അടയ്ക്കുന്നതിൽ പരാജയപ്പെട്ടതുകൊണ്ട് അയാളുടെ ഓഹരികളും കണ്ടുകെട്ടി.

മോഹിതിന്റെ മുഴുവൻ ഓഹരികളും ഉൾപ്പെടുത്തി കണ്ടുകെട്ടിയ ഓഹരികളിൽ 800 ഓഹരികൾ ഒന്നിന് 9 രൂപ നിരക്കിൽ സുപ്രിയയ്ക്ക് പുനർവിതരണം നടത്തി.

കമ്പനിയുടെ ബുക്കിൽ ജേർണൽ എൻട്രികൾ രേഖപ്പെടുത്തി, ബാലൻസ് ഷീറ്റ് തയാറാക്കുക.

(ഉത്തരം : ക്യാപ്പിറ്റൽ റിസർവ് = 2,000 രൂപ)

17. ലൈഫ് മെഷീൻ ലിമിറ്റഡ് 10 രൂപ വിലയുള്ള 50,000 ഇകിറ്റി ഓഹരികൾ ഒന്നിന് 12 രൂപ നിരക്കിൽ, 5 രൂപ ആപ്ലിക്കേഷൻ തുക (പ്രീമിയം തുക ഉൾപ്പെടെ), 4 രൂപ അലോട്ട്മെന്റ് തുക, ബാക്കി തുക ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ തുക എന്ന നിലയിൽ അടയ്ക്കുന്ന രീതിയിൽ വിതരണം നടത്തി.

70,000 ഓഹരികൾക്കുള്ള അപേക്ഷകൾ ലഭിച്ചു. പണം ലഭിച്ചതിൽ, 40,000 രൂപ തിരിച്ചു നൽകുകയും 60,000 രൂപ അലോട്ട്മെന്റ് തുക കാലാവധിയാകുന്നതിൽ ക്രമീകരിക്കുകയും ചെയ്തു. കോൾ തുക കാലാവധിയായതിൽ, 500 ഓഹരികൾ കൈവശമുള്ള ഒരു ഓഹരിയുടമയുടെ ഒഴികെ എല്ലാ തുകകളും ലഭിച്ചു. ഈ ഓഹരികൾ കണ്ടുകെട്ടുകയും 8 രൂപ നിരക്കിൽ പൂർണമായും അടയ്ക്കപ്പെട്ട ഓഹരികളായി പുനർവിതരണം നടത്തുകയും ചെയ്തു. ഈ ഓഹരി ഇടപാടുകൾക്ക് ജേർണൽ എൻട്രികൾ എഴുതുക.

(ഉത്തരം: ക്യാപ്പിറ്റൽ റിസർവ് = 2500 രൂപ)

18. ഓറിയന്റൽ കമ്പനി ലിമിറ്റഡ് 10 രൂപ വിലയുള്ള 20,000 ഓഹരികൾ 10% പ്രീമിയത്തിൽ, 2 രൂപ ആപ്ലിക്കേഷൻ, 4 രൂപ അലോട്ട്മെന്റ് (പ്രീമിയം ഉൾപ്പെടെ), 3 രൂപ ഫസ്റ്റ് കോൾ, 2 രൂപ സെക്കന്റ് കോൾ എന്നിങ്ങനെ അടയ്ക്കുന്ന രീതിയിൽ പൊതുജനങ്ങൾക്ക് വാങ്ങുന്നതിനായി നൽകി. 26,000 ഓഹരികൾക്കുള്ള അപേക്ഷകൾ ലഭിച്ചു. 4,000 ഓഹരികൾക്കുള്ള അപേക്ഷകൾ നിരസിച്ചു. ബാക്കി വരുന്ന അപേക്ഷകർക്ക് ആനുപാതിക അലോട്ട്മെന്റ് നടത്തി. രണ്ട് കോളുകളും നടത്തുകയും 500 ഓഹരികളിലുള്ള ഫൈനൽ കോൾ ഒഴികെ മുഴുവൻ പണവും ലഭിച്ചു. ഈ ഓഹരികൾ കണ്ടുകെട്ടി. കണ്ടുകെട്ടിയ ഓഹരികളിൽ 300 ഓഹരികൾ ഒന്നിന് 9 രൂപ നിരക്കിൽ പൂർണമായും അടയ്ക്കപ്പെട്ട ഓഹരികളായി പുനർവിതരണം നടത്തി. ജേർണൽ എൻട്രികൾ എഴുതുകയും ബാലൻസ് ഷീറ്റ് തയാറാക്കുകയും ചെയ്യുക.

(ഉത്തരം: ക്യാപ്പിറ്റൽ റിസർവ് = 2,100 രൂപ)

19. ആൽഫാ ലിമിറ്റഡ് അതിന്റെ 10 രൂപ വിലയുള്ള 4,00,000 ഇകിറ്റി ഓഹരികൾ വിതരണം ചെയ്യുന്നതിന് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷകൾ ക്ഷണിച്ചു:

| | |
|---|---|
| ആപ്ലിക്കേഷന്റെ കൂടെ അടയ്ക്കേണ്ടത് | : ഓഹരിയൊന്നിന് 5 രൂപ നിരക്കിൽ |
| അലോട്ട്മെന്റിന്റെ കൂടെ അടയ്ക്കേണ്ടത് | : ഓഹരിയൊന്നിന് 3 രൂപ നിരക്കിൽ |
| ഫസ്റ്റ് ആൻഡ് ഫൈനൽ കോളിന്റെ കൂടെ അടയ്ക്കേണ്ടത് | : ഓഹരിയൊന്നിന് 2 രൂപ നിരക്കിൽ |

5,00,000 ഓഹരികൾക്കുള്ള അപേക്ഷകൾ ലഭിച്ചു. അലോട്ടുമെന്റ് താഴെപ്പറയും പ്രകാരം തീരുമാനിച്ചു:

(a) 20,000 ഓഹരികൾക്കുള്ള അപേക്ഷകർക്ക് അലോട്ട്മെന്റ് നിഷേധിക്കുക
(b) 8,000 ഓഹരികൾക്കുള്ള അപേക്ഷകർക്ക് പൂർണമായും അലോട്ട്മെന്റ് അനുവദിക്കുക.
(c) ബാക്കി ലഭ്യമായിരിക്കുന്ന ഓഹരികൾ മറ്റുള്ള അപേക്ഷകർക്ക് ആനുപാതികമായി അലോട്ട്മെന്റ് നടത്തുക
(d) അധികമുള്ള അപേക്ഷയുടെ തുക അലോട്ട്മെന്റ് പണം അടയ്ക്കുന്നതിനായി ക്രമീകരിക്കണം. ആനുപാതിക അലോട്ട്മെന്റിലൂടെ ഓഹരികൾ ലഭിച്ച ഒരാൾ അയാൾക്ക് ലഭിച്ച 400 ഓഹരികളിൽ അലോട്ട്മെന്റ് തുക അടയ്ക്കാത്തതിനാൽ അവ കണ്ടുകെട്ടി. ഈ ഓഹരികൾ 9 രൂപ നിരക്കിൽ പുനർവിതരണം നടത്തി. ഈ ഓഹരി ഇടപാടുകൾ രേഖപ്പെടുത്തുന്നതിന് ജേർണലും, ക്യാഷ് ബുക്കും തയാറാക്കുക.

(ഉത്തരം: ക്യാപ്പിറ്റൽ റിസർവ് = 2100 രൂപ)

20. അശോക ലിമിറ്റഡ് എന്ന കമ്പനി 4 രൂപ പ്രീമിയം നിരക്കിൽ വിതരണം ചെയ്ത 20 രൂപ വിലയുള്ള 1,000 ഇക്വിറ്റി ഓഹരികൾ ഫൈനൽ കോൾ തുകയായി ഓഹരിയൊന്നിന് 2 രൂപ നിരക്കിൽ അടയ്ക്കാത്തതിനാൽ കണ്ടുകെട്ടി. ഈ ഓഹരികളിൽ 400 ഓഹരികൾ ഒന്നിന് 14 രൂപ നിരക്കിലും ബാക്കിവരുന്ന ഓഹരികളിൽ 200 ഓഹരികൾ ഒന്നിന് 20 രൂപ നിരക്കിലും പുനർവിതരണം നടത്തി. ഓഹരികളുടെ കണ്ടുകെട്ടലിന്റെയും പുനർവിതരണത്തിന്റെയും ജേർണൽ എൻട്രികൾ എഴുതുക. ക്യാപ്പിറ്റൽ റിസർവിലേക്ക് മാറ്റപ്പെടുന്ന തുകയും ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ടിന്റെ ബാക്കി തുകയും കാണുക.
(ഉത്തരം: ക്യാപ്പിറ്റൽ റിസർവ് = 6,800 രൂപ, ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ട് ബാക്കി 4,800 രൂപ)

21. 10 രൂപ വിലയുള്ള 100 ഓഹരികൾ കൈവശമുള്ള അനൂപ് ഓഹരിയൊന്നിന് 1 രൂപ നിരക്കിൽ ആപ്ലിക്കേഷൻ തുക അടച്ചിട്ടുണ്ട്. 10 രൂപ വിലയുള്ള 200 ഓഹരികൾ കൈവശമുള്ള ബിമൽ ഓഹരിയൊന്നിന് 1 രൂപയും 2 രൂപയും നിരക്കിൽ ആപ്ലിക്കേഷൻ തുകയും അലോട്ട്മെന്റ് തുകയും യഥാക്രമം അടച്ചിട്ടുണ്ട്. 10 രൂപ വിലയുള്ള 300 ഓഹരികൾ കൈവശമുള്ള ചേതൻ 1 രൂപ ആപ്ലിക്കേഷൻ തുക, 2 രൂപ അലോട്ട്മെന്റ് തുക, 3 രൂപ ഫസ്റ്റ് കോൾ തുക എന്നിങ്ങനെ അടച്ചിട്ടുണ്ട്. അവർ എല്ലാവരും അവരുടെ കുടിശ്ശികയുള്ളതും സെക്കന്റ് കോൾ 2 രൂപയും അടയ്ക്കുന്നതിൽ പരാജയപ്പെട്ടു, അതുകൊണ്ട് ഡയറക്ടേഴ്സ് അവരുടെ ഓഹരികൾ കണ്ടുകെട്ടി. തുടർന്ന് ഈ ഓഹരികൾ 11 രൂപ നിരക്കിൽ പൂർണമായും അടച്ചുതീർത്ത ഓഹരികളായി

പുനർവിതരണം നടത്തി. ഓഹരി ഇടപാടുകളുടെ ജേർണൽ എൻട്രികൾ എഴുതുക. (ഉത്തരം : ക്യാപ്പിറ്റൽ റിസർവ് = 2,500 രൂപ)

22. 10 രൂപ വീതമായി വിഭജിക്കപ്പെട്ട 3,00,000 രൂപ മൂലധനത്തോടുകൂടിയ അജന്ത കമ്പനി ലിമിറ്റഡ്, 20,000 ഓഹരികൾ 2 രൂപ ആപ്ലിക്കേഷൻ, 3 രൂപ അലോട്ട്മെന്റ്, ബാക്കി തുക 2.50 രൂപവീതം രണ്ട് കോളുകളായും അടയ്ക്കേണ്ട രീതിയിൽ പൊതുജനങ്ങൾക്ക് വാങ്ങിക്കുന്നതിനായി നൽകി. കമ്പനിക്ക് 24,000 ഓഹരികൾക്കുള്ള അപേക്ഷകൾ ലഭിച്ചു. 20,000 ഓഹരികൾക്കുള്ള അപേക്ഷകൾ പൂർണമായും സ്വീകരിക്കുകയും അനുവദിക്കുകയും ചെയ്തു. ബാക്കി വരുന്ന അപേക്ഷകൾ നിരസിക്കുകയും അവരുടെ പണം തിരികെ നൽകുകയും ചെയ്തു. എല്ലാ തുകകളും കാലാവധിയാകുകയും 600 ഓഹരികളുടെ ഫൈനൽ കോൾ ഒഴികെ മുഴുവൻ തുകയും ലഭിക്കുകയും ചെയ്തു. എല്ലാ നിയമപരമായ നടപടികളും പാലിച്ചതിനു ശേഷം അവ കണ്ടുകെട്ടി. കണ്ടുകെട്ടിയ ഓഹരികളിൽ 400 ഓഹരികൾ ഓഹരിയൊന്നിന് 9 രൂപ നിരക്കിൽ പുനർ വിതരണം നടത്തി.

    ആവശ്യമായ ജേർണൽ എൻട്രികൾ രേഖപ്പെടുത്തിയ ശേഷം ക്യാപ്പിറ്റൽ റിസർവിലേക്ക് മാറ്റേണ്ട തുകയും ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ടിന്റെ ബാക്കിയും കാണിച്ചുകൊണ്ട് ബാലൻസ് ഷീറ്റ് തയാറാക്കുക.

    (ഉത്തരം: ക്യാപ്പിറ്റൽ റിസർവ് = 2,600 രൂപ)

23. താഴെ കൊടുത്തിരിക്കുന്ന ഇടപാടുകൾക്ക് ഭാരത് ഓയിൽ ലിമിറ്റഡിന്റെ ബുക്കിൽ ജേർണൽ എഴുതുക.

    (a) 10 രൂപ പ്രീമിയം നിരക്കിൽ വിതരണം നടത്തിയ 100 രൂപ വിലയുള്ള 200 ഓഹരികൾ ഒന്നിന് 60 രൂപ നിരക്കിൽ അലോട്ട്മെന്റ് തുക അടയ്ക്കാത്തതിനാൽ കണ്ടുകെട്ടി. ഈ ഓഹരികളിന്മേൽ ഫസ്റ്റ് ആൻഡ് ഫൈനൽ കാൾ 20 രൂപ നടത്തിയിട്ടില്ല. കണ്ടുകെട്ടിയ ഓഹരികൾ ഒന്നിന് 70 രൂപ നിരക്കിൽ പൂർണമായും അടയ്ക്കപ്പെട്ട ഓഹരികളായി പുനർവിതരണം നടത്തി.

    (b) 4 രൂപ പ്രീമിയം നിരക്കിൽ വിതരണം നടത്തിയ 10 രൂപ വിലയുള്ള 150 ഓഹരികൾ 8 രൂപ നിരക്കിൽ പ്രീമിയം ഉൾപ്പെടെ അലോട്ട്മെന്റ് തുക അടയ്ക്കാത്തതിനാൽ കണ്ടുകെട്ടി. ഈ ഓഹരികളിന്മേൽ 4 രൂപ വീതം ലഭിക്കേണ്ട ഫസ്റ്റ് ആൻഡ് ഫൈനൽ കോൾ നടത്തിയിട്ടില്ല. കണ്ടുകെട്ടിയ ഓഹരികൾ ഒന്നിന് 15 രൂപ നിരക്കിൽ പൂർണമായും അടയ്ക്കപ്പെട്ട ഓഹരികളായി പുനർവിതരണം നടത്തി.

    (c) 50 രൂപ മുഖ വിലയ്ക്ക് വിതരണം നടത്തിയ 400 ഓഹരികൾ ഒന്നിന് 10 രൂപ നിരക്കിൽ ഫൈനൽ കോൾ തുക അടയ്ക്കാത്തതിനാൽ കണ്ടുകെട്ടി. ഈ

ഓഹരികൾ ഓഹരിയൊന്നിന് 45 രൂപ നിരക്കിൽ പൂർണമായും അടച്ചുതീർത്ത ഓഹരികളായി പുനർവിതരണം നടത്തി.

(ഉത്തരം: ക്യാപ്പിറ്റൽ റിസർവ് = (a) ഇല്ല (b) 300 രൂപ

24. അനുഷ ലിമിറ്റഡ് 100 രൂപ വിലയുള്ള 40,000 ഓഹരികൾ ഒന്നിന് 20 രൂപ പ്രീമിയം നിരക്കിൽ വിതരണം നടത്തുന്നതിന് അപേക്ഷകൾ ക്ഷണിച്ചു. തുക അടയ്ക്കേണ്ടത് : ആപ്ലിക്കേഷൻ 40 രൂപ, അലോട്ട്മെന്റ് : 40 രൂപ (പ്രീമിയം ഉൾപ്പെടെ), ഫസ്റ്റ് കോൾ : 25 രൂപ, സെക്കന്റ് ആൻഡ് ഫൈനൽ കോൾ : 15 രൂപ എന്നിങ്ങനെയാണ്.

50,000 ഓഹരികൾക്കുള്ള അപേക്ഷകൾ ലഭിക്കുകയും അലോട്ട്മെന്റ് ആനുപാതിക അടിസ്ഥാനത്തിൽ നടത്തുകയും ചെയ്തു. അധികമായി വന്ന ആപ്ലിക്കേഷൻ തുക അലോട്ട്മെന്റ് തുകയിൽ ക്രമീകരിച്ചു.

600 ഓഹരികൾ അനുവദിച്ചു നൽകിയ രോഹിത് അലോട്ട്മെന്റ് തുക അടയ്ക്കുന്നതിൽ പരാജയപ്പെട്ടതുകൊണ്ട് അലോട്ട്മെന്റിനുശേഷം അയാളുടെ ഓഹരികൾ കണ്ടുകെട്ടി. 1,000 ഓഹരികൾക്ക് അപേക്ഷിച്ച അമേയ് രണ്ട് കോൾ തുകകളും അടയ്ക്കുന്നതിൽ പരാജയപ്പെടുകയും രണ്ടാമത്തെ കോളിനു ശേഷം അവരുടെ ഓഹരികൾ കണ്ടുകെട്ടുകയും ചെയ്തു. കണ്ടുകെട്ടിയ ഓഹരികളിൽ രോഹിതിന്റെ മുഴുവൻ ഓഹരികൾ ഉൾപ്പെടെ 1,200 ഓഹരികൾ 85 രൂപ നിരക്കിൽ പൂർണമായും അടയ്ക്കപ്പെട്ട ഓഹരികളായി കപിലിനു വിറ്റു.

ഈ ഓഹരി ഇടപാടുകൾക്ക് ആവശ്യമായ ജേർണൽ എൻട്രികൾ രേഖപ്പെടുത്തുക.

(ഉത്തരം: ക്യാപ്പിറ്റൽ റിസർവ് = 48,000 രൂപ, ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ട് ബാക്കി 12,000 രൂപ)

## അറിവ് പരിശോധിക്കുക - ഉത്തരങ്ങൾ

### അറിവ് പരിശോധിക്കുക I

(a) ശരി (b) തെറ്റ് (c) തെറ്റ് (d) ശരി (e) ശരി (f) ശരി (g) തെറ്റ്, (h) ശരി
(i) തെറ്റ് (j) ശരി (k) ശരി

### അറിവ് പരിശോധിക്കുക – II

(a) (ii), (b) (iii), (c) (i), (d) (ii), (e) (i), (f) (iii), (g) (iii)

### അറിവ് പരിശോധിക്കുക – III

(a) 8 രൂപ (b) 4 രൂപ

| | | | |
|---|---|---|---|
| (c) വെണ്ടർ (Vendor) A/c | Dr. | 1,00,000 | |
| To ഷെയർ ക്യാപ്പിറ്റൽ A/c | | | 1,00,000 |

# 2

# കടപ്പത്രങ്ങൾ പുറപ്പെടുവിക്കലും വീണ്ടെടുക്കലും

## Issue and Redemption of Debentures

F8E7Z8

**പഠന നേട്ടങ്ങൾ**

- കടപ്പത്രത്തിന്റെ അർഥം വിവരിക്കുന്നു. കടപ്പത്രങ്ങളും ഓഹരികളും തമ്മിലുള്ള വ്യത്യാസം വിശദീകരിക്കുന്നു.
- വിവിധ തരം കടപ്പത്രങ്ങളെക്കുറിച്ച് വിവരിക്കുന്നു. താരതമ്യം ചെയ്യുന്നു.
- കടപ്പത്രങ്ങൾ മുഖവിലയ്ക്കും പ്രീമിയത്തിനും ഡിസ്ക്കൗണ്ടിനും പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ട അക്കൗണ്ടിംഗ് ക്രമീകരണം നടത്തുന്നു.
- പണമല്ലാത്ത പ്രതിഫലമായി കടപ്പത്രങ്ങൾ പുറപ്പെടുവിക്കൽ എന്ന ആശയവും അക്കൗണ്ടിംഗ് രീതിയും വിശദീകരിക്കുന്നു.
- വ്യത്യസ്ത സാഹചര്യങ്ങളിൽ കടപ്പത്രങ്ങളുടെ പുറപ്പെടുവിക്കലും വീണ്ടെടുക്കലിനും ആവശ്യമായ ജേർണൽ എൻട്രികൾ രേഖപ്പെടുത്തുന്നു.
- കമ്പനിയുടെ ബാക്കിപത്രത്തിൽ കടപ്പത്രങ്ങളുടെ പുറപ്പെടുവിക്കലുമായി ബന്ധപ്പെട്ട ഇനങ്ങൾ കാണിക്കുന്നു.
- കടപ്പത്ര പുറപ്പെടുവിക്കലുമായി ബന്ധപ്പെട്ട കിഴിവുകളും നഷ്ടവും എഴുതിത്തള്ളുന്ന രീതികൾ വിവരിക്കുന്നു.
- കടപ്പത്രങ്ങൾ വീണ്ടെടുക്കുന്നതിനുള്ള രീതികളും അവയുടെ അക്കൗണ്ടിംഗും വിശദീകരിക്കുന്നു.

ഒരു കമ്പനി അവരുടെ മൂലധനം കണ്ടെത്തുന്നത് ഓഹരി വിൽപ്പനയിലൂടെയാണ്. എന്നാൽ, കമ്പനിയുടെ ദീർഘ കാല സാമ്പത്തികാവശ്യങ്ങൾ നിറവേറ്റാൻ ഓഹരികൾ പുറപ്പെടുവിക്കുന്നതിലൂടെ മാത്രം കിട്ടുന്ന തുക അപര്യാപ്തമാണ്. അതുകൊണ്ടുതന്നെ, മിക്ക കമ്പനികളും കടപ്പത്രങ്ങൾ സ്വകാര്യമായി നൽകിയോ അല്ലെങ്കിൽ പൊതുജനങ്ങൾക്ക് നൽകിയോ ആണ് ദീർഘകാല സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്നത്. കടപ്പത്രത്തിലൂടെ ശേഖരിക്കുന്ന പണം ദീർഘകാല കടം എന്നറിയപ്പെടുന്നു. കടപ്പത്രങ്ങൾ പുറപ്പെടുവിക്കൽ, അവയുടെ വീണ്ടെടുക്കൽ, മറ്റ് അനുബന്ധ കാര്യങ്ങൾ എന്നിവയുടെ അക്കൗണ്ടിംഗ് രീതികളാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്.

### ഭാഗം 1

## 2.1 കടപ്പത്രങ്ങളുടെ അർഥം (Meaning of Debentures)

**കടപ്പത്രം (Debenture) :**

'കടമെടുക്കുക' എന്നർഥം വരുന്ന ലാറ്റിൻ വാക്കായ 'ഡിബേരി'യിൽ നിന്നാണ് 'ഡിബഞ്ചർ' അഥവാ 'കടപ്പത്രം' എന്ന വാക്ക് ഉദയം ചെയ്തത്. കമ്പനിയുടെ പൊതു മുദ്ര പതിച്ച് കടം വാങ്ങിയതിനുള്ള തെളിവായി നൽകുന്ന ഒരു പ്രമാണമാണ് കടപ്പത്രം. ഒരു നിശ്ചിത കാലയളവിനു ശേഷമോ, നിശ്ചിത ഇടവേളകളിലോ, അല്ലെങ്കിൽ കമ്പനി

യുടെ ഇഷ്ടാനുസരണമോ മുടക്കുമുതൽ തിരിച്ചുനൽകാമെന്നും അർധവാർഷികമായോ വാർഷികമായോ ഒരു നിശ്ചിത നിരക്കിൽ, നിശ്ചിത തീയതികളിൽ പലിശ നൽകാമെന്നും ഉള്ള കരാർ ഇതിൽ അടങ്ങിയിരിക്കുന്നു. കമ്പനി നിയമം, 2013 ലെ വകുപ്പ് 2 (30) അനുസരിച്ച്, കമ്പനിയുടെ ആസ്തികളുടെമേൽ അധികാരം ഉള്ളതോ, ഇല്ലാത്തതോ ആയ ഡിബഞ്ചർ ഇൻവെന്ററി, ബോണ്ടുകൾ, കമ്പനിയുടെ മറ്റേതെങ്കിലും സെക്യൂരിറ്റികൾ എന്നിവ കടപ്പത്രത്തിൽ ഉൾപ്പെടുന്നു.

**ബോണ്ട് (Bond):** കടത്തിനുള്ള തെളിവായി നൽകുന്ന രേഖാമൂലമുള്ള മറ്റൊരു പ്രമാണമാണ് ബോണ്ടുകൾ. പരമ്പരാഗതമായി, സർക്കാരാണ് ബോണ്ടുകൾ വിതരണം ചെയ്തിരുന്നത്. എന്നാൽ അടുത്ത കാലത്തായി, അർധസർക്കാർ സ്ഥാപനങ്ങളും സർക്കാരിതര സംഘടനകളും ബോണ്ടുകൾ വിതരണം ചെയ്യുന്നുണ്ട്. 'ഡിബഞ്ചറുകൾ', 'ബോണ്ടുകൾ' എന്നീ പദങ്ങൾ ഇന്ന് പരസ്പരം മാറിമാറി ഉപയോഗിക്കപ്പെടുന്നു.

## 2.2 ഓഹരികളും കടപ്പത്രങ്ങളും തമ്മിലുള്ള വ്യത്യാസം (Distinction between Shares and Debentures)

**ഉടമസ്ഥത (Ownership):** ഒരു 'ഓഹരി' കമ്പനിയുടെ ഉടമസ്ഥതയെ പ്രതിനിധാനം ചെയ്യുന്നു. എന്നാൽ കടംവാങ്ങിയതിന്റെ ഒരു തെളിവ് മാത്രമാണ് കടപ്പത്രം. 'ഓഹരി' ഉടമസ്ഥത മൂലധനത്തിന്റെ ഒരു ഭാഗമാണ്. അതേസമയം, വായ്പാ മൂലധനത്തിന്റെ ഒരു ഭാഗമാണ് കടപ്പത്രം.

**പ്രതിഫലം (Return):** ഓഹരികളിൽ നിന്നുള്ള വരുമാനം ലാഭവിഹിതം (dividend) എന്നറിയപ്പെടുന്നു. മറിച്ച്, കടപ്പത്രങ്ങളിൽ നിന്ന് കിട്ടുന്ന വരുമാനത്തെ പലിശ (interest) എന്നു വിളിക്കുന്നു. കമ്പനിയുടെ ലാഭത്തിനനുസരിച്ച്, ഓഹരികളിൽ നിന്നുള്ള വരുമാന നിരക്ക് വർഷാവർഷം വ്യത്യാസപ്പെടാം. എന്നാൽ, കടപ്പത്രങ്ങളുടെ പലിശനിരക്ക് മുൻകൂർ നിശ്ചയിച്ചതായിരിക്കും. ലാഭവിഹിതം നൽകൽ ലാഭത്തിന്റെ വിനിയോഗമാണ്. എന്നാൽ, പലിശ ലാഭമില്ലെങ്കിലും കൊടുക്കേണ്ട ഒരു ചെലവാണ്.

**തിരിച്ചടവ് (Repayment):** സാധാരണ, ഓഹരികളുടെ തുക കമ്പനി നിലനിൽക്കുന്ന കാലത്തോളം തിരിച്ചു നൽകാറില്ല. പക്ഷേ കടപ്പത്രങ്ങൾ ഒരു പ്രത്യേക കാലാവധിക്കാണ് നൽകുന്നത്. കാലാവധി അവസാനിക്കുമ്പോൾ കടപ്പത്രത്തുക തിരിച്ചുനൽകുന്നതാണ്. 1998ലെ കമ്പനി നിയമം ഭേദഗതി പ്രകാരം (ഭാഗം 77A യും 77B യും ഉപഭാഗം 2) ഓഹരികളുടെ കമ്പോളവില പുസ്തകവിലയേക്കാൾ കുറയുന്ന പ്രത്യേക സാഹചര്യങ്ങളിൽ കമ്പനിയെ അതിന്റെ ഓഹരികൾ തിരിച്ചു വാങ്ങാൻ അനുവദിക്കുന്നുണ്ട്.

**വോട്ടവകാശം (Voting Rights):** ഓഹരിയുടമകൾക്ക് വോട്ടവകാശമുണ്ട്. എന്നാൽ സാധാരണ ഗതിയിൽ കടപ്പത്രയുടമകൾക്ക് വോട്ടവകാശമില്ല.

**സുരക്ഷിതത്വം (Securtiy):** കടപ്പത്രങ്ങൾ പൊതുവെ സുരക്ഷിതവും കമ്പനിയുടെ ആസ്തികളുടെ മേൽ നിശ്ചിത ഈടോ പൊതു ഈടോ ഉള്ളവയുമാണ്. എന്നാൽ ഓഹരികൾക്ക് അത്തരത്തിലുള്ള ഈടോ സുരക്ഷിതത്വമോ ഇല്ല.

**പരിവർത്തനക്ഷമത (Convertibiltiy):** ഓഹരികൾ കടപ്പത്രങ്ങളായി പരിവർത്തനം ചെയ്യാൻ കഴിയില്ല. എന്നാൽ, പുറപ്പെടുവിക്കുന്ന സമയത്ത് പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരിച്ച് കടപ്പത്രങ്ങൾ ഓഹരികളായി പരിവർത്തനം ചെയ്യാൻ കഴിയും. അത്തരം കടപ്പത്രങ്ങളെ പരിവർത്തനപ്പെടുത്താവുന്ന കടപ്പത്രങ്ങൾ (convertible debenture) എന്ന് പറയാം.

## 2.3 വിവിധ തരം കടപ്പത്രങ്ങൾ (Types of Debentures)

ഒരു കമ്പനിക്ക് വിവിധ തരത്തിലുള്ള കടപ്പത്രങ്ങൾ പുറപ്പെടുവിക്കാം. അവയെ താഴെ പറയുന്ന രീതിയിൽ വർഗീകരിക്കാം:

### 2.3.1 സുരക്ഷിതത്വത്തിന്റെ അടിസ്ഥാനത്തിൽ (From the Point of view of Securtiy)

#### (a) ഈടുള്ള കടപ്പത്രങ്ങൾ (Secured debentures)

കടപ്പത്രത്തിന്റെ പണം തിരികെ കൊടുക്കുന്നതിൽ കമ്പനി വീഴ്ച വരുത്തിയാൽ അത് നികത്താൻ ആസ്തികളുടെ മേൽ ഈട് പറഞ്ഞിട്ടുള്ള കടപ്പത്രങ്ങളാണ് സുരക്ഷിത കടപ്പത്രങ്ങൾ അഥവാ ഈടുള്ള കടപ്പത്രങ്ങൾ. ഈട് നിശ്ചിതമോ പൊതുവായുള്ളതോ ആകാം. നിശ്ചിത ഈട് ഒരു നിർദിഷ്ട ആസ്തിയുടെ മേലുള്ള അവകാശമാണ്. എന്നാൽ പൊതു ഈട് എന്നത് പൊതു ആസ്തികളുടെ മേലുമുള്ള അവകാശമാണ്. കമ്പനിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായതും വിൽപ്പനയ്ക്കുള്ളതുമല്ലാത്തതുമായ ആസ്തികളാണ് നിശ്ചിത ഈടായി നൽകുന്നത്. ഈടുകടക്കാർക്ക് പറഞ്ഞിട്ടുള്ള ആസ്തികൾ ഒഴികെയുള്ള മറ്റെല്ലാ ആസ്തികളും പൊതു ഈടിൽ ഉൾപ്പെടും.

#### (b) ഈടില്ലാത്ത കടപ്പത്രങ്ങൾ (Unsecured Debentures)

ഈടില്ലാത്ത കടപ്പത്രങ്ങൾക്ക് കമ്പനിയുടെ നിർദിഷ്ട ആസ്തിയുടെ മേൽ ഒരു പ്രത്യേക അവകാശവും ഉണ്ടായിരിക്കില്ല. എന്നിരുന്നാലും, ഈ കടപ്പത്രങ്ങൾക്ക് സ്വതവേ ആസ്തികളുടെ മേൽ അവകാശമുണ്ടായിരിക്കും. സാധാരണയായി ഇത്തരം കടപ്പത്രങ്ങൾ വിതരണം ചെയ്യാറില്ല.

### 2.3.2 കാലാവധിയുടെ അടിസ്ഥാനത്തിൽ (From the Point of view of Tenure)

#### (a) വീണ്ടെടുക്കാവുന്ന കടപ്പത്രങ്ങൾ (Redeemable Debentures)

കമ്പനി നിലനിൽക്കുന്ന കാലയളവിനുള്ളിൽ ഒരു നിശ്ചിത കാലാവധിക്ക് ശേഷം ഒരുമിച്ചോ, തവണകളായോ വീണ്ടെടുക്കാവുന്ന കടപ്പത്രങ്ങളാണ് ഇവ. ഇത്തരം കടപ്പത്രങ്ങൾ മുഖവിലയ്ക്കോ പ്രീമിയത്തിനോ വീണ്ടെടുക്കാം.

### (b) വീണ്ടെടുക്കാനാവാത്ത കടപ്പത്രങ്ങൾ (Irredeemable Debentures)

ഇത്തരം കടപ്പത്രങ്ങൾ പുറപ്പെടുവിക്കുമ്പോൾ കടമായി വാങ്ങിയ തുക തിരിച്ചു നൽകുന്നതിനെക്കുറിച്ച് ഒരു വാഗ്ദാനവും കമ്പനി നൽകുന്നില്ല. അതിനാൽ അത്തരം കടപ്പത്രങ്ങളെ വീണ്ടെടുക്കാനാവാത്ത കടപ്പത്രങ്ങൾ അഥവാ ശാശ്വത കടപ്പത്രങ്ങൾ (perpetual debentures) എന്ന് പറയുന്നു. ഇത്തരം കടപ്പത്രങ്ങൾ വഴി ശേഖരിച്ച തുക കമ്പനിയുടെ അടച്ചുപൂട്ടൽ സമയത്തോ ഒരു ദീർഘകാലത്തിനു ശേഷമോ മാത്രമേ തിരികെ നൽകുകയുള്ളൂ.

### 2.3.3 പരിവർത്തനക്ഷമതയുടെ അടിസ്ഥാനത്തിൽ (From the Point of view of Convertibiltiy) :

### (എ) പരിവർത്തനപ്പെടുത്താവുന്ന കടപ്പത്രങ്ങൾ (convertible debenture)

കമ്പനിയുടെയോ കടപ്പത്രയുടമയുടെയോ താൽപ്പര്യമനുസരിച്ച് സാധാരണ ഓഹരികളായോ മറ്റേതെങ്കിലും ഈടുപത്രങ്ങളായോ (Securities) മാറ്റാവുന്ന കടപ്പത്രങ്ങളെ പരിവർത്തനപ്പെടുത്താവുന്ന കടപ്പത്രങ്ങൾ എന്ന് വിളിക്കുന്നു. ഈ കടപ്പത്രങ്ങൾ പൂർണമായോ ഭാഗികമായോ പരിവർത്തനം ചെയ്യാവുന്നവയാണ്.

### (ബി) പരിവർത്തനപ്പെടുത്താനാകാത്ത കടപ്പത്രങ്ങൾ (Non-Convertible Debentures)

ഓഹരികളായോ മറ്റേതെങ്കിലും ഈടുപത്രങ്ങളായോ (Securities) മാറ്റാൻ കഴിയാത്ത കടപ്പത്രങ്ങളെ പരിവർത്തനപ്പെടുത്താനാകാത്ത കടപ്പത്രങ്ങൾ എന്ന് വിളിക്കുന്നു. കമ്പനികൾ നൽകുന്ന മിക്ക കടപ്പത്രങ്ങളും ഈ വിഭാഗത്തിൽപ്പെടുന്നവയാണ്.

### 2.3.4 കൂപ്പൺ നിരക്കിന്റെ അടിസ്ഥാനത്തിൽ (From Coupon Rate Point of view)

### (എ) നിർദിഷ്ട കൂപ്പൺ നിരക്ക് കടപ്പത്രങ്ങൾ (Specific Coupon Rate Debentures)

കൂപ്പൺ നിരക്ക് എന്ന് വിളിക്കപ്പെടുന്ന നിശ്ചിത പലിശ നിരക്കിൽ പുറപ്പെടുവിക്കുന്ന കടപ്പത്രങ്ങളാണ് ഇവ. നിശ്ചിത പലിശനിരക്ക് സ്ഥിരനിരക്കോ അസ്ഥിരനിരക്കോ ആവാം. അസ്ഥിര (Floating) പലിശനിരക്ക് സാധാരണയായി ബാങ്ക് നിരക്കുമായി ബന്ധിപ്പിച്ചിരിക്കുന്നു.

### (ബി) കൂപ്പൺ നിരക്കുരഹിത കടപ്പത്രങ്ങൾ (Zero Coupon Rate Debentures)

ഒരു നിശ്ചിത പലിശനിരക്ക് ഇല്ലാത്ത കടപ്പത്രങ്ങളാണ് കൂപ്പൺ നിരക്കുരഹിത കടപ്പത്രങ്ങൾ അഥവാ സീറോ കൂപ്പൺ നിരക്ക് കടപ്പത്രങ്ങൾ. നിക്ഷേപകർക്ക് നഷ്ടമുണ്ടാകാതിരിക്കുവാനായി ഇത്തരം കടപ്പത്രങ്ങൾ ഗണ്യമായ കിഴിവ് നൽകിയാണ് പുറപ്പെടുവിക്കുന്നത്. കടപ്പത്രത്തിന്റെ മുഖവിലയും വിതരണവിലയും തമ്മിലുള്ള വ്യത്യാസം പ്രസ്തുത കാലയളവിലെ കടപ്പത്രത്തിന്റെ പലിശയായി കണക്കാക്കും.

### 2.3.5 രജിസ്ട്രേഷന്റെ അടിസ്ഥാനത്തിൽ (From the view Point of Registration)


**(a) രജിസ്റ്റർ ചെയ്ത കടപ്പത്രങ്ങൾ (Registered Debentures)**

കടപ്പത്ര ഉടമകളെക്കുറിച്ചുള്ള വിശദാംശങ്ങളായ പേര്, മേൽവിലാസം, കൈവശമുള്ള കടപ്പത്രങ്ങളുടെ വിവരങ്ങൾ മുതലായവ കമ്പനിയുടെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത്തരം കടപ്പത്രങ്ങളാണ് രജിസ്റ്റർ ചെയ്ത കടപ്പത്രങ്ങൾ. നിയമാനുസരണമുള്ള ഒരു കൈമാറ്റ ഉടമ്പടി തയാറാക്കി മാത്രമേ അത്തരം കടപ്പത്രങ്ങൾ കൈമാറ്റം ചെയ്യാൻ കഴിയൂ.

**(b) വാഹക കടപ്പത്രങ്ങൾ (Bearer Debentures)**

എളുപ്പത്തിൽ കൈമാറ്റം ചെയ്യാൻ കഴിയുന്നതും കൈവശക്കാരന്റെ വിവരങ്ങൾ കമ്പനിയുടെ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതുമായ കടപ്പത്രങ്ങളാണ് വാഹക കടപ്പത്രങ്ങൾ. അത്തരം കടപ്പത്രത്തിന്റെ പലിശ കടപ്പത്രങ്ങളോടൊപ്പമുള്ള പലിശക്കൂപ്പൺ ഹാജരാക്കുന്ന വ്യക്തിക്ക് നൽകുന്നതായിരിക്കും.

**വിവിധ തരം കടപ്പത്രങ്ങൾ/ബോണ്ടുകൾ**




(1) ഈടുള്ള കടപ്പത്രങ്ങൾ (Secured debentures)

(2) ഈടില്ലാത്ത കടപ്പത്രങ്ങൾ (Unsecured Debentures)

(3) വീണ്ടെടുക്കാവുന്ന കടപ്പത്രങ്ങൾ (Redeemable Debentures)

(4) വീണ്ടെടുക്കാനാവാത്ത കടപ്പത്രങ്ങൾ (Irredeemable Debentures)

(5) പരിവർത്തനപ്പെടുത്താവുന്ന കടപ്പത്രങ്ങൾ (convertible debenture)

  (I) പൂർണമായി പരിവർത്തനപ്പെടുത്താവുന്ന കടപ്പത്രങ്ങൾ (fully convertible debenture)

  (II) ഭാഗികമായി പരിവർത്തനപ്പെടുത്താവുന്ന കടപ്പത്രങ്ങൾ (partly convertible debenture)

(6) പരിവർത്തനപ്പെടുത്താനാകാത്ത കടപ്പത്രങ്ങൾ (Non-Convertible Debentures)

(7) നിർദിഷ്ട കൂപ്പൺനിരക്ക് കടപ്പത്രങ്ങൾ (Specific Coupon Rate Debentures)

(8) നിരക്കുരഹിത കടപ്പത്രങ്ങൾ (Zero Coupon Rate Debentures)

(9) രജിസ്റ്റർ ചെയ്ത കടപ്പത്രങ്ങൾ (Registered Debentures)

(10) വാഹക കടപ്പത്രങ്ങൾ (Bearer Debentures)

## 2.4 കടപ്പത്രങ്ങൾ പുറപ്പെടുവിക്കൽ (Issue of Debentures)

ഓഹരികൾ പുറപ്പെടുവിക്കുന്നതിനുള്ള അതേ നടപടിക്രമങ്ങൾ തന്നെയാണ് കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നതിനുമുള്ളത്. കമ്പനി പുറപ്പെടുവിക്കുന്ന കാര്യപത്രികയുടെ അടിസ്ഥാനത്തിൽ നിക്ഷേപിക്കാൻ താൽപ്പര്യമുള്ളവർ കടപ്പത്രത്തിനുവേണ്ടി അപേക്ഷ സമർപ്പിക്കുന്നു. കടപ്പത്രത്തിന്റെ മുഴുവൻ തുകയും അപേക്ഷയോടൊപ്പം ഒരുമിച്ചോ അല്ലെങ്കിൽ വ്യത്യസ്ത തവണകളായോ (അപേക്ഷിക്കുമ്പോൾ, അനുവദിക്കുമ്പോൾ, വിളിക്കുമ്പോൾ) അടയ്ക്കാൻ കമ്പനിക്ക് ആവശ്യപ്പെടാം. കടപ്പത്രങ്ങൾ മുഖവിലയ്ക്കോ, ഡിസ്കൗണ്ടിനോ, പ്രീമിയത്തിനോ പുറപ്പെടുവിക്കാവുന്നതാണ്. കടപ്പത്രങ്ങൾ പണത്തിനല്ലാതെയും, വായ്പയുടെ ജാമ്യമായും പുറപ്പെടുവിക്കുവാൻ കഴിയും.

### 2.4.1 പണത്തിന് കടപ്പത്രങ്ങൾ പുറപ്പെടുവിക്കൽ (Issue of Debentures for Cash)

കടപ്പത്രങ്ങൾ അവയുടെ മുഖവിലയ്ക്ക് തുല്യമായ വിലയ്ക്കാണ് പുറപ്പെടുവിക്കുന്നതെങ്കിൽ അതിനെ മുഖവിലയ്ക്കുള്ള വിതരണം (issue at par) എന്ന് പറയുന്നു. ഇതുമായി ബന്ധപ്പെട്ട ജേർണൽ എൻട്രികൾ ചുവടെ കൊടുക്കുന്നു.

(a) മുഴുവൻ തുകയും ഒരു ഗഡുവായി ലഭിക്കുകയാണെങ്കിൽ

(i) അപേക്ഷാപ്പണം കിട്ടുമ്പോൾ

ബാങ്ക് അക്കൗണ്ട് Dr.

To ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട്

(ii) ഡിബഞ്ചർ വിതരണം ചെയ്യുമ്പോൾ

ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട് Dr.

To ഡിബഞ്ചേഴ്സ് അക്കൗണ്ട്

(b) കടപ്പത്രത്തിന്റെ തുക രണ്ട് ഗഡുക്കളായി ലഭിക്കുകയാണെങ്കിൽ

(i) അപേക്ഷാപ്പണം കിട്ടുമ്പോൾ

ബാങ്ക് അക്കൗണ്ട് Dr.

To ഡിബഞ്ചർ ആപ്ലിക്കേഷൻ അക്കൗണ്ട്

(ii) കടപ്പത്രം അനുവദിക്കുന്ന സമയത്ത് അപേക്ഷാപ്പണം ക്രമപ്പെടുത്തുമ്പോൾ

ഡിബഞ്ചർ ആപ്ലിക്കേഷൻ അക്കൗണ്ട് Dr.

To ഡിബഞ്ചേഴ്സ് അക്കൗണ്ട്

(iii) കടപ്പത്രം അനുവദിക്കൽ തുക (allotment money) അടയ്ക്കേണ്ടത് രേഖപ്പെടുത്താൻ

ഡിബഞ്ചർ അലോട്ട്മെന്റ് അക്കൗണ്ട് Dr.

To ഡിബഞ്ചേഴ്സ് അക്കൗണ്ട്

(iv) അനുവദിക്കൽ തുക (allotment money) കിട്ടുമ്പോൾ

ബാങ്ക് അക്കൗണ്ട് Dr.

To ഡിബഞ്ചർ അലോട്ട്മെന്റ് അക്കൗണ്ട്

(c) കടപ്പത്രത്തിന്റെ തുക രണ്ടിൽക്കൂടുതൽ ഗഡുക്കളായി ലഭിക്കുകയാണെങ്കിൽ: അധിക ജേർണൽ എൻട്രികൾ

(i) ആദ്യ വിളിത്തുക (First call money) അടയ്ക്കേണ്ടത് രേഖപ്പെടുത്താൻ

ഡിബഞ്ചർ ഫസ്റ്റ് കോൾ അക്കൗണ്ട് Dr.

To ഡിബഞ്ചർ അക്കൗണ്ട്

(ii) ആദ്യ വിളിത്തുക (First call money) കിട്ടുമ്പോൾ

ബാങ്ക് അക്കൗണ്ട് Dr.

To ഡിബഞ്ചർ ഫസ്റ്റ് കോൾ അക്കൗണ്ട്

**കുറിപ്പ് :** രണ്ടാം വിളിക്കും അവസാന വിളിക്കും സമാന ജേർണൽ എൻട്രികൾ എഴുതണം. എന്നാൽ, മുഴുവൻ തുകയും അപേക്ഷയോടൊപ്പം വാങ്ങുകയോ അപേക്ഷസമയത്തും അനുവദിക്കുന്ന സമയത്തുമുള്ള രണ്ടു ഗഡുക്കളായി വാങ്ങുകയോ ചെയ്യുകയാണ് പതിവ്.

**നിർധാരണം 1**

എ.ബി.സി ലിമിറ്റഡ് 100 രൂപ വീതം വിലയുള്ള 10,000, 12% കടപ്പത്രങ്ങൾ പുറപ്പെടുവിച്ചു. അപേക്ഷയോടൊപ്പം 30 രൂപയും ബാക്കി തുക കടപ്പത്രം അനുവദിക്കുമ്പോഴും നൽകണം. 9,000 കടപ്പത്രങ്ങൾക്ക് പൊതുജനങ്ങളിൽ നിന്ന് അപേക്ഷ ലഭിക്കുകയും അവ അനുവദിക്കുകയും ചെയ്തു. മുഴുവൻ തുകയും കിട്ടി. എ.ബി.സി ലിമിറ്റഡിന്റെ ബുക്കിലെ ജേണൽ എൻട്രികൾ എഴുതുകയും പ്രസക്തമായ വിവരങ്ങൾ ബാക്കിപത്രത്തിൽ എങ്ങനെ കാണിക്കുമെന്ന് വ്യക്തമാക്കുകയും ചെയ്യുക.

**ഉത്തരം:**

## എ.ബി.സി ലിമിറ്റഡിന്റെ ബുക്ക്

### ജേർണൽ

| തീയതി | വിശദാംശങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|
| | ബാങ്ക് അക്കൗണ്ട് Dr.<br>To 12% ഡിബഞ്ചർ ആപ്ലിക്കേഷൻ അക്കൗണ്ട്<br>(9,000 കടപ്പത്രങ്ങളുടെ അപേക്ഷത്തുക ലഭിച്ചു) | | 2,70,000 | 2,70,000 |
| | 12% ഡിബഞ്ചർ ആപ്ലിക്കേഷൻ അക്കൗണ്ട് Dr.<br>To 12% ഡിബഞ്ചർ അക്കൗണ്ട്<br>(കടപ്പത്രങ്ങൾ അനുവദിക്കുന്ന സമയത്ത് അപേക്ഷത്തുക ഡിബഞ്ചർ അക്കൗണ്ടിലേയ്ക്ക് മാറ്റി) | | 2,70,000 | 2,70,000 |
| | 12% ഡിബഞ്ചർ അലോട്ട്മെന്റ് അക്കൗണ്ട് Dr.<br>To 12% ഡിബഞ്ചർ അക്കൗണ്ട്<br>(9,000കടപ്പത്രങ്ങളുടെ അനുവദിക്കൽ തുക 70 രൂപ വീതം അടയ്ക്കേണ്ടത് രേഖപ്പെടുത്തി) | | 6,30,000 | 6,30,000 |
| | ബാങ്ക് അക്കൗണ്ട് Dr.<br>To 12% ഡിബഞ്ചർ അലോട്ട്മെന്റ് അക്കൗണ്ട്<br>(9,000 കടപ്പത്രങ്ങളുടെ അനുവദിക്കൽ തുക ലഭിച്ചു) | | 6,30,000 | 6,30,000 |

### എ.ബി.സി ലിമിറ്റഡിന്റെ .................. ലെ ബാക്കിപത്രം*

| വിശദാംശങ്ങൾ | നോട്ട് നമ്പർ | തുക (₹) |
|---|---|---|
| **I. ഓഹരികളും ബാധ്യതകളും** | | |
| ദീർഘകാല ബാധ്യതകൾ | 1 | 9,00,000 |
| ദീർഘകാല വായ്പകൾ | | |
| **II. ആസ്തികൾ** | | |
| അസ്ഥിര ആസ്തികൾ | | |
| പണവും പണതുല്യ ആസ്തികളും | 2 | 9,00,000 |

* പ്രസക്തമായ ഇനങ്ങൾ മാത്രം

അക്കൗണ്ടിനുള്ള കുറിപ്പ്

| | വിശദാംശങ്ങൾ | തുക (₹) |
|---|---|---|
| 1. | ദീർഘകാല വായ്പകൾ | |
| | 100 രൂപ വീതം വിലയുള്ള 9,000, 12% കടപ്പത്രങ്ങൾ | 9,00,000 |
| 2. | പണവും പണതുല്യ ആസ്തികളും | |
| | ബാങ്കിലുള്ള പണം | **9,00,000** |

## 2.4.2 കടപ്പത്രങ്ങൾ കിഴിവിന് പുറപ്പെടുവിക്കൽ (Issue of Debentures at a Discount)

കടപ്പത്രം അതിന്റെ മുഖവിലയെക്കാൾ കുറഞ്ഞ തുകയ്ക്ക് നൽകുന്നതിനെയാണ് കിഴിവിന് പുറപ്പെടുവിക്കൽ എന്ന് പറയുന്നത്. മുഖവിലയും വിതരണ വിലയും തമ്മിലുള്ള വ്യത്യാസമാണ് കിഴിവ്. ഉദാഹരണമായി, 100 രൂപ മുഖവിലയുള്ള കടപ്പത്രം 95 രൂപയ്ക്ക് വിതരണം ചെയ്താൽ കടപ്പത്രം 5 രൂപ കിഴിവിന് (ഡിസ്കൗണ്ടിന്) പുറപ്പെടുവിച്ചു എന്ന് പറയാം. കടപ്പത്രം വിതരണം ചെയ്യുന്ന സമയത്ത് നൽകുന്ന കിഴിവ് ഒരു മൂലധന നഷ്ടം (capital loss) ആയതിനാൽ അത് എഴുതിത്തള്ളുന്ന കാലയളവിനനുസരിച്ച് ബാക്കിപത്ര (Balance sheet) ത്തിൽ 'മറ്റ് ദീർഘകാല ആസ്തികൾ' (Other Non-current Assets) എന്ന ശീർഷകത്തിലോ, 'മറ്റ് ഹ്രസ്വകാല ആസ്തികൾ' (other current assets) എന്ന ശീർഷകത്തിലോ കാണിക്കണം. കടപ്പത്രത്തിന്റെ കാലാവധിക്കുള്ളിൽ ലാഭനഷ്ട പത്രികയിലോ, സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ടിലോ ഡെബിറ്റ് ചെയ്ത് ഈ കിഴിവ് എഴുതിത്തള്ളാൻ കഴിയും.

കടപ്പത്രം പുറപ്പെടുവിക്കുന്നതിന് നൽകിയ കിഴിവ് ബാക്കിപത്ര തീയതി മുതൽ 12 മാസത്തിനുള്ളിലോ അല്ലെങ്കിൽ പ്രവർത്തന കാലാവധിക്കുള്ളിലോ എഴുതിത്തള്ളേണ്ടതാണെങ്കിൽ അത് മറ്റ് ഹ്രസ്വകാല ആസ്തികളിൽ കാണിക്കണം. ബാക്കി തുക 12 മാസങ്ങൾക്ക് ശേഷം എഴുതിത്തള്ളേണ്ടതാണെങ്കിൽ അത് മറ്റ് ദീർഘകാല ആസ്തികളിൽ കാണിക്കണം.

കടപ്പത്രങ്ങൾ കിഴിവിന് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് 2013 ലെ കമ്പനി നിയമത്തിൽ പ്രത്യേക നിയന്ത്രണങ്ങളൊന്നും പറയുന്നില്ല.

**നിർധാരണം 2**

പ്രഭാത് ടെലിവിഷൻസ് ലിമിറ്റഡ്, 100 രൂപ മുഖവിലയുള്ള 10,000, 12% കടപ്പത്രങ്ങൾ 5% കിഴിവിന് പുറപ്പെടുവിച്ചു. തുക അടയ്ക്കേണ്ടത് ചുവടെ കൊടുക്കുന്നു.

അപേക്ഷിക്കുമ്പോൾ : 40 രൂപ

അനുവദിക്കുമ്പോൾ : 55 രൂപ

എല്ലാ ഗഡുക്കളും കൃത്യമായി അടച്ചു എന്ന സങ്കൽപ്പത്തിൽ പണമിടപാട് ഉൾപ്പെടെയുള്ള ജേർണൽ എൻട്രികളും ബാക്കിപത്രത്തിന്റെ പ്രസക്ത ഭാഗവും തയാറാക്കുക.

**ഉത്തരം:**

## പ്രഭാത് ടെലിവിഷൻസ് ലിമിറ്റഡിന്റെ ബുക്ക്

### ജേർണൽ

| തീയതി | വിശദാംശങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|
| | ബാങ്ക് അക്കൗണ്ട് Dr.<br>To 12% ഡിബഞ്ചർ ആപ്ലിക്കേഷൻ അക്കൗണ്ട്<br>(10,000 കടപ്പത്രങ്ങളുടെ 40 രൂപ വീതം അപേക്ഷ തുക ലഭിച്ചു) | | 4,00,000 | <br>4,00,000 |
| | 12% ഡിബഞ്ചർ ആപ്ലിക്കേഷൻ അക്കൗണ്ട് Dr.<br>To 12% ഡിബഞ്ചർ അക്കൗണ്ട്<br>(കടപ്പത്രങ്ങൾ അനുവദിക്കുന്ന സമയത്ത് അപേക്ഷത്തുക ഡിബഞ്ചർ അക്കൗണ്ടിലേക്ക് മാറ്റി) | | 4,00,000 | <br>4,00,000 |
| | 12% ഡിബഞ്ചർ അലോട്ട്മെന്റ് അക്കൗണ്ട് Dr.<br>ഡിസ്കൗണ്ട് ഓൺ ഇഷ്യു ഓഫ് ഡിബഞ്ചർ അക്കൗണ്ട് Dr.<br>To 12% ഡിബഞ്ചർ അക്കൗണ്ട്<br>(5% കിഴിവ് കഴിച്ച് 10,000 കടപ്പത്രങ്ങളുടെ അനുവദിക്കൽ തുക 55 രൂപ വീതം അടയ്ക്കേണ്ടത് രേഖപ്പെടുത്തി) | | 5,50,000 | <br>50,000<br>6,00,000 |
| | ബാങ്ക് അക്കൗണ്ട് Dr.<br>To 12% ഡിബഞ്ചർ അലോട്ട്മെന്റ് അക്കൗണ്ട്<br>(കടപ്പത്രങ്ങളുടെ അനുവദിക്കൽ തുക ലഭിച്ചു) | | 5,,50,000 | <br>5,50,000 |

**പ്രഭാത് ടെലിവിഷൻസ് ലിമിറ്റഡിന്റെ ................. ലെ ബാക്കിപത്രം***

| വിശദാംശങ്ങൾ | നോട്ട് നമ്പർ | തുക (₹) |
|---|---|---|
| I. **ഓഹരികളും ബാധ്യതകളും** | | |
| ദീർഘകാല ബാധ്യതകൾ | | |
| ദീർഘകാല വായ്പകൾ | 1 | **10,00,000** |
| **II ആസ്തികൾ** | | |
| 1) ദീർഘകാല ആസ്തികൾ | | |
| മറ്റ് ദീർഘകാല ആസ്തികൾ | 2 | **45,000** |
| 2) ഹ്രസ്വകാല ആസ്തികൾ | | |
| a) പണവും പണതുല്യ ആസ്തികളും | 3 | **9,50,000** |
| b) മറ്റ് ഹ്രസ്വകാല ആസ്തികൾ | 4 | **5,000** |
| | | **10,00,000** |

അക്കൗണ്ടിനുള്ള കുറിപ്പ്

| വിശദാംശങ്ങൾ | തുക (₹) |
|---|---|
| 1. ദീർഘകാല വായ്പകൾ | |
| 100 രൂപ വീതം വിലയുള്ള 10,000, 12% കടപ്പത്രങ്ങൾ | 10,00,000 |
| 2. മറ്റ് ദീർഘകാല ആസ്തികൾ | |
| ഡിസ്ക്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ | 45,000 |
| 3. പണവും പണത്തിന് തുല്യമായ ആസ്തികളും | |
| ബാങ്കിലുള്ള പണം | 9,50,000 |
| 4. മറ്റ് ദീർഘകാല ആസ്തികൾ | |
| ഡിസ്ക്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ (ബാക്കിപത്ര തീയതിക്ക് 12 മാസത്തിനുള്ളിലോ പ്രവർത്തനചക്ര കാലാവധിക്കുള്ളിലോ എഴുതിത്തള്ളേണ്ടത്) | 5,000 |

**കുറിപ്പ് :**

1 കടപ്പത്രങ്ങൾ 10 വർഷത്തിന് ശേഷം വീണ്ടെടുക്കുമെന്ന് അനുമാനിക്കുന്നു.

* പ്രസക്തമായ ഇനങ്ങൾ മാത്രം.

## 2.4.3 കടപ്പത്രങ്ങൾ പ്രീമിയത്തിന് പുറപ്പെടുവിക്കൽ (Debentures issued at Premium)

കടപ്പത്രം അതിന്റെ മുഖവിലയെക്കാൾ കൂടിയ വിലയ്ക്ക് പുറപ്പെടുവിക്കുന്നതിനെയാണ് പ്രീമിയത്തിന് പുറപ്പെടുവിക്കൽ എന്ന് പറയുന്നത്. ഉദാഹരണമായി, 100 രൂപ മുഖവില യുള്ള കടപ്പത്രം 110 രൂപയ്ക്ക് വിതരണം ചെയ്താൽ കടപ്പത്രം 10 രൂപ പ്രീമിയത്തിന് പുറപ്പെടുവിച്ചു എന്ന് പറയാം. പ്രീമിയം തുക 'സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗ ണ്ടിൽ' (Securities Premium Reserve account) ക്രെഡിറ്റ് ചെയ്യുകയും ബാക്കിപത്രത്തിന്റെ ബാധ്യതാ വശത്ത് 'കരുതലും മിച്ചവും' (Reserves and Surpluses) എന്ന ശീർഷകത്തിൽ കാണിക്കുകയും വേണം.

**നിർധാരണം 3**

മെട്രോ ഇൻഡസ്ട്രീസ് ലിമിറ്റഡ്, 100 രൂപ മുഖവിലയുള്ള 2,000, 10% കടപ്പത്രങ്ങൾ 10 രൂപ പ്രീമിയത്തിന് പുറപ്പെടുവിച്ചു. തുക അടയ്ക്കേണ്ടത് ചുവടെ കൊടുക്കുന്നു.

അപേക്ഷിക്കുമ്പോൾ : 50 രൂപ

അനുവദിക്കുമ്പോൾ : 60 രൂപ

എല്ലാ കടപ്പത്രങ്ങളും പൂർണമായി സ്വീകരിക്കപ്പെടുകയും കൃത്യമായി പണം ലഭിക്കുകയും ചെയ്തു. കമ്പനിയുടെ ബുക്കിലെ ജേർണൽ എൻട്രികൾ എഴുതുക. തുകകൾ ബാക്കി പത്രത്തിൽ എഴുതുന്ന വിധം കൂടി കാണിക്കുക.

**ഉത്തരം:**

**മെട്രോ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ബുക്ക്**

**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|
| | ബാങ്ക് അക്കൗണ്ട് Dr. | | 1,00,000 | |
| | To 10% ഡിബഞ്ചർ ആപ്ലിക്കേഷൻ അക്കൗണ്ട് | | | 1,00,000 |
| | (2,000 കടപ്പത്രങ്ങൾക്ക് 50 രൂപ വീതം അപേക്ഷ പണം ലഭിച്ചു) | | | |
| | 10% ഡിബഞ്ചർ ആപ്ലിക്കേഷൻ അക്കൗണ്ട് Dr. | | 1,00,000 | |
| | To 10% ഡിബഞ്ചർ അക്കൗണ്ട് | | | 1,00,000 |

| | | | | |
|---|---|---|---|---|
| | (കടപ്പത്രങ്ങൾ അനുവദിക്കുന്ന സമയത്ത് അപേക്ഷത്തുക ഡിബഞ്ചർ അക്കൗണ്ടിലേയ്ക്ക് മാറ്റി) | | | |
| | 10% ഡിബഞ്ചർ അലോട്ട്മെന്റ് അക്കൗണ്ട് Dr.<br>To 10% ഡിബഞ്ചർ അക്കൗണ്ട്<br>To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ട്<br>(10 രൂപ പ്രീമിയം ഉൾപ്പെടെ 2,000 കടപ്പത്രങ്ങൾക്ക് 60 രൂപ വീതം അടയ്ക്കേണ്ടത് രേഖപ്പെടുത്തി) | | 1,20,000 | <br>1,00,000<br>20,000 |
| | ബാങ്ക് അക്കൗണ്ട് Dr.<br>To 10% ഡിബഞ്ചർ അലോട്ട്മെന്റ് അക്കൗണ്ട്<br>(കടപ്പത്രങ്ങളുടെ അനുവദിക്കൽ തുക ലഭിച്ചു) | | 1,20,000 | <br>1,20,000 |

**മെട്രോ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ................. ലെ ബാക്കിപത്രം***

| **വിശദാംശങ്ങൾ** | **നോട്ട് നമ്പർ** | **തുക (₹)** |
|---|---|---|
| **I. ഓഹരികളും ബാധ്യതകളും** | | |
| 1. ഓഹരി ഉടമകളുടെ ഫണ്ട് | | |
| കരുതൽധനവും മിച്ചവും | 1 | 20,000 |
| 2. ദീർഘകാല ബാധ്യതകൾ | | |
| ദീർഘകാല വായ്പകൾ | 2 | 2,00,000 |
| | | **2,20,000** |
| **II. ആസ്തികൾ** | | |
| ഹ്രസ്വകാല ആസ്തികൾ | | |
| പണവും പണത്തിന് തുല്യമായതും | 3 | **2,20,000** |

* പ്രസക്തമായ ഇനങ്ങൾ മാത്രം

അക്കൗണ്ടിനുള്ള കുറിപ്പ്

| **വിശദാംശങ്ങൾ** | **തുക (₹)** |
|---|---|
| I. കരുതലും മിച്ചവും | |
| **സെക്യൂരിറ്റീസ് പ്രീമിയം റിസർവ്** | **20,000** |

| | |
|---|---|
| 2. ദീർഘകാല വായ്പകൾ | |
| 100 രൂപ വീതം വിലയുള്ള 2,000, 10% കടപ്പത്രങ്ങൾ | **2,00,000** |
| 3. പണവും പണത്തിന് തുല്യമായ ആസ്തികളും | |
| ബാങ്കിലുള്ള പണം | **2,20,000** |

**നിർധാരണം** 4

ഗ്യാലക്സി ലിമിറ്റഡ്, 100 രൂപ മുഖവിലയുള്ള 5,000, 10% കടപ്പത്രങ്ങൾ 10 രൂപ പ്രീമിയത്തിന് പുറപ്പെടുവിച്ചു. തുക അടയ്ക്കേണ്ടത് ചുവടെ കൊടുക്കുന്നു.

അപേക്ഷിക്കുമ്പോൾ : 25 രൂപ

അനുവദിക്കുമ്പോൾ : 45 രൂപ (പ്രീമിയം ഉൾപ്പെടെ)

ഒന്നാമത്തെതും അവസാനത്തെതുമായ വിളി തുക 40 രൂപ

എല്ലാ കടപ്പത്രങ്ങളും പൂർണമായി സ്വീകരിക്കപ്പെടുകയും കൃത്യമായി പണം ലഭിക്കുകയും ചെയ്തു. കമ്പനിയുടെ ബുക്കിലെ ജേർണൽ എൻട്രികൾ എഴുതുക. തുകകൾ ബാക്കിപത്രത്തിൽ എഴുതുന്ന വിധം കൂടി കാണിക്കുക.

**ഉത്തരം:**

## ഗ്യാലക്സി ലിമിറ്റഡിന്റെ ബുക്ക്

### ജേർണൽ

| തീയതി | വിശദാംശങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|
| | ബാങ്ക് അക്കൗണ്ട് Dr. | | 1,25,000 | |
| | To 10% ഡിബഞ്ചർ ആപ്ലിക്കേഷൻ അക്കൗണ്ട് | | | 1,25,000 |
| | (5,000 കടപ്പത്രങ്ങളുടെ 25 രൂപ വീതം അപേക്ഷ പണം ലഭിച്ചു) | | | |
| | 10% ഡിബഞ്ചർ ആപ്ലിക്കേഷൻ അക്കൗണ്ട് Dr. | | 1,25,000 | |
| | To 10% ഡിബഞ്ചർ അക്കൗണ്ട് | | | 1,25,000 |
| | (കടപ്പത്രങ്ങൾ അനുവദിക്കുന്ന സമയത്ത് അപേക്ഷ തുക ഡിബഞ്ചർ അക്കൗണ്ടിലേക്ക് മാറ്റി) | | | |
| | 10% ഡിബഞ്ചർ അലോട്ട്മെന്റ് അക്കൗണ്ട് Dr. | | 2,25,000 | |
| | To 10% ഡിബഞ്ചർ അക്കൗണ്ട് | | | 1,75,000 |
| | To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ട് | | | 50,000 |

| | | | | |
|---|---|---|---|---|
| | (10 രൂപ പ്രീമിയം ഉൾപ്പെടെ 5,000 കടപ്പത്രങ്ങളുടെ അനുവദിക്കൽ തുക 45 രൂപ വീതം അടയ്ക്കേണ്ടത് രേഖപ്പെടുത്തി) | | | |
| | ബാങ്ക് അക്കൗണ്ട് Dr.<br>To 10% ഡിബഞ്ചർ അലോട്ട്മെന്റ് അക്കൗണ്ട്<br>(കടപ്പത്രങ്ങളുടെ അനുവദിക്കൽ തുക ലഭിച്ചു) | | 2,25,000 | 2,25,000 |
| | 10% ഡിബഞ്ചർ ഫസ്റ്റ് & ഫൈനൽ കോൾ അക്കൗണ്ട് Dr.<br>To 10% ഡിബഞ്ചർ അലോട്ട്മെന്റ് അക്കൗണ്ട്<br>(അവസാന കോൾ തുക 40 രൂപ വീതം അടയ്ക്കേണ്ടത് രേഖപ്പെടുത്തി) | | 2,00,000 | 2,00,000 |
| | ബാങ്ക് അക്കൗണ്ട് Dr.<br>To 10% ഡിബഞ്ചർ ഫസ്റ്റ് & ഫൈനൽ കോൾ അക്കൗണ്ട്<br>(കടപ്പത്രങ്ങളുടെ ഫസ്റ്റ് & ഫൈനൽ കോൾ തുക ലഭിച്ചു) | | 2,00,000 | 2,20,000 |

**ഗ്യാലക്സി ലിമിറ്റഡിന്റെ ................. ലെ ബാക്കിപത്രം***

| **വിശദാംശങ്ങൾ** | **നോട്ട് നമ്പർ** | **തുക (₹)** |
|---|---|---|
| **I. ഓഹരികളും ബാധ്യതകളും** | | |
| 1. ഓഹരി ഉടമകളുടെ ഫണ്ട് | | |
| കരുതൽധനവും മിച്ചവും | 1 | 50,000 |
| 2. ദീർഘകാല ബാധ്യതകൾ | | |
| ദീർഘകാല വായ്പകൾ | 2 | 5,00,000 |
| **ആകെ** | | **5,50,000** |
| **II. ആസ്തികൾ** | | |
| ഹ്രസ്വകാല ആസ്തികൾ | | |
| പണവും പണത്തിന് തുല്യമായതും | 3 | **5,50,000** |

* പ്രസക്തമായ ഇനങ്ങൾ മാത്രം

അക്കൗണ്ടിനുള്ള കുറിപ്പ്

| **വിശദാംശങ്ങൾ** | **തുക (₹)** |
|---|---|
| 1. കരുതൽധനവും മിച്ചവും | |
| **സെക്യൂരിറ്റീസ് പ്രീമിയം റിസർവ്** | **50,000** |
| 2. ദീർഘകാല വായ്പകൾ | |
| 100 രൂപ വീതം വിലയുള്ള 5,000, 10% കടപ്പത്രങ്ങൾ | **5,00,000** |

## 2.5 അമിത ഏറ്റെടുക്കൽ (Over Subscription)

പൊതുജനങ്ങൾക്കു വേണ്ടി പുറപ്പെടുവിച്ച കടപ്പത്രങ്ങളുടെ എണ്ണത്തെക്കാൾ കൂടുതലാണ് ലഭിച്ച അപേക്ഷകളുടെ എണ്ണമെങ്കിൽ അതിനെ അമിത ഏറ്റെടുക്കൽ (ഓവർ സബ്സ്ക്രിപ്ഷൻ) എന്ന് പറയാം. എന്നിരുന്നാലും, ഒരു കമ്പനിക്ക് അവർ പുറപ്പെടുവിച്ചതിനെക്കാൾ കൂടുതൽ കടപ്പത്രങ്ങൾ അനുവദിക്കാൻ കഴിയില്ല. അമിത ഏറ്റെടുക്കലിലൂടെ ലഭിച്ച പണം തുടർന്ന് വരുന്ന അനുവദിക്കൽ സമയത്തോ വിളിയടവ് സമയത്തോ ക്രമീകരിക്കാനായി സ്ഥാപനത്തിൽ തന്നെ നിലനിർത്തും. എന്നാൽ കടപ്പത്രങ്ങൾ അനുവദിക്കാത്ത അപേക്ഷകരിൽ നിന്നും ലഭിച്ച പണം അവർക്ക് തിരികെ നൽകും.

**നിർധാരണം 5**

എക്സ് ലിമിറ്റഡ്, 100 രൂപ മുഖവിലയുള്ള 10,000, 12% കടപ്പത്രങ്ങൾ പുറപ്പെടുവിച്ചു. കടപ്പത്രത്തിന് അപേക്ഷിക്കുമ്പോൾ 40 രൂപയും അനുവദിക്കുമ്പോൾ 60 രൂപയുമാണ് അടയ്ക്കേണ്ടത്. പൊതുജനങ്ങളിൽ നിന്ന് 14,000 കടപ്പത്രങ്ങൾക്കുള്ള അപേക്ഷ കിട്ടി.

9,000 കടപ്പത്ര അപേക്ഷകൾ പൂർണമായി സ്വീകരിച്ചു. 2,000 കടപ്പത്രങ്ങൾക്ക് അപേക്ഷിച്ചവർക്ക് 1,000 കടപ്പത്രങ്ങൾ നൽകി. ബാക്കി അപേക്ഷകൾ നിരസിച്ചു. എല്ലാ പണവും കൃത്യമായി ലഭിച്ചു. ഇടപാടുകളുടെ ജേർണൽ എൻട്രി എഴുതുക.

**ഉത്തരം:**

### എക്സ് ലിമിറ്റഡിന്റെ ബുക്ക്

**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|---|
| | ബാങ്ക് അക്കൗണ്ട് | Dr. | | 5,60,000 | |
| | To 12% ഡിബഞ്ചർ ആപ്ലിക്കേഷൻ അക്കൗണ്ട് | | | | 5,60,000 |
| | (14,000 കടപ്പത്രങ്ങളുടെ 40 രൂപ വീതം അപേക്ഷ പണം ലഭിച്ചു) | | | | |
| | 12% ഡിബഞ്ചർ ആപ്ലിക്കേഷൻ അക്കൗണ്ട് | Dr. | | 5,60,000 | |
| | To 12% ഡിബഞ്ചർ അക്കൗണ്ട് | | | | 4,00,000 |
| | To ഡിബഞ്ചർ അലോട്ട്മെന്റ് അക്കൗണ്ട് | | | | 40,000 |
| | To ബാങ്ക് അക്കൗണ്ട് | | | | 1,20,000 |
| | (കടപ്പത്രങ്ങൾ അനുവദിക്കുന്ന സമയത്ത് അപേക്ഷത്തുക | | | | |

| | | | | |
|---|---|---|---|---|
| | ഡിബഞ്ചർ അക്കൗണ്ടിലേക്ക് മാറ്റുകയും, അധിക അപേക്ഷത്തുക ഡിബഞ്ചർ അലോട്ട്മെന്റ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയും, നിരസിച്ച അപേക്ഷകളുടെ അപേക്ഷത്തുക തിരികെ നൽകുകയും ചെയ്തു.) | | | |
| | 10% ഡിബഞ്ചർ അലോട്ട്മെന്റ് അക്കൗണ്ട് Dr.<br>To 10% ഡിബഞ്ചർ അക്കൗണ്ട്<br>(10,000 കടപത്രങ്ങളുടെ അനുവദിക്കൽ തുക 60 രൂപ വീതം അടയ്ക്കേണ്ടത് രേഖപ്പെടുത്തി) | | 6,00,000 | 6,00,000 |
| | ബാങ്ക് അക്കൗണ്ട് Dr.<br>To 10% ഡിബഞ്ചർ അലോട്ട്മെന്റ് അക്കൗണ്ട്<br>(അനുവദിക്കൽ തുക ലഭിച്ചു) | | 5,60,000 | 5,60,000 |

## 2.6 പണമല്ലാതെയുള്ള പ്രതിഫലത്തിന് കടപത്രങ്ങൾ പുറപ്പെടുവിക്കൽ (Issue of Debentures for Consideration other than Cash)

ചിലപ്പോൾ, ഒരു കമ്പനി ആസ്തികൾ വാങ്ങുകയും അതിന്റെ പ്രതിഫലമായി പണം കൊടുക്കുന്നതിന് പകരം കടപ്പത്രങ്ങൾ നൽകുകയും ചെയ്യും. ഇത്തരത്തിൽ കടപ്പത്രങ്ങൾ ഇറക്കുന്നതിനെയാണ് പണമല്ലാതെയുള്ള പ്രതിഫലത്തിന് കടപ്പത്രങ്ങൾ പുറപ്പെടുവിക്കൽ എന്ന് പറയുന്നത്. ഇവിടെയും കടപ്പത്രങ്ങൾ മുഖവിലയ്ക്കോ, പ്രീമിയത്തിനോ ഡിസ്ക്കൗണ്ടിനോ നൽകാം. അത്തരം സാഹചര്യത്തിൽ നൽകുന്ന ജേർണൽ എൻട്രികൾ പണമല്ലാതെയുള്ള പ്രതിഫലത്തിന് ഓഹരികൾ വിതരണം ചെയ്യുന്നതിന് എഴുതുന്ന ജേർണൽ എൻട്രികൾക്ക് സമാനമാണ്. അവ ചുവടെ കൊടുക്കുന്നു.

1. ആസ്തികൾ വാങ്ങുമ്പോൾ

    സൻഡ്രി അസറ്റ്സ് അക്കൗണ്ട് Dr.

    To വെണ്ടർ അക്കൗണ്ട്

2. കടപ്പത്രം നൽകുമ്പോൾ

    (a) മുഖവിലയ്ക്ക് നൽകുമ്പോൾ

    വെണ്ടർ അക്കൗണ്ട് Dr.

    To ഡിബഞ്ചർ അക്കൗണ്ട്

    (b) പ്രീമിയത്തിന് നൽകുമ്പോൾ

    വെണ്ടർ അക്കൗണ്ട് Dr.

To ഡിബഞ്ചർ അക്കൗണ്ട്

To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ട്

(c) ഡിസ്ക്കൗണ്ടിന് നൽകുമ്പോൾ

വെണ്ടർ അക്കൗണ്ട് Dr.

ഡിസ്ക്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ Dr.

To ഡിബഞ്ചർ അക്കൗണ്ട്

**നിർധാരണം 6**

ആശീർവാദ് കമ്പനി ലിമിറ്റഡ് മറ്റൊരു കമ്പനിയിൽ നിന്ന് 2,00,000 രൂപ വില വരുന്ന ആസ്തികൾ വാങ്ങി. പ്രതിഫലമായി 100 രൂപ മുഖവിലയുള്ള 2,000, 10% കടപ്പത്രങ്ങൾ നൽകാമെന്ന് സമ്മതിച്ചു. ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

**ഉത്തരം :**

## ആശീർവാദ് കമ്പനി ലിമിറ്റഡിന്റെ ബുക്ക്

### ജേർണൽ

| തീയതി | വിശദാംശംങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|
| | സൻഡ്രി അസറ്റ്സ് അക്കൗണ്ട് Dr.<br>To വെണ്ടർ അക്കൗണ്ട്<br>(2,00,000 രൂപ വില വരുന്ന ആസ്തികൾ വാങ്ങി) | | 2,00,000 | 2,00,000 |
| | വെണ്ടർ അക്കൗണ്ട് Dr.<br>To 10% ഡിബഞ്ചർ അക്കൗണ്ട്<br>(പ്രതിഫലമായി വെണ്ടർക്ക് കടപ്പത്രം നൽകി) | | 2,00,000 | 2,00,000 |

**നിർധാരണം 7**

റായ് കമ്പനി മറ്റൊരു കമ്പനിയിൽ നിന്ന് 2,20,000 രൂപ ബുക്ക് വിലയുള്ള ആസ്തികൾ വാങ്ങുകയും പ്രതിഫലമായി 100 രൂപ മുഖവിലയുള്ള 2,000, 10% കടപ്പത്രങ്ങൾ 10% പ്രീമിയത്തിന് നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു. ഇത് രേഖപ്പെടുത്തുന്നതിനാവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

**ഉത്തരം:**

## റായ് കമ്പനി ലിമിറ്റഡിന്റെ ബുക്ക്

### ജേർണൽ

| തീയതി | വിശദാംശങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|
| | സൻഡ്രി അസറ്റ്സ് അക്കൗണ്ട് Dr. | | 2,20,000 | |
| | To വെണ്ടർ അക്കൗണ്ട് | | | 2,20,000 |
| | (2,20,000 രൂപ വില വരുന്ന ആസ്തികൾ വാങ്ങി) | | | |
| | വെണ്ടർ അക്കൗണ്ട് Dr. | | 2,20,000 | |
| | To 10% ഡിബഞ്ചർ അക്കൗണ്ട് | | | 2,00,000 |
| | To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ട് | | | 20,000 |
| | (പ്രീമിയം ഉൾപ്പെടെ 2,20,000 രൂപയുടെ കടപ്പത്രങ്ങൾ വെണ്ടർക്ക് പ്രതിഫലമായി നൽകി.) | | | |

**നിർധാരണം 8**

നാഷണൽ പാക്കേജിങ് കമ്പനി മറ്റൊരു കമ്പനിയിൽ നിന്ന് 1,90,000 രൂപ വിലയുള്ള ആസ്തികൾ വാങ്ങുകയും പ്രതിഫലമായി 100 രൂപ മുഖവിലയുള്ള 2,000, 10% കടപ്പത്രങ്ങൾ 5% ഡിസ്ക്കൗണ്ടിന് നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു. ഇത് രേഖപ്പെടുത്തുന്നതിനാവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

**ഉത്തരം:**

## നാഷണൽ പാക്കേജിങ് കമ്പനിയുടെ ബുക്ക്

### ജേർണൽ

| തീയതി | വിശദാംശങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|
| | സൻഡ്രി അസറ്റ്സ് അക്കൗണ്ട് Dr. | | 1,90,000 | |
| | To വെണ്ടർ അക്കൗണ്ട് | | | 1,90,000 |
| | (2,20,000 രൂപ വില വരുന്ന ആസ്തികൾ വാങ്ങി) | | | |
| | വെണ്ടർ അക്കൗണ്ട് Dr. | | 1,90,000 | |
| | ഡിസ്ക്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ Dr. | | 10,000 | |
| | To ഡിബഞ്ചർ അക്കൗണ്ട് | | | 2,00,000 |
| | (100 രൂപ മുഖവിലയുള്ള 2,000, 10% കടപ്പത്രങ്ങൾ 5% ഡിസ്ക്കൗണ്ടിന് വെണ്ടർക്ക് പ്രതിഫലമായി നൽകി) | | | |

**നിർധാരണം 9**

ജി.എസ് റായ് കമ്പനി മറ്റൊരു കമ്പനിയിൽ നിന്ന് 99,000 രൂപ വിലയുള്ള ആസ്തികൾ വാങ്ങി. പ്രതിഫലമായി 100 രൂപ മുഖവിലയുള്ള 11% കടപ്പത്രങ്ങൾ നൽകാമെന്ന് സമ്മതിച്ചു. ഇത് രേഖപ്പെടുത്തുന്നതിനാവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

കടപ്പത്രങ്ങൾ നൽകുന്നത് :

1. മുഖവിലയ്ക്കാണെങ്കിൽ
2. 10% ഡിസ്ക്കൗണ്ടിനാണെങ്കിൽ
3. 10% പ്രീമിയത്തിനാണെങ്കിൽ

**ഉത്തരം :**

**ജി.എസ് റായ് കമ്പനിയുടെ ബുക്ക്**

**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|---|
| | സൻഡ്രി അസറ്റ്സ് അക്കൗണ്ട് | Dr. | | 99,000 | |
| | To വെണ്ടർ അക്കൗണ്ട് | | | | 99,000 |
| | (99,000 രൂപ വില വരുന്ന ആസ്തികൾ വാങ്ങി) | | | | |
| 1 | വെണ്ടർ അക്കൗണ്ട് | Dr. | | 99,000 | |
| | To 11% ഡിബഞ്ചർ അക്കൗണ്ട് | | | | 99,000 |
| | (പ്രതിഫലമായി വെണ്ടർക്ക് കടപ്പത്രം നൽകി) | | | | |
| 2 | വെണ്ടർ അക്കൗണ്ട് | Dr. | | 99,000 | |
| | ഡിസ്ക്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ | Dr. | | 11,000 | |
| | To 11% ഡിബഞ്ചർ അക്കൗണ്ട് | | | | 1,10,000 |
| | (100 രൂപ മുഖവിലയുള്ള 11% കടപ്പത്രങ്ങൾ 10% ഡിസ്ക്കൗണ്ടിന് വെണ്ടർക്ക് പ്രതിഫലമായി ൽകി) | | | | |
| 3 | വെണ്ടർ അക്കൗണ്ട് | Dr. | | 99,000 | |
| | To 11% ഡിബഞ്ചർ അക്കൗണ്ട് | | | | 90,000 |
| | To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ട് | | | | 9,000 |
| | (പ്രീമിയം ഉൾപ്പെടെ 99,000 രൂപയുടെ കടപ്പത്രങ്ങൾ വെണ്ടർക്ക് പ്രതിഫലമായി നൽകി). | | | | |

ചില സമയങ്ങളിൽ കമ്പനി മറ്റു സ്ഥാപനങ്ങളുടെ ആസ്തികൾക്ക് പുറമെ ബാധ്യതകളും ഏറ്റെടുക്കാറുണ്ട്. സാധാരണയായി മറ്റൊരു സ്ഥാപനം പൂർണമായി ഏറ്റെടുക്കുമ്പോഴാണ് ഇത്തരത്തിൽ സംഭവിക്കുന്നത്. അത്തരം സാഹചര്യങ്ങളിൽ പ്രതിഫലം ഏറ്റെടുത്ത അറ്റ ആസ്തിക്ക് (ആസ്തികൾ-ബാധ്യതകൾ) തുല്യമായിരിക്കും. പ്രതിഫല തുക പൂർണ മായും കടപ്പത്രമായാണ് നൽകുന്നതെങ്കിൽ ജേർണൽ എൻട്രി താഴെപ്പറയുന്നവിധമായി രിക്കും.

സൻഡ്രി അസറ്റ്സ് അക്കൗണ്ട് Dr.
To സൻഡ്രി ലയബിലിറ്റീസ് അക്കൗണ്ട്
To വെണ്ടർ അക്കൗണ്ട്
(വെണ്ടറുടെ ബിസിനസ് ഏറ്റെടുത്തു.)

**നിർധാരണം 10**

റോമി ലിമിറ്റഡ്, കപിൽ എന്റർപ്രൈസസിന്റെ 20 ലക്ഷം രൂപ വിലവരുന്ന ആസ്തികളും 2 ലക്ഷം രൂപയുടെ ക്രെഡിറ്റേഴ്സിനെയും ഏറ്റെടുത്തു. പ്രതിഫലമായി റോമി ലിമിറ്റഡിന്റെ 100 രൂപ വീതം വിലയുള്ള 8% കടപ്പത്രങ്ങൾ നൽകി. റോമി ലിമിറ്റഡിന്റെ ബുക്കിൽ ആവ ശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

**ഉത്തരം:**

## റോമി ലിമിറ്റഡിന്റെ ബുക്ക്
### ജേർണൽ

| തീയതി | വിശദാംശങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|
| | സൻഡ്രി അസറ്റ്സ് അക്കൗണ്ട് Dr. | | 20,00,000 | |
| | To കപിൽ എന്റർപ്രൈസസ് | | | 18,00,000 |
| | To സൻഡ്രി ക്രെഡിറ്റേഴ്സ് | | | 2,00,000 |
| | (കപിൽ എന്റർപ്രൈസസിന്റെ ബിസിനസ് ഏറ്റെടുത്തു) | | | |
| | കപിൽ എന്റർപ്രൈസസ് Dr. | | 18,00,000 | |
| | To ഡിബഞ്ചർ അക്കൗണ്ട് | | | 18,00,000 |
| | (100 രൂപ മുഖവിലയുള്ള 18,000, 8% കടപ്പത്രങ്ങൾ കപിൽ എന്റർപ്രൈസ്സിന് പ്രതിഫലമായി നൽകി) | | | |

ബിസിനസ് പൂർണമായി ഏറ്റെടുക്കുമ്പോൾ പ്രതിഫലമായി കൊടുക്കുന്ന കടപ്പത്രത്തിന്റെ തുക അറ്റ ആസ്തിയെക്കാൾ (ആസ്തികൾ-ബാധ്യതകൾ) കൂടുതലാണെങ്കിൽ വ്യത്യാ സം വരുന്ന തുക (അധിക തുക) സൽപ്പേരിന്റെ (ഗുഡ്‌വിൽ) മൂല്യമായി കണക്കാക്കുകയും ആ തുക ജേർണൽ എൻട്രി എഴുതുമ്പോൾ ഗുഡ്‌വിൽ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യു കയും വേണം. (നിർധാരണം 11 കാണുക). കടപ്പത്രത്തിന്റെ തുക അറ്റ ആസ്തിയെക്കാൾ

(ആസ്തികൾ-ബാധ്യതകൾ) കുറവാണെങ്കിൽ വ്യത്യാസം വരുന്ന തുക ക്യാപ്പിറ്റൽ റിസർവ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യണം. (നിർധാരണം 12 കാണുക.)

**നിർധാരണം 11**

ദീപക് കമ്പനിയുടെ 1,50,000 രൂപയുടെ കെട്ടിടം, 1,40,000 രൂപ വിലയുള്ള മെഷിനറി 10,000 രൂപയുടെ ഫർണിച്ചർ എന്നിവയും 20,000 രൂപയുടെ ബാധ്യതയും 3,15,000 രൂപ പ്രതിഫലത്തിന് ബ്ലൂ പ്രിന്റ്സ് ലിമിറ്റഡ്, ഏറ്റെടുത്തു. പ്രതിഫലം ബ്ലൂ പ്രിന്റ് ലിമിറ്റഡിന്റെ 100 രൂപ മുഖവിലയുള്ള 12% കടപ്പത്രങ്ങൾ 5% പ്രീമിയത്തിന് നൽകി. ഇത് രേഖപ്പെടുത്തുന്നതിനാവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

**ഉത്തരം:**

## ബ്ലൂ പ്രിന്റ്സ് ലിമിറ്റഡിന്റെ ബുക്ക്

### ജേർണൽ

| തീയതി | വിശദാംശങ്ങൾ | | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|---|
| | **ബിൽഡിങ്സ് അക്കൗണ്ട്** | Dr. | | 1,50,000 | |
| | **മെഷനറി അക്കൗണ്ട്** | Dr. | | 1,40,000 | |
| | **ഫർണിച്ചർ അക്കൗണ്ട്** | Dr. | | 10,000 | |
| | **ഗുഡ്‌വിൽ അക്കൗണ്ട്** | Dr. | | 35,000 | |
| | To സൻഡ്രി ക്രെഡിറ്റേഴ്സ് | | | | 20,000 |
| | To ദീപക് കമ്പനി | | | | 3,15,000 |
| | (ദീപക് കമ്പനിയുടെ ആസ്തികളും ബാധ്യതകളും ഏറ്റെടുത്തു) | | | | |
| | **ദീപക് കമ്പനി** | Dr. | | 3,15,000 | |
| | To 12% ഡിബഞ്ചർ അക്കൗണ്ട് | | | | 3,00,000 |
| | To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ട് | | | | 15,000 |
| | (3,000 കടപ്പത്രങ്ങൾ 5% പ്രീമിയത്തിന് നൽകി) | | | | |

കുറിപ്പ് : 1. ഏറ്റെടുത്ത ബിസിനസ്സിന്റെ പ്രതിഫലം അറ്റ ആസ്തിയെക്കാൾ കൂടുതലായതിനാൽ വ്യത്യാസം ഗുഡ്‌വിൽ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തു.

2. $\text{കൊടുത്ത കടപ്പത്രങ്ങളുടെ എണ്ണം} = \frac{\text{വാങ്ങൽ പ്രതി ഫ ലം}}{\text{കടപ്പത്രത്തിന്റെ വിതരണവില}}$

$$= \frac{3,15,000}{105} = 3,000$$

**നിർധാരണം 12**

എ ലിമിറ്റഡ് 3,00,000 രൂപയുടെ ആസ്തികളും 10,000 രൂപയുടെ ബാധ്യതകളും ബി & കമ്പനി ലിമിറ്റഡിൽ നിന്നും ഏറ്റെടുക്കുകയും വാങ്ങൽ പ്രതിഫലമായ 2,70,000 രൂപയ്ക്ക് 100 രൂപ മുഖവിലയുള്ള 15% കടപ്പത്രങ്ങൾ 20% പ്രീമിയത്തിന് നൽകുകയും ചെയ്തു. എ ലിമിറ്റഡിന്റെ ബുക്കിലെ ജേർണൽ എൻട്രികൾ എഴുതുക.

**ഉത്തരം:**

## എ ലിമിറ്റഡിന്റെ ബുക്ക്

### ജേർണൽ

| തീയതി | വിശദാംശങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|
| | **സൻഡ്രി അസറ്റ്സ് അക്കൗണ്ട്** Dr. | | 3,00,000 | |
| | To സൻഡ്രി ക്രെഡിറ്റേഴ്സ് | | | 10,000 |
| | To ബി & കമ്പനി ലിമിറ്റഡ് | | | 2,70,000 |
| | To ക്യാപ്പിറ്റൽ റിസർവ് | | | 20,000 |
| | (ബി & കമ്പനി ലിമിറ്റഡിന്റെ ആസ്തികളും ബാധ്യതകളും ഏറ്റെടുത്തു) | | | |
| | **ബി & കമ്പനി ലിമിറ്റഡ്** Dr. | | 2,70,000 | |
| | To 15% ഡിബഞ്ചർ അക്കൗണ്ട് | | | 2,25,000 |
| | To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ട് | | | 45,000 |
| | (2250 കടപ്പത്രങ്ങൾ 20% പ്രീമിയത്തിന് നൽകി) | | | |

**നിങ്ങൾ സ്വയം ചെയ്യുക**

1. അമിത് കമ്പനി ലിമിറ്റഡ്, മറ്റൊരു കമ്പനിയിൽ നിന്ന് 2,20,000 രൂപയുടെ ആസ്തികൾ വാങ്ങി. പ്രതിഫലമായി 100 രൂപ മുഖവിലയുള്ള 2,000, 10% കടപ്പത്രങ്ങൾ 10% പ്രീമിയം നിരക്കിൽ നൽകാമെന്ന് സമ്മതിച്ചു. ആവശ്യമുള്ള ജേർണൽ എൻട്രികൾ രേഖപ്പെടുത്തുക.
2. ഒരു കമ്പനി മറ്റൊരു കമ്പനിയുടെ 1,90,000 രൂപ വിലയുള്ള ആസ്തി വാങ്ങിയശേഷം 100 രൂപ മുഖവിലയുള്ള 2,000, 10% കടപ്പത്രങ്ങൾ 5 % ഡിസ്ക്കൗണ്ടിന് നൽകാമെന്ന് സമ്മതിച്ചു. ആവശ്യമുള്ള ജേർണൽ എൻട്രികൾ രേഖപ്പെടുത്തുക.
3. റോസ് ബോണ്ട് ലിമിറ്റഡ് ഒരു ബിസിനസ് 22,00,000 രൂപയ്ക്ക് വാങ്ങി. വാങ്ങൽ വില 6% കടപ്പത്രങ്ങളായാണ് നൽകിയത്. ഈ ആവശ്യത്തിന് 20,00,000 രൂപയുടെ കടപ്പത്രങ്ങൾ 10 ശതമാനം പ്രീമിയത്തിന് നൽകി. ആവശ്യമുള്ള ജേർണൽ എൻട്രികൾ രേഖപ്പെടുത്തുക.
4. നിഖിൽ ആന്റ് അശ്വിൻ ലിമിറ്റഡ്, അഗർവാൾ ലിമിറ്റഡിന്റെ ബിസിനസ്സ് വാങ്ങി. ഇതിൽ 3,60,000 രൂപയുടെ പലവക ആസ്തികളും, 1,00,000 രൂപയുടെ ക്രെഡിറ്റേഴ്സുമുണ്ട്. വാങ്ങൽ പ്രതിഫലം 3,07,200 രൂപയാണ്. ഇത് 100 രൂപ മുഖവിലയുള്ള പൂർണമായി അടച്ചുതീർത്ത 14% കടപ്പത്രങ്ങളായി 4% ഡിസ്കൗണ്ടിന് നൽകും. ആവശ്യമുള്ള ജേർണൽ എൻട്രികൾ രേഖപ്പെടുത്തുക.

**നിർധാരണം 13**

സുവിധ ലിമിറ്റഡ് 1,98,000 രൂപയുടെ മെഷിനറി സപ്ലയേർസ് ലിമിറ്റഡിൽ നിന്ന് വാങ്ങി. അതിന്റെ വില 100 രൂപ മുഖവിലയുള്ള 12% കടപ്പത്രങ്ങളായി നൽകി. താഴെപ്പറയുന്ന സാഹചര്യങ്ങളിൽ ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

(i) കടപ്പത്രങ്ങൾ മുഖവിലയ്ക്ക് നൽകുന്നുവെങ്കിൽ

(ii) കടപ്പത്രങ്ങൾ 10% കിഴിവിന് നൽകുന്നുവെങ്കിൽ

(iii) കടപ്പത്രങ്ങൾ 10% പ്രീമിയത്തിന് നൽകുന്നുവെങ്കിൽ

**ഉത്തരം:**

## സുവിധ ലിമിറ്റഡിന്റെ ബുക്ക്

### ജേർണൽ

| തീയതി | വിശദാംശങ്ങൾ | | എൽ എഫ് | ഡെബിറ്റ് തുക (Rs) | ക്രെഡിറ്റ് തുക (Rs) |
|---|---|---|---|---|---|
| | **മെഷിനറി അക്കൗണ്ട്** | Dr. | | 1,98,000 | |
| | To സപ്ലയേഴ്സ് ലിമിറ്റഡ് അക്കൗണ്ട് | | | | 1,98,000 |
| | (മെഷനറി വാങ്ങി) | | | | |
| സാഹചര്യം 1 | കടപ്പത്രങ്ങൾ മുഖവിലയ്ക്ക് നൽകുന്നുവെങ്കിൽ | | | | |
| | **സപ്ലയേഴ്സ് ലിമിറ്റഡ് അക്കൗണ്ട്** | Dr. | | 1,98,000 | |
| | To 12% ഡിബഞ്ചർ അക്കൗണ്ട് | | | | 1,98,000 |
| | (പ്രതിഫലമായി വെണ്ടർക്ക് കടപ്പത്രം നൽകി) | | | | |
| സാഹചര്യം 2 | കടപ്പത്രങ്ങൾ 10% കിഴിവിന് നൽകുന്നുവെങ്കിൽ | | | | |
| | **സപ്ലയേഴ്സ് ലിമിറ്റഡ് അക്കൗണ്ട്** | Dr. | | 1,98,000 | |
| | **ഡിസ്ക്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ അക്കൗണ്ട്** | Dr. | | 22,000 | |
| | To 12% ഡിബഞ്ചർ അക്കൗണ്ട് | | | | 2,20,000 |
| | (സപ്ലയേഴ്സ് ലിമിറ്റഡിന് 12% കടപ്പത്രങ്ങൾ 10% കിഴിവിന് നൽകി) | | | | |
| സാഹചര്യം 3 | കടപ്പത്രങ്ങൾ 10% പ്രീമിയത്തിന് നൽകുന്നുവെങ്കിൽ | | | | |
| | **സപ്ലയേഴ്സ് ലിമിറ്റഡ് അക്കൗണ്ട്** | Dr. | | 1,98,000 | |
| | To 12% ഡിബഞ്ചർ അക്കൗണ്ട് | Dr. | | | 1,80,000 |
| | To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ട് | | | | 18,000 |
| | (സപ്ലയേഴ്സ് ലിമിറ്റഡിന് 12% കടപ്പത്രങ്ങൾ 10% പ്രീമിയത്തിന് നൽകി) | | | | |

പ്രവർത്തനക്കുറിപ്പുകൾ :

(a)

| | (Rs) |
|---|---|
| കടപ്പത്രത്തിന്റെ മുഖവില | 100 |
| കുറയ്ക്കുക : കിഴിവ് 10% | 10 |
| കടപ്പത്രം പുറപ്പെടുവിക്കൽ വില | 90 |

10% കിഴിവിന് പുറപ്പെടുവിക്കേണ്ട കടപ്പത്രങ്ങളുടെ എണ്ണം – $\frac{\text{Rs. } 1,98,000}{90}$

– 2,200 കടപ്പത്രങ്ങൾ

(b)

| | (Rs) |
|---|---|
| കടപ്പത്രത്തിന്റെ മുഖവില | 100 |
| കൂട്ടുക : 10% പ്രീമിയം | 10 |
| കടപ്പത്രം പുറപ്പെടുവിക്കൽ വില | 110 |

10% പ്രീമിയത്തിന് പുറപ്പെടുവിക്കേണ്ട കടപ്പത്രങ്ങളുടെ

എണ്ണം – $\frac{\text{Rs.}1,98,000}{110}$

– 1,800 കടപ്പത്രങ്ങൾ

## 2.7 അധിക ജാമ്യമായി കടപ്പത്രങ്ങൾ പുറപ്പെടുവിക്കൽ
(Issue of Debentures as a Collateral Securtiy)

ഒരു കമ്പനി ബാങ്കിൽ നിന്നോ മറ്റേതെങ്കിലുമൊരു ധനകാര്യ സ്ഥാപനത്തിൽ നിന്നോ വായ്പയോ ഓവർഡ്രാഫ്റ്റോ നേടുന്നതിനായി പ്രഥമ ഈടിനു പുറമെ നൽകുന്ന ദ്വിതീയ അഥവാ അനുബന്ധ ഈടിനെയാണ് അധികജാമ്യം (കൊളാറ്ററൽ സെക്യൂരിറ്റി) എന്ന് പറയുന്നത്. വായ്പകളുടെ സുരക്ഷ ഉറപ്പാക്കാനായി വായ്പ നൽകുന്ന സ്ഥാപനങ്ങൾ ചില ആസ്തികൾ പണയമായി സ്വീകരിക്കാറുണ്ട്. എന്നാൽ, ചില സ്ഥാപനങ്ങൾ പ്രഥമ ഈടിന് പുറമേ അധിക ഈട് ആവശ്യപ്പെടാറുണ്ട്. പ്രഥമ ഈടിൽ നിന്ന് വസൂലാക്കാൻ കഴിയുന്ന തുക വായ്പാത്തുകയെക്കാൾ കുറവാണെങ്കിൽ അത് അധിക ഈടിൽ നിന്ന് വസൂലാക്കാൻ കഴിയും. ഇത്തരം സാഹചര്യങ്ങളിൽ കമ്പനി അവർ ഈടായി നൽകിയിട്ടുള്ള ആസ്തികൾക്ക് പുറമെ വായ്പ നൽകിയിട്ടുള്ളവർക്ക് സ്വന്തം കടപ്പത്രങ്ങൾ ഈടായി നൽകാറുണ്ട്. അത്തരത്തിൽ കടപ്പത്രങ്ങൾ നൽകുന്നതിനെയാണ് അധിക ജാമ്യമായി കടപ്പത്രങ്ങൾ പുറപ്പെടുവിക്കൽ എന്ന് പറയുന്നത്.

കമ്പനിക്ക് വായ്പയും പലിശയും തിരിച്ചടയ്ക്കാൻ കഴിയാതെ വന്നാൽ വായ്പ നൽകിയ സ്ഥാപനത്തിന് പ്രഥമ ഈട് വിൽപ്പന നടത്തി തുക വസൂലാക്കാൻ കഴിയും. വിൽപ്പനയിലൂടെ കിട്ടുന്ന തുക ആകെ കിട്ടേണ്ട തുകയെക്കാൾ കുറവാണെങ്കിൽ വായ്പാ സ്ഥാപനത്തിന് അനുബന്ധ ഈടായി കിട്ടിയിട്ടുള്ള കടപ്പത്രം തിരികെ നൽകിയോ പൊതു വിപണിയിൽ വിൽപ്പന നടത്തിയോ കുറവുള്ള തുക കണ്ടെത്താം.

അധിക ഈടായി നൽകിയ കടപ്പത്രം കമ്പനിയുടെ ബുക്കിൽ രണ്ടു തരത്തിൽ രേഖപ്പെടുത്താം.

***ഒന്നാമത്തെ രീതി***

അനുബന്ധ ഈടായി കടപ്പത്രം പുറപ്പെടുവിക്കുമ്പോൾ ബാധ്യത ഉണ്ടാകാത്തതിനാൽ ബുക്കിൽ ജേർണൽ എൻട്രി ഒന്നും തന്നെ രേഖപ്പെടുത്തുന്നില്ല. എന്നാൽ ബാക്കിപത്രത്തിന്റെ ബാധ്യതയുടെ വശത്ത് ലോൺ എന്ന ഇനത്തിന് താഴെ ഇത് അനുബന്ധ ഈടായി കടപ്പത്രം നൽകി സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട് എന്ന കുറിപ്പ് കാണിക്കണം. ഉദാഹരണമായി, ദീപ ലിമിറ്റഡ് ബാങ്കിൽ നിന്ന് എടുത്ത 10 ലക്ഷം രൂപയുടെ ലോണിന് അനുബന്ധ ഈടായി 100 രൂപ വിലയുള്ള 10,000, 9% കടപ്പത്രങ്ങൾ നൽകിയാൽ അത് കമ്പനിയുടെ ബാക്കിപത്രത്തിൽ കാണിക്കുന്നവിധം ചുവടെ കൊടുക്കുന്നു.

**ദീപ ലിമിറ്റഡിന്റെ 2018 മാർച്ച് 31 ലെ ബാക്കിപത്രം***

| വിശദാംശങ്ങൾ | നോട്ട് നമ്പർ | തുക (₹) |
|---|---|---|
| 1. ഓഹരികളും ബാധ്യതകളും | | |
| 2. ദീർഘകാല ബാധ്യതകൾ | | |
| ദീർഘകാല വായ്പകൾ | 1 | 10,00,000 |
| **ആകെ** | | **10,00,000** |

* പ്രസക്തമായ ഇനങ്ങൾ മാത്രം

അക്കൗണ്ടിനുള്ള കുറിപ്പ്

| വിശദാംശങ്ങൾ | തുക (₹) |
|---|---|
| 1. ദീർഘകാല വായ്പകൾ<br>ബാങ്ക് ലോൺ<br>(100 രൂപ വീതം വിലയുള്ള 10,000, 9% കടപ്പത്രങ്ങൾ അനുബന്ധ ഈടായി നൽകിയിട്ടുണ്ട്.) | 10,00,000 |

***രണ്ടാമത്തെ രീതി***

അനുബന്ധ ഈടായി കടപ്പത്രം പുറപ്പെടുവിക്കുന്നത് ജേർണൽ എൻട്രിയുടെ സഹായത്തോടെ ബുക്കിൽ രേഖപ്പെടുത്തുന്നത് ചുവടെ കൊടുത്തിരിക്കുന്നു.

*ജേർണൽ എൻട്രികൾ*

*i.* *ബാങ്കിൽ നിന്നെടുത്ത 10,00,000 രൂപയുടെ വായ്പയ്ക്ക് അനുബന്ധ ഈടായി 100 രൂപ വിലയുള്ള 10,000, 9% കടപ്പത്രങ്ങൾ പുറപ്പെടുവിച്ചു.*

| | | | |
|---|---|---|---|
| *ഡിബഞ്ചർ സസ്പെൻസ് അക്കൗണ്ട്* | Dr. | 10,00,000 | |
| To 9% *ഡിബഞ്ചർ അക്കൗണ്ട്* | | | 10,00,000 |

*ii.* *ബാങ്കിന് പണം തിരികെ നൽകുമ്പോൾ അനുബന്ധ ഈടായി നൽകിയ കടപ്പത്രം റദ്ദാക്കാൻ*

ഡിബഞ്ചർ സസ്പെൻസ് അക്കൗണ്ട് ദീർഘകാല വായ്പകളുടെ അക്കൗണ്ട് കുറിപ്പുകളിൽ ഡിബഞ്ചറിൽ നിന്ന് കുറവ് ചെയ്ത് കാണിക്കും. ലോൺ തിരികെ നൽകുമ്പോൾ ആദ്യം എഴുതിയ എൻട്രി തിരിച്ചെഴുതി അത് റദ്ദാക്കുന്നു.

| | | | |
|---|---|---|---|
| *9% ഡിബഞ്ചർ അക്കൗണ്ട്* | Dr. | 10,00,000 | |
| To *ഡിബഞ്ചർ സസ്പെൻസ് അക്കൗണ്ട്* | | | 10,00,000 |

**ദീപ ലിമിറ്റഡിന്റെ 2018 മാർച്ച് 31 ലെ ബാക്കിപത്രം* (സംക്ഷിപ്തം)**

| വിശദാംശങ്ങൾ | നോട്ട് നമ്പർ | തുക (₹) |
|---|---|---|
| 1. ഓഹരികളും ബാധ്യതകളും | | |
| 2. ദീർഘകാല ബാധ്യതകൾ | | |
| ദീർഘകാല വായ്പകൾ | 1 | **10,00,000** |

* പ്രസക്തമായ ഇനങ്ങൾ മാത്രം

അക്കൗണ്ടിനുള്ള കുറിപ്പ്

| വിശദാംശങ്ങൾ | തുക (₹) | തുക (₹) |
|---|---|---|
| 1. ദീർഘകാല വായ്പ | | 10,00,000 |
| ബാങ്ക് ലോൺ | | |
| 100 രൂപ വീതം വിലയുള്ള 10,00,000 | | |
| 10% കടപത്രങ്ങൾ | 10,00,000 | |
| കുറവ്: ഡിബഞ്ചർ സസ്പെൻസ് | 10,00,000 | — |
| | | **10,00,000** |

***നിർധാരണം 14***

ഒരു കമ്പനി പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്ന് 10,00,000 രൂപയുടെ ലോൺ എടുക്കുകയും അധിക ഈടായി 100 രൂപ മുഖവിലയുള്ള 12,00,000 രൂപയുടെ 10% കടപ്പത്രങ്ങൾ നൽകുകയും ചെയ്തു. കമ്പനിയുടെ ബുക്കിൽ കടപ്പത്രം നൽകിയത് എങ്ങനെ രേഖപ്പെടുത്തും എന്ന് വിശദീകരിക്കുക.

***ഉത്തരം:***

***ഒന്നാമത്തെ രീതി***

**ബാക്കിപത്രം* (സംക്ഷിപ്തം)**

| വിശദാംശങ്ങൾ | നോട്ട് നമ്പർ | തുക (₹) |
|---|---|---|
| 1. ഓഹരികളും ബാധ്യതകളും | | |
| 2. ദീർഘകാല ബാധ്യതകൾ | | |
| ദീർഘകാല വായ്പകൾ | 1 | **10,00,000** |

അക്കൗണ്ടിനുള്ള കുറിപ്പ്

| വിശദാംശങ്ങൾ | തുക (₹) |
|---|---|
| 1. ദീർഘകാല വായ്പകൾ<br>ബാങ്ക് ലോൺ<br>(100 രൂപ വീതം വിലയുള്ള 12,000, 10% കടപ്പത്രങ്ങൾ അനുബന്ധ ഈടായി നൽകിയിട്ടുണ്ട്.) | 10,00,000 |

***രണ്ടാമത്തെ രീതി :***

## *ജേർണൽ എൻട്രി*

| തീയതി | വിശദാംശംങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|
| | **ഡിബഞ്ചർ സസ്പെൻസ് അക്കൗണ്ട്** Dr. | | 10,00,000 | |
| | To 9% ഡിബഞ്ചർ | | | 10,00,000 |
| | (100 രൂപ മുഖവിലയുള്ള 12,000 കടപ്പത്രങ്ങൾ പഞ്ചാബ് നാഷണൽ ബാങ്കിന് നൽകി) | | | |

**ബാങ്ക് ലോൺ (പഞ്ചാബ് നാഷണൽ ബാങ്ക്)**

| വിശദാംശങ്ങൾ | നോട്ട് നമ്പർ | തുക (₹) |
|---|---|---|
| 1. ഓഹരികളും ബാധ്യതകളും | | |
| 2. ദീർഘകാല ബാധ്യതകൾ<br>ദീർഘകാല വായ്പകൾ | 1 | **10,00,000** |

അക്കൗണ്ടിനുള്ള കുറിപ്പ്

| വിശദാംശങ്ങൾ | തുക (₹) | തുക (₹) |
|---|---|---|
| 1. ദീർഘകാല വായ്പ | | 10,00,000 |
| ബാങ്ക് ലോൺ (പഞ്ചാബ് നാഷണൽ ബാങ്ക്) 100 രൂപ വീതം വിലയുള്ള 12,000, 10% കടപ്പത്രങ്ങൾ | 12.00.000 | |
| (-) ഡിബഞ്ചർ സസ്പെൻസ് | 12,00,000 | — |
| | | **10,00,000** |

**നിങ്ങൾ സ്വയം ചെയ്യുക**

1. രഘുവീർ ലിമിറ്റഡ് 10,00,000 രൂപയുടെ, 8% കടപത്രങ്ങൾ താഴെപ്പറയുന്ന വിധം പുറപ്പെടുവിച്ചു:

| | Rs. |
|---|---|
| 1. 90% പണത്തിന് വിവിധ വരിക്കാർക്ക് നൽകിയത് | 5,50,000 |
| 2. മെഷിണറിയുടെ വില 2,00,000 രൂപക്ക് വെണ്ടർ കടപത്രങ്ങൾ സ്വീകരിച്ചത് | 2,00,000 |
| 3. ബാങ്ക് ലോണിനുള്ള അധിക ജാമ്യം എന്ന നിലയിൽ ബാങ്കർമാർക്ക് നൽകിയത് | 2,50,000 |

20,00,000 രൂപയ്ക്ക് 22,50,000 രൂപ മൂല്യമുള്ള ബിസിനസ് പ്രിമിസസ്സ് പ്രധാന ഈടായി നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞവയിൽ (1) ഉം (2) ഉം 10 വർഷത്തിനു ശേഷം വീണ്ടെടുക്കുന്ന കടപത്രങ്ങളാണ്. കമ്പനിയുടെ ബാക്കിപത്രം തയാറാക്കുന്ന സമയത്ത് കടപത്രം രേഖപ്പെടുത്തുന്നത് എങ്ങനെയാണെന്ന് വിശദമാക്കുക.

2. ഹസ്സൻ ലിമിറ്റഡ് ഒരു ബാങ്കിൽ നിന്ന് 30,00,000 രൂപ വായ്പ എടുക്കുകയും 40,00,000 രൂപ വിലയുള്ള പ്രാഥമിക ഈടും അധിക ഈടായി 100 രൂപ മുഖവിലയുള്ള 4,000, 6% കടപത്രങ്ങളും നൽകി.

ഒരു വർഷത്തിനു ശേഷം വീണ്ടും ബാങ്കിൽ നിന്നും 50,00,000 രൂപ വായ്പ എടുക്കുകയും പ്രാഥമിക ഈടായി 40,00,000 രൂപ വിലയുള്ള പ്ലാന്റും അധിക ഈടായി 100 രൂപ മുഖവിലയുള്ള 6,000, 6% കടപത്രങ്ങളും നൽകി.

ആവശ്യമായ ജേണൽ എൻട്രികൾ രേഖപ്പെടുത്തുകയും കമ്പനിയുടെ ബാക്കിപത്രം തയാറാക്കുകയും ചെയ്യുക.

3. മേഘനാഥ് ലിമിറ്റഡ് ഒരു ബാങ്കിൽ നിന്ന് 1,20,000 രൂപ വായ്പ എടുക്കുകയും രണ്ട് ലക്ഷം രൂപയുടെ പ്രാഥമിക ഈടും അധിക ഈടായി 100 രൂപ മുഖവിലയുള്ള 1,400, 8% കടപത്രങ്ങളും നൽകി. രണ്ട് മാസത്തിനു ശേഷം കമ്പനി വീണ്ടും 80,000 രൂപ വായ്പ എടുക്കുകയും 100 രൂപ മുഖവിലയുള്ള 1000, 8% കടപത്രങ്ങൾ നൽകുകയും ചെയ്തു. ആവശ്യമായ ജേണൽ എൻട്രികൾ രേഖപ്പെടുത്തുകയും കമ്പനിയുടെ ബാക്കിപത്രം തയാറാക്കുകയും ചെയ്യുക.

## 2.8 കടപത്രങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള വ്യവസ്ഥകൾ (Terms of Issue of Debentures)

ഒരു കമ്പനി കടപ്പത്രങ്ങൾ പുറപ്പെടുവിക്കുമ്പോൾ സാധാരണയായി കാലാവധി പൂർത്തിയാകുമ്പോൾ കടപ്പത്രം വീണ്ടെടുക്കുന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്താറുണ്ട്.

കടപ്പത്ര ഉടമകളുടെ കൈയിൽ നിന്ന് അവ തിരികെ വാങ്ങുകയും പണം തിരികെ നൽകുകയും ചെയ്ത് ബാധ്യത ഒഴിവാക്കുന്നതിനെയാണ് കടപ്പത്രത്തിന്റെ വീണ്ടെടുക്കൽ (Redemption of debentures) എന്ന് പറയുന്നത്.

കടപ്പത്രങ്ങൾ മുഖവിലയ്ക്കോ (at par) പ്രീമിയത്തിലോ (at premium) വീണ്ടെടുക്കാവുന്നതാണ്.

നിബന്ധനകളുടെ അടിസ്ഥാനത്തിൽ കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നതിനും വീണ്ടെടുക്കുന്നതിനും പ്രായോഗിക തലത്തിൽ താഴെപ്പറയുന്ന ആറ് സാഹചര്യങ്ങൾ നിലവിലുണ്ട്.

1. മുഖവിലയ്ക്ക് പുറപ്പെടുവിച്ച് മുഖവിലയ്ക്ക് വീണ്ടെടുക്കുക (Issued at par & redeemable at par)
2. കിഴിവിന് പുറപ്പെടുവിച്ച് മുഖവിലയ്ക്ക് വീണ്ടെടുക്കുക (Issued at discount & redeemable at par)
3. പ്രീമിയത്തിന് പുറപ്പെടുവിച്ച് മുഖവിലയ്ക്ക് വീണ്ടെടുക്കുക (Issued at a premium & redeemable at par)
4. മുഖവിലയ്ക്ക് പുറപ്പെടുവിച്ച് പ്രീമിയത്തിന് വീണ്ടെടുക്കുക (Issued at par & redeemable at a premium)
5. കിഴിവിന് പുറപ്പെടുവിച്ച് പ്രീമിയത്തിന് വീണ്ടെടുക്കുക (Issued at a discount & redeemable at a premium)
6. പ്രീമിയത്തിന് പുറപ്പെടുവിച്ച് പ്രീമിയത്തിന് വീണ്ടെടുക്കുക (Issued at a premium & redeemable at premium)

മുകളിൽ പറഞ്ഞ 6 സാഹചര്യങ്ങളിലും താഴെ കൊടുത്തിട്ടുള്ള ജേർണൽ എൻട്രികൾ ഉപയോഗിക്കുന്നു.

1. *മുഖവിലയ്ക്ക് പുറപ്പെടുവിച്ച് മുഖവിലയ്ക്ക് വീണ്ടെടുക്കുക*

(a) ബാങ്ക് അക്കൗണ്ട് Dr.
To ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട്
(അപേക്ഷപ്പണം കിട്ടി)

(b) ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട് Dr.
To ഡിബഞ്ചർ അക്കൗണ്ട്
(ഡിബഞ്ചർ അനുവദിച്ചു)

2. *കിഴിവിന് പുറപ്പെടുവിച്ച് മുഖവിലയ്ക്ക് വീണ്ടെടുക്കുക*

(a) ബാങ്ക് അക്കൗണ്ട് Dr.
To ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട്
(അപേക്ഷപ്പണം കിട്ടി)

(b) ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട് Dr.
ഡിസ്കൗണ്ട് ഓൺ ഇഷ്യു ഓഫ് ഡിബഞ്ചേഴ്സ് അക്കൗണ്ട് Dr.
To ഡിബഞ്ചർ അക്കൗണ്ട്
(കിഴിവിന് ഡിബഞ്ചർ അനുവദിച്ചു)

3. *പ്രീമിയത്തിന് പുറപ്പെടുവിച്ച് മുഖവിലയ്ക്ക് വീണ്ടെടുക്കുക*

(a) ബാങ്ക് അക്കൗണ്ട് Dr.
To ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട്
(അപേക്ഷപ്പണം കിട്ടി)

(b) ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട് Dr.
To ഡിബഞ്ചർ അക്കൗണ്ട്
To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ട്
(പ്രീമിയത്തിന് ഡിബഞ്ചർ അനുവദിച്ചു)

4. *മുഖവിലയ്ക്ക് പുറപ്പെടുവിച്ച് പ്രീമിയത്തിന് വീണ്ടെടുക്കുക*

| | | |
|---|---|---|
| (a) | ബാങ്ക് അക്കൗണ്ട് | Dr. |
| | To ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട് | |
| | (അപേക്ഷപ്പണം കിട്ടി) | |
| (b) | ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട് | Dr. |
| | ലോസ് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ അക്കൗണ്ട് | Dr. (പ്രീമിയം ഓൺ റിഡെംപ്ഷൻ തുക) |
| | To ഡിബഞ്ചർ അക്കൗണ്ട് | (ഡിബഞ്ചറിന്റെ മുഖവില) |
| | To പ്രീമിയം ഓൺ റിഡെംപ്ഷൻ ഓഫ് ഡിബഞ്ചർ അക്കൗണ്ട് | (പ്രീമിയം ഓൺ റിഡെംപ്ഷൻ തുക) |
| | (മുഖവിലയ്ക്ക് പുറപ്പെടുവിച്ച പ്രീമിയത്തിന് വീണ്ടെടുക്കുന്ന ഡിബഞ്ചർ അനുവദിച്ചു) | |

5. *കിഴിവിന് പുറപ്പെടുവിച്ച പ്രീമിയത്തിന് വീണ്ടെടുക്കുക.*

| | | |
|---|---|---|
| (a) | ബാങ്ക് അക്കൗണ്ട് | Dr. |
| | To ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട് | |
| | (അപേക്ഷപ്പണം കിട്ടി) | |
| (b) | ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട് | Dr. |
| | ലോസ് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ അക്കൗണ്ട് | Dr. (കിഴിവ് തുകയും പ്രീമിയം ഓൺ റിഡെംപ്ഷൻ തുകയും കൂട്ടിയ തുക) |
| | To ഡിബഞ്ചർ അക്കൗണ്ട് | (ഡിബഞ്ചറിന്റെ മുഖവില) |
| | To പ്രീമിയം ഓൺ റിഡെംപ്ഷൻ ഓഫ് ഡിബഞ്ചർ അക്കൗണ്ട് | (പ്രീമിയം ഓൺ റിഡെംപ്ഷൻ തുക) |
| | (കിഴിവിന് പുറപ്പെടുവിച്ച് പ്രീമിയത്തിന് വീണ്ടെടുക്കുന്ന ഡിബഞ്ചർ അനുവദിച്ചു) | |

6. *പ്രീമിയത്തിന് പുറപ്പെടുവിച്ച പ്രീമിയത്തിന് വീണ്ടെടുക്കുക.*

| | | |
|---|---|---|
| (a) | ബാങ്ക് അക്കൗണ്ട് | Dr. |
| | To ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട് | |
| | (അപേക്ഷപ്പണം കിട്ടി) | |
| (b) | ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട് | Dr. |
| | ലോസ് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ അക്കൗണ്ട് | Dr. (പ്രീമിയം ഓൺ റിഡെംപ്ഷൻ തുക) |
| | To ഡിബഞ്ചർ അക്കൗണ്ട് | (ഡിബഞ്ചറിന്റെ മുഖവില) |
| | To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ട് | (പ്രീമിയം തുക) |
| | To പ്രീമിയം ഓൺ റിഡെംപ്ഷൻ ഓഫ് ഡിബഞ്ചർ അക്കൗണ്ട് | (പ്രീമിയം ഓൺ റിഡെംഷൻ തുക) |
| | (കിഴിവിന് പുറപ്പെടുവിച്ച് പ്രീമിയത്തിന് വീണ്ടെടുക്കുന്ന ഡിബഞ്ചർ അനുവദിച്ചു) | |

***കുറിപ്പ് :*** 1. കടപ്പത്രങ്ങൾ പ്രീമിയത്തിന് വീണ്ടെടുക്കുന്ന സാഹചര്യങ്ങളിൽ, പുറപ്പെടുവിക്കുന്ന സമയത്തുതന്നെ ഒരു വകയിരുത്തൽ നടത്തി ആ തുക 'ലോസ് ഓൺ ഇഷ്യു ഓഫ് ഡിബഞ്ചർ' അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്. അതുപോലെ, പുറപ്പെടുവിക്കുന്ന സമയത്ത് നൽകുന്ന കിഴിവും 'ലോസ് ഓൺ ഇഷ്യു ഓഫ് ഡിബഞ്ചർ' അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യണം. എന്നാൽ, കടപ്പത്രങ്ങൾ കിഴിവിന് പുറപ്പെടുവിക്കുകയും മുഖവിലയ്ക്ക് വീണ്ടെടുക്കുകയും ചെയ്യുമ്പോൾ, കിഴിവ്തുക പതിവുപോലെ തന്നെ 'ഡിസ്കൗണ്ട് ഓഫ് ഇഷ്യു ഓഫ് ഡിബഞ്ചർ' അക്കൗണ്ടിൽ തന്നെയാണ് ഡെബിറ്റ് ചെയ്യേണ്ടത്.

2. കടപ്പത്രം വീണ്ടെടുക്കുന്ന സമയത്തു നൽകേണ്ടി വരുന്ന പ്രീമിയം ഭാവിയിൽ കമ്പനിയുടെ ഒരു ബാധ്യതയാണ്. ഇത് ഒരു വകയിരുത്തൽ ആയതിനാൽ കടപ്പത്രം വീണ്ടെടുക്കുന്നതുവരെ ഇത് കമ്പനിയുടെ ബാക്കിപത്രത്തിൽ 'ദീർഘകാല ബാധ്യതകൾ' എന്ന ശീർഷകത്തിലെ 'ദീർഘകാല വായ്പകൾ' എന്ന ഉപശീർഷകത്തിൽ കാണിക്കണം.

3. കടപ്പത്രം പുറപ്പെടുവിക്കുന്നതുകൊണ്ടുണ്ടാകുന്ന നഷ്ടം ഒരു മൂലധന നഷ്ടമായതിനാൽ ഇത് ലാഭനഷ്ട പത്രികയിലോ 'സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ടിലോ' ചുമത്തി, കാലക്രമേണ എഴുതിത്തള്ളേണ്ടതാണ്.

***നിർധാരണം 15***

താഴെപ്പറയുന്ന സാഹചര്യങ്ങളിൽ കടപത്രം പുറപ്പെടുവിക്കലുമായി ബന്ധപ്പെട്ട ജേർണൽ എൻട്രികൾ എഴുതുക

1. 100 രൂപ വീതം മുഖവിലയുള്ള 1,00,000 രൂപയുടെ 9% കടപ്പത്രങ്ങൾ മുഖവിലയ്ക്ക് പുറപ്പെടുവിക്കുകയും മുഖവിലയ്ക്ക് തന്നെ വീണ്ടെടുക്കുകയും ചെയ്യുന്നു.

2. 100 രൂപ വീതം മുഖവിലയുള്ള 1,00,000 രൂപയുടെ 9% കടപ്പത്രങ്ങൾ 5% പ്രീമിയത്തിന് പുറപ്പെടുവിക്കുകയും മുഖവിലയ്ക്ക് വീണ്ടെടുക്കുകയും ചെയ്യുന്നു.

3. 100 രൂപ വീതം മുഖവിലയുള്ള 1,00,000 രൂപയുടെ 9% കടപ്പത്രങ്ങൾ 5% ഡിസ്ക്കൗണ്ടിന് പുറപ്പെടുവിക്കുകയും മുഖവിലയ്ക്ക് വീണ്ടെടുക്കുകയും ചെയ്യുന്നു.

4. 100 രൂപ വീതം മുഖവിലയുള്ള 1,00,000 രൂപയുടെ 9% കടപ്പത്രങ്ങൾ മുഖവിലയ്ക്ക് പുറപ്പെടുവിക്കുകയും 5% പ്രീമിയത്തിന് വീണ്ടെടുക്കുകയും ചെയ്യുന്നു.

5. 100 രൂപ വീതം മുഖവിലയുള്ള 1,00,000 രൂപയുടെ 9% കടപ്പത്രങ്ങൾ 5% ഡിസ്ക്കൗണ്ടിന് പുറപ്പെടുവിക്കുകയും 5% പ്രീമിയത്തിന് വീണ്ടെടുക്കുകയും ചെയ്യുന്നു.

6. 100 രൂപ വീതം മുഖവിലയുള്ള 1,00,000 രൂപയുടെ 9% കടപ്പത്രങ്ങൾ 5% പ്രീമിയത്തിന് പുറപ്പെടുവിക്കുകയും 5% പ്രീമിയത്തിന് വീണ്ടെടുക്കുകയും ചെയ്യുന്നു.

**ഉത്തരം :**

**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക (Rs) | ക്രെഡിറ്റ് തുക (Rs) |
|---|---|---|---|---|
| 1 | **ബാങ്ക് അക്കൗണ്ട്** Dr.<br>To 9% ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട്<br>(കടപ്പത്രത്തിന്റെ അപേക്ഷാപ്പണം കിട്ടി) | | 1,00,000 | 1,00,000 |
| | **ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട്** Dr.<br>To 9% ഡിബഞ്ചർ അക്കൗണ്ട്<br>(അപേക്ഷാപ്പണം ഡിബഞ്ചർ അക്കൗണ്ടിലേക്ക് മാറ്റി) | | 1,00,000 | 1,00,000 |
| 2 | **ബാങ്ക് അക്കൗണ്ട്** Dr.<br>To 9% ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട്<br>(കടപ്പത്രത്തിന്റെ അപേക്ഷാപ്പണം കിട്ടി) | | 1,05,000 | 1,05,000 |
| | **ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട്** Dr.<br>To 9% ഡിബഞ്ചർ അക്കൗണ്ട്<br>To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ട്<br>(അപേക്ഷാപ്പണം ഡിബഞ്ചർ അക്കൗണ്ടിലേക്കും സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ടിലേക്കും മാറ്റി) | | 1,05,000 | 1,00,000<br>5,000 |
| 3 | **ബാങ്ക് അക്കൗണ്ട്** Dr.<br>To 9% ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട്<br>(കടപ്പത്രത്തിന്റെ അപേക്ഷാപ്പണം കിട്ടി) | | 95,000 | 95,000 |
| | **ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട്** Dr.<br>ഡിസ്ക്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ അക്കൗണ്ട് Dr.<br>To 9% ഡിബഞ്ചർ അക്കൗണ്ട്<br>(അപേക്ഷാപ്പണം ഡിബഞ്ചർ അക്കൗണ്ടിലേക്ക് മാറ്റി) | | 95,000<br>5,000 | 1,00,000 |

| | | | | | |
|---|---|---|---|---|---|
| 4 | **ബാങ്ക് അക്കൗണ്ട്** | Dr. | | 1,00,000 | |
| | To 9% ഡിബഞ്ചർ ആപ്ലിക്കേഷൻ & | | | | 1,00,000 |
| | അലോട്ട്മെന്റ് അക്കൗണ്ട് | | | | |
| | (കടപ്പത്രത്തിന്റെ അപേക്ഷാപ്പണം കിട്ടി) | | | | |
| | ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് | | | | |
| | അക്കൗണ്ട് | Dr. | | 1,00,000 | |
| | ലോസ് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ അക്കൗണ്ട് | Dr. | | 5,000 | |
| | To 9% ഡിബഞ്ചർ അക്കൗണ്ട് | | | | 1,00,000 |
| | To പ്രീമിയം ഓൺ റിഡെംപ്ഷൻ ഓഫ് | | | | |
| | ഡിബഞ്ചർ അക്കൗണ്ട് | | | | 5,000 |
| | (അപേക്ഷാപ്പണം ഡിബഞ്ചർ അക്കൗണ്ടിലേക്ക് മാറ്റി) | | | | |
| 5 | **ബാങ്ക് അക്കൗണ്ട്** | Dr. | | 95,000 | |
| | To 9% ഡിബഞ്ചർ ആപ്ലിക്കേഷൻ & | | | | 95,000 |
| | അലോട്ട്മെന്റ് അക്കൗണ്ട് | | | | |
| | (കടപ്പത്രത്തിന്റെ അപേക്ഷാപ്പണം കിട്ടി) | | | | |
| | ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് | | | | |
| | അക്കൗണ്ട് | Dr. | | 95,000 | |
| | ലോസ് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ അക്കൗണ്ട് | Dr. | | 10,000 | |
| | To 9% ഡിബഞ്ചർ അക്കൗണ്ട് | | | | 1,00,000 |
| | To പ്രീമിയം ഓൺ റിഡെംപ്ഷൻ ഓഫ് | | | | 5,000 |
| | ഡിബഞ്ചർ അക്കൗണ്ട് | | | | |
| | (അപേക്ഷാപ്പണം ഡിബഞ്ചർ അക്കൗണ്ടിലേക്ക് മാറ്റി) | | | | |
| 6 | **ബാങ്ക് അക്കൗണ്ട്** | Dr. | | 1,05,000 | |
| | To 9% ഡിബഞ്ചർ ആപ്ലിക്കേഷൻ & | | | | 1,05,000 |
| | അലോട്ട്മെന്റ് അക്കൗണ്ട് | | | | |
| | (കടപ്പത്രത്തിന്റെ അപേക്ഷാപ്പണം കിട്ടി) | | | | |
| | **ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ്** | | | | |
| | **അക്കൗണ്ട്** | Dr. | | 1,05,000 | |
| | ലോസ് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ അക്കൗണ്ട് | Dr. | | 5,000 | |
| | To 9% ഡിബഞ്ചർ അക്കൗണ്ട് | | | | 1,00,000 |
| | To പ്രീമിയം ഓൺ റിഡെംപ്ഷൻ | | | | |
| | ഡിബഞ്ചർ അക്കൗണ്ട് | | | | 5,000 |
| | To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ട് | | | | 5,000 |
| | (അപേക്ഷാപ്പണം ഡിബഞ്ചർ അക്കൗണ്ടിലേക്കും | | | | |
| | സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ടിലേക്കും മാറ്റി) | | | | |

***നിർധാരണം 16***

എക്സ് ലിമിറ്റഡിന്റെ ബുക്കുകളിൽ കടപ്പത്രം പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ട ജേണൽ എൻട്രികൾ എഴുതുകയും അവരുടെ ബാക്കിപത്രത്തിൽ താഴെപ്പറയുന്ന സാഹചര്യങ്ങളിൽ അവ എങ്ങനെ പ്രത്യക്ഷപ്പെടും എന്ന് കാണിക്കുകയും ചെയ്യുക:

1. 1,000 രൂപ വീതം മുഖവിലയുള്ള 120, 8% കടപ്പത്രങ്ങൾ 5% ഡിസ്ക്കൗണ്ടിന് പുറപ്പെടുവിക്കുകയും മുഖവിലയ്ക്ക് വീണ്ടെടുക്കുകയും ചെയ്യുന്നു.
2. 1,000 രൂപ വീതം മുഖവിലയുള്ള 150, 7% കടപ്പത്രങ്ങൾ 5% ഡിസ്ക്കൗണ്ടിന് പുറപ്പെടുവിക്കുകയും 10% പ്രീമിയത്തിന് വീണ്ടെടുക്കുകയും ചെയ്യുന്നു.
3. 1,000 രൂപ വീതം മുഖവിലയുള്ള 80, 9% കടപ്പത്രങ്ങൾ 5% പ്രീമിയത്തിന് പുറപ്പെടുവിക്കുന്നു.
4. 40,000 രൂപയുടെ വായ്പയ്ക്ക് അധിക ഈടായി 100 രൂപ വീതം മുഖവിലയുള്ള 400, 8% കടപ്പത്രങ്ങൾ നൽകുന്നു.

***ഉത്തരം :***

## എക്സ് ലിമിറ്റഡിന്റെ ബുക്ക്

(1) **ജേർണൽ**

| തീയതി | വിശദാംശംങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|
| 1 | **ബാങ്ക് അക്കൗണ്ട്** Dr. | | 1,14,000 | |
| | To 8% ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട് | | | 1,14,000 |
| | (കടപ്പത്രത്തിന്റെ അപേക്ഷാപ്പണം കിട്ടി) | | | |
| | **ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട്** Dr. | | 1,14,000 | |
| | **ഡിസ്ക്കൗണ്ട് ഓൺ ഇഷ്യു ഓഫ് ഡിബഞ്ചർ അക്കൗണ്ട്** Dr. | | 6,000 | |
| | To 8% ഡിബഞ്ചർ അക്കൗണ്ട് | | | 1,20,000 |
| | (അപേക്ഷാപ്പണം ഡിബഞ്ചർ അക്കൗണ്ടിലേക്ക് മാറ്റി) | | | |

## എക്സ് ലിമിറ്റഡിന്റെ ബുക്ക്

_______________ ലെ ബാക്കിപത്രം

| വിശദാംശങ്ങൾ | നോട്ട് നമ്പർ | തുക (₹) |
|---|---|---|
| **I. ഓഹരികളും ബാധ്യതകളും** | | |
| 1. ദീർഘകാല ബാധ്യതകൾ | | |
| ദീർഘകാല വായ്പകൾ | 1 | 1,20,000 |
| | | **1,20,000** |
| **II. ആസ്തികൾ** | | |
| 1. ദീർഘകാല ആസ്തികൾ | | |
| മറ്റ് ദീർഘകാല ആസ്തികൾ | 2 | 4,800 |
| 2. ഹ്രസ്വകാല ആസ്തികൾ | | |
| പണവും പണത്തിന് തുല്യമായതും | 3 | 1,14,000 |
| മറ്റ് ഹ്രസ്വകാല ആസ്തികൾ | 4 | 1,200 |
| | | **1,20,000** |

അക്കൗണ്ടിനുള്ള കുറിപ്പുകൾ

| വിശദാംശങ്ങൾ | തുക (₹) |
|---|---|
| 1. ദീർഘകാലവായ്പകൾ | |
| 1,000 രൂപ വീതം മുഖവിലയുള്ള 120, 8% കടപ്പത്രങ്ങൾ | **1,20,000** |
| 2. മറ്റ് ദീർഘകാല ആസ്തികൾ | |
| ഡിസ്ക്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ അക്കൗണ്ട് | **4,800** |
| 3. പണവും പണത്തിന് തുല്യമായതും | |
| ക്യാഷ് അറ്റ് ബാങ്ക് | **1,14,000** |
| 4. മറ്റ് ഹ്രസ്വകാല ആസ്തികൾ | |
| ഡിസ്ക്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ | **1,200** |

കുറിപ്പ് : അഞ്ച് വർഷത്തിന് ശേഷം കടപ്പത്രങ്ങൾ വീണ്ടെടുക്കും എന്ന് സങ്കല്പിച്ചു കൊണ്ട് ഡിസ്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ 5 വർഷമായി എഴുതിത്തള്ളിയിരിക്കുന്നു.

## എക്സ് ലിമിറ്റഡിന്റെ ബുക്ക്

(2) **ജേർണൽ**

| തീയതി | വിശദാംശങ്ങൾ | | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|---|
| | **ബാങ്ക് അക്കൗണ്ട്** | Dr. | | 1,42,500 | |
| | To 7% ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട് | | | | 1,42,500 |
| | (കടപ്പത്രത്തിന്റെ അപേക്ഷാപണം കിട്ടി) | | | | |
| | **ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട്** | Dr. | | 1,42,500 | |
| | **ലോസ് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ അക്കൗണ്ട്** | Dr. | | 22,500 | |
| | To 7% ഡിബഞ്ചർ അക്കൗണ്ട് | | | | 1,50,000 |
| | To പ്രീമിയം ഓൺ റിഡെംപ്ഷൻ ഓഫ് ഡിബഞ്ചർ അക്കൗണ്ട് | | | | 15,000 |
| | (അപേക്ഷാപണം ഡിബഞ്ചർ അക്കൗണ്ടിലേക്ക് മാറ്റി) | | | | |

## എക്സ് ലിമിറ്റഡിന്റെ ബുക്ക്

**ലെ ബാക്കിപത്രം**

| | **വിശദാംശങ്ങൾ** | **നോട്ട് നമ്പർ** | **തുക (₹)** |
|---|---|---|---|
| I. | **ഓഹരികളും ബാധ്യതകളും** | | |
| 1. | ദീർഘകാല ബാധ്യതകൾ | 1 | 1,50,000 |
| | ദീർഘകാല വായ്പകൾ | 2 | 15,000 |
| | | | **1,65,000** |
| II. | **ആസ്തികൾ** | | |
| 1. | ദീർഘകാല ആസ്തികൾ | | |
| | മറ്റ് ദീർഘകാല ആസ്തികൾ | 3 | 18,000 |
| 2. | ഹ്രസ്വകാല ആസ്തികൾ | | |
| | പണവും പണത്തിന് തുല്യമായതും | 4 | 1,42,500 |
| | മറ്റ് ഹ്രസ്വകാല ആസ്തികൾ | 5 | 4.500 |
| | | | **1,65,000** |

അക്കൗണ്ടിനുള്ള കുറിപ്പുകൾ

| വിശദാംശങ്ങൾ | തുക (₹) |
|---|---|
| 1. ദീർഘകാല വായ്പകൾ<br>1,000 രൂപ വീതം മുഖവിലയുള്ള 150, 7% കടപ്പത്രങ്ങൾ | 1,50,000 |
| 2. മറ്റ് ദീർഘകാല ബാധ്യതകൾ<br>പ്രീമിയം ഓൺ റിഡെംപ്ഷൻ ഓഫ് ഡിബഞ്ചർ അക്കൗണ്ട് | 15,000 |
| 3. മറ്റ് ദീർഘകാല ആസ്തികൾ<br>ലോസ് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ | 18,000 |
| 4. പണവും പണത്തിന് തുല്യമായതും<br>ക്യാഷ് അറ്റ് ബാങ്ക് | 1,42,500 |
| 5. മറ്റ് ഹ്രസ്വകാല ആസ്തികൾ<br>ഡിസ്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ | 4,500 |

കുറിപ്പ് : അഞ്ച് വർഷത്തിന് ശേഷം കടപ്പത്രങ്ങൾ വീണ്ടെടുക്കും എന്ന് സങ്കല്പിച്ചുകൊണ്ട് ഡിസ്കൗണ്ട് ഓൺ ഇഷ്യ്യു ഓഫ് ഡിബഞ്ചർ 5 വർഷമായി എഴുതിത്തള്ളിയിരിക്കുന്നു.

## എക്സ് ലിമിറ്റഡിന്റെ ബുക്ക്

(3) **ജേർണൽ**

| തീയതി | വിശദാംശങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|
| | **ബാങ്ക് അക്കൗണ്ട്** Dr. | | 84,000 | |
| | To 9% ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട് | | | 84,000 |
| | (കടപ്പത്രത്തിന്റെ അപേക്ഷാപ്പണം കിട്ടി) | | | |
| | **ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ്** Dr. | | 84,000 | |
| | To 9% ഡിബഞ്ചർ അക്കൗണ്ട് | | | 80,000 |
| | To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ട് | | | 4,000 |
| | (അപേക്ഷാപ്പണം ഡിബഞ്ചർ അക്കൗണ്ടിലേക്കും സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ടിലേക്കും മാറ്റി) | | | |

## എക്സ് ലിമിറ്റഡിന്റെ ബുക്ക്

### ലെ ബാക്കിപത്രം

| വിശദാംശങ്ങൾ | നോട്ട് നമ്പർ | തുക (₹) |
|---|---|---|
| **I. ഓഹരികളും ബാധ്യതകളും** | | |
| 1. ഷെയർ ഹോൾഡറുകളുടെ ഫണ്ട് | | |
| റിസർവ് ആൻഡ് സർപ്ലസ് | 1 | 4,000 |
| 2. ദീർഘകാല ബാധ്യതകൾ | | |
| ദീർഘകാല വായ്പകൾ | 2 | 80,000 |
| | | **84,000** |
| **II. ആസ്തികൾ** | | |
| 1. ഹ്രസ്വകാല ആസ്തികൾ | | |
| പണവും പണത്തിന് തുല്യമായതും | 3 | 84,000 |
| | | **84,000** |

അക്കൗണ്ടിനുള്ള കുറിപ്പുകൾ

| വിശദാംശങ്ങൾ | തുക (₹) |
|---|---|
| 1. റിസർവ് ആൻഡ് സർപ്ലസ് | |
| സെക്യൂരിറ്റീസ് പ്രീമിയം റിസർവ് | **4,000** |
| 2. ദീർഘകാല വായ്പകൾ | |
| 1,000 രൂപ വീതം മുഖവിലയുള്ള 80, 9% കടപ്പത്രങ്ങൾ | **80,000** |

## എക്സ് ലിമിറ്റഡിന്റെ ബുക്ക്

**(4)** **ജേർണൽ**

| തീയതി | വിശദാംശങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|
| | **ഡിബഞ്ചർ സസ്പെൻസ് അക്കൗണ്ട്** Dr. | | 40,000 | |
| | To 8% ഡിബഞ്ചർ അക്കൗണ്ട് | | | 40,000 |
| | (40,000 രൂപയുടെ വായ്പയ്ക്ക് അധിക ഈടായി 100 രൂപ വീതം മുഖവിലയുള്ള 400, 8% കടപ്പത്രങ്ങൾ നൽകി) | | | |

**എക്സ് ലിമിറ്റഡിന്റെ ബുക്ക്**

**ലെ ബാക്കിപത്രം**

| **വിശദാംശങ്ങൾ** | **നോട്ട് നമ്പർ** | **തുക** *(Rs)* |
|---|---|---|
| **I. ഓഹരികളും ബാധ്യതകളും** | | |
| ദീർഘകാല ബാധ്യതകൾ | 1 | **40,000** |

അക്കൗണ്ടിനുള്ള കുറിപ്പുകൾ

| **വിശദാംശങ്ങൾ** | **തുക** *(Rs)* | **തുക** *(Rs)* |
|---|---|---|
| 1. ദീർഘകാല വായ്പകൾ | | |
| ബാങ്ക് ലോൺ | | 40,000 |
| 100 രൂപ വീതം മുഖവിലയുള്ള 400, | | |
| 8% കടപ്പത്രങ്ങൾ | 40,000 | |
| കുറയ്ക്കുക: ഡിബഞ്ചർ സസ്പെൻസ് | 40,000 | — |
| | | 40,000 |

**നിങ്ങൾ സ്വയം ചെയ്യുക**

1. നീന ലിമിറ്റഡ് 100 രൂപ മുഖവിലയുള്ള 50,000, 10% കടപ്പത്രങ്ങൾ താഴെപ്പറയുന്ന നിബന്ധനകൾ അനുസരിച്ച പുറപ്പെടുവിച്ചു.

   a. കടപ്പത്രങ്ങൾ മുഖവിലയ്ക്ക് പുറപ്പെടുവിക്കുകയും മുഖവിലയ്ക്ക് തന്നെ വീണ്ടെടുക്കുകയും ചെയ്യും.

   b. കടപ്പത്രങ്ങൾ 5% ഡിസ്ക്കൗണ്ടിന് പുറപ്പെടുവിക്കുകയും മുഖവിലയ്ക്ക് വീണ്ടെടുക്കുകയും ചെയ്യും.

   c. കടപ്പത്രങ്ങൾ 10% പ്രീമിയത്തിന് പുറപ്പെടുവിക്കുകയും മുഖവിലയ്ക്ക് വീണ്ടെടുക്കുകയും ചെയ്യും.

   d. കടപ്പത്രങ്ങൾ മുഖവിലയ്ക്ക് പുറപ്പെടുവിക്കുകയും 10% പ്രീമിയത്തിന് വീണ്ടെടുക്കുകയും ചെയ്യും.

   e. കടപ്പത്രങ്ങൾ 5% ഡിസ്ക്കൗണ്ടിന് പുറപ്പെടുവിക്കുകയും 10% പ്രീമിയത്തിന് വീണ്ടെടുക്കുകയും ചെയ്യും.

   f. കടപ്പത്രങ്ങൾ 6% പ്രീമിയത്തിന് പുറപ്പെടുവിക്കുകയും 4% പ്രീമിയത്തിന് വീണ്ടെടുക്കുകയും ചെയ്യും.

   മുകളിൽ പറഞ്ഞ സാഹചര്യങ്ങളിൽ കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്ന സമയത്തും വീണ്ടെടുക്കുന്ന സമയത്തും രേഖപ്പെടുത്തുന്നതിനാവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

2. താഴെപ്പറയുന്ന കാര്യങ്ങൾ രേഖപ്പെടുത്തുന്നതിനാവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

   a. 100 രൂപ മുഖവിലയുള്ള 27,000, 7% കടപ്പത്രങ്ങൾ മുഖവിലയ്ക്ക് പുറപ്പെടുവിക്കുകയും മുഖവിലയ്ക്ക് തന്നെ വീണ്ടെടുക്കുകയും ചെയ്യും.

b. 100 രൂപ മുഖവിലയുള്ള 25,000, 7% കടപ്പത്രങ്ങൾ മുഖവിലയ്ക്ക് പുറപ്പെടുവിക്കുകയും 4% പ്രീമിയത്തിന് വീണ്ടെടുക്കുകയും ചെയ്യും.

c. 100 രൂപ മുഖവിലയുള്ള 20,000, 7% കടപ്പത്രങ്ങൾ 5% ഡിസ്ക്കൗണ്ടിന് പുറപ്പെടുവിക്കുകയും മുഖവിലയ്ക്ക് വീണ്ടെടുക്കുകയും ചെയ്യും.

d. 100 രൂപ മുഖവിലയുള്ള 30,000, 7% കടപ്പത്രങ്ങൾ 5% ഡിസ്ക്കൗണ്ടിന് പുറപ്പെടുവിക്കുകയും 2½% പ്രീമിയത്തിന് വീണ്ടെടുക്കുകയും ചെയ്യും.

e. 100 രൂപ മുഖവിലയുള്ള 35,000, 7% കടപ്പത്രങ്ങൾ 4% പ്രീമിയത്തിന് പുറപ്പെടുവിക്കുകയും 5% പ്രീമിയത്തിന് വീണ്ടെടുക്കുകയും ചെയ്യും.

## 2.9 കടപ്പത്രത്തിന്റെ പലിശ (Interest on Debentures)

ഒരു കമ്പനി കടപ്പത്രങ്ങൾ പുറപ്പെടുവിച്ചാൽ, അവ വീണ്ടെടുക്കുന്നതുവരെയുള്ള കാലയളവിലേക്ക് നിശ്ചിത ശതമാനം നിരക്കിൽ പലിശ നൽകേണ്ടതാണ്.

ഈ ശതമാനം സാധാരണയായി കടപ്പത്രത്തിന്റെ പേരിന്റെ ഭാഗമാക്കാറുണ്ട്. ഉദാഹരണമായി 8% കടപ്പത്രം, 10% കടപ്പത്രം മുതലായവ. പലിശ കണക്കാക്കുന്നത് കടപ്പത്രത്തിന്റെ മുഖവിലയുടെ അടിസ്ഥാനത്തിലാണ്.

കടപ്പത്രത്തിന്റെ പലിശ കമ്പനിയുടെ ലാഭത്തിൽ കുറവ് വരുത്തുന്ന ഇനമാണ്. കമ്പനിക്ക് ലാഭമുണ്ടായാലും ഇല്ലെങ്കിലും പലിശ നൽകിയിരിക്കണം. 1961 ലെ ആദായനികുതി നിയമമനുസരിച്ച് ഒരു നിശ്ചിത പരിധി കഴിഞ്ഞു കൊടുക്കുന്ന പലിശയിൽ നിന്ന് നിശ്ചിത നിരക്കിൽ ആദായനികുതി കുറച്ചിരിക്കണം. ഇതിനെ ഉറവിടത്തിൽ നിന്ന് നികുതി കുറയ്ക്കൽ (Tax Deducted at Source (TDS)) എന്ന് പറയുന്നു.

ഇത്തരത്തിൽ സമാഹരിക്കുന്ന തുക ആദായ നികുതി അധികാരികൾക്ക് അടയ്ക്കേണ്ടതാണ്. ഈ തുക കടപ്പത്ര ഉടമകൾക്ക് അവർ അടയ്ക്കേണ്ട നികുതിയിൽ ക്രമീകരിക്കാവുന്നതാണ്.

### 2.9.1 അക്കൗണ്ടിംഗ് നടപടികൾ (Accounting Treatment)

കടപ്പത്രങ്ങളുടെ പലിശയുമായി ബന്ധപ്പെട്ട് കമ്പനിയുടെ ബുക്കിൽ താഴെപ്പറയുന്ന ജേർണൽ എൻട്രികൾ എഴുതേണ്ടതാണ്.

1. പലിശ കൊടുക്കാനുള്ളത് രേഖപ്പെടുത്താൻ

   ഡിബഞ്ചർ ഇന്ററസ്റ്റ് അക്കൗണ്ട് Dr.

   To ഇൻകം ടാക്സ് പേയബിൾ അക്കൗണ്ട്

   To ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട്

   (ഉറവിടത്തിൽ നിന്ന് നികുതി കുറച്ച ശേഷം കടപ്പത്രത്തിന്റെ പലിശ കൊടുക്കാനുള്ളത് രേഖപ്പെടുത്തി)

2. കടപ്പത്രത്തിന്റെ കൈവശക്കാരന് പലിശ നൽകുമ്പോൾ

   ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട് Dr.

To ബാങ്ക് അക്കൗണ്ട്
(കടപ്പത്രത്തിന്റെ കൈവശക്കാരന് പലിശ നൽകി)

3. കടപ്പത്രത്തിന്റെ പലിശ ലാഭനഷ്ടക്കണക്കിലേക്ക് മാറ്റുമ്പോൾ
സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് ആൻഡ് ലോസ് Dr.
To ഡിബഞ്ചർ ഇന്ററസ്റ്റ് അക്കൗണ്ട്
(കടപ്പത്രത്തിന്റെ പലിശ ലാഭനഷ്ടക്കണക്കിലേക്ക് മാറ്റി)

4. ഉറവിടത്തിൽ നിന്ന് കുറച്ച നികുതി സർക്കാരിലേക്ക് അടയ്ക്കുമ്പോൾ
ഇൻകം ടാക്സ് പേയബിൾ അക്കൗണ്ട് Dr.
To ബാങ്ക് അക്കൗണ്ട്
(കടപ്പത്രത്തിന്റെ പലിശയിൽ നിന്ന് കുറച്ച നികുതി സർക്കാരിലേക്ക് അടച്ചു)

***നിർധാരണം 17***

അരവിന്ദ് ലിമിറ്റഡ് 2018 ഏപ്രിൽ 1 ന് 100 രൂപ മുഖവിലയുള്ള 2,000, 10% കടപ്പത്രങ്ങൾ 10% പ്രീമിയത്തിന് വീണ്ടെടുക്കുമെന്ന നിബന്ധനയിൽ 10% ഡിസ്ക്കൗണ്ടിന് പുറപ്പെടുവിച്ചു.

കടപ്പത്രത്തിന്റെ പലിശ അർധവാർഷികമായി എല്ലാ സെപ്റ്റംബർ 30 നും മാർച്ച് 31 നും 10% നികുതി കുറച്ചതിനു ശേഷമാണ് നൽകുന്നതെന്ന അനുമാനത്തിൽ കടപ്പത്രത്തിന്റെ പുറപ്പെടുവിക്കൽ, 2019 മാർച്ച് 31 വരെയുള്ള പലിശ എന്നിവയുമായി ബന്ധപ്പെട്ട ജേർണൽ എൻട്രികൾ എഴുതുക.

***ഉത്തരം :***

## ബുക്ക് ഓഫ് ലിമിറ്റഡ്

### ജേർണൽ

| തീയതി | വിശദാംശങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|
| 2018 ഏപ്രിൽ 1 | **ബാങ്ക് അക്കൗണ്ട്** Dr. | | 1,80,000 | |
| | To 10% ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട് | | | 1,80,000 |
| | (2,000, 10% കടപ്പത്രത്തിന്റെ അപേക്ഷാപ്പണം കിട്ടി) | | | |
| ഏപ്രിൽ 1 | 10% ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട് Dr. | | 1,80,000 | |
| | ലോസ് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ അക്കൗണ്ട് Dr. | | 40,000 | |
| | To 10% ഡിബഞ്ചർ അക്കൗണ്ട് | | | 2,00,000 |
| | To പ്രീമിയം ഓൺ റിഡെംപ്ഷൻ ഓഫ് ഡിബഞ്ചർ അക്കൗണ്ട് | | | 20,000 |
| | (10% പ്രീമിയത്തിന് വീണ്ടെടുക്കുമെന്ന നിബന്ധനയിൽ | | | |

| | | | | |
|---|---|---|---|---|
| | 10% ഡിസ്കൗണ്ടിന് കടപത്രം പുറപ്പെടുവിച്ചു. അപേക്ഷാ പണം ഡിബഞ്ചർ അക്കൗണ്ടിലേക്ക് മാറ്റി) | | | |
| സെപ്റ്റം ബർ 30 | **ഡിബഞ്ചർ ഇന്ററസ്റ്റ് അക്കൗണ്ട്** Dr.<br>To ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട്<br>To ഇൻകം ടാക്സ് പേയബിൾ അക്കൗണ്ട്<br>(ഉറവിടത്തിൽ നിന്ന് 10% നികുതി കുറച്ചശേഷം കടപ്പത്രത്തിന്റെ 6 മാസത്തെ പലിശ കൊടുക്കാനുള്ളത് രേഖപ്പെടുത്തി) | | 10,000 | <br>9,000<br>1,000 |
| | ഇൻകം ടാക്സ് പേയബിൾ അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(കടപ്പത്രത്തിന്റെ പലിശയിൽ നിന്ന് കുറച്ച നികുതി സർക്കാരിലേക്ക് അടച്ചു) | | 1,000 | <br>1,000 |
| | **ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട്** Dr.<br>To ബാങ്ക് അക്കൗണ്ട്<br>(കടപ്പത്രത്തിന്റെ പലിശ നൽകി) | | 9,000 | <br>9,000 |
| 2019 മാർച്ച് 31 | **ഡിബഞ്ചർ ഇന്ററസ്റ്റ് അക്കൗണ്ട്** Dr.<br>To ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട്<br>To ഇൻകം ടാക്സ് പേയബിൾ അക്കൗണ്ട്<br>(ഉറവിടത്തിൽ നിന്ന് 10% നികുതി കുറച്ചശേഷം കടപ്പത്രത്തിന്റെ 6 മാസത്തെ പലിശ കൊടുക്കാനുള്ളത് രേഖപ്പെടുത്തി) | | 10,000 | <br>9,000<br>1,000 |
| | ഇൻകം ടാക്സ് പേയബിൾ അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(കടപ്പത്രത്തിന്റെ പലിശയിൽ നിന്ന് കുറച്ച നികുതി സർക്കാരിലേക്ക് അടച്ചു) | | 1,000 | <br>1,000 |
| | **ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട്** Dr.<br>To ബാങ്ക് അക്കൗണ്ട്<br>(കടപ്പത്രത്തിന്റെ പലിശ നൽകി) | | 9,000 | <br>9,000 |
| | **സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ്** Dr.<br>To ഡിബഞ്ചർ അക്കൗണ്ട്<br>(കടപ്പത്രത്തിന്റെ പലിശ ലാഭനഷ്ടക്കണക്കി ലേക്ക് നൽകി) | | 20,000 | <br>20,000 |

**നിങ്ങൾ സ്വയം ചെയ്യുക**

1. 2016 ഏപ്രിൽ 1-ാം തീയതി ദിവാകർ എന്റർപ്രൈസസ് ലിമിറ്റഡ് 10,00,000 രൂപയുടെ 6% കടപ്പത്രങ്ങൾ പുറപ്പെടുവിച്ചു. പലിശ നൽകുന്നത് 2016 സെപ്റ്റംബർ 30 നും, 2017 മാർച്ച് 31 നും ആണ്. പലിശത്തുകയിൽ നിന്ന് 10% നികുതി കുറച്ച് സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ് എന്ന അനുമാനത്തിൽ ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.
2. ലേസർ ഇന്ത്യ ലിമിറ്റഡ് 100 രൂപ മുഖവിലയുള്ള 7,00,000, 8% കടപ്പത്രങ്ങൾ പുറപ്പെടുവിച്ചു. ഈ കടപ്പത്രങ്ങൾക്ക് പലിശ നൽകുന്നത് സെപ്റ്റംബർ 30 നും, മാർച്ച് 31 നും അർധവാർഷികമായാണ്. പലിശത്തുകയിൽ നിന്ന് 10% നികുതി കുറച്ച് സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ് എന്ന അനുമാനത്തിൽ ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

## 2.10 കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നതിലുള്ള കിഴിവ്/നഷ്ടം എഴുതിത്തള്ളൽ (Writing-off Discount/Loss on Issue of Debentures)

കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നതിലെ ഡിസ്കൗണ്ട്/നഷ്ടം ഒരു മൂലധന നഷ്ടം അല്ലെങ്കിൽ ഒരു സാങ്കല്പിക ആസ്തിയാണ്. അതിനാൽ, കടപ്പത്രങ്ങളുടെ കാലയളവിൽ ഇത് എഴുതിത്തള്ളേണ്ടതുണ്ട്. കടപ്പത്രം പുറപ്പെടുവിക്കുമ്പോൾ ഉണ്ടാകുന്ന കിഴിവ്/നഷ്ടം സാധാരണയായി പുറപ്പെടുവിച്ച വർഷം തന്നെ എഴുതിത്തള്ളാറില്ല. കാരണം, കടപ്പത്രം വീണ്ടെടുക്കുന്നതുവരെ കടപ്പത്രത്തിന്റെ നേട്ടം സ്ഥാപനത്തിന് കിട്ടുന്നുണ്ട്. അതിനാൽ കടപ്പത്രം പുറപ്പെടുവിക്കുമ്പോൾ ഉണ്ടാകുന്ന കിഴിവ്/നഷ്ടം ഒരു മൂലധന നഷ്ടമായാണ് കണക്കാക്കുന്നത്. കിഴിവ് 'സെക്യൂരിറ്റീസ് പ്രീമിയം അക്കൗണ്ടിൽ' നിന്ന് കുറയ്ക്കുകയോ മൂന്നുമുതൽ അഞ്ചുവരെ വർഷത്തിനുള്ളിൽ ICAI യുടെ മാർഗനിർദേശങ്ങൾ അനുസരിച്ച് ലാഭനഷ്ടക്കണക്കിൽ നിന്ന് എഴുതിത്തള്ളുകയോ ചെയ്യേണ്ടതാണ്.

എന്നിരുന്നാലും, മൂലധനലാഭം ഇല്ലെങ്കിലോ, മൂലധനലാഭം പര്യാപ്തമല്ലെങ്കിലോ, ഓരോ വർഷവും ലഭിക്കുന്ന റവന്യൂ വരുമാനത്തിൽ നിന്ന് അത്തരം കിഴിവ്/നഷ്ടം താഴെപ്പറയുന്ന ജേർണൽ എൻട്രി ഉപയോഗിച്ച് എഴുതിത്തള്ളാവുന്നതാണ്.

സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് ആൻഡ് ലോസ് അക്കൗണ്ട് Dr.
To ഡിസ്കൗണ്ട്/ലോസ് ഓൺ ഇഷ്യൂ
ഓഫ് ഡിബഞ്ചേഴ്സ് അക്കൗണ്ട്
(കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള ഡിസ്കൗണ്ട്/നഷ്ടം എഴുതിത്തള്ളി)

കടപ്പത്രം പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ട കിഴിവ്/നഷ്ടം റവന്യൂ ലാഭത്തിൽ നിന്ന് എഴുതിത്തള്ളുന്നതിന് രണ്ട് രീതികൾ ഉണ്ട്. അവ ചുവടെ കൊടുക്കുന്നു.

**1. സ്ഥിര തവണ രീതി (Fixed Instalment Method):** കടപ്പത്രങ്ങൾ ഒരു നിശ്ചിത കാലാവധിയുടെ അവസാനമാണ് വീണ്ടെടുക്കുന്നതെങ്കിൽ, ആകെ ഡിസ്കൗണ്ട് തുക പ്രസ്തുത

കാലയളവിൽത്തന്നെ നിശ്ചിത തുക വീതം വരുന്ന തുല്യ തവണകളായി എഴുതിത്തള്ളാം. ഉദാഹരണമായി, 10 വർഷത്തിന് ശേഷം വീണ്ടെടുക്കുന്ന കടപ്പത്രത്തിന് ആകെ 1,00,000 രൂപ ഡിസ്കൗണ്ട് ഉണ്ടെങ്കിൽ ഓരോ വർഷവും 10,000 രൂപ വീതം എഴുതിത്തള്ളണം.

**2. അസ്ഥിര തവണ രീതി (Fluctuating Instalment Method):** കടപ്പത്രങ്ങൾ വാർഷിക തവണകളായാണ് വീണ്ടെടുക്കുന്നതെങ്കിൽ ഓരോ അക്കൗണ്ടിംഗ് കാലയളവിന്റെയും അവസാനമുള്ള കടപ്പത്രത്തിന്റെ അനുപാതത്തിലാണ് ഡിസ്കൗണ്ട് എഴുതിത്തള്ളേണ്ടത്. ഈ രീതിയിൽ ഓരോ വർഷവും എഴുതിത്തള്ളേണ്ട ഡിസ്കൗണ്ട് തുക കുറഞ്ഞു വരുന്നു. അതിനാൽ ഈ രീതിയെ കുറയുന്ന തവണ രീതി (Reducing Instalment Method) എന്നും വിളിക്കാറുണ്ട്.

ഉദാഹരണമായി, ഒരു കമ്പനി 15,00,000 രൂപയുടെ 9% കടപ്പത്രങ്ങൾ 10% ഡിസ്കൗണ്ടിന് പുറപ്പെടുവിക്കുകയും ഓരോ വർഷാന്ത്യത്തിലും 3,00,000 രൂപയുടെ കടപ്പത്രങ്ങൾ വീണ്ടെടുക്കുകയും ചെയ്യുന്നു. ഓരോ വർഷവും എഴുതിത്തള്ളേണ്ട ഡിസ്കൗണ്ട് തുക കണക്കാക്കിയിരിക്കുന്നത് എങ്ങനെയെന്ന് ചുവടെ കാണിക്കുന്നു.

| വർഷം | തനത് വർഷം ഉപയോഗിച്ച തുക | അനുപാതം |
|---|---|---|
| ഒന്നാം വർഷം | Rs.15,00,000 | 5 |
| രണ്ടാം വർഷം | Rs.12,00,000 | 4 |
| മൂന്നാം വർഷം | Rs. 9,00,000 | 3 |
| നാലാം വർഷം | Rs. 6,00.000 | 2 |
| അഞ്ചാം വർഷം | Rs. 3,00,000 | 1 |

അതിനാൽ ഓരോ വർഷവും എഴുതിത്തള്ളേണ്ട ഡിസ്കൗണ്ട് തുക ചുവടെക്കൊടുക്കുന്നു.

| | | | | |
|---|---|---|---|---|
| ഒന്നാം വർഷം | Rs.1.50.000 | 5/15 | – | Rs.50.000 |
| രണ്ടാം വർഷം | Rs.1,50,000 | 4/15 | – | Rs.40,000 |
| മൂന്നാം വർഷം | Rs.1.50.000 | 3/15 | – | Rs.30.000 |
| നാലാം വർഷം | Rs.1,50,000 | 2/15 | – | Rs.20,000 |
| അഞ്ചാം വർഷം | Rs.1,50,000 | 1/15 | – | Rs.10,000 |

**നിങ്ങൾ സ്വയം ചെയ്യുക.**

1. എക്സ് ലിമിറ്റഡ് 2015 ഏപ്രിൽ മാസത്തിൽ 100 രൂപ വീതം വിലയുള്ള 2,000, 10% കടപ്പത്രങ്ങൾ 8% ഡിസ്കൗണ്ടിനു പുറപ്പെടുവിച്ചു. 2016 മാർച്ച് 31, മുതൽ തുടങ്ങി 4 വർഷങ്ങളിലായി മുഖവിലയ്ക്ക് കടപ്പത്രങ്ങൾ വീണ്ടെടുക്കുന്ന പദ്ധതി ചുവടെ കാണിക്കുന്നു.

   ഒന്നാം ഗഡു 10%, രണ്ടാം ഗഡു 20%, മൂന്നാം ഗഡു 30%, നാലാം ഗഡു 40%. എക്സ് ലിമിറ്റഡ് കലണ്ടർ വർഷമാണ് അക്കൗണ്ടിംഗ് കാലയളവായി സ്വീകരിച്ചിരിക്കുന്നത് എന്ന അനുമാനത്തിൽ എഴുതിത്തള്ളേണ്ട ഡിസ്കൗണ്ട് തുക കണക്കാക്കുക.

2. ദേവി ലിമിറ്റഡ് 50 രൂപ വീതം വിലയുള്ള 15,00,000, 10% കടപ്പത്രങ്ങൾ 10% പ്രീമിയത്തിന് പുറപ്പെടുവിച്ചു. 20 രൂപ അപേക്ഷയോടൊപ്പവും, ബാക്കി തുക അനുവദിക്കുമ്പോഴും നൽകണം. കടപ്പത്രങ്ങൾ 6 വർഷത്തിന് ശേഷം മുഖവിലയ്ക്ക് വീണ്ടെടുക്കും. അനുവദിക്കുന്ന സമയത്ത് അടയ്ക്കേണ്ട തുക പൂർണമായും കിട്ടി. താഴെപ്പറയുന്നതിനെ അടിസ്ഥാനമാക്കി ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

   (i) പ്രീമിയം തുക അപേക്ഷാപ്പണത്തോടൊപ്പമാണ് കൂട്ടിയിരിക്കുന്നതെങ്കിൽ

   (ii) പ്രീമിയം തുക അനുവദിക്കൽ പണത്തോടൊപ്പമാണ് കൂട്ടിയിരിക്കുന്നതെങ്കിൽ

3. കൃപ ലിമിറ്റഡ് 2015 ഏപ്രിൽ 1ാം തീയതി 100 രൂപ വീതം വിലയുള്ള 5,000, 10% കടപ്പത്രങ്ങൾ 10% ഡിസ്കൗണ്ടിന് പുറപ്പെടുവിച്ചു. 2016 മാർച്ച് 31, മുതൽ തുടങ്ങി എല്ലാ വർഷവും നറുക്കെടുപ്പിലൂടെ 1000 കടപ്പത്രങ്ങൾ വീതം വീണ്ടെടുക്കണം. പലിശ നൽകുന്നതിനും കടപ്പത്രം പുറപ്പെടുവിച്ചതിനുള്ള ഡിസ്ക്കൗണ്ട് എഴുതിത്തള്ളുന്നതിനും ഉൾപ്പെടെയുള്ള ജേർണൽ എൻട്രികൾ എഴുതുക. സെപ്റ്റംബർ 30 നും മാർച്ച് 31 നുമാണ് പലിശ നൽകേണ്ടത്. കൃപ ലിമിറ്റഡ് കണക്കുകൾ തീർപ്പാക്കുന്നത് എല്ലാ വർഷവും മാർച്ച് 31 നാണ്.

4. മേഘ ലിമിറ്റഡ് 2016 ജനുവരി 1-ാം തീയതി 100 രൂപ വീതം വിലയുള്ള 10,000, 8% കടപ്പത്രങ്ങൾ 10% പ്രീമിയത്തിന് പുറപ്പെടുവിച്ചു. അവർ 2,50,000 രൂപയുടെ ആസ്തികൾ വാങ്ങുകയും, 60,000 രൂപയുടെ ബാധ്യതകൾ ഏറ്റെടുക്കുകയും ചെയ്തു. പകരമായി വെണ്ടർക്ക് 8% കടപ്പത്രങ്ങൾ 5% ഡിസ്കൗണ്ടിന് നൽകി. അന്നുതന്നെ, ബാങ്കിൽ നിന്ന് 1,00,000 രൂപയുടെ വായ്പ എടുക്കുകയും അധിക ഈടായി 8% കടപ്പത്രങ്ങൾ നൽകുകയും ചെയ്തു. മേഘ ലിമിറ്റഡിന്റെ ബുക്കിലെ പ്രസക്തമായ ജേർണൽ എൻട്രികൾ എഴുതുകയും 31.03.2017 ലെ ബാക്കിപത്രത്തിന്റെ സംക്ഷിപ്തം തയാറാക്കുകയും ചെയ്യുക. പലിശ പരിഗണിക്കേണ്ടതില്ല.

5. ഫാസ്റ്റ് കമ്പ്യൂട്ടേഴ്സ് ലിമിറ്റഡ് 100 രൂപ വീതം വിലയുള്ള 20,00,000, 6% കടപ്പത്രങ്ങൾ 4%, ഡിസ്കൗണ്ടിനു പുറപ്പെടുവിക്കുകയും മൂന്നു വർഷത്തിന് ശേഷം 5% പ്രീമിയത്തിന് വീണ്ടെടുക്കുകയും ചെയ്യും. തുക ലഭിച്ചത് താഴെപ്പറയുന്ന രീതിയിലാണ്.

   അപേക്ഷയോടൊപ്പം : ഓരോ കടപ്പത്രത്തിനും 50 രൂപ വീതം

   ബാക്കി തുക : കടപ്പത്രം അനുവദിക്കുമ്പോൾ.

   കടപ്പത്രത്തിന്റെ പുറപ്പെടുവിക്കലുമായി ബന്ധപ്പെട്ട ജേർണൽ എൻട്രികൾ എഴുതുക.

6. 2016 ഏപ്രിൽ 1-ാം തീയതി ദിയ ലിമിറ്റഡ് 2,00,000 രൂപ വിലയുള്ള ഒരു മെഷിനറി എമിലി ലിമിറ്റഡിൽ നിന്ന് വാങ്ങി. 50,000 രൂപ ഉടനടി നൽകുകയും ബാക്കി തുകയ്ക്ക് ദിയ ലിമിറ്റഡിന്റെ 1,60,000 രൂപയുടെ 12% കടപ്പത്രങ്ങൾ നൽകുകയും ചെയ്തു. ദിയ ലിമിറ്റഡിന്റെ ബുക്കിൽ ഈ ഇടപാടുകൾ രേഖപ്പെടുത്തുവാനുള്ള ജേർണൽ എൻട്രികൾ എഴുതുക.

### *നിർധാരണം 18*

അശ്വനി ലിമിറ്റഡ് കമ്പനി 1,00,000 രൂപയുടെ 9% കടപ്പത്രങ്ങൾ 6%. ഡിസ്കൗണ്ടിന് പുറപ്പെടുവിച്ചു. ഈ കടപ്പത്രങ്ങൾ 5 തുല്യ വാർഷികത്തവണകളായി വീണ്ടെടുക്കണം. അഞ്ച് വർഷത്തേക്കുള്ള ഡിസ്കൗണ്ട് ഓൺ ഇഷ്യു ഓഫ് ഡിബഞ്ചേഴ്സ് അക്കൗണ്ട് തയാറാക്കുക.

**ഉത്തരം :**

## അശ്വനി ലിമിറ്റഡിന്റെ ബുക്ക്

## ഡിസ്കൗണ്ട് ഓൺ ഇഷ്യു ഓഫ് ഡിബഞ്ചേഴ്സ് അക്കൗണ്ട്

| തീയതി | വിവരണങ്ങൾ | തുക (Rs) | തീയതി | വിവരണങ്ങൾ | തുക (Rs) |
|---|---|---|---|---|---|
| ഒന്നാം വർഷം | ഡിബഞ്ചർ | 6,000 | ഒന്നാം വർഷം | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് | 2,000 |
| | | | | ബാലൻസ് c/d | 4,000 |
| | | **6,000** | | | **6,000** |
| രണ്ടാം വർഷം | ബാലൻസ് b/d | 4,000 | രണ്ടാം വർഷം | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് | 1,600 |
| | | | | ബാലൻസ് c/d | 2,400 |
| | | **4,000** | | | **4,000** |
| മൂന്നാം വർഷം | ബാലൻസ് b/d | 2,400 | മൂന്നാം വർഷം | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് | 1,200 |
| | | | | ബാലൻസ് c/d | 1,200 |
| | | **2,400** | | | **2,400** |
| നാലാം വർഷം | ബാലൻസ് b/d | 1,200 | നാലാം വർഷം | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് | 800 |
| | | | | ബാലൻസ് c/d | 400 |
| | | **1,200** | | | **1,200** |
| അഞ്ചാം വർഷം | ബാലൻസ് b/d | 400 | അഞ്ചാം വർഷം | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് | 400 |
| | | **400** | | | **400** |

***പ്രവർത്തനക്കുറിപ്പ്:***

കടപ്പത്രം പുറപ്പെടുവിക്കുന്നതിന് ആകെ നൽകിയ കിഴിവ് – $1,00,000 \quad \frac{6}{100} = \text{Rs } 6,000$

ഡിസ്കൗണ്ട് ഇനത്തിൽ എഴുതിത്തള്ളേണ്ട തുക കണ്ടെത്തിയത് എങ്ങനെയെന്ന് ചുവടെ കൊടുക്കുന്നു:

| വർഷം | തുക (Rs.) | അനുപാതം | തുക (Rs) |
|---|---|---|---|
| 1 | 1,00,000 | 5 | $\frac{5}{15} \quad 6.000 - 2.000$ |
| 2 | 80,000 | 4 | $\frac{4}{15} \quad 6.000 - 1.600$ |
| 3 | 60,000 | 3 | $\frac{3}{15} \times 6,000 - 1,200$ |

| | | | |
|---|---|---|---|
| 4 | 40,000 | 2 | $\frac{2}{15} \times 6{,}000 = 800$ |
| 5 | 20,000 | $\frac{1}{15}$ | $\frac{1}{15} \times 6{,}000 = 400$ |

**സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ 1**

താഴെ പറയുന്ന പ്രസ്താവനകൾ ശരിയാണോ തെറ്റാണോ എന്ന് പ്രസ്താവിക്കുക.


1. കടപ്പത്രം ഉടമസ്ഥത മൂലധനത്തിന്റെ ഒരു ഭാഗമാണ്.
2. കടപ്പത്രത്തിന് നൽകുന്ന പലിശ കമ്പനിയുടെ ലാഭത്തെ ബാധിക്കുന്ന ഒരു ചെലവാണ്.
3. മുഖവിലയുടെ 10% ത്തിൽ കൂടുതൽ കിഴിവിന് കടപ്പത്രങ്ങൾ പുറപ്പെടുവിക്കാൻ കഴിയില്ല.
4. ഒരു നിശ്ചിത കാലാവധിക്കുള്ളിൽ മടക്കിവാങ്ങാവുന്ന കടപ്പത്രങ്ങളാണ് വീണ്ടെടുക്കാവുന്ന കടപ്പത്രങ്ങൾ (റെഡീമബിൾ ഡിബഞ്ചറുകൾ)
5. ശാശ്വത കടപ്പത്രങ്ങൾ, വീണ്ടെടുക്കാനാവാത്ത കടപ്പത്രങ്ങൾ എന്നും അറിയപ്പെടുന്നു.
6. കടപ്പത്രങ്ങൾ ഓഹരികളായി പരിവർത്തനം ചെയ്യാനാവില്ല.
7. കടപ്പത്രങ്ങൾ പ്രീമിയത്തിന് നൽകാനാവില്ല.
8. കൊളാറ്ററൽ സെക്യൂരിറ്റി എന്നത് ഒരു അധിക സുരക്ഷയാണ്.
9. കടപ്പത്രങ്ങൾ പ്രീമിയത്തിന് പുറപ്പെടുവിച്ച് മുഖവിലയ്ക്ക് വീണ്ടെടുക്കാൻ കഴിയില്ല.
10. കടപ്പത്രങ്ങൾ പുറപ്പെടുവിക്കുമ്പോളുണ്ടാകുന്ന നഷ്ടം വരുമാന നഷ്ടമാണ്.
11. 'പ്രീമിയം ഓൺ റിഡംപ്ഷൻ ഓഫ് ഡിബഞ്ചേഴ്സ് അക്കൗണ്ട്' ബാക്കിപത്രത്തിൽ 'സെക്യൂരിറ്റീസ് പ്രീമിയം' എന്ന ശീർഷകത്തിലാണ് കാണിക്കുന്നത്.

# ഭാഗം 2

## 2.11 കടപ്പത്രങ്ങളുടെ വീണ്ടെടുക്കൽ (Redemption of Debentures)

കടപ്പത്രങ്ങൾ പുറപ്പെടുവിക്കൽ നിബന്ധനകൾ അനുസരിച്ച് കടപ്പത്രങ്ങളിലുള്ള ബാധ്യതകൾ കൊടുത്തുതീർക്കുക എന്നാണ് കടപ്പത്രങ്ങളുടെ വീണ്ടെടുക്കൽ കൊണ്ട് അർഥമാക്കുന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ കമ്പനിയുടെ കടപ്പത്രങ്ങളുടെ തുക തിരിച്ചു നൽകലാണ് കടപ്പത്രങ്ങളുടെ വീണ്ടെടുക്കൽ എന്നതിനർഥം. കടപ്പത്രങ്ങൾ വീണ്ടെടുക്കുന്നതിന് നാല് മാർഗങ്ങളുണ്ട്. അവ താഴെ പറയുന്നു.

1. തുക മൊത്തമായി നൽകൽ (Payment in lump sum)
2. തുക തവണകളായി നൽകൽ (Payment in instalments)
3. തുറന്ന വിപണിയിൽ നിന്ന് വാങ്ങൽ (Purchase in the open market)
4. ഓഹരികളായോ പുതിയ കടപ്പത്രങ്ങളായോ പരിവർത്തനം ചെയ്യൽ (By conversion into shares or new debentures)




1. **തുക മൊത്തമായി നൽകൽ (Payment in lump sum):** ഈ രീതിയിൽ കടപ്പത്രങ്ങൾ പുറപ്പെടുവിച്ച നിബന്ധനകളനുസരിച്ച് കാലാവധി പൂർത്തിയാകുമ്പോൾ കമ്പനി മൊത്തം തുകയും കടപ്പത്രയുടമകൾക്ക് തിരിച്ചുകൊടുക്കുന്നു.

2. **തുക തവണകളായി നൽകൽ (Payment in instalments):** ഈ രീതിയിൽ, കടപ്പത്രങ്ങളുടെ തുക കാലാവധിക്കുള്ളിൽ നിശ്ചിത തീയതിയിൽ തവണകളായി കമ്പനി നൽകുന്നു. ആകെ കടപ്പത്രങ്ങളുടെ തുകയെ മൊത്തം വർഷം കൊണ്ട് ഹരിക്കുന്നു. വീട്ടാനുള്ള കടപ്പത്രങ്ങളുടെ തുകയിൽനിന്ന് ആവശ്യമുള്ള എണ്ണം നറുക്കെടുത്താണ് യാഥാർ ഥത്തിൽ വീണ്ടെടുക്കുന്ന കടപ്പത്രങ്ങൾ നിശ്ചയിക്കുന്നത്.

3. **വിപണിയിൽ നിന്ന് വാങ്ങൽ (Purchase in the open market):** ഒരു കമ്പനി സ്വന്തം കടപ്പത്രങ്ങൾ റദ്ദാക്കുന്നതിനായി വിപണിയിൽ നിന്ന് വാങ്ങുകയാണെങ്കിൽ, അത്തരത്തിൽ വാങ്ങി റദ്ദ് ചെയ്യുന്നതിനെ കടപ്പത്രങ്ങൾ വിപണിയിൽ നിന്ന് വാങ്ങൽ എന്ന് പറയുന്നു.

4. **ഓഹരികളായോ പുതിയ കടപ്പത്രങ്ങളായോ പരിവർത്തനം ചെയ്യൽ (By conversion into shares or new debentures):** ഒരു കമ്പനിക്ക് അവരുടെ കടപ്പത്രങ്ങൾ, ഓഹരികളായോ പുതിയ തരം കടപ്പത്രങ്ങളായോ മാറ്റി വീണ്ടെടുക്കാവുന്നതാണ്. കടപ്പത്ര ഉടമകൾക്ക് ഈ അവസരം ഗുണകരമാണെന്ന് കണ്ടാൽ, അവർ അവരുടെ കടപ്പത്രങ്ങൾ ഓഹരികളായോ പുതിയ തരം കടപ്പത്രങ്ങളായോ മാറ്റാനുള്ള അവരുടെ അവകാശം ഉപയോഗിക്കും. ഈ പുതിയ ഓഹരികൾ അല്ലെങ്കിൽ കടപ്പത്രങ്ങൾ മുഖവിലയ്ക്കോ, കിഴിവിനോ, പ്രീമിയത്തിനോ നൽകാവുന്നതാണ്. പരിവർത്തനം ചെയ്യപ്പെടുന്ന കടപ്പ ത്രങ്ങൾക്ക് പകരമായി നൽകേണ്ടുന്ന ഓഹരികളുടെ എണ്ണം കണക്കാക്കുമ്പോൾ കടപ്പ ത്രത്തിൽ നിന്നുള്ള യഥാർഥ വരവ് മാത്രമേ കണക്കിലെടുക്കാവൂ എന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. കടപ്പത്രങ്ങൾ ആദ്യമേ തന്നെ കിഴിവിന് വിതരണം ചെയ്തതാണെ ങ്കിൽ, അവയിൽ നിന്ന് ലഭിച്ച യഥാർഥ തുകയാണ് നൽകേണ്ടുന്ന ഓഹരികളുടെ എണ്ണം കണക്കാക്കാനുള്ളതിന്റെ അടിസ്ഥാനമായി ഉപയോഗിക്കേണ്ടത്. ഈ രീതി പരിവർത്തനം ചെയ്യാവുന്ന കടപ്പത്രങ്ങൾക്ക് മാത്രമേ ബാധകമാവുകയുള്ളൂ.

കടപ്പത്രങ്ങൾ വീണ്ടെടുക്കുമ്പോൾ കമ്പനി താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കണം.

1. **കടപ്പത്രങ്ങൾ വീണ്ടെടുക്കുന്നതിന്റെ സമയം (Time of redemption of debentures):** സാധാരണഗതിയിൽ, കടപ്പത്രങ്ങൾ അതിന്റെ കാലാവധിയിലാണ് വീണ്ടെടുക്കുന്നത്. എന്നാൽ ഒരു കമ്പനിക്ക് അതിന്റെ ആർട്ടിക്കിൾസ് അനുവദിക്കുകയാണെങ്കിൽ,

കാലാവധി പൂർത്തിയാകുന്ന തീയതിക്ക് മുമ്പും കടപ്പത്രങ്ങൾ വീണ്ടെടുക്കാവുന്നതാണ്.

2. **കടപ്പത്രങ്ങളുടെ വീണ്ടെടുക്കലിന്റെ ഉറവിടങ്ങൾ (Sources of Redemption of debentures):** ഒരു കമ്പനിക്ക് അതിന്റെ മൂലധനത്തിൽ നിന്നോ ലാഭത്തിൽ നിന്നോ കടപ്പത്രങ്ങൾ വീണ്ടെടുക്കാവുന്നതാണ്.

   എ. മൂലധനത്തിൽ നിന്ന് (Out of Capital) : കടപ്പത്രങ്ങൾ വീണ്ടെടുക്കാനുള്ള കരുതൽ പണം രൂപീകരിക്കുന്നതിൽ (DRR Debenture Redemption Reserve) നിന്ന് ഒഴിവാക്കപ്പെടുന്ന കമ്പനികൾക്ക് മാത്രമേ മൂലധനം ഉപയോഗിച്ച് കടപ്പത്രങ്ങൾ വീണ്ടെടുക്കാനാവൂ.

   ബി. ലാഭത്തിൽനിന്ന് (Out of Profits): ഏതെങ്കിലും കമ്പനി അതിന്റെ കടപ്പത്രങ്ങൾ വീണ്ടെടുക്കാൻ ലാഭം മാത്രം വിനിയോഗിക്കാൻ തീരുമാനിച്ചാൽ, ലാഭവിഹിതം നൽകാൻ ലഭ്യമായ തുകയിൽനിന്നും വീണ്ടെടുക്കേണ്ടുന്ന കടപ്പത്രങ്ങളുടെ മുഖവിലയുടെ 100 ശതമാനവും DRRലേക്ക് മാറ്റേണ്ടതാണ്.

   സി. മൂലധനവും ലാഭവും ഉപയോഗിച്ച് (Out of Capital and Profits): കടപ്പത്രങ്ങൾ വീണ്ടെടുക്കാൻ രണ്ട് ഉറവിടങ്ങളും ഭാഗികമായി ഉപയോഗിക്കാൻ തീരുമാനിക്കുകയാണെങ്കിൽ ലാഭവിഹിതം നൽകാൻ ലഭ്യമായ തുകയിൽനിന്ന് വീണ്ടെടുക്കേണ്ടുന്ന കടപ്പത്രങ്ങളുടെ മുഖവിലയുടെ 100 ശതമാനവും DRRലേക്ക് മാറ്റേണ്ടതില്ല.

## 2.12 തുക മൊത്തമായി നൽകി വീണ്ടെടുക്കൽ (Redemption by Payment in Lumpsum)

തുക മൊത്തമായി നൽകികൊണ്ട് കമ്പനി കടപ്പത്രങ്ങൾ വീണ്ടെടുക്കുമ്പോൾ താഴെ പറയുന്ന ജേർണൽ എൻട്രികളാണ് ബുക്കുകളിൽ രേഖപ്പെടുത്തുന്നത്.

*1. കടപ്പത്രങ്ങൾ മുഖവിലയ്ക്ക് വീണ്ടെടുക്കുമ്പോൾ*

(a) ഡിബഞ്ചേഴ്സ് അക്കൗണ്ട് Dr.
    To ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട്

(b) ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട് Dr.
    To ബാങ്ക് അക്കൗണ്ട്

*2. കടപ്പത്രങ്ങൾ പ്രീമിയത്തിൽ വീണ്ടെടുക്കുമ്പോൾ*

(a) ഡിബഞ്ചേഴ്സ് അക്കൗണ്ട് Dr.
    പ്രീമിയം ഓൺ റിഡംഷൻ ഓഫ് ഡിബഞ്ചേഴ്സ് അക്കൗണ്ട് Dr.
    To ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട്

(b) ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട് Dr.
    To ബാങ്ക് അക്കൗണ്ട്

***നിർധാരണം 19***

താഴെ തന്നിരിക്കുന്ന ഓരോ സാഹചര്യത്തിലും കടപ്പത്രങ്ങൾ വീണ്ടെടുക്കുന്നതിന്റെ ജേർണൽ എൻട്രികൾ എഴുതുക.

1. എക്സ്. ലിമിറ്റഡ് 100 രൂപ വിലയുള്ള 5,000, 9% കടപ്പത്രങ്ങൾ മുഖവിലയ്ക്ക് നൽകുകയും 5-ാം വർഷത്തിന്റെ അവസാനം മൂലധനമുപയോഗിച്ച് വീണ്ടെടുക്കുകയും ചെയ്യുന്നു.
2. എക്സ്. ലിമിറ്റഡ് 100 രൂപ വിലയുള്ള 1,000, 12% കടപ്പത്രങ്ങൾ മുഖവിലയ്ക്ക് നൽകുകയും 4-ാം വർഷത്തിന്റെ അവസാനം 10% പ്രീമിയത്തിൽ വീണ്ടെടുക്കുകയും ചെയ്യുന്നു.
3. എക്സ്. ലിമിറ്റഡ് 1,00,000 രൂപയുടെ 12% കടപ്പത്രങ്ങൾ 5% പ്രീമിയത്തിൽ നൽകുകയും 4-ാം വർഷത്തിന്റെ അവസാനം മുഖവിലയിൽ വീണ്ടെടുക്കുകയും ചെയ്യുന്നു.
4. എക്സ്. ലിമിറ്റഡ് 1,00,000 രൂപയുടെ 12% കടപ്പത്രങ്ങൾ 5% കിഴിവിൽ നൽകുകയും 5-ാം വർഷത്തിന്റെ അവസാനം 5% പ്രീമിയത്തിൽ വീണ്ടെടുക്കുകയും ചെയ്യുന്നു.

***ഉത്തരം:***

***ജേർണൽ***

| തീയതി | വിശദാംശങ്ങൾ | | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|---|
| 1 | 9% ഡിബഞ്ചേഴ്സ് അക്കൗണ്ട് | Dr. | | 5,00,000 | |
| | To ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട് | | | | 5,00,000 |
| | (കടപത്രം വീണ്ടെടുക്കലിന് പണം നൽകാനുള്ളത് രേഖപ്പെടുത്തി) | | | | |
| | ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട് | Dr. | | 5,00,000 | |
| | To ബാങ്ക് അക്കൗണ്ട് | | | | 5,00,000 |
| | (കടപത്ര ഉടമകൾക്ക് പണം നൽകി) | | | | |
| 2 | **12% ഡിബഞ്ചേഴ്സ് അക്കൗണ്ട്** | Dr. | | 1,00,000 | |
| | പ്രീമിയം ഓൺ റിഡെംപ്ഷൻ ഓഫ് ഡിബഞ്ചേഴ്സ് അക്കൗണ്ട് | Dr. | | 10,000 | |
| | To ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട് | | | | 1,10,000 |
| | (പ്രീമിയത്തിന് കടപത്രം വീണ്ടെടുക്കുന്നതിന് നൽകാനുള്ള തുക രേഖപ്പെടുത്തി) | | | | |
| | ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട് | Dr. | | 1,10,000 | |
| | To ബാങ്ക് അക്കൗണ്ട് | | | | 1,10,000 |
| | (കടപത്രത്തിന്റെ പണം നൽകി) | | | | |

| | | | | | |
|---|---|---|---|---|---|
| 3 | 12% ഡിബഞ്ചേഴ്സ് അക്കൗണ്ട് Dr.<br>To ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട്<br>(കടപ്പത്രം വീണ്ടെടുക്കുന്നതിന് നൽകാനുള്ള തുക രേഖപ്പെടുത്തി) | | 1,00,000 | 1,00,000 |
| | ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(കടപ്പത്ര ഉടമകൾക്ക് പണം നൽകി) | | 1,00,000 | 1,00,000 |
| 4 | 12% ഡിബഞ്ചേഴ്സ് അക്കൗണ്ട് Dr.<br>പ്രീമിയം ഓൺ റിഡംപ്ഷൻ ഓഫ് ഡിബഞ്ചേഴ്സ് അക്കൗണ്ട് Dr.<br>To ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട്<br>(കടപ്പത്രം വീണ്ടെടുക്കുന്നതിന് നൽകാനുള്ള തുക രേഖപ്പെടുത്തി) | | 1,00,000<br>5,000 | 1,05,000 |
| | ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(കടപ്പത്ര ഉടമകൾക്ക് പണം നൽകി) | | 1,05,000 | 1,00,000 |

കമ്പനീസ് ആക്ട് 2013 ലെ വ്യവസ്ഥകൾ അനുസരിച്ച്, ഓരോ വർഷവും കമ്പനിയുടെ ലാഭത്തിന്റെ ഒരു ഭാഗം കടപ്പത്രം വീണ്ടെടുക്കൽ കരുതൽ നിധി (Debenture Redemption Reserve - DRR) യിലേക്ക്, കടപ്പത്രങ്ങൾ വീണ്ടെടുക്കുന്നതുവരെ മാറ്റിവയ്ക്കണം.

ഒരു കമ്പനി കടപ്പത്രങ്ങൾ പുറപ്പെടുവിച്ചാൽ, അവർ ഒരു കടപ്പത്രം വീണ്ടെടുക്കൽ കരുതൽ നിധി രൂപീകരിക്കുകയും ഓരോ വർഷവും അതിന്റെ ലാഭത്തിൽനിന്ന് മതിയായ തുക ആ നിധിയിലേക്ക് ക്രെഡിറ്റ് ചെയ്യുകയും വേണം.

കടപ്പത്രം വീണ്ടെടുക്കൽ കരുതൽ നിധിയിലേക്ക് ക്രെഡിറ്റ് ചെയ്ത തുക കടപ്പത്രങ്ങൾ വീണ്ടെടുക്കുന്നതിനല്ലാതെ മറ്റൊന്നിനും വിനിയോഗിക്കരുത്.

കമ്പനി (ഓഹരികൾ, കടപ്പത്രങ്ങൾ) ചട്ടം 2014 ലെ 18 (7) പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി, കടപ്പത്രങ്ങളുടെ വീണ്ടെടുപ്പിനുവേണ്ടി കമ്പനി താഴെ പ്പറയുന്ന നിബന്ധനകളനുസരിച്ച് ഒരു കടപ്പത്ര വീണ്ടെടുക്കൽ കരുതൽ നിധി രൂപീകരിക്കണം.

a) ലാഭവിഹിതം നൽകാൻ ലഭ്യമായ ലാഭത്തിൽ നിന്നു വേണം കടപ്പത്രം വീണ്ടെടുക്കൽ കരുതൽ നിധി രൂപീകരിക്കേണ്ടത്.

b) താഴെ പറയുന്ന നിബന്ധനകൾ പാലിച്ചുകൊണ്ടാണ് കമ്പനി കടപ്പത്രം വീണ്ടെടുക്കൽ കരുതൽ നിധി (DRR) രൂപീകരിക്കേണ്ടത്.

   i) റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ള അഖിലേന്ത്യാ ധനകാര്യ സ്ഥാപനങ്ങൾ, (AIFI - All India Financial Institutions), ബാങ്കിങ് കമ്പനികൾ എന്നിവ പൊതുവായും സ്വകാര്യമായും പുറപ്പെടുവിച്ച കടപ്പത്രങ്ങൾക്ക് ഡിആർആർ ആവശ്യമില്ല.

ii) ആർ ബി ഐയിൽ രജിസ്റ്റർ ചെയ്ത ബാങ്കിതര ധനകാര്യ കമ്പനികൾ (NBFC- Non Banking Financial Company) നാഷണൽ ഹൗസിങ് ബാങ്കിൽ രജിസ്റ്റർ ചെയ്ത ഹൗസിങ് ഫിനാൻസ് കമ്പനികൾ എന്നിവയ്ക്ക്, നിലവിലെ സെബി (ഇഷ്യു ആന്റ് ഡെറ്റ് സെക്യൂരിറ്റീസ്) റെഗുലേഷൻസ്, 2008 അനുസരിച്ച് പൊതുവിപണിയിൽ വിതരണം ചെയ്ത കടപ്പത്രങ്ങളുടെ മൂല്യത്തിന്റെ 25% ആയിരിക്കും. ഡി.ആർ.ആർ. സ്വകാര്യമായി പുറപ്പെടുവിച്ച കടപ്പത്രങ്ങളുടെ കാര്യത്തിൽ ഡി.ആർ.ആർ ആവശ്യമില്ല.

iii) ഉൽപ്പാദനക്കമ്പനികൾ, അടിസ്ഥാനസൗകര്യക്കമ്പനികൾ ഉൾപ്പെടെയുള്ള മറ്റു കമ്പനികൾക്ക്, ഇപ്പോഴത്തെ സെബി (ഇഷ്യു ആന്റ് ഡെറ്റ് സെക്യൂരിറ്റീസ് ലിസ്റ്റിംഗ്) റെഗുലേഷൻസ്, 2008 അനുസരിച്ച് ഡിആർആറിന്റെ പര്യാപ്തത പബ്ലിക്ക് ഇഷ്യു പ്രകാരം പുറപ്പെടുവിച്ച കടപ്പത്രങ്ങളുടെ മൂല്യത്തിന്റെ 25% ആയിരിക്കും.

iv) ലിസ്റ്റുചെയ്ത കമ്പനികൾ സ്വകാര്യമായി പുറപ്പെടുവിച്ച കടപ്പത്രങ്ങളുടെ കാര്യത്തിൽ 25% ഡിആർആർ ആവശ്യമാണ്. സ്വകാര്യ അടിസ്ഥാനത്തിൽ കടപ്പത്രങ്ങൾ പുറപ്പെടുവിച്ച ലിസ്റ്റുചെയ്യാത്ത കമ്പനികൾക്കായി, ഡിആർആർ കടപ്പത്രങ്ങളുടെ മൂല്യത്തിന്റെ 25% ആയിരിക്കും.

c) ഡിബഞ്ചർ റിഡംപ്ഷൻ റിസർവ് (DRR) രൂപീകരിക്കുവാനുള്ള ഓരോ കമ്പനിയും ഓരോ വർഷവും ഏപ്രിൽ 30 നോ, അതിന് മുമ്പോ, അടുത്ത വർഷം മാർച്ച് 31 ന് അവസാനിക്കുന്ന വർഷത്തിലെ കടപ്പത്രങ്ങളുടെ തുകയുടെ കുറഞ്ഞത് 15 ശതമാനം താഴെ പറയുന്ന ഏതെങ്കിലും ഒന്നോ അതിൽ കൂടുതലോ രീതികളിൽ നിക്ഷേപിക്കേണ്ടതാണ്.

i) ഏതെങ്കിലും ഒരു ഷെഡ്യൂൾഡ് ബാങ്കിൽ ഈടോ മറ്റു അവകാശങ്ങളോ ഇല്ലാത്ത സ്വതന്ത്ര നിക്ഷേപമായി.

ii) കേന്ദ്രഗവൺമെന്റിന്റെ അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെ സെക്യൂരിറ്റികളിൽ;

iii) 1882 ലെ ഇന്ത്യൻ ട്രസ്റ്റ് നിയമത്തിലെ വകുപ്പ് 20ലെ ഉപഘടകം (a) മുതൽ (d) വരെയും (ee) യും വിഭാഗത്തിലെ സെക്യൂരിറ്റികളിൽ;

iv) 1882 ലെ ഇന്ത്യൻ ട്രസ്ററ് നിയമത്തിലെ വകുപ്പ് 20ലെ ഉപഘടകം (എഫ്) ൽ സൂചിപ്പിച്ചിട്ടുള്ള മറ്റേതെങ്കിലും കമ്പനി പുറപ്പെടുവിച്ച ബോണ്ടുകളിൽ;

v) മുകളിൽ പറഞ്ഞ പ്രകാരം നിക്ഷേപിച്ചിട്ടുള്ള തുക മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വർഷത്തിൽ കാലാവധിയാകുന്ന കടപ്പത്രങ്ങളുടെ വീണ്ടെടുപ്പിനുവേണ്ടിയല്ലാതെ വേറൊരു ആവശ്യത്തിനും ഉപയോഗിക്കുവാൻ പാടില്ല.

d) ഭാഗികമായി പരിവർത്തനം ചെയ്യാവുന്ന കടപ്പത്രങ്ങളിൽ, പുറപ്പെടുവിച്ച കടപ്പത്രങ്ങളുടെ പരിവർത്തനം ചെയ്യാൻ പറ്റാത്ത ഭാഗം സംബന്ധിച്ച് ഡി ആർ ആർ ഉണ്ടാക്കേണ്ടതാണ്.

e) കടപ്പത്രങ്ങൾ വീണ്ടെടുക്കൽ കരുതൽ നിധിയിലേക്ക് ക്രെഡിറ്റുചെയ്ത തുക കടപ്പത്രങ്ങളുടെ വീണ്ടെടുക്കലിന് വേണ്ടിയല്ലാതെ വിനിയോഗിക്കാൻ പാടില്ല.

***നിർധാരണം 20***

2013 ഏപ്രിൽ 1ന് റെയിൻബോ ലിമിറ്റഡ് 100 രൂപ മുഖവിലയുള്ള 200, 15% കടപ്പത്രങ്ങൾ 10% കിഴിവിൽ പുറപ്പെടുവിക്കുകയും അവ ലാഭം ഉപയോഗിച്ച് 10% പ്രീമിയത്തിൽ വീണ്ടെടുക്കുകയും ചെയ്യും. നാലാം വർഷാവസാനം തുക മൊത്തമായി നൽകിയാണ് കടപ്പത്രങ്ങൾ വീണ്ടെടുക്കുന്നതെങ്കിൽ കടപ്പത്രങ്ങൾ പുറപ്പെടുവിക്കുകയും വീണ്ടെടുക്കുകയും ചെയ്യുന്ന സമയത്തുള്ള ജേർണൽ എൻട്രികൾ എഴുതുക. 2016 മാർച്ച് 31ന് കടപ്പത്രങ്ങൾ വീണ്ടെടുക്കൽ കരുതൽ നിധിയിലേക്ക് ആവശ്യമായ കുറഞ്ഞ തുക കൈമാറാൻ ഡയറക്ടമാർ തീരുമാനിച്ചു.

***ഉത്തരം:***

**എക്സ്, വൈ ലിമിറ്റഡിന്റെ ബുക്ക്**

ജേർണൽ

| തീയതി | വിശദാംശങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|
| 2013 ഏപ്രിൽ 1 | ബാങ്ക് അക്കൗണ്ട് Dr.<br>To ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട് (കടപ്പത്രങ്ങൾക്കുള്ള അപേക്ഷത്തുക ലഭിച്ചു) | | 18,000 | 18,000 |
| ഏപ്രിൽ 1 | ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട് Dr.<br>ലോസ് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ അക്കൗണ്ട് Dr.<br>To 15% ഡിബഞ്ചേഴ്സ് അക്കൗണ്ട്<br>To പ്രീമിയം ഓൺ റിഡെംപ്ഷൻ ഓഫ് ഡിബഞ്ചേഴ്സ് അക്കൗണ്ട്<br>(10% പ്രീമിയത്തിൽ വീണ്ടെടുക്കുന്ന കടപ്പത്രങ്ങൾ 10% കിഴിവിൽ പുറപ്പെടുവിച്ചു) | | 18,000<br>4,000 | <br><br>20,000<br>2,000 |
| 2016 മാർച്ച് 31 | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് ആന്റ് ലോസ് അക്കൗണ്ട് Dr.<br>To ഡിബഞ്ചർ റിഡംഷൻ റിസർവ് അക്കൗണ്ട്<br>(ലാഭം ഡി.ആർ.ആർ ലേക്ക് മാറ്റി) | | 5,000 | 5,000 |
| ഏപ്രിൽ 30 | ഡിബഞ്ചർ റിഡംഷൻ ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(മതിയായ തുക ഡി.ആർ.ഐ. അക്കൗണ്ടിൽ നിക്ഷേപിച്ചു) | | 3,000 | 3,000 |

| | | | | |
|---|---|---|---|---|
| 2017 മാർച്ച് 31 | ബാങ്ക് അക്കൗണ്ട് Dr.<br>To ഡിബഞ്ചർ റിഡംഷൻ ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട് Dr.<br>(കടപ്പത്രങ്ങൾ വീണ്ടെടുക്കുന്ന സമയത്ത് ഡി.ആർ.ഐ പണമാക്കി മാറ്റി) | | 3,000 | 3,000 |
| മാർച്ച് 31 | 15% ഡിബഞ്ചേഴ്സ് അക്കൗണ്ട് Dr.<br>പ്രീമിയം ഓൺ റിഡംഷൻ ഓഫ് ഡിബഞ്ചേഴ്സ് അക്കൗണ്ട് Dr.<br>To ഡിബഞ്ചേഴ്സ് ഹോൾഡേഴ്സ് അക്കൗണ്ട്<br>(വീണ്ടെടുക്കൽ സമയത്ത് കൊടുക്കാനുള്ള തുക) | | 20,000<br>2,000 | 22,000 |
| മാർച്ച് 31 | ഡിബഞ്ചേഴ്സ് ഹോൾഡേഴ്സ് അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(ഡിബഞ്ചർ ഹോൾഡേഴ്സിന് പണം കൊടുത്തു) | | 22,000 | 22,000 |
| മാർച്ച് 31 | ഡിബഞ്ചേഴ്സ് റിഡംഷൻ റിസർവ് അക്കൗണ്ട് Dr.<br>To ജനറൽ റിസർവ് അക്കൗണ്ട്<br>(കടപ്പത്രങ്ങൾ വീണ്ടെടുത്തതിനുശേഷം ഡി.ആർ.ആർ. ബാക്കി ജനറൽ റിസർവിലേക്ക് മാറ്റുന്നു) | | 5,000 | 5,000 |

## 2.12.2 തവണകളായി പണമടച്ച് വീണ്ടെടുക്കൽ (Redemption by Payment in Instalments)

കടപ്പത്രങ്ങൾ പുറപ്പെടുവിച്ച നിബന്ധനകൾ പ്രകാരം, ഒരു നിശ്ചിത വർഷം മുതൽ കടപ്പത്രങ്ങൾ തവണകളായി വീണ്ടെടുക്കുമ്പോൾ, വീണ്ടെടുക്കേണ്ടുന്ന യഥാർഥ കടപ്പത്രങ്ങൾ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുകയും അവ ലാഭമോ മൂലധനമോ ഉപയോഗിച്ച് വീണ്ടെടുക്കുകയും ചെയ്യുന്നു. ഇതിനാവശ്യമായ ജേർണൽ എൻട്രികൾ ചുവടെ കൊടുക്കുന്നു.

1. *ലാഭത്തിൽ നിന്നാണ് വീണ്ടെടുക്കുന്നതെങ്കിൽ*

    (a) സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് ആന്റ് ലോസ് Dr.
    To ഡിബഞ്ചർ റിഡംഷൻ റിസർവ് A/c

    (b) ഡിബഞ്ചേഴ്സ് A/c Dr.
    To ഡിബഞ്ചർ ഹോൾഡേഴ്സ് A/c

    (c) ഡിബഞ്ചർ ഹോൾഡേഴ്സ് A/c Dr.
    To ബാങ്ക് A/c

2. മൂലധനത്തിൽ നിന്നാണ് വീണ്ടെടുക്കുന്നതെങ്കിൽ.

    (a) ഡിബഞ്ചേഴ്സ് A/c Dr.
    To ഡിബഞ്ചർ ഹോൾഡേഴ്സ് A/c

    (b) ഡിബഞ്ചർ ഹോൾഡേഴ്സ് A/c Dr.
    To ബാങ്ക് A/c

***നിർധാരണം 21***

2014 ഏപ്രിൽ 1 ന് എ.ബി.സി ലിമിറ്റഡ് 100 രൂപയുടെ 3000, 14% കടപ്പത്രങ്ങൾ 5% കിഴിവിൽ പുറപ്പെടുവിക്കുന്നു. ഓരോ വർഷവും മാർച്ച് 31 നകം ഈ കടപ്പത്രങ്ങളുടെ പലിശ നൽകേണ്ടതാണ്. കടപ്പത്രങ്ങൾ മുഖവിലയിൽ 3 തുല്യ തവണകളായി മൂന്നാമത്തെയും നാലാമത്തെയും അഞ്ചാമത്തെയും വർഷാവസാനം വീണ്ടെടുക്കുന്നതാണ്. കമ്പനിയുടെ ബുക്കിൽ 14% ഡിബഞ്ചർ അക്കൗണ്ട്, ഡിസ്കൗണ്ട് ഓൺ ഇഷ്യു ഓഫ് ഡിബഞ്ചേർഴ്സ് അക്കൗണ്ട്, ഡിബഞ്ചർ ഇന്ററസ്റ്റ് അക്കൗണ്ട് എന്നിവ തയാറാക്കുക.

***ഉത്തരം:***

**14% ഡിബഞ്ചർ അക്കൗണ്ട്**

*Dr.* *Cr.*

| തീയതി | വിവരങ്ങൾ | ജെ. എഫ്. | തുക (₹) | തീയതി | വിവരങ്ങൾ | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| 2015 മാർച്ച് 31 | ബാലൻസ് c/d | | 3,00,000 | 2014 ഏപ്രിൽ 01 | ഡിബഞ്ചർ ആപ്ലിക്കേഷൻ | | 2,85,000 |
| | | | | | ഡിസ്കൗണ്ട് ഓൺ ഇഷ്യു ഓഫ് ഡിബഞ്ചേഴ്സ് | | 15,000 |
| | | | **3,00,000** | | | | **3,00,000** |
| 2016 മാർച്ച് 31 | ബാലൻസ് c/d | | 3,00,000 | 2015 ഏപ്രിൽ 01 | ബാലൻസ് b/d | | 3,00,000 |
| | | | **3,00,000** | | | | **3,00,000** |
| 2017 മാർച്ച് 31 | ബാങ്ക് A/c | | 1,00,000 | 2016 ഏപ്രിൽ 01 | ബാലൻസ് b/d | | 3,00,000 |
| മാർച്ച് 31 | ബാലൻസ് c/d | | 2,00,000 | | | | |
| | | | **3,00,000** | | | | **3,00,000** |
| 2018 മാർച്ച് 31 | ബാങ്ക് A/c | | 1,00,000 | 2017 ഏപ്രിൽ 01 | ബാലൻസ് b/d | | 2,00,000 |
| മാർച്ച് 31 | ബാലൻസ് c/d | | 1,00,000 | | | | |
| | | | **2,00,000** | | | | **2,00,000** |
| 2019 മാർച്ച് 31 | ബാലൻസ് c/d | | 1,00,000 | 2018 ഏപ്രിൽ 01 | ബാലൻസ് b/d | | 1,00,000 |
| | | | **1,00,000** | | | | **1,00,000** |

### ഡിബഞ്ചർ ഇന്ററസ്റ്റ് അക്കൗണ്ട്

*Dr.* *Cr.*

| തീയതി | വിവരങ്ങൾ | ജെ. എഫ്. | തുക (₹) | തീയതി | വിവരങ്ങൾ | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| 2015 മാർച്ച് 31 | ബാങ്ക് | | **42,000** | 2015 മാർച്ച് 31 | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് | | **42,000** |
| 2016 മാർച്ച് 31 | ബാങ്ക് | | **42,000** | 2016 മാർച്ച് 31 | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് | | **42,000** |
| 2017 മാർച്ച് 31 | ബാങ്ക് | | **42,000** | 2017 മാർച്ച് 31 | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് | | **42,000** |
| 2018 മാർച്ച് 31 | ബാങ്ക് | | **28,000** | 2018 മാർച്ച് 31 | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് | | **28,000** |
| 2019 മാർച്ച് 31 | ബാങ്ക് | | **14,000** | 2019 മാർച്ച് 31 | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് | | **14,000** |

### ഡിസ്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചേർഴ്സ് അക്കൗണ്ട്

*Dr.* *Cr.*

| തീയതി | വിവരങ്ങൾ | ജെ. എഫ്. | തുക (₹) | തീയതി | വിവരങ്ങൾ | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| 2014 ഏപ്രിൽ 01 | To 14% ഡിബഞ്ചർ A/c | | 15,000 | 2015 മാർച്ച് 31 | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് | | 3,750 |
| | | | | മാർച്ച് 31 | ബാലൻസ് c/d | | 11,250 |
| | | | **15,000** | | | | **15,000** |
| 2015 ഏപ്രിൽ 01 | ബാലൻസ് b/d | | 11,250 | 2016 മാർച്ച് 31 | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് | | 3,750 |
| | | | | മാർച്ച് 31 | ബാലൻസ് c/d | | 7,500 |
| | | | **11,250** | | | | **11,250** |
| 2016 ഏപ്രിൽ 01 | ബാലൻസ് b/d | | 7,500 | 2017 മാർച്ച് 31 | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് | | 3,750 |
| | | | | മാർച്ച് 31 | ബാലൻസ് c/d | | 3,750 |
| | | | **7,500** | | | | **7,500** |
| 2017 ഏപ്രിൽ 01 | ബാലൻസ് b/d | | 3,750 | 2018 മാർച്ച് 31 | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് | | 2,500 |
| | | | | മാർച്ച് 31 | ബാലൻസ് c/d | | 1,250 |
| | | | **3,750** | | | | **3,750** |
| 2018 ഏപ്രിൽ 01 | ബാലൻസ് b/d | | 1,250 | 2019 മാർച്ച് 31 | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് | | 1,250 |
| | | | **1,250** | | | | **1,250** |

*പ്രവർത്തനക്കുറിപ്പുകൾ:*

1. ഓരോ വർഷത്തിന്റെയും ആരംഭത്തിൽ കൊടുത്തുതീർക്കുവാനുള്ള വീട്ടാത്ത കടപ്പത്രങ്ങളുടെമേൽ 14% പലിശ കണക്കാക്കും. ഓരോ വർഷവും ഏപ്രിൽ ഒന്നിന് അടയ്ക്കേണ്ട കടപ്പത്രങ്ങളുടെ തുക ഇങ്ങനെയാണ്.

| | **കൊടുത്തു തീർക്കാനുള്ള കടപ്പത്രങ്ങൾ** Rs |
|---|---|
| ഏപ്രിൽ 2014 | 3,00,000 |
| ഏപ്രിൽ 2015 | 3,00,000 |
| ഏപ്രിൽ 2016 | 3,00,000 |
| ഏപ്രിൽ 2017 | 2,00,000 |
| ഏപ്രിൽ 2018 | 1,00,000 |

2. ഓരോ വർഷത്തിന്റെയും ആരംഭത്തിൽ കൊടുത്തു തീർക്കാനുള്ള കടപ്പത്രങ്ങളുടെ തുകയുടെ അനുപാതത്തിലാണ് ഡിസ്കൗണ്ട് ഓൺ ഇഷ്യു ഓഫ് ഡിബഞ്ചേർഴ്സ് എഴുതിത്തള്ളുന്നത്. ആ അനുപാതം 3:3:3:2:1 ആണ് എങ്കിൽ എഴുതിത്തള്ളുന്ന ഡിസ്കൗണ്ട് തുക ഇങ്ങനെയായിരിക്കും.

| വർഷം | രൂപ | തുക (രൂപയിൽ) |
|---|---|---|
| 2014 | Rs 15,000 × $\frac{3}{12}$ | 3,750 |
| 2015 | Rs 15,000 × $\frac{3}{12}$ | 3,750 |
| 2016 | Rs 15,000 × $\frac{3}{12}$ | 3,750 |
| 2017 | Rs 15,000 × $\frac{2}{12}$ | 2,500 |
| 2018 | Rs 15,000 × $\frac{1}{12}$ | 1,250 |

## 2.13 വിപണിയിൽ നിന്ന് വാങ്ങിയുള്ള വീണ്ടെടുക്കൽ (Redemption by Purchase in Open Market)

ഒരു കമ്പനി ഉടൻ റദ്ദാക്കൽ ആവശ്യത്തിനായി പൊതു വിപണിയിൽനിന്ന് കമ്പനിയുടെ തന്നെ കടപ്പത്രങ്ങൾ വാങ്ങുമ്പോൾ, അത്തരം കടപ്പത്രങ്ങളുടെ വാങ്ങലും റദ്ദാക്കലും വിപണിയിൽനിന്ന് വാങ്ങിയുള്ള വീണ്ടെടുക്കൽ എന്ന് പറയുന്നു. ഇത്തരം വീണ്ടെടുക്കലിന്റെ പ്രധാന ഗുണം കമ്പനിക്ക് മിച്ചം പണമുള്ളപ്പോൾ സ്വന്തം കടപ്പത്രങ്ങൾ സൗകര്യപ്രദമായി വീണ്ടെടുക്കാം എന്നുള്ളതാണ്. രണ്ടാമതായി, വിപണിയിൽ കടപ്പത്രങ്ങൾ കിഴിവിൽ ലഭ്യമാകുമ്പോൾ കമ്പനിക്ക് അവ വാങ്ങാം എന്നതുമാണ്.

കടപ്പത്രങ്ങൾ വിപണിയിൽനിന്ന് വാങ്ങുകയും റദ്ദാക്കുകയും ചെയ്യുമ്പോൾ, ഇനി പറയുന്ന ജേർണൽ എൻട്രികൾ രേഖപ്പെടുത്തുന്നു.

1. *ഉടൻ റദ്ദാക്കലിനായി പൊതു വിപണിയിൽനിന്ന് കടപ്പത്രങ്ങൾ വാങ്ങുമ്പോൾ:*
   ഡിബഞ്ചേഴ്സ് A/c Dr.
   To ബാങ്ക് A/c
   To പ്രോഫിറ്റ് ഓൺ റിഡംഷൻ ഓഫ് ഡിബഞ്ചേഴ്സ് A/c
2. *വീണ്ടെടുക്കൽ ലാഭം കൈമാറുമ്പോൾ*
   പ്രോഫിറ്റ് ഓൺ റിഡംഷൻ ഓഫ് ഡിബഞ്ചേഴ്സ് A/c Dr.
   To ക്യാപ്പിറ്റൽ റിസർവ്

കടപ്പത്രത്തിന്റെ മുഖവിലയെക്കാൾ ഉയർന്ന വിലയ്ക്ക് കടപ്പത്രങ്ങൾ വിപണിയിൽ നിന്ന് വാങ്ങിയാൽ, അധിക തുക 'ലോസ് ഓൺ റിഡംഷൻ ഓഫ് ഡിബഞ്ചേഴ്സ്' അക്കൗണ്ടിൽ ചെയ്യണം. അതിന്റെ ജേർണൽ എൻട്രി ഇങ്ങനെ ആയിരിക്കും.

1. ഡിബഞ്ചേഴ്സ് A/c Dr.
   ലോസ് ഓൺ റിഡംഷൻ ഓഫ് ഡിബഞ്ചേഴ്സ് A/c Dr.
   To ബാങ്ക് A/c
2. സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് ആന്റ് ലോസ് Dr.
   To ലോസ് ഓൺ റിഡംഷൻ ഓഫ് ഡിബഞ്ചേഴ്സ് A/c

***നിർധാരണം 22***

എക്സ് ലിമിറ്റഡ് 20,000 രൂപ മുഖവിലയുള്ള അതിന്റെ 100 രൂപയുടെ കടപ്പത്രങ്ങൾ റദ്ദാക്കുന്നതിനുവേണ്ടി പൊതു വിപണിയിൽനിന്ന് 92 രൂപ നിരക്കിൽ വാങ്ങുന്നു. ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

***ഉത്തരം:***

## എക്സ് ലിമിറ്റഡിന്റെ ബുക്ക്

### ജേർണൽ

| തീയതി | വിവരണങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|
| | ഡിബഞ്ചേഴ്സ് അക്കൗണ്ട് Dr. | | 20,000 | |
| | To ബാങ്ക് അക്കൗണ്ട് | | | 18,400 |
| | To പ്രോഫിറ്റ് ഓൺ റിഡംഷൻ ഓഫ് ഡിബഞ്ചേഴ്സ് | | | 1,600 |
| | (പൊതു വിപണിയിൽ നിന്ന് കടപ്പത്രങ്ങൾ 92 രൂപ നിരക്കിൽ വാങ്ങി) | | | |
| | പ്രോഫിറ്റ് ഓൺ റിഡംഷൻ ഓഫ് ഡിബഞ്ചേഴ്സ് Dr. | | 1,600 | |
| | To ക്യാപ്പിറ്റൽ റിസർവ് | | | 1,600 |
| | (വീണ്ടെടുക്കൽ ലാഭം ക്യാപ്പിറ്റൽ റിസർവിൽ കൈമാറുമ്പോൾ) | | | |

* *പകരമായി, താഴെപ്പറയുന്ന രണ്ട് ജേർണൽ എൻട്രികൾ എഴുതാവുന്നതാണ്:*

**ജേർണൽ**

| തീയതി | വിവരണങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|
| | ഓൺ ഡിബഞ്ചേഴ്സ് അക്കൗണ്ട് Dr. | | 18,400 | |
| | To ബാങ്ക് അക്കൗണ്ട് | | | 18,400 |
| | (20000 രൂപയുടെ കടപത്രങ്ങൾ 92 രൂപയ്ക്ക് വാങ്ങുമ്പോൾ) | | | |
| | ഡിബഞ്ചേഴ്സ് അക്കൗണ്ട് Dr. | | 20,000 | |
| | To ഓൺ ഡിബഞ്ചേഴ്സ് അക്കൗണ്ട് | | | 18,400 |
| | To പ്രോഫിറ്റ് ഓൺ റിഡംഷൻ ഓഫ് ഡിബഞ്ചേഴ്സ് | | | 1,600 |
| | (വാങ്ങിച്ച കടപത്രങ്ങൾ റദ്ദാക്കുമ്പോൾ) | | | |

***നിർധാരണം 23***

എക്സ് ലിമിറ്റഡ് 100 രൂപ വീതം വിലയുള്ള 25,000 രൂപയുടെ 250, 12% കടപ്പത്രങ്ങൾ വീണ്ടെടുക്കാൻ തീരുമാനിച്ചു. ഇതിനുവേണ്ടി കമ്പനി പൊതു വിപണിയിൽനിന്ന് 20,000 രൂപയുടെ കടപ്പത്രങ്ങൾ ഒന്നിന് 98.50 രൂപ നിരക്കിൽ വാങ്ങി. ഇതിന് 100 രൂപ ചെലവായി. ശേഷിക്കുന്ന 5,000 രൂപയുടെ കടപ്പത്രങ്ങൾ നറുക്കെടുപ്പിലൂടെ വീണ്ടെടുത്തു. എൻട്രികൾ എഴുതുക.

***ഉത്തരം:***

## എക്സ് ലിമിറ്റഡിന്റെ ബുക്ക്

**ജേർണൽ**

| തീയതി | വിവരണങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക *(Rs)* | ക്രെഡിറ്റ് തുക *(Rs)* |
|---|---|---|---|---|
| | 12% ഡിബഞ്ചേഴ്സ് അക്കൗണ്ട് Dr. | | 20,000 | |
| | To ബാങ്ക് അക്കൗണ്ട് | | | 19,800 |
| | To പ്രോഫിറ്റ് ഓൺ റിഡംഷൻ ഓഫ് ഡിബഞ്ചേഴ്സ് | | | 200 |
| | (200 കടപത്രങ്ങൾ 98.50 രൂപയ്ക്ക് വാങ്ങുന്നു. ചെലവ് 100 രൂപ) (19700+100) | | | |
| | പ്രോഫിറ്റ് ഓൺ റിഡംഷൻ ഓഫ് ഡിബഞ്ചേഴ്സ് Dr. | | 200 | |
| | To ക്യാപ്പിറ്റൽ റിസർവ് | | | 200 |
| | (വീണ്ടെടുക്കൽ ലാഭം ക്യാപ്പിറ്റൽ റിസർവിലേക്ക് മാറ്റുന്നു) | | | |
| | 12% ഡിബഞ്ചേഴ്സ് അക്കൗണ്ട് Dr. | | 5,000 | |
| | To ബാങ്ക് അക്കൗണ്ട് | | | 5,000 |
| | (50 കടപത്രങ്ങൾ വീണ്ടെടുക്കുന്നു) | | | |

***നിർധാരണം 24***

2013 ഏപ്രിൽ 1ന് ഒരു കമ്പനി 1,000 രൂപയുടെ 1,000, 6% കടപ്പത്രങ്ങൾ ഒന്നിന് 960 രൂപ നിരക്കിൽ പുറപ്പെടുവിക്കുന്നു. 2015 മാർച്ച് 31 മുതൽ ആരംഭിക്കുന്ന ഓരോ വർഷവും 200 കടപ്പത്രങ്ങൾ കമ്പനിയുടെ ഓപ്ഷനിൽ വാങ്ങിയോ അല്ലെങ്കിൽ നറുക്കെടുത്തോ വീണ്ടെടുക്കാനുള്ള വ്യവസ്ഥകൾ നൽകുന്നുണ്ട്. 2015, മാർച്ച് 31 ന് അവസാനിക്കുന്ന വർഷത്തിൽ ഡിബഞ്ചർ ഡിസ്കൗണ്ട് അക്കൗണ്ടായി 10,000 രൂപ എഴുതിത്തള്ളുന്നു. 31.03.2015ന് കമ്പനി 80,000 രൂപ മുഖവിലയുള്ള കടപ്പത്രങ്ങൾ ഒന്നിന് 950 രൂപ നിരക്കിലും 1,20,000 രൂപ മുഖവിലയുള്ള കടപ്പത്രങ്ങൾ ഒന്നിന് 900 രൂപ നിരക്കിലും റദ്ദാക്കാനായി വാങ്ങുന്നു. മുകളിൽ കൊടുത്തിട്ടുള്ളവയുടെ ജേർണൽ എൻട്രികൾ എഴുതി വീണ്ടെടുക്കൽ ലാഭത്തെ ക്രമീകരിക്കുന്ന വിധം കാണിക്കുക.

***ഉത്തരം:***

**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|---|
| 2013 ഏപ്രിൽ 1 | ബാങ്ക് അക്കൗണ്ട് | Dr. | | 9,60,000 | |
| | To 6% ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട് | | | | 9,60,000 |
| | (ഡിബഞ്ചർ ആപ്ലിക്കേഷൻ തുക ലഭിച്ചു) | | | | |
| ഏപ്രിൽ 1 | 6% ഡിബഞ്ചർ ആപ്ലിക്കേഷൻ & അലോട്ട്മെന്റ് അക്കൗണ്ട് | Dr. | | 9,60,000 | |
| | ഡിസ്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ അക്കൗണ്ട് | Dr. | | 40,000 | |
| | To 6% ഡിബഞ്ചേഴ്സ് അക്കൗണ്ട് | | | | 10,00,000 |
| | (ഡിബഞ്ചർ ആപ്ലിക്കേഷൻ തുക ഡിബഞ്ചേഴ്സ് അക്കൗണ്ടിലേക്ക് മാറ്റി) | | | | |
| 2014 മാർച്ച് 31 | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് | Dr. | | 10,000 | |
| | To ഡിസ്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചേഴ്സ് അക്കൗണ്ട് | | | | 10,000 |
| | (ഡിസ്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചേഴ്സ് എഴുതിത്തള്ളി) | | | | |

| | | | | |
|---|---|---|---|---|
| മാർച്ച് 31 | ബാലൻസ് ഇൻ സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് Dr.<br>To ഡിബഞ്ചർ റിഡംഷൻ റിസർവ് അക്കൗണ്ട്<br>(ലാഭം ഡിബഞ്ചർ റിസർവിലേക്ക് മാറ്റുന്നു) | | 2,00,000 | 2,00,000 |
| ഏപ്രിൽ 30 | ഡിബഞ്ചർ റിഡംഷൻ ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(ആവശ്യമുള്ള തുക DRI - ൽ നിക്ഷേപിച്ചു) | | 30,000 | 30,000 |
| 2015 മാർച്ച് 31 | ബാങ്ക് Dr.<br>To ഡിബഞ്ചർ റിഡംഷൻ ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട്<br>(കടപ്പത്രങ്ങൾ വീണ്ടെടുക്കുമ്പോൾ DRI പണമാക്കി മാറ്റി) | | 30,000 | 30,000 |
| മാർച്ച് 31 | 6% ഡിബഞ്ചർ അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>To പ്രോഫിറ്റ് ഓൺ റിഡംഷൻ ഓഫ് ഡിബഞ്ചേഴ്സ്<br>(80 കടപ്പത്രങ്ങൾ 950 രൂപയ്ക്ക് വാങ്ങുന്നു) | | 80,000 | 76,000<br>4,000 |
| മാർച്ച് 31 | 6% ഡിബഞ്ചർ അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>To പ്രോഫിറ്റ് ഓൺ റിഡംഷൻ ഓഫ് ഡിബഞ്ചേഴ്സ്<br>(120 കടപ്പത്രങ്ങൾ 900 രൂപയ്ക്ക് വാങ്ങുന്നു) | | 1,20,000 | 1,08,000<br>12,000 |
| മാർച്ച് 31 | പ്രോഫിറ്റ് ഓൺ റിഡംഷൻ ഓഫ് ഡിബഞ്ചേഴ്സ് Dr.<br>To ക്യാപ്പിറ്റൽ റിസർവ്<br>(വീണ്ടെടുക്കൽ ലാഭം ക്യാപ്പിറ്റൽ റിസർവിലേക്ക് മാറ്റുന്നു) | | 16,000 | 16,000 |
| മാർച്ച് 31 | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് Dr.<br>To ഡിസ്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചേഴ്സ് അക്കൗണ്ട്<br>(ഡിസ്കൗണ്ട് ഓൺ ഡിബഞ്ചേഴ്സ് എഴുതിത്തള്ളി) | | 10,000 | 10,000 |
| മാർച്ച് 31 | ഡിബഞ്ചർ റിഡംഷൻ റിസർവ് അക്കൗണ്ട് Dr.<br>To ജനറൽ റിസർവ്<br>(DRI ബാക്കി ജനറൽ റിസർവിലേക്ക് മാറ്റുന്നു) | | 50,000 | 50,000 |

## 2.14 പരിവർത്തനത്തിലൂടെയുള്ള വീണ്ടെടുക്കൽ (Redemption by Conversion)

നേരത്തെ പ്രസ്താവിച്ചതുപോലെ, കടപ്പത്രങ്ങൾ ഓഹരികളായോ പുതിയ കടപ്പത്രങ്ങളായോ പരിവർത്തനം നടത്തി വീണ്ടെടുക്കാവുന്നതാണ്. ഇത്തരം വാഗ്ദാനങ്ങൾ പ്രയോജനകരമാണെന്ന് കടപ്പത്ര ഉടമകൾക്ക് ബോധ്യമാകുകയാണെങ്കിൽ അതിന്റെ ഗുണങ്ങൾ

അവർ ഏറ്റെടുക്കുന്നതായിരിക്കും. പുതിയ ഓഹരികളും കടപ്പത്രങ്ങളും മുഖവിലയ്ക്കോ ഡിസ്കൗണ്ടിലോ പ്രീമിയത്തിലോ പുറപ്പെടുവിക്കാവുന്നതാണ്. വീണ്ടെടുക്കലിന് പണം ആവശ്യമില്ലാത്തതിനാൽ പരിവർത്തനപ്പെടുത്താവുന്ന കടപ്പത്രങ്ങളുടെ കാര്യത്തിൽ 'കടപ്പത്ര വീണ്ടെടുക്കൽ കരുതൽ' ആവശ്യമില്ലെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

***നിർധാരണം 25***

അർജുൻ പ്ലാസ്റ്റിക്സ് ലിമിറ്റഡ് 100 രൂപ വീതം വിലയുള്ള 1000, 15% കടപ്പത്രങ്ങൾ 10 രൂപ വിലയുള്ള ഇക്വിറ്റി ഓഹരികളായി ഓഹരിയൊന്നിന് 2.50 രൂപ പ്രീമിയം നിരക്കിൽ പരിവർത്തനം ചെയ്തുകൊണ്ട് വീണ്ടെടുത്തു. കമ്പനി ലാഭത്തിൽ നിന്ന് 50000 രൂപ ഉപയോഗിച്ച് 500 കടപ്പത്രങ്ങൾ കൂടി വീണ്ടെടുത്തു. ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

***ഉത്തരം:***

**അർജുൻ പ്ലാസ്റ്റിക്സ് ലിമിറ്റഡിന്റെ ബുക്ക്**

**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|
| | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് ആന്റ് ലോസ് Dr.<br>To ഡിബഞ്ചർ റിഡംഷൻ റിസർവ് അക്കൗണ്ട്<br>(ലാഭം DDR ലേക്ക് മാറ്റി) | | 50,000 | <br>50,000 |
| | ഡിബഞ്ചർ റിഡംഷൻ ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(ആവശ്യമായ തുക ഡിബഞ്ചർ റിഡംഷൻ ഇൻവെസ്റ്റ്മെന്റിൽ നിക്ഷേപിച്ചു) | | 7,500 | <br>7,500 |
| | 15% ഡിബഞ്ചർ അക്കൗണ്ട് Dr.<br>To ഡിബഞ്ചർ ഹോൾഡേഴ്സ്<br>(ഡിബഞ്ചർ ഹോൾഡേഴ്സിന് കാലാവധിയായ തുക) | | 1,00,000 | <br>1,00,000 |
| | ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട് Dr.<br>To ഇക്വിറ്റി ഷെയർ ക്യാപിറ്റൽ അക്കൗണ്ട്<br>To സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ട്<br>(800 ഇക്വിറ്റി ഓഹരികൾ 2.50 രൂപ പ്രീമിയം നിരക്കിൽ പുറപ്പെടുവിച്ചു) | | 1,00,000 | <br>80,000<br>20,000 |
| | ബാങ്ക് അക്കൗണ്ട് Dr.<br>To ഡിബഞ്ചർ റിഡംഷൻ ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട്<br>(ഡിബഞ്ചർ റിഡംപഷൻ ഇൻവെസ്റ്റ്മെന്റ് കടപ്പത്രം വീണ്ടെടുക്കുന്ന സമയത്ത് പണമാക്കി മാറ്റി) | | 7,500 | <br>7,500 |

| | | | | |
|---|---|---|---|---|
| | ഡിബഞ്ചേഴ്സ് അക്കൗണ്ട് Dr.<br>To ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട്<br>(ഡിബഞ്ചർ ഹോൾഡേഴ്സിന് കാലാവധിയായ തുക) | | 50,000 | 50,000 |
| | ഡിബഞ്ചേഴ്സ് ഹോൾഡേഴ്സ് അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(ഡിബഞ്ചർ ഹോൾഡേഴ്സിന് തുക നൽകി) | | 50,000 | 50,000 |
| | ഡിബഞ്ചേഴ്സ് റിഡംഷൻ റിസർവ് അക്കൗണ്ട് Dr.<br>To ജനറൽ റിസർവ് അക്കൗണ്ട്<br>(കടപ്പത്രങ്ങളുടെ വീണ്ടെടുക്കലിന് ഡിബഞ്ചർ റിഡംഷൻ റിസർവ് ജനറൽ റിസർവിലേക്ക് മാറ്റി) | | 50,000 | 50,000 |

***നിർധാരണം 26***

2013 ഏപ്രിൽ 1 നു ഒരു കമ്പനി 100 രൂപ വിലയുള്ള 10000, 9% കടപ്പത്രങ്ങൾ, ഒന്നിന് 92 രൂപ നിരക്കിൽ പുറപ്പെടുവിച്ചു. വ്യവസ്ഥകളനുസരിച്ച് 2016 മാർച്ച് 31 മുതൽ എല്ലാ വർഷവും 2000 കടപ്പത്രങ്ങൾ 20 രൂപ വിലയുള്ള ഇക്വിറ്റി ഓഹരികളായി പരിവർത്തനം നടത്തിയോ കമ്പനിയുടെ ഇഷ്ടാനുസരണം നറുക്കെടുപ്പിലൂടെയോ മുഖവിലയ്ക്ക് വീണ്ടെടുക്കുന്നതിനോ സൗകര്യം നൽകുന്നുണ്ട്. 2016 മാർച്ച് 31 നു 2000, 9% ഡിബഞ്ചറുകൾ 20 രൂപ വീതം വിലയുള്ള ഇക്വിറ്റി ഓഹരികളായി പരിവർത്തനം നടത്തി കമ്പനി വീണ്ടെടുത്തു. ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

***ഉത്തരം:***

**കമ്പനിയുടെ ബുക്ക്**

**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|
| 2016 മാർച്ച് 31 | 9% ഡിബഞ്ചേഴ്സ് അക്കൗണ്ട് Dr.<br>To ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട്<br>To സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ്<br>To ഡിസ്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചേഴ്സ് അക്കൗണ്ട്<br>(പരിവർത്തനത്തിലൂടെ വീണ്ടെടുക്കുമ്പോൾ ഡിബഞ്ചർ ഹോൾഡേഴ്സിന് കൊടുക്കാനുള്ള തുക) | | 2,00,000 | 1,84,000<br>9,600<br>6,400 |
| മാർച്ച് 31 | ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട് Dr.<br>To ഇക്വിറ്റി ഷെയർ ക്യാപിറ്റൽ അക്കൗണ്ട്<br>(ഡിബഞ്ചർ ഹോൾഡേഴ്സിന് പുതിയ ഇക്വിറ്റി ഓഹരികൾ നൽകി) | | 1,84,000 | 1,84,000 |

### പ്രവർത്തനക്കുറിപ്പ്

i. 10000 ഡിബഞ്ചർ പുറപ്പെടുവിച്ചതിനുള്ള ആകെ ഡിസ്കൗണ്ട് $10,00,000 \quad \frac{8}{100} \quad 80,000$ രൂപ

എഴുതിത്തള്ളുന്ന ഡിസ്കൗണ്ട് തുക താഴെ കൊടുത്തിട്ടുള്ളതു പോലെ കണക്കാവുന്നതാണ്:

| വർഷം | തുക (രൂപ) | അനുപാതം | തുക (രൂപ) |
|---|---|---|---|
| 2013-14 | 10,00,000 | 5 | $80,000 \times \frac{5}{25} \quad 16,000$ |
| 2014-15 | 10,00,000 | 5 | $80,000 \quad \frac{5}{25} = 16,000$ |
| 2015-16 | 10,00,000 | 5 | $80,000 \quad \frac{5}{25} = 16,000$ |
| 2016-17 | 8,00,000 | 4 | $80,000 \quad \frac{4}{25} = 12,800$ |
| 2017-18 | 6,00,000 | 3 | $80,000 \quad \frac{3}{25} \quad 9,600$ |
| 2018-19 | 4,00,000 | 2 | $80,000 \quad \frac{2}{25} \quad 6,400$ |
| 2019-20 | 20,000 | 1 | $80,000 \quad \frac{1}{25} \quad 3,200$ |
| | | **25** | **80,000** |

ii. ഡിസ്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചറിൽ ആകെയുള്ള 80,000 രൂപയിൽ 2016 മാർച്ച് 31 വരെ 48.000 രൂപ എഴുതിത്തള്ളി. അതിനാൽ ഓഹരികളായി പരിവർത്തനം ചെയ്ത, 2,000 കടപ്പത്രങ്ങളുടെ എഴുതിത്തള്ളിയ ഡിസ്കൗണ്ട് തുക

$= (2,00,000 \quad \frac{8}{100}) \quad \frac{48000}{80000} \quad 9,600$ രൂപ

2016 മാർച്ച് 31 വരെ എഴുതിത്തള്ളാതെ ബാക്കി വരുന്ന ഡിസ്കൗണ്ട് തുക = (16000-9600) = 6400 രൂപ.

## 2.15 സിങ്കിങ് ഫണ്ട് രീതി

നിശ്ചിത സമയപരിധിക്കുശേഷം കടപ്പത്രങ്ങൾ വീണ്ടെടുക്കുന്നതിന് മതിയായ പണം ആവശ്യമാണ്. ഈ ആവശ്യം നിറവേറ്റുന്നതിന്, കമ്പനി ഒരു സിങ്കിങ് ഫണ്ട് രൂപീകരിക്കു

വാൻ തീരുമാനിക്കുകയും ആവശ്യമായ തുക മറ്റു ബിസിനസ് സ്ഥാപനങ്ങളുടെ വിൽപ്പന സാധ്യതയുള്ള ഓഹരികളിലോ ബോണ്ടുകളിലോ നിക്ഷേപിക്കുകയും ചെയ്യുന്നു. സാധാരണയായി, കടപ്പത്രങ്ങൾ വീണ്ടെടുക്കുന്ന സമയത്ത് ആവശ്യമായ പണം കണ്ടെത്തുന്നതിനായി അതിനു തുല്യമായ ഒരു തുക എല്ലാ വർഷവും മാറ്റിവയ്ക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. സിങ്കിങ് ഫണ്ട് രീതിയെന്ന് വിളിക്കുന്ന ഈ രീതിപ്രകാരം, കമ്പനി എല്ലാ വർഷവും വീതിക്കാനുള്ള ലാഭത്തിന്റെ ഒരു ഭാഗം മാറ്റിവയ്ക്കുന്നതിനാവശ്യമായ ക്രമീകരണം നടത്തുന്നു. ഇങ്ങനെ മാറ്റിവയ്ക്കുന്ന ലാഭം ബിസിനസ്സിന് പുറത്ത് വിപണന സാധ്യതയുള്ള ഓഹരികളിൽ നിക്ഷേപിക്കുന്നു. നിക്ഷേപം നടത്തിയ വർഷത്തിന്റെയും നിക്ഷേപത്തിനുള്ള ആദായ നിരക്കിന്റെയും അടിസ്ഥാനത്തിൽ സിങ്കിങ് ഫണ്ട് പട്ടിക പരിഗണിച്ച് ഒരു ആനുപാതിക തുക കണക്കാക്കുന്നു. അങ്ങനെ കണക്കാക്കുന്ന തുക ഓരോ വർഷവും ലാഭത്തിൽ നിന്ന് കടപ്പത്ര വീണ്ടെടുക്കൽ നിധിയിലേക്ക് (ഡിബഞ്ചർ റിഡംഷൻ ഫണ്ട്) മാറ്റുന്നു. ആ നിക്ഷേപത്തെ കടപ്പത്ര വീണ്ടെടുക്കൽ നിധി നിക്ഷേപമെന്ന് (ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ്) വിളിക്കുന്നു. ഇത്തരം നിക്ഷേപങ്ങളിൽ നിന്ന് ലഭിക്കുന്ന വരുമാനത്തുക (പലിശ) വരും വർഷങ്ങളിൽ ഈ ആവശ്യത്തിനായുള്ള നിശ്ചിത ആനുപാതിക തുകയോടൊപ്പം വീണ്ടും നിക്ഷേപിക്കുന്നു. അവസാനവർഷം ലഭിച്ച പലിശയും നിശ്ചിത ആനുപാതിക തുകയും നിക്ഷേപിക്കേണ്ടതില്ല. സത്യത്തിൽ, ഈ ഘട്ടത്തിൽ കടപ്പത്ര വീണ്ടെടുക്കൽ നിധി നിക്ഷേപം പണമാക്കി മാറ്റി ആ തുക കടപ്പത്രം വീണ്ടെടുക്കന്നതിനു ഉപയോഗിക്കുന്നു. കടപ്പത്ര വീണ്ടെടുക്കൽ നിധി നിക്ഷേപം പണമാക്കി മാറ്റുന്നതിലൂടെ ഉണ്ടാകുന്ന ലാഭ നഷ്ടവും കടപ്പത്ര വീണ്ടെടുക്കൽ നിധി അക്കൗണ്ടിലേക്കു തന്നെ മാറ്റുന്നു. 'കടപ്പത്ര വീണ്ടെടുക്കൽ നിധി അക്കൗണ്ട്' നിയമവും സെബി മാർഗനിർദേശങ്ങളും അനുശാസിക്കുന്ന കടപ്പത്ര വീണ്ടെടുക്കൽ റിസർവിന്റെ ആവശ്യം നിറവേറ്റുകയും വീണ്ടെടുക്കലിനു ശേഷം അത് പൊതു കരുതൽ നിധിയിലേക്ക് മാറ്റുകയും ചെയ്യുന്നു.

ആയതുകൊണ്ട്, സിങ്കിങ് ഫണ്ട് രീതിയിൽ ഉൾപ്പെടുന്ന നടപടികൾ:

1. വർഷംതോറും മാറ്റിവയ്ക്കേണ്ട ലാഭത്തുക സിങ്കിങ് ഫണ്ട് പട്ടികയുടെ സഹായത്തോടെ കണക്കാക്കുക.
2. ഓരോ വർഷത്തിന്റെ അവസാനവും ലാഭത്തുക മാറ്റിവയ്ക്കുകയും അത് കടപ്പത്ര വീണ്ടെടുക്കൽ നിധി അക്കൗണ്ടിലേക്കു ക്രെഡിറ്റ് ചെയ്യുകയും വേണം.
3. ഒന്നാം വർഷത്തിന്റെ അവസാനം വീണ്ടെടുക്കൽ തുകയ്ക്ക് തുല്യമായ നിക്ഷേപം വാങ്ങുകയും 'കടപ്പത്ര വീണ്ടെടുക്കൽ നിധി നിക്ഷേപ' അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യുകയും വേണം.
4. തുടർന്ന് വരുന്ന ഓരോ വർഷാവസാനവും നിക്ഷേപത്തിന്മേൽ പലിശ ലഭിക്കുന്നു.
5. അവസാന വർഷം (വീണ്ടെടുക്കൽ വർഷം) ഒഴികെ എല്ലാ വർഷവും ലാഭത്തിൽ

നിന്ന് മാറ്റിവയ്ക്കുന്ന നിശ്ചിത തുകയ്ക്കും ഓരോ വർഷവും ലഭിക്കുന്ന പലിശയ്ക്കും തുല്യമായ തുകയ്ക്ക് നിക്ഷേപം വാങ്ങുന്നു.

6. നിക്ഷേപത്തിന്മേൽ അവസാന വർഷത്തേക്കുള്ള പലിശ ലഭിക്കുന്നു.
7. അവസാന വർഷത്തേക്കുള്ള നിശ്ചിത തുക മാറ്റിവയ്ക്കുന്നു.
8. വീണ്ടെടുക്കൽ വർഷത്തിന്റെ അവസാനം നിക്ഷേപം പണമാക്കി മാറ്റുന്നു.
9. കടപ്പത്ര വീണ്ടെടുക്കൽ നിധി നിക്ഷേപ അക്കൗണ്ടിന്റെ ബാക്കി തുകയായ നിക്ഷേപ വിൽപ്പനയുടെ ലാഭ നഷ്ടം കടപ്പത്ര വീണ്ടെടുക്കൽ നിധി അക്കൗണ്ടിലേക്ക് മാറ്റുന്നു.
10. കടപ്പത്ര ഉടമകൾക്ക് പണം നൽകുന്നു.
11. കടപ്പത്ര വീണ്ടെടുക്കൽ നിധി അക്കൗണ്ടിന്റെ ബാക്കി പൊതു കരുതൽ ധനത്തിലേക്ക് മാറ്റുന്നു.

കാലാവധി ദിവസം തുക മൊത്തമായി നൽകുന്ന കടപ്പത്ര വീണ്ടെടുക്കലിനാണ് സിങ്കിങ് ഫണ്ട് രീതി ഉപയോഗിക്കുന്നത്. ഓരോ വർഷവും രേഖപ്പെടുത്തേണ്ട ജേർണൽ എൻട്രികൾ താഴെ കൊടുത്തപോലെയാണ്.:

*1. ഒന്നാം വർഷാവസാനം*

(a) ഒരു നിശ്ചിത തുക ലാഭത്തിൽ നിന്ന് വീണ്ടെടുക്കലിനുവേണ്ടി മാറ്റിവയ്ക്കുന്നതിന്;

സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് ആൻഡ് ലോസ് Dr.

To ഡിബഞ്ചർ റിഡംഷൻ ഫണ്ട് A/c

(b) വീണ്ടെടുക്കലിനുവേണ്ടി മാറ്റിവച്ച തുക നിക്ഷേപിക്കുന്നതിന്;

ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് A/c Dr.

To ബാങ്ക് A/c

2. അവസാന വർഷം ഒഴികെ രണ്ടാമത്തെ വർഷവും തുടർന്നുള്ള വർഷങ്ങളിലും

(a) ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റിന് പലിശ ലഭിക്കുമ്പോൾ;

ബാങ്ക് A/c Dr.

To ഇന്ററസ്റ്റ് ഓൺ ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് A/c

(b) ഇന്ററസ്റ്റ് ഓൺ ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് ഡിബഞ്ചർ റിഡംഷൻ ഫണ്ടിലേക്ക് മാറ്റുമ്പോൾ;

ഇന്ററസ്റ്റ് ഓൺ ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് A/c Dr.

To ഡിബഞ്ചർ റിഡംഷൻ ഫണ്ട് A/c

(c) ഒരു നിശ്ചിത തുക ലാഭത്തിൽ നിന്ന് വീണ്ടെടുക്കലിനുവേണ്ടി മാറ്റിവയ്ക്കുന്നതിന്;

സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് ആൻഡ് ലോസ് Dr.

To ഡിബഞ്ചർ റിഡംഷൻ ഫണ്ട് A/c

(d) വീണ്ടെടുക്കലിനുവേണ്ടി മാറ്റിവച്ച തുകയും കടപ്പത്ര വീണ്ടെടുക്കൽ നിധി നിക്ഷേപത്തിൽ ലഭിച്ച പലിശയും നിക്ഷേപിക്കുന്നതിന്;

ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് A/c Dr.

To ബാങ്ക് A/c

3. അവസാന വർഷം

(a) ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റിൽ പലിശ ലഭിക്കുമ്പോൾ;

ബാങ്ക് A/c Dr.

To ഇന്ററസ്റ്റ് ഓൺ ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് A/c

(b) ഇന്ററസ്റ്റ് ഓൺ ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് ഡിബഞ്ചർ റിഡംഷൻ ഫണ്ടിലേക്ക് മാറ്റുമ്പോൾ;

ഇന്ററസ്റ്റ് ഓൺ ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് A/c Dr.

To ഡിബഞ്ചർ റിഡംഷൻ ഫണ്ട് A/c

(c) ഒരു നിശ്ചിത തുക ലാഭത്തിൽ നിന്ന് വീണ്ടെടുക്കലിനുവേണ്ടി മാറ്റിവയ്ക്കുന്നതിന്;

സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് ആൻഡ് ലോസ് Dr.

To ഡിബഞ്ചർ റിഡംഷൻ ഫണ്ട് A/c

(d) ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് പണമാക്കി മാറ്റുമ്പോൾ;

ബാങ്ക് A/c Dr.

To ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് A/c

(e) ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് വിൽപ്പനയിലുണ്ടാകുന്ന ലാഭം/ നഷ്ടം മാറ്റുന്നതിന്;

(i) ലാഭമാണെങ്കിൽ

ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് A/c Dr.

To ഡിബഞ്ചർ റിഡംഷൻ ഫണ്ട് A/c

(ii) നഷ്ടമാണെങ്കിൽ

ഡിബഞ്ചർ റിഡംഷൻ ഫണ്ട് A/c Dr.

To ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് A/c

(f) വീണ്ടെടുക്കൽ ദിവസം കടപ്പത്ര ഉടമകൾക്ക് കൊടുക്കാനുള്ള തുക രേഖപ്പെടുത്തൽ;

ഡിബഞ്ചേഴ്സ് A/c Dr.

To ഡിബഞ്ചർ ഹോൾഡേഴ്സ് A/c

(g) കടപ്പത്ര ഉടമകൾക്ക് പണം നൽകുന്നതിന്;

ഡിബഞ്ചർ ഹോൾഡേഴ്സ് A/c Dr.

To ബാങ്ക് A/c

(h) ഡിബഞ്ചർ റിഡംഷൻ ഫണ്ട് അക്കൗണ്ട് ബാക്കി പൊതുകരുതൽ നിധിയിലേക്ക് മാറ്റുന്നതിന്;

ഡിബഞ്ചർ റിഡംഷൻ ഫണ്ട് A/c Dr.

To ജനറൽ റിസർവ് A/c

***നിർധാരണം 27***

ആദിത്യ ലിമിറ്റഡ് 2016 ഏപ്രിൽ 1 നു 10,00,000 രൂപയുടെ ഡിബഞ്ചറുകൾ പുറപ്പെടുവിച്ച് 2019 മാർച്ച് 31 നു വീണ്ടെടുക്കുന്നതാണ്. ഈ ആവശ്യത്തിനായി ഒരു സിങ്കിങ് ഫണ്ട് രൂപീകരിച്ചു. നിക്ഷേപത്തിന്മേൽ 5% വാർഷിക നിരക്കിൽ പലിശ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വർഷംതോറും 0.317208 രൂപ 5% വാർഷിക നിരക്കിൽ നിക്ഷേപിച്ചാൽ 3 വർഷത്തേക്ക് 1 രൂപ ലഭിക്കുമെന്ന് സിങ്കിങ് ഫണ്ട് പട്ടിക കാണിക്കുന്നു. 2019 മാർച്ച് 31 ലെ സിങ്കിങ് ഫണ്ട് ഇൻവെസ്റ്റ്മെന്റ് പലിശ ലഭിക്കുന്നതിന് മുമ്പ് ബാങ്ക് ബാലൻസ് 4,20,000 രൂപയാണ്. ആ ദിവസം നിക്ഷേപം 656000 രൂപയ്ക്ക് വിറ്റു.

പലിശ രൂപയുടെ അടുത്ത വിലയ്ക്ക് കണക്കാക്കി നിക്ഷേപം 100 രൂപയുടെ അടുത്ത വിലയ്ക്ക് നടത്തി. ആവശ്യമായ ജേർണൽ എൻട്രികൾ രേഖപ്പെടുത്തുക. കമ്പനിയുടെ ബുക്കിൽ ഡിബഞ്ചർ അക്കൗണ്ട്, ഡിബഞ്ചർ റിഡംഷൻ ഫണ്ട് അക്കൗണ്ട്, ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ് അക്കൗണ്ട് എന്നിവ കാണിക്കുക. ഡിബഞ്ചർ പലിശയുടെ ജേർണൽ ഒഴിവാക്കുക.

***ഉത്തരം:***

## ആദിത്യ ലിമിറ്റഡിന്റെ ബുക്ക്

### ജേർണൽ

| തീയതി | വിശദാംശങ്ങൾ | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|
| 2016 ഏപ്രിൽ 1 | ബാങ്ക് അക്കൗണ്ട് Dr.<br>To ഡിബഞ്ചേഴ്സ് അക്കൗണ്ട്<br>(10,00,000 രൂപയ്ക്ക് ഡിബഞ്ചർ പുറപ്പെടുവിച്ചു) | | 10,00,000 | 10,00,000 |
| 2017 മാർച്ച് 31 | **സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് അക്കൗണ്ട്** Dr.<br>To ഡിബഞ്ചർ റിഡംഷൻ ഫണ്ട് അക്കൗണ്ട്<br>(വീണ്ടെടുക്കലിനുള്ള വാർഷികത്തവണ സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസിൽ ഡെബിറ്റ് ചെയ്തു) | | 3,17,208 | 3,17,208 |

| | | | | |
|---|---|---|---|---|
| | ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ്<br>അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(നിക്ഷേപം വാങ്ങി) | | 3,17,200 | <br><br>3,17,200 |
| 2018<br>മാർച്ച്<br>31 | ബാങ്ക് അക്കൗണ്ട് Dr.<br>To ഇന്ററസ്റ്റ് ഓൺ ഡിബഞ്ചർ റിഡംഷൻ ഫണ്ട്<br>ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട്<br>(നിക്ഷേപത്തിന്മേൽ 5% നിരക്കിൽ പലിശ ലഭിച്ചു) | | 15,860 | <br><br>15,860 |
| മാർച്ച്<br>31 | ഇന്ററസ്റ്റ് ഓൺ ഡിബഞ്ചർ റിഡംഷൻ ഫണ്ട്<br>ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട് Dr.<br>To ഡിബഞ്ചർ റിഡംഷൻ ഫണ്ട് അക്കൗണ്ട്<br>(ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് പലിശ ഡിബഞ്ചർ റിഡംഷൻ ഫണ്ടിലേക്ക് മാറ്റി) | | <br>15,860 | <br><br>15,860 |
| | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് അക്കൗണ്ട് Dr.<br>To ഡിബഞ്ചർ റിഡംഷൻ ഫണ്ട് അക്കൗണ്ട്<br>(വീണ്ടെടുക്കലിനുള്ള വാർഷികത്തവണ സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് ആന്റ് ലോസിൽ ഡെബിറ്റ് ചെയ്തു) | | 3,17,208 | <br>3,17,208 |
| മാർച്ച്<br>31 | ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ്<br>അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(വാർഷികത്തവണയും പലിശയും ഉൾപ്പെടെയുള്ള തുകയ്ക്ക് നിക്ഷേപം വാങ്ങി) | | <br>3,33,100 | <br><br>3,33,100 |
| 2019<br>മാർച്ച്<br>31 | ബാങ്ക് അക്കൗണ്ട് Dr.<br>To ഇന്ററസ്റ്റ് ഓൺ ഡിബഞ്ചർ റിഡംഷൻ ഫണ്ട്<br>ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട്<br>(നിക്ഷേപത്തിന്മേൽ 5% നിരക്കിൽ പലിശ ലഭിച്ചു) | | 32,516 | <br><br>32,516 |
| | ഇന്ററസ്റ്റ് ഓൺ ഡിബഞ്ചർ റിഡംഷൻ ഫണ്ട്<br>ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട് Dr.<br>To ഡിബഞ്ചർ റിഡംഷൻ ഫണ്ട് അക്കൗണ്ട്<br>(ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് പലിശ ഡിബഞ്ചർ റിഡംഷൻ ഫണ്ടിലേക്ക് മാറ്റി) | | <br>32,516 | <br><br>32,516 |
| | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് അക്കൗണ്ട് Dr.<br>To ഡിബഞ്ചർ റിഡംഷൻ ഫണ്ട് അക്കൗണ്ട്<br>(വീണ്ടെടുക്കലിനുള്ള വാർഷികത്തവണ സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് ആന്റ് ലോസിൽ ഡെബിറ്റ് ചെയ്തു) | | 3,17,208 | <br>3,17,208 |

| | | | | |
|---|---|---|---|---|
| | ബാങ്ക് അക്കൗണ്ട് Dr.<br>To ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട്<br>(ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് വിൽപന യിലൂടെ പണം ലഭിച്ചു) | | 6,56,000 | 6,56,000 |
| | ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട് Dr.<br>To ഡിബഞ്ചർ റിഡംഷൻ ഫണ്ട് അക്കൗണ്ട്<br>(നിക്ഷേപ വിൽപനയിലെ ലാഭം ഡിബഞ്ചർ റിഡംഷൻ ഫണ്ടിലേക്ക് മാറ്റി) | | 5,700 | 5,700 |
| | ഡിബഞ്ചർ അക്കൗണ്ട് Dr.<br>To ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട്<br>(കടപ്പത്ര തുക കടപ്പത്ര ഉടമകളുടെ അക്കൗണ്ടിലേക്ക് മാറ്റി) | | 10,00,000 | 10,00,000 |
| | ഡിബഞ്ചർ ഹോൾഡേഴ്സ് അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(ഡിബഞ്ചർ ഹോൾഡേഴ്സിന് തുക നൽകി) | | 10,00,000 | 10,00,000 |
| | ഡിബഞ്ചർ റിഡംഷൻ റിസർവ് അക്കൗണ്ട് Dr.<br>To ജനറൽ റിസർവ് അക്കൗണ്ട്<br>(ഡിബഞ്ചർ റിഡംഷൻ റിസർവ് ക്രെഡിറ്റ് ബാലൻസ് ജനറൽ റിസർവിലേക്ക് മാറ്റി) | | 10,05,700 | 10,05,700 |

## ഡിബഞ്ചർ അക്കൗണ്ട്

*Dr.* *Cr.*

| തീയതി | വിവരങ്ങൾ | ജെ. എഫ്. | തുക (₹) | തീയതി | വിവരങ്ങൾ | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| 2015<br>മാർച്ച് 31 | ബാലൻസ് c/d | | 10,00,000 | 2014<br>ഏപ്രിൽ 01 | ബാങ്ക് | | 10,00,000 |
| | | | **10,00,000** | | | | **10,00,000** |
| 2017<br>Mar.31 | ബാലൻസ് c/d | | 10,00,000 | 2016<br>ഏപ്രിൽ 01 | ബാലൻസ് b/d | | 10,00,000 |
| | | | **10,00,000** | | | | **10,00,000** |
| 2018<br>മാർച്ച് 31 | ബാങ്ക് | | 10,00,000 | 2017<br>ഏപ്രിൽ 01 | ബാലൻസ് b/d | | 10,00,000 |
| | | | **10,00,000** | | | | **10,00,000** |

## ഡിബഞ്ചർ റിഡംഷൻ ഫണ്ട് അക്കൗണ്ട്

*Dr.* *Cr.*

| തീയതി | വിവരങ്ങൾ | ജെ. എഫ്. | തുക (₹) | തീയതി | വിവരങ്ങൾ | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| 2017 മാർച്ച് 31 | ബാലൻസ് c/d | | 3,17,208 | 2016 ഏപ്രിൽ 01 | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് | | 3,17,208 |
| | | | **3,17,208** | | | | **3,17,208** |
| 2018 മാർച്ച് 31 | ബാലൻസ് c/d | | 6,50,276 | 2017 ഏപ്രിൽ 01 | ബാലൻസ് b/d | | 3,17,208 |
| | | | | | ഇന്ററസ്റ്റ് ഓൺ ഡി.ആർ.എഫ്.ഐ. | | 15,860 |
| | | | | | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് | | 3.17,208 |
| | | | **6,50,276** | | | | **6,50,276** |
| 2019 മാർച്ച് 31 | ജനറൽ റിസർവ് | | 10,05.700 | 2018 ഏപ്രിൽ 01 | ബാലൻസ് b/d | | 6.50,276 |
| | | | | | ഇന്ററസ്റ്റ് ഓൺ ഡി.ആർ.എഫ്.ഐ. | | 32,516 |
| | | | | | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് | | 3.17,208 |
| | | | | | ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് | | 5,700 |
| | | | **10,05,700** | | | | **10,05,700** |

## ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട്

*Dr.* *Cr.*

| തീയതി | വിവരങ്ങൾ | ജെ. എഫ്. | തുക (₹) | തീയതി | വിവരങ്ങൾ | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| 2016 മാർച്ച് 31 | ബാങ്ക് | | 3,17,200 | 2017 മാർച്ച് 31 | ബാലൻസ് c/d | | 3,17,200 |
| | | | **3,17,200** | | | | **3,17,200** |

| | | | | | | | |
|---|---|---|---|---|---|---|---|
| 2017 എപ്രിൽ 01 | ബാലൻസ് b/d | | 3,17,200 | 2018 മാർച്ച് 31 | ബാലൻസ് c/d | | 6,50,300 |
| മാർച്ച് 31 | ബാങ്ക് | | 3,33,100 | | | | |
| | | | **6,50,300** | | | | **6,50,300** |
| 2018 ഏപ്രിൽ 01 | ബാലൻസ് b/d | | 6,50,300 | 2019 മാർച്ച് 31 | ബാങ്ക് | | 6,56,000 |
| 2019 മാർച്ച് 31 | ഡിആർഎഫ് | | 5,700 | | | | |
| | | | **6,56,000** | | | | **6,56,000** |

**ബാങ്ക് അക്കൗണ്ട്**

| തീയതി | വിവരങ്ങൾ | ജെ. എഫ്. | തുക (₹) | തീയതി | വിവരങ്ങൾ | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| 2019 മാർച്ച് 31 | ബാലൻസ് b/d | | 4,20,000 | 2019 മാർച്ച് 31 | ഡിബഞ്ചർ | | 10,00,000 |
| | ഡി.ആർ.എഫ് | | 6,56,000 | | ബാലൻസ് c/d | | 76,000 |
| | | | 10,76,000 | | | | 10,76,000 |
| 2017 ഏപ്രിൽ 01 | ബാലൻസ് b/d | | 76,000 | | | | |

*കുറിപ്പ്:* വീണ്ടെടുക്കലിനുള്ള വാർഷികത്തവണകൾ ലാഭത്തിൽ നിന്നും മാറ്റി വയ്ക്കുന്ന തുക കണക്കാക്കിയിരിക്കുന്നത് 0.317208 × 10,00,000 – Rs. 3,17,208 രൂപ

***നിർധാരണം 28***

ലില്ലി ലിമിറ്റഡിന്റെ 2015 മാർച്ച് 31 ലെ ബാക്കിപത്രം ചുവടെ കൊടുക്കുന്നു.

| | രൂപ |
|---|---|
| 15% ഡിബഞ്ചർ | 15,00,000 |
| ഡിബഞ്ചർ റിഡംഷൻ ഫണ്ട് | 11,63,600 |
| ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് (10% ഗവ. സെക്യൂരിറ്റീസ്) | 11,63,600 |

2015–16 ലും 2016–17 ലും ഡിബഞ്ചർ റിഡംഷൻ ഫണ്ടിലേക്കുള്ള വാർഷിക വിഹിതം 1,30,800 രൂപയാണ്. 2017 മാർച്ച് 31 നു ഡിബഞ്ചർ തിരികെ നൽകുവാൻ കാലവധിയായി. 2017 മാർച്ച് 31 നു സെക്യൂരിറ്റീസ് 13,52,000 രൂപയ്ക്ക് വിറ്റു എന്ന അനുമാനത്തിൽ ഡിബഞ്ചർ അക്കൗണ്ടുകൾ തയാറാക്കുക. സെക്യൂരിറ്റീസിന്മേൽ മാർച്ച് 31 വരെയുള്ള പലിശ ഉടനെത്തന്നെ നിക്ഷേപിക്കുന്നു.

**ഉത്തരം:**

### ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട്

*Dr.* *Cr.*

| തീയതി | വിവരങ്ങൾ | ജെ. എഫ്. | തുക (₹) | തീയതി | വിവരങ്ങൾ | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| 2016 മാർച്ച് 31 | ബാലൻസ് c/d | | 15,00,000 | 2015 ഏപ്രിൽ 01 | ബാലൻസ് b/d | | 15,00,000 |
| | | | **15,00,000** | | | | **15,00,000** |
| 2017 മാർച്ച് 31 | ബാങ്ക് | | 15,00,000 | 2016 ഏപ്രിൽ 01 | ബാലൻസ് b/d | | 15,00,000 |
| | | | **15,00,000** | | | | **15,00,000** |

### ഡിബഞ്ചർ റിഡംഷൻ ഫണ്ട് അക്കൗണ്ട്

*Dr.* *Cr.*

| തീയതി | വിവരങ്ങൾ | ജെ. എഫ്. | തുക (₹) | തീയതി | വിവരങ്ങൾ | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| 2016 മാർച്ച് 31 | ബാലൻസ് c/d | | 14,10,760 | 2015 ഏപ്രിൽ 01 | ബാലൻസ് b/d | | 11.63.600 |
| | | | | 2016 മാർച്ച് 31 | ഇന്ററസ്റ്റ് ഓൺ ഡി.ആർ.എഫ്.ഐ | | 1,16,360 |
| | | | | മാർച്ച് 31 | സ്റ്റേറ്റ്മെന്റ് പ്രോഫിറ്റ് & ലോസ് | | 1.30,800 |
| | | | **14,10,760** | | | | **14,10,760** |
| 2017 മാർച്ച് 31 | ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് | | 58,760 | 2016 ഏപ്രിൽ 01 | ബാലൻസ് b/d | | 14,10,760 |
| മാർച്ച് 31 | ജനറൽ റിസർവ് | | 16,23,876 | | ഇന്ററസ്റ്റ് | | 1,41,076 |
| | | | | 2017 മാർച്ച് 31 | ഡി.ആർ.എഫ്.ഐ | | |
| | | | | മാർച്ച് 31 | സ്റ്റേറ്റ്മെന്റ് പ്രോഫിറ്റ് & ലോസ് | | 1,30,800 |
| | | | **16,82,636** | | | | **16,82,636** |

### ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട്

*Dr.* *Cr.*

| തീയതി | വിവരങ്ങൾ | ജെ. എഫ്. | തുക *(Rs)* | തീയതി | വിവരങ്ങൾ | ജെ. എഫ്. | തുക *(Rs)* |
|---|---|---|---|---|---|---|---|
| 2015 ഏപ്രിൽ 01 | ബാലൻസ് b/d | | 11,63,600 | 2016 മാർച്ച് 31 | ബാലൻസ് c/d | | 14,10,760 |
| 2016 മാർച്ച് 31 | ബാങ്ക് | | 2,47,160* | | | | |
| | | | **14,10,760** | | | | **14,10,760** |
| 2016 ഏപ്രിൽ 01 | ബാലൻസ് b/d | | 14,10,760 | 2017 മാർച്ച് 31 | ബാങ്ക് | | 13,52,000 |
| | | | | | ഡിബഞ്ചർ റിഡംഷൻ ഫണ്ട് | | 58,760 |
| | | | **14,10,760** | | | | **14,10,760** |

* (പലിശ + തവണ = 116360 രൂപ + 130800 രൂപ = 247160 രൂപ)

***നിർധാരണം 29***

ജമിനി ലിമിറ്റഡ് 500 രൂപ മുഖവിലയുള്ള 10,00,000, 9% കടപ്പത്രങ്ങൾ 480 രൂപ നിരക്കിൽ റദ്ദാക്കുന്നതിനുവേണ്ടി വാങ്ങി. ആവശ്യമായ ജേർണൽ എൻട്രികൾ രേഖപ്പെടുത്തുക.

***ഉത്തരം:***

**ജമിനി ലിമിറ്റഡിന്റെ ബുക്ക്**

**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | | എൽ എഫ് | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|---|
| | ഓൺ ഡിബഞ്ചേഴ്സ് A/c | Dr. | | 48,00,00,000 | |
| | To ബാങ്ക് A/c | | | | 48,00,00,000 |
| | (സ്വന്തം ഡിബഞ്ചറുകൾ 480 രൂപ നിരക്കിൽ വാങ്ങി) | | | | |
| | 9% ഡിബഞ്ചേഴ്സ് A/c | Dr. | | 50,00,00,000 | |
| | To ഓൺ ഡിബഞ്ചേഴ്സ് | | | | 48,00,00,000 |
| | To പ്രോഫിറ്റ് ഓൺ കാൻസലേഷൻ ഓഫ് ഡിബഞ്ചേഴ്സ് A/c | | | | 2,00,00,000 |
| | (സ്വന്തം ഡിബഞ്ചറുകൾ വാങ്ങിയത് റദ്ദാക്കി) | | | | |
| | പ്രോഫിറ്റ് ഓൺ കാൻസലേഷൻ ഓഫ് ഡിബഞ്ചേഴ്സ് A/c | Dr. | | 2,00,00,000 | |
| | To ക്യാപ്പിറ്റൽ റിസർവ് | | | | 2,00,00,000 |
| | (ഡിബഞ്ചർ റദ്ദാക്കിയതിലെ ലാഭം മൂലധന കരുതലിലേക്ക് മാറ്റി) | | | | |

**നിർധാരണം 30**

താഴെ കൊടുത്തിട്ടുള്ള നീക്കിയിരിപ്പുകളാണ് മധു ലിമിറ്റഡിന്റെ ബുക്കിൽ 2016 ഏപ്രിൽ 1 ന് കാണുന്നത്.

| | (രൂപ) |
|---|---|
| 12% ഡിബഞ്ചേഴ്സ് | 1,50,000 |
| ഡിബഞ്ചർ റിഡംഷൻ ഫണ്ട് | 1,25,000 |
| ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് | 1,25,000 |

ഡിബഞ്ചർ റിഡംഷൻ ഫണ്ട് 130000 രൂപ നിക്ഷേപിച്ചിരിക്കുന്നത് 9% ഗവ. സെക്യൂരിറ്റീസിലാണ്.

തൻ വർഷം ഫണ്ടിൽ ഉൾപ്പെടുത്തിയ വാർഷികത്തവണ 20,600 രൂപയാണ്. നിക്ഷേപത്തിനുള്ള പലിശ ലഭിക്കുന്നതിന് മുമ്പ് ബാങ്ക് നീക്കിയിരിപ്പ് 40000 രൂപയാണ്. കാലാവധി തീയതിക്ക് എല്ലാ ഡിബഞ്ചറുകളും 84% നിരക്കിൽ വിൽക്കുകയും ഡിബഞ്ചറുകൾ കൃത്യമായി വീണ്ടെടുക്കുകയും ചെയ്തു.

2016–17 വർഷത്തേക്കുള്ള ഡിബഞ്ചർ അക്കൗണ്ട്, ഡിബഞ്ചർ റിഡംഷൻ ഫണ്ട് അക്കൗണ്ട്,

ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട്, ബാങ്ക് അക്കൗണ്ട് എന്നിവ തയാറാക്കുക. കമ്പനി എല്ലാ വർഷവും അതിന്റെ കണക്കുകൾ തയാറാക്കുന്നത് മാർച്ച് 31 നാണ്.

**ഉത്തരം:**

**മധു ലിമിറ്റഡിന്റെ ബുക്ക്**

**ഡിബഞ്ചർ റിഡംഷൻ ഫണ്ട് അക്കൗണ്ട്**

*Dr.* *Cr.*

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| 2017 | | | | 2016 | ബാലൻസ് b/d | | 1,25,000 |
| മാർച്ച് 31 | ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് (വിൽപനയിലെ നഷ്ടം) | | 15,800 | ഏപ്രിൽ 1 | | | |
| | | | | 2017 മാർച്ച് 31 | ഇന്ററസ്റ്റ് ഓൺ ഡി.ആർ.എഫ്.ഐ (1,30,000ന്റെ 9%) | | 11,700 |
| മാർച്ച് 31 | ജനറൽ റിസർവ് (മാറ്റുന്നത്) | | 1,41,500 | മാർച്ച് 31 | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് | | 20,600 |
| | | | **1,57,300** | | | | **1,57,300** |

**ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട്**

*Dr.* *Cr.*

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| 2016 ഏപ്രിൽ 1 | ബാലൻസ് b/d (മുഖവില ₹ 1,30,000) | | 1,25,000 | 2017 മാർച്ച് 31 | ബാങ്ക് (84% ₹ 1,30,000) | | 1,09,200 |
| | | | | | ഡിബഞ്ചർ റിഡംഷൻ ഫണ്ട് (വിൽപന നഷ്ടം) | | 15,800 |
| | | | **1,25,000** | | | | **1,25,000** |

**ബാങ്ക് അക്കൗണ്ട്**

*Dr.* *Cr.*

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (രൂപ) | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (രൂപ) |
|---|---|---|---|---|---|---|---|
| 2017 മാർച്ച് 31 | ബാലൻസ് b/d | | 40,000 | 2017 മാർച്ച് 31 | ഡിബഞ്ചർ | | 1,50,000 |
| | ഇന്ററസ്റ്റ് ഓൺ ഡി.ആർ.എഫ്.ഐ. | | 11,700 | മാർച്ച് 31 | ബാലൻസ് c/d | | 10,900 |

| | | | | | | | |
|---|---|---|---|---|---|---|---|
| മാർച്ച് 31 | ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് (വിൽപന) | | 1,09,200 | | | | |
| | | | 1,60,900 | | | | 1,60,900 |

### 12% ഡിബഞ്ചർ അക്കൗണ്ട്

*Dr.* *Cr.*

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (രൂപ) | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (രൂപ) |
|---|---|---|---|---|---|---|---|
| 2017 മാർച്ച് 31 | ബാങ്ക് A/c | | 1,50,000 | 2016 ഏപ്രിൽ 30 | ബാലൻസ് b/d | | 1,50,000 |
| | | | 1,50,000 | | | | 1,50,000 |

### *പ്രവർത്തനക്കുറിപ്പ്:*

1. ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് 1,30,000 രൂപയ്ക്ക് 9% നിരക്കിൽ പലിശ= 11,700.
2. ഇൻവെസ്റ്റ്മെന്റ് 84% നിരക്കിൽ വിൽക്കുന്നു, അതുകൊണ്ട് 1,30,000 രൂപ വിലയുള്ള ഇൻവെസ്റ്റ്മെന്റ് വിൽക്കുന്നതിലൂടെ 1,09,200 രൂപ ലഭിക്കുന്നു.

### അറിവ് പരിശോധിക്കാം II

താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.

1. എളുപ്പത്തിൽ കൈമാറ്റം ചെയ്യുന്ന കടപ്പത്രങ്ങൾ:
   (a) രജിസ്റ്റർ ചെയ്ത കടപ്പത്രങ്ങൾ (b) പ്രഥമ കടപ്പത്രങ്ങൾ
   (c) വാഹക കടപ്പത്രങ്ങൾ

2. എക്സ് കമ്പനി ലിമിറ്റഡിന്റെ ബുക്കിലെ ജേർണൽ എൻട്രിയാണ് താഴെ കാണുന്നത്.

| | | | |
|---|---|---|---|
| ബാങ്ക് a/c | Dr. | 4,75,000 | |
| ലോസ് ഓൺ ഇഷ്യു ഓഫ് ഡിബഞ്ചർ a/c | Dr. | 75,000 | |
| To 12% ഡിബഞ്ചർ a/c | | | 5,00,000 |
| To പ്രീമിയം ഓൺ റിഡംഷൻ ഓഫ് ഡിബഞ്ചർ A/c | | | 50,000 |

   ഡിബഞ്ചർ ഇഷ്യു ചെയ്തിരിക്കുന്ന ഡിസ്കൗണ്ട് നിരക്ക്
   (a) 15%. (b) 5%. (c) 10%.

3. എക്സ് കമ്പനി ലിമിറ്റഡ് 28,80,000 രൂപ വിലയുള്ള ആസ്തി വാങ്ങി. വാങ്ങൽ വില പൂർണമായും തീർപ്പാകുന്നതിനു വേണ്ടി കമ്പനി 100 രൂപ വിലയുള്ള ഡിബഞ്ചറുകൾ 4% ഡിസ്കൗണ്ടിൽ പുറപ്പെടുവിച്ചു. വിൽപ്പനക്കാരന് നൽകിയ ഡിബഞ്ചറുകളുടെ എണ്ണം.
   (a) 30,000, (b) 28,800, (c) 32,000.

4. പരിവർത്തനപ്പെടുത്താവുന്ന കടപ്പത്രങ്ങൾ കിഴിവിന് പുറപ്പെടുവിക്കാൻ കഴിയില്ല. കാരണം:

   (a) അവ ഉടൻ തന്നെ പരിവർത്തനം ചെയ്യേണ്ടതായതിനാൽ

   (b) അവ ഉടൻ തന്നെ പരിവർത്തനം ചെയ്യേണ്ടതല്ലാത്തതിനാൽ

   (c) ഇവയൊന്നുമല്ല

5. ഡിബഞ്ചർ വിതരണത്തിലെ ഡിസ്കൗണ്ട് ബാലൻസ്ഷീറ്റിൽ താഴെ കൊടുത്തിട്ടുള്ള ഏത് തലക്കെട്ടിലാണ് കാണിക്കുന്നത്.

   (a) ലാഭ നഷ്ട പത്രിക

   (b) മറ്റു അസ്ഥിരാസ്തി

   (c) ഡിബഞ്ചർ അക്കൗണ്ട്

6. കടപ്പത്രങ്ങൾ മുഖവിലയ്ക്ക് പുറപ്പെടുവിക്കുകയും പ്രീമിയത്തിൽ വീണ്ടെടുക്കുകയും ചെയ്യുമ്പോൾ അത്തരം പുറപ്പെടുവിക്കലുകളിലുണ്ടാകുന്ന നഷ്ടം ഡെബിറ്റ് ചെയ്യുന്നത്.

   (a) ലാഭ നഷ്ട പത്രിക

   (b) ഡിബഞ്ചർ ആപ്ലിക്കേഷൻ ആന്റ് അലോട്ട്മെന്റ് അക്കൗണ്ട്

   (c) ലോസ് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ അക്കൗണ്ട്.

7. ഒരു ബിസിനസ് സ്ഥാപനം ആസ്തി വാങ്ങുമ്പോൾ വാങ്ങൽ വിലയെക്കാൾ അധികമുള്ള അറ്റ ആസ്തിയുടെ വില ക്രെഡിറ്റ് ചെയ്യുന്നത്.

   (a) ജനറൽ റിസർവ്

   (b) ക്യാപ്പിറ്റൽ റിസർവ്

   (c) വെണ്ടറുടെ അക്കൗണ്ട്

8. എല്ലാ കടപ്പത്രങ്ങളും വീണ്ടെടുത്തു കഴിഞ്ഞാൽ, കടപ്പത്രം വീണ്ടെടുക്കൽ നിധി അക്കൗണ്ടിലെ നീക്കിയിരിപ്പ് മാറ്റുന്നത്

   (a) ക്യാപ്പിറ്റൽ റിസർവ്

   (b) ജനറൽ റിസർവ്

   (c) ലാഭ നഷ്ട പത്രിക

9. കടപ്പത്രം വീണ്ടെടുക്കൽ നിധി നിക്ഷേപ അക്കൗണ്ടിന്റെ മുഖവിലയും ബുക്ക് വിലയും യഥാക്രമം 1,00,000 രൂപയും 96,000 രൂപയുമാണ്. കമ്പനി 30,000 രൂപ മുഖവിലയുള്ള നിക്ഷേപം 30,000 രൂപയുടെ കടപ്പത്രങ്ങൾ 10% പ്രീമിയത്തിൽ വീണ്ടെടുക്കുവാൻ ആവശ്യമായ തുകയ്ക്ക് വിറ്റു. നിക്ഷേപം വിറ്റതിലുള്ള ലാഭം എത്ര?

   (a) `4,200, (b) ₹ 3,000. (c) ലാഭമില്ല

10. കമ്പനിയുടെ സ്വന്തം കടപ്പത്രങ്ങൾ എന്നാൽ:
    (a) കമ്പനി പ്രമോട്ടർമാർക്ക് നൽകുന്നത്
    (b) കമ്പനി ഡയക്ടർമാർക്ക് നൽകുന്നത്
    (c) കമ്പനി വിപണിയിൽ നിന്ന് വാങ്ങി നിക്ഷേപമായി സൂക്ഷിക്കുന്നത്.
11. സ്വന്തം കടപ്പത്രങ്ങൾ റദ്ദാക്കുന്നതിലെ ലാഭം മാറ്റുന്നത്.
    (a) ലാഭ നഷ്ട വിനിയോഗ അക്കൗണ്ട്
    (b) ഡിബഞ്ചർ റിഡംഷൻ റിസർവ്
    (c) ക്യാപ്പിറ്റൽ റിസർവ്
12. ലാഭം ഉപയോഗിച്ച് കടപ്പത്രങ്ങൾ വീണ്ടെടുക്കുകയാണെങ്കിൽ, തുല്യമായ ഒരു തുക മാറ്റുന്നത്.
    (a) ജനറൽ റിസർവ്
    (b) ഡിബഞ്ചർ റിഡംഷൻ റിസർവ്
    (c) ക്യാപ്പിറ്റൽ റിസർവ്
13. കടപ്പത്ര വീണ്ടെടുക്കൽനിധി നിക്ഷേപം വിൽക്കുമ്പോഴുള്ള ലാഭം ക്രെഡിറ്റ് ചെയ്യുന്നത്
    (a) കടപ്പത്രം വീണ്ടെടുക്കൽ നിധി അക്കൗണ്ട്
    (b) ലാഭ നഷ്ട പത്രിക
    (c) പൊതു കരുതൽ അക്കൗണ്ട്
14. നിക്ഷേപം വിറ്റതിനുശേഷം സിങ്കിങ് ഫണ്ട് ഇൻവെസ്റ്റ്മെന്റ് അക്കൗണ്ടിലുള്ള നീക്കിയിരിപ്പ് മാറ്റുന്നത്.
    (a) ലാഭ നഷ്ട പത്രിക
    (b) കടപ്പത്ര അക്കൗണ്ട്
    (c) സിങ്കിങ് ഫണ്ട് അക്കൗണ്ട്
15. കടപ്പത്രങ്ങൾ ഡിസ്കൗണ്ടിൽ പുറപ്പെടുവിക്കുകയും പ്രീമിയത്തിൽ വീണ്ടെടുക്കുകയും ചെയ്യുമ്പോൾ, താഴെ കൊടുത്തവയിൽ ഏത് അക്കൗണ്ടാണ് പുറപ്പെടുവിക്കൽ സമയത്ത് ഡെബിറ്റ് ചെയ്യുന്നത്.
    (a) കടപ്പത്ര അക്കൗണ്ട്
    (b) പ്രീമിയം ഓൺ റിഡംഷൻ ഓഫ് ഡിബഞ്ചർ അക്കൗണ്ട്
    (c) ലോസ് ഓൺ ഇഷ്യു ഓഫ് ഡിബഞ്ചർ അക്കൗണ്ട്

## അറിവ് പരിശോധിക്കാം - III

I. താഴെ കൊടുത്ത ഇടപാടുകളിൽ ഡെബിറ്റ് ചെയ്യേണ്ട അക്കൗണ്ടുകൾ ഏതെന്നു കണ്ടെത്തുക.

1. ഒരു ബിസിനസ് വാങ്ങുന്ന സമയത്ത് വിൽപ്പനക്കാരന് കടപ്പത്രങ്ങൾ നൽകുന്നു.
2. കടപ്പത്രങ്ങൾ വീണ്ടെടുക്കുവാൻ വേണ്ടി സിങ്കിങ് ഫണ്ട് രൂപീകരിക്കാൻ ഒരു തുക മാറ്റിവയ്ക്കുന്നു.
3. കടപ്പത്രങ്ങൾ വീണ്ടെടുത്തതിനുശേഷം കടപ്പത്ര വീണ്ടെടുക്കൽ കരുതൽ അക്കൗണ്ട് നീക്കിയിരിപ്പ്.
4. കമ്പനി സ്വന്തം കടപ്പത്രങ്ങൾ വാങ്ങുന്നു.
5. കടപ്പത്രങ്ങൾ പുറപ്പെടുവിച്ചപ്പോഴുള്ള ഡിസ്കൗണ്ട് എഴുതിത്തള്ളുന്നു.

II. താഴെ കൊടുത്തിട്ടുള്ള ഇടപാടുകളിൽ ക്രെഡിറ്റ് ചെയ്യേണ്ട അക്കൗണ്ടുകൾ ഏതെന്നു കണ്ടെത്തുക.

1. കടപ്പത്രങ്ങൾ ഡിസ്കൗണ്ടിൽ ഇറക്കുകയും മുഖവിലയ്ക്ക് വീണ്ടെടുക്കുകയും ചെയ്യുന്നു.
2. സിങ്കിങ് ഫണ്ട് ഇൻവെസ്റ്റ്മെന്റിന്മേലുള്ള പലിശ സിങ്കിങ് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നു.
3. കടപ്പത്രങ്ങൾ വീണ്ടെടുത്തതിനുശേഷം കടപ്പത്രവീണ്ടെടുക്കൽ കരുതൽ അക്കൗണ്ട് നീക്കിയിരിപ്പ്.
4. സിങ്കിങ് ഫണ്ട് ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട് വിൽക്കുമ്പോളുണ്ടാകുന്ന ലാഭം.
5. കടപ്പത്രങ്ങൾ പുറപ്പെടുവിക്കാനുണ്ടായ നഷ്ടം എഴുതിത്തള്ളുന്നു.

## സ്വയം ചെയ്യുക

1. ജി ലിമിറ്റഡിന്റെ ഒന്നിന് 100 രൂപ മുഖവിലയുള്ള 800 ലക്ഷം രൂപയുടെ 10% കടപ്പത്രങ്ങൾ 2017 മാർച്ച് 31 നു വീണ്ടെടുക്കൽ കാലാവധിയായി. ഡിബഞ്ചർ റിഡംഷൻ റിസർവ് 340 ലക്ഷം രൂപ നീക്കിയിരിപ്പുണ്ടെന്ന് അനുമാനിക്കുക. വീണ്ടെടുക്കൽ സമയത്ത് ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.
2. ആർ ലിമിറ്റഡ്, 2017 ജൂൺ 30 ന് 20 രൂപ വിലയുള്ള ഓഹരികളായി 2 പ്രീമിയം നിരക്കിൽ പരിവർത്തനത്തിലൂടെ വീണ്ടെടുക്കുന്ന 50 രൂപ വീതം വിലയുള്ള 88,00,000, 8% ഡിബഞ്ചറുകൾ 5% പ്രീമിയത്തിൽ 2014 ജൂലൈ 1 ന് പുറപ്പെടുവിച്ചു. കടപ്പത്രങ്ങൾ വീണ്ടെടുക്കുന്നതിനാവശ്യമായ എൻട്രികൾ എഴുതുക.

3. സി ലിമിറ്റഡിന് 2017 ഏപ്രിൽ 1 നു 200 രൂപ വീതം വിലയുള്ള 1100000, 10% ഡിബഞ്ചറുകൾ നീക്കിയിരിപ്പുണ്ട്. ഡയറക്ടർ ബോർഡ് 20% സ്വന്തം കടപ്പത്രങ്ങൾ റദ്ദാക്കുന്നതിനുവേണ്ടി 200 രൂപ നിരക്കിൽ വാങ്ങിക്കുവാൻ തീരുമാനിച്ചു. ഇതിനു ആവശ്യമായ എൻട്രികൾ രേഖപ്പെടുത്തുക.

4. 10 രൂപ വീതം മുഖവിലയ്ക്ക് പുറപ്പെടുവിച്ച 1000, 12% ഡിബഞ്ചറുകൾ താഴെ കൊടുത്ത സാഹചര്യങ്ങളിൽ വീണ്ടെടുക്കുമ്പോൾ ആവശ്യമായ ജേർണൽ എൻട്രികൾ കമ്പനിയുടെ ബുക്കിൽ രേഖപ്പെടുത്തുക.

   (a) കടപ്പത്രങ്ങൾ 100 രൂപ വീതം വിലയുള്ള 12% മുൻഗണന ഓഹരികളായി പരിവർത്തനം ചെയ്തു കൊണ്ട് മുഖവിലയ്ക്ക് വീണ്ടെടുക്കുന്നു.

   (b) ഡിബഞ്ചറുകൾ മുഖവിലയ്ക്ക് സാധാരണ ഓഹരികളായി പരിവർത്തനം ചെയ്തുകൊണ്ട് 10% പ്രീമിയത്തിൽ വീണ്ടെടുക്കുന്നു.

   (c) ഡിബഞ്ചറുകൾ 25% പ്രീമിയത്തിൽ ഇറക്കുന്ന ഇക്വിറ്റി ഷെയറുകളായി പരിവർത്തനം ചെയ്തുകൊണ്ട് 10% പ്രീമിയത്തിൽ വീണ്ടെടുക്കുന്നു.

5. ജനത ലിമിറ്റഡ് അതിന്റെ 88,00,000 രൂപയുടെ 6% കടപ്പത്രങ്ങൾ, 20 രൂപ വിലയുള്ള ഇക്വിറ്റി ഷെയറുകളായി 2 രൂപപ്രീമിയത്തിൽ 2017 മാർച്ച് 31 നു പരിവർത്തനം ചെയ്തു. ഡിബഞ്ചറുകളുടെ വീണ്ടെടുക്കലുമായി ബന്ധപ്പെട്ട ജേർണൽ എൻട്രികൾ കമ്പനിയുടെ ബുക്കിൽ രേഖപ്പെടുത്തുക.

6. അനിരുദ്ധ് ലിമിറ്റഡിന് 2017 മാർച്ച് 31 നു വീണ്ടെടുക്കാൻ കാലാവധിയെത്തുന്ന 100 രൂപ വീതം മുഖവിലയുള്ള 4000, 8% കടപ്പത്രങ്ങളുണ്ട്. കമ്പനിക്ക് ആ ദിവസം 50,000 രൂപയുടെ ഡിബഞ്ചർ റിഡംഷൻ റിസർവുണ്ട്. പലിശയൊന്നും കാലാവധിയായിട്ടില്ല എന്ന അനുമാനത്തിൽ ഡിബഞ്ചർ വീണ്ടെടുക്കൽ സമയത്ത് ആവശ്യമായ ജേർണൽ എൻട്രികൾ കമ്പനിയുടെ ബുക്കിൽ രേഖപ്പെടുത്തുക.

***നിർധാരണം 31***

2016 ഏപ്രിൽ 1 നു ഒരു കമ്പനിയുടെ ബുക്കിൽ താഴെ കൊടുത്തിരിക്കുന്ന നീക്കിയിരിപ്പുകൾ കാണുന്നു:

| | |
|---|---|
| 12% ഡിബഞ്ചേഴ്സ് | 4,00,000 രൂപ |
| 12% ഡിബഞ്ചേഴ്സ് സിങ്കിങ് ഫണ്ട് | 3,00,000 രൂപ |
| 12% ഡിബഞ്ചേഴ്സ് സിങ്കിങ് ഫണ്ട് ഇൻവെസ്റ്റ്മെന്റ് | 3,00,000 രൂപ |

(ഇന്ത്യ ഗവൺമെന്റിന്റെ 4,00,000 രൂപയുടെ 10% സെക്യൂർഡ് ബോണ്ട് പ്രതിനിധികരിക്കുന്നു.)

സിങ്കിങ് ഫണ്ടിലേക്കുള്ള വാർഷിക വിഹിതമായ 60,000 രൂപ എല്ലാ വർഷവും മാർച്ച് 31

നു അടയ്ക്കുന്നു. ഡിബഞ്ചർ സിങ്കിങ് ഫണ്ട് ഇൻവെസ്റ്റ്മെന്റിന്റെ പലിശ ലഭിച്ചതിനുശേഷം 2017 മാർച്ച് 31 നു ബാങ്ക് നീക്കിയിരിപ്പ് 3,00,000 രൂപയാണ്. കമ്പനി 18% നഷ്ടത്തിൽ ഇൻവെസ്റ്റ്മെന്റ് വിറ്റുകൊണ്ട് ഡിബഞ്ചറുകൾ കൊടുത്തു തീർത്തു. 2016–17 വർഷത്തേക്കുള്ള താഴെ പറയുന്ന അക്കൗണ്ടുകൾ തയാറാക്കുക.

(i) ഡിബഞ്ചേഴ്സ് അക്കൗണ്ട്

(ii) ഡിബഞ്ചർ സിങ്കിങ് ഫണ്ട് അക്കൗണ്ട്

(iii) ഡിബഞ്ചർ സിങ്കിങ് ഫണ്ട് ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട്

(iv) ബാങ്ക് അക്കൗണ്ട്

***ഉത്തരം :***

**12% ഡിബഞ്ചേഴ്സ് അക്കൗണ്ട്**

*Dr.* *Cr.*

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| 2017 മാർച്ച് 31 | ബാങ്ക് | | 4,00,000 | 2016 ഏപ്രിൽ 01 | ബാലൻസ് b/d | | 4,00,000 |
| | | | **4,00,000** | | | | **4,00,000** |

**12% ഡിബഞ്ചർ സിങ്കിങ് ഫണ്ട് അക്കൗണ്ട്**

*Dr.* *Cr.*

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| 2017 മാർച്ച് 31 | ജനറൽ റിസർവ് | | 4,28,000 | 2016 ഏപ്രിൽ 01 | ബാലൻസ് b/d | | 3,00,000 |
| | | | | 2017 മാർച്ച് 31 | സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് | | 60,000 |
| | | | | മാർച്ച് 31 | ഇന്ററസ്റ്റ് ഓൺ ഡിബഞ്ചർ സിങ്കിങ് ഫണ്ട് ഇൻവെസ്റ്റ്മെന്റ് | | 40,000 |
| | | | | മാർച്ച് 31 | സിങ്കിങ് ഫണ്ട് ഇൻവെസ്റ്റ്മെന്റ് | | 28,000 |
| | | | **4,28,000** | | | | **4,28,000** |

### 12% ഡിബഞ്ചർ സിങ്കിങ് ഫണ്ട് ഇൻവെസ്റ്റ് അക്കൗണ്ട്

*Dr.* *Cr.*

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| 2016 എപ്രിൽ01 | ബാലൻസ് b/d | | 3,00,000 | 2017 മാർച്ച്31 | ബാങ്ക് | | 3,28,000 |
| 2017 മാർച്ച്31 | ഡിബഞ്ചർ സിങ്കിങ് ഫണ്ട് | | 28,000 | | | | |
| | | | **3,28,000** | | | | **3,28,000** |

### ബാങ്ക് അക്കൗണ്ട്

*Dr.* *Cr.*

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| 2016 എപ്രിൽ01 | ബാലൻസ് b/d (4,00,000 രൂപയുടെ 10% പലിശ ഉൾപ്പെടെ) | | 3,00,000 | 2017 മാർച്ച്31 | 12% ഡിബഞ്ചർ | | 4,00,000 |
| | | | | | ബാലൻസ് c/d | | 2,28,000 |
| 2017 മാർച്ച്31 | 12% ഡിബഞ്ചർ സിങ്കിങ് ഫണ്ട് ഇൻവെസ്റ്റ്മെന്റ് | | 3,28,000 | | | | |
| | | | **6,28,000** | | | | **6,28,000** |

***നിർധാരണം 32***

2017 മാർച്ച് 31 നു ഒരു കമ്പനിയുടെ ബുക്കിൽ താഴെ കൊടുത്തിരിക്കുന്ന നീക്കിയിരിപ്പുകൾ നിലനിൽക്കുന്നു.

| | |
|---|---|
| 12% ഡിബഞ്ചേഴ്സ് | ₹ 10,00,000 |
| ഡിബഞ്ചർ റിഡംഷൻ ഫണ്ട് | ₹ 10,00,360 |

ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് പ്രതിനിധികരിക്കുന്നത്:

| | |
|---|---|
| 4,00,000 രൂപ മുഖവിലയിൽ 9% വായ്പ നൽകിയത് | ₹ 3,80,000 |
| 7,00,000 രൂപ മുഖവിലയുള്ള 8% ഗവ. പേപ്പറിൽ നിക്ഷേപിച്ചത് | ₹ 6,20,360 |

മേൽപ്പറഞ്ഞ രീതിയിൽ 9% വായ്പ മുഖവിലയ്ക്കും 8% ഗവ. പേപ്പർ മുഖവിലയുടെ 90% ത്തിനും വിറ്റു. തുടർന്ന് നിർദേശാനുസരണം കടപ്പത്രങ്ങൾ വീണ്ടെടുത്തു. ആവശ്യമായ ലഡ്ജർ അക്കൗണ്ടുകൾ കാണിക്കുക.

**ഉത്തരം:**

**12% ബാങ്ക് അക്കൗണ്ട്**

*Dr.* *Cr.*

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| 2017 മാർച്ച് 31 | ബാങ്ക് | | 10,00,000 | 2017 മാർച്ച് 31 | ബാലൻസ് b/d | | 10,00,000 |
| | | | **10,00,000** | | | | **10,00,000** |

**ഡിബഞ്ചർ റിഡംഷൻ ഫണ്ട് അക്കൗണ്ട്**

*Dr.* *Cr.*

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| 2017 മാർച്ച് 31 | ജനറൽ റിസർവ് | | 10,30,000 | 2017 മാർച്ച് 31 | ബാലൻസ് b/d | | 10,00,360 |
| | | | | | ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് | | 29,640 |
| | | | **10,30,000** | | | | **10,30,000** |

**ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട്**

*Dr.* *Cr.*

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| 2017 | ബാലൻസ് b/d | | | 2017 | ബാങ്ക് (9% ലോൺ) | | 4,00,000 |
| മാർച്ച് 31 | 9% ലോൺ | | 3,80,000 | മാർച്ച് 31 | ബാങ്ക് | | 6,30,000 |
| മാർച്ച് 31 | 8% ഗവ. പേപ്പർ | | 6,20,360 | മാർച്ച് 31 | (8% ഗവ. പേപ്പർ) | | |
| മാർച്ച് 31 | ഡിബഞ്ചർ റിഡംഷൻ ഫണ്ട് | | 29,640 | | | | |
| | | | **10,30,000** | | | | **10,30,000** |

**ബാങ്ക് അക്കൗണ്ട്**

*Dr.* *Cr.*

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (രൂപ) | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക (രൂപ) |
|---|---|---|---|---|---|---|---|
| 2017 മാർച്ച് 31 | ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ്: | | | 2017 മാർച്ച് 31 | 12% ഡിബഞ്ചർ | | 10,00,000 |
| | 9% ലോൺ | | 4,00,000 | | ബാലൻസ് c/d | | 30,000 |
| | 8% ഗവ. പേപ്പർ | | 6,30,000 | | | | |
| | | | **10,30,000** | | | | **10,30,000** |

കുറിപ്പ്: ബാങ്ക് നീക്കിയിരിപ്പ് ചോദ്യത്തിൽ നൽകിയിട്ടില്ല.

### സ്വയം ചെയ്യുക

1. എക്സ് ലിമിറ്റഡ്, 100 രൂപ വീതം വിലയുള്ള 8,000, 10% ഡിബഞ്ചറുകൾ 5% പ്രീമിയത്തിൽ 2017 ഏപ്രിൽ 1 നു വീണ്ടെടുക്കുവാൻ തീരുമാനിച്ചു. കമ്പനിക്ക് അതിന്റെ സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് ആൻഡ് ലോസിൽ 9,00,000 രൂപ മിച്ചമുണ്ട്. കമ്പനി എല്ലാ വർഷവും അതിന്റെ അക്കൗണ്ടുകൾ തീർപ്പാക്കുന്നത് ഡിസംബർ 31 നാണ്. മുകളിൽ പറഞ്ഞ ഡിബഞ്ചറുകൾ വീണ്ടെടുക്കുവാൻ കമ്പനി ഏതെല്ലാം ജേർണൽ എൻട്രിയാണ് രേഖപ്പെടുത്തേണ്ടത്?

2. ജി ലിമിറ്റഡ് 2017 ജൂലൈ 1 നു വീണ്ടെടുക്കേണ്ട 100 രൂപ വീതം മുഖവിലയുള്ള 5,00,000, 12% ഡിബഞ്ചറുകൾ 2013 ഏപ്രിൽ 1 നു പുറപ്പെടുവിച്ചു. കമ്പനിക്ക് 6,00,000 ഡിബഞ്ചറുകൾക്ക് അപേക്ഷകൾ ലഭിച്ചു. എല്ലാ അപേക്ഷകർക്കും ആനുപാതിക വിതരണ അടിസ്ഥാനത്തിൽ കടപ്പത്രങ്ങൾ അനുവദിച്ചു. കാലാവധി ദിവസം ഡിബഞ്ചറുകൾ വീണ്ടെടുത്തു. വീണ്ടെടുക്കൽ നടത്തുന്നതിനുമുമ്പായി എത്ര തുകയുടെ ഡിബഞ്ചർ റിഡംഷൻ റിസർവാണ് വേണ്ടി വരുന്നത്? ഡിബഞ്ചറുകളുടെ പുറപ്പെടുവിക്കലും വീണ്ടെടുക്കലുമായി ബന്ധപ്പെട്ട ആവശ്യമായ ജേർണൽ എൻട്രികൾ കൂടി രേഖപ്പെടുത്തുക. സ്രോതസ്സിൽ നിന്ന് നികുതി കുറച്ചത് പരിഗണിക്കേണ്ടതില്ല.

### പാഠഭാഗത്തെ മുഖ്യപദങ്ങൾ

1. കടപ്പത്രങ്ങൾ (Debenture)
2. ബോണ്ട് (Bond)
3. പണയ കടപ്പത്രങ്ങൾ (Mortgaged Debenture)
4. ശാശ്വത കടപ്പത്രങ്ങൾ (Perpetual Debenture)
5. നിരക്കുരഹിത കടപ്പത്രങ്ങൾ (Zero Coupon Rate Debenture)
6. നിശ്ചിത കൂപ്പൺ നിരക്ക് കടപ്പത്രങ്ങൾ (Specific Coupon Rate Debenture)
7. രജിസ്റ്റർ ചെയ്ത കടപ്പത്രങ്ങൾ (Registered Debenture)
8. വാഹക കടപ്പത്രങ്ങൾ (Bearer Debenture)
9. അവകാശം ചുമത്തൽ (Charge)
10. സ്ഥിരമായ അവകാശം ചുമത്തൽ (Fixed Charge)
11. അസ്ഥിരമായ അവകാശം ചുമത്തൽ (Floating Charge)
12. ആദ്യ അവകാശം ചുമത്തൽ (First Charge)
13. കാലാവധി തീയതി (Maturtiy Date)
14. മുതൽ (Principal)
15. കടപ്പത്രം പുറപ്പെടുവിച്ചതിന്റെ ഡിസ്കൗണ്ട്/നഷ്ടം (Discount/Loss on Issue of Debenture)
16. വാങ്ങൽ പ്രതിഫലം (Purchase Consideration)
17. കടപ്പത്രങ്ങൾ വീണ്ടെടുക്കൽ (Redemption of Debenture)
18. നറുക്കെടുപ്പ് (Draw of Lots)
19. സ്വന്തം കടപ്പത്രങ്ങൾ (Own Debentures)
20. മൂലധനം ഉപയോഗിച്ചുള്ള വീണ്ടെടുക്കൽ (Redemption out of Capital)
21. ലാഭം ഉപയോഗിച്ചുള്ള വീണ്ടെടുക്കൽ (Redemption out of Profit)
22. പരിവർത്തനപ്പെടുത്താവുന്ന കടപ്പത്രങ്ങളുടെ വീണ്ടെടുക്കൽ (Redemption of Convertible Debentures)
23. ഡിബഞ്ചർ സിങ്കിങ് ഫണ്ട് (Debenture Sinking Fund)
24. അധിക ജാമ്യം (Collateral Securtiy)
25. രണ്ടാമത്തെ അവകാശം ചുമത്തൽ (Second Charge)
26. വിപണിയിൽ നിന്ന് കടപ്പത്രങ്ങൾ വാങ്ങൽ (Purchase of Debenture from Open Market)

## പഠനനേട്ടങ്ങൾ അടിസ്ഥാനമാക്കിയുള്ള സംഗ്രഹം

**കടപ്പത്രം (Debenture):** കമ്പനി കടം വാങ്ങിയതിനുള്ള തെളിവായി നൽകുന്ന ഒരു പ്രമാണമാണ് കടപ്പത്രം. ഇത് പൊതുജനങ്ങളിൽ നിന്ന് കമ്പനി സ്വരൂപിക്കുന്ന വായ്പാമൂലധനമാണ്. ഇത്തരം എഴുതപ്പെട്ട പത്രിക കൈവശം വയ്ക്കുന്ന വ്യക്തിയെ കടപ്പത്രകൈവശക്കാരൻ ('debenture holder') എന്ന് വിളിക്കുന്നു.

**ബോണ്ട് (Bond):** ഉള്ളടക്കത്തിലും മട്ടിലും കടപ്പത്രങ്ങൾക്ക് സമാനമാണ് ബോണ്ടുകൾ. പുറപ്പെടുവിക്കുന്ന നിബന്ധനകളുടെ കാര്യത്തിൽ മാത്രമാണ് അവ തമ്മിൽ വ്യത്യാസമുള്ളത്. ഡീപ് ഡിസ്കൗണ്ട് ബോണ്ടുകളെപ്പോലെ (deep discount bonds) ബോണ്ടുകൾ മുൻകൂർ തീരുമാനിച്ച പലിശ നിരക്കിനല്ലാതെയും പുറപ്പെടുവിക്കാം.

**അവകാശം ചുമത്തൽ (Charge):** കമ്പനി ഒന്നാം ഈടായോ രണ്ടാം ഈടായോ പണയമായി നൽകിയിട്ടുള്ള ചില ആസ്തികളുടെ മേൽ വിശ്വാസപ്രമാണത്തിന്റെ അടിസ്ഥാനത്തിൽ ഉള്ള കരാർ നടപ്പിലാക്കാനുള്ള ബാധ്യതയാണ് ചാർജ്. ഒന്നാം ചാർജ് വായ്പ തിരിച്ചടവ് മുൻഗണനയെ സൂചിപ്പിക്കുന്നു. നിശ്ചിത ആസ്തിയിൽ ഒന്നാം ചാർജ് ഉള്ളവർ അവർക്ക് കിട്ടാനുള്ളതുക ആ ആസ്തി വിറ്റു കിട്ടുന്ന അറ്റ വിലയിൽ നിന്നാണ് ഈടാക്കുന്നത്. ഒന്നാം ഈടായി നൽകിയിട്ടുള്ള അത്തരം ആസ്തികളിൽ നിന്ന് കിട്ടുന്ന അധികത്തുക രണ്ടാം ചാർജ് ഉള്ളവരുടെ അവകാശം തീർക്കാനായി വിനിയോഗിക്കാം.

**വിവിധ തരം കടപ്പത്രങ്ങൾ (Types of Debentures):** ഈടുള്ള കടപ്പത്രങ്ങളും ഈടില്ലാത്ത കടപ്പത്രങ്ങളും, വീണ്ടെടുക്കാവുന്ന കടപ്പത്രങ്ങളും വീണ്ടെടുക്കാനാവാത്ത കടപ്പത്രങ്ങളും, പരിവർത്തനപ്പെടുത്താവുന്ന കടപ്പത്രങ്ങളും പരിവർത്തനപ്പെടുത്താനാകാത്ത കടപ്പത്രങ്ങളും, നിർദിഷ്ട കൂപ്പൺ നിരക്ക് കടപ്പത്രങ്ങളും നിരക്കുരഹിത കടപ്പത്രങ്ങളും, രജിസ്റ്റേർഡ് കടപ്പത്രങ്ങളും വാഹക കടപ്പത്രങ്ങളും.

**കടപ്പത്രങ്ങൾ പുറപ്പെടുവിക്കൽ (Issue of Debenture):** കടപ്പത്രങ്ങൾ അവയുടെ യഥാർഥ വിലയ്ക്കാണ് പുറപ്പെടുവിക്കുന്നതെങ്കിൽ അതിനെ മുഖവിലയ്ക്കുള്ള വിതരണം (issue at par) എന്ന് പറയുന്നു. ഒരു കടപ്പത്രം അതിന്റെ മുഖവില/യഥാർഥ വിലയെക്കാൾ കൂടിയവിലയ്ക്ക് പുറപ്പെടുവിക്കുന്നതിനെയാണ് പ്രീമിയത്തിന് പുറപ്പെടുവിക്കൽ എന്ന് പറയുന്നത്. ഒരു കടപ്പത്രം അതിന്റെ മുഖവില/യഥാർഥ വിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് നൽകുന്നതിനെയാണ് കിഴിവിന് പുറപ്പെടുവിക്കൽ എന്ന് പറയുന്നത്. പ്രീമിയം തുക 'സെക്യൂരിറ്റീസ് പ്രീമിയം റിസർവ് അക്കൗണ്ടിൽ' (Securities Premium Reserve account) ക്രെഡിറ്റ് ചെയ്യണം. കടപ്പത്രം വിതരണം ചെയ്യുന്ന സമയത്ത് നൽകുന്ന കിഴിവ്, ലോസ്/ഡിസ്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചേഴ്സ് അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യുകയും പല വർഷങ്ങളിലായി എഴുതിത്തള്ളുകയും വേണം.

**പണമല്ലാതെയുള്ള പ്രതിഫലത്തിന് കടപ്പത്രങ്ങൾ വിതരണം ചെയ്യൽ (Issue of Debentures for Consideration other than Cash):** ചില സമയങ്ങളിൽ വെണ്ടർമാർക്കോ, നിർമ്മാണാവകാശം, പകർപ്പവകാശം എന്നിവ നൽകിയവർക്കോ ബൗദ്ധിക സ്വത്തവകാശം

കൈമാറിയവർക്കോ മുൻഗണന നൽകി പണത്തിനല്ലാതെ കടപ്പത്രങ്ങൾ കൊടുക്കാറുണ്ട്. ഇതിനെയാണ് പണമല്ലാതെയുള്ള പ്രതിഫലത്തിന് കടപ്പത്രങ്ങൾ വിതരണം ചെയ്യൽ എന്ന് പറയുന്നത്.

**വാങ്ങൽ പ്രതിഫലം (Purchase Consideration):** ആസ്തികൾ വാങ്ങിയ കമ്പനി വിറ്റ കമ്പനിക്കോ ബിസിനസ് സ്ഥാപനത്തിനോ നൽകുന്ന പ്രതിഫലമാണ് വാങ്ങൽ പ്രതിഫലം.

**അധിക ജാമ്യം (Collateral Securtiy):** പ്രാഥമ ജാമ്യത്തിന് പുറമെ കൊടുക്കുന്ന ഏതൊരു ജാമ്യത്തെയും അധിക ജാമ്യം എന്ന് വിളിക്കാം.

**കടപ്പത്രങ്ങളുടെ വീണ്ടെടുക്കൽ (Redemption of Debenture):** കടപ്പത്രങ്ങളിലോ ബോണ്ടുകളിലോ ഉള്ള ബാധ്യതകൾ കൊടുത്തുതീർക്കുക എന്നാണ് കടപ്പത്രങ്ങളുടെ വീണ്ടെടുക്കൽ കൊണ്ട് അർഥമാക്കുന്നത്. സാധാരണയായി, കടപ്പത്രങ്ങളുടെ വീണ്ടെടുക്കൽ നടക്കുന്നത് പുറപ്പെടുവിക്കൽ നിബന്ധനകൾ അനുസരിച്ച് കടപ്പത്രത്തിന്റെ കാലാവധി പൂർത്തിയാകുമ്പോഴാണ്.

## *പരിശീലന ചോദ്യങ്ങൾ*

**ഹ്രസ്വോത്തര ചോദ്യങ്ങൾ**

1. കടപ്പത്രങ്ങൾ എന്നാൽ എന്ത്?
2. വാഹക കടപ്പത്രങ്ങൾ എന്നാൽ എന്താണ്?
3. അധിക ജാമ്യമായി കടപ്പത്രങ്ങൾ പുറപ്പെടുവിക്കൽ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
4. പണമല്ലാതെയുള്ള പ്രതിഫലത്തിന് കടപ്പത്രങ്ങൾ പുറപ്പെടുവിക്കൽ എന്നാൽ എന്ത്?
5. കടപ്പത്രങ്ങൾ കിഴിവിന് പുറപ്പെടുവിച്ച് പ്രീമിയത്തിന് വീണ്ടെടുക്കൽ എന്നാൽ എന്ത്?
6. മൂലധന കരുതൽനിധി എന്നാൽ എന്ത്?
7. വീണ്ടെടുക്കാനാവാത്ത കടപ്പത്രങ്ങൾ എന്നാൽ എന്ത്?
8. പരിവർത്തനപ്പെടുത്താവുന്ന കടപ്പത്രങ്ങൾ എന്നാൽ എന്ത്?
9. പണയകടപ്പത്രങ്ങൾ എന്നാൽ എന്ത്?
10. കടപ്പത്രങ്ങൾ കിഴിവിന് പുറപ്പെടുവിക്കുക എന്നത് കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
11. 'കടപ്പത്രം വീണ്ടെടുക്കൽ പ്രീമിയം' എന്നാൽ എന്ത്?
12. ഓഹരികളിൽ നിന്ന് കടപ്പത്രങ്ങൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? രണ്ടു വ്യത്യാസങ്ങൾ എഴുതുക.
13. കമ്പനിയുടെ ബാക്കിപത്രത്തിൽ 'ഡിസ്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചേഴ്സ്' ഏത് തലക്കെട്ടിൽ കാണിക്കും?

14. കടപ്പത്രങ്ങളുടെ വീണ്ടെടുക്കൽ എന്നാൽ എന്ത്?
15. കമ്പനിക്ക് സ്വന്തം കടപ്പത്രങ്ങൾ തിരികെ വാങ്ങുവാൻ സാധിക്കുമോ?
16. പരിവർത്തനത്തിലൂടെ കടപ്പത്രം വീണ്ടെടുക്കൽ എന്നത് കൊണ്ട് അർത്ഥമാക്കുന്നത് എന്താണ്?
17. 'കടപ്പത്രം വീണ്ടെടുക്കൽ പ്രീമിയം' എങ്ങനെ കൈകാര്യം ചെയ്യും?
18. 'മൂലധനം ഉപയോഗിച്ച് കടപ്പത്രങ്ങൾ വീണ്ടെടുക്കൽ' എന്നാൽ എന്ത്?
19. പൊതു വിപണിയിൽ നിന്ന് കടപ്പത്രങ്ങൾ വാങ്ങിയുള്ള വീണ്ടെടുക്കൽ എന്നാൽ എന്താണ്?
20. 'ഡിബഞ്ചർ റിഡംപ്ഷൻ റിസർവ്' ബാക്കിപത്രത്തിലെ ഏത് തലക്കെട്ടിൽ കാണിക്കും?

**ദീർഘോത്തര ചോദ്യങ്ങൾ**

1. വിവിധ തരം കടപ്പത്രങ്ങളെക്കുറിച്ച് വിശദീകരിക്കുക.
2. ഓഹരിയും കടപ്പത്രവും തമ്മിലുള്ള വ്യത്യാസമെന്ത്? എന്തുകൊണ്ടാണ് കടപ്പത്രത്തെ വായ്പാമൂലധനം എന്ന് വിളിക്കുന്നത്? വിശദീകരിക്കുക.
3. അധിക ജാമ്യമായി കടപ്പത്രം പുറപ്പെടുവിക്കലിന്റെ അർത്ഥം വിശദമാക്കുക. ഇങ്ങനെ കടപ്പത്രം പുറപ്പെടുവിക്കുന്നത് എങ്ങനെയാണ് അക്കൗണ്ട് ബുക്കിൽ രേഖപ്പെടുത്തുന്നത്.
4. 'കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നതിന് നൽകിയ കിഴിവ്' അക്കൗണ്ട് ബുക്കിൽ എങ്ങനെ രേഖപ്പെടുത്തും. കടപ്പത്രങ്ങൾ ഗഡുക്കളായി വീണ്ടെടുക്കുമ്പോൾ 'ഡിസ്കൗണ്ട് ഇൻ ഇഷ്യൂ ഓഫ് ഡിബഞ്ചേഴ്സ്' എങ്ങനയാണ് അക്കൗണ്ട് ബുക്കിൽ രേഖപ്പെടുത്തുന്നത്.
5. കടപ്പത്രങ്ങളുടെ വീണ്ടെടുക്കലുമായി ബന്ധപ്പെട്ട വ്യത്യസ്ത സാഹചര്യങ്ങൾ വിശദീകരിക്കുക.
6. കടപ്പത്രങ്ങൾ വീണ്ടെടുക്കുതിന് മൂലധനവും ലാഭവും ഉപയോഗിക്കുന്നത് തമ്മിലുള്ള വ്യത്യാസങ്ങൾ വിശദമാക്കുക.
7. 'കടപ്പത്രം വീണ്ടെടുക്കൽ കരുതൽധനം' രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സെബിയുടെ മാർഗനിർദേശങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുക.
8. കടപ്പത്രങ്ങൾ വീണ്ടെടുക്കുന്നതിന് സിങ്കിങ്ങ് ഫണ്ട് (sinking fund) രൂപീകരിക്കുന്ന വിധം ക്രമമായി വിശദീകരിക്കുക.
9. കമ്പനിക്ക് സ്വന്തം കടപ്പത്രങ്ങൾ പൊതുവിപണിയിൽ നിന്ന് തിരികെ വാങ്ങുവാൻ സാധിക്കുമോ? വിശദീകരിക്കുക.
10. കടപ്പത്രങ്ങളുടെ പരിവർത്തനം എന്നാൽ എന്ത്? ഇത്തരം പരിവർത്തനത്തിനുള്ള രീതികൾ വിശദമാക്കുക.

**സംഖ്യാപരമായ ചോദ്യങ്ങൾ**

1. ജീവൻ ലിമിറ്റഡ് 50 രൂപ വീതം മുഖവിലയുള്ള 75,00,000, 6% കടപ്പത്രങ്ങൾ പുറപ്പെടുവിക്കുവാൻ തീരുമാനിച്ചു. അപേക്ഷിക്കുമ്പോൾ 15 രൂപയും അനുവദിക്കുമ്പോൾ 35 രൂപയും വീതം അടയ്ക്കണം. കടപ്പത്രം 7 വർഷം കഴിയുമ്പോൾ മുഖവിലയ്ക്ക് വീണ്ടെടുക്കുന്നതാണ്. കമ്പനിയുടെ ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തൽ നടത്തുക.

2. വൈഗ ലിമിറ്റഡ് 100 രൂപ വീതം മുഖവിലയുള്ള 2,000, 6% കടപ്പത്രങ്ങൾ പുറപ്പെടുവിക്കുവാൻ തീരുമാനിച്ചു. അപേക്ഷത്തുക 25 രൂപയും അനുവദിക്കുമ്പോൾ 50 രൂപയും വിളിയടവ് തുക 25 രൂപയും വീതം സമാഹരിക്കണം. കമ്പനിയുടെ ബുക്കിൽ ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

3. എമറാൾഡ് ലിമിറ്റഡ് 100 രൂപ വീതം മുഖവിലയുള്ള 10,000, 10% കടപ്പത്രങ്ങൾ 5% പ്രീമിയത്തിന് പുറപ്പെടുവിക്കുവാൻ തീരുമാനിച്ചു. തുക സമാഹരിക്കുന്ന വിധം ചുവടെ ചേർക്കുന്നു.

   അപേക്ഷിക്കുമ്പോൾ 10 രൂപ വീതം

   അനുവദിക്കുമ്പോൾ (പ്രീമിയം ഉൾപ്പടെ) 20 രൂപ വീതം

   ബാക്കി തുക ഒന്നാം വിളിയടവ് ഇനത്തിൽ

   ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

4. എ ലിമിറ്റഡ് 50 രൂപ വീതം മുഖവിലയുള്ള 90,00,000, 9% കടപ്പത്രങ്ങൾ 8% വിലക്കുറവിൽ പുറപ്പെടുവിച്ച് 9 വർഷം കഴിയുമ്പോൾ മുഖവിലയ്ക്ക് വീണ്ടെടുക്കുവാൻ തീരുമാനിച്ചു. കമ്പനിയുടെ ബുക്കിൽ ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

5. ആനന്ദ് ലിമിറ്റഡ് 100 രൂപ വീതം വിലയുള്ള 4,000, 9% കടപ്പത്രങ്ങൾ താഴെപ്പറയുന്ന നിബന്ധനകൾ അനുസരിച്ച് പുറപ്പെടുവിച്ചു.

   | | |
   |---|---|
   | അപേക്ഷയോടൊപ്പം | 20 രൂപ; |
   | അനുവദിക്കുമ്പോൾ | 20 രൂപ; |
   | ആദ്യ വിളിയടവ് | 30 രൂപ |
   | അവസാന വിളിയടവ് | 30 രൂപ. |

   പൊതുജനങ്ങൾ 4,800 കടപ്പത്രങ്ങൾക്ക് അപേക്ഷ സമർപ്പിച്ചു. 3,600 കടപ്പത്രങ്ങളുടെ അപേക്ഷ പൂർണമായി സ്വീകരിച്ചു. 800 കടപ്പത്രങ്ങൾക്ക് അപേക്ഷിച്ചവർക്ക് 400 കടപ്പത്രങ്ങൾ നൽകി. 400 കടപ്പത്രങ്ങളുടെ അപേക്ഷ നിരസിച്ചു. കമ്പനിയുടെ ബുക്കിൽ ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

6. 2014 ജൂൺ 30 ന് ടീന ലിമിറ്റഡ് 500 രൂപ വീതം മുഖവിലയുള്ള 2,00,000, 8% കടപ്പത്രങ്ങൾ

10% പ്രീമിയത്തിന് പുറപ്പെടുവിക്കാൻ തീരുമാനിച്ചു. അപേക്ഷയോടൊപ്പം (പ്രീമിയം ഉൾപ്പെടെ) 200 രൂപയും ബാക്കി തുക കടപ്പത്രം അനുവദിക്കുമ്പോഴും അടയ്ക്കണം. 8 വർഷം കഴിയുമ്പോൾ കടപ്പത്രം വീണ്ടെടുക്കും. 3,00,000 കടപ്പത്രങ്ങൾക്ക് അപേക്ഷ ലഭിക്കുകയും ആനുപാതികമായി കടപ്പത്രം അനുവദിക്കുകയും ചെയ്തു. അപേക്ഷ യോടൊപ്പവും അനുവദിക്കുമ്പോഴും കിട്ടേണ്ട മുഴുവൻ തുകയും കിട്ടി. കടപ്പത്രങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ട ജേർണൽ എൻട്രികൾ എഴുതുക.

7. എക്സ് ലിമിറ്റഡ്, 100 രൂപ മുഖവിലയുള്ള 10,000, 14% കടപ്പത്രങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. കടപ്പത്രത്തിന് അപേക്ഷിക്കുമ്പോൾ 20 രൂപയും അനുവദിക്കുമ്പോൾ 60 രൂപയും ബാക്കി തുക വിളിക്കുമ്പോഴുമാണ് അടയ്ക്കേണ്ടത്. പൊതുജനങ്ങളിൽ നിന്ന് 13,500 കടപ്പത്രങ്ങൾക്കുള്ള അപേക്ഷ കിട്ടി.

   8,000 കടപ്പത്ര അപേക്ഷകൾ പൂർണമായി സ്വീകരിച്ചു. 5,000 കടപ്പത്രങ്ങൾക്ക് അപേ ക്ഷിച്ചവർക്ക് അപേക്ഷയുടെ 40% കടപ്പത്രങ്ങൾ നൽകി. ബാക്കിയുള്ള അപേക്ഷകൾ നിരസിച്ചു. ഭാഗികമായി അനുവദിച്ച കടപ്പത്രങ്ങളുടെ അധിക അപേക്ഷത്തുക അനുവദിക്കൽ പണത്തിൽ വകയിരുത്തി. മുഴുവൻ തുകയും കൃത്യമായി ലഭിച്ചു. ഇടപാടുകളുടെ ജേർണൽ എൻട്രി എഴുതുക.

8. രേഖ ലിമിറ്റഡ് 200 രൂപ മുഖവിലയുള്ള 20,00,000, 10% കടപ്പത്രങ്ങൾ 7% വിലക്കുറവിൽ പുറപ്പെടുവിച്ച് 9 വർഷത്തിന് ശേഷം 8% പ്രീമിയത്തിന് വീണ്ടെടുക്കുവാൻ തീരുമാ നിച്ചു. രേഖ ലിമിറ്റഡിന്റെ ബുക്കിൽ ആവശ്യമായ എൻട്രികൾ എഴുതുക.

9. സരയു ലിമിറ്റഡ്, നവീന ലിമിറ്റഡിന്റെ 9,00,00,000 രൂപ വില വരുന്ന ആസ്തികളും 70,00,000 രൂപയുടെ ബാധ്യതകളും ഏറ്റെടുത്തു. പ്രതിഫലമായി 100 രൂപ മുഖവിലയുള്ള 8% കടപ്പത്രങ്ങൾ നൽകി. സരയു ലിമിറ്റഡിന്റെ ബുക്കിൽ ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

10. ബി ലിമിറ്റഡ്, മോഹൻ ബ്രദേഴ്സിൽ നിന്ന് 4,00,000 രൂപ ബുക്കുവില വരുന്ന ആസ്തി കൾ വാങ്ങുകയും 50,000 രൂപയുടെ ബാധ്യതകൾ ഏറ്റെടുക്കുകയും ചെയ്തു. പ്രതി ഫലമായി 3,80,000 രൂപയുടെ 100 രൂപ മുഖവിലയുള്ള കടപ്പത്രങ്ങൾ നൽകാൻ ധാര ണയായി. താഴെപ്പറയുന്ന സാഹചര്യങ്ങളിൽ ബി ലിമിറ്റഡിന്റെ ബുക്കിൽ ഏതെല്ലാം ജേർണൽ എൻട്രികൾ എഴുതണം. കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നത് :

    (a) മുഖവിലയ്ക്കാണെങ്കിൽ (b) 10% കിഴിവിനാണെങ്കിൽ

    (c) 10% പ്രീമിയത്തിനാണെങ്കിൽ ഭാഗികമായി വരുന്ന കടപ്പത്രത്തിന് പണം നൽകാ നും ധാരണയായി. ബി ലിമിറ്റഡിന്റെ ബുക്കിൽ ആവശ്യമായ ജേർണൽ എൻട്രി കൾ എഴുതുക.

    (കുറിപ്പ് : ഗുഡ്‌വിൽ 30,000 രൂപ)

11. എക്സ് ലിമിറ്റഡ്, വൈ ലിമിറ്റഡിൽ നിന്ന് ഒരു മെഷിണറി വാങ്ങുകയും പ്രതിഫല മായി 4,40,000 രൂപയുടെ 100 രൂപ മുഖവിലയുള്ള കടപ്പത്രങ്ങൾ കടപ്പത്രമൊന്നിന് 10

രൂപ പ്രീമിയത്തിന് നൽകാൻ തീരുമാനിക്കുകയും ചെയ്തു. ഇടപാടുകളുടെ ജേർണൽ എൻട്രികൾ എഴുതുക.

12. എലൈറ്റ് ലിമിറ്റഡ്, 100 രൂപ മുഖവിലയുള്ള 15,000, 10% കടപ്പത്രങ്ങൾ പുറപ്പെടുവിച്ചു. താഴെപ്പറയുന്ന സാഹചര്യങ്ങളിൽ എലൈറ്റ് ലിമിറ്റഡിന്റെ ബുക്കിൽ ആവശ്യമായ എൻട്രികൾ എഴുതുകയും ബാക്കിപത്രം കാണിക്കുകയും ചെയ്യുക.

    (i) കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നത് 10% പ്രീമിയത്തിനാണെങ്കിൽ

    (ii) കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നത് 5% കിഴിവിനാണെങ്കിൽ

    (iii) കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നത് ബാങ്കിൽ നിന്ന് 12,00,000 രൂപ ലോൺ എടുക്കുന്നതിനുള്ള അധിക ജാമ്യമായാണെങ്കിൽ

    (iv) കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നത് 13,50,000 രൂപയുടെ മെഷിണറി വാങ്ങിയതിന് പ്രതിഫലമായി വിതരണക്കാരന് കൊടുക്കാനാണെങ്കിൽ.

13. താഴെപ്പറയുന്നവയുടെ ജേർണൽ എൻട്രികൾ എഴുതുക.

    (i) 95 രൂപയ്ക്ക് കടപ്പത്രം പുറപ്പെടുവിച്ച്, 100 രൂപയ്ക്ക് വീണ്ടെടുക്കും

    (ii) 95 രൂപയ്ക്ക് കടപ്പത്രം പുറപ്പെടുവിച്ച്, 105 രൂപയ്ക്ക് വീണ്ടെടുക്കും

    (iii) 100 രൂപയ്ക്ക് കടപ്പത്രം പുറപ്പെടുവിച്ച്, 105 രൂപയ്ക്ക് വീണ്ടെടുക്കും

    മേൽപ്പറഞ്ഞ എല്ലാ സാഹചര്യങ്ങളിലും കടപ്പത്രത്തിന്റെ മുഖവില 100 രൂപയാണ്.

14. 2015 ഏപ്രിൽ 01-ാം തീയതി ആനന്ദ് ലിമിറ്റഡ് 100 രൂപ മുഖവിലയുള്ള 50,00,000, 8% കടപ്പത്രങ്ങൾ 6% ഡിസ്കൗണ്ടിന് പുറപ്പെടുവിച്ച് 4% പ്രീമിയത്തിന് നറുക്കെടുപ്പിലൂടെ വീണ്ടെടുക്കുന്ന തരത്തിൽ നൽകാൻ തീരുമാനിച്ചു.

    2017 മാർച്ചിൽ 20,00,000 കടപ്പത്രങ്ങൾ

    2018 മാർച്ചിൽ 10,00,000 കടപ്പത്രങ്ങൾ

    2019 മാർച്ചിൽ 20,00,000 കടപ്പത്രങ്ങൾ

    കടപ്പത്രങ്ങളുടെ തുക തിരികെ കൊടുക്കുന്നതുവരെ ഓരോ വർഷവും എഴുതിത്തള്ളേണ്ട ഡിസ്കൗണ്ട് തുക കണക്കാക്കുക. ഡിസ്കൗണ്ട്/ലോസ് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചേഴ്സ് അക്കൗണ്ട് കൂടി തയാറാക്കുക.

15. ഒരു കമ്പനി താഴെപ്പറയുന്ന കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നു.

    1. 100 രൂപ വീതം മുഖവിലയുള്ള 10,000, 12% കടപ്പത്രങ്ങൾ മുഖവിലയ്ക്ക് പുറപ്പെടുവിച്ച് 5 വർഷത്തിന് ശേഷം 5% പ്രീമിയത്തിന് വീണ്ടെടുക്കുന്നു.

    2. 100 രൂപ വീതം മുഖവിലയുള്ള 10,000, 12% കടപ്പത്രങ്ങൾ 10% ഡിസ്ക്കൗണ്ടിന് പുറപ്പെടുവിച്ച് 5 വർഷത്തിന് ശേഷം മുഖവിലയ്ക്ക് വീണ്ടെടുക്കുന്നു.

3. 1,000 രൂപ വീതം മുഖവിലയുള്ള 5,000, 12% കടപ്പത്രങ്ങൾ 5% പ്രീമിയത്തിന് പുറപ്പെടുവിക്കുകയും 5 വർഷത്തിന് ശേഷം മുഖവിലയ്ക്ക് വീണ്ടെടുക്കുകയും ചെയ്യുന്നു.

4. 95,000 രൂപയുടെ ഒരു മെഷിണറി വാങ്ങുകയും പ്രതിഫലമായി 100 രൂപ വീതം മുഖവിലയുള്ള 1,000, 12% കടപ്പത്രങ്ങൾ വിതരണക്കാരന് നൽകുകയും ചെയ്തു. കടപ്പത്രങ്ങൾ 5 വർഷത്തിന് ശേഷമാണ് വീണ്ടെടുക്കുന്നത്.

5. ഒരു ബാങ്കിൽ നിന്ന് 5 വർഷത്തേയ്ക്ക് 25,000 രൂപ വായ്പ എടുക്കുകയും അധിക ഈടായി 100 രൂപ മുഖവിലയുള്ള 300, 12% കടപ്പത്രങ്ങൾ നൽകുകയും ചെയ്തു.

താഴെപ്പറയുന്നവ രേഖപ്പെടുത്തുന്നതിനാവശ്യമായ ജേർണൽ എൻട്രികൾ എഴുതുക:

(a) കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നതിന്

(b) തന്നിട്ടുള്ള കാലാവധിക്കു ശേഷം കടപ്പത്രം വീണ്ടെടുക്കുമ്പോൾ

16. ഒരു കമ്പനി 2012 ഏപ്രിൽ 1-ാം തീയതി 5,00,000 രൂപ മുഖവിലയുള്ള കടപ്പത്രങ്ങൾ 6% ഡിസ്കൗണ്ടിന് പുറപ്പെടുവിച്ചു. ഈ കടപ്പത്രങ്ങൾ 1,00,000 രൂപ വീതം എല്ലാ വർഷവും മാർച്ച് 31ന് വീണ്ടെടുക്കും. ഓരോ വർഷവും ബാക്കിയാകുന്ന കടപ്പത്രത്തിന്റെ അടിസ്ഥാനത്തിൽ ഡിസ്കൗണ്ട് എഴുതിത്തള്ളാൻ ഡയറക്ടർമാർ തീരുമാനിച്ചു. ഓരോ വർഷവും എഴുതിത്തള്ളേണ്ട ഡിസ്കൗണ്ട് തുക കണക്കാക്കുക. ആവശ്യമായ ജേർണൽ എൻട്രികളും എഴുതുക.

17. 2011 ഏപ്രിൽ 1 ഒരു കമ്പനി 1,20,000 രൂപ മുഖവിലയുള്ള 10% കടപ്പത്രങ്ങൾ 6% ഡിസ്കൗണ്ടിന് പുറപ്പെടുവിച്ചു. മൂന്നാം വർഷത്തിന്റെ അവസാനം മുതൽ എല്ലാ വർഷവും 40,000 രൂപയുടെ കടപ്പത്രങ്ങൾ പണം നൽകി വീണ്ടെടുക്കും. കടപ്പത്രത്തിനനുവദിക്കുന്ന ഡിസ്കൗണ്ട് നിങ്ങൾ എങ്ങനെ കൈകാര്യം ചെയ്യും? കമ്പനിയുടെ ലെഡ്ജറിൽ കടപ്പത്രത്തിന്റെ കാലയളവിലേക്കുള്ള ഡിസ്കൗണ്ട് ഓൺ ഇഷ്യു ഓഫ് ഡിബഞ്ചേഴ്സ് അക്കൗണ്ട് കാണിക്കുക. എല്ലാ വർഷവും മാർച്ച് മാസം 31 നാണ് അക്കൗണ്ടുകൾ തീർപ്പാക്കുന്നത് എന്ന് സങ്കൽപ്പിക്കുക.

18. 2014 ഏപ്രിൽ 1ന് ഭാരത് ലിമിറ്റഡ് 4,00,000 രൂപയുടെ കടപ്പത്രങ്ങൾ 94% തുകയ്ക്ക് വിതരണം ചെയ്തു. അവ 80,000 രൂപ വീതം അഞ്ച് തുല്യ തവണകളായി തിരിച്ചെടുക്കുന്നതാണ്. കമ്പനി എല്ലാ വർഷവും മാർച്ച് 31 നാണ് അക്കൗണ്ടുകൾ തീർപ്പാക്കുന്നത്.

ഡിസ്കൗണ്ട് തുക കടപ്പത്രത്തിന്റെ കാലയളവിൽ എഴുതിത്തള്ളാൻ കമ്പനി തീരുമാനിച്ചു എന്ന അനുമാനത്തിൽ ഓരോ വർഷവും എഴുതിത്തള്ളേണ്ട ഡിസ്കൗണ്ട് തുക കണക്കാക്കുക.

(ഓരോ വർഷവും എഴുതിത്തള്ളേണ്ട ഡിസ്കൗണ്ട് തുക : 2015 8,000 രൂപ; 2016 6,400 രൂപ; 2017 4,800രൂപ; 2018 2,000 രൂപ; 2019 1,600 രൂപ).

19. 2014 ഏപ്രിൽ 1 ന് ബി ലിമിറ്റഡ്, 10% പ്രീമിയത്തിൽ വീണ്ടെടുക്കുന്ന 100 രൂപയുടെ 1,000, 12% കടപ്പത്രങ്ങൾ 5% കിഴിവിൽ പുറപ്പെടുവിക്കുന്നു.

    2015 മാർച്ച് 31 കാലയളവിൽ അവസാനിക്കുന്ന കടപ്പത്രങ്ങൾക്കുള്ള പലിശ അർധ വാർഷികമായി സെപ്തംബർ 30 നും മാർച്ച് 31 നും നൽകുമെന്നും, ഉറവിടത്തിൽ അടച്ച നികുതി 10% എന്നും സങ്കൽപ്പിച്ചുകൊണ്ട് കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ട ജേർണൽ എൻട്രികൾ എഴുതുക.

20. കമ്പനി നോട്ടീസ് നൽകി കാലാവധിക്ക് കടപ്പത്രങ്ങൾ വീണ്ടെടുക്കുമ്പോൾ താഴെപ്പറയുന്ന സാഹചര്യങ്ങളിൽ എന്ത് ജേണൽ എൻട്രികളാണ് എഴുതുക.

    (എ) പ്രീമിയത്തിൽ വീണ്ടെടുക്കാമെന്ന വ്യവസ്ഥയോടെ കടപ്പത്രങ്ങൾ മുഖവിലയിൽ പുറപ്പെടുവിച്ചാൽ; (ബി) മുഖവിലയിൽ വീണ്ടെടുക്കാമെന്ന വ്യവസ്ഥയോടെ കടപ്പത്രങ്ങൾ പ്രീമിയത്തിൽ പുറപ്പെടുവിച്ചാൽ, (സി) പ്രീമിയത്തിൽ വീണ്ടെടുക്കാമെന്ന വ്യവസ്ഥയോടെ കടപ്പത്രങ്ങൾ കിഴിവിൽ പുറപ്പെടുവിച്ചാൽ?

21. 2012 ഏപ്രിൽ ഒന്നിന്, എക്സ്. ലിമിറ്റഡ് 100 രൂപയുടെ 5,000, 8% കടപ്പത്രങ്ങൾ മൂന്നാമത്തെ വർഷാവസാനം മുഖവിലയ്ക്ക് വീണ്ടെടുക്കുമെന്ന വ്യവസ്ഥയിൽ പുറപ്പെടുവിക്കുന്നു. കടപ്പത്രങ്ങളുടെ വീണ്ടെടുക്കലിന് വേണ്ടി ഒരു ക്യുമുലേറ്റീവ് സിങ്കിങ് ഫണ്ട് രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. നിക്ഷേപത്തിന് 4% നേട്ടം പ്രതീക്ഷിക്കുന്നു. സിങ്കിങ് ഫണ്ട് ടേബിൾ പ്രകാരം മൂന്നു വർഷത്തിനുള്ളിൽ 4% വാർഷിക നിരക്കിൽ ഒരു രൂപ ലഭിക്കാൻ 0.320348 രൂപ നൽകണം. മാർച്ച് 31, 2015 ൽ ബാങ്കിലെ ബാലൻസ് 2,42,360 രൂപയാണ്. നിക്ഷേപത്തിന് 3,25,000 രൂപ കിട്ടി. കടപ്പത്രങ്ങളുടെ തിരിച്ചടവ് നടത്തി.

    ജേർണൽ എൻട്രികൾ എഴുതി ലെഡ്ജർ അക്കൗണ്ടുകൾ തയാറാക്കുക.

    (ഉത്തരം: നിക്ഷേപ വിൽപ്പനയിലെ നഷ്ടം 2,246 രൂപ)

22. 2014 ഏപ്രിൽ 1ന് ഒരു കമ്പനി 10,00,000 രൂപയുടെ 15% കടപ്പത്രങ്ങൾ മുഖവിലയിൽ പുറപ്പെടുവിക്കുന്നു. ഇവ പുറപ്പെടുവിച്ച തീയതി മുതൽ മൂന്ന് വർഷത്തിനുശേഷം മുഖവിലയിൽ വീണ്ടെടുക്കും. ഈ ആവശ്യത്തിനുള്ള തുക 100 രൂപ മുഖവിലയിൽ ലഭ്യമായ 6% ഗവൺമെന്റ് സെക്യൂരിറ്റീസിൽ നിക്ഷേപിക്കുന്നു. സിങ്കിങ് ഫണ്ട് ടേബിൾ പ്രകാരം നിക്ഷേപത്തിന് പ്രതിവർഷം 6% വരുമാനം ലഭിക്കുമെങ്കിൽ മൂന്നു വർഷത്തിനുള്ളിൽ 1 രൂപ ലഭിക്കാൻ ഓരോ വർഷവും 0.31411 രൂപ പലിശ ഉൾപ്പെടെ നിക്ഷേപിക്കേണ്ടി വരും. 2017 മാർച്ച് 31ന് എല്ലാ ഗവൺമെന്റ് സെക്യൂരിറ്റീകളും 6,000 രൂപ നഷ്ടത്തിൽ വിൽക്കുകയും കടപ്പത്രങ്ങൾ മുഖവിലയിൽ വീണ്ടെടുക്കുകയും ചെയ്യുന്നു.

    ഡിബഞ്ചർ അക്കൗണ്ട്, സിങ്കിങ് ഫണ്ട് അക്കൗണ്ട്, സിങ്കിങ് ഫണ്ട് ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട്, ഇന്ററസ്റ്റ് ഓൺ സിങ്കിങ് ഫണ്ട് ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട് എന്നിവ തയാറാക്കുക. കമ്പനി അതിന്റെ കണക്കുകൾ തീർപ്പാക്കുന്നത് എല്ലാ വർഷവും മാർച്ച് 31 നാണ്.

23. 2016 ഏപ്രിൽ 1ന് യദു ലിമിറ്റഡിന്റെ ബുക്കിലുള്ള നീക്കിയിരിപ്പുകളാണ് താഴെ കൊടുത്തിരിക്കുന്നത്.

| | രൂപ |
|---|---|
| 6% ഡിബഞ്ചേഴ്സ് | 1,00,000 |
| ഡിബഞ്ചർ റിഡംഷൻ റിസർവ് ഫണ്ട് | 80,000 |
| ഡിബഞ്ചർ റിഡംഷൻ റിസർവ് ഫണ്ട് ഇൻവെസ്റ്റ്മെന്റ് | 80,000 |

ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റിൽ ഉൾപ്പെടുന്നത് 90,000 രൂപ മുഖവിലയുള്ള 4% ഗവ. സെക്യൂരിറ്റീസാണ്.

വാർഷിക തവണ 16,400 രൂപയാണ്. 2017 മാർച്ച് 31 ന് ഡിബഞ്ചർ റിഡംഷൻ റിസർവ് ഫണ്ട് ഇൻവെസ്റ്റ്മെന്റിന്റെ പലിശ ലഭിച്ചതിന് ശേഷം ബാങ്കിലുള്ള നീക്കിയിരിപ്പ് 26,000 രൂപയാണ്. കാലാവധി തീയതിയിൽ ഇൻവെസ്റ്റ്മെന്റ് 92% ന് വിൽക്കുകയും ഡിബഞ്ചറുകൾ കൃത്യമായി വീണ്ടെടുക്കുകയും ചെയ്തു. തനത് വർഷത്തെ പലിശ നൽകിയിട്ടുണ്ട്. ഡിബഞ്ചറിന്റെ വീണ്ടെടുക്കൽ ബാധിക്കുന്ന ലെഡ്ജർ അക്കൗണ്ടുകൾ തയാറാക്കുക.

24. 2017 ഏപ്രിൽ 1 ന് മുത്ത് ലിമിറ്റഡിന്റെ ബുക്കിലുള്ള നീക്കിയിരിപ്പുകളാണ് താഴെ കൊടുത്തിരിക്കുന്നത്.

| | രൂപ |
|---|---|
| 12% ഡിബഞ്ചേഴ്സ് | 4,00,000 |
| ഡിബഞ്ചർ റിഡംഷൻ ഫണ്ട് | 3,60,000 |
| ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് | 3,60,000 |
| സെക്യൂരിറ്റീസ് പ്രീമിയം | 30,000 |
| ബാങ്കിലുള്ള നീക്കിയിരിപ്പ് | 1,00,000 |

2017 ഏപ്രിൽ 1ന് എല്ലാ നിക്ഷേപങ്ങളും കൂടി 3,48,000 രൂപയ്ക്ക് വിൽക്കുകയും എല്ലാ കടപ്പത്രങ്ങളും 105% ന് വീണ്ടെടുക്കുകയും ചെയ്തു. ആവശ്യമായ ലെഡ്ജർ അക്കൗണ്ടുകൾ തയാറാക്കുക.

25. 2016 ഏപ്രിൽ 1 ന് യമുന ലിമിറ്റഡിന്റെ ബുക്കിലുള്ള നീക്കിയിരിപ്പുകളാണ് താഴെ കൊടുത്തിരിക്കുന്നത്.

| | രൂപ |
|---|---|
| 12% ഡിബഞ്ചേഴ്സ് | 1,50,000 |
| ഡിബഞ്ചർ റിഡംഷൻ ഫണ്ട് | 1,25,000 |
| ഡിബഞ്ചർ റിഡംഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റ് | 1,25,000 |
| (1,47,500 രൂപയുടെ 3% ഗവൺമെന്റ് സെക്യൂരിറ്റീസ് പ്രതിനിധാനം ചെയ്യുന്നു | 1,25,000) |

ഫണ്ടിലേക്ക് കൂട്ടിച്ചേർക്കപ്പെട്ടിരുന്ന വാർഷിക തവണ 20,575 രൂപയാണ്. 2017 മാർച്ച് 31 ന് ഡിബഞ്ചർ റിഡംഷൻ റിസർവ് ഫണ്ട് ഇൻവെസ്റ്റ്മെന്റിന്റെ പലിശ ലഭിച്ചതിന് ശേഷം ബാങ്കിലുള്ള നീക്കിയിരിപ്പ് 39,100രൂപയാണ്. കാലാവധി തീയതിയിൽ ഇൻവെസ്റ്റ്മെന്റ് 83% ന് വിൽക്കുകയും ഡിബഞ്ചറുകൾ കൃത്യമായി വീണ്ടെടുക്കുകയും ചെയ്തു.

2016-17 വർഷത്തേക്ക് ആവശ്യമായ ലെഡ്ജർ അക്കൗണ്ടുകൾ തയാറാക്കുക.

(ഉത്തരം : നഷ്ടം 2,575 രൂപ)

26. കടപ്പത്രങ്ങൾ വീണ്ടെടുക്കുമ്പോൾ എഴുതേണ്ട ജേർണൽ എൻട്രികൾ ഏതെല്ലാം?
    (a) ലാഭത്തിൽ നിന്ന് വാർഷിക പിൻവലിക്കലിലൂടെ കടപ്പത്രങ്ങൾ വീണ്ടെടുക്കുന്നു.
    (b) നറുക്കെടുപ്പിലൂടെ മൂലധനം ഉപയോഗിച്ച് കടപ്പത്രങ്ങൾ വീണ്ടെടുക്കുന്നു.
    (c) കടപ്പത്രം വീണ്ടെടുക്കുന്നതിനായി സിങ്കിങ് ഫണ്ട് രൂപീകരിച്ചിട്ടില്ലെങ്കിൽ പൊതു വിപണിയിൽനിന്ന് വാങ്ങി കടപ്പത്രങ്ങൾ വീണ്ടെടുക്കുന്നു. (i) ലാഭത്തിൽ നിന്നാണെങ്കിൽ (ii) മൂലധനം ഉപയോഗിച്ചാണെങ്കിൽ

27. അനഘ ലിമിറ്റഡ് 5,00,000 രൂപയുടെ കടപ്പത്രങ്ങൾ 5% കിഴിവിന് പുറപ്പെടുവിക്കുന്നു. അവ ഓരോ വർഷവും 1,00,000 രൂപ വീതം തിരികെ നൽകി വീണ്ടെടുക്കുന്നു. കമ്പനിയുടെ ബുക്കിൽ ആദ്യ വർഷത്തേക്ക് ആവശ്യമായ ലെഡ്ജർ അക്കൗണ്ടുകൾ തയാറാക്കുക.

28. 2013 ഏപ്രിൽ 01ാം തീയതി എക്സ് ലിമിറ്റഡ് 100 രൂപ വീതം വിലയുള്ള 5,000, 15% കടപ്പത്രങ്ങൾ 10%, ഡിസ്കൗണ്ടിന് പുറപ്പെടുവിച്ച് 10% പ്രീമിയത്തിന് നാല് തുല്യ വാർഷികത്തവണകളായി മൂലധനം ഉപയോഗിച്ച് വീണ്ടെടുക്കും. കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്ന സമയത്തും വീണ്ടെടുക്കുന്ന സമയത്തും ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക. (കടപ്പത്രം പുറപ്പെടുവിക്കുന്നതിനുണ്ടാകുന്ന നഷ്ടത്തിന്റെയും പലിശയുടെയും രേഖപ്പെടുത്തൽ കണക്കിലെടുക്കേണ്ടതില്ല.)

29. 2013 ഏപ്രിൽ 01-ാം തീയതി സിംപിൾ ലിമിറ്റഡ് 100 രൂപ വീതം വിലയുള്ള 2,000, 14% കടപ്പത്രങ്ങൾ 10%, ഡിസ്കൗണ്ടിന് പുറപ്പെടുവിച്ച് 10% പ്രീമിയത്തിന് നാല് തുല്യ വാർഷികത്തവണകളായി ലാഭം ഉപയോഗിച്ച് വീണ്ടെടുക്കും. കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്ന സമയത്തും വീണ്ടെടുക്കുന്ന സമയത്തും ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക. (കടപ്പത്രം പുറപ്പെടുവിക്കുന്നതിനുണ്ടാകുന്ന നഷ്ടത്തിന്റെയും പലിശയുടെയും രേഖപ്പെടുത്തൽ കണക്കിലെടുക്കേണ്ടതില്ല.)

30. അരുണ ലിമിറ്റഡ് 2,00,000 രൂപയുടെ അവരുടെ സ്വന്തം കടപ്പത്രങ്ങൾ പൊതുവിപണിയിൽ നിന്ന് മുഖവിലയ്ക്ക് വാങ്ങുകയും ഉടനടി 92 രൂപ വച്ച് റദ്ദാക്കുകയും ചെയ്തു. ജേർണൽ എൻട്രികൾ രേഖപ്പെടുത്തുക.

31. എക്സ് ലിമിറ്റഡ് 50 രൂപ വീതം വിലയുള്ള 1,000, 12% കടപ്പത്രങ്ങൾ വീണ്ടെടുക്കുന്നതിനായി 100 രൂപ വീതം വിലയുള്ള 15% കടപ്പത്രങ്ങളാക്കി മാറ്റി. ജേർണൽ എൻട്രി എഴുതുക.

32. 2014 ഏപ്രിൽ 1 ന് ഒരു കമ്പനി 100 രൂപ മുഖവിലയുള്ള 5000, 8% കടപ്പത്രങ്ങൾ 94 രൂപ നിരക്കിൽ പുറപ്പെടുവിച്ചു. പുറപ്പെടുവിക്കൽ വ്യവസ്ഥകളനുസരിച്ച് 2016 മാർച്ച് 31 മുതൽ പ്രതിവർഷം 1000 കടപ്പത്രങ്ങൾ വീതം പൊതുവിപണിയിൽ നിന്ന് വാങ്ങുകയോ അവ 2.50 രൂപ പ്രീമിയത്തിന് 10 രൂപ മുഖവിലയുള്ള സാധാരണ ഓഹരികളായി മാറ്റുകയോ ചെയ്യണം. 2016 മാർച്ച് 31ന് 1000 കടപ്പത്രങ്ങൾ സാധാരണ ഓഹരികളായി പരിവർത്തനം ചെയ്തു. ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

## ഉത്തരങ്ങൾ

### അറിവ് പരിശോധിക്കാം I

| | | | | | |
|---|---|---|---|---|---|
| 1. തെറ്റ് | 2. ശരി | 3. തെറ്റ് | 4. ശരി | 5. ശരി | 6. തെറ്റ് |
| 7. തെറ്റ് | 8. ശരി | 9. തെറ്റ് | 10. തെറ്റ് | 11. തെറ്റ് | |

### അറിവ് പരിശോധിക്കാം II

| | | | | | | |
|---|---|---|---|---|---|---|
| 1. (സി) | 2. (ബി) | 3. (എ) | 4. (എ) | 5. (ബി) | 6. (സി) | 7. (ബി) |
| 8. (ബി) | 9. (എ) | 10. (സി) | 11. (സി) | 12. (ബി) | 13. (എ) | 14. (സി) |
| 15. (സി) | | | | | | |

### അറിവ് പരിശോധിക്കാം III

**(I)** (1) വെണ്ടേഴ്സ് അക്കൗണ്ട് (2) മിച്ചം, അതായത്, ലാഭനഷ്ട പത്രികയുടെ ബാക്കി (3) ഡിബഞ്ചർ റിഡെംഷൻ റിസർവ് അക്കൗണ്ട് (4) ഓൺ ഡിബഞ്ചേഴ്സ് അക്കൗണ്ട്, (5) ലാഭനഷ്ട പത്രിക (സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് ആൻഡ് ലോസ്)

**(II)** (1) ഡിബഞ്ചർ അക്കൗണ്ട്, (2) സിങ്കിങ് ഫണ്ട് അക്കൗണ്ട്, (3) ജനറൽ റിസർവ് അക്കൗണ്ട്, (4) സിങ്കിങ് ഫണ്ട് അക്കൗണ്ട്, (5) ലോസ് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചർ അക്കൗണ്ട്

**(I)** (1) വെണ്ടർ അക്കൗണ്ട് (2) മിച്ചം ലാഭനഷ്ടപ്പട്ടികയിലെ ബാക്കി (3) ഡിബഞ്ചർ റിഡെംഷൻ റിസർവ് അക്കൗണ്ട് (4) ഓൺ ഡിബഞ്ചേഴ്സ് അക്കൗണ്ട് (5) സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് ആൻഡ് ലോസ്സ്

**(II)** (1) ഡിബഞ്ചർ അക്കൗണ്ട് (2) സിങ്കിങ് ഫണ്ട് അക്കൗണ്ട് (3) ജനറൽ റിസർവ് അക്കൗണ്ട് (4) സിങ്കിങ് ഫണ്ട് അക്കൗണ്ട് (5) ലോസ് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചേഴ്സ് അക്കൗണ്ട്

# 3

# കമ്പനിയുടെ ധനകാര്യ പത്രികകൾ
## (Financial Statements of a Company)

T3G9E6

**പഠന നേട്ടങ്ങൾ**

- *കമ്പനിയുടെ ധനകാര്യ പത്രികകളുടെ സ്വഭാവവും ലക്ഷ്യങ്ങളും വിശദീകരിക്കുന്നു.*
- *ഷെഡ്യൂൾ III അനുസരിച്ച് ഒരു കമ്പനിയുടെ ലാഭനഷ്ട പത്രികയുടെ രൂപവും ഉള്ളടക്കവും വിവരിക്കുന്നു.*
- *ഷെഡ്യൂൾ III അനുസരിച്ച്ഒരു കമ്പനിയുടെ ബാക്കി പത്രത്തിന്റെ രൂപവും ഉള്ളടക്കവും വിവരിക്കുന്നു.*
- *ധനകാര്യ പത്രികകളുടെ പ്രാധാന്യവും പരിമിതികളും വിവരിക്കുന്നു;*
- *ധനകാര്യ പത്രികകൾ തയാറാക്കുന്നു.*

ഒരു കമ്പനി അതിന്റെ മൂലധനം എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് മനസ്സിലാക്കിയതിനുശേഷം, കമ്പനി തയാറാക്കേണ്ടുന്ന ധനകാര്യ പത്രികകൾ (Financial statements), അവയുടെ ഉള്ളടക്കം, ഘടന, ഉപയോഗങ്ങൾ, പരിമിതികൾ എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങളും, ധനകാര്യ പത്രികകളുടെ സ്വഭാവം, ലക്ഷ്യങ്ങൾ എന്നിവയും നാം പഠിക്കേണ്ടതുണ്ട്. അക്കൗണ്ടിംഗ് പ്രക്രിയയുടെ അന്തിമ ഉൽപ്പന്നങ്ങളാണ് ധനകാര്യ പത്രികകൾ. അക്കൗണ്ടിംഗ് ആശയങ്ങൾ, തത്ത്വങ്ങൾ, നടപടിക്രമങ്ങൾ, കൂടാതെ ബിസിനസ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന നിയമ പരിസ്ഥിതി (Legal Environment) എന്നിവയ്ക്കനുസരിച്ചാണ് അവ തയാറാക്കപ്പെടുന്നത്. അക്കൗണ്ടിംഗ് പ്രക്രിയയുടെ സംഗ്രഹത്തിന്റെ ഫലമാണ് ഈ പത്രികകൾ എന്നതുകൊണ്ടുതന്നെ ഒരു കമ്പനിയുടെ ലാഭക്ഷമതയും സാമ്പത്തിക സ്ഥിതിയും സംബന്ധിച്ച് നിഗമനങ്ങൾ എടുക്കുന്നതിനാവശ്യമായ അടിസ്ഥാന വിവരങ്ങളുടെ ഉറവിടമാണിവ. ആയതിനാൽ ഓഹരി ഉടമകൾക്കും മറ്റ് ഉപയോക്താക്കൾക്കും ധനകാര്യ പത്രികകളെ അർഥപൂർണമായ രീതിയിൽ മനസ്സിലാക്കാനും അവരുടെ സാമ്പത്തിക തീരുമാനങ്ങളിൽ ഉപയോഗിക്കാനും അവയെ അനുയോജ്യമായ ഉള്ളടക്കത്തോടെ ക്രമീകരിക്കേണ്ടതുണ്ട്.

### 3.1 ധനകാര്യ പത്രികകളുടെ അർഥം (Meaning of Financial Statements)

കോർപ്പറേറ്റ് മാനേജ്മെന്റ് അതിന്റെ ഉടമസ്ഥരോടും മറ്റു വിവിധ ബാഹ്യ കക്ഷികളായ നിക്ഷേപകർ, നികുതി

അധികാരികൾ, സർക്കാർ, ജീവനക്കാർ, ഇൻഷുറൻസ് കമ്പനികൾ മുതലായവരോടും സാമ്പത്തിക വിവരങ്ങളെക്കുറിച്ച് ആശയവിനിമയം നടത്താൻ ഉപയോഗിക്കുന്ന അടിസ്ഥാനപരമായതും ഔപചാരികവുമായ വാർഷിക റിപ്പോർട്ടുകളാണ് ധനകാര്യ പത്രികകൾ. ഇതിൽ സാധാരണയായി ഉൾപ്പെടുന്നത്: (എ) അക്കൗണ്ടിംഗ് കാലയളവിന്റെ അവസാനം തയാറാക്കുന്ന ബാക്കിപത്രം (സ്ഥിതി വിവരപത്രിക) (ബി) കമ്പനിയുടെ ലാഭ-നഷ്ട പത്രിക എന്നിവയാണ്. ഇന്നത്തെക്കാലത്ത്, പണ പ്രവാഹ പട്ടികയും (ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്) ധനകാര്യ പത്രികകളുടെ അവിഭാജ്യഘടകമായി കണക്കാക്കപ്പെടുന്നു.

## 3.2 ധനകാര്യ പത്രികകളുടെ സ്വഭാവം (Nature of Financial Statements)

ഒരു നിശ്ചിത കാലയളവിൽ പണത്തിന്റെ രൂപത്തിൽ കാലക്രമത്തിൽ രേഖപ്പെടുത്തുന്ന വസ്തുതകളാണ് (ജേർണൽ എൻട്രികൾ) പ്രസ്തുത കാലയളവിലെ സാമ്പത്തിക ഫലത്തെയും ഒരു നിശ്ചിത തീയതിയിലെ സാമ്പത്തിക നിലയെയും വെളിപ്പെടുത്തുന്ന ധനകാര്യ പത്രികകൾ തയാറാക്കുന്നതിനുള്ള അടിത്തറ. അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സർട്ടിഫൈഡ് പബ്ലിക് അക്കൗണ്ടന്റ്സ് (AICPA) ധനകാര്യ പത്രികകളുടെ സ്വഭാവത്തെ ഇങ്ങനെ പ്രസ്താവിക്കുന്നു. "പുരോഗതിയെക്കുറിച്ച് റിപ്പോർട്ട് നൽകുന്നതിന് കാലാകാലങ്ങളിൽ മാനേജ്മെന്റ് തയാറാക്കിയ ഈ പത്രികകൾ ബിസിനസ്സിലെ നിക്ഷേപത്തിന്റെ നിലയും അവലോകന കാലയളവിൽ ലഭിച്ച നേട്ടങ്ങളും കൈകാര്യം ചെയ്യുന്നു. കൂടാതെ ഇവ രേഖപ്പെടുത്തിയ വസ്തുതകൾ, അക്കൗണ്ടിംഗ് തത്ത്വങ്ങൾ, വ്യക്തിപരമായ വിലയിരുത്തൽ എന്നിവയെയും പ്രതിഫലിപ്പിക്കുന്നു".

ധനകാര്യ പത്രികകളുടെ സ്വഭാവത്തെ താഴെപ്പറയുന്ന സൂചനകൾ വിശദമാക്കുന്നു:

1. *രേഖപ്പെടുത്തപ്പെട്ട വസ്തുതകൾ (Recorded Facts):* അക്കൗണ്ടിംഗ് പുസ്തകങ്ങളിൽ രേഖപ്പെടുത്തുന്ന വസ്തുതകളുടെ അടിസ്ഥാനത്തിലാണ് ധനകാര്യ പത്രികകൾ തയാറാക്കുന്നത്. യഥാർഥ ചെലവ് അല്ലെങ്കിൽ പ്രാമാണിക ചെലവാണ് ഇത്തരം ഇടപാടുകളുടെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനം. വിവിധ അക്കൗണ്ടുകളായ, കൈയിലുള്ള പണം, ബാങ്കിലെ പണം, ട്രേഡ് റിസീവബിൾസ്, സ്ഥിരാസ്തികൾ തുടങ്ങിയവ അക്കൗണ്ട് പുസ്തകങ്ങളിൽ രേഖപ്പെടുത്തിയ കണക്കുകൾ അനുസരിച്ചാണ് തയാറാക്കുന്നത്. വിവിധ സമയങ്ങളിൽ വ്യത്യസ്ത വിലയിൽ വാങ്ങിച്ച ആസ്തികൾ അവയ്ക്കുവേണ്ടി ചെലവായ ആകെ തുകയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇവ വിപണി വിലയെ അടിസ്ഥാനമാക്കാത്തതുകൊണ്ട് സ്ഥാപനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി ധനകാര്യ പത്രികകൾ കാണിക്കുന്നില്ല.

2. *അക്കൗണ്ടിംഗ് ആശയങ്ങൾ (Accounting Conventions):* ധനകാര്യ പത്രികകൾ തയാറാക്കുമ്പോൾ ചില അക്കൗണ്ടിംഗ് ആശയങ്ങൾ പിന്തുടരുന്നു. നീക്കിയിരുപ്പ് സാധനങ്ങളുടെ വില നിശ്ചയിക്കുമ്പോൾ ചെലവ് തുക അല്ലെങ്കിൽ വിപണി വില ഇതിലേതാണോ ചെറുത് അത് കണക്കിലെടുക്കണം എന്ന ആശയം പിന്തുടരുന്നു. ആസ്തികളുടെ വില കണക്കാക്കുമ്പോൾ മുടക്കുതുകയിൽ നിന്ന് മൂല്യക്ഷയം കഴിച്ചുള്ള വിലയാണെടുക്കേണ്ടതെന്ന തത്ത്വമാണ് ബാക്കി പത്രം തയാറാക്കുമ്പോൾ പിന്തുടരേണ്ടത്. പെൻസിൽ, പേന, തപാൽ സ്റ്റാമ്പ് മുതലായ ചെറിയ ഇനങ്ങളുടെ രേഖപ്പെടുത്തലിന് പ്രസക്തി എന്ന ആശയമാണ് പിന്തുടരുന്നത്. ഈ ഇനങ്ങൾ പ്രത്യക്ഷത്തിൽ ആസ്തികളാണെങ്കിലും അവയെ വാങ്ങിയ വർഷത്തിലെ ചെലവുകളായി കണക്കാക്കുന്നു. ചെലവുതുക അല്ലെങ്കിൽ വിപണി വില ഇതിലേതാണോ ചെറുത് എന്നത് പരിഗണിക്കാതെ തന്നെ, നീക്കിയിരിപ്പ് സ്റ്റേഷനറിയുടെ വില നിശ്ചയിക്കുന്നത് ചെലവ് തുകയിലാണ്. അക്കൗണ്ടിംഗ് ആശയങ്ങളുടെ ഉപയോഗം ധനകാര്യ പത്രികകളുടെ താരതമ്യപ്പെടുത്തൽ സാധ്യമാക്കുന്നതോടൊപ്പം അത് ലളിതവും യാഥാർഥ്യനുസരണവുമാക്കുന്നു.
3. *അനുമാനങ്ങൾ (Postulates):* സ്ഥാപനത്തുടർച്ച അനുമാനം, പണമായി അളക്കൽ അനുമാനം, വരുമാനം തിരിച്ചറിയൽ അനുമാനം തുടങ്ങിയ ചില അടിസ്ഥാന അനുമാനങ്ങൾ ആധാരമാക്കിയാണ് ധനകാര്യ പത്രികകൾ തയാറാക്കുന്നത്. സ്ഥാപനം തുടർച്ചയുള്ളതും ദീർഘകാലം നിലനിൽക്കുന്നതുമാണെന്ന് സ്ഥാപനത്തുടർച്ച അനുമാനം പ്രസ്താവിക്കുന്നു. അതുകൊണ്ട്, ആസ്തികൾ അവയുടെ പ്രാമാണിക വിലയിലാണ് കാണിക്കുന്നത്. വ്യത്യസ്ത കാലയളവിൽ പണത്തിന്റെ മൂല്യം മാറ്റമില്ലാതെ തുടരും എന്ന് കരുതുന്നതാണ് പണമായി അളക്കൽ അനുമാനത്തിന്റെ അടിസ്ഥാനം. പണത്തിന്റെ വാങ്ങൽ ശേഷിയിൽ വലിയ മാറ്റം ഉണ്ടെങ്കിലും, വ്യത്യസ്ത സമയങ്ങളിൽ വാങ്ങിയ ആസ്തികളെ അവയ്ക്ക് വേണ്ടി ചെലവാക്കിയ പണത്തിലാണ് രേഖപ്പെടുത്തുന്നത്. ലാഭ-നഷ്ട പത്രിക തയാറാക്കുന്ന സമയത്ത്, പ്രതിവർഷം വിറ്റഴിക്കപ്പെടുന്ന സാധനങ്ങളുടെ വരുമാനം പണമായി ലഭിക്കുന്നത് വിവിധ വർഷങ്ങളിലാണെങ്കിലും, തനത് വർഷത്തെ വിൽപ്പനയിൽത്തന്നെ ഉൾപ്പെടുത്തുന്നു. ഈ അനുമാനത്തെ വരുമാനം തിരിച്ചറിയൽ അനുമാനം എന്ന് പറയുന്നു.
4. *വ്യക്തിഗത വിലയിരുത്തൽ (Personal Judgements):* പലപ്പോഴും, ധനകാര്യ പത്രികകളിലൂടെ വെളിപ്പെടുത്തുന്ന വസ്തുതകളും കണക്കുകളും വ്യക്തിഗത വിലയിരുത്തൽ, എസ്റ്റിമേറ്റുകൾ, സ്വയ തീരുമാനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്. സ്ഥിര ആസ്തികളുടെ ഉപയോഗപ്രദമായ കാലയളവ് പരിഗണിച്ചാണ് മൂല്യക്ഷയം കണക്കാക്കുന്നത്. മതിപ്പു കണക്കുകളെയും വ്യക്തിപരമായ തീരുമാനങ്ങളെയും അടിസ്ഥാനമാക്കിയാണ്

സംശയകരമായ കടങ്ങൾക്കുള്ള നീക്കിയിരിപ്പ് നടത്തുന്നത്. നീക്കിയിരിപ്പ് ചരക്കുകളുടെ വില കണക്കാക്കുമ്പോൾ മുടക്കുവില അല്ലെങ്കിൽ വിപണി വില ഇതിലേതാണോ കുറവ് എന്നത് പിന്തുടരുന്നു. നീക്കിയിരിപ്പ് ചരക്കുകളുടെ മുടക്ക് വിലയാണോ വിപണി വിലയാണോ പരിഗണിക്കേണ്ടതെന്ന് തീരുമാനിക്കുമ്പോൾ ചില പരിഗണനകളെ അടിസ്ഥാനമാക്കി വ്യക്തിപരമായ തീരുമാനങ്ങൾ എടുക്കേണ്ടതുണ്ട്. ആസ്തികളുടെയും ബാധ്യതകളുടെയും വരുമാനത്തിന്റെയും ചെലവുകളുടെയും അമിത വില പ്രസ്താവിക്കാനുള്ള സാധ്യത ഒഴിവാക്കാൻ ധനകാര്യപത്രികകൾ തയാറാക്കുമ്പോൾ വ്യക്തിപരമായ അഭിപ്രായം, വിലയിരുത്തൽ, മതിപ്പ് എന്നിവ കരുതൽ എടുക്കുക എന്ന ആശയം മനസ്സിൽ സൂക്ഷിച്ചുകൊണ്ട് നടത്തേണ്ടതാണ്. ഇപ്രകാരം, രേഖപ്പെടുത്തപ്പെട്ട വസ്തുതകളുടെ സംക്ഷിപ്ത റിപ്പോർട്ടുകളാണ് സാമ്പത്തിക ധനകാര്യ പത്രികകൾ. കൂടാതെ ഇവ തയാറാക്കുന്നത് അക്കൗണ്ടിങ് ആശയങ്ങൾ, നിയമപരമായ ആവശ്യകതകൾ എന്നിവ കൂടി പാലിച്ചുകൊണ്ടാണ്.

## 3.3 ധനകാര്യ പത്രികകളുടെ ലക്ഷ്യങ്ങൾ (Objectives of Financial Statements)

ഏതൊരു ബിസിനസ്സ്ഥാപനത്തിന്റെയും ലാഭക്ഷമത, സാമ്പത്തികസ്ഥിതി എന്നിവയെക്കുറിച്ച് ഓഹരി ഉടമകൾക്കും മറ്റ് ബാഹ്യ കക്ഷികൾക്കും മനസ്സിലാക്കുവാൻ ആവശ്യമായ വിവരങ്ങളുടെ അടിസ്ഥാന ഉറവിടങ്ങളാണ് ധനകാര്യ പത്രികകൾ. അവ ഒരു നിശ്ചിത കാലയളവിലെ ബിസിനസ്സ്ഥാപനത്തിന്റെ പ്രവർത്തന ഫലത്തിന്റെയും, ആസ്തി – ബാധ്യതകളുടെയും അടിസ്ഥാനത്തിൽ നൽകുകയും, അത് തീരുമാനം എടുക്കുന്നതിന്റെ അടിസ്ഥാനമായി മാറുകയും ചെയ്യുന്നു. അതുകൊണ്ട്, ധനകാര്യ പത്രികകളുടെ പ്രാഥമിക ലക്ഷ്യം ഉപയോക്താക്കളെ അവരുടെ തീരുമാനം എടുക്കുന്നതിൽ സഹായിക്കുക എന്നതാണ്. ധനകാര്യ പത്രികകളുടെ സവിശേഷ ലക്ഷ്യങ്ങൾ താഴെ പറയുന്നു.

1. *ബിസിനസ്സിന്റെ സാമ്പത്തിക വിഭവങ്ങളെക്കുറിച്ചും ഉത്തരവാദിത്വങ്ങളെക്കുറിച്ചും വിവരങ്ങൾ നൽകുന്നതിന് (To provide information about economic resources and obligations of a business):* വിവരങ്ങൾ ലഭ്യമാക്കുന്നതിന് പരിമിതമായ അധികാരവും ശേഷിയും വിഭവങ്ങളും ഉള്ള നിക്ഷേപകർക്കും മറ്റു ബാഹ്യ കക്ഷികൾക്കും ബിസിനസ്സിന്റെ സാമ്പത്തിക വിഭവങ്ങളെക്കുറിച്ചും ഉത്തരവാദിത്വങ്ങളെക്കുറിച്ചും മതിയായതും വിശ്വാസയോഗ്യവുമായ വിവരങ്ങൾ നൽകാനാണ് ധനകാര്യപത്രികകൾ തയാറാക്കുന്നത്.
2. *ബിസിനസ്സിന്റെ സമ്പാദ്യ ശേഷി സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിന് (To provide information about the earning capacity of the business):* ബിസിനസ് സ്ഥാപനത്തിന്റെ ലാഭ സമ്പാദനശേഷി പ്രവചിക്കുവാനും, താരതമ്യം

ചെയ്യുവാനും, മൂല്യനിർണയം നടത്തുവാനും ആവശ്യമായ സാമ്പത്തിക വിവരങ്ങൾ ധനകാര്യ പത്രികകൾ നൽകുന്നു.

3. *പണപ്രവാഹത്തെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിന് (To provide information about cash flows):* നിക്ഷേപകർക്കും, പണം കൊടുക്കാനുള്ളവർക്കും (ക്രെഡിറ്റേഴ്സ്) സാധ്യതയുള്ള പണപ്രവാഹത്തെ അതിന്റെ തുക, കാലം, ബന്ധപ്പെട്ട അനിശ്ചിതത്വങ്ങൾ എന്നിവ അടിസ്ഥാനമാക്കി പ്രവചിക്കാനും, താരതമ്യം ചെയ്യാനും വിലയിരുത്താനും ആവശ്യമായ വിവരങ്ങൾ നൽകുന്നു.

4. *മാനേജ്മെന്റിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിന് (To judge effectiveness of management):* ഒരു ബിസിനസ്സിന്റെ വിഭവങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനുള്ള മാനേജ്മെന്റിന്റെ കഴിവ് അളക്കുന്നതിന് ആവശ്യമായ വിവരങ്ങൾ നൽകുന്നു.

5. *സമൂഹത്തെ ബാധിക്കുന്ന ബിസിനസ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ (Information about activities of business affecting the society):* ഒരു ബിസിനസ് സ്ഥാപനത്തിന്റെ നിർണയിക്കാനും വിവരിക്കാനും അളക്കുവാനും കഴിയുന്നതും സമൂഹത്തെ ബാധിക്കുന്നതുമായ പ്രവർത്തനങ്ങളെക്കുറിച്ച് റിപ്പോർട്ടുചെയ്യേണ്ടതുണ്ട്. ഇത് ബിസിനസ്സിന്റെ സാമൂഹിക ചുറ്റുപാടിൽ പ്രധാനപ്പെട്ടതാണ്.

6. *അക്കൗണ്ടിംഗ് നയങ്ങൾ വെളിപ്പെടുത്തുന്നു (Disclosing accounting policies):* അക്കൗണ്ടിംഗ് പ്രക്രിയയിൽ പിന്തുടരുന്ന പ്രധാനപ്പെട്ട നയങ്ങൾ, ആശയങ്ങൾ, സങ്കൽപ്പങ്ങൾ എന്നിവയും തൻ വർഷത്തിൽ അവയിൽ വരുത്തിയ മാറ്റങ്ങളും നല്ല രീതിയിൽ മനസ്സിലാക്കാൻ ധനകാര്യ പത്രികകൾ സഹായിക്കുന്നു.

## 3.4 വിവിധതരം ധനകാര്യപത്രികകൾ (Types of Financial Statements)

ധനകാര്യപത്രികകളിൽ പ്രധാനമായും രണ്ട് പത്രികകൾ ഉൾപ്പെടുന്നു: ബാക്കിപത്രവും (Balance sheet), ലാഭ-നഷ്ട പത്രികയും (Statement of profit and loss). ഇവ രണ്ടും ബാഹ്യ റിപ്പോർട്ടിംഗിനും മാനേജ്മെന്റിന് ആസൂത്രണം, തീരുമാനമെടുക്കൽ, നിയന്ത്രണം പോലെയുള്ള ആഭ്യന്തര ആവശ്യങ്ങൾ നിറവേറ്റുന്നതിനും ആവശ്യമാണ്. ഇതിനുപുറമെ, ഫണ്ടിന്റെ ചലനങ്ങളെയും കമ്പനിയുടെ സാമ്പത്തിക സ്ഥിതിയിലെ മാറ്റങ്ങളെയും കുറിച്ചും അറിയേണ്ടതുണ്ട്. ഇതിനുവേണ്ടി കമ്പനി സാമ്പത്തികസ്ഥിതി വ്യതിയാനപത്രിക (Statement of changes in Financial position) അല്ലെങ്കിൽ പണപ്രവാഹ പട്ടിക (Cash flow statement) തയാറാക്കുന്നു.

കമ്പനി നിയമം 2013 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കമ്പനികളും ആ നിയമത്തിലെ പുതുക്കിയ ഷെഡ്യൂൾ III ൽ നിർദേശിച്ചിട്ടുള്ള രീതി അനുസരിച്ച് ലാഭനഷ്ടപത്രിക, ബാക്കിപത്രം, അക്കൗണ്ട് കുറിപ്പ് എന്നിവ, അക്കൗണ്ടിങ് മാനദണ്ഡങ്ങൾ പ്രകാരമുള്ള വെളിപ്പെടുത്തലിന് യോജിക്കുന്നതും പുതിയ പരിഷ്കാരങ്ങളുമായി ഒത്തുചേരുന്നതുമായ രീതിയിൽ തയാറാക്കണം. ഇക്കാര്യത്തിൽ, കോർപ്പറേറ്റ് കാര്യ മന്ത്രാലയം (MCA), കമ്പനി നിയമം, 1956 ൽ (28.02.2011 ലെ അറിയിപ്പ് നോട്ടീസ്) ഒരു ഷെഡ്യൂൾ VI (പരിഷ്കരിച്ച) നിർദേശിച്ചു. അത് 2011 ഏപ്രിൽ 1 മുതലോ അതിന് ശേഷമോ ആരംഭിക്കുന്ന എല്ലാ സാമ്പത്തിക കാലയളവിലും ഇന്ത്യൻ കമ്പനികൾ തയാറാക്കുന്ന സാമ്പത്തിക പത്രികകൾക്ക് ബാധകമാക്കി.

**20..... മാർച്ച് 31 ലെ ബാക്കിപത്രം**

| വിവരണങ്ങൾ | നോട്ട് നമ്പർ | നിലവിലെ റിപ്പോർട്ടിങ് കാലയളവിലെ വർഷാന്ത്യ തുക | മുമ്പത്തെ റിപ്പോർട്ടിങ് കാലയളവിലെ വർഷാന്ത്യ തുക |
|---|---|---|---|
| **I. ഇക്വിറ്റി ആൻഡ് ലയബിലിറ്റീസ്** | | | |
| 1) ഷെയർ ഹോൾഡേഴ്സ് ഫണ്ട് | | | |
| (a) ഷെയർ ക്യാപ്പിറ്റൽ | | | |
| (b) റിസർവ് ആൻഡ് സർപ്ലസ് | | | |
| (c) മണി റിസീവ്ഡ് എഗെൻസ്റ്റ് ഷെയർ വാറണ്ട്സ് | | | |
| 2) ഷെയർ ആപ്ലിക്കേഷൻ മണി പെൻഡിങ് അലോട്ട്മെന്റ് | | | |
| 3) നോൺ കറന്റ് ലയബിലിറ്റീസ് | | | |
| (a) ലോങ് ടേം ബോറോവിങ്സ് | | | |
| (b) ഡഫേർഡ് ടാക്സ് ലയബിലിറ്റീസ് (നെറ്റ്) | | | |
| (c) അദർ ലോങ് ടേം ലയബിലിറ്റീസ് | | | |
| (d) ലോങ് ടേം പ്രൊവിഷൻസ് | | | |
| 4) കറന്റ് ലയബിലിറ്റീസ് | | | |
| (a) ഷോർട് ടേം ബോറോവിങ്സ് | | | |
| (b) ട്രേഡ് പേയബിൾസ് | | | |
| (c) അദർ കറന്റ് ലയബിലിറ്റീസ് | | | |
| (d) ഷോർട് ടേം പ്രൊവിഷൻസ് | | | |
| **ആകെ** | | | |

| | | | |
|---|---|---|---|
| **II. അസറ്റ്സ്** | | | |
| 1) നോൺ കറന്റ് അസറ്റ്സ് | | | |
| (a) ഫിക്സഡ് അസറ്റ്സ് | | | |
| (i) ടാൻജിബിൾ അസറ്റ്സ് | | | |
| (ii) ഇൻടാൻജിബിൾ അസറ്റ്സ് | | | |
| (iii) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് | | | |
| (iv) ഇൻടാൻജിബിൾ അസറ്റ്സ് അണ്ടർ ഡെവലപ്പ്മെന്റ് | | | |
| (b) നോൺ കറന്റ് ഇൻവെസ്റ്റ്മെന്റ് | | | |
| (c) ഡിഫേർഡ് ടാക്സ് അസറ്റ്സ് | | | |
| (d) ലോങ് ടേം ലോൺസ് ആൻഡ് അഡ്വാൻസസ് | | | |
| (e) അദർ നോൺ കറന്റ് അസറ്റ്സ് | | | |
| 2) കറന്റ് അസറ്റ്സ് | | | |
| (a) കറന്റ് ഇൻവെസ്റ്റ്മെന്റ് | | | |
| (b) ഇൻവെന്ററീസ് | | | |
| (c) ട്രേഡ് റിസീവബിൾസ് | | | |
| (d) ക്യാഷ് ആൻഡ് ക്യാഷ് ഇക്വലൻസ് | | | |
| (e) ഷോർട്ട്ടേം ലോൺസ് ആൻഡ് അഡ്വാൻസസ് | | | |
| (f) അദർ കറന്റ് അസറ്റ്സ് | | | |
| **ആകെ** | | | |
| സാമ്പത്തിക പത്രികകളോടൊപ്പം ഉള്ള കുറിപ്പുകൾ നോക്കുക. **കുറിപ്പ്:** | | | |

**ചിത്രം 3.1 :** ബാക്കി പത്രത്തിന്റെ ലംബമാതൃക

***അവതരണത്തിന്റെ പ്രധാന സവിശേഷതകൾ***

1. 2011 ഏപ്രിൽ 1 നോ അതിനുശേഷമോ ധനകാര്യ പത്രികകൾ തയാറാക്കുന്ന എല്ലാ ഇന്ത്യൻ കമ്പനികൾക്കും ഇത് ബാധകമാണ്.
2. ഇത് (i) ഇൻഷുറൻസ് അല്ലെങ്കിൽ ബാങ്കിങ് കമ്പനി (ii) മറ്റേതെങ്കിലും നിയമം പ്രകാരം ബാക്കിപത്രത്തിനും വരുമാന പത്രികയ്ക്കും കൃത്യമായ മാതൃക നൽകിയിട്ടുള്ള കമ്പനികൾ എന്നിവയ്ക്ക് ബാധകമല്ല.
3. 2013 കമ്പനി നിയമം ഷെഡ്യൂൾ III ന് മുകളിൽ അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾ നിലനിൽക്കും.
4. ധനകാര്യ പത്രികകളിൽ ഉള്ള വെളിപ്പെടുത്തലുകളും കുറിപ്പുകളും അത്യാവശ്യവും നിർബന്ധിതവുമാണ്.

5. പരിഷ്ക്കരിച്ച ഷെഡ്യൂൾ IIIലുള്ള പദങ്ങൾ ബാധകമായ അക്കൗണ്ടിംഗ് മാനദ ണ്ഡങ്ങൾ നിർദേശിക്കുന്ന അർഥം ഉൾക്കൊള്ളേണ്ടതാണ്.
6. പ്രധാനപ്പെട്ട വിവരങ്ങൾ നൽകാത്തതും സാമ്പത്തിക പത്രികകളുടെ ഉപയോ ക്താക്കളെ സഹായിക്കാത്ത അമിതമായ വിശദാംശങ്ങളും തമ്മിൽ സന്തുലനം നിലനിർത്തണം.
7. ആസ്തികളുടെയും ബാധ്യതകളുടെയും കറന്റ്, നോൺ കറന്റ് വേർതിരിക്കൽ ബാധകമാണ്.

**ബോക്സ് 1**

**ധനകാര്യ പത്രികകളുടെ അവതരണത്തിൽ സംഖ്യകൾ റൗണ്ട് ഓഫ് ചെയ്യുന്നതിനുള്ള വ്യവസ്ഥ.**

ധനകാര്യ പത്രികകളിൽ റിപ്പോർട്ടു ചെയ്യുന്ന കണക്കുകൾ റൗണ്ട് ഓഫ് ചെയ്യുന്നത് വിറ്റുവരവിന്റെ വലുപ്പം അനുസരിച്ചാണ്:

1. വിറ്റുവരവ് < 100 കോടി: അടുത്ത നൂറ്, ആയിരം, ലക്ഷം, ദശലക്ഷം അല്ലെങ്കിൽ ദശാംശം.
2. വിറ്റുവരവ് > 100 കോടി: അടുത്ത ലക്ഷം, ദശലക്ഷം അല്ലെങ്കിൽ ദശാംശം.

8. റൗണ്ടിങ് ഓഫ് ആവശ്യകത നിർബന്ധമാണ് (ബോക്സ് 1 കാണുക).
9. സാമ്പത്തിക പത്രികയുടെ അവതരണത്തിനു ലംബ രൂപരേഖ നിർദേശി ച്ചിരിക്കുന്നു (ചിത്രം 3.1).
10. ലാഭനഷ്ട പത്രികയിലെ ഡെബിറ്റ് ബാലൻസ് 'സർപ്ലസ്' എന്ന തലകെട്ടിൽ നെഗറ്റീവ്തുക ആയി വെളിപ്പെടുത്തണം.
11. ഷെയർ ആപ്ലിക്കേഷൻ മണി പെൻഡിങ് അലോട്ട്മെന്റിന് നിർബന്ധിത വെളിപ്പെടു ത്തൽ വേണം.
12. സൺട്രി ഡെബ്റ്റേഴ്സ്, സൺട്രി ക്രെഡിറ്റേഴ്സ് എന്നിവയ്ക്ക് പകരമായി ട്രേഡ് റിസീവബിൾസ്, ട്രേഡ് പേയബിൾസ് എന്നീ പദങ്ങൾ മാറ്റി ഉപയോഗിച്ചു.

### ഓഹരിയുടമകളുടെ ഫണ്ട് (Shareholders Fund)

ഓഹരി ഉടമകളുടെ ഫണ്ടുകൾ ബാക്കിപത്രത്തിൽ ഇപ്രകാരം ഉപവിഭാഗം നടത്തിയിരിക്കുന്നു.

a) ഓഹരി മൂലധനം (Share Capital)
b) കരുതൽ പണവും മിച്ചവും (Reserves and Surplus)
c) ഷെയർ വാറന്റിന് ലഭിച്ച തുക (Money received against Share Warrants)

### ഓഹരി മൂലധനം (Share Capital)

ഓഹരി മൂലധനം സംബന്ധിച്ച വെളിപ്പെടുത്തലുകൾ അക്കൗണ്ട് കുറിപ്പുകളിൽ നൽകേണ്ടതാണ്. താഴെ പറയുന്ന കൂട്ടിച്ചേർക്കലുകൾ/മാറ്റങ്ങൾ പ്രധാനപ്പെട്ടതാണ്:

a) ഓഹരികളുടെ ഓരോ വിഭാഗത്തിലും, റിപ്പോർട്ടിംഗ് കാലയളവിന്റെ ആരംഭത്തിലും അവസാനത്തിലും ബാക്കിയുള്ള ഓഹരികളുടെ എണ്ണത്തിന് അംഗീകാരം ആവശ്യമാണ്.

b) ലാഭവിഹിതവിതരണം, മൂലധനംതിരിച്ചടവ് എന്നിവ ഉൾപ്പെടെ ഓരോ വിഭാഗം ഓഹരികളിലും ഉൾപ്പെടുത്തിയിട്ടുള്ള അവകാശങ്ങളും മുൻഗണനകളും നിയന്ത്രണങ്ങളും.

c) കമ്പനിയുടെ ആത്യന്തിക ഉടമസ്ഥരെ സംബന്ധിച്ച് വ്യക്തത കൊണ്ടുവരുന്നതിന്

   i) ഒരു കമ്പനിയുടെ ഹോൾഡിംഗ് കമ്പനി അല്ലെങ്കിൽ ആത്യന്തിക ഹോൾഡിംഗ് കമ്പനി, അവയുടെ സബ്സിഡിയറികളോ അസോസിയേറ്റുകളോ ഉൾപ്പെടെ കൈവശം വച്ചിട്ടുള്ള ഓരോ വിഭാഗത്തിലും ഉൾപ്പെട്ട ഓഹരികളുടെ വെളിപ്പെടുത്തൽ.

   ii) 5% ത്തിൽ അധികം ഓഹരികൾ കൈവശമുള്ള ഓരോ ഓഹരിയുടമയും കൈവശം വച്ചിട്ടുള്ള കമ്പനിയുടെ ഓഹരികളുടെ എണ്ണം വ്യക്തമാക്കുന്ന വെളിപ്പെടുത്തൽ.

   iii) ബാലൻസ് ഷീറ്റ് തിയതിക്ക് മുമ്പുള്ള 5 വർഷത്തെ താഴെ പറയുന്നവയുടെ വെളിപ്പെടുത്തൽ.

   - പണമായി ലഭിക്കാത്തതും കരാറുകൾക്ക് അനുസൃതമായി പൂർണമായും അടച്ചുതീർത്തതായി അനുവദിച്ച ഓഹരികളുടെ തരവും മൊത്തം എണ്ണവും.
   - പൂർണമായും അടച്ചുതീർത്ത രീതിയിൽ ബോണസ് ഓഹരികളായി അനുവദിച്ച ഓഹരികളുടെ തരവും മൊത്തം എണ്ണവും.
   - തിരികെ വാങ്ങിച്ച ഓഹരികളുടെ തരവും മൊത്തം എണ്ണവും.

ധനകാര്യ പത്രികകളുടെ മുഖഭാഗത്ത് ഓഹരിയുടമകളുടെ ഫണ്ടുകളെ സംബന്ധിച്ചുള്ള സ്പഷ്ടവും പ്രസക്തവുമായ ഇനങ്ങൾ മാത്രമാണ് അവതരിപ്പിക്കപ്പെടുന്നതെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മറ്റ് വിശദാംശങ്ങൾ അക്കൗണ്ട് കുറിപ്പുകളായി നൽകിയിരിക്കുന്നു.

d) ഓഹരി മൂലധനത്തിന്റെ ഓരോ വിഭാഗത്തിനും:

   i) അംഗീകരിച്ച ഓഹരികളുടെ തുകയും എണ്ണവും.

   ii) പുറപ്പെടുവിച്ചതും, വാങ്ങിയതും പൂർണമായും അടച്ചതുതീർത്തതും, വാങ്ങിയതും പൂർണമായും അടച്ചുതീർക്കാത്തതുമായ ഓഹരികളുടെ എണ്ണം.

   iii) ഓഹരികളുടെ മുഖവില

   iv) അക്കൗണ്ടിംഗ് കാലയളവിന്റെ ആരംഭത്തിലും അവസാനത്തിലും ഉള്ള ഓഹരികളുടെ പൊരുത്തപ്പെടുത്തൽ.

v) ലാഭവിഹിതവിതരണം, മൂലധനതിരിച്ചടവ് എന്നിവ ഉൾപ്പെടെ ഓരോ വിഭാഗം ഓഹരികളുമായി ബന്ധപ്പെട്ട അവകാശങ്ങളും മുൻഗണനകളും നിയന്ത്രണങ്ങളും.

vi) ഒരു കമ്പനിയുടെ ഹോൾഡിംഗ്കമ്പനി അല്ലെങ്കിൽ ആത്യന്തിക ഹോൾ ഡിംഗ്കമ്പനി അവയുടെ സബ്സിഡിയറികളോ അസോസിയേറ്റുകളോ ഉൾപ്പെടെ കൈവശംവച്ചിട്ടുള്ള ഓരോ വിഭാഗത്തിലും ഉൾപ്പെട്ട മൊത്തം ഓഹരികളുടെ വെളിപ്പെടുത്തൽ.

vii) ഓപ്ഷനുകൾക്കും കരാറുകൾക്കും വേണ്ടി കരുതിവച്ച ഓഹരികളും/ ഓഹരി വിറ്റഴിക്കലിന്റെ/വിൽപ്പനയ്ക്കായി സമർപ്പിക്കേണ്ടതുമായ ഓഹരികളും ഒപ്പം അതിന്റെ നിബന്ധനകളും തുകയും.

viii) ബാക്കിപത്രം തയാറാക്കിയ തീയതിക്ക് തൊട്ടുമുമ്പുള്ള 5 വർഷത്തെ:

(a) ഓപ്ഷനുകൾക്കും കരാറുകൾക്കും വേണ്ടി കരുതിവച്ച ഓഹരികൾ

(b) തിരികെവാങ്ങിച്ച ഓഹരികളുടെ തരവും മൊത്തം എണ്ണവും.

(c) ബോണസ് ഓഹരികളായും പണത്തിനുവേണ്ടിയല്ലാതെയും അനുവദിച്ച ഓഹരികളുടെ എണ്ണവും തരവും.

ix) വരാനിരിക്കുന്ന ക്രമത്തിൽ പരിവർത്തനത്തിന്റെ ആദ്യ തീയതിയോ ടൊപ്പം പുറപ്പെടുവിച്ച, സാധാരണ മുൻഗണനയോഹരികളായി പരി വർത്തനം ചെയ്യാവുന്ന ഏതെങ്കിലും സെക്യൂരിറ്റികളുടെ നിബന്ധനകൾ.

x) പണമടയ്ക്കാത്ത കോളുകൾ (മൊത്തം).

xi) കണ്ടുകെട്ടിയ ഓഹരികൾ (യഥാർഥത്തിൽ പണം നൽകിയത്)

## കരുതൽ ധനവും മിച്ചവും (Reserve and Surplus)

കരുതൽ ധനത്തെയും മിച്ചത്തെയും ഇങ്ങനെ വർഗീകരിക്കേണ്ടതാണ്

i) ക്യാപ്പിറ്റൽ റിസർവ്

ii) ക്യാപ്പിറ്റൽ റിഡംപ്ഷൻ റിസർവ്

iii) സെക്യൂരിറ്റീസ് പ്രീമിയം റിസർവ്

iv) ഡിബഞ്ചർ റിഡംപ്ഷൻ റിസർവ്

v) റീവാല്യുവേഷൻ റിസർവ്

vi) ഷെയർ ഓപ്ഷൻ ഔട്ട്സ്റ്റാന്റിങ് അക്കൗണ്ട്

vii) അദർ റിസർവ് (സ്വഭാവവും ഉദ്ദേശ്യവും വ്യക്തമാക്കുക)

viii) സർപ്ലസ് (മിച്ചം): ലാഭനഷ്ട പത്രികയിലെ ബാക്കി: ലാഭവിഹിതം, ബോണസ് ഓഹരികൾ, കരുതൽ പണത്തിലേക്കും അതിൽ നിന്നുമുള്ള കൈമാറ്റം എന്നിവ യുടേതും ഉൾപ്പെടെ ലാഭത്തിന്റെ വിഭജനവും വിതരണവും സംബന്ധിച്ച വെളിപ്പെ ടുത്തൽ.

കരുതൽധനം, മിച്ചം എന്നിവ വെളിപ്പെടുത്തുന്നതിനെ സംബന്ധിച്ച പ്രസക്തമായ കൂട്ടിച്ചേർക്കലുകൾ/മാറ്റങ്ങൾ താഴെ ചേർക്കുന്നു.

a) പ്രത്യേകം സൂചിപ്പിച്ചിട്ടുള്ള നിക്ഷേപം വഴി പ്രതിനിധാനം ചെയ്യുന്ന കരുതൽ ധനത്തെ 'ഫണ്ട്' എന്നറിയപ്പെടുന്നു.
b) ലാഭ-നഷ്ട പത്രികയിലെ ഡെബിറ്റ് ബാലൻസിനെ മിച്ചം എന്ന ശീർഷകത്തിൽ നെഗറ്റീവ് തുകയായി കാണിക്കും.
c) മിച്ചത്തിൽ നെഗറ്റീവ് ബാലൻസ് ഉണ്ടെങ്കിൽ അതിനെ കരുതൽമിച്ചം അക്കൗണ്ടിൽ ക്രമീകരിക്കുകയും ശേഷമുള്ള തുക നെഗറ്റീവാണെങ്കിലും 'കരുതലും മിച്ചവും' എന്ന ശീർഷകത്തിൽ കാണിക്കേണ്ടതുമാണ്.
d) ഷെയർ ഓപ്ഷൻ ഔട്ട്സ്റ്റാന്റിങ് അക്കൗണ്ടിനെ പ്രത്യേക ഇനമായി രേഖപ്പെടുത്തണം. തൊഴിലാളി ഓഹരിയധിഷ്ഠിത അടവിനുമേൽ (Employee share based payments) ICAI നൽകിയ നിർദേശക കുറിപ്പിൽ ഷെയർ ഓപ്ഷൻ ഔട്ട്സ്റ്റാന്റിങ് അക്കൗണ്ടിലെ ക്രെഡിറ്റ് ബാലൻസിനെ ബാക്കിപത്രത്തിൽ ഓഹരിമൂലധനത്തിനും (Share capital), കരുതൽ പണത്തിനും മിച്ചത്തിനും (Reserve and surplus) ഇടയിൽ ഓഹരിയുടമകളുടെ ഫണ്ടായി പ്രത്യേക ശീർഷകത്തിൽ വെളിപ്പെടുത്തണം.

## ഷെയർ വാറന്റിന് ലഭിച്ച പണം (Money Received against share warrants)

ഷെയർ വാറന്റിന് ലഭിച്ച പണത്തെയും ഓഹരിയുടമകളുടെ ഫണ്ടിന് കീഴിൽ പ്രത്യേക ഇനമായി രേഖപ്പെടുത്തണം.

***നിർധാരണം 1***

ദിനകർ ലിമിറ്റഡിന്റെ അംഗീകൃത മൂലധനം 100 രൂപ ഇക്വിറ്റി ഓഹരികളായി വിഭജിച്ച 50,00,000 രൂപയാണ്. കമ്പനി 40,000 ഓഹരികൾക്ക് അപേക്ഷ ക്ഷണിക്കുകയും 36,000 ഓഹരികൾക്കുള്ള അപേക്ഷകൾ ലഭിക്കുകയും ചെയ്യുന്നു. എല്ലാ കോളുകളും നടത്തുകയും 500 ഓഹരിയുടെ അവസാന കോൾ തുകയായ 20 രൂപ ഒഴികെ പണം ലഭിക്കുകയും ചെയ്തു. കമ്പനി അവസാന കോൾ തുക കിട്ടാത്ത 200 ഓഹരികൾ കണ്ടുകെട്ടുന്ന കമ്പനിയുടെ ബാക്കിപത്രത്തിൽ ഓഹരി മൂലധനം എങ്ങനെയാണ് രേഖപ്പെടുത്തുകയെന്ന് കാണിക്കുക. കൂടാതെ അക്കൗണ്ട് കുറിപ്പുകളും തയാറാക്കുക.

***ഉത്തരം***

**ദിനകർ ലിമിറ്റഡിന്റെ ബുക്ക്**
**..................ലെ ബാക്കിപത്രം**

| വിവരണങ്ങൾ | നോട്ട് നമ്പർ | തുക (രൂപ) |
|---|---|---|
| **I. ഇക്വിറ്റി ആൻഡ് ലയബിലിറ്റീസ്** | | |
| 1. ഷെയർ ഹോൾഡേഴ്സ് ഫണ്ട് | | |
| a) ഷെയർ ക്യാപ്പിറ്റൽ | 1 | **35,90,000** |

അക്കൗണ്ട് കുറിപ്പുകൾ

| വിവരണങ്ങൾ | തുക (രൂപ) | തുക (രൂപ) |
|---|---|---|
| 1. ഷെയർ ക്യാപ്പിറ്റൽ | | |
| അംഗീകൃത ഓഹരി മൂലധനം | | |
| 100 രൂപയുടെ 50,000 ഓഹരികൾ | | 50,00,000 |
| ഇറക്കിയ മൂലധനം | | |
| 100 രൂപയുടെ 40,000 ഓഹരികൾ | | 40,00,000 |
| വാങ്ങിയതും പൂർണമായും അടച്ചതുമായ മൂലധനം | | |
| 100 രൂപയുടെ 35,500 ഓഹരികൾ. | | 35,50,000 |
| വാങ്ങിയതും പൂർണമായും അടച്ചുതീർക്കാത്ത-തുമായ മൂലധനം | | |
| 100 രൂപയുടെ 300 ഓഹരികൾ | 30,000 | |
| (-) കോൾ കുടിശ്ശിക (300 × 20) | (6,000) | |
| | 24,000 | |
| (+) ഷെയർ ഫൊർഫീറ്റഡ് അക്കൗണ്ട് | 16,000 | 40,000 |
| (200 ഓഹരികൾ Rs. 80) | | **35,90,000** |

## കറന്റ്, നോൺ കറന്റ് വർഗീകരണം (Current and Non-current Classification)

ആസ്തികളും ബാധ്യതകളും കറന്റ്, നോൺ കറന്റ് എന്നിവ അനുസരിച്ച് തരംതിരിച്ച ബാക്കിപത്രം നാം പരിചയപ്പെട്ടു. നോൺ കറന്റ് ആസ്തികൾ, നോൺ കറന്റ് ബാധ്യതകൾ എന്നീ ശേഷിക്കുന്ന ഇനങ്ങളോടൊപ്പം കറന്റ് ആസ്തികളെയും ബാധ്യതകളെയും നിർവചിക്കാനുള്ള മാനദണ്ഡങ്ങൾ ചുവടെ വ്യക്തമാക്കുന്നു.

## കറന്റ്, നോൺ കറന്റ് വ്യത്യാസങ്ങൾ

ഒരു ഇനം കറന്റായി തരംതിരിക്കുന്നത് ഇപ്രകാരമാണ്:

- അത് സ്ഥാപനത്തിന്റെ പ്രവർത്തനചക്രത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ,
- പന്ത്രണ്ട് മാസത്തിനുള്ളിൽ പണമായി മാറ്റാമെന്ന്/തീർപ്പാക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ
- ഇത് പ്രാഥമികമായി വ്യാപാരത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ,
- ഇത് പണമോ പണതുല്യ ആസ്തികളോ ആണെങ്കിൽ,
- റിപ്പോർട്ട് കാലയളവ് കഴിഞ്ഞ് കുറഞ്ഞത് 12 മാസത്തെ ബാധ്യത തീർപ്പാക്കുന്നത് നിർത്തിവയ്ക്കാൻ സ്ഥാപനത്തിന് വ്യവസ്ഥയില്ലാത്ത അവകാശങ്ങളില്ലെങ്കിൽ, മറ്റ് ആസ്തികളും ബാധ്യതകളും നോൺ കറന്റാണ്.

***നിർധാരണം 2***

താഴെ തന്നിരിക്കുന്ന ഇനങ്ങളെ 2017 മാർച്ച് 31ന്റെ അംബ ലിമിറ്റഡിന്റെ ബാക്കിപത്രത്തിൽ കാണിക്കുക.

| | രൂപ |
|---|---|
| 8% ഡിബഞ്ചേഴ്സ് | 10,00,000 |
| ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ | 50,00,000 |
| സെക്യൂരിറ്റീസ് പ്രീമിയം | 20,000 |
| പ്രിലിമിനറി എക്സ്പെൻസസ് | 40,000 |
| സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് ആൻഡ് ലോസ് (cr.) | 1,50,000 |
| ഡിസ്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചേഴ്സ് | 40,000 |
| (അടുത്ത 4 വർഷത്തിൽ എഴുതിത്തള്ളേണ്ട തുക) | |
| ലൂസ് ടൂൾസ് | 20,000 |
| ബാങ്ക് ബാലൻസ് | 60,000 |
| ക്യാഷ് ഇൻ ഹാൻഡ് | 38,000 |

***ഉത്തരം***

**അംബ ലിമിറ്റഡിന്റെ ബുക്ക്**
**2017 മാർച്ച് 31ലെ ബാക്കിപത്രം**

| വിവരണങ്ങൾ | നോട്ട് നമ്പർ | തുക (രൂപ) |
|---|---|---|
| **I. ഇക്വിറ്റി ആൻഡ് ലയബിലിറ്റീസ്** | | |
| 1. ഷെയർ ഹോൾഡേഴ്സ് ഫണ്ട് | | |
| a) ഷെയർ ക്യാപ്പിറ്റൽ | | 50,00,000 |
| b) റിസർവ് ആൻഡ് സർപ്ലസ് | 1 | 1,30,000 |
| 2. നോൺ കറന്റ് ലയബിലിറ്റീസ് | | |
| a) ലോങ് ടേം ബോറോവിങ്സ് | 2 | 10,00,000 |
| **II. അസറ്റ്സ്** | | |
| 1. നോൺ കറന്റ് അസറ്റ്സ് | | |
| a) അദർ നോൺ കറന്റ് അസറ്റ്സ് | 3 | 30,000 |
| 2. കറന്റ് അസറ്റ്സ് | | |
| a) ഇൻവെന്ററീസ് | 4 | 20,000 |
| b) ക്യാഷ് ആൻഡ് ക്യാഷ് ഇക്വലെൻസ് | 5 | 98,000 |
| c) അദർ കറന്റ് അസറ്റ്സ് | 6 | 10,000 |

* പ്രസക്തമായ ഇനങ്ങൾ മാത്രം

അക്കൗണ്ട് കുറിപ്പുകൾ

| വിവരണങ്ങൾ | തുക (രൂപ) | തുക (രൂപ) |
|---|---|---|
| 1. റിസർവ് ആൻഡ് സർപ്ലസ് | | |
| സെക്യൂരിറ്റീസ് പ്രീമിയം 20,000 | | |
| (–) പ്രിലിമിനറി എക്സ്പെൻസസ് (40,000) | | |
| | **(20,000)** | |
| സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് ആൻഡ് ലോസ് | 1,50,000 | **1,30,000** |
| 2. ലോങ് ടേം ബോറോവിങ്സ് | | |
| 8% ഡിബഞ്ചേഴ്സ് | | 10,00,000 |
| 3. അദർ നോൺ കറന്റ് അസറ്റ്സ് | | |
| ഡിസ്കൗണ്ട് ഓൺ ഇഷ്യു ഓഫ് 8% | | |
| ഡിബഞ്ചേഴ്സ് (40,000 രൂപയുടെ ¾ ഭാഗം) | | 30,000 |
| 4. ഇൻവെന്ററി | | |
| ലൂസ് ടൂൾസ് | | 20,000 |
| 5. ക്യാഷ് ആൻഡ് ക്യാഷ് ഇക്വലെൻസ് | | |
| ബാങ്ക് ബാലൻസ് | 60,000 | |
| ക്യാഷ് ഇൻ ഹാൻഡ് | 38,000 | **98,000** |
| 6. അദർ കറന്റ് അസറ്റ്സ് | | |
| ഡിസ്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് | | |
| 8% ഡിബഞ്ചേഴ്സ് (40,000 രൂപയുടെ ¼ ഭാഗം) | | **10,000** |

**പ്രധാന പോയിന്റുകൾ:**

- പ്രാഥമികച്ചെലവുകൾ അവ ഉണ്ടായ വർഷം തന്നെ പൂർണമായും എഴുതിത്തള്ളേണ്ടതാണ്. അവ എഴുതിത്തള്ളേണ്ടത് ആദ്യം സെക്യൂരിറ്റി പ്രീമിയത്തിൽ നിന്നും ബാക്കി ഉണ്ടെങ്കിൽ ലാഭ-നഷ്ട പത്രികയിൽ നിന്നുമാണ്.
- ഡിസ്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചേഴ്സ് പോലുള്ള കടമെടുക്കൽ ചെലവ് വായ്പയുടെ കാലയളവിൽ തന്നെ എഴുതിത്തള്ളേണ്ടതാണ്.

## ഷെയർ ആപ്ലിക്കേഷൻ മണി പെന്റിങ് അലോട്ട്മെന്റ് (Share application money pending allotment)

ഇറക്കിയ മൂലധനത്തിൽ അധികമാകാത്ത ഷെയർ ആപ്ലിക്കേഷൻ തുകയും തിരിച്ചുകൊടുക്കേണ്ടാത്ത ഭാഗവും നോൺ കറന്റായി തരംതിരിക്കാം. ഇതിനെ

ബാക്കിപത്രത്തിൽ ഷെയർ ആപ്ലിക്കേഷൻ മണി പെന്റിങ് അലോട്ട്മെന്റ് എന്ന് കാണിക്കുന്നു.

## വായ്പകൾ (Borrowings)

മൊത്തം വായ്പകളെ ദീർഘകാല വായ്പകൾ, ഹ്രസ്വകാല വായ്പകൾ, നിലവിൽ കാലാവധിയായ ദീർഘകാല വായ്പകൾ എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.

(i) പന്ത്രണ്ട് മാസത്തിന്/പ്രവർത്തന കാലയളവിന് ശേഷം തിരിച്ചടയ്ക്കുന്ന വായ്പകളെ ബാക്കിപത്രത്തിൽ ദീർഘകാല വായ്പകളായി തരംതിരിക്കുന്നു.

(ii) ആവശ്യപ്പെടുമ്പോൾ തിരിച്ചടയ്ക്കാൻ കഴിയുന്ന വായ്പകളും അല്ലെങ്കിൽ യഥാർഥ കാലാവധി പന്ത്രണ്ട് മാസത്തിൽ/പ്രവർത്തന കാലയളവിൽ കൂടുതലല്ലെങ്കിൽ അവയെ ഹ്രസ്വകാല വായ്പകളായി ബാക്കിപത്രത്തിൽ തരംതിരിക്കുന്നു.

(iii) നിലവിൽ കാലാവധിയായ ദീർഘകാല വായ്പയിൽ, മറ്റ് കറന്റ് ബാധ്യതകളിലെ പന്ത്രണ്ട് മാസത്തിൽ/പ്രവർത്തന ചക്രത്തിൽ തിരിച്ചടയ്ക്കേണ്ടുന്ന തുകകൾ അക്കൗണ്ട് കുറിപ്പോടെ ഉൾപ്പെടുന്നു.

## നീട്ടിവച്ച നികുതി ആസ്തികളും ബാധ്യതകളും (Deferred tax assets/liabilities)

ഇത് IAS -1 ന് വിധേയവും, എല്ലായ്പോഴും നോൺ കറന്റുമാണ്.

## ട്രേഡ് പേയബിൾസ് (Trade payables)

വ്യാപാര വായ്പക്കാർക്ക് പകരം ട്രേഡ് പേയബിൾസ് എന്ന പദം മാറ്റി സ്ഥാപിക്കപ്പെടുകയും അവയെ കറന്റ്, നോൺ കറന്റ് എന്നിങ്ങനെ തരംതിരിക്കുകയും ചെയ്തു. ബാക്കിപത്രത്തിന്റെ തീയതി മുതൽ 12 മാസങ്ങൾക്കോ അല്ലെങ്കിൽ പ്രവർത്തന കാലയളവിന് ശേഷമോ അടയ്ക്കേണ്ടുന്ന ട്രേഡ് പേയബിൾസിനെ അക്കൗണ്ട് കുറിപ്പോടെ (നോട്ട്സ് ടു അക്കൗണ്ട്) 'മറ്റു ദീർഘകാല ബാധ്യതകൾ' ആയി തരംതിരിക്കുന്നു. ഉദാഹരണത്തിന്, ബിസിനസ് സാധാരണ ഗതിയിൽ ചരക്കുകളും സേവനങ്ങളും വാങ്ങുന്നത്. ട്രേഡ് പേയബിൾസിന്റെ ബാക്കി ബാലൻസ് ഷീറ്റിൽ കറന്റ് ബാധ്യതയായി തരംതിരിക്കുന്നു.

## വകയിരുത്തൽ (Provisions)

ബാക്കിപത്രത്തിന്റെ തീയതിയിൽ നിന്ന് 12 മാസത്തിനുള്ളിലോ അല്ലെങ്കിൽ വകയിരുത്തൽ അംഗീകരിച്ച തീയതി മുതലുള്ള പ്രവർത്തന കാലയളവിലോ തീർപ്പാക്കപ്പെട്ട വകയിരുത്തൽ ഹ്രസ്വകാല വകയിരുത്തലുകളായി തരംതിരിക്കുകയും ബാക്കിപത്രത്തിൽ കറന്റ് ബാധ്യതകളിൽ കാണിക്കുകയും ചെയ്യുന്നു. മറ്റുള്ളവയെ നോൺകറന്റ് ബാധ്യതകളിൽ ദീർഘകാലവകയിരുത്തലുകളായി ബാക്കിപത്രത്തിൽ കാണിക്കുന്നു.

## സ്ഥിര ആസ്തികൾ (Fixed assets)

സ്ഥിര ആസ്തികളുടെ രേഖപ്പെടുത്തലിൽ യാതൊരു മാറ്റവുമില്ല. ദൃശ്യവും അദൃശ്യവുമായ രണ്ട് ആസ്തികളും നോൺ കറന്റാണ്. ആസ്തിയുടെ ഉപയോഗപ്രദമായ കാലയളവ് 12 മാസത്തിൽ കുറവാണെങ്കിലും അത് നോൺ കറന്റിൽ തന്നെ ഉൾപ്പെടും.

## നിക്ഷേപങ്ങൾ (Investments)

നിക്ഷേപങ്ങളെയും കറന്റ്, നോൺ കറന്റ് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. 12 മാസത്തിനുള്ളിൽ തിരിച്ചെടുക്കാൻ പറ്റുന്ന നിക്ഷേപങ്ങൾ കറന്റ് ആസ്തികളിലെ കറന്റ് നിക്ഷേപമാണ്. മറ്റുള്ളവ നോൺ കറന്റ് ആസ്തികളിലെ നോൺ കറന്റ് നിക്ഷേപങ്ങളായി തിരിക്കുന്നു. എന്നിരുന്നാലും ബാക്കിപത്രത്തിൽ രണ്ടിനെയും കാണിക്കുന്നു.

## ഇൻവെന്ററീസ് (Inventories)

എല്ലാ ഇൻവെന്ററികളെയും എല്ലായ്പ്പോഴും കറന്റായി കണക്കാക്കുന്നു.

## ട്രേഡ് റിസീവബിൾസ് (Trade receivables)

റിപ്പോർട്ട് ചെയ്ത തീയതി മുതൽ 12 മാസം കഴിഞ്ഞ് തിരിച്ചുകിട്ടിയതും അംഗീകരിച്ച തിയതി മുതലുള്ള പ്രവർത്തന കാലയളവിലെ ട്രേഡ് റിസീവബിൾസിനെയും 'മറ്റ് നോൺ കറന്റ് ആസ്തികളായി' അക്കൗണ്ട് കുറിപ്പോടെ നോൺ കറന്റ് ആസ്തികളിൽ തരംതിരിച്ചിരിക്കുന്നു. ഉദാഹരണത്തിന്, സാധാരണഗതിയിൽ ബിസിനസ്സിൽ ചരക്കുകളോ സേവനങ്ങളോ വിൽക്കുന്നത്. മറ്റുള്ളവയെ കറന്റ് ആസ്തികളായി തിരിച്ച് ബാക്കി പത്രത്തിൽ കാണിക്കുകയും ചെയ്യുന്നു.

## പണവും പണതുല്യ ആസ്തികളും (Cash and cash equivalent)

IAS -3 അനുസരിച്ച് പണത്തെയും പണതുല്യ ആസ്തികളെയും കറന്റായി കാണാവുന്നതാണ്. ഷെഡ്യൂൾ IIIന് മേൽ ASന് അധികാരം നൽകുകയും, IAS -3 അനുസരിച്ച് പണത്തെയും പണതുല്യ ആസ്തികളെയും വെളിപ്പെടുത്തുകയും ചെയ്യുന്നു.

### *നിർധാരണം 3*

താഴെ തന്നിരിക്കുന്ന ഇനങ്ങളെ സൺഫിൽ ലിമിറ്റഡിന്റെ 2017 മാർച്ച് 31 ന്റെ ബാക്കി പത്രത്തിൽ കാണിക്കുക.

| വിവരണങ്ങൾ | തുക (രൂപ) |
|---|---|
| ജനറൽ റിസർവ് (2012 മാർച്ച് 31 മുതൽ)<br>2016-17-ലെ സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് ആൻഡ് ലോസ് (ഡെബിറ്റ് ബാലൻസ്) | 5,00,000<br>(3,00,000) |

***ഉത്തരം***

**സൺഫിൽ ലിമിറ്റഡിന്റെ ബുക്ക്**

**2017 മാർച്ച് 31ന്റെ ബാക്കിപത്രം**

| വിവരണങ്ങൾ | നോട്ട് നമ്പർ | മാർച്ച് 31 2017 (രൂപ) | മാർച്ച് 31 2016 (രൂപ) |
|---|---|---|---|
| **I. ഇക്വിറ്റി ആൻഡ് ലയബിലിറ്റീസ്**<br>1. ഷെയർ ഹോൾഡേഴ്സ് ഫണ്ട്<br>റിസർവ് ആൻഡ് സർപ്ലസ് | 1 | 2,00,000 | 5,00,000 |

**അക്കൗണ്ട്കുറിപ്പുകൾ**

| വിവരണങ്ങൾ | തുക (രൂപ) |
|---|---|
| 1. റിസർവ് ആൻഡ് സർപ്ലസ് | |
| ജനറൽ റിസർവ് (ഏപ്രിൽ 1, 2016) | 5,00,000 |
| (-) സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് ആൻഡ് ലോസ് (Dr.) | (3,00,000) |
| | **2,00,000** |

***നിർധാരണം 4***

താഴെ തന്നിരിക്കുന്ന ഇനങ്ങൾ അവ ലോൺ ലിമിറ്റഡിന്റെ 2017 മാർച്ച് 31 ന്റെ ബാക്കിപത്രത്തിൽ കാണിക്കുക.

| | രൂപ ലക്ഷത്തിൽ |
|---|---|
| ജനറൽ റിസർവ് ( 2016 മാർച്ച് 31 മുതൽ) | 5 |
| 2016-17-ലെ സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് ആൻഡ് ലോസ് (ഡെബിറ്റ് ബാലൻസ്) | (8) |

***ഉത്തരം***

**അവലോൺ ലിമിറ്റഡിന്റെ ബുക്ക്**

**2017 മാർച്ച് 31ന്റെ ബാക്കിപത്രം**

| വിവരണങ്ങൾ | നോട്ട് നമ്പർ | മാർച്ച് 31 2017 (രൂപ) |
|---|---|---|
| **I. ഇക്വിറ്റി ആൻഡ് ലയബിലിറ്റീസ്**<br>1. ഷെയർ ഹോൾഡേഴ്സ് ഫണ്ട്<br>a) റിസർവ് ആൻഡ് സർപ്ലസ് | 1 | (3,00,000) |

അക്കൗണ്ട് കുറിപ്പുകൾ

| വിവരണങ്ങൾ | തുക (രൂപ) |
|---|---|
| 1. റിസർവ് ആൻഡ് സർപ്ലസ് | |
| i) ജനറൽ റിസർവ് (ഏപ്രിൽ 1, 2012) | **5,00,000** |
| ii) (–) സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് ആൻഡ് ലോസ് | **(8,00,000)** |
| (Dr) | (3,00,000) |

***നിർധാരണം 5***

ആരുഷി ലിമിറ്റഡ് 100 രൂപയുടെ 5000, 10% കടപ്പത്രങ്ങൾ മുഖവിലയ്ക്ക് ഇറക്കുകയും 5 വർഷത്തിനുശേഷം 5% പ്രീമിയത്തോടെ വീണ്ടെടുക്കുകയും ചെയ്യും. ജേർണൽ എൻട്രികൾ എഴുതി കമ്പനിയുടെ ബാക്കിപത്രം തയാറാക്കുക.

***ഉത്തരം***

**ആരുഷി ലിമിറ്റഡിന്റെ ബുക്ക്**
**ജേർണൽ**

| തീയതി | വിവരണങ്ങൾ | എൽ എഫ് | ഡെബിറ്റ് (രൂപ) | ക്രെഡിറ്റ് (രൂപ) |
|---|---|---|---|---|
| | ബാങ്ക് അക്കൗണ്ട് Dr. | | 5,00,000 | |
| | To 10% ഡിബഞ്ചർ ആപ്ലിക്കേഷൻ ആൻഡ് അലോട്ട്മെന്റ് അക്കൗണ്ട് | | | 5,00,000 |
| | (അപേക്ഷത്തുക ലഭിച്ചു) | | | |
| | 10% ഡിബഞ്ചർ ആപ്ലിക്കേഷൻ ആൻഡ് അലോട്ട്മെന്റ് അക്കൗണ്ട് Dr. | | 5,00,000 | |
| | ലോസ് ഓൺ ഇഷ്യു ഓഫ് ഡിബഞ്ചേഴ്സ് അക്കൗണ്ട് Dr. | | 25,000 | |
| | To 10% ഡിബഞ്ചേഴ്സ് അക്കൗണ്ട് | | | 5,00,000 |
| | To പ്രീമിയം ഓൺ റിഡംഷൻ ഓഫ് ഡിബഞ്ചേഴ്സ് അക്കൗണ്ട് | | | 25,000 |
| | (കടപ്പത്രങ്ങൾ മുഖവിലയ്ക്ക് നൽകുകയും പ്രീമിയത്തിൽ വീണ്ടെടുക്കുകയും ചെയ്യുന്നു) | | | |

**ആരുഷി ലിമിറ്റഡിന്റെ ബുക്ക്**

**...............................ന്റെ ബാക്കിപത്രം**

| വിവരണങ്ങൾ | നോട്ട് നമ്പർ | തുക (രൂപ) |
|---|---|---|
| **I. ഇക്വിറ്റി ആൻഡ് ലയബിലിറ്റീസ്** | | |
| 1. നോൺ കറന്റ് ലയബിലിറ്റീസ് | | |
| a) ലോങ് ടേം ബോറോവിങ്സ് | 1 | 5,00,000 |
| b) അദർ ലോങ് ടേം ലയബിലിറ്റീസ് | 2 | 25,000 |
| **ആകെ** | | **5,25,000** |
| **II. അസറ്റ്സ്** | | |
| 1. നോൺ കറന്റ് അസറ്റ്സ് | | |
| a) അദർ നോൺ കറന്റ് അസറ്റ്സ് | 3 | 20,000 |
| 2. കറന്റ് അസറ്റ്സ് | | |
| a) ക്യാഷ് ആൻഡ് ക്യാഷ് ഇക്വലെൻസ് | 4 | 5,00,000 |
| b) അദർ കറന്റ് അസറ്റ്സ് | 5 | 5,000 |
| **ആകെ** | | **5,25,000** |

അക്കൗണ്ട് കുറിപ്പുകൾ

| വിവരണങ്ങൾ | തുക (രൂപ) |
|---|---|
| 1. ലോങ് ടേം ബോറോവിങ്സ് | |
| 100 രൂപയുടെ 5000, 10% കടപ്പത്രങ്ങൾ | 5,00,000 |
| 2. അദർ ലോങ് ടേം ലയബിലിറ്റീസ് | |
| പ്രീമിയം ഓൺ റിഡംഷൻ ഓഫ് ഡിബഞ്ചേഴ്സ് | 25,000 |
| 3. അദർ നോൺ കറന്റ് അസറ്റ്സ് | |
| ലോസ് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചേഴ്സ് | 20,000 |
| (25,000 × 4/5) | |
| 4. ക്യാഷ് ആൻഡ് ക്യാഷ് ഇക്വലെൻസ് | |
| ക്യാഷ് അറ്റ് ബാങ്ക് | 5,00,000 |
| 5. അദർ കറന്റ് അസറ്റ്സ് | |
| ലോസ് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചേഴ്സ് | 5,000 |
| (25,000 × 1/5 ) | |

## സ്വയം ചെയ്യുക

താഴെപ്പറയുന്ന ഇനങ്ങളെ ഒരു കമ്പനിയുടെ ബാക്കിപത്രത്തിൽ മുഖ്യ ശീർഷകം, ഉപശീർഷകം എന്നിവയുടെ കീഴിൽ തരംതിരിക്കുക.

| നമ്പർ | ഇനങ്ങൾ | മുഖ്യശീർഷകം | ഉപശീർഷകം (ഉണ്ടെങ്കിൽ) |
|---|---|---|---|
| 1. | സൽപ്പേര് (Goodwill) | | |
| 2. | കണ്ടുകെട്ടിയ ഓഹരികൾ (Forfeited shares) | | |
| 3. | അംഗീകാരം/സ്വീകാര്യം (Acceptances) | | |
| 4. | പ്രാഥമികച്ചെലവുകൾ (Preliminary expenses) | | |
| 5. | ക്യാപ്പിറ്റൽ റിസർവ് (Capital reserve) | | |
| 6. | ബാങ്ക് വായ്പകൾ (Loans from banks) | | |
| 7. | ഓഹരിയിലും കടപ്പത്രത്തിലുമുള്ള നിക്ഷേപം (Investment in shares and debentures) | | |
| 8. | കടപ്പത്രങ്ങളുടെ കുടിശ്ശികപ്പലിശ കാലാവധിയായത് (Interest accrued and due on debentures) | | |
| 9. | ഈട് വായ്പയിൽ കുടിശ്ശികപ്പലിശ കാലാവധിയാകാത്തത് (Interest accrued but not due on Secured Loans) | | |
| 10. | ഈടില്ലാത്ത വായ്പയിൽ കുടിശ്ശികപ്പലിശ കാലാവധിയാകാത്തത് (Interest accrued but not due on Unsecured Loans) | | |
| 11. | നിക്ഷേപത്തിന്റെ കുടിശ്ശികപ്പലിശ (Interest accrued on Investments) | | |
| 12. | മിച്ചം (Surplus) | | |
| 13. | സെക്യൂരിറ്റീസ് പ്രീമിയം റിസർവ് (Securities Premium Reserve) | | |
| 14. | ലൂസ് ടൂൾസ് (Loose Tools) | | |
| 15. | നികുതിക്കുള്ള വകയിരുത്തൽ (Provision for Taxation) | | |

| | | | |
|---|---|---|---|
| 16. | അണ്ടർറൈറ്റിംഗ് കമ്മീഷൻ (Under writing Commission) | | |
| 17. | വിനിമയ ബില്ലുകൾ (Bills of Exchange) | | |
| 18. | അവകാശപ്പെടാത്ത ലാഭവിഹിതം (Unclaimed dividend) | | |
| 19. | ഹ്രസ്വകാല വായ്പകളും മുൻകൂറുകളും (Short term loans & advances) | | |
| 20. | വളർത്തു മൃഗങ്ങൾ (Live stock) | | |
| 21. | കോൾ കുടിശ്ശിക (Calls unpaid/calls in arrears) | | |
| 22. | ഭാഗികമായി പണമടച്ച ഓഹരിയുടെ വിളിക്കപ്പെടാത്ത തുകയുടെ ബാധ്യത (Uncalled liability on shares partly paid) | | |
| 23. | ഓഹരികളും കടപ്പത്രങ്ങളും ഇറക്കുമ്പോൾ അനുവദിച്ച കിഴിവ് (12 മാസങ്ങൾക്ക് ശേഷം എഴുതിത്തള്ളുന്നത്) (Discount allowed on issue of shares and debentures (if amortised after 12 months) | | |
| 24. | ഓഹരികളും കടപ്പത്രങ്ങളും ഇറക്കുമ്പോൾ അനുവദിച്ച കിഴിവ്(12 മാസത്തിനുള്ളിൽ എഴുതിത്തള്ളുന്നത്) (Discount allowed on issue of shares and debentures (if amortised within 12 months) | | |
| 25. | മുൻകൂർ നൽകിയ ഇൻഷുറൻസ് (Pre-paid Insurance) | | |
| 26. | സ്റ്റോഴ്സ് ആന്റ് സ്പെയർ പാർട്സ് (Stores and spare parts) | | |
| 27. | ഉപഭോക്താക്കളിൽനിന്ന് മുൻകൂറായി ലഭിച്ച പണം (Advances from customers) | | |
| 28. | കടപ്പത്രങ്ങൾ വീണ്ടെടുക്കുന്നതിനുള്ള കരുതൽ നിധി (Debentures redemption reserve) | | |
| 29. | കടപ്പത്രങ്ങൾ വീണ്ടെടുക്കുന്നതിലെ പ്രീമിയം തുക (Premium on redemption of debentures) | | |

| | | | |
|---|---|---|---|
| 30. | കടപ്പത്രങ്ങൾ പുറപ്പെടുവിച്ചതിലുണ്ടായ നഷ്ടം (Loss on issue of debentures) | | |
| 31. | കടപ്പത്രങ്ങൾ വീണ്ടെടുക്കുന്നതിനുള്ള ഫണ്ട് (Debentures redemption fund) | | |
| 32. | കടപ്പത്രങ്ങൾ വീണ്ടെടുക്കുന്നതിനുള്ള ഫണ്ടിന്റെ നിക്ഷേപം (Debentures redemption fund investment) | | |
| 33. | വാഹനങ്ങൾ (Vehicles) | | |
| 34. | സിങ്കിങ് ഫണ്ട് (Sinking fund) | | |
| 35. | സിങ്കിങ് ഫണ്ട് നിക്ഷേപം (Sinking fund investment) | | |
| 36. | വിതരണക്കാർക്ക് മുൻകൂറായി പണം കൊടുത്തത് (Advances to suppliers) | | |
| 37. | പേറ്റന്റ്സ്, ട്രേഡ് മാർക്സ്, ഡിസൈൻ (Patents, trademarks, design) | | |
| 38. | കോൾ തുക മുൻകൂറായി ലഭിച്ചത് (Calls in advance) | | |
| 39. | കസ്റ്റംസ് അധികൃതരുടെ പക്കൽ നിക്ഷേപിച്ചത് (Deposits with custom authorities) | | |
| 40. | സഞ്ചിത ലാഭവിഹിതക്കുടിശ്ശിക (Arrears of fixed cumulative dividend) | | |
| 41. | ഫർണിച്ചർ ആന്റ് ഫിറ്റിങ്സ് (Furniture and fittings) | | |
| 42. | ഓഹരികൾ ഇറക്കുമ്പോൾ ദല്ലാളിന് കിട്ടുന്ന പണം (Brokerage on issues of shares) | | |
| 43. | ലാഭനഷ്ട പത്രിക (Dr.) (Statement of profit & loss (Dr.) | | |
| 44. | നിർമ്മാണഘട്ടത്തിലുള്ള ആസ്തിയിലെ മൂലധന നിക്ഷേപം (Capital work-in-progress) | | |
| 45. | സംശയാസ്പദ കടത്തിനുള്ള വകയിരുത്തൽ (Provision for doubtful debts) | | |

| | | | |
|---|---|---|---|
| 46. | ലാഭനഷ്ട പത്രിക (Cr.) (Statement of profit & loss (Cr.) | | |
| 47. | ഭാഗികമായി പണമടച്ച ഓഹരിയുടെ വിളിക്കപ്പെടാത്ത തുകയുടെ ബാധ്യത നിക്ഷേപമായി സൂക്ഷിച്ചിരിക്കുന്നത്. (Uncalled liability on partly paid shares held as investments) | | |
| 48. | കമ്പനിക്കെതിരെയുള്ള ബാധ്യതയാകാത്ത അവകാശ വാദങ്ങൾ (Claims against the company not acknowledged as debt) | | |
| 49. | മൂലധനം വീണ്ടെടുക്കാനുള്ള കരുതൽ നിധി (Capital redemption reserve) | | |
| 50. | പൊതു നിക്ഷേപങ്ങൾ (Public deposits) | | |
| 51. | അംഗീകൃത മൂലധനം (Authorised capital) | | |

***നിർധാരണം 6***

തന്നിരിക്കുന്ന വിവരങ്ങളിൽനിന്ന് ഷൈൻ ആൻഡ് ബ്രൈറ്റ് കമ്പനി ലിമിറ്റഡിന്റെ 2017, മാർച്ച് 31ന്റെ ബാക്കിപത്രം ഷെഡ്യൂൾ III പ്രകാരം തയാറാക്കുക.

| വിവരണങ്ങൾ | തുക | വിവരണങ്ങൾ | തുക |
|---|---|---|---|
| പ്രീലിമിനറി എക്സ്പെൻസസ് | 2,40,000 | ഗുഡ്‌വിൽ | 30,000 |
| ഡിസ്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചേഴ്സ് | 20,000 | ലൂസ് ടൂൾസ് | 12,000 |
| | | മോട്ടോർ വെഹിക്കിൾസ് | 4,75,000 |
| 10% ഡിബഞ്ചേഴ്സ് | 2,00,000 | പ്രൊവിഷൻ ഫോർ ടാക്സ് | 16,000 |
| സ്റ്റോക്ക് ഇൻ ട്രേഡ് | 1,40,000 | | |
| ക്യാഷ് അറ്റ് ബാങ്ക് | 1,35,000 | | |
| ബിൽസ് റിസീവബ്ൾസ് | 1,20,000 | | |

**ഉത്തരം**

**ഷൈൻ ആൻഡ് ബ്രൈറ്റ് കമ്പനി ലിമിറ്റഡിന്റെ ബുക്ക്**
**2017 മാർച്ച് 31ലെ ബാക്കിപത്രം**

| വിവരണങ്ങൾ | നോട്ട് നമ്പർ | നിലവിലെ റിപ്പോർട്ടിങ് കാലയളവിലെ വർഷാന്ത്യ തുക | മുമ്പത്തെ റിപ്പോർട്ടിങ് കാലയളവിലെ വർഷാന്ത്യ തുക |
|---|---|---|---|
| **I. ഇക്വിറ്റി ആൻഡ് ലയബിലിറ്റീസ്** | | | |
| 1. നോൺ കറന്റ് ലയബിലിറ്റീസ് | | | |
| a) ലോങ് ടേം ബോറോവിങ്സ് | 1 | 2,00,000 | |
| 2. കറന്റ് ലയബിലിറ്റീസ് | | | |
| a) ഷോർട്ട് ടേം പ്രൊവിഷൻസ് | 2 | 16,000 | |
| **II. അസറ്റ്സ്** | | | |
| 1. നോൺ കറന്റ് അസറ്റ്സ് | | | |
| a) ഫിക്സഡ് അസറ്റ്സ് | | | |
| (i) ടാൻജിബിൾ അസറ്റ്സ് | 3 | 4,75,000 | |
| (ii) ഇൻടാൻജിബിൾ അസറ്റ്സ് | 4 | 30,000 | |
| 2. അദർ നോൺ കറന്റ് അസറ്റ്സ് | 5 | 2,60,000 | |
| കറന്റ് അസറ്റ്സ് | | | |
| a) ഇൻവെന്ററീസ് | 6 | 1,52,000 | |
| b) ട്രേഡ് റിസീവബ്ൾസ് | 7 | 12,000 | |
| c) ക്യാഷ് ആൻഡ് ക്യാഷ് ഇക്വലെൻസ് | | 1,35,000 | |

അക്കൗണ്ട് കുറിപ്പുകൾ

| വിവരണങ്ങൾ | | തുക |
|---|---|---|
| 1. ലോങ് ടേം ബോറോവിങ്സ് | | |
| 10% ഡിബഞ്ചേഴ്സ് | | 2,00,000 |
| 2. ഷോർട്ട് ടേം പ്രൊവിഷൻസ് | | |
| പ്രൊവിഷൻ ഫോർ ടാക്സ് | | 16,000 |
| 3. ഫിക്സഡ് അസറ്റ്സ് | | |
| (i) റ്റാൻജിബിൾ അസറ്റ്സ് | | |
| മോട്ടോർ വെഹിക്കിൾസ് | | 4,75,000 |
| (ii) ഇൻടാൻജിബിൾ അസറ്റ്സ് | | |

| | | |
|---|---|---|
| ഗുഡ്‌വിൽ | | 30,000 |
| 4. അദർ നോൺ കറന്റ് അസറ്റ്സ് | | |
| പ്രിലിമിനറി എക്സ്പെൻസസ് | 2,40,000 | |
| ഡിസ്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചേഴ്സ് | 20,000 | 2,60,000 |
| 5. ഇൻവെന്ററീസ് | | |
| സ്റ്റോക്ക് ഇൻ ട്രേഡ് | 1,40,000 | |
| ലൂസ് ടൂൾസ് | 12,000 | 1,52,000 |
| 6. ട്രേഡ് റിസീവബ്ൾസ് | | |
| ബിൽസ് റിസീവബ്ൾസ് | | 12,000 |
| 7. ക്യാഷ് ആൻഡ് ക്യാഷ് ഇക്വലെൻസ് | | |
| ക്യാഷ് അറ്റ് ബാങ്ക് | | 1,35,000 |

* റിപ്പോർട്ടു കാലയളവിലെ അടുത്ത 12 മാസത്തിനുള്ളിൽ ഡിസ്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് ഡിബഞ്ചേഴ്സ് എഴുതിത്തള്ളുന്നില്ല എന്ന് അനുമാനിക്കുന്നു.

### 3.4.2 ലാഭ-നഷ്ട പത്രികയുടെ ഉള്ളടക്കവും മാതൃകയും (Form and content of Statement of Profit and Loss)

**.......................വർഷത്തെ ലാഭനഷ്ട പത്രിക**

| | വിവരണങ്ങൾ | നോട്ട് നമ്പർ | നിലവിലെ റിപ്പോർട്ടിങ് കാലയളവിലെ വർഷാന്ത്യ തുക | മുമ്പത്തെ റിപ്പോർട്ടിങ് കാലയളവിലെ വർഷാന്ത്യ തുക |
|---|---|---|---|---|
| I | പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം | | | |
| II | മറ്റ് വരുമാനം | | | |
| III | ആകെ വരുമാനം (I+II) | | | |
| IV | ചെലവുകൾ:<br>ഉപഭോഗ വസ്തുക്കളുടെ വില<br>സാധനങ്ങൾ (stock-in-trade) വാങ്ങൽ<br>പൂർത്തിയായ സാധനങ്ങളുടെ നീക്കിയിരിപ്പിലെ മാറ്റങ്ങൾ<br>ഉൽപ്പാദനഘട്ടത്തിലുള്ളവയും നീക്കിയിരിപ്പ് ചരക്കുകളും | | | |

| | | | | |
|---|---|---|---|---|
| | ജീവനക്കാരുടെ ആനുകൂല്യങ്ങൾ<br>ധനകാര്യച്ചെലവ്<br>മൂല്യക്ഷയം, അമോർട്ടൈസേഷൻ – ചെലവുകൾ<br>മറ്റു ചെലവുകൾ<br>മൊത്തം ചെലവ് | | | |
| V | അപൂർവ്വമായ ഇനങ്ങൾക്കും-നികുതിക്കും മുമ്പുള്ള ലാഭം (III-IV) | | | |
| VI | അപൂർവ്വമായ ഇനങ്ങൾ | | | |
| VII | അസാധാരണമായ ഇനങ്ങൾക്ക് ശേഷ-വും നികുതിക്കും മുമ്പുള്ള ലാഭം (V-VI) | | | |
| IX | അസാധാരണമായ ഇനങ്ങൾ | | | |
| X | നികുതിക്കുമുമ്പുള്ള ലാഭം (VII-VIII)<br>നികുതിച്ചെലവ്:<br>(1) നിലവിലുള്ള നികുതി (Current tax)<br>(2) നീട്ടിവച്ച നികുതി (Deferred tax) | | | |
| XI | തുടരുന്ന പ്രവർത്തനങ്ങളിൽ നിന്ന് ലാഭം/നഷ്ടം (IX-X) | | | |
| XII | നിർത്തലാക്കിയ പ്രവർത്തനങ്ങളിൽ നിന്ന് ലാഭം/നഷ്ടം | | | |
| XIII | നിർത്തലാക്കിയ പ്രവർത്തനങ്ങളുടെ നികുതിച്ചെലവ് | | | |
| XIV | നിർത്തലാക്കിയ പ്രവർത്തനങ്ങളിൽ നിന്ന് ലാഭം/നഷ്ടം (നികുതി ശേഷം) (XII-XIII) | | | |
| XV | തൻവർഷത്തെ ലാഭം (XI + XIV)<br>പ്രതി ഓഹരി ആദായം : | | | |
| XVI | (1) അടിസ്ഥാനം (Basic)<br>(2) സമ്മിശ്രണം (Diluted) | | | |

ചിത്രം 3.2: ലാഭനഷ്ട പത്രികയുടെ മാതൃക

**ലാഭ-നഷ്ട പത്രികയിലെ ഇനങ്ങൾ ചുവടെ ചർച്ചചെയ്യുന്നു.**

1. പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം,
   ഇതിൽ ഉൾപ്പെടുന്നവ :
   (i) ഉൽപ്പന്നങ്ങളുടെ വിൽപ്പന
   (ii) സേവനങ്ങളുടെ വിൽപ്പന
   (iii) മറ്റ് പ്രവർത്തനവരുമാനം

ഒരു ഫിനാൻസ് കമ്പനിയുടെ പ്രവർത്തനത്തിൽ നിന്നുള്ള വരുമാനത്തിൽ പലിശയിൽ നിന്നുള്ള വരുമാനം, ലാഭ വിഹിതം, മറ്റ് സാമ്പത്തിക സേവനങ്ങളിൽ നിന്നുള്ള ആദായം എന്നിവ ഉൾപ്പെടുന്നു.

മുകളിൽ പറഞ്ഞിരിക്കുന്നവ ഓരോന്നും അക്കൗണ്ട് കുറിപ്പുകൾ വഴി പ്രത്യേകമായി വെളിപ്പെടുത്തുന്നു.

2. മറ്റ് വരുമാനം
   (i) പലിശ വരുമാനം (ഫിനാൻസ് കമ്പനി ഒഴികെയുള്ള ഒരു കമ്പനിയുടെ കാര്യത്തിൽ),
   (ii) ലാഭവിഹിതവരുമാനം
   (iii) നിക്ഷേപങ്ങളുടെ വിൽപ്പനയിലുള്ള നേട്ടം/നഷ്ടം,
   (iv) മറ്റ് പ്രവർത്തനയിതര വരുമാനം (അത്തരം വരുമാനത്തിന് നേരിട്ട് വഹിച്ച അറ്റചെലവുകൾ)
3. ചെലവുകൾ

| വരുമാനം നേടുന്നതിനുണ്ടായ ചെലവുകൾ വിവിധ തലക്കെട്ടിൽ ചുവടെ ചർച്ചചെയ്യുന്നു. | |
|---|---|
| (a) വസ്തുക്കളുടെ ചെലവ് | ഇത് ഉൽപ്പാദന കമ്പനികൾക്ക് ബാധകമാണ്. സാധനങ്ങളുടെഉൽപ്പാദനത്തിൽ ഉപയോഗിച്ചിരിക്കുന്ന അസംസ്കൃത വസ്തുക്കളും മറ്റു വസ്തുക്കളും ഇതിൽ അടങ്ങിയിരിക്കുന്നു. |
| (b) സ്റ്റോക്ക്ഇൻ ട്രേഡ് വാങ്ങൽ | ഇത് വ്യാപാരത്തിന്റെ ആവശ്യത്തിനായി വസ്തുക്കൾ വാങ്ങുക എന്ന് അർത്ഥമാക്കുന്നു. |
| (c) പൂർത്തിയായ സാധനങ്ങൾ, ഉൽപ്പാദന ഘട്ടത്തിലുള്ള ചരക്കുകൾ, നീക്കിയിരിപ്പ് ചരക്കുകൾ എന്നിവയിലെ മാറ്റങ്ങൾ | പൂർത്തിയായ സാധനങ്ങൾ ഉൽപ്പാദനഘട്ടത്തിലുള്ള ചരക്കുകൾ, സ്റ്റോക്ക്ഇൻ ട്രേഡ്, തുടങ്ങിയവയുടെ പ്രാരംഭ നീക്കിയിരിപ്പും വർഷാന്ത്യ നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമാണിത്. |

| | |
|---|---|
| (d) ജീവനക്കാരുടെ ആനുകുല്യച്ചെലവുകൾ | ശമ്പളം, വേതനം, അവധിയാനുകൂല്യം, ജീവനക്കാരുടെ ക്ഷേമം തുടങ്ങിയവയ്ക്കായി ഉണ്ടാകുന്ന ചെലവുകളാണ് ഈ തലക്കെട്ടിൽ കാണിക്കുന്നത്. ജീവനക്കാരുടെ ആനുകുല്യങ്ങൾ പ്രത്യക്ഷവും പരോക്ഷവുമായ ചെലവുകളായി തരം തിരിച്ചിട്ടുണ്ട്. |
| (e) ധനകാര്യച്ചെലവ് | വായ്പകൾക്കുമേൽ പലിശയിനത്തിൽ വർഷംതോറും ഉണ്ടാകുന്ന ചെലവാണിത്. ഈ തലക്കെട്ടിൽ പലിശച്ചെലവ് മാത്രം കാണിക്കേണ്ടതാണ്. ബാങ്ക് ചാർജുകൾ പോലുള്ള മറ്റ് സാമ്പത്തികച്ചെലവുകൾ 'മറ്റ്ചെലവുകൾ' എന്നതിലാണ് കാണിക്കേണ്ടത്. |
| (f) മൂല്യക്ഷയം | സറിര ആസ്തികളുടെ വിലയിലുണ്ടാകുന്ന കുറവാണ് മൂല്യക്ഷയം. എന്നാൽ അദൃശ്യ ആസ്തികളുമായി ബന്ധപ്പെട്ട തുക എഴുതിത്തള്ളുന്നതാണ് അമോർട്ടൈസേഷൻ |
| (g) മറ്റ് ചെലവുകൾ | മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ പെടാത്ത ചെലവുകളാണ് 'മറ്റു ചെലവുകൾ' എന്ന തലക്കെട്ടിൽ കാണിക്കുന്നത്. മറ്റ് ചെലവുകളെ വീണ്ടും പ്രത്യക്ഷ ചെലവുകൾ, പരോക്ഷ ചെലവുകൾ, പ്രവർത്തനയിതര ചെലവുകൾ എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. |

***നിർധാരണം 8***

തന്നിരിക്കുന്ന വിവരണങ്ങളിൽനിന്ന് 2017 മാർച്ചിലെ ലാഭ-നഷ്ട പത്രിക തയാറാക്കുക.

| ബാലൻസ് | രൂപ | രൂപ |
|---|---|---|
| പ്ലാന്റ് ആൻഡ് മെഷിനറി | 1,60,000 | |
| ലാൻഡ് | 6,74,000 | |
| ഡിപ്രീസിയേഷൻ ഓൺ പ്ലാന്റ് ആൻഡ് മെഷിനറി | 16,000 | |
| പർച്ചെയ്സസ് (ക്രമീകരിച്ചത്) | 4,00,000 | |
| ക്ലോസിങ് സ്റ്റോക്ക് | 1,50,000 | |
| വേജസ് | 1,20,000 | |
| സെയിൽസ് (നെറ്റ്) | | 10,00,000 |
| സാലറി | 80,000 | |
| ബാങ്ക് ഓവർ ഡ്രാഫ്റ്റ് | | 2,00,000 |
| 10% ഡിബഞ്ചേഴ്സ് (2016 ഏപ്രിൽ 1 ന് ഇറക്കിയത്) | | 1,00,000 |
| ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ 100 രൂപ ഷെയറുകൾ (മുഴുവൻ പണവും അടച്ചത്) | | 2,00,000 |
| പ്രിഫെറൻസ് ഷെയർ ക്യാപ്പിറ്റൽ 100 രൂപയുടെ 1000, 6% ഷെയറുകൾ (മുഴുവൻ പണവും അടച്ചത്) | | 1,00,000 |
| | **16,00,000** | **16,00,000** |

അധിക വിവരങ്ങൾ

(i) പെയ്ഡ് അപ് ക്യാപ്പിറ്റലിന് 10 ശതമാനം ഇക്വിറ്റി ഡിവിഡന്റ് പ്രഖ്യാപിച്ചു.
(ii) പ്രിഫെറെൻസ് ഷെയർ ക്യാപ്പിറ്റലിന് ഡിവിഡന്റ് മുഴുവനും നൽകി.
(iii) 2,00,000 രൂപ ജനറൽ റിസർവിലേക്ക് മാറ്റി.

***ഉത്തരം***

**2017 മാർച്ച് 31 വർഷാന്ത്യത്തെ ലാഭനഷ്ട പത്രിക**

| വിവരണങ്ങൾ | നോട്ട് നമ്പർ | തുക (രൂപ) |
|---|---|---|
| **I. വരുമാനം** | | |
| പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം (വിൽപ്പന) | | 10,00,000 |
| **ആകെ** | | 10,00,000 |
| **II. ചെലവുകൾ** | | |
| ഉപയോഗിക്കപ്പെട്ട വസ്തുക്കളുടെ ചെലവ് (ക്രമീകരിച്ച വാങ്ങൽ) | | 4,00,000 |
| ജീവനക്കാരുടെ ആനുകൂല്യച്ചെലവുകൾ | 1 | 2,00,000 |
| ധനകാര്യച്ചെലവ് | | 10,000 |
| മൂല്യക്ഷയം, അമോർട്ടൈസേഷൻ | | 16,000 |
| **ആകെ** | | 6,26,000 |
| നികുതിക്കുമുമ്പുള്ള ലാഭം (I-II) | | **3,74,000** |

അക്കൗണ്ട് കുറിപ്പുകൾ

| വിവരണങ്ങൾ | തുക (രൂപ) | തുക (രൂപ) |
|---|---|---|
| ജീവനക്കാരുടെ ആനുകൂല്യച്ചെലവുകൾ | | |
| (i) വേജസ് | 1,20,000 | |
| (ii) സാലറി | 80,000 | 2,00,000 |

## 3.5 ധനകാര്യ പത്രികകളുടെ ഉപയോഗവും പ്രാധാന്യവും (Uses and Importance of Financial Statements)

മാനേജ്മെന്റ്, നിക്ഷേപകർ, ഓഹരിയുടമകൾ, ക്രെഡിറ്റേഴ്സ്, സർക്കാർ, ബാങ്കുകൾ, ജീവനക്കാർ, പൊതുജനങ്ങൾ എന്നിവരെല്ലാം ധനകാര്യ പത്രികകളുടെ ഉപയോ

ക്താക്കളാണ്. ധനകാര്യ പത്രികകൾ മാനേജ്മെന്റിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള വിവരങ്ങൾ താൽപ്പര്യമുള്ളവർക്ക് നൽകുകയും ഉചിതമായ സാമ്പത്തിക തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഡയറക്ടർമാരുടെ റിപ്പോർട്ട്, ഓഡിറ്റർ റിപ്പോർട്ട്, കോർപ്പറേറ്റ് ഗവർണൻസ് റിപ്പോർട്ട്, മാനേജ്മെന്റ് ചർച്ച വിശകലനകുറിപ്പുകൾ എന്നിവ കൂടാതെ കമ്പനിയുടെ വാർഷിക റിപ്പോർട്ടിന്റെ ഒരു അവിഭാജ്യഘടകമായാണ് ധന കാര്യ പത്രികകൾ കാണപ്പെടുന്നത്.

ധനകാര്യ പത്രികകളുടെ വിവിധ ഉപയോഗവും പ്രാധാന്യവും താഴെ പറയുന്നു.

1. *കാര്യസ്ഥ പ്രവർത്തനത്തിന്റെ റിപ്പോർട്ട് (Report on stewardship function):* ധന കാര്യ പത്രികകൾ മാനേജ്മെന്റിന്റെ പ്രവർത്തനത്തെക്കുറിച്ച് ഓഹരി യുടമകൾക്ക് റിപ്പോർട്ട് നൽകുന്നു. മാനേജ്മെന്റ് പ്രകടനവും ഉടമസ്ഥരുടെ പ്രതീക്ഷകളും തമ്മിലുള്ള വിടവുകൾ ധനകാര്യ പത്രികകളുടെ സഹായ ത്തോടെ മനസ്സിലാക്കാം.
2. *ധന നയങ്ങളുടെ അടിസ്ഥാനം (Basis for fiscal policies):* ധന നയങ്ങൾ, പ്രത്യേകിച്ച് സർക്കാരിന്റെ നികുതി നയങ്ങൾ, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സാമ്പത്തിക പ്രകടനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ധനകാര്യ പത്രികകൾ സർക്കാരിന്റെ വ്യാവസായികനികുതി മറ്റ് സാമ്പത്തിക നയങ്ങൾ എന്നിവയ്ക്കാ വശ്യമായ അടിസ്ഥാന വിവരങ്ങൾ നൽകുന്നു.
3. *വായ്പ അനുവദിക്കാനുള്ള അടിസ്ഥാനം (Basis for granding of credit):* കോർപ്പ റേറ്റ് ഏജൻസികൾ വിവിധ ആവശ്യങ്ങൾക്കായി ബാങ്കുകളെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളെയും ആശ്രയിച്ച് പണം കടം വാങ്ങാറുണ്ട്. സ്ഥാപനങ്ങളുടെ സാമ്പത്തിക പ്രകടനത്തിന്റെ അടിസ്ഥാനത്തിലാണ് വായ്പ നൽകുന്ന സ്ഥാപനം തീരുമാനമെടുക്കുന്നത്. അങ്ങനെ, ധനകാര്യ പത്രികകൾ വായ്പ അനുവദിക്കാനുള്ള അടിസ്ഥാനമായിത്തീരുന്നു.
4. *തൽപ്പരനിക്ഷേപകർക്കുള്ള അടിസ്ഥാനം (Basis for prospective investors):* നിക്ഷേപകരിൽ ഹ്രസ്വകാല നിക്ഷേപകരും ദീർഘകാല നിക്ഷേപകരും ഉൾപ്പെടുന്നു. നിക്ഷേപ തീരുമാനത്തിൽ അവരുടെ പ്രധാന പരിഗണന നിക്ഷേ പത്തിന്റെ സുരക്ഷിതത്വവും ദ്രവണതയും ന്യായമായ ലാഭവുമാണ്. ധനകാര്യ പത്രികകൾ നിക്ഷേപകരെ സ്ഥാപനത്തിന്റെ ഹ്രസ്വ ദീർഘകാല ലാഭക്ഷ മതയും സോൾവെൻസിയും വിലയിരുത്തുവാൻ സഹായിക്കുന്നു.
5. *ഇതിനകം നടത്തിയ നിക്ഷേപത്തിന്റെ മൂല്യത്തിലേക്ക് വഴികാട്ടുന്നു (Guide to the value of the investment already made):* കമ്പനിയുടെ ഓഹരിയുടമകൾ അവരുടെ നിക്ഷേപത്തിന്റെ സ്ഥാനം, സുരക്ഷ, നിക്ഷേപത്തിൽ നിന്നുള്ള ആദായം എന്നിവയറിയാൻ താൽപ്പര്യപ്പെടുന്നു. ബിസിനസ്സിലെ നിക്ഷേപം തുടരുന്നതിനെക്കുറിച്ചും അവസാനിപ്പിക്കുന്നതിനെക്കുറിച്ചും തീരുമാനമെടുക്കു ന്നതിന് അവർക്ക് വിവരങ്ങൾ ആവശ്യമാണ്. ധനകാര്യ പത്രികകൾ ഓഹരി

ഉടമകൾക്ക് അത്തരം സുപ്രധാന തീരുമാനങ്ങൾ എടുക്കുന്നതിനുവേണ്ട വിവരങ്ങൾ നൽകുന്നു.

6. *ട്രേഡ് അസോസിയേഷനുകൾക്ക് അവരുടെ അംഗങ്ങളെ സഹായിക്കുന്നതിൽ ഉപകരിക്കുന്നു (Aids trade associations in helping their members):* ട്രേഡ് അസോസിയേഷനുകൾ അവരുടെ അംഗങ്ങൾക്ക് സേവനവും സംരക്ഷണവും നൽകാനുള്ള ഉദ്ദേശ്യത്തോടെ ധനകാര്യ പത്രികകൾ വിശകലനം ചെയ്യാറുണ്ട്. അവർ മാതൃക അനുപാതങ്ങൾ വികസിപ്പിച്ചെടുക്കുകയും അക്കൗണ്ട് സമ്പ്രദായത്തിൽ സമാനത രൂപപ്പെടുത്തുകയും ചെയ്യും.
7. *സ്റ്റോക്ക് എക്സ്ചേഞ്ചുകളെ സഹായിക്കുന്നു (Helps stock exchanges):* സാമ്പത്തിക വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിലെ സുതാര്യതയുടെ വ്യാപ്തി മനസ്സിലാക്കാനും, നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കാൻ ആവശ്യമുള്ള വിവരങ്ങൾ ആവശ്യപ്പെടാൻ സ്റ്റോക്ക് എക്സ്ചേഞ്ചുകളെ പ്രാപ്തരാക്കുകയും ചെയ്യുന്നു. വിവിധ സ്ഥാപനങ്ങളുടെ സാമ്പത്തികനില വിലയിരുത്തുവാനും വിലകളെക്കുറിച്ചുള്ള തീരുമാനങ്ങൾ എടുക്കുന്നതിലും ധനകാര്യ പത്രികകൾ സ്റ്റോക്ക് ബ്രോക്കർമാരെ സഹായിക്കുന്നു.

## 3.6 ധനകാര്യ പത്രികകളുടെ പോരായ്മകൾ (Limitations of Financial Statements)

ധനകാര്യ പത്രികകൾ തയാറാക്കുന്നതിലും ഉപയോക്താക്കൾക്കായി വിശദമായ വിവരങ്ങൾ നൽകുന്നതിലും വളരെയധികം ശ്രദ്ധിക്കുന്നുവെങ്കിലും അവയ്ക്ക് താഴെ പറയുന്ന പരിമിതികളിൽ ഉണ്ട്.

1. *നിലവിലെ സാഹചര്യം പ്രതിഫലിപ്പിക്കുന്നില്ല (Do not reflect current situation):* ധനകാര്യ പത്രികകൾ തയാറാക്കുന്നത് പ്രാമാണിക വിലയുടെ അടിസ്ഥാനത്തിലാണ്. പണത്തിന്റെ വാങ്ങൽശേഷി മാറുന്നുവെങ്കിലും, ആസ്തികളുടെയും ബാധ്യതകളുടെയും മൂല്യങ്ങൾ സാമ്പത്തിക പത്രികയിൽ കാണിക്കുന്നതിൽ നിലവിലുള്ള വിപണിസാഹചര്യം പ്രതിഫലിപ്പിക്കുന്നില്ല.
2. *ആസ്തികളുടെ യഥാർഥ വില വീണ്ടെടുക്കാൻ കഴിയുന്നില്ല (Assets may not realise):* ചില ആശയങ്ങൾ അടിസ്ഥാനമാക്കിയാണ് അക്കൗണ്ടിങ് നിർവ്വഹിക്കുന്നത്. കമ്പനി അടച്ചുപൂട്ടൽ നിർബന്ധിതമാണെങ്കിൽ, ചില ആസ്തികൾക്ക് രേഖപ്പെടുത്തിയിട്ടുള്ള മൂല്യം കിട്ടണമെന്നില്ല. ബാക്കിപത്രത്തിൽ കാണിച്ചിരിക്കുന്ന ആസ്തികൾ കാലാവധി കഴിയാത്ത അല്ലെങ്കിൽ എഴുതിതള്ളാത്ത വില മാത്രമേ പ്രതിഫലിപ്പിക്കുന്നുള്ളൂ.
3. *പക്ഷപാതം (Bias):* അക്കൗണ്ടന്റ് വ്യത്യസ്ത സാഹചര്യങ്ങളിൽ രേഖപ്പെടുത്തിയ വസ്തുതകൾ, അക്കൗണ്ടിംഗ് ആശയങ്ങൾ, കൺവെൻഷനുകൾ, വ്യക്തിപരമായ തീരുമാനങ്ങൾ എന്നിവയുടെ ഫലമാണ് ധനകാര്യ പത്രികകൾ. അതിനാൽ, ഫലങ്ങളിൽ പക്ഷപാതിത്വം കാണാവുന്നതാണ്. കൂടാതെ

ധനകാര്യ പത്രികകളിൽ കാണപ്പെടുന്ന സാമ്പത്തിക സ്ഥിതി യാഥാർത്ഥ്യമാകണമെന്നില്ല.

4. *സംഗ്രഹിച്ച വിവരങ്ങൾ (Aggregate information):* ധനകാര്യ പത്രികകൾ വിശദമായ വിവരങ്ങളല്ല പകരം വിവരങ്ങളുടെ സംഗ്രഹമാണ് കാണിക്കുന്നത്. അതുകൊണ്ട്, അത് ഉപയോക്താക്കളെ തീരുമാനമെടുക്കുന്നതിൽ ഏറെ സഹായിക്കില്ല.
5. *പ്രധാനപ്പെട്ട വിവരങ്ങൾ വിട്ടുപോകുന്നു (Vital information missing):* സ്ഥാപനത്തിനുമേൽ സുപ്രധാന സ്വാധീനം ചെലുത്തുന്ന ഉൽപ്പന്ന വിപണി നഷ്ടപ്പെടുന്നതും കരാർ കാലാവധി കഴിയുന്നതുമായ വിവരങ്ങൾ ബാക്കി പത്രം വെളിപ്പെടുത്തുന്നില്ല.
6. ഗുണപരമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല *(No qualitative information):* ധനകാര്യ പത്രികകളിൽ പണപരമായ വിവരങ്ങൾ മാത്രം അടങ്ങിയിരിക്കുന്നു. എന്നാൽ ഗുണപരമായ വിവരങ്ങളായ വ്യാവസായിക ബന്ധം, വ്യാവസായിക കാലാവസ്ഥ, തൊഴിലാളിബന്ധങ്ങൾ, തൊഴിൽ നിലവാരം തുടങ്ങിയവ ഉൾപ്പെടുന്നില്ല.
7. *ഇവ ഇടക്കാല റിപ്പോർട്ടുകൾ മാത്രമാണ് (They are only interim reports):* ലാഭനഷ്ട പത്രിക ഒരു നിശ്ചിത കാലയളവിലെ ലാഭം/നഷ്ടം വെളിപ്പെടുത്തുന്നു. അത് കാലാകാലങ്ങളിലെ വരുമാനശേഷിയെക്കുറിച്ച് ഒരു ആശയവും നൽകുന്നില്ല. അതുപോലെതന്നെ ബാക്കിപത്രത്തിൽ പ്രതിഫലിക്കുന്ന സാമ്പത്തികനില ആ സമയത്ത് ശരിയാണെങ്കിലും ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള മാറ്റത്തെ അത് ചിത്രീകരിക്കുന്നില്ല.

**പാഠഭാഗത്തെ മുഖ്യപദങ്ങൾ**

1. ധനകാര്യ പത്രികകൾ (Financial Statements)
2. ലാഭനഷ്ട പത്രിക (Statement of profit and loss)
3. ബാക്കിപത്രം (Balance Sheet)
4. ഉപയോഗിച്ച വസ്തുക്കളുടെ ചെലവ് (Cost of Material consumed)
5. ഓഹരി ഉടമകളുടെ ഫണ്ടുകൾ (Shareholders Funds)

**പഠനനേട്ടങ്ങൾ അടിസ്ഥാനമാക്കിയുള്ള സംഗ്രഹം**

*ധനകാര്യ പത്രികകൾ (Financial Statements) :* ധനകാര്യ പത്രികകൾ അക്കൗണ്ടിംഗ് പ്രക്രിയയുടെ അവസാന ഉൽപ്പന്നങ്ങളാണ്, അവ ഒരു നിശ്ചിത കാലയളവിലെ സ്ഥാപനത്തിന്റെ സാമ്പത്തിക ഫലങ്ങളെയും സാമ്പത്തിക സ്ഥിതിയും വെളിപ്പെടുത്തുന്നു. ഓഹരിയുടമകളുടെ വിവിധ ആവശ്യങ്ങൾക്കായി കോർപ്പറേറ്റ് സ്ഥാപനങ്ങൾ സാമ്പത്തിക പത്രികകൾ തയാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ഇതിൽ ലാഭനഷ്ട പത്രിക, ബാക്കിപത്രം എന്നിവ ഉൾക്കൊള്ളുന്നു. മാനേജ്മെന്റിനും സ്ഥാപനത്തിന്റെ കാര്യങ്ങളിൽ

താൽപ്പര്യമുള്ള ബാഹ്യകക്ഷികൾക്കും തീരുമാനമെടുക്കുന്നതിന് ആവശ്യമായ വിവരങ്ങൾ നൽകലാണ് ഈ പത്രികകളുടെ അടിസ്ഥാനലക്ഷ്യം.

*ബാക്കിപത്രം (Balance Sheet)* : സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും, പുറത്തുള്ള അല്ലെങ്കിൽ വായ്പക്കാർക്ക് നൽകാനുള്ള എല്ലാ ബാധ്യതകളും, ഒരു നിശ്ചിത തീയതിയിലെ ഉടമസ്ഥരുടെ മൂലധനവും ബാക്കിപത്രം കാണിക്കുന്നു. ഒരു സ്ഥാപനത്തിന്റെ സാമ്പത്തികസ്ഥിതി, പദവി, ശക്തി എന്നിവയെ സൂചിപ്പിക്കുന്ന പ്രധാന പത്രികകളിൽ ഒന്നാണിത്.

*ലാഭനഷ്ട പത്രിക (Statement of profit and loss)* : ഒരു സ്ഥാപനത്തിന്റെ പ്രവർത്തന ഫലങ്ങൾ നിർണയിക്കുന്നതിന് ഒരു നിശ്ചിത കാലയളവിൽ ലാഭനഷ്ട പത്രിക തയാറാക്കുന്നു. ഇത് വരുമാനത്തിന്റെയും വരുമാനം നേടുന്നതിന് വേണ്ടുന്ന ചെലവുകളുടെയും ഒരു പത്രികയാണ്. ബാക്കിപത്ര കാലയളവിലെ വർഷത്തിൽ ബിസിനസ് പ്രവർത്തനങ്ങളുടെ ഫലമായി വരുമാനം, ചെലവുകൾ, ലാഭം, നഷ്ടം എന്നിവയിൽ ഉണ്ടാകുന്ന മാറ്റങ്ങളെ കാണിക്കുന്ന പ്രകടന റിപ്പോർട്ടാണ് ഇത്.

*ധനകാര്യ പത്രികകളുടെ പ്രാധാന്യം (Significance of Financial Statements):* ധനകാര്യ പത്രികകളുടെ ഉപയോക്താക്കളിൽ ഓഹരി ഉടമകൾ, നിക്ഷേപകർ, കടം കൊടുക്കുന്നവർ (ക്രെഡിറ്റേഴ്സ്), ഉപഭോക്താക്കൾ, മാനേജ്മെന്റ്, ഗവൺമെന്റ് തുടങ്ങിയവർ ഉൾപ്പെടുന്നു. തീരുമാനമെടുക്കുന്ന പ്രക്രിയയിൽ എല്ലാ ഉപയോക്താക്കളെയും ധനകാര്യ പത്രികകൾ സഹായിക്കുന്നു. ഈ അംഗങ്ങളുടെ പൊതുവായ ആവശ്യകത സംബന്ധിച്ച വിവരങ്ങൾ ഇത് നൽകുന്നു.

*ധനകാര്യ പത്രികകളുടെ പരിമിതികൾ (Limitations of Financial Statements):* ധനകാര്യ പത്രികകൾ പരിമിതികളിൽ നിന്ന് സ്വതന്ത്രമല്ല. അത് ഉപയോക്താക്കളുടെ പൊതു ഉദ്ദേശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതിനുള്ള ആകെ വിവരങ്ങൾ മാത്രമാണ് നൽകുന്നത്. അക്കൗണ്ടിംഗ് അറിയുന്നവർക്ക് മാത്രമറിയുന്ന ചില സാങ്കേതിക പ്രസ്താവനകളാണിവ. അത് തീരുമാനമെടുക്കുന്നതിന് അനിവാര്യമായ നിലവിലെ വിവരങ്ങൾക്ക് പകരം പ്രാമാണികമായ വിവരങ്ങൾ പ്രതിഫലിപ്പിക്കുന്നു. തൊഴിൽബന്ധങ്ങൾ, ജോലിയുടെ ഗുണനിലവാരം, തൊഴിലാളികളുടെ സംതൃപ്തി എന്നിവ പോലുള്ള ഗുണപരമായ (Qualitative) കാര്യങ്ങൾക്ക് പകരം ഇത് സ്ഥാപനത്തിന്റെ പ്രകടനത്തെ കുറിച്ചുള്ള ഗണപരമായ (Quantitative) ധാരണ നൽകുന്നു. അംഗീകൃത ആശയങ്ങൾക്ക് പകരം സ്വീകാര്യമായ പ്രസ്താവനകൾ ഉപയോഗിച്ച് വരുമാനത്തെയും ചെലവിനെയും തരംതിരിച്ചിരിക്കുന്നതിനാൽ ധനകാര്യ പത്രികകൾ പൂർണമോ കൃത്യതയുള്ളതോ അല്ല. അതുകൊണ്ടുതന്നെ തീരുമാനങ്ങൾ എടുക്കുന്നതിനു മുമ്പ് ഈ പത്രികകളെ ശരിയായ രീതിയിൽ വിശകലനം നടത്തേണ്ടതാണ്.

## പരിശീലന ചോദ്യങ്ങൾ

### ഹ്രസ്വോത്തര ചോദ്യങ്ങൾ

1. ധനകാര്യ പത്രികകളുടെ അർത്ഥം പ്രസ്താവിക്കുക.
2. ധനകാര്യ പത്രികകളുടെ പരിമിതികൾ എന്തൊക്കെയാണ്?
3. ധനകാര്യ പത്രികകളുടെ ഏതെങ്കിലും മൂന്നു ലക്ഷ്യങ്ങൾ പട്ടികപ്പെടുത്തുക.
4. ഇവർക്ക് ധനകാര്യ പത്രികയുടെ പ്രാധാന്യം എന്താണെന്ന് പ്രസ്താവിക്കുക.
   (i) ഓഹരി ഉടമകൾ
   (ii) വായ്പക്കാർ
   (iii) സർക്കാർ
   (iv) നിക്ഷേപകർ
5. ഒരു കമ്പനിയുടെ ബാക്കിപത്രത്തിൽ ഇനിപ്പറയുന്ന ഇനങ്ങൾ നിങ്ങൾ എങ്ങനെ കാണിക്കും?
   (i) ലൂസ് ടൂൾസ് (Loose tools)
   (ii) ഭാഗികമായി അടച്ച് തീർത്ത ഓഹരിയിലെ വിളിക്കപ്പെടാത്ത തുകയുടെ ബാധ്യത (Uncalled liability on partly paid-up shares)
   (iii) കടപ്പത്രങ്ങൾ വീണ്ടെടുക്കാനുള്ള കരുതൽ പണം (Debentures redemption reserve)
   (iv) പ്രധാന ശീർഷകങ്ങളും പ്രസിദ്ധീകരണ ശീർഷകങ്ങളും (Mastheads and publishing titles)
   (v) 10% കടപ്പത്രങ്ങൾ (10% debentures)
   (vi) നിർദിഷ്ട ഡിവിഡന്റ് (Proposed dividend)
   (vii) ഓഹരി കണ്ടുകെട്ടൽ അക്കൗണ്ട് (Share forfeited account)
   (viii) മൂലധനം വീണ്ടെടുക്കാനുള്ള കരുതൽ പണം (Capital redemtion reserve)
   (ix) ഖനന അവകാശങ്ങൾ (Mining rights)
   (x) ഉൽപ്പാദന ഘട്ടത്തിലുള്ള ചരക്കുകൾ (Work-in-progress)

### ദീർഘോത്തര ചോദ്യങ്ങൾ

1. ധനകാര്യ പത്രികകളുടെ സ്വഭാവം വിശദീകരിക്കുക.
2. ധനകാര്യ പത്രികകളുടെ പ്രാധാന്യം വിശദമായി വിവരിക്കുക.
3. ധനകാര്യ പത്രികകളുടെ പരിമിതികൾ വിവരിക്കുക.
4. ലാഭനഷ്ട പത്രികയുടെ രൂപരേഖ തയാറാക്കുകയും അതിലെ ഇനങ്ങൾ വിശദീകരിക്കുകയും ചെയ്യുക.
5. ബാക്കിപത്രത്തിന്റെ രൂപരേഖ തയാറാക്കുകയും വിവിധ ഘടകങ്ങൾ വിശദീകരിക്കുകയും ചെയ്യുക.

6. സ്ഥാപനത്തിന്റെ കാര്യനിർവഹണത്തിൽ താൽപ്പര്യമുള്ള വിവിധ കക്ഷികൾക്ക് ധനകാര്യ പത്രികകൾ എങ്ങനെ പ്രയോജനകരമാണെന്ന് വിവരിക്കുക.
7. 'ധനകാര്യ പത്രികകൾ രേഖപ്പെടുത്തിയ വസ്തുതകൾ, അക്കൗണ്ടിംഗ് ആശയങ്ങൾ, വ്യക്തിഗത വിലയിരുത്തലുകൾ എന്നിവ പ്രതിഫലിപ്പിക്കുന്നു'. ചർച്ചചെയ്യുക.
8. വരുമാന പത്രികയും ബാക്കിപത്രവും തയാറാക്കുന്ന പ്രക്രിയ വിശദീകരിക്കുക.

**സംഖ്യാപരമായ ചോദ്യങ്ങൾ**

1. കമ്പനി നിയമം 2013 ഷെഡ്യൂൾ III അനുസരിച്ച് താഴെ തന്നിരിക്കുന്ന ഇനങ്ങൾ ബാക്കിപത്രത്തിൽ കാണിക്കുക.

| വിവരണങ്ങൾ | തുക (₹) | വിവരണങ്ങൾ | തുക (₹) |
|---|---|---|---|
| പ്രിലിമിനറി എക്സ്പെൻസസ് | 2,40,000 | ഗുഡ്‌വിൽ | 30,000 |
| ഡിസ്കൗണ്ട് ഓൺ ഇഷ്യു ഓഫ് ഡിബഞ്ചേഴ്സ് | 20,000 | ലൂസ് ടൂൾസ് | 12,000 |
| 10% ഡിബഞ്ചേഴ്സ് | 2,00,000 | മോട്ടോർ വെഹിക്കിൾസ് | 4,75,000 |
| സ്റ്റോക്ക് ഇൻ ട്രേഡ് | 1,40,000 | പ്രൊവിഷൻ ഫോർ ടാക്സ് | 16,000 |
| ക്യാഷ് അറ്റ് ബാങ്ക് | 1,35,000 | | |
| ബിൽസ് റിസീവബ്ൾസ് | 1,20,000 | | |

2. 2017 ഏപ്രിൽ 1ന് ജംബോ ലിമിറ്റഡ് 100 രൂപയുടെ 10,000, 12% കടപ്പത്രങ്ങൾ 20% കിഴിവിൽ ഇറക്കുകയും 5വർഷത്തിനുശേഷം വീണ്ടെടുക്കുകയും ചെയ്യും. കടപ്പത്രങ്ങൾ ഇറക്കിയതിലെ കിഴിവ് കടപ്പത്രത്തിന്റെ കാലയളവിൽ എഴുതിത്തള്ളാൻ കമ്പനി തീരുമാനിച്ചു. കടപ്പത്രങ്ങൾ ഇറക്കിയതിനുശേഷമുള്ള ബാക്കിപത്രത്തിൽ ഈ ഇനങ്ങൾ കാണിക്കുക.
3. തന്നിരിക്കുന്ന വിവരണങ്ങളിൽനിന്ന് ഗീതാഞ്ജലി ലിമിറ്റഡിന്റെ ബാക്കിപത്രം തയാറാക്കുക. ഇൻവെൻററീസ് 14,00,000 രൂപ; ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ 20,00,000 രൂപ; പ്ലാന്റ് ആൻഡ് മെഷിനറി 10,00,000 രൂപ; പ്രിഫെറെൻസ് ഷെയർ ക്യാപ്പിറ്റൽ 12,00,000രൂപ; ഡിബഞ്ചർ റിഡംഷൻ റിസർവ് 6,00,000 രൂപ; ഔട്സ്റ്റാന്റിങ് എക്സ്പെൻസസ് 3,00,000 രൂപ; പ്രൊപോസ്ഡ് ഡിവിഡന്റ് 5,00,000 രൂപ; ലാൻഡ് ആൻഡ് ബിൽഡിങ് 20,00,000 രൂപ; കറന്റ് ഇൻവെസ്റ്റ്മെന്റ് 8,00,000രൂപ; ക്യാഷ് ഇക്വലന്റ് 10,00,000 രൂപ; സവേരി ലിമിറ്റഡിൽ നിന്നുള്ള ഹ്രസ്വകാല വായ്പ (ട്രിയറ്റ് ലിമിറ്റഡിന്റെ അനുബന്ധ കമ്പനി) 4,00,000 രൂപ; പബ്ലിക് ഡെപ്പോസിറ്റ്സ് 12,00,000 രൂപ.
4. ഇനി പറയുന്ന വിവരങ്ങളിൽ നിന്ന് ജാം ലിമിറ്റഡിന്റെ ബാക്കിപത്രം തയാറാക്കുക

ഇൻവെൻററീസ് 7,00,000 രൂപ; ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ 16,00,000 രൂപ.; പ്ലാന്റ് ആൻഡ് മെഷിനറി 8,00,000 രൂപ.; പ്രിഫെറൻസ് ഷെയർ ക്യാപ്പിറ്റൽ 6,00,000 രൂപ; ജനറൽ റിസർവ് 6,00,000 രൂപ; ബിൽസ് പേയബ്ൾ 1,50,000 രൂപ; പ്രൊവിഷൻ ഫോർ ടാക്സേഷൻ 2,50,000 രൂപ; ലാൻഡ് ആൻഡ് ബിൽഡിങ് 16,00,000 രൂപ; നോൺ കറന്റ് ഇൻവെസ്റ്റ്മെന്റ് 10,00,000 രൂപ; ക്യാഷ് അറ്റ് ബാങ്ക് 5,00,000രൂപ; ക്രെഡിറ്റേഴ്സ് 2,00,000 രൂപ; 12% ഡിബഞ്ചേഴ്സ് 12,00,000 രൂപ.

5. താഴെ പറയുന്ന വിവരങ്ങളിൽ നിന്ന് ജ്യോതി ലിമിറ്റഡിന്റെ 2017 മാർച്ച് 31ലെ ബാക്കിപത്രം തയാറാക്കുക.
   ബിൽഡിങ്സ് 10,00,000 രൂപ, മെട്രോ ടയേഴ്സ് ലിമിറ്റഡിന്റെ ഓഹരികളിൽ നിക്ഷേപം 3,00,000 രൂപ, സ്റ്റോഴ്സ് ആൻഡ് സ്പെയേഴ്സ് 1,00,000 രൂപ, ഡിസ്കൗണ്ട് ഓൺ ഇഷ്യൂ ഓഫ് 10% ഡിബഞ്ചേഴ്സ് 10,000 രൂപ, സ്റ്റേറ്റ്മെൻറ് ഓഫ് പ്രോഫിറ്റ് ആൻഡ് ലോസ് (Dr) 90,000 രൂപ, ഇക്വിറ്റി ഷെയേഴ്സ് 20 രൂപ മുഴുവനും അടച്ചുതീർത്തത് 5,00,000 രൂപ, ക്യാപ്പിറ്റൽ റിഡംഷൻ റിസർവ് 1,00,000 രൂപ, 10% ഡിബഞ്ചേഴ്സ് 3,00,000 രൂപ, അൺപെയ്ഡ് ഡിവിഡന്റ് 90,000 രൂപ , ഷെയർ ഓപ്ഷൻസ് ഔട്ട്സ്റ്റാന്റിങ് അക്കൗണ്ട് 10,000 രൂപ.

6. വൃന്ദാ ലിമിറ്റഡ് താഴെ പറയുന്ന വിവരങ്ങൾ നൽകിയിരിക്കുന്നു:
   (a) 25,000, 10% ഡിബഞ്ചേഴ്സ് 100 രൂപ വീതം.
   (b) 5 വർഷത്തിനു ശേഷം തിരിച്ചടയ്ക്കേണ്ടുന്ന ബാങ്ക് വായ്പ 10,00,000 രൂപ;
   (c) കടപ്പത്രങ്ങളിലുള്ള പലിശ ഇനിയും നൽകേണ്ടതുണ്ട്.
   2017 മാർച്ച് 31ന് കമ്പനിയുടെ ബാക്കിപത്രത്തിൽ മുകളിൽ പറഞ്ഞ ഇനങ്ങൾ കാണിക്കുക.

7. താഴെ പറയുന്ന വിവരങ്ങളിൽ നിന്നും ബ്ലാക്ക് സ്വാൻ ലിമിറ്റഡിന്റെ 2017 മാർച്ച് 31ലെ ബാക്കിപത്രം തയാറാക്കുക.

| | | (രൂപ) |
|---|---|---|
| ജനറൽ റിസർവ് | : | 3,000 |
| 10% ഡിബഞ്ചേഴ്സ് | : | 3,000 |
| സ്റ്റേറ്റ്മെൻറ് ഓഫ് പ്രോഫിറ്റ് ആൻഡ് ലോസ് ബാലൻസ് | : | 1,200 |
| ഡിപ്രീസിയേഷൻ ഓൺ ഫിക്സഡ് അസറ്റ്സ് | : | 700 |
| ഗ്രോസ് ബ്ലോക്ക് | : | 9,000 |
| കറന്റ് ലയബിലിറ്റീസ് | : | 2,500 |
| പ്രിലിമിനറി എക്സ്പെൻസസ് | : | 300 |
| 6% പ്രിഫെറൻസ് ഷെയർ ക്യാപ്പിറ്റൽ | : | 5,000 |
| ക്യാഷ് ആൻഡ് ക്യാഷ് ഇക്വലെന്റ്സ് | : | 6,100 |

# 4

# ധനകാര്യ പത്രികകളുടെ വിശകലനം
## (Analysis of Financial Statements)

P7F5T1

**പഠന നേട്ടങ്ങൾ**

- *ധനകാര്യ വിശകലനത്തിന്റെ സ്വഭാവവും പ്രാധാന്യവും വിവരിക്കുന്നു.*
- *ധനകാര്യ വിശകലനത്തിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുന്നു.*
- *ധനകാര്യ വിശകലനത്തിനുള്ള വിവിധ ഉപകരണങ്ങൾ വിശദീകരിക്കുന്നു.*
- *ധനകാര്യ വിശകലനത്തിനുള്ള പോരായ്മകൾ കണ്ടെത്തുന്നു.*
- *താരതമ്യ പത്രികകളും പൊതു മാനദണ്ഡ പത്രികകളും തയാറാക്കുകയും അവയിലെ വിവരങ്ങൾ വ്യാഖ്യാനിക്കുകയും ചെയ്യുന്നു.*
- *പ്രവണത വിശകലനം നടത്തുകയും അത് വ്യാഖ്യാനിക്കുകയും ചെയ്യുന്നു.*

**ക**മ്പനികളുടെ ധനകാര്യ പത്രികകളെക്കുറിച്ച് (വരുമാന പത്രികയും ബാക്കിപത്രവും) നിങ്ങൾ പഠിച്ചു കഴിഞ്ഞല്ലോ. അടിസ്ഥാനപരമായി, കമ്പനികളുടെ പ്രവർത്തന ഫലവും സാമ്പത്തിക സ്ഥിതിയും സംബന്ധിച്ച വിവരങ്ങളും കമ്പനിയുടെ പ്രവർത്തനക്ഷമതയും സാമ്പത്തിക ഭദ്രതയും വിലയിരുത്തുന്നതിനാവശ്യമായ വിശദമായ വിവരണങ്ങളും നൽകുന്ന സംക്ഷിപ്തമായ സാമ്പത്തിക റിപ്പോർട്ടുകളാണിവ. ഇത്തരം വിവരങ്ങൾ കൃത്യമായി വിശകലനം ചെയ്യേണ്ടതും വിലയിരുത്തപ്പെടേണ്ടതുമാണ്. അതിന് അനവധിയായ സാങ്കേതിക മാർഗങ്ങൾ (ഉപകരണങ്ങൾ) സാമ്പത്തിക വിദഗ്ധർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ അധ്യായത്തിൽ ഇത്തരം സാങ്കേതിക മാർഗങ്ങളെക്കുറിച്ച് ഒരു അവലോകനം നടത്തുകയാണ്.

### 4.1 ധനകാര്യ പത്രികകളുടെ വിശകലനം – അർഥം
### (Meaning of Analysis of Financial Statements)

ഒരു സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുന്നതിനും അതുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്നതിനും വേണ്ടി ധനകാര്യ പത്രികകളിൽ അടങ്ങിയിരിക്കുന്ന ധനകാര്യ വിവരങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്ന പ്രവൃത്തിയെ ധനകാര്യ പത്രികകളുടെ വിശകലനം എന്ന് വിളിക്കുന്നു. ഇത് ധനകാര്യ പത്രികകളിൽ നൽകിയിരിക്കുന്ന വിവിധ ധനകാര്യ വസ്തുതകളും കണക്കുകളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനവും ഒപ്പം സ്ഥാപനത്തിന്റെ സാമ്പത്തികാരോഗ്യം, ഭാവി സാധ്യതകൾ എന്നിവ വിലയിരുത്തുവാൻ അതിന്റെ

ലാഭക്ഷമതയിലും പ്രവർത്തന ഫലപ്രാപ്തിയിലും ഉൾക്കാഴ്ച നൽകുന്ന വ്യാഖ്യാന വുമാണ്.

ധനകാര്യ വിശകലനം എന്ന പദത്തിൽ വിശകലനവും വ്യാഖ്യാനവും ഉൾപ്പെടുന്നു. ശാസ്ത്രീയമായ വർഗീകരണത്തിലൂടെ ധനകാര്യ പത്രികകളിലുള്ള സാമ്പത്തിക വിവരങ്ങളുടെ ലളിതവൽക്കരണമാണ് വിശകലനം എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. വിവരങ്ങളുടെ അർത്ഥവും പ്രാധാന്യവും വിവരിക്കുന്നതാണ് വ്യാഖ്യാനം. ഇവ രണ്ടും പരസ്പരപൂരകങ്ങളാണ്. വ്യാഖ്യാനമില്ലാത്ത വിശകലനം ഉപയോഗശൂന്യവും വിശകല നമില്ലാത്ത വ്യാഖ്യാനം പ്രയാസമേറിയതും ചിലപ്പോൾ പ്രായോഗികമല്ലാത്തതുമാണ്.

ഭാവിയിലെ അവസ്ഥാവിശേഷത്തെക്കുറിച്ച് സാധ്യമായ നല്ല മൂല്യനിർണയവും മുന്നറിയിപ്പും സാധ്യമാക്കുക എന്ന പ്രാഥമിക ലക്ഷ്യം വച്ചുകൊണ്ട് ഒരു സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളുടെ ഫലവും നിലവിലുള്ളതും ഭാവിയിലു ണ്ടാകാൻ സാധ്യതയുള്ളതുമായ സാമ്പത്തിക സ്ഥിതിഗതികളും അനുമാനി ക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി നടത്തുന്ന ഒരു വിധിന്യായ പ്രക്രിയയാണ് ധനകാര്യപത്രിക വിശകലനം. ധനകാര്യപത്രികകളിൽ ലഭ്യമായിരുന്ന വിവരങ്ങൾ തമ്മിൽ ഒരു ബന്ധം സ്ഥാപിക്കുന്നതിലൂടെ ഒരു ബിസിനസ് സ്ഥാപനത്തിന്റെ ശക്തിയും ദൗർബല്യവും മനസിലാക്കുന്നതിനുവേണ്ടി അവയുടെ പുനർവർഗീകരണവും വിശകലനവും ഉൾപ്പെടുന്നതാണിത്. ഇത് മറ്റ് സ്ഥാപനങ്ങളുമായുള്ള താരതമ്യത്തിലൂടെയും (പരിച്ഛേദ വിശകലനം) വിവിധ കാലയളവിലുള്ള സ്വന്തം പ്രകടനങ്ങളുടെ താരതമ്യത്തിലൂടെയും (സമയശ്രേണിവിശകലനം) തീരുമാനങ്ങൾ എടുക്കുന്നതിനു സഹായകരമാണ്.

## 4.2 ധനകാര്യ പത്രികകളുടെ വിശകലനത്തിന്റെ പ്രാധാന്യം (Significance of Analysis of Financial Statements)

ബാക്കിപത്രത്തിലെയും ലാഭ-നഷ്ട പത്രികയിലെയും വിവിധ ഇനങ്ങൾ തമ്മിലുള്ള ശരിയായ ബന്ധം സ്ഥാപിക്കുന്നതിലൂടെ ഒരു സ്ഥാപനത്തിന്റെ സാമ്പത്തിക നേട്ടങ്ങളും പോരായ്മകളും കണ്ടെത്തുന്ന പ്രവൃത്തിയാണ് ധനകാര്യ വിശകലനം. ധനകാര്യ വിശകലനം സ്ഥാപന മാനേജ്മെന്റിനോ അല്ലെങ്കിൽ സ്ഥാപനത്തിന്റെ പുറത്തുള്ള വ്യക്തികൾക്കോ നടത്താവുന്നതാണ്. അതായത്, ഉടമസ്ഥർ, വ്യാപാരകടക്കാർ, പണമിട പാടുകാർ, നിക്ഷേപകർ, തൊഴിലാളി സംഘടനകൾ, വിശകലന വിദഗ്ധർ, തുടങ്ങിയവർ. വിശകലന വിദഗ്ധരുടെ ആവശ്യം അനുസരിച്ച് വിശകലനത്തിന്റെ സ്വഭാവം വ്യത്യസ്ത മായിരിക്കും. വിശകലന വിദഗ്ധരുടെ ഉദ്ദേശ്യങ്ങളിലെ വ്യത്യാസം കാരണം ഒരു വിദഗ്ധൻ തുടർച്ചയായി ഉപയോഗിക്കുന്ന സാങ്കേതിക മാർഗങ്ങൾ മറ്റൊരു വിദഗ്ധന്റെ ഉദ്ദേശ്യങ്ങൾ

നിറവേറ്റാൻ ഉപകരിക്കണമെന്നില്ല. ധനകാര്യ വിശകലനം താഴെ പറയുന്ന പ്രകാരം വിവിധ ഉപയോക്താക്കൾക്ക് ഉപകാരപ്രദവും പ്രധാനപ്പെട്ടതുമാകുന്നു.

(a) *ധനകാര്യ മാനേജർ (Finance manager):* ധനകാര്യ വിശകലനം എന്നത് മാനേജ്മെന്റിന്റെ പ്രകടനം, കോർപ്പറേറ്റ് കാര്യക്ഷമത, സാമ്പത്തിക ശക്തി ദൗർബല്യങ്ങൾ, കമ്പനിയുടെ കടം തിരിച്ചടയ്ക്കുവാനുള്ള കഴിവ് എന്നിവയുമായി ബന്ധപ്പെട്ട വസ്തുതകൾ കേന്ദ്രീകരിച്ചിരിക്കുന്നു. ഒരു ഫിനാൻസ് മാനേജർ സ്ഥാപനത്തിനുവേണ്ടി യുക്തിഭദ്രമായ തീരുമാനങ്ങൾ എടുക്കുന്നതിനാവശ്യമായ വിവിധ വിശകലനോപാധികളാൽ സുസജ്ജനായിരിക്കണം. പ്രവർത്തന നയങ്ങളുടെ തുടർച്ച, ബിസിനസ്സിന്റെ നിക്ഷേപമൂല്യം, വായ്പാശേഷി, പ്രവർത്തനങ്ങളുടെ കാര്യക്ഷമത തുടങ്ങിയവ നിർണയിക്കുന്നതിന് അക്കൗണ്ടിംഗ് വിവരങ്ങൾ വിശകലനം ചെയ്യാൻ ഈ ഉപാധികൾ സഹായിക്കുന്നു. സാമ്പത്തിക നിയന്ത്രണ മേഖലയിലും ഇത്തരം സാങ്കേതിക ഉപാധികൾ തുല്യ പ്രാധാന്യം അർഹിക്കുന്നു. സ്ഥാപനത്തിന്റെ യഥാർഥ സാമ്പത്തിക പ്രവർത്തനങ്ങൾ സ്ഥിരമായി വിലയിരുത്തുന്നതിനും പ്രധാന വ്യതിയാനങ്ങളുടെ കാരണങ്ങൾ വിശകലനം ചെയ്യുന്നതിനും പരിഹാര നടപടികൾ കൈക്കൊള്ളുന്നതിനും ഇത് ഫിനാൻസ് മാനേജരെ സഹായിക്കുന്നു.

(b) *ഉന്നതതല മാനേജ്മെന്റ് (Top management):* ധനകാര്യ വിശകലനത്തിന്റെ പ്രാധാന്യം ഫിനാൻസ് മാനേജരിൽ മാത്രം പരിമിതപ്പെടുത്തേണ്ടതല്ല. പൊതുവിൽ, ഇതിന് ഉന്നത മാനേജ്മെന്റും മറ്റു വകുപ്പുതല മാനേജർമാരും ഉത്തരവാദപ്പെട്ടിരിക്കുന്നു. ഒരു സ്ഥാപനത്തിന്റെ നേതൃത്വത്തിന് ധനകാര്യ വിശകലനത്തിന്റെ എല്ലാ തലങ്ങളിലും താൽപ്പര്യമുണ്ടായിരിക്കണം. സ്ഥാപനത്തിന്റെ വിഭവങ്ങൾ നന്നായി ഉപയോഗിച്ചുവെന്നതും സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമാണെന്ന് ഉറപ്പുവരുത്തേണ്ടതും അവരുടെ പൊതുവായുള്ള ഉത്തരവാദിത്വമാണ്. ധനകാര്യ വിശകലനം കമ്പനിയുടെ പ്രവർത്തനങ്ങളുടെ വിജയത്തെ അളക്കുന്നതിനും വ്യക്തിഗതപ്രകടനം വിലയിരുത്തുന്നതിനും ആഭ്യന്തരനിയന്ത്രണ സംവിധാനം അവലോകനം ചെയ്യുന്നതിനും ഉന്നതതല മാനേജ്മെന്റിനെ സഹായിക്കുന്നു.

(c) *വ്യാപാര കടക്കാർ (Trade payables):* ധനകാര്യ പത്രികകളുടെ വിശകലനത്തിലൂടെ, ട്രേഡ് പേയബ്ൾ, കമ്പനിയുടെ ഹ്രസ്വകാല ബാധ്യതകൾ അടച്ചുതീർക്കുവാനുള്ള കഴിവിനെ വിലയിരുത്തുന്നതിനുപുറമെ ഭാവിയിലുണ്ടാകുന്ന എല്ലാ സാമ്പത്തിക ബാധ്യതകളും അടച്ചുതീർക്കുവാനുള്ള സ്ഥിരമായ സാധ്യത വിലയിരുത്തുന്നു. ട്രേഡ് പേയബ്ൾസ്, പ്രത്യേകിച്ച് ഒരു സ്ഥാപനത്തിന്റെ ബാധ്യ

തകൾ ഏറ്റവും കുറഞ്ഞ കാലാവധിക്കുള്ളിൽ കൊടുത്തു തീർക്കുന്നതിനുള്ള കഴിവിൽ താൽപ്പര്യം കാണിക്കുന്നു. ആയതുകൊണ്ട്, വിശകലന വിദഗ്ധർ സ്ഥാപനത്തിന്റെ ദ്രവത്വ നില അവലോകനം ചെയ്യുന്നു.

(d) *പണമിടപാടുകാർ (Lenders):* ദീർഘകാല കടത്തിന്റെ വിതരണക്കാർ സ്ഥാപനത്തിന്റെ ദീർഘകാല ലേയത്വവും അതിജീവനവുമാണ് പരിഗണിക്കുന്നത്. അവർ സ്ഥാപനത്തിന്റെ നിശ്ചിത കാലയളവിലെ ലാഭ സാധ്യതയും പണം സ്വരൂപിക്കുന്നതിനുള്ള കഴിവും പലിശ നൽകുവാനും മുതൽ തിരിച്ചടക്കുവാനുള്ള സാധ്യതയും ഫണ്ടിന്റെ വിവിധ ഉറവിടങ്ങൾ തമ്മിലുള്ള ബന്ധങ്ങളും വിശകലനം ചെയ്യുന്നു (മൂലധന ഘടന ബന്ധങ്ങൾ). ദീർഘകാല പണമിടപാടുകാർ ഭാവിയിലെ ലേയത്വവും ലാഭസാധ്യതയും വിലയിരുത്തുന്നതിന് വിവിധ ധനകാര്യ പത്രികകൾ വിശകലനം ചെയ്യുന്നു.

(c) *നിക്ഷേപകർ (Investors):* സ്ഥാപനത്തിന്റെ ഓഹരികളിൽ മുതൽ മുടക്കുന്ന നിക്ഷേപകർ സ്ഥാപനത്തിന്റെ വരുമാനത്തിൽ താൽപ്പര്യം കാണിക്കുന്നു. അവർ സ്ഥാപനത്തിന്റെ ഇപ്പോഴത്തെയും ഭാവിയിലുണ്ടാകാൻ സാധ്യതയുള്ളതുമായ ലാഭസാധ്യത വിശകലനം ചെയ്യുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അവർ സ്ഥാപനത്തിന്റെ വരുമാനത്തിലും നഷ്ട സാധ്യതയിലും മൂലധന ഘടനയ്ക്കുള്ള സ്വാധീനം കണക്കാക്കുന്നതിൽക്കൂടി താൽപ്പര്യം കാണിക്കുന്നു. അവർ മാനേജ്മെന്റിന്റെ കഴിവിനെയും അതിൽ മാറ്റങ്ങൾ വേണമോ എന്നതിനെക്കുറിച്ചും അവലോകനം നടത്തുന്നു. ചില വലിയ കമ്പനികളിൽ ഓഹരിയുടമകളുടെ താൽപ്പര്യം ഓഹരികൾ വാങ്ങണോ വിൽക്കണോ നിലനിർത്തണോ എന്നതിൽ പരിമിതപ്പെട്ടിരിക്കുന്നു.

(f) *തൊഴിലാളി സംഘടനകൾ (Labour unions):* തൊഴിലാളി സംഘടനകൾ ധനകാര്യ പത്രികകൾ വിശകലനം ചെയ്യുന്നത് സ്ഥാപനത്തിന് ഇപ്പോൾ ഒരു വേതന വർധനവ് താങ്ങാവുന്നതാണോ അല്ലെങ്കിൽ ഉൽപ്പാദന വർധനവിലൂടെയോ വില വർധനവിലൂടെയോ വേതന വർധനവ് സാധ്യമാകുമോ എന്ന് വിലയിരുത്തുവാനാണ്

(g) *മറ്റുള്ളവർ (Others):* സാമ്പത്തിക വിദഗ്ധർ, ഗവേഷകർ തുടങ്ങിയവർ ധനകാര്യ പത്രികകൾ വിശകലനം നടത്തുന്നത് ബിസിനസ്സിന്റെ ഇപ്പോഴത്തെ സാമ്പത്തിക നിലയെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടിയാണ്. ഗവൺമെന്റ് ഏജൻസികൾക്ക് വില നിയന്ത്രണം, നികുതി സംവിധാനം, മറ്റ് സമാന ആവശ്യങ്ങൾ എന്നിവയ്ക്ക് ഇത് സഹായകരമാണ്.

## 4.3 ധനകാര്യ പത്രികകളുടെ വിശകലനത്തിന്റെ ലക്ഷ്യങ്ങൾ (Objectives of Analysis of Financial Statements)

ധനകാര്യ പത്രികകളുടെ വിശകലനം നേതൃത്വത്തിന്റെ പ്രകടനത്തെയും സ്ഥാപനത്തിന്റെ കഴിവിനെയും കുറിച്ച് പ്രധാനപ്പെട്ട വസ്തുതകൾ വെളിപ്പെടുത്തുന്നു. വിശാലമായി പറയുകയാണെങ്കിൽ, ധനകാര്യ പത്രികകളുടെ വിശകലനത്തിന്റെ ലക്ഷ്യങ്ങൾ സ്ഥാപനത്തിന്റെ കഴിവുകളും പോരായ്മകളും അറിയുക എന്ന കാഴ്ചപ്പാടോടുകൂടി സാമ്പത്തിക പത്രികകളിൽ അടങ്ങിയിരിക്കുന്ന മുഴുവൻ വിവരങ്ങളും മനസ്സിലാക്കിക്കൊണ്ട് വിശകലന വിദഗ്ധരെ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും സ്ഥാപനത്തിൽ കൂടുതൽ നിക്ഷേപം നടത്തുന്നതിനെക്കുറിച്ചും തീരുമാനങ്ങളെടുക്കുവാൻ പ്രാപ്തരാക്കുകയാണ്. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ, വിശകലനം താഴെ കൊടുത്തിരിക്കുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനാണ് നടത്തപ്പെടേണ്ടത്.

- സ്ഥാപനത്തിന്റെ സാമ്പത്തിക ആരോഗ്യം വിലയിരുത്തുന്നതിന് സ്ഥാപനത്തിന്റെ പൊതുവായും ഓരോ വകുപ്പിന്റെ പ്രത്യേകമായും നിലവിലുള്ള ലാഭസാധ്യതയും പ്രവർത്തനക്ഷമതയും വിലയിരുത്തുക.
- സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ വിവിധ ഘടകങ്ങളുടെ ആപേക്ഷികപ്രാധാന്യം കണ്ടെത്തുക.
- സ്ഥാപനത്തിന്റെ ലാഭസാധ്യതയിലോ സാമ്പത്തികസ്ഥിതിയിലോ ഉണ്ടായ മാറ്റത്തിന്റെ കാരണങ്ങൾ തിരിച്ചറിയുക.
- സ്ഥാപനത്തിന്റെ കടങ്ങൾ തിരിച്ചടയ്ക്കുവാനുള്ള കഴിവും ഹ്രസ്വകാല ദീർഘകാല തിരിച്ചടവുശേഷിയും വിലയിരുത്തുക.

വിവിധ സ്ഥാപനങ്ങളുടെ ധനകാര്യ പത്രികകൾ വിശകലനം ചെയ്യുന്നതിലൂടെ ഒരു സാമ്പത്തിക വിദഗ്ധന് സാമ്പത്തിക അധികാര കേന്ദ്രീകരണം എത്രത്തോളമുണ്ടെന്നും പിന്തുടരുന്ന സാമ്പത്തിക നയത്തിന്റെ പോരായ്മകൾ എന്തൊക്കെയാണെന്നും വിലയിരുത്താൻ കഴിയുന്നു. ലൈസെൻസിംഗ്, നിയന്ത്രണങ്ങൾ, വില നിർണയം, ലാഭ പരിധി നിശ്ചയിക്കൽ, ലാഭവിഹിതം മരവിപ്പിക്കൽ, നികുതി ഇളവുകൾ, കോർപ്പറേറ്റ് മേഖലയ്ക്കുള്ള മറ്റ് ഇളവുകൾ എന്നിവയുമായി ബന്ധപ്പെട്ട സർക്കാർ തീരുമാനങ്ങൾക്ക് അടിസ്ഥാനമായ വിവരങ്ങൾ ധനകാര്യ വിശകലനം നൽകുന്നു.

## 4.4 ധനകാര്യ പത്രികകളുടെ വിശകലനത്തിനുള്ള ഉപാധികൾ (Tools of Analysis of Financial Statements)

സാമ്പത്തിക വിശകലനത്തിന് പൊതുവായി ഉപയോഗിക്കുന്ന ഉപാധികൾ താഴെ കൊടുത്തിരിക്കുന്നു.

1. *താരതമ്യ പത്രികകൾ (Comparative Statements):* ഇത്തരം പത്രികകൾ ഒരുസ്ഥാപനത്തിന്റെ വിവിധ കാലയളവിലുള്ള ലാഭസാധ്യതയും സാമ്പത്തിക

സ്ഥിതിയും താരതമ്യം ചെയ്തു കാണിക്കുന്നതിലൂടെ രണ്ടോ അതിലധികമോ കാലയളവിലുള്ള സാമ്പത്തിക നിലയെക്കുറിച്ചുള്ള വ്യക്തമായ ആശയം നൽകുന്നു. ഇതിന് സാധാരണ രണ്ട് പ്രധാന ധനകാര്യ പത്രികകളാണ് ഉപയോഗിക്കുന്നത്, അതായത്, താരതമ്യ രീതിയിൽ തയാറാക്കുന്ന ബാക്കിപത്രവും ലാഭ-നഷ്ട പത്രികയും. സാമ്പത്തിക വസ്തുതകൾ താരതമ്യം നടത്തണമെങ്കിൽ പത്രികകൾ തയാറാക്കുമ്പോൾ ഒരേ അക്കൗണ്ടിംഗ്തത്ത്വം തന്നെ ഉപയോഗിച്ചിരിക്കേണ്ടതാണ്. അല്ലാത്ത സാഹചര്യങ്ങളിൽ, അക്കൗണ്ടിംഗ്തത്ത്വങ്ങൾ ഉപയോഗിക്കുന്നതിലുണ്ടായ മാറ്റങ്ങൾ അടിക്കുറിപ്പായി നൽകേണ്ടതാണ്. താരതമ്യക്കണക്കുകൾ സാമ്പത്തിക സ്ഥിതിയുടെയും പ്രവർത്തന ഫലത്തിന്റെയും പ്രവണതയും അതിന്റെ ദിശയും കാണിക്കുന്നു. ഈ വിശകലനത്തെ തിരശ്ചീന വിശകലനം (Horizontal analysis) എന്നുകൂടി വിളിക്കുന്നു.

2. *പൊതുമാനദണ്ഡ പത്രികകൾ (Common Size Statements):* ഒരു ധനകാര്യ പത്രികയിലെ വിവിധ ഘടകങ്ങൾ ഒരു പൊതുഘടകവുമായുള്ള ബന്ധം ശതമാനത്തിൽ സൂചിപ്പിക്കുന്ന പത്രികകളാണിവ. എല്ലാ സംഖ്യകളും ഒരു പൊതു അടിസ്ഥാനത്തിൽ കൊണ്ടുവരുന്നതുകൊണ്ട് അങ്ങനെ കണക്കാക്കുന്ന ശതമാനം മുൻ വർഷങ്ങളിലെയോ മറ്റ് സ്ഥാപനങ്ങളുടെയോ ഫലത്തിന്റെ ശതമാനവുമായി താരതമ്യം ചെയ്യുന്നതിന് എളുപ്പമായിരിക്കും. ഒരേ വ്യാവസായിക മേഖലയിലുള്ള, വിവിധ വലുപ്പത്തിലുള്ള കമ്പനികളുടെ പ്രവർത്തനപരവും ധനകാര്യപരവുമായ സ്വഭാവങ്ങൾ താരതമ്യം ചെയ്യുന്നതിന് ഇത്തരം പത്രികകൾ ഒരു വിശകലന വിദഗ്ധനെ അനുവദിക്കുന്നു. പൊതുമാനദണ്ഡ പത്രികകൾ സ്ഥാപനത്തിനകത്തുള്ള വിവിധ വർഷങ്ങളിലെ വസ്തുതകൾ താരതമ്യം ചെയ്യുന്നതിനും സ്ഥാപനങ്ങൾ തമ്മിൽ ഒരേ വർഷത്തെയോ വിവിധ വർഷങ്ങളിലെയോ വസ്തുതകൾ താരതമ്യം ചെയ്യുന്നതിനും ഉപകാരപ്രദമാണ്. ഈ വിശകലനം ലംബ വിശകലനം (Vertical analysis) എന്നുകൂടി അറിയപ്പെടുന്നു.

3. *പ്രവണതാ വിശകലനം (Trend Analysis):* വിവിധ വർഷങ്ങളിലെ പ്രവർത്തന ഫലങ്ങളും സാമ്പത്തിക സ്ഥിതിഗതികളും പഠിക്കുന്നതിനുള്ള ഒരു സാങ്കേതിക മാർഗമാണിത്. ഒരു ബിസിനസ് സ്ഥാപനത്തിന്റെ മുൻവർഷങ്ങളിലെ വിവരങ്ങൾ ഉപയോഗിച്ചുകൊണ്ട്, തിരഞ്ഞെടുത്ത വിവരങ്ങളിലെ കാലാകാലങ്ങളിലുള്ള ശതമാന മാറ്റം നിരീക്ഷിക്കാൻ പ്രവണതാ വിശകലനം നടത്താനാകും. വിവിധ വർഷങ്ങളിലെ ഓരോ ഇനത്തെയും അടിസ്ഥാന വർഷത്തിലെ അതേ ഇനത്തെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള ഒരു ശതമാന ബന്ധമാണ് പ്രവണതാ ശതമാനം. പ്രവണതാ വിശകലനം അതിന്റെ ദീർഘകാല കാഴ്ചപ്പാടിൽ പ്രധാനപ്പെട്ടതാണ്, കാരണം അത് ബിസിനസിന്റെ സ്വഭാവത്തിൽ അടിസ്ഥാനപരമായി ഉണ്ടാകുന്ന മാറ്റങ്ങളിൽ കേന്ദ്രീകരിക്കുന്നു. പ്രവണത ഒരു പ്രത്യേക അനുപാതത്തിൽ

നോക്കിയാൽ, അനുപാതം താഴുകയാണോ ഉയരുകയാണോ അല്ലെങ്കിൽ താരതമ്യേന സ്ഥിരമായി നിലനിൽക്കുന്നുണ്ടോ എന്ന് കാണാനാകും. ഈ നിരീക്ഷണത്തിൽനിന്ന് ഒരു പ്രശ്നം കണ്ടെത്താം അല്ലെങ്കിൽ മാനേജ്മെന്റിന്റെ നല്ലതോ മോശമായതോ ആയ ലക്ഷണങ്ങൾ കണ്ടെത്താൻ കഴിയും.

4. *അനുപാത വിശകലനം (Ratio Analysis):* ഇത് ഒരു സ്ഥാപനത്തിന്റെ ബാക്കി പത്രത്തിലെയും ലാഭ നഷ്ട പത്രികയിലെയും വിവിധ ഘടകങ്ങൾ തമ്മിൽ നിലനിൽക്കുന്ന നിർണായക ബന്ധം വിവരിക്കുന്നു. ധനകാര്യ വിശകലനത്തിന്റെ ഒരു സാങ്കേതിക ഉപാധിയെന്ന നിലയിൽ അക്കൗണ്ടിംഗ് അനുപാതം വരുമാന പത്രികയിലെയും സ്ഥാനപത്രികയിലെയും ഓരോ ഘടകത്തിന്റെയും താരതമ്യേന യുള്ള പ്രാധാന്യം അളക്കുന്നു. അനുപാത വിശകലനത്തിലൂടെ ഒരു സ്ഥാപനത്തിന്റെ കാര്യക്ഷമതയും, ലേയത്വവും ലാഭ സാധ്യതയും വിലയിരുത്തുന്നതിന് സാധ്യമാണ്.

5. *പണപ്രവാഹ വിശകലനം (Cash Flow Analysis):* ഒരു സ്ഥാപനത്തിന്റെ അകത്തേക്കും പുറത്തേക്കുമുള്ള പണപ്രവാഹത്തിന്റെ വിശകലനമാണ് ഇതിലൂടെ സാധ്യമാകുന്നത്. ബിസിനസ്സിനകത്തേക്കുള്ള പണത്തിന്റെ ഒഴുക്കിനെ പണ ആഗമനമെന്നും/അന്തർപ്രവാഹമെന്നും ബിസിനസ്സിനു പുറത്തേക്കുള്ള പണത്തിന്റെ ഒഴുക്കിനെ പണ ബഹിർഗമനമെന്നും/ബാഹ്യപ്രവാഹമെന്നും വിളിക്കുന്നു. പണലഭ്യതയുടെ ഉറവിടങ്ങളും അവ ചെലവഴിക്കുന്നതിന്റെ ആവശ്യങ്ങളും കാണിക്കുന്നതിനാൽ, ഒരു അക്കൗണ്ടിംഗ് വർഷത്തിൽ ഏതൊക്കെ രീതിയിലാണ് പണം ലഭിച്ചതെന്നും അവ എങ്ങനെയാണ് ഉപയോഗിച്ചതെന്നും കാണിക്കുന്നതിനുവേണ്ടിയാണ് പണപ്രവാഹ വിശകലനം തയ്യാറാക്കുന്നത്. അങ്ങനെ, ഇത് ഒരു സ്ഥാപനത്തിന്റെ രണ്ട് ബാക്കി പത്ര തീയതികൾക്കിടയിൽ പണത്തിന്റെ സ്ഥിതിയിലെ മാറ്റങ്ങൾക്കുള്ള കാരണങ്ങൾ സംഗ്രഹിക്കുന്നു.

ഈ അധ്യായത്തിൽ നമുക്ക് ആദ്യത്തെ മൂന്ന് സാങ്കേതിക മാർഗങ്ങളെക്കുറിച്ച്, അതായത്, താരതമ്യ പത്രികകൾ, പൊതുമാനദണ്ഡ പത്രികകൾ, പ്രവണതാ വിശകലനം എന്നിവയെക്കുറിച്ച് ഒരു ലഘു ആശയം ലഭിക്കുന്നതാണ്. അനുപാത വിശകലനവും പണപ്രവാഹ വിശകലനവും അധ്യായം 5 ലും 6 ലും യഥാക്രമം പ്രതിപാദിക്കുന്നതാണ്.

**അറിവ് പരിശോധിക്കാം 1**

വിട്ട ഭാഗം അനുയോജ്യമായ പദം കൊണ്ട് പൂരിപ്പിക്കുക:

1. വിശകലനം ലളിതമായി അർഥമാക്കുന്നത് വിവരങ്ങളുടെ ............. ആണ്.
2. വ്യാഖ്യാനം അർഥമാക്കുന്നത് വിവരങ്ങളുടെ ............. ആണ്.

3. താരതമ്യവിശകലനം ......... വിശകലനം എന്ന് കുടി അറിയപ്പെടുന്നു.
4. പൊതുമാനദണ്ഡവിശകലനം ......... വിശകലനം എന്ന് കുടി അറിയപ്പെടുന്നു.
5. ഒരു സ്ഥാപനത്തിലെ പണാഗമനത്തിന്റെയും ബഹിർഗമനത്തിന്റെയും യഥാർഥ ചലനത്തെ കുറിച്ചുള്ള വിശകലനത്തെ .......... വിശകലനമെന്ന് വിളിക്കുന്നു.

## 4.5 താരതമ്യ പത്രികകൾ (Comparative Statements)

നേരത്തെ പ്രസ്താവിച്ചതുപോലെ, തൻവർഷത്തെ തുകകളും, മുൻവർഷത്തെ തുകകളും ഈ തുകകൾ തമ്മിലുള്ള വ്യത്യാസവും പ്രത്യേക കോളങ്ങളിൽ നൽകികൊണ്ട് ലാഭ-നഷ്ട പത്രികയും ബാക്കിപത്രവും തയാറാക്കുക എന്നാണ് താരതമ്യ പത്രികകൊണ്ട് അർഥമാക്കുന്നത്. തൽഫലമായി വിവിധ തീയതികളിലെ അക്കൗണ്ട് ബാലൻസും വിവിധ കാലയളവിലെ പ്രവർത്തനങ്ങളുടെ സംഗ്രഹങ്ങളും കണ്ടെത്തുന്നതിന് പുറമെ ഈ തീയതികൾക്കിടയിൽ അവയിലുണ്ടാകുന്ന വർധനവിന്റെയും കുറവിന്റെയും പരിധികൂടി കണ്ടെത്തുവാൻ കഴിയുന്നു. താരതമ്യ പത്രികകളിലെ തുകകൾ, വ്യതിയാനത്തിന്റെ ദിശ കണ്ടെത്തുന്നതിനും സ്ഥാപനത്തിന്റെ പ്രകടനത്തിന്റെ വിവിധ സൂചകങ്ങളുടെ പ്രവണത മനസ്സിലാക്കുവാനും ഉപയോഗിക്കുവാൻ കഴിയുന്നതാണ്.

താരതമ്യ പത്രികകൾ തയാറാക്കുന്നതിന് താഴെ കൊടുത്ത ഘട്ടങ്ങൾ പിന്തുടരാവുന്നതാണ്:

*ഘട്ടം 1* : രണ്ട് കാലയളവുമായി ബന്ധപ്പെട്ട യഥാർഥ തുകകൾ രൂപയിൽ പട്ടികപ്പെടുത്തുക. (ചിത്രം 4.1-ൽ 2, 3 കോളത്തിൽ കാണിച്ചതുപോലെ)

*ഘട്ടം 2* : രണ്ടാമത്തെ വർഷത്തിൽ നിന്ന് (കോളം 2) ഒന്നാം വർഷം (കോളം 3) കുറവ് ചെയ്തുകൊണ്ട് യഥാർഥ തുകകളിലുള്ള വ്യത്യാസം കണ്ടെത്തി വ്യത്യാസം വർധനവാണോ (+) കുറവാണോ (–) എന്ന് സൂചിപ്പിച്ച് കോളം 4 ൽ രേഖപ്പെടുത്തുക.

ഘട്ടം 3 : താഴെ കൊടുത്തപോലെ ശതമാനവ്യത്യാസം കണക്കാക്കി കോളം 5 ൽ രേഖപ്പെടുത്തുന്നത് അഭികാമ്യം.

$$\frac{\text{കേവല വർധനവ്/കുറവ് (കോളം 4)}}{\text{ഒന്നാം വർഷ യഥാർഥ തുക (കോളം 2)}} \times 100$$

| വിവരണങ്ങൾ | ഒന്നാം വർഷം | രണ്ടാമത്തെ വർഷം /കുറവ് (–) | കേവല വർധനവ് (+) /കുറവ് (–) | ശതമാനം വർധനവ് (+) |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | രൂപ | രൂപ | രൂപ | %. |
| | | | | |

**ചിത്രീകരണം 4 .1**

***നിർധാരണം 1***

താഴെ കൊടുത്തിരിക്കുന്ന ബി.സി.ആർ കമ്പനി ലിമിറ്റഡിന്റെ ലാഭ നഷ്ട-പത്രികയെ ലാഭ നഷ്ടത്തിന്റെ താരതമ്യ പത്രികയായി മാറ്റുക.

| വിവരണങ്ങൾ | കുറിപ്പ് നമ്പർ | *2015-16* രൂപ | *2016-17* രൂപ |
|---|---|---|---|
| (i)പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം | | 60,00,000 | 75,00,000 |
| (ii)മറ്റു വരുമാനങ്ങൾ | | 1,50,000 | 1,20,000 |
| (iii)ചെലവുകൾ | | 44,00,000 | 50,60,000 |
| (iv)ആദായ നികുതി | | 35% | 40% |

***ഉത്തരം***

മാർച്ച് 31 നു അവസാനിക്കുന്ന 2016 & 2017 വർഷങ്ങളിലെ ലാഭ നഷ്ടത്തിന്റെ താരതമ്യ പത്രിക

| വിവരണങ്ങൾ | *2015-16* | *2016-17* | കേവല വർധനവ് (+) /കുറവ് ( ) | ശതമാനം വർധനവ് (+) /കുറവ് (-) |
|---|---|---|---|---|
| | രൂപ | രൂപ | രൂപ | % |
| I. പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം | 60,00,000 | 75,00,000 | 15,00,000 | 25.00 |
| II.(+) : മറ്റു വരുമാനങ്ങൾ | 1,50,000 | 1,20,000 | (30,000) | (20.00) |
| III.ആകെ വരുമാനം | **61,50,000** | **76,20,000** | **14,70,000** | **23.90** |
| IV.(-) : ചെലവുകൾ | 44,00,000 | 50,60,000 | 6,60,000 | 15.00 |
| നികുതിക്ക് മുൻപുള്ള ലാഭം | **17,50,000** | **25,60,000** | **8,10,000** | **46.29** |
| V. (-) : ആദായ നികുതി | 6,12,500 | 10,24,000 | 4,11,500 | 67.18 |
| നികുതിക്ക് ശേഷമുള്ള ലാഭം | **11,37,500** | **15,36,000** | **3,98,500** | **35.03** |

### നിർധാരണം 2

മധു കമ്പനി ലിമിറ്റഡിന്റെ താഴെ കൊടുത്ത ലാഭ നഷ്ട പത്രികയിൽ നിന്ന് മാർച്ച് 31 നു അവസാനിക്കുന്ന 2016 & 2017 വർഷങ്ങളിലെ ലാഭ-നഷ്ട താരതമ്യ പത്രിക തയാറാക്കുക.

| വിവരണങ്ങൾ | കുറിപ്പ് നമ്പർ | *2015-16* രൂപ | *2016-17* രൂപ |
|---|---|---|---|
| പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം | | 16,00,000 | 20,00,000 |
| തൊഴിലാളിക്ഷേമച്ചെലവുകൾ | | 8,00,000 | 10,00,000 |
| മറ്റു ചെലവുകൾ | | 2,00,000 | 1,00,000 |
| നികുതി നിരക്ക് 40 % | | | |

**ഉത്തരം**

**മാർച്ച് 31 നു അവസാനിക്കുന്ന 2016 & 2017 വർഷങ്ങളിലെ ലാഭ-നഷ്ട താരതമ്യ പത്രിക**

| വിവരണങ്ങൾ | *2015-16* | *2016-17* | കേവല വർധനവ് (+) /കുറവ് (–) | ശതമാനം വർധനവ് (+) /കുറവ് (-) |
|---|---|---|---|---|
| | രൂപ | രൂപ | രൂപ | % |
| I. പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം | **16,00,000** | **20,00,000** | **4,00,000** | **25** |
| II. (-) : ചെലവുകൾ | | | | |
| a) തൊഴിലാളിക്ഷേമ ചെലവുകൾ | 8,00,000 | 10,00,000 | 2,00,000 | 25 |
| b) മറ്റു ചെലവുകൾ | 2,00,000 | 1,00,000 | (1,00,000) | (50) |
| നികുതിക്ക് മുൻപുള്ള ലാഭം | **6,00,000** | **9,00,000** | **3,00,000** | **50** |
| III. (-) : നികുതി @ 40% | 2,40,000 | 3,60,000 | 1,20,000 | 50 |
| നികുതിക്ക് ശേഷമുള്ള ലാഭം | **3,60,000** | **5,40,000** | **1,80,000** | **50** |

**സ്വയം ചെയ്യുക**

താഴെ കൊടുത്ത വിവരണങ്ങളിൽ നിന്ന് നാരായൺ കളേഴ്സ് ലിമിറ്റഡിന്റെ മാർച്ച് 31 നു അവസാനിക്കുന്ന 2016 & 2017 വർഷങ്ങളിലെ ലാഭ-നഷ്ട താരതമ്യ പത്രിക തയാറാക്കുക.

| *വിവരണങ്ങൾ* | *കുറിപ്പ് നമ്പർ* | *2016-17 രൂപ* | *2015-16 രൂപ* |
|---|---|---|---|
| 1. പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം | | 40,00,000 | 35,00,000 |
| 2. മറ്റു വരുമാനങ്ങൾ | | 50,000 | 50,000 |
| 3. ഉപയോഗിച്ച സാധനങ്ങളുടെ വില | | 15,00,000 | 18,00,000 |
| 4. പൂർത്തിയായ സാധങ്ങളുടെ സ്റ്റോക്കിലുണ്ടായ മാറ്റം | | 10,000 | (15,000) |
| 5. തൊഴിലാളിക്ഷേമച്ചെലവുകൾ | | 2,40,000 | 2,40,000 |
| 6. മൂല്യക്ഷയവും എഴുതിത്തള്ളലും | | 25,000 | 22,500 |
| 7. മറ്റു ചെലവുകൾ | | 2,66,000 | 3,02,000 |
| 8. ലാഭം | | 20,09,000 | 14,27,300 |

അക്കൗണ്ട് കുറിപ്പുകൾ

| *വിവരണങ്ങൾ* | *2016-17 രൂപ* | *2015-16 രൂപ* |
|---|---|---|
| 1. മറ്റു ചെലവുകൾ | | |
| i) ഊർജവും ഇന്ധനവും | 36,000 | 40,000 |
| ii) വിൽപ്പനയ്ക്കുള്ള വാഹനക്കൂലി | 7,500 | 9,500 |
| iii) ലൈസൻസ് ഫീ | 2,500 | 2,500 |
| iv) വിൽപ്പന-വിതരണച്ചെലവുകൾ | 1,70,000 | 1,90,000 |
| v) നികുതിക്കുള്ള വകയിരുത്തൽ | 50,000 | 60,000 |
| | **2,66,000** | **3,02,000** |

***നിർധാരണം 3***

ജോജോ ലിമിറ്റഡിന്റെ മാർച്ച് 31 നു അവസാനിക്കുന്ന 2016 & 2017 വർഷങ്ങളിലെ ബാക്കി പത്രങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. താരതമ്യ ബാക്കി പത്രം തയാറാക്കുക.

| *വിവരണങ്ങൾ* | *കുറിപ്പ് നമ്പർ (രൂപ)* | *മാർച്ച് 31, 2017 (രൂപ)* | *മാർച്ച് 31, 2016* |
|---|---|---|---|
| **I. ഇക്വിറ്റി ആൻഡ് ലയബിലിറ്റീസ്** | | | |
| 1. ഷെയർ ഹോൾഡേഴ്സ് ഫണ്ട് | | | |
| a) ഷെയർ ക്യാപ്പിറ്റൽ | | 20,00,000 | 15,00,000 |
| b) റിസർവ്സ് ആൻഡ് സർപ്ലസ് | | 3,00,000 | 4,00,000 |

| | | | |
|---|---|---|---|
| 2. നോൺ കറന്റ് ലയബിലിറ്റീസ് | | | |
| ലോങ് ടേം ബോറോവിങ്സ് | | 9,00,000 | 6,00,000 |
| 3. കറന്റ് ലയബിലിറ്റീസ് | | | |
| ട്രേഡ് പേയബ്ൾസ് | | 3,00,000 | 2,00,000 |
| **ആകെ** | | **35,00,000** | **27,00,000** |
| **II.** അസറ്റ്സ് | | | |
| 1. നോൺ കറന്റ് അസറ്റ്സ് | | | |
| a) ഫിക്സഡ് അസറ്റ്സ് | | | |
| - ടാഞ്ചിബിൾ അസറ്റ്സ് | | 20,00,000 | 15,00,000 |
| - ഇൻടാഞ്ചിബിൾ അസറ്റ്സ് | | 9,00,000 | 6,00,000 |
| 2. കറന്റ് അസറ്റ്സ് | | | |
| - ഇൻവെന്ററീസ് | | 3,00,000 | 4,00,000 |
| - ക്യാഷ് ആൻഡ് ക്യാഷ് ഇക്വലന്റ്സ് | | 3,00,000 | 2,00,000 |
| **ആകെ** | | **35,00,000** | **27,00,000** |

***ഉത്തരം:***

**ജോജോ ലിമിറ്റഡിന്റെ 2016 മാർച്ച് 31 & 2017 മാർച്ച് 31 ലെ**
**താരതമ്യ ബാക്കി പത്രം (രൂപ ലക്ഷങ്ങളിൽ)**

| *വിവരണങ്ങൾ* | മാർച്ച് *31, 2016* | മാർച്ച് *31, 2017* | കേവല മാറ്റം | ശതമാന മാറ്റം |
|---|---|---|---|---|
| **I.** ഇക്വിറ്റി ആൻഡ് ലയബിലിറ്റീസ് | | | | |
| 1. ഷെയർ ഹോൾഡേഴ്സ് ഫണ്ട് | | | | |
| a) ഷെയർ ക്യാപ്പിറ്റൽ | 15 | 20 | 05 | 33.33 |
| b) റിസർവ്സ് ആൻഡ് സർപ്ലസ് | 04 | 03 | (01) | (25) |
| 2. നോൺ കറന്റ് ലയബിലിറ്റീസ് | | | | |
| a) ലോങ്ടേം ബോറോവിങ്സ് | 06 | 09 | 03 | 50 |
| 3. കറന്റ് ലയബിലിറ്റീസ് | | | | |
| a) ട്രേഡ് പേയബ്ൾസ് | 02 | 03 | 01 | 50 |
| **ആകെ** | **27** | **35** | **08** | **29.63** |
| **II.** അസറ്റ്സ് | | | | |
| 1. നോൺ കറന്റ് അസറ്റ്സ് | | | | |

| | | | | |
|---|---|---|---|---|
| a) ഫിക്സഡ് അസറ്റ്സ് | | | | |
| - ടാഞ്ചിബിൾ അസറ്റ്സ് | 15 | 20 | 05 | 33.33 |
| - ഇൻടാഞ്ചിബിൾ അസറ്റ്സ് | 06 | 09 | 03 | 50 |
| b) കറന്റ് അസറ്റ്സ് | | | | |
| - ഇൻവെന്ററീസ് | 04 | 03 | (01) | (25) |
| - ക്യാഷ് ആൻഡ് ക്യാഷ് ഇക്വലന്റ്സ് | 02 | 03 | 01 | 50 |
| **ആകെ** | **27** | **35** | **08** | **29.63** |

### *നിർധാരണം 4*

അമൃത് ലിമിറ്റഡിന്റെ മാർച്ച് 31 നു അവസാനിക്കുന്ന 2016 & 2017 വർഷങ്ങളിലെ ബാക്കി പത്രങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. താരതമ്യ ബാക്കിപത്രം തയാറാക്കുക.

| *വിവരണങ്ങൾ* | *കുറിപ്പ് നമ്പർ* | *മാർച്ച് 31, 2017 (രൂപ)* | *മാർച്ച് 31, 2016 (രൂപ)* |
|---|---|---|---|
| **I. ഇക്വിറ്റി ആൻഡ് ലയബിലിറ്റീസ്** | | | |
| 1. ഷെയർ ഹോൾഡേഴ്സ് ഫണ്ട് | | | |
| a) ഷെയർ ക്യാപ്പിറ്റൽ | | 20,00,000 | 15,00,000 |
| b) റിസർവ്സ് ആൻഡ് സർപ്ലസ് | | 13,00,000 | 14,00,000 |
| 2. നോൺ കറന്റ് ലയബിലിറ്റീസ് | | | |
| ലോങ്ടേം ബോറോവിങ്സ് | | 19,00,000 | 16,00,000 |
| 3. കറന്റ് ലയബിലിറ്റീസ് | | | |
| ട്രേഡ് പേയബ്ൾസ് | | 3,00,000 | 2,00,000 |
| **ആകെ** | | **55,00,000** | **47,00,000** |
| **II. അസറ്റ്സ്** | | | |
| 1. നോൺ കറന്റ് അസറ്റ്സ് | | | |
| a) ഫിക്സഡ് അസറ്റ്സ് | | | |
| - ടാഞ്ചിബിൾ അസറ്റ്സ് | | 20,00,000 | 15,00,000 |
| - ഇൻടാഞ്ചിബിൾ അസറ്റ്സ് | | 19,00,000 | 16,00,000 |
| 2. കറന്റ് അസറ്റ്സ് | | | |
| - ഇൻവെന്ററീസ് | | 13,00,000 | 14,00,000 |
| - ക്യാഷ് ആൻഡ് ക്യാഷ് ഇക്വലന്റ്സ് | | 3,00,000 | 2,00,000 |
| **ആകെ** | | **55,00,000** | **47,00,000** |

**ഉത്തരം:**

**അമൃത് ലിമിറ്റഡിന്റെ 2016 മാർച്ച് 31 & 2017 മാർച്ച് 31 ലെ താരതമ്യ ബാക്കി പത്രം (രൂപ ലക്ഷങ്ങളിൽ)**

| വിവരണങ്ങൾ | *2015-16* രൂപ | *2016-17* രൂപ | കേവല വർധനവ് (+) /കുറവ് ( ) രൂപ | ശതമാനം വർധനവ് (+) /കുറവ് (-) % |
|---|---|---|---|---|
| **I. ഇക്വിറ്റി ആൻഡ് ലയബിലിറ്റീസ്** | | | | |
| 1) ഷെയർ ഹോൾഡേഴ്സ് ഫണ്ട് | | | | |
| a) ഷെയർ ക്യാപ്പിറ്റൽ | 15 | 20 | 5 | 33.33 |
| b) റിസർവ്സ് ആൻഡ് സർപ്ലസ് | 14 | 13 | (1) | (7.14) |
| 2) നോൺ കറന്റ് ലയബിലിറ്റീസ് ലോങ്ടേം ബോറോവിങ്സ് | 16 | 19 | 3 | 18.75 |
| 3) കറന്റ് ലയബിലിറ്റീസ് ട്രേഡ് പേയബ്ൾസ് | 2 | 3 | 1 | 50 |
| **ആകെ** | **47** | **55** | **8** | **17.02** |
| **II.** അസറ്റ്സ് | | | | |
| 1) നോൺ കറന്റ് അസറ്റ്സ് ഫിക്സഡ് അസറ്റ്സ് | | | | |
| a) ടാഞ്ചിബിൾ അസറ്റ്സ് | 15 | 20 | 5 | 33.33 |
| b) ഇൻടാഞ്ചിബിൾ അസറ്റ്സ് | 16 | 19 | 3 | 18.75 |
| 2) കറന്റ് അസറ്റ്സ് | | | | |
| a) ഇൻവെന്ററീസ് | 14 | 13 | (1) | (7.14) |
| b) ക്യാഷ് ആൻഡ് ക്യാഷ് ഇക്വലന്റ്സ് | 2 | 3 | 1 | 50 |
| **ആകെ** | **47** | **55** | **8** | **17.02** |

**സ്വയം ചെയ്യുക**

ഒമേഗ കെമിക്കൽസ് ലിമിറ്റഡിന്റെ താഴെ കൊടുത്തിരിക്കുന്ന മാർച്ച് 31 നു അവസാനിക്കുന്ന 2016 & 2017 വർഷങ്ങളിലെ ബാക്കി പത്രങ്ങളിൽ നിന്ന് താരതമ്യ ബാക്കി പത്രം തയാറാക്കുക.

(രൂപ ലക്ഷങ്ങളിൽ)

| വിവരണങ്ങൾ | കുറിപ്പ് നമ്പർ | 2017 (രൂപ) | 2016 (രൂപ) |
|---|---|---|---|
| **I. ഇക്വിറ്റി ആൻഡ് ലയബിലിറ്റീസ്** | | | |
| 1) ഷെയർ ഹോൾഡേഴ്സ് ഫണ്ട് | | | |
| a) ഷെയർ ക്യാപ്പിറ്റൽ | | 5 | 10 |
| b) റിസർവ്സ് ആൻഡ് സർപ്ലസ് | | 3 | 2 |
| 2) നോൺ കറന്റ് ലയബിലിറ്റീസ് | | | |
| ലോങ്ടേം ബോറോവിങ്സ് | | 5 | 8 |
| 3) കറന്റ് ലയബിലിറ്റീസ് | | | |
| ട്രേഡ് പേയബ്ൾസ് | | 2 | 4 |
| **ആകെ** | | **15** | **24** |
| **II. അസറ്റ്സ്** | | | |
| 1) നോൺ കറന്റ് അസറ്റ്സ് | | | |
| a) ഫിക്സഡ് അസറ്റ്സ് | | | |
| - ടാഞ്ചിബിൾ അസറ്റ്സ് | | 14 | 8 |
| - ഇൻടാഞ്ചിബ്ൾ അസറ്റ്സ് | | 3 | 2 |
| 2) കറന്റ് അസറ്റ്സ് | | | |
| a) ഇൻവെന്ററീസ് | | 5 | 4 |
| b) ക്യാഷ് ആൻഡ് ക്യാഷ് ഇക്വലെന്റ്സ് | | 2 | 1 |
| **ആകെ** | | **24** | **15** |

## 4.6 പൊതു മാനദണ്ഡ പത്രികകൾ (Common Size Statement)

ഘടക ശതമാന പത്രിക (Component percentage statement) എന്ന് കൂടി അറിയപ്പെടുന്ന പൊതുമാനദണ്ഡപത്രിക ഒരു കമ്പനിയുടെ പ്രവർത്തന ഫലത്തിലും സാമ്പത്തിക സ്ഥിതിയിലും ഉണ്ടാകുന്ന പ്രധാന മാറ്റങ്ങളും പ്രവണതകളും പഠിക്കുന്നതിനുള്ള ഒരു സാമ്പത്തിക ഉപാധിയാണ്. ഇവിടെ, പത്രികയിലെ ഓരോ ഘടകത്തെയും ആ ഘടകം ഉൾപ്പെട്ട ആകെ തുകയുടെ ശതമാനമായി കാണിക്കുന്നു. ഉദാഹരണത്തിന്, പൊതു മാനദണ്ഡബാക്കിപത്രത്തിൽ, ഓരോ ആസ്തിയും ആകെ ആസ്തിയുടെ ശതമാനമായും ഓരോ ബാധ്യതയും ആകെ ബാധ്യതയുടെ ശതമാനമായും കാണിക്കുന്നു. സമാനമായി, പൊതുമാനദണ്ഡ ലാഭ-നഷ്ട പത്രികയിൽ ചെലവിന്റെ ഘടകങ്ങളെ പ്രവർത്തനങ്ങളുടെ

അറ്റ വരുമാനത്തിന്റെ ശതമാനമായി കാണിക്കുന്നു. ഈ പത്രിക തുടർച്ചയായ കാലയളവിൽ തയാറാക്കുകയാണെങ്കിൽ, പ്രസ്തുത കാലയളവിലെ ബന്ധപ്പെട്ട ശതമാനത്തിലെ മാറ്റങ്ങൾ ഇത് കാണിക്കുന്നു.

പൊതുമാനദണ്ഡ വിശകലനം ധനകാര്യ പത്രികകളുടെ ഘടനയിൽ ഉൾക്കാഴ്ച നൽകുന്നതിനാൽ, വലുപ്പത്തിൽ ഗണ്യമായി വ്യത്യാസപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളെ താരതമ്യം ചെയ്യുന്നതിന് വളരെ പ്രയോജനകരമാണ്. പൊതു മാനദണ്ഡ വിശകലനം സ്ഥാപനങ്ങളുടെ പരസ്പര താരതമ്യത്തിനും, ബന്ധപ്പെട്ട വ്യവസായ മേഖലയെ പൊതുവായി ബന്ധപ്പെടുത്തി കമ്പനിയുടെ സ്ഥാനം താരതമ്യം നടത്തുന്നതിനും സഹായിക്കുന്നു.

പൊതുമാനദണ്ഡ പത്രികകൾ തയാറാക്കുന്നതിന് താഴെ കൊടുത്ത നടപടികൾ സ്വീകരിക്കാവുന്നതാണ്:

1. രണ്ട് സമയങ്ങളിലുള്ള, അതായത്, ഒന്നും രണ്ടും വർഷത്തെ പൂർണമായ കണക്കുകൾ രൂപയിൽ പട്ടികപ്പെടുത്തുക. (ചിത്രീകരണം 4.2 ൽ കോളം 2 ഉം 3 ഉം)
2. ഒരു പൊതു അടിസ്ഥാനം തിരഞ്ഞെടുക്കുക (100 പോലെ). ഉദാഹരണത്തിന്, ലാഭ-നഷ്ട പത്രികയുടെ കാര്യത്തിൽ, പ്രവർത്തനത്തിൽ നിന്നുള്ള വരുമാനം അടിസ്ഥാനമായും (100), ബാക്കി പത്രത്തിന്റെ കാര്യത്തിൽ ആകെ ആസ്തികളും ആകെ ബാധ്യതകളും അടിസ്ഥാനമായും (100) എടുക്കാവുന്നതാണ്.
3. കോളം 2 ഉം 3 ഉം ഇനങ്ങൾക്ക് ആകെ തുകയുടെ ശതമാനം കണക്കാക്കുക. ഈ ശതമാനങ്ങൾ കോളം 4, കോളം 5 എന്നിവയിൽ ചിത്രീകരണം 4.2 ലേതു പോലെ കാണിക്കുക.

**പൊതുമാനദണ്ഡപത്രിക**

| വിവരണങ്ങൾ | ഒന്നാമത്തെ വർഷം | രണ്ടാമത്തെ വർഷം | ഒന്നാം വർഷത്തിന്റെ ശതമാനം | രണ്ടാം വർഷത്തിന്റെ ശതമാനം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | | | | |

**ചിത്രീകണം 4.2**

### *നിർധാരണം 5*

ഇനി കൊടുത്തിരിക്കുന്ന വിവരണങ്ങളിൽ നിന്ന് 2016 മാർച്ച് 31 ലും 2017 മാർച്ച് 31 ലും അവസാനിക്കുന്ന വർഷത്തെ പൊതുമാനദണ്ഡ വരുമാനപ്പത്രിക തയാറാക്കുക.

| *വിവരണങ്ങൾ* | *2016-17 (രൂപ)* | *2015-16 (രൂപ)* |
|---|---|---|
| നെറ്റ് സെയിൽസ് | 18,00,000 | 25,00,000 |
| കോസ്റ്റ് ഓഫ് ഗുഡ്സ് സോൾഡ് | 10,00,000 | 12,00,000 |
| ഓപ്പറേറ്റിംഗ് എക്സ്പെൻസസ് | 80,000 | 1,20,000 |
| നോൺ ഓപ്പറേറ്റിംഗ് എക്സ്പെൻസസ് | 12,000 | 15,000 |
| ഡിപ്രീസിയേഷൻ | 20,000 | 40,000 |
| വേജസ് | 10,000 | 20,000 |

***ഉത്തരം***

**2016 മാർച്ച് 31 ലും 2017 മാർച്ച് 31 ലും അവസാനിക്കുന്ന വർഷത്തെ പൊതുമാനദണ്ഡ വരുമാനപ്പത്രിക**

| *വിവരണങ്ങൾ* | *കേവല തുക* | | *അറ്റ വിൽപ്പനയുടെ ശതമാനം* | |
|---|---|---|---|---|
| | *2015-16 (രൂപ)* | *2016-17 (രൂപ)* | *2015-16 (%)* | *2016-17 (%)* |
| നെറ്റ് സെയിൽസ് | 25,00,000 | 18,00,000 | 100 | 100 |
| (-) കോസ്റ്റ് ഓഫ് ഗുഡ്സ് സോൾഡ് * | 12,00,000 | 10,00,000 | 48 | 55.56 |
| **ഗ്രോസ് പ്രോഫിറ്റ്** | **13,00,000** | **8,00,000** | **52** | **44.44** |
| (-) ഓപ്പറേറ്റിംഗ് എക്സ്പെൻസസ് ** | 1,20,000 | 80,000 | 4.80 | 4.44 |
| **ഓപ്പറേറ്റിംഗ് ഇൻകം** | **11,80,000** | **7,20,000** | **47.20** | **40** |
| (-) നോൺ ഓപ്പറേറ്റിംഗ് എക്സ്പെൻസസ് | 15,000 | 12,000 | 0.60 | 0.67 |
| **പ്രോഫിറ്റ്** | **11,65,000** | **7,08,000** | **46.60** | **39.33** |

*വേജസ് കോസ്റ്റ് ഓഫ് ഗുഡ്സിന്റെ ഭാഗമാണ്

**ഡിപ്രീസിയേഷൻ ഓപ്പറേറ്റിംഗ് എക്സ്പെൻസിന്റെ ഭാഗമാണ്

***നിർധാരണം 6***

താഴെ കൊടുത്ത വിവരങ്ങളുടെ അടിസ്ഥാനത്തിൽ, 2016 മാർച്ച് 31 ലും 2017 മാർച്ച് 31 ലും അവസാനിക്കുന്ന വർഷത്തെ പൊതു മാനദണ്ഡ ലാഭ-നഷ്ട പത്രിക തയാറാക്കുക.

| *വിവരണങ്ങൾ* | *2015-16* (രൂപ) | *2016-17* (രൂപ) |
|---|---|---|
| പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം | 25,00,000 | 20,00,000 |
| മറ്റു വരുമാനങ്ങൾ | 3,25,000 | 2,50,000 |
| തൊഴിലാളിക്ഷേമച്ചെലവുകൾ | 8,25,000 | 4,50,000 |
| മറ്റു ചെലവുകൾ | 2,00,000 | 1,00,000 |
| ആദായ നികുതി (നികുതിക്കുമുമ്പുള്ള ലാഭത്തിന്റെ %) | 30% | 20% |

***ഉത്തരം***

**2016 മാർച്ച് 31 ലും 2017 മാർച്ച് 31 ലും അവസാനിക്കുന്ന വർഷത്തെ പൊതു മാനദണ്ഡ ലാഭ-നഷ്ട പത്രിക**

| *വിവരണങ്ങൾ* | *കേവല തുക* | | *പ്രവർത്തനങ്ങളിൽ നിന്നുള്ള അറ്റ വരുമാനത്തിന്റെ ശതമാനം* | |
|---|---|---|---|---|
| | *2015-16* *(രൂപ)* | *2016-17* *(രൂപ)* | *2015-16* *(%)* | *2016-17* *(%)* |
| പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം | 25,00,000 | 20,00,000 | 100 | 100 |
| (+) : മറ്റു വരുമാനം | 3,25,000 | 2,50,000 | 13 | 12.5 |
| ആകെ വരുമാനം | 28,25,000 | 22,50,000 | 113 | 112.5 |
| (-) : ചെലവുകൾ | | | | |
| a) തൊഴിലാളിക്ഷേമ ചെലവുകൾ | 8,25,000 | 4,50,000 | 33 | 22.5 |
| b) മറ്റു ചെലവുകൾ | 2,00,000 | 1,00,000 | 8 | 5 |
| നികുതിക്കുമുമ്പുള്ള ലാഭം | 18,00,000 | 17,00,000 | 72 | 85 |
| (-) : നികുതി | 5,40,000 | 3,40,000 | 21.6 | 17 |
| നികുതിക്ക് ശേഷമുള്ള ലാഭം | 12,60,000 | 13,60,000 | 50.4 | 68 |

### നിർധാരണം 7

താഴെ കൊടുത്ത വിവരങ്ങളിൽ നിന്ന് എക്സൽ ലിമിറ്റഡിന്റെ പൊതു മാനദണ്ഡ ബാക്കി പത്രം തയാറാക്കുക.

| വിവരണങ്ങൾ | കുറിപ്പ് നമ്പർ | മാർച്ച് 31 2017 (രൂപ) | മാർച്ച് 31 2016 (രൂപ) |
|---|---|---|---|
| **I. ഇക്വിറ്റീസ് ആൻഡ് ലയബിലിറ്റീസ്** | | | |
| 1. ഷെയർ ഹോൾഡേഴ്സ് ഫണ്ട് | | | |
| a) ഷെയർ ക്യാപ്പിറ്റൽ | | 15,00,000 | 12,00,000 |
| b) റിസർവ്സ് ആൻഡ് സർപ്ലസ് | | 5,00,000 | 5,00,000 |
| 2. നോൺ കറന്റ് ലയബിലിറ്റീസ് | | | |
| ലോങ്ടേം ബോറോവിങ്സ് | | 6,00,000 | 5,00,000 |
| 3. കറന്റ് ലയബിലിറ്റീസ് | | | |
| ട്രേഡ് പേയബ്ൾസ് | | 15,50,000 | 10,50,000 |
| **ആകെ** | | **41,50,000** | **32,50,000** |
| **II. അസറ്റ്സ്** | | | |
| 1. നോൺ കറന്റ് അസറ്റ്സ് | | | |
| a) ഫിക്സഡ് അസറ്റ്സ് | | | |
| - ടാഞ്ചിബിൾ അസറ്റ്സ് | | | |
| പ്ലാന്റ് ആൻഡ് മെഷിനറി | | 14,00,000 | 8,00,000 |
| - ഇൻടാഞ്ചിബിൾ അസറ്റ്സ് | | | |
| ഗുഡ്വിൽ | | 16,00,000 | 12,00,000 |
| b) നോൺ കറന്റ് ഇൻവെസ്റ്റ്മെന്റ് | | 10,00,000 | 10,00,000 |
| 2. കറന്റ് അസറ്റ്സ് | | | |
| ഇൻവെന്ററീസ് | | 1,50,000 | 2,50,000 |
| **ആകെ** | | **41,50,000** | **32,50,000** |

### ഉത്തരം

**2016 മാർച്ച് 31 ലും 2017 മാർച്ച് 31 ലും അവസാനിക്കുന്ന വർഷത്തെ പൊതു മാനദണ്ഡ ബാക്കിപത്രം**

| വിവരണങ്ങൾ | കേവല തുക | | ആകെ ആസ്തിയുടെ ശതമാനം | |
|---|---|---|---|---|
| | 31.03.2016 (രൂപ) | 31.03.2017 (രൂപ) | 31.03.2016 (%) | 31.03.2017 (%) |
| **I. ഇക്വിറ്റീസ് ആൻഡ് ലയബിലിറ്റീസ്** | | | | |

| | | | | |
|---|---|---|---|---|
| 1. ഷെയർ ഹോൾഡേഴ്സ് ഫണ്ട് | | | | |
| a) ഷെയർ ക്യാപ്പിറ്റൽ | 15,00,000 | 12,00,000 | 36.14 | 36.93 |
| b) റിസർവ്സ് ആന്റ് സർപ്ലസ് | 5,00,000 | 5,00,000 | 12.05 | 15.38 |
| 2. നോൺ കറന്റ് ലയ-ബിലിറ്റീസ് | | | | |
| ലോങ് ടേം ബോറോവിങ്സ് | 6,00,000 | 5,00,000 | 14.46 | 15.38 |
| 3. കറന്റ് ലയബിലിറ്റീസ് | | | | |
| ട്രേഡ് പേയബ്ൾസ് | 15,50,000 | 10,50,000 | 37.35 | 32.31 |
| **ആകെ** | **41,50,000** | **32,50,000** | **100** | **100** |
| **II. അസറ്റ്സ്** | | | | |
| 1. നോൺ കറന്റ് അസറ്റ്സ് | | | | |
| a) ഫിക്സഡ് അസറ്റ്സ് | | | | |
| - ടാഞ്ചിബിൾ അസറ്റ്സ് | | | | |
| പ്ലാന്റ് ആൻഡ് മെഷിനറി | 14,00,000 | 8,00,000 | 33.73 | 24.62 |
| - ഇൻടാഞ്ചിബിൾ അസറ്റ്സ് | | | | |
| ഗുഡ്‌വിൽ | 16,00,000 | 12,00,000 | 38.55 | 36.92 |
| നോൺ കറന്റ് ഇൻ-വെസ്റ്റ്മെന്റ് | 10,00,000 | 10,00,000 | 24.10 | 30.77 |
| 2. കറന്റ് അസറ്റ്സ് | | | | |
| ഇൻവെന്ററീസ് | 1,50,000 | 2,50,000 | 3.62 | 7.69 |
| **ആകെ** | **41,50,000** | **32,50,000** | **100** | **100** |

**സ്വയം ചെയ്യുക**

രാജ് കമ്പനി ലിമിറ്റഡിന്റെ 2016 മാർച്ച് 31 ലെയും 2017 മാർച്ച് 31 ലെയും പൊതു മാനദണ്ഡ ബാക്കിപത്രം തയാറാക്കുക.

| വിവരണങ്ങൾ | 2017 (രൂപ) | 2016 (രൂപ) |
|---|---|---|
| **I. ഇക്വിറ്റീസ് ആൻഡ് ലയബിലിറ്റീസ്** | | |
| 1. ഷെയർ ഹോൾഡേഴ്സ് ഫണ്ട് | | |
| a) ഷെയർ ക്യാപ്പിറ്റൽ | 20,00,000 | 15,00,000 |
| b) റിസർവ്സ് ആൻഡ് സർപ്ലസ് | 3,00,000 | 4,00,000 |
| 2. നോൺ കറന്റ് ലയബിലിറ്റീസ് | | |
| ലോങ്ടേം ബോറോവിങ്സ് | 9,00,000 | 6,00,000 |
| 3. കറന്റ് ലയബിലിറ്റീസ് | | |
| ട്രേഡ് പേയബ്ൾസ് | 3,00,000 | 2,00,000 |
| **ആകെ** | **35,00,000** | **27,00,000** |
| **II. അസറ്റ്സ്** | | |
| 1. നോൺ കറന്റ് അസറ്റ്സ് | | |
| a) ഫിക്സഡ് അസറ്റ്സ് | | |
| - ടാഞ്ചിബിൾ അസറ്റ്സ് | 20,00,000 | 15,00,000 |
| - ഇൻടാഞ്ചിബിൾ അസറ്റ്സ് | 9,00,000 | 6,00,000 |
| b) കറന്റ് അസറ്റ്സ് | | |
| - ഇൻവെന്ററീസ് | 3,00,000 | 4,00,000 |
| - ക്യാഷ് ആൻഡ് ക്യാഷ് ഇക്വലന്റ്സ് | 3,00,000 | 2,00,000 |
| **ആകെ** | **35,00,000** | **27,00,000** |

## അറിവ് പരിശോധിക്കാം – II

**ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.**

1. ഒരു ബിസിനസ് സ്ഥാപനത്തിന്റെ ധനകാര്യ പത്രികകളിൽ ഉൾപ്പെടുന്നത്:
   (a) ബാക്കിപത്രം
   (b) ലാഭ-നഷ്ട അക്കൗണ്ട്
   (c) പണപ്രവാഹ പത്രിക
   (d) മുകളിൽ പറഞ്ഞവയെല്ലാം
2. ധനകാര്യ വിശകലനത്തിന് ഏറ്റവും സാധാരണയായി ഉപയോഗിക്കുന്ന ഉപാധികളാണ്:
   (a) തിരശ്ചീന വിശകലനം
   (b) ലംബ വിശകലനം

(c) അനുപാത വിശകലനം
(d) മുകളിൽ പറഞ്ഞവയെല്ലാം

3. ഒരു കമ്പനി വാർഷിക റിപ്പോർട്ട് വിതരണം ചെയ്യുന്നത് അതിന്റെ :
(a) ഡയറക്റ്റർമാർക്ക്
(b) ഓഡിറ്റർമാർക്ക്
(c) ഓഹരിയുടമകൾക്ക്
(d) മാനേജ്മെന്റിന്

4. ബാക്കിപത്രം ഒരു സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നത്:
(a) ഒരു നിശ്ചിത തീയതിയിൽ
(b) വിവിധ കാലയളവുകളിൽ
(c) ഒരു നിശ്ചിത കാലയളവിൽ
(d) ഇവയൊന്നുമല്ല

5. താരതമ്യ പത്രികകളെ ........... എന്ന് കൂടി വിളിക്കുന്നു.
(a) ചാലനാത്മക വിശകലനം
(b) തിരശ്ചീന വിശകലനം
(c) ലംബ വിശകലനം
(d) ബാഹ്യ വിശകലനം

## 4.7 പ്രവണതാ വിശകലനം (Trend Analysis)

വിവിധ വർഷങ്ങളിലെ വിവരങ്ങളിൽ നിന്ന് പ്രവണതകൾ കണ്ടെത്തി ധനകാര്യ പത്രികകൾ വിശകലനം ചെയ്യാവുന്നതാണ്. നിശ്ചിത അടിസ്ഥാന വർഷവുമായി ബന്ധപ്പെടുത്തി ഓരോ ഇനത്തിലുമുള്ള ഉയർച്ച താഴ്ചകളുടെ പ്രവണതയാണ് ശതമാനമായി ഇവിടെ നിർണയിക്കുന്നത്. താരതമ്യ പത്രികയിലൂടെ ഒരു ഇനം മുൻവർഷത്തെ പ്രസ്തുത ഇനവുമായി താരതമ്യപ്പെടുത്തി തുകയിൽ വർധനവാണോ, കുറവാണോ, സ്ഥിരമായി നിൽക്കുകയാണോ എന്നുള്ള വിവരം ലഭ്യമാകുന്നു. പൊതുമാനദണ്ഡപത്രികയിലൂടെ ഒരു ഇനത്തിന്റെ തുകയിൽ ബന്ധപ്പെട്ട പൊതു ഇനവുമായുള്ള അനുപാതത്തിൽ കുറവോ, വർധനവോ സംഭവിച്ചിട്ടുണ്ടോയെന്ന് മനസ്സിലാക്കാൻ കഴിയും. എന്നാൽ പ്രവണതാ വിശകലനത്തിലൂടെ, ഒരു പ്രത്യേക ഇനത്തിന്റെ നിശ്ചിത വർഷങ്ങളിലുള്ള (ഉദാഹരണമായി, തുടർച്ചയായ 5 വർഷങ്ങളിലെ) മാറ്റം ഏതു രീതിയിലാണെന്ന് പഠിക്കുന്നതിന് കഴിയുന്നു. ഒരു ഉദാഹരണമെടുത്താൽ, ഭരണ നിർവഹണച്ചെലവുകൾ കഴിഞ്ഞ ഏതാനും വർഷങ്ങളിൽ കുറയുകയാണോ, കൂടുകയാണോ, മാറ്റമില്ലാതിരിക്കുകയാണോയെന്ന് പ്രവണതാവിശകലനത്തിലൂടെ കണ്ടെത്താൻ കഴിയും. സാധാരണയായി, പ്രവണതാവിശകലനം ഒരു ദീർഘകാലയളവിലേക്കാണ് നടത്തുന്നത്. പല കമ്പനികളും അവരുടെ വാർഷിക റിപ്പോർട്ടുകളിൽ 5 അല്ലെ

ങ്കിൽ 10 വർഷം വരെയുള്ള സാമ്പത്തിക വിശദാംശങ്ങൾ ഉൾപ്പെടുത്തി വിവിധ തരത്തിൽ വെളിപ്പെടുത്താറുണ്ട്.

### 4.7.1 പ്രവണതാ അനുപാതങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള നടപടിക്രമം

ആദ്യമായി ഒരു നിശ്ചിത വർഷം അടിസ്ഥാന വർഷമായി പരിഗണിക്കുന്നു. സാധാരണയായി, നൽകിയിരിക്കുന്നതിലെ ആദ്യവർഷമാണ് അടിസ്ഥാനവർഷമായി എടുക്കുന്നത്. പരിഗണിക്കുന്ന അടിസ്ഥാനവർഷത്തെ ശതമാനം '100' ആയിരിക്കും. ഓരോ ഇനത്തിന്റെയും പ്രവണതാ അനുപാതങ്ങൾ നിർണയിക്കുന്നത് ഈ അടിസ്ഥാനവർഷവുമായി ബന്ധപ്പെടുത്തിയാണ്.

മറ്റേതെങ്കിലും വർഷത്തെ ഒരു ഇനത്തിന്റെ തുക പ്രസ്തുത ഇനത്തിന്റെ അടിസ്ഥാന വർഷത്തിലെ തുകയെക്കാൾ കുറവാണെങ്കിൽ, ലഭിക്കുന്ന പ്രവണതാ അനുപാതം 100-ൽ താഴെ ആയിരിക്കും. എന്നാൽ, അടിസ്ഥാന വർഷത്തെക്കാൾ കൂടുതലാണ് പരിഗണിക്കുന്ന വർഷത്തെ തുകയെങ്കിൽ, പ്രവണതാ അനുപാതം 100-ൽ അധികമായിരിക്കും. പ്രവണതാ അനുപാതം കണ്ടുപിടിക്കുന്നതിനായി ഓരോ വർഷത്തെയും സംഖ്യകളെ അടിസ്ഥാനവർഷത്തെ ബന്ധപ്പെട്ട തുകകൊണ്ട് ഹരിക്കേണ്ടതാണ്.

$$\text{പ്രവണതാ അനുപാതം} = \frac{\text{തനത് വർഷത്തെ തുക}}{\text{അടിസ്ഥാനവർഷത്തെ തുക}} \times 100$$

പ്രവണതാ വിശകലനത്തിന് പരിഗണിക്കുന്ന വിവിധ വർഷങ്ങളിൽ പിൻതുടരുന്ന അക്കൗണ്ടിംഗ് നടപടിക്രമങ്ങളും കീഴ്‌വഴക്കങ്ങളും ഒന്നുതന്നെ ആയിരിക്കണം, അല്ലെങ്കിൽ ഈ താരതമ്യപഠനം പ്രയോജനരഹിതമാണ്.

***നിർധാരണം 8***

'എക്സ്' ലിമിറ്റഡിന്റെ, താഴെ നൽകിയിരിക്കുന്ന സെയിൽസ്, സ്റ്റോക്ക്, പ്രോഫിറ്റ് എന്നിവയുടെ സംഖ്യകളിൽ നിന്ന് പ്രവണതാ അനുപാതങ്ങൾ കണ്ടുപിടിക്കുക. 2010 അടിസ്ഥാനവർഷമായി പരിഗണിക്കുകയും ആവശ്യമായ വ്യാഖ്യാനം നൽകുകയും ചെയ്യുക.

(രൂപ ലക്ഷത്തിൽ)

| വർഷം | sk b rÁ k v(₹) | സ്റ്റോക്ക് (₹) | നികുതിക്ക് മുമ്പുള്ള ലാഭം (₹) |
|---|---|---|---|
| 2010 | 1,881 | 709 | 321 |
| 2011 | 2,340 | 781 | 435 |
| 2012 | 2,655 | 816 | 458 |
| 2013 | 3,021 | 944 | 527 |
| 2014 | 3,768 | 1,154 | 627 |

***ഉത്തരം***

| വർഷം | സെയിൽസ് | | സ്റ്റോക്ക് | | ലാഭം | |
|---|---|---|---|---|---|---|
| | (₹) | (%) | (₹) | (%) | (₹) | (%) |
| 2010 | 1,881 | 100 | 709 | 100 | 321 | 100 |
| 2011 | 2,340 | 124 | 781 | 110 | 435 | 136 |
| 2012 | 2,655 | 141 | 816 | 115 | 458 | 143 |
| 2013 | 3,021 | 161 | 944 | 133 | 527 | 164 |
| 2014 | 3,768 | 200 | 1,154 | 163 | 627 | 195 |

**വ്യാഖ്യാനം:**

1. 2014 വരെ സെയിൽസിൽ തുടർച്ചയായ വർധനവ് ഉണ്ടായിട്ടുണ്ട്. 2010ൽ സെയിൽസിന്റെ അനുപാതം 100 ആയിരുന്നത്, 2014ൽ 200 ആയിട്ടുണ്ട്. അതിനാൽ സെയിൽസിലുള്ള വർധനവ് തൃപ്തികരമാണ്.

2. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ സ്റ്റോക്കിനും തുടർച്ചയായ വർധനവുണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് 2013, 2014 വർഷങ്ങളിൽ സ്റ്റോക്കിന്റെ വർധനവ് കൂടുതലായിട്ടുണ്ട്.

3. ലാഭത്തിലും കാര്യമായ വർധനവ് ഉണ്ടായിട്ടുണ്ട്. സെയിൽസിനെ അപേക്ഷിച്ച് ലാഭത്തിലുള്ള ആനുപാതിക വർധനവ് കൂടുതലാണ്. ഇത് വിൽപ്പനച്ചെലവുകൾ കുറയ്ക്കാൻ കഴിയുന്നുണ്ടെന്ന സൂചനയാണ് നൽകുന്നത്.

**സ്വയം ചെയ്യുക**

ദീപക് ലിമിറ്റഡിന്റെ ലാഭ-നഷ്ട പത്രികയിൽ നിന്ന് എടുത്തിട്ടുള്ള ചില വിവരങ്ങൾ താഴെ നൽകിയിരിക്കുന്നു.

| *വിശദാംശങ്ങൾ* | *2012 (₹)* | *2013 (₹)* | *2014 (₹)* | *2015 (₹)* |
|---|---|---|---|---|
| പ്രവർത്തന വരുമാനം | 3,10,000 | 3,27,500 | 3,20,000 | 3,32,500 |
| വേജസ് | 1,07,500 | 1,07,500 | 1,15,000 | 1,20,000 |
| സെല്ലിങ് എക്സ്പെൻസുകൾ | 27,250 | 29,000 | 29,750 | 27,750 |
| ഗ്രോസ് പ്രോഫിറ്റ് | 90,000 | 95,000 | 77,500 | 80,000 |

വിവിധ ഇനങ്ങളുടെ പ്രവർണതാ അനുപാതങ്ങൾ കണ്ടുപിടിക്കുക.

### നിർധാരണം 9

'എബിസി' ലിമിറ്റഡിന്റെ മാർച്ച് 31, 2011 മുതൽ മാർച്ച് 31, 2014 വരെയുള്ള വർഷങ്ങളിലെ ബാലൻസ് ഷീറ്റിൽ നിന്നുള്ള ആസ്തി വിവരങ്ങൾ താഴെ നൽകിയിരിക്കുന്നു. പ്രവണതാ അനുപാതങ്ങൾ കണ്ടുപിടിക്കുക.

| വിശദാംശങ്ങൾ | 2010-11 | 2011-12 | 2012-13 | 2013-14 |
|---|---|---|---|---|
| ക്യാഷ് | 100 | 120 | 80 | 140 |
| ഡെബ്റ്റേഴ്സ് | 200 | 250 | 325 | 400 |
| സ്റ്റോക്ക് | 300 | 400 | 350 | 500 |
| മറ്റ് കറന്റ് ആസ്തികൾ | 50 | 75 | 125 | 150 |
| ലാന്റ് | 400 | 500 | 500 | 500 |
| ബിൾഡിംഗ്സ് | 800 | 1,000 | 1,200 | 1,500 |
| പ്ലാന്റ് | 1,000 | 1,000 | 1,200 | 1,500 |

***ഉത്തരം***

**പ്രവണതാ അനുപാതങ്ങൾ**

| ആസ്തികൾ | 2010-11 | പ്രവണത (%) | 2011-12 | പ്രവണത (%) | 2012-13 | പ്രവണത (%) | 2013-14 | പ്രവണത (%) |
|---|---|---|---|---|---|---|---|---|
| കറന്റ് ആസ്തികൾ : | | | | | | | | |
| ക്യാഷ് | 100 | 100 | 120 | 120 | 80 | 80 | 140 | 140 |
| ഡെബ്റ്റേഴ്സ് | 200 | 100 | 250 | 125 | 325 | 162.5 | 400 | 200 |
| സ്റ്റോക്ക് | 300 | 100 | 400 | 133.33 | 350 | 116.67 | 500 | 166.67 |
| മറ്റ് കറന്റ് ആസ്തികൾ | 50 | 100 | 75 | 150 | 125 | 250 | 150 | 300 |
| | **650** | **100** | **845** | **130** | **880** | **135.38** | **1,190** | **183.08** |
| ദീർഘകാല ആസ്തികൾ | | | | | | | | |
| ലാന്റ് | 400 | 100 | 500 | 125 | 500 | 125 | 500 | 125 |
| ബിൽഡിംഗ്സ് | 800 | 100 | 1,000 | 125 | 1,200 | 150 | 1,500 | 187.5 |
| പ്ലാന്റ് | 1,000 | 100 | 1,000 | 100 | 1,200 | 120 | 1,500 | 150 |
| | **2,200** | **100** | **2,500** | **113.64** | **2,900** | **131.82** | **3,500** | **159** |
| ആകെ ആസ്തികൾ | **2850** | **100** | **3345** | **117.36** | **3786** | **132.63** | **4,690** | **164.56** |

**വ്യാഖ്യാനം**

1. വിവിധ വർഷങ്ങളിൽ ആസ്തികളിൽ തുടർച്ചയായ വർധനവിന്റെ പ്രവണത ദൃശ്യമാണ്.
2. കറന്റ് ആസ്തികളുടെ വർധനവ്, സ്ഥിര ആസ്തികളുടെ വർധനവിനേക്കാൾ കൂടിയ നിരക്കിലാണ്.
3. ആസ്തികളിൽ ഡെബ്റ്റേഴ്സ്, മറ്റ് കറന്റ് ആസ്തികൾ, ബിൽഡിംഗ്സ് എന്നിവയിലാണ് ഏറ്റവും ഉയർന്ന നിരക്കിലുള്ള വർധനവ് കാണുന്നത്.

**അറിവ് പരിശോധിക്കാം – III**

**താഴെ കൊടുത്തവയോരോന്നും ശരിയോ തെറ്റോ എന്ന് പ്രസ്താവിക്കുക.**

(a) ഒരു ബിസിനസ് സ്ഥാപനത്തിന്റെ ധനകാര്യപ്പത്രികകളിൽ പണ പ്രവാഹ പത്രികയുൾപ്പെടുന്നു.
(b) താരതമ്യപ്പത്രികകൾ തിരശ്ചീന വിശകലനത്തിന്റെ രൂപമാണ്.
(c) പൊതുമാനദണ്ഡ പത്രികകളും സാമ്പത്തിക അനുപാതങ്ങളും ലംബ വിശകലനത്തിൽ ഉപയോഗിക്കുന്ന രണ്ട് ഉപാധികളാണ്.
(d) അനുപാത വിശകലനം രണ്ട് ധനകാര്യപ്പത്രികകൾ തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്നു.
(e) ഏതൊരു സ്ഥാപനത്തിന്റെയും ധനകാര്യപ്പത്രികകൾ വിശകലനം ചെയ്യുന്നതിനുള്ള ഒരു ഉപാധിയാണ് അനുപാതവിശകലനം.
(f) സാമ്പത്തികവിശകലനം കടക്കാർ മാത്രമാണ് ഉപയോഗിക്കുന്നത്.
(g) ലാഭ-നഷ്ട പത്രിക ഒരു സ്ഥാപനത്തിന്റെ നിശ്ചിത കാലത്തേക്കുള്ള പ്രവർത്തന പ്രകടനം കാണിക്കുന്നു.
(h) സാമ്പത്തിക വിശകലനം ഒരു വിശകലന വിദഗ്ധനെ തീരുമാനം എടുക്കുവാൻ സഹായിക്കുന്നു.
(i) പണപ്രവാഹ പത്രിക സാമ്പത്തിക പത്രിക വിശകലനത്തിനുള്ള ഒരു ഉപ ഉപാധിയാണ്.
(j) പൊതുമാനദണ്ഡപത്രികയിൽ ഓരോ ഘടകവും ഒരു പൊതു അടിസ്ഥാനത്തിന്റെ ശതമാനമായി പ്രകടിപ്പിക്കുന്നു.

## 4.8 ധനകാര്യ വിശകലനത്തിന്റെ പോരായ്മകൾ (Limitations of Financial Analysis)

ഒരു സ്ഥാപനത്തിന്റെ സാമ്പത്തികശക്തിയും ദൗർബല്യങ്ങളും കണ്ടെത്തുന്നതിന് സാമ്പത്തികവിശകലനം സഹായകമാണെങ്കിലും അത് സാമ്പത്തിക പത്രികകളിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. അതുപോലെ, സാമ്പത്തിക വിശകലനത്തിന് സാമ്പത്തിക പത്രികകളുടെ വിവിധ പോരായ്മകളും ബാധകമാണ്.

അതുകൊണ്ട്, വില നിലവാരത്തിലുള്ള മാറ്റം, സാമ്പത്തിക പത്രികകളുടെ അവതരണം, ഒരു സ്ഥാപനത്തിന്റെ അക്കൗണ്ടിംഗ് നയത്തിലുണ്ടാകുന്ന മാറ്റം, അക്കൗണ്ടിംഗ് ആശയങ്ങളും സങ്കൽപ്പങ്ങളും, വ്യക്തിഗത വിലയിരുത്തൽ എന്നിവയുടെ സ്വാധീനത്തെക്കുറിച്ച് വിശകലന വിദഗ്ധൻ ബോധവാനായിരിക്കണം. സാമ്പത്തിക വിശകലനത്തിന്റെ മറ്റു ചില പോരായ്മകൾ :

1. ധനകാര്യവിശകലനം വില നിലവാരത്തിലുള്ള മാറ്റങ്ങൾ പരിഗണിക്കുന്നില്ല.
2. ഒരു സ്ഥാപനം പിന്തുടരുന്ന അക്കൗണ്ടിംഗ് നടപടിക്രമങ്ങളിലുണ്ടാകുന്ന മാറ്റത്തെക്കുറിച്ച് അറിവില്ലാത്തതുകാരണം ധനകാര്യ വിശകലനം തെറ്റായ നിഗമനങ്ങൾക്ക് ഇടയാക്കുന്നു.
3. ധനകാര്യവിശകലനം കമ്പനിയുടെ റിപ്പോർട്ടിന്റെ വെറുമൊരു പഠനം മാത്രമാണ്. അത് യഥാർഥ വിവരങ്ങൾ പൂർണ്ണമായി വെളിപ്പെടുത്തണമെന്നില്ല.
4. പണപരമായ വിവരങ്ങൾ മാത്രമാണ് ധനകാര്യവിശകലനത്തിൽ പരിഗണിക്കുന്നത്, അതേസമയം പണപരമല്ലാത്ത കാര്യങ്ങൾ അവഗണിക്കുന്നു.
5. ധനകാര്യ വിശകലനം അക്കൗണ്ടിംഗ് ആശയങ്ങളുടെ അടിസ്ഥാനത്തിലാണ് തയാറാക്കപ്പെടുന്നത്. അതുകൊണ്ട്, അതിൽ ഇപ്പോഴത്തെ യഥാർഥ സാമ്പത്തിക നില പ്രതിഫലിക്കുന്നില്ല.

**പാഠഭാഗത്തെ മുഖ്യപദങ്ങൾ**

1. ധനകാര്യ വിശകലനം (Financial Analysis)
2. പൊതുമാനദണ്ഡ പത്രികകൾ (Common size statement)
3. താരതമ്യ പത്രികകൾ (Comparative statement)
4. പ്രവണതവിശകലനം (Trend Analysis)
5. അനുപാത വിശകലനം (Ratio Analysis)
6. പണപ്രവാഹ പത്രിക (Cash flow statements)
7. സ്ഥാപനത്തിനകത്തുള്ള താരതമ്യം (Intrafirm comparison)
8. സ്ഥാപനങ്ങൾ തമ്മിലുള്ള താരതമ്യം (Inter firm comparison)
9. തിരശ്ചീന വിശകലനം (Horizontal Analysis)
10. ലംബ വിശകലനം (Vertical Analysis)

**പഠനനേട്ടങ്ങൾ അടിസ്ഥാനമാക്കിയുള്ള സംഗ്രഹം**

ഒരു വാർഷിക റിപ്പോർട്ടിന്റെ പ്രധാന ഭാഗങ്ങൾ ഉൾക്കൊള്ളുന്നത് അടിസ്ഥാന ധനകാര്യ പത്രികകളിലാണ്, അതായത്, ബാക്കിപത്രവും ലാഭ-നഷ്ട പത്രികയും പണ പ്രവാഹ പത്രികയും. അത് ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൾ വിലയിരുത്തുന്നതിനായി ഓരോ

വർഷത്തെയും കോർപ്പറേറ്റ് പ്രകടനത്തെ കുറിച്ചുള്ള മാനേജ്മെന്റിന്റെ തീരുമാനങ്ങൾ ഉൾപ്പെടുന്നതാണ്.

**ധനകാര്യ വിശകലനത്തിന്റെ ഉപാധികൾ** *(Tools of Financial Analysis)*

പൊതുവായി ഉപയോഗിക്കുന്ന ധനകാര്യ വിശകലന ഉപാധികൾ : താരതമ്യ പത്രികകൾ, പൊതുമാനദണ്ഡ പത്രികകൾ, പ്രവണതവിശകലനം, അനുപാതവിശകലനം, പണ പ്രവാഹ വിശകലനം എന്നിവയാണ്.

**താരതമ്യ പത്രിക** *(Comparative Statement)*

ഒരു സ്ഥാപനത്തിന്റെ അല്ലെങ്കിൽ രണ്ട് സ്ഥാപനങ്ങളുടെ, ഒരു നിശ്ചിത കാലയളവിലുള്ള ധനകാര്യപത്രികയിലെ എല്ലാ ഇനങ്ങളിലുമുള്ള മാറ്റങ്ങൾ പൂർണവും ശതമാന രൂപത്തിലും കാണിക്കുന്ന പത്രികയാണ് താരതമ്യ പത്രിക.

**പൊതുമാനദണ്ഡ പത്രിക** *(Common Size Statement)*

ഒരു ധനകാര്യപത്രികയിലെ എല്ലാ ഇനങ്ങളെയും ഒരു അനുബന്ധ ഇനത്തെ അടിസ്ഥാനമാക്കി ശതമാനരൂപത്തിൽ കാണിക്കുന്ന പത്രികയാണിത്. ഉദാഹരണമായി ലാഭ-നഷ്ട പത്രികയിൽ പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനത്തെയും ബാക്കി പത്രത്തിൽ മൊത്തം ആസ്തികളെയും അടിസ്ഥാനമാക്കുന്നു.

## പരിശീലന ചോദ്യങ്ങൾ

### ഹ്രസ്വോത്തര ചോദ്യങ്ങൾ

1. ധനകാര്യപത്രിക വിശകലനത്തിനുള്ള ഉപാധികൾ പട്ടികപ്പെടുത്തുക.
2. സാമ്പത്തികവിവരങ്ങളുടെ തിരശ്ചീനവും ലംബവുമായ വിശകലനങ്ങൾ തമ്മിൽ വേർതിരിക്കുക.
3. വിശകലനവും വ്യാഖ്യാനവും എന്നതിന്റെ അർഥം വ്യക്തമാക്കുക.
4. ധനകാര്യ വിശകലനത്തിന്റെ പ്രാധാന്യം പ്രസ്താവിക്കുക.
5. താരതമ്യ സാമ്പത്തിക പത്രികകൾ ഏതൊക്കെയാണ്?
6. പൊതുമാനദണ്ഡ പത്രികയെന്നതുകൊണ്ട് നിങ്ങൾ അർഥമാക്കുന്നതെന്താണ്?

### ദീർഘോത്തര ചോദ്യങ്ങൾ

1. ധനകാര്യവിശകലനത്തിന്റെ വിവിധ ഉപാധികൾ വിവരിക്കുക. കൂടാതെ സാമ്പത്തിക വിശകലനത്തിന്റെ പോരായ്മകൾ വിശദീകരിക്കുക.
2. ഒരു കമ്പനിയുടെ സാമ്പത്തികപ്രകടനം വ്യാഖ്യാനിക്കുന്നതിൽ പ്രവണത ശതമാനത്തിന്റെ ഉപയുക്തത വിശദീകരിക്കുക.
3. താരതമ്യപ്പത്രികകളുടെ പ്രാധാന്യമെന്താണ്? നിങ്ങളുടെ ഉത്തരം താരതമ്യ വരുമാന പത്രികയുടെ അടിസ്ഥാനത്തിൽ നിർധാരണം ചെയ്യുക.

4. ധനകാര്യ പത്രികകളുടെ വിശകലനവും വ്യാഖാനവും എന്നതുകൊണ്ട് എന്താണ് നിങ്ങൾ അർഥമാക്കുന്നത്?
5. ഒരു ഉദാഹരണം നൽകികൊണ്ട് പൊതുമാനദണ്ഡ പത്രിക എങ്ങനെയാണ് തയാറാക്കുന്നതെന്ന് വിശദീകരിക്കുക.

**സംഖ്യാപരമായ ചോദ്യങ്ങൾ**

1. താഴെ കൊടുത്തിരിക്കുന്നത് ആൽഫാ ലിമിറ്റഡിന്റെ 31 മാർച്ച് 2016 ലെയും 2017 ലെയും ബാക്കിപത്രങ്ങളാണ്.

| | വിവരണങ്ങൾ | മാർച്ച് 31 2016 (രൂപ) | മാർച്ച് 31 2017 (രൂപ) |
|---|---|---|---|
| **I.** | **ഇക്വിറ്റീസ് ആൻഡ് ലയബിലിറ്റീസ്** | | |
| | ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ | 2,00,000 | 4,00,000 |
| | റിസേർവ് ആൻഡ് സർപ്ലസ് | 1,00,000 | 1,50,000 |
| | ലോങ്ടേം ബോറോവിങ്സ് | 2,00,000 | 3,00,000 |
| | ഷോട്ട്ടേം ബോറോവിങ്സ് | 50,000 | 70,000 |
| | ട്രേഡ് പേയബ്ൾസ് | 30,000 | 60,000 |
| | ഷോട്ട്ടേം പ്രൊവിഷൻസ് | 20,000 | 10,000 |
| | അദർ കറന്റ് ലയബിലിറ്റീസ് | 20,000 | 30,000 |
| | **ആകെ** | **6,20,000** | **10,20,000** |
| **II.** | **അസറ്റ്സ്** | | |
| | ഫിക്സഡ് അസറ്റ്സ് | 2,00,000 | 5,00,000 |
| | നോൺ കറന്റ് ഇൻവെസ്റ്റ്മെന്റ്സ് | 1,00,000 | 1,25,000 |
| | കറന്റ് ഇൻവെസ്റ്റ്മെന്റ്സ് | 60,000 | 80,000 |
| | ഇൻവെന്ററീസ് | 1,35,000 | 1,55,000 |
| | ട്രേഡ് റിസീവബ്ൾസ് | 60,000 | 90,000 |
| | ഷോട്ട്ടേം ലോൺസ് ആൻഡ് അഡ്വാൻസസ് | 40,000 | 60,000 |
| | ക്യാഷ് അറ്റ് ബാങ്ക് | 25,000 | 10,000 |
| | **ആകെ** | **6,20,000** | **10,20,000** |

താരതമ്യ ബാക്കിപത്രം തയാറാക്കുക.

2.1 ബീറ്റാ ലിമിറ്റഡിന്റെ 31 മാർച്ച് 2016 ലെയും 2017 ലെയും ബാക്കിപത്രങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

| വിവരണങ്ങൾ | മാർച്ച് 31 2017 (രൂപ) | മാർച്ച് 31 2016 (രൂപ) |
|---|---|---|
| **I. ഇക്വിറ്റീസ് ആൻഡ് ലയബിലിറ്റീസ്** | | |
| ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ | 4,00,000 | 3,00,000 |
| റിസർവ് ആൻഡ് സർപ്ലസ് | 1,50,000 | 1,00,000 |
| ലോൺ ഫ്രം ഐ.ഡി.ബി.ഐ | 3,00,000 | 1,00,000 |
| ഷോർട്ട്ടേം ബോറോവിങ്സ് | 70,000 | 50,000 |
| ട്രേഡ് പേയബിൾസ് | 60,000 | 30,000 |
| ഷോർട്ട്ടേം പ്രൊവിഷൻസ് | 10,000 | 20,000 |
| അദർ കറന്റ് ലയബിലിറ്റീസ് | 1,10,000 | 1,00,000 |
| **ആകെ** | **11,00,000** | **7,00,000** |
| **II. അസറ്റ്സ്** | | |
| ഫിക്സഡ് അസറ്റ്സ് | 4,00,000 | 2,20,000 |
| നോൺ കറന്റ് ഇൻവെസ്റ്റ്മെന്റ്സ് | 2,25,000 | 1,00,000 |
| കറന്റ് ഇൻവെസ്റ്റ്മെന്റ്സ് | 80,000 | 60,000 |
| സ്റ്റോക്ക് | 1,05,000 | 90,000 |
| ട്രേഡ് റിസീവബിൾസ് | 90,000 | 60,000 |
| ഷോർട്ട് ടേം ലോൺസ് ആൻഡ് അഡ്വാൻസസ് | 1,00,000 | 85,000 |
| ക്യാഷ് ആൻഡ് ക്യാഷ് ഇക്വലന്റ്സ് | 1,00,000 | 85,000 |
| **ആകെ** | **11,00,000** | **7,00,000** |

താരതമ്യ ബാക്കിപത്രം തയാറാക്കുക.

**3. താഴെ കൊടുത്ത വിവരങ്ങളിൽ നിന്ന് ലാഭ നഷ്ട താരതമ്യ പത്രിക തയാറാക്കുക.**

| വിവരണങ്ങൾ | 2016-17 (രൂപ) | 2015-16 (രൂപ) |
|---|---|---|
| ഫ്രൈറ്റ് ഔട്ട് വേർഡ് | 20,000 | 10,000 |
| വേജസ് (ഓഫീസ്) | 10,000 | 5,000 |
| മാനുഫാക്ചറിംഗ് എക്സ്പെൻസസ് | 50,000 | 20,000 |

| | | |
|---|---|---|
| സ്റ്റോക്ക് അഡ്ജസ്റ്റ്മെന്റ് | (60,000) | 30,000 |
| ക്യാഷ് പർച്ചേയ്സസ് | 80,000 | 60,000 |
| ക്രെഡിറ്റ് പർച്ചേയ്സസ് | 60,000 | 20,000 |
| റിട്ടേൺസ് ഇൻവേർഡ് | 8,000 | 4,000 |
| ഗ്രോസ് പ്രോഫിറ്റ് | (30,000) | 90,000 |
| കാരിയേജ് ഔട്ട്വേർഡ് | 20,000 | 10,000 |
| മെഷിനറി | 3,00,000 | 2,00,000 |
| 10% ഡിപ്രീസിയേഷൻ ഓൺ മെഷിനറി | 10,000 | 5,000 |
| ഇന്ററസ്റ്റ് ഓൺ ഷോർട്ട് ടേം ലോൺസ് | 20,000 | 20,000 |
| 10% ഡിബഞ്ചർ | 20,000 | 10,000 |
| പ്രോഫിറ്റ് ഓൺ സെയിൽ ഓഫ് ഫർണിച്ചർ | 20,000 | 10,000 |
| ലോസ് ഓൺ സെയിൽ ഓഫ് ഓഫീസ് കാർ | 90,000 | 60,000 |
| ടാക്സ് റേറ്റ് | 40% | 50% |

4. താഴെ കൊടുത്ത വിവരങ്ങളിൽ നിന്ന് ലാഭ-നഷ്ട താരതമ്യ പത്രിക തയാറാക്കുക.

| *വിവരണങ്ങൾ* | *2015-16 (രൂപ)* | *2016-17 (രൂപ)* |
|---|---|---|
| മാനുഫാക്ചറിംഗ് എക്സ്പെൻസ് | 35,000 | 80,000 |
| ഓപ്പണിങ് സ്റ്റോക്ക് | 30,000 | ക്ളോസിംഗ് സ്റ്റോക്കിന്റെ 60% |
| സെയിൽസ് | 9,60,000 | 4,50,000 |
| റിട്ടേൺസ് ഔട്ട്വേർഡ് | 4,000 (ക്രെഡിറ്റ് പർച്ചേയ്സിൽനിന്ന്) | 6,000 (ക്യാഷ് പർച്ചേയ്സിൽനിന്നു) |
| ക്ലോസിംഗ് സ്റ്റോക്ക് | ഓപ്പണിങ് സ്റ്റോക്കിന്റെ 150% | 1,00,000 |
| ക്രെഡിറ്റ് പർച്ചേയ്സസ് | 1,50,000 | ക്യാഷ് പർച്ചേയ്സിന്റെ 150% |
| ക്യാഷ് പർച്ചേയ്സസ് | ക്രെഡിറ്റ്പർച്ചേയ്സിന്റെ 80% | 40,000 |
| കാരിയേജ് ഔട്ട്വേർഡ് | 10,000 | 30,000 |
| ബിൽഡിംഗ് | 1,00,000 | 2,00,000 |

| | | |
|---|---|---|
| ഡിപ്രീസിയേഷൻ ഓൺ ബിൽഡിംഗ് | 20% | 10% |
| ഇന്ററസ്റ്റ് ഓൺ ബാങ്ക് ഓവർ-ഡ്രാഫ്റ്റ് | 5,000 | - |
| 10% ഡിബഞ്ചർ | 2,00,000 | 20,00,000 |
| പ്രോഫിറ്റ് ഓൺ സെയിൽ ഓഫ് കോപ്പിറൈറ്റ് | 10,000 | 20,000 |
| ലോസ് ഓൺ സെയിൽ ഓഫ് പേഴ്സണൽ കാർ | 10,000 | 20,000 |
| അദർ ഓപ്പറേറ്റിംഗ് എക്സ്പെൻസ് | 20,000 | 10,000 |
| ടാക്സ് റേറ്റ് | 50% | 40% |

5. താഴെ കൊടുത്ത വിവരങ്ങളുടെ സഹായത്തോടെ ലാഭ-നഷ്ട പൊതു മാനദണ്ഡ പത്രിക തയാറാക്കുക.

| *വിവരണങ്ങൾ* | *2015-16 (രൂപ)* | *2016-17 (രൂപ)* |
|---|---|---|
| പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം | 6,00,000 | 8,00,00 |
| പരോക്ഷച്ചെലവുകൾ | മൊത്ത ലാഭത്തിന്റെ 25% | മൊത്ത ലാഭത്തിന്റെ 25% |
| പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ ചെലവ് | 4,28,000 | 7,28,000 |
| മറ്റു വരുമാനം | 10,000 | 12,000 |
| ആദായ നികുതി | 30% | 30% |

6. ആദിത്യ ലിമിറ്റഡിന്റെയും അഞ്ജലി ലിമിറ്റഡിന്റെയും താഴെ കൊടുത്ത ബാക്കിപത്രങ്ങളിൽ നിന്ന് പൊതു മാനദണ്ഡ ബാക്കിപത്രം തയാറാക്കുക.

| *വിവരണങ്ങൾ* | *ആദിത്യ ലിമിറ്റഡ് (രൂപ)* | *അഞ്ജലി ലിമിറ്റഡ് (രൂപ)* |
|---|---|---|
| **I. ഇക്വിറ്റീസ് ആൻഡ് ലയബിലിറ്റീസ്** | | |
| a) ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ | 6,00,000 | 8,00,000 |
| b) റിസർവ്സ് ആൻഡ് സർപ്ലസ് | 3,00,000 | 2,50,000 |
| c) കറന്റ് ലയബിലിറ്റീസ് | 1,00,000 | 1,50,000 |
| **ആകെ** | **10,00,000** | **12,00,000** |

| | | |
|---|---|---|
| **II. അസറ്റ്സ്** | | |
| a) ഫിക്സഡ് അസറ്റ്സ് | 4,00,000 | 7,00,000 |
| b) കറന്റ് അസറ്റ്സ് | 6,00,000 | 5,00,000 |
| **ആകെ** | **1,00,0000** | **12,00,000** |

## അറിവ് പരിശോധിക്കാം - ഉത്തരങ്ങൾ

**അറിവ് പരിശോധിക്കാം – I**

1. ലഘൂകരണം (സിംപ്ലിഫയിങ്)
2. സ്വാധീനം (ഇംപാക്റ്റ്)
3. തിരശ്ചീന (ഹൊറിസോണ്ടൽ)
4. ലംബം (വെർട്ടിക്കൽ)
5. പണ പ്രവാഹം (ക്യാഷ് ഫ്ളോ)

**അറിവ് പരിശോധിക്കാം – II**

1 (d) 2 (d) 3 (c) 4 (a) 5 (b)

**അറിവ് പരിശോധിക്കാം – III**

(a) ശരി (b) ശരി (c) ശരി (d) ശരി (e) ശരി

(f) തെറ്റ് (g) ശരി (h) ശരി (i) ശരി (j) ശരി

# 5

# അക്കൗണ്ടിംഗ് അനുപാതങ്ങൾ

## (Accounting Ratios)

A3K7F2

**തീ**രുമാനമെടുക്കുന്നവർക്ക് ആവശ്യമായ വിവരങ്ങൾ നൽകലാണ് ഒരു ബിസിനസ് സ്ഥാപനത്തിന്റെ ധനകാര്യ പത്രികകളുടെ ലക്ഷ്യം. കോർപ്പറേറ്റ് മേഖലയിൽ ഒരു ബിസിനസ് സ്ഥാപനം ധനകാര്യപത്രികകൾ പ്രസിദ്ധീകരിക്കുകയും അവ തീരുമാനമെടുക്കുന്നവർക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. ഇവ ആന്തരികവും ബാഹ്യവുമായ അക്കൗണ്ടിംഗ് ഉപയോക്താക്കൾക്ക് വിശകലനത്തിനും താരതമ്യത്തിനും വ്യാഖ്യാനത്തിനും ആവശ്യമായ വിവരങ്ങൾ നൽകി തീരുമാനമെടുക്കുന്നതിന് സഹായിക്കുന്നു. ഈ പ്രവൃത്തിയെ ധനകാര്യപത്രികകളുടെ വിശകലനം എന്ന് പറയുന്നു. അക്കൗണ്ടിംഗിന്റെ ഒരു അവിഭാജ്യ ഘടകമായാണ് ഇത് കണക്കാക്കപ്പെടുന്നത്. മുൻ അധ്യായത്തിൽ സൂചിപ്പിച്ചതുപോലെ സാമ്പത്തികവിശകലനങ്ങളിൽ ഏറ്റവും സാധാരണയായി ഉപയോഗിക്കുന്ന ഉപാധികളാണ് താരതമ്യ പത്രികകൾ (Comparative Statements), പൊതു മാനദണ്ഡ പത്രികകൾ (Common size Statements), പ്രവണതാ വിശകലനം (Trend Analysis), അക്കൗണ്ടിംഗ് അനുപാതങ്ങൾ (Accounting Ratios), പണ പ്രവാഹ പട്ടിക (Cash Flow Statements) എന്നിവ. ആദ്യത്തെ മൂന്നെണ്ണവും മുൻ അധ്യായത്തിൽ വിശദമായി ചർച്ച ചെയ്തു. ഈ പാഠത്തിൽ സ്ഥാപനത്തിന്റെ ലാഭക്ഷമത, കാര്യക്ഷമത, ലേയത്വം (സോൾവെൻസി) എന്നിവ വിലയിരുത്തുന്നതിന് സാമ്പത്തിക പത്രികയിൽ അടങ്ങിയിരിക്കുന്ന വിവരങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള അക്കൗണ്ടിംഗ് അനുപാതങ്ങൾ ചർച്ച ചെയ്യുന്നു.

**പഠന നേട്ടങ്ങൾ**

- *അക്കൗണ്ടിംഗ് അനുപാതങ്ങളുടെ അർത്ഥവും ലക്ഷ്യങ്ങളും പരിമിതികളും വിവരിക്കുന്നു.*
- *സാധാരണയായി ഉപയോഗിക്കുന്ന വിവിധതരം അനുപാതങ്ങൾ തിരിച്ചറിയുന്നു.*
- *സ്ഥാപനത്തിന്റെ ദ്രവണത, ലേയത്വം, കാര്യക്ഷമത, ലാഭക്ഷമത എന്നിവ വിലയിരുത്താൻ വിവിധ അനുപാതങ്ങൾ കണക്കുകൂട്ടുന്നു.*
- *സ്ഥാപനത്തിനകത്തുള്ളതും, സ്ഥാപനങ്ങൾ തമ്മിലുള്ളതുമായ താരതമ്യത്തിന് വേണ്ടി വിവിധ അനുപാതങ്ങൾ വ്യാഖ്യാനിക്കുന്നു.*

## 5.1 അക്കൗണ്ടിംഗ് അനുപാതങ്ങളുടെ അർത്ഥം (Meaning of Accounting Ratios)

അക്കൗണ്ടിംഗ് അനുപാതങ്ങൾ ധനകാര്യപത്രികകളുടെ വിശകലനത്തിനുള്ള ഒരു പ്രധാന ഉപാധിയാണ്. രണ്ടോ അതിലധികമോ സംഖ്യകളുടെ ബന്ധം ഒരു ഭിന്നമായോ, വിഹിതമായോ, ശതമാനമായോ, തവണകളായോ അവതരിപ്പിക്കുന്ന ഒരു ഗണിതസംഖ്യയാണ് അനുപാതം. ധനകാര്യപത്രികയിൽനിന്ന് ലഭിക്കുന്ന രണ്ട് സംഖ്യകളെ താരതമ്യം ചെയ്ത് മറ്റൊരു സംഖ്യ കണക്കാക്കുമ്പോൾ അതിനെ അക്കൗണ്ടിംഗ് അനുപാതം എന്ന് പറയുന്നു. ഒരു ബിസിനസ്സിന്റെ മൊത്തം ലാഭം 10,000 രൂപയും പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം 1,00,000 രൂപയുമാണെങ്കിൽ, പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ 10% മാണ് $(\frac{10,000}{1,00,000} \times 100)$ മൊത്തം ലാഭം എന്ന് പറയാം. ഈ അനുപാതം മൊത്തം ലാഭ അനുപാതം (Gross Profit Ratio) എന്നറിയപ്പെടുന്നു. അതുപോലെ തന്നെ, ഇൻവെന്ററി വിറ്റുവരവ് അനുപാതം '6' എന്നത് വർഷത്തിൽ ആറ് തവണ ഇൻവെന്ററി 'പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനമായി' മാറുന്നു എന്നാണ് സൂചിപ്പിക്കുന്നത്.

അക്കൗണ്ടിംഗ് അനുപാതങ്ങൾ ധനകാര്യ പത്രികകളിൽ നിന്ന് എടുത്തിട്ടുള്ള സംഖ്യകൾ തമ്മിലുള്ള ബന്ധം പ്രകടിപ്പിക്കുന്നു. അനുപാതങ്ങൾ പ്രധാനമായും ഉത്ഭവിച്ച സംഖ്യകളായതിനാൽ, അവയുടെ ഫലപ്രാപ്തി അവ കണക്കാക്കാൻ ഉപയോഗിച്ച സംഖ്യകളെയും ആശ്രയിച്ചിരിക്കുന്നു. അതിനാൽ, ധനകാര്യ പത്രികകളിൽ തെറ്റുകളുണ്ടെങ്കിൽ, അനുപാത വിശകലനം വഴി നിർണയിക്കപ്പെട്ട സംഖ്യകൾ തെറ്റായ ഫലം നൽകും. കൂടാതെ, ഒരു അനുപാതം അർത്ഥവത്തായ ബന്ധമുള്ള സംഖ്യകൾ ഉപയോഗിച്ച് കണക്കാക്കിയാവണം. പരസ്പര ബന്ധമില്ലാത്ത രണ്ട് സംഖ്യകൾ ഉപയോഗിച്ച് കണ്ടെത്തിയ അനുപാതം തീരുമാനങ്ങളെടുക്കുന്നതിന് പ്രയോജനകരമല്ല. ഉദാഹരണത്തിന്, ഒരു ബിസിനസ്സിന്റെ ഫർണിച്ചർ 1,00,000രൂപയും, പർച്ചെയ്സസ് 3,00,000 രൂപയുമാണ്. ഫർണിച്ചറും പർച്ചെയ്സും തമ്മിലുള്ള അനുപാതം 3 (3,00,000 /1,00,000) എന്ന് നിർണയിക്കാമെങ്കിലും രണ്ടു കാര്യങ്ങളും തമ്മിൽ അർത്ഥവത്തായ ഒരു ബന്ധവുമില്ലാത്തതിനാൽ കണ്ടുപിടിക്കുന്ന അനുപാതവും പ്രയോജനരഹിതമാണ്.

## 5.2 അനുപാത വിശകലനത്തിന്റെ ലക്ഷ്യം (Objectives of Ratio Analysis)

ധനകാര്യപത്രികകൾ നൽകുന്ന ഫലങ്ങളുടെ വ്യാഖ്യാനത്തിന് അനിവാര്യമാണ് അനുപാത വിശകലനം. ഇത് ഉപയോക്താക്കൾക്ക് നിർണായകമായ സാമ്പത്തിക വിവരങ്ങൾ നൽകുകയും കൂടുതൽ പരിശോധന ആവശ്യമായ മേഖലകൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. വ്യാഖ്യാനം സങ്കീർണമാണെങ്കിലും, ഗണിതപരമായ ബന്ധങ്ങൾ ഉപയോഗിച്ച് വിവരങ്ങളുടെ പുനക്രമീകരണം സാധ്യമാക്കുന്ന ഒരു ഉപാധിയാണ് അനുപാത വിശകലനം. ഇതിന് ധനകാര്യ പത്രികകൾ തയാറാക്കുന്നതിനുള്ള രീതികളും

നിയമങ്ങളും നന്നായി മനസ്സിലാക്കേണ്ടത് ആവശ്യമാണ്. ഒരിക്കൽ ഫലപ്രദമായി നിർണയിച്ചു കഴിഞ്ഞാൽ, വിശകലനവിദഗ്ധനെ സഹായിക്കുന്ന ധാരാളം വിവരങ്ങൾ അത് നൽകുന്നു.

1. കൂടുതൽ ശ്രദ്ധ ആവശ്യമായിട്ടുള്ള ബിസിനസ് മേഖലകൾ തിരിച്ചറിയാൻ
2. ശരിയായ ദിശയിൽ പരിശ്രമിച്ചാൽ മെച്ചപ്പെടുത്താൻ കഴിയുന്ന മേഖലകൾ കണ്ടെത്താൻ.
3. ബിസിനസ്സിന്റെ ലാഭക്ഷമത, ദ്രവണത (Liquidity), ലേയത്വം (Solvency), കാര്യക്ഷമത എന്നിവയുടെ ആഴത്തിലുള്ള വിശകലനം നൽകാൻ.
4. മികച്ച വ്യാവസായിക മാനദണ്ഡങ്ങളുമായി പ്രകടനം താരതമ്യം ചെയ്ത് പരിഛേദ (ക്രോസ് സെക്ഷണൽ) വിശകലനം നടത്തുന്നതിന് വിവരങ്ങൾ നൽകാൻ.
5. പ്രവചനങ്ങൾ നടത്തുകയും ഭാവിയിലേക്കുള്ള കണക്കുകൾ മുൻകൂട്ടി നിർണയിക്കുകയും ചെയ്യാനും ധനകാര്യ പത്രികയിൽനിന്ന് വിവരങ്ങൾ നൽകാനും.

## 5.3 അനുപാത വിശകലനത്തിന്റ നേട്ടങ്ങൾ (Advantages of Ratio Analysis)

ശരിയായ വിധത്തിൽ നടപ്പിലാക്കിയാൽ അനുപാത വിശകലനം ബിസിനസ് നടത്തിപ്പിന്റെ കാര്യക്ഷമതയെക്കുറിച്ചുള്ള ഉപയോക്താവിന്റെ അറിവ് മെച്ചപ്പെടുത്തുന്നു. മാത്രവുമല്ല, അനുപാതങ്ങൾ ബിസിനസ്സിന്റെ വിവിധ പ്രശ്നമേഖലകളും അതുപോലെ അഭിവൃദ്ധിയും തിരിച്ചറിയാൻ സഹായിക്കുന്നു. പ്രശ്ന മേഖലകളെക്കുറിച്ചുള്ള അറിവ്, ഭാവിയിൽ അത്തരം മേഖലയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുവാൻ മാനേജ്മെൻറിന് സഹായകരമാകുന്നു. മെച്ചപ്പെട്ട പ്രവർത്തനമേഖലകളെക്കുറിച്ചുള്ള അറിവ് സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ കൂടുതൽ സഹായിക്കുന്നു. അനുപാത വിശകലനത്തിന് പല ഗുണങ്ങളുമുണ്ട്. അവ ഇങ്ങനെ സംഗ്രഹിച്ചിരിക്കുന്നു.

1. *തീരുമാനങ്ങളുടെ ഫലപ്രാപ്തി മനസ്സിലാക്കാൻ സഹായിക്കുന്നു:* ബിസിനസ് സ്ഥാപനം ശരിയായ രീതിയിലുള്ള പ്രവർത്തന, നിക്ഷേപ, സാമ്പത്തിക തീരുമാനങ്ങളാണോ എടുത്തിട്ടുള്ളതെന്ന് മനസ്സിലാക്കാൻ അനുപാത വിശകലനം സഹായിക്കുന്നു. കൂടാതെ സ്ഥാപനത്തിന്റെ പ്രകടനം മെച്ചപ്പെടുത്തുന്നതിൽ ഇത് എത്രത്തോളം സഹായിച്ചിട്ടുണ്ടെന്നും സൂചിപ്പിക്കുന്നു.
2. *സങ്കീർണമായ കണക്കുകൾ ലളിതമാക്കുകയും, പരസ്പര ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നു* : അനുപാതങ്ങൾ സങ്കീർണമായ അക്കൗണ്ടിംഗ് കണക്കുകൾ ലഘൂകരിക്കുകയും അവതമ്മിൽ ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നു. അവ സാമ്പത്തിക വിവരങ്ങൾ ഫലപ്രദമായി സംഗ്രഹിക്കുവാനും മാനേജ്മെന്റിന്റെ കാര്യക്ഷമത, സ്ഥാപനത്തിന്റെ വായ്പയർഹത, സമ്പാദന ശേഷി എന്നിവ വിലയിരുത്തുവാനും സഹായിക്കുന്നു.

3. *പ്രവണതാ വിശകലനത്തിന് സഹായിക്കുന്നു:* അനുപാതങ്ങൾ ഒരു വർഷത്തേക്ക് മാത്രമായി കണക്കാക്കില്ല. അനേകം വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ ബിസിനസ്സിൽ ദൃശ്യമാകുന്ന പ്രവണതകൾ സൂക്ഷ്മ നിരീക്ഷണം നടത്താൻ അവ സഹായിക്കുന്നു. അത്തരം പ്രവണതകളെ കുറിച്ചുള്ള അറിവ് ബിസിനസ്സിനെക്കുറിച്ച് പ്രവചനങ്ങൾ നടത്താൻ സഹായിക്കുന്നു എന്നത് വളരെ ഉപയോഗപ്രദമായ സവിശേഷതയാണ്.
4. *പ്രശ്ന മേഖലകൾ കണ്ടെത്തുക:* അനുപാതങ്ങൾ ബിസിനസ്സിന്റെ പ്രശ്ന മേഖലകളും മെച്ചപ്പെട്ട മേഖലകളും തിരിച്ചറിയാൻ സഹായിക്കുന്നു. പ്രശ്ന മേഖലകൾക്ക് കൂടുതൽ ശ്രദ്ധ നൽകേണ്ടി വരും, കൂടാതെ മെച്ചപ്പെട്ട മേഖലകളിൽ കൂടുതൽ ഫലങ്ങൾ ലഭിക്കാൻ മിനുക്കുപണികളും ആവശ്യമായി വരും.
5. *ശക്തി – ദൗർബല്യങ്ങളുടെ വിശകലനം (SWOT analysis) സാധ്യമാക്കുന്നു:* ബിസിനസ്സിലെ മാറ്റങ്ങൾ വിശദീകരിക്കുന്നതിൽ അനുപാതങ്ങൾ വലിയ സഹായം നൽകുന്നു. നിലവിലുള്ള ഭീഷണികളും അവസരങ്ങളും മനസ്സിലാക്കുന്നതിൽ മാനേജ്മെന്റിനെ അത് സഹായിക്കുന്നു. കൂടാതെ ബിസിനസ്സിന്റെ ശക്തി, ദൗർബല്യം, അവസരം, ഭീഷണി എന്നിവ വിശകലനം ചെയ്യാൻ പ്രാപ്തമാക്കുകയും ചെയ്യുന്നു.
6. *വിവിധ താരതമ്യങ്ങൾ സാധ്യമാക്കുന്നു:* കമ്പനിയുടെ പ്രകടനം മെച്ചപ്പെട്ടതാണോ അല്ലയോ എന്ന് വിലയിരുത്താൻ ചില മാനദണ്ഡങ്ങളുമായി താരതമ്യപ്പെടുത്താൻ അനുപാതങ്ങൾ സഹായിക്കുന്നു. ഇതിന് ഒരു ബിസിനസ്സിന്റെ ലാഭക്ഷമത, ദ്രവണത (ലിക്വിഡിറ്റി), ലേയത്വം (സോൾവൻസി) എന്നിവ താഴെ പറയും വിധം താരതമ്യം ചെയ്യാവുന്നതാണ്: (i) ഒരു സ്ഥാപനത്തിന്റെ നിരവധി അക്കൗണ്ടിംഗ് കാലയളവിൽ (സ്ഥാപനത്തിനകത്തുള്ള താരതമ്യം/സമയ ശ്രേണി വിശകലനം), (ii) മറ്റ് ബിസിനസ് സംരംഭങ്ങളുമായി (സ്ഥാപനങ്ങൾ തമ്മിലുള്ള താരതമ്യം/പരിച്ഛേദ വിശകലനം), (iii) സ്ഥാപനത്തിനും/വ്യവസായത്തിനുമുള്ള പൊതു മാനദണ്ഡങ്ങളുമായി.

## 5.4 അനുപാത വിശകലനത്തിന്റെ പരിമിതികൾ (Limitations of Ratio Analysis)

അനുപാതങ്ങൾ അനുമാനിക്കുന്നത് ധനകാര്യപത്രികകളിൽ നിന്നാണ്. അതുകൊണ്ടുതന്നെ ധനകാര്യപത്രികയിലെ പോരായ്മകൾ അനുപാത വിശകലനത്തെയും ബാധിക്കുന്നു. ഇപ്രകാരം, ധനകാര്യപത്രികകളുടെ പരിമിതികൾ അനുപാത വിശകലനത്തിനും പരിമിതികൾ സൃഷ്ടിക്കുന്നു. അതിനാൽ, അനുപാതങ്ങൾ വ്യാഖ്യാനിക്കുവാൻ, ധനകാര്യപത്രികകകൾ തയാറാക്കുന്നതിന് പിന്തുടരുന്ന നിയമങ്ങളും അവയുടെ സ്വഭാവം പരിമിതികൾ എന്നിവയെ സംബന്ധിച്ചും ഉപയോക്താവ് ബോധവാനായിരിക്കണം. പ്രധാനമായും ധനകാര്യപത്രികകളുടെ അടിസ്ഥാന പ്രത്യേകതകളിൽ

നിന്നും ഉളവാകുന്ന അനുപാത വിശകലനത്തിന്റെ പരിമിതികൾ താഴെ പറയും പ്രകാരമാണ്.

1. *അക്കൗണ്ടിംഗ് ദത്തങ്ങളുടെ പരിമിതികൾ*: അക്കൗണ്ടിംഗ് ദത്തങ്ങൾ വിവരങ്ങളുടെ കൃത്യതയും പൂർണ്ണതയും സംബന്ധിച്ച അനുചിതമായ ധാരണ സൃഷ്ടിക്കാറുണ്ട്. സത്യത്തിൽ, അക്കൗണ്ടിംഗ് ദത്തങ്ങളുടെ ആധികാരികത 'രേഖപ്പെടുത്തിയ വസ്തുതകൾ, അക്കൗണ്ടിംഗ് അനുമാനങ്ങൾ, വ്യക്തിപരമായ തീരുമാനങ്ങൾ എന്നിവയെ ആശ്രയിച്ചിരിക്കുന്നു. ഉദാഹരണത്തിന്, ബിസിനസ്സിന്റെ ലാഭം എന്നത് കൃത്യമായതോ അന്തിമമായതോ ആയ ഒരു വസ്തുത അല്ല. അക്കൗണ്ടിംഗ് നയങ്ങളുടെ പ്രയോഗത്തെ അടിസ്ഥാനമാക്കിയുള്ള ഒരു അക്കൗണ്ടന്റിന്റെ കേവലമായ അഭിപ്രായം മാത്രമാണിത്. വ്യാഖ്യാനത്തിന്റെ പൂർണത അത് നടത്തുന്ന ആളുകളുടെ കഴിവിനെയും സത്യസന്ധതയെയും കൂടാതെ പൊതുവായി സ്വീകരിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്ത്വങ്ങൾ, സമ്പ്രദായങ്ങൾ എന്നിവ പിന്തുടരുന്നതിനെയും ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ, ധനകാര്യപത്രികകൾ സ്ഥാപനങ്ങളുടെ യഥാർഥ അവസ്ഥ വെളിപ്പെടുത്തുന്നില്ല, അതിനാൽ അനുപാതങ്ങൾ യഥാർഥ ചിത്രവും നൽകുന്നില്ല.
2. *വില നിലവാരമാറ്റങ്ങൾ അവഗണിക്കുന്നു*: സാമ്പത്തിക അക്കൗണ്ടിംഗ് സ്ഥിരതയുള്ള പണമായി അളക്കൽ തത്ത്വത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. വില നിലവാരമാറ്റങ്ങൾ നിലവിലില്ലാത്തവയോ വിരളമായി സംഭവിക്കുന്നതോ ആണെന്ന് ഈ തത്ത്വം അനുമാനിക്കുന്നു. എന്നാൽ സത്യം വേറെയാണ്. പണത്തിന്റെ മൂല്യം നിരന്തരം കുറയുന്ന ഒരു നാണയപ്പെരുപ്പ സമ്പദ്ഘടനയിലാണ് നമ്മൾ ജീവിക്കുന്നത്. അക്കൗണ്ടിംഗ് രേഖകൾ പണത്തിന്റെ മൂല്യത്തിലുണ്ടാകുന്ന മാറ്റത്തെ അവഗണിക്കുന്നതുകൊണ്ട്, വില നിലവാരത്തിൽ വരുത്തുന്ന മാറ്റം വ്യത്യസ്ത അക്കൗണ്ടിംഗ് വർഷങ്ങളിലെ ധനകാര്യ പത്രികകളുടെ വിശകലനം അർഥശൂന്യമാക്കുന്നു.
3. *ഗുണപരമായ അല്ലെങ്കിൽ പണപരമല്ലാത്ത കാര്യങ്ങൾ അവഗണിക്കുന്നു*: അക്കൗണ്ടിംഗ്, ബിസിനസ്സിന്റെ പരിമാണപരമായ (അല്ലെങ്കിൽ പണപരമായ) കാര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നു. അതുകൊണ്ടുതന്നെ, അനുപാതങ്ങൾ പണപരമല്ലാത്ത വശങ്ങളെ അവഗണിച്ചുകൊണ്ട്, ധനപരമായ വശങ്ങൾ മാത്രം പ്രതിഫലിപ്പിക്കുന്നു.
4. *അക്കൗണ്ടിംഗ് പ്രയോഗത്തിലെ വ്യത്യാസങ്ങൾ*: ബിസിനസ് ഇടപാടുകളുടെ വിവിധ വശങ്ങളിൽ ലഭ്യമാക്കുന്ന നീക്കിയിരിപ്പ് ചരക്ക് മൂല്യനിർണയം, മൂല്യക്ഷയം കണക്കാക്കൽ, അദൃശ്യ ആസ്തികളുടെ രേഖപ്പെടുത്തൽ, ചില സാമ്പത്തിക വ്യവഹാരങ്ങളുടെ നിർവചനം എന്നിവയ്ക്ക് വിവിധതരം അക്കൗണ്ടിംഗ് നയങ്ങൾ നിലവിലുണ്ട്. ഈ വ്യത്യാസങ്ങൾ പരിഛേദ (ക്രോസ്

സെക്ഷണർ) വിശകലനത്തിൽ ഒരു വലിയ ചോദ്യചിഹ്നമാണ്. വിവിധ ബിസിനസ് സ്ഥാപനങ്ങൾ പിന്തുടരുന്ന അക്കൗണ്ടിംഗ് രീതികളിൽ വ്യത്യാസം ഉള്ളതിനാൽ, അവരുടെ ധനകാര്യ പത്രികകളുടെ സാധുതയുള്ള താരതമ്യവും സാധ്യമല്ല.

5. *പ്രവചനങ്ങൾ:* ചരിത്രപരമായ വിശകലനത്തെ മാത്രം അടിസ്ഥാനമാക്കി ഭാവിയിലെ പ്രവണതകൾ പ്രവചിക്കുക സാധ്യമല്ല. ശരിയായ പ്രവചനത്തിന് സാമ്പത്തികേതര ഘടകങ്ങളും പരിഗണിക്കേണ്ടതാണ്.

അനുപാതങ്ങളുടെ വിവിധ പരിമിതികൾ താഴെ പറയുന്നു.

1. *മാർഗമാണ്, അവസാനലക്ഷ്യമല്ല:* അനുപാതങ്ങൾ കണ്ടുപിടിക്കുന്നത് ആത്യന്തിക ലക്ഷ്യമല്ല, ഇവ വിശകലനത്തിനുള്ള ഒരു മാർഗം മാത്രമാണ്.
2. *പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കഴിവില്ലായ്മ:* അനുപാതങ്ങൾ പ്രധാനമായും സൂചനകളോ മുന്നറിയിപ്പുകളോ ആണ്. അല്ലാതെ ഒരു പ്രശ്നത്തിനുള്ള പരിഹാരമല്ല നൽകുന്നത്.
3. *നിലവാരമുള്ള നിർവചനങ്ങളുടെ അഭാവം:* അനുപാത വിശകലനത്തിൽ ഉപയോഗിക്കുന്ന വിവിധ ആശയങ്ങളുടെ നിർവചനങ്ങൾക്ക് നിലവാരത്തിന്റെ അഭാവമുണ്ട്. ഉദാഹരണത്തിന് ദ്രവണത ബാധ്യതകൾക്ക് (liquid liabilities) അടിസ്ഥാനപരമായ നിർവചനം ഇല്ല. സാധാരണയായി, ഇത് നിലവിലുള്ള എല്ലാ ബാധ്യതകളും ഉൾക്കൊള്ളുന്നു, പക്ഷേ, മറ്റ് ചിലപ്പോൾ ഇത് കറന്റ് ബാധ്യതകളിൽ നിന്ന് ബാങ്ക് ഓവർ ഡ്രാഫ്റ്റ് കുറച്ചതിനെ സൂചിപ്പിക്കുന്നു.
4. *സാർവത്രികമായി അംഗീകരിച്ച മാനദണ്ഡങ്ങളുടെ അഭാവം:* അനുപാതങ്ങളുടെ പൊതുനിലവാരം വ്യക്തമാക്കുന്ന സാർവത്രികമായ അളവുകോൽ ഇല്ല. ആഗോളതലത്തിൽ സ്വീകാര്യമായ നിലവാരമുള്ള അളവുകളുടെ പട്ടികയും , ഇന്ത്യയിൽ വ്യവസായശരാശരിയും ലഭ്യമല്ല.
5. *ബന്ധമില്ലാത്ത വസ്തുതകൾ അടിസ്ഥാനമാക്കിയുള്ള അനുപാതങ്ങൾ:* ബന്ധമില്ലാത്ത വസ്തുതകൾ അടിസ്ഥാനമാക്കി കണക്കാക്കുന്ന അനുപാതം അർത്ഥരഹിതമായ ഒരു വ്യായാമമായിരിക്കും. ഉദാഹരണത്തിന്, 1,00,000 രൂപയുടെ ക്രെഡിറ്റേഴ്സും 1,00,000 രൂപയുടെ ഫർണിച്ചറും സൂചിപ്പിക്കുന്ന അനുപാതം 1:1 ആണ്. എന്നാൽ കാര്യക്ഷമത, ലേയത്വം എന്നിവ വിലയിരുത്താൻ ഇത് പ്രസക്തമല്ല.

അതുകൊണ്ടുതന്നെ, ഒരു സ്ഥാപനത്തിന്റെ പ്രകടനത്തെ വിലയിരുത്തുമ്പോൾ, അതിന്റെ പുരോഗതിക്കായി തന്ത്രങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ അനുപാതത്തിന്റെ പരിമിതികളെക്കുറിച്ചുള്ള അവബോധത്തോടെ തന്നെ അവയെ ഉപയോഗിക്കണം.

**സ്വയം വിലയിരുത്തൽ – I**

**1. തന്നിരിക്കുന്ന പ്രസ്താവനകൾ ശരിയാണോ തെറ്റാണോ എന്ന് പറയുക.**

(a) പ്രവർത്തനങ്ങളുടെ പുരോഗതിയെക്കുറിച്ച് മാനേജർമാരെ അറിയിക്കലാണ് ധനപരമായ റിപ്പോർട്ടിംഗിന്റെ ഏക ഉദ്ദേശ്യം.

(b) ധനകാര്യ പത്രികയിൽ നൽകിയിട്ടുള്ള ദത്ത വിശകലനത്തെയാണ് സാമ്പത്തിക വിശകലനം എന്ന് പറയുന്നത്.

(c) ദീർഘകാല വായ്പകൾ എന്നത് പലിശ അടയ്ക്കുന്നതിനും മുതൽ തിരിച്ചടയ്ക്കുന്നതിനുമുള്ള ഒരു സ്ഥാപനത്തിന്റെ കഴിവിനെയും ബാധ്യതയെയും സൂചിപ്പിക്കുന്നു.

(d) ഒരു സംഖ്യയെ മറ്റൊരു സംഖ്യ കൊണ്ട് ഹരിച്ച് കിട്ടുന്ന തുകയാണ് എപ്പോഴും അനുപാതത്തെ സൂചിപ്പിക്കുന്നത്.

(c) നിരവധി അക്കൗണ്ടിംഗ് കാലയളവിലും മറ്റ് ബിസിനസ് സംരംഭക ങ്ങളുമായി ബന്ധപ്പെട്ടും ഒരു കമ്പനിയുടെ ഫലങ്ങളുടെ താരതമ്യം നടത്താൻ അനുപാതം സഹായിക്കുന്നു.

(f) അനുപാതം ഫലങ്ങളുടെ ഗുണപരവും പരിമാണപരവുമായ വശങ്ങൾ പ്രതിഫലിപ്പിക്കുന്നു.

## 5.5 വിവിധതരം അനുപാതങ്ങൾ (Types of Ratios)

അനുപാതങ്ങളെ രണ്ട് വിധത്തിൽ വർഗീകരിക്കാം.

(1) പരമ്പരാഗത വർഗീകരണം (Traditional Classification)

(2) നിർവഹണപരമായ വർഗീകരണം (Functional Classification)

അനുപാതം നിർണയിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുന്ന ധനകാര്യ പത്രികകളുടെ അടിസ്ഥാനത്തിലാണ് പരമ്പരാഗത വർഗീകരണം. ഈയടിസ്ഥാനത്തിൽ അനുപാതങ്ങളെ താഴെ പറയും വിധം വർഗീകരിക്കാം.

1. *ലാഭ-നഷ്ട പത്രിക അനുപാതങ്ങൾ (Statement of Profit and Loss Ratios):* ലാഭ-നഷ്ട പത്രികയിലെ രണ്ട് സംഖ്യകൾ (ചരങ്ങൾ) തമ്മിലുള്ള അനു പാതത്തെ ലാഭ-നഷ്ട പത്രിക അനുപാതങ്ങൾ എന്നറിയപ്പെടുന്നു. ഉദാ ഹരണത്തിന്, മൊത്തം ലാഭവും, പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനവും തമ്മിലുള്ള അനുപാതത്തെ മൊത്തം ലാഭ അനുപാതം (Gross Profit Ratio) എന്നറിയപ്പെടുന്നു. ഇത് ലാഭനഷ്ട പത്രികയിൽ നിന്നുമുള്ള സംഖ്യകൾ മാത്രം ഉപയോഗിച്ച് കണക്കാക്കുന്നവയാണ്.

2. *ബാക്കിപത്ര അനുപാതങ്ങൾ (Balance Sheet Ratios):* അനുപാതം കണ്ടുപിടിക്കുന്നതിന് ഉപയോഗിക്കുന്ന രണ്ട് സംഖ്യകളും ബാക്കിപത്രത്തിൽ നിന്നാണെങ്കിൽ, അവയെ ബാക്കിപത്ര അനുപാതങ്ങളെന്നു വിളിക്കുന്നു. ഉദാഹരണത്തിന്, കറന്റ് ബാധ്യതകൾക്കുള്ള കറന്റ് ആസ്തികളുടെ അനുപാതം കറന്റ് അനുപാതങ്ങൾ (Current Ratios) എന്ന് അറിയപ്പെടുന്നു. അത് ബാലൻസ് ഷീറ്റിൽ നിന്നുള്ള രണ്ട് സംഖ്യകൾ ഉപയോഗിച്ചാണ് കണക്കുകുട്ടുന്നത്.
3. *സമ്മിശ്ര അനുപാതങ്ങൾ (Composite Ratios):* ലാഭനഷ്ട പത്രികയിലെ ഒരു സംഖ്യയും ബാക്കിപത്രത്തിലെ മറ്റൊരു സംഖ്യയും ഉപയോഗിച്ച് അനുപാതം കണക്കാക്കുമ്പോൾ അതിനെ സമ്മിശ്ര അനുപാതം (Composite Ratios) എന്ന് പറയുന്നു. ഉദാഹരണത്തിന്, ട്രേഡ് റിസീവബ്ൾസിനുമേൽ കടത്തിലുള്ള വ്യാപാരപ്രവർത്തനങ്ങളിൽനിന്നുള്ള വരുമാനത്തിന്റെ അനുപാതം ട്രേഡ് റിസീവബ്ൾസ് ടേണോവർ അനുപാതം (Trade Receivables Turnover ratio) എന്നാണ് അറിയപ്പെടുന്നത്. ഇത് ലാഭനഷ്ട പത്രികയിലെ ഒരു സംഖ്യയും (വ്യാപാരപ്രവർത്തനങ്ങളിൽനിന്നുള്ള കട വരുമാനം), ബാക്കിപത്രത്തിലെ മറ്റൊരു സംഖ്യയും (ട്രേഡ് റിസീവബ്ൾസ്) ഉപയോഗിച്ച് കണക്കുകൂട്ടുന്നു.

അക്കൗണ്ടിംഗ് അനുപാതങ്ങൾ കണക്കാക്കുന്നത് ധനകാര്യ പത്രികയിലെ വിവരങ്ങൾ ഉപയോഗിച്ചാണെങ്കിലും ധനകാര്യ പത്രികകൾ അടിസ്ഥാനമാക്കി അനുപാതങ്ങളെ വർഗീകരിക്കുന്നത് അപൂർവമാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക പ്രകടനം(ലാഭക്ഷമത), സാമ്പത്തികനില (പണം സമ്പാദിക്കുന്നതിലും വിദഗ്ധമായി നിക്ഷേപിക്കുന്നതിലും), സാമ്പത്തിക സ്ഥിതിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ (പ്രവർത്തനതലത്തിലെ മാറ്റങ്ങൾ വിശദീകരിക്കൽ) എന്നിവയെക്കുറിച്ചുള്ള പ്രതിഫലനമാണ് അക്കൗണ്ടിംഗിന്റെ അടിസ്ഥാന ലക്ഷ്യം. അനുപാതം കണക്കുകൂട്ടുന്നതിനുള്ള ബദൽ വർഗീകരണമാണ് (നിർവഹണ വർഗീകരണം എന്ന് പറയുന്നു) ഏറ്റവും സാധാരണമായി ഉപയോഗിക്കപ്പെടുന്ന വർഗീകരണം. അത് താഴെ പറയുന്നു.

1. *ദ്രവണത അനുപാതം (Liquidity Ratios):* ബിസിനസ്സിന് അതിന്റെ കടമകൾ നിറവേറ്റുവാൻ ദ്രവണത നിധികൾ (Liquid Funds) ആവശ്യമാണ്. ഗുണഭോക്താക്കൾക്ക് പണം നൽകേണ്ടുന്ന സമയത്ത് നൽകാനുള്ള ബിസിനസ്സിന്റെ കഴിവിനെ ദ്രവണത (Liquidtiy) എന്നും അത് അളക്കാൻ കണക്കാക്കിയ അനുപാതങ്ങൾ ദ്രവണത അനുപാതങ്ങൾ (Liquidtiy Ratios) എന്നും അറിയപ്പെടുന്നു. ഇവയ്ക്ക് പ്രത്യേകിച്ച് ഹ്രസ്വകാല സ്വഭാവമാണ്.
2. *ലേയത്വ അനുപാതങ്ങൾ (Solvency Ratios):* ഗുണഭോക്താക്കൾക്ക് പ്രത്യേകിച്ച് ബാഹ്യ ഗുണഭോക്താക്കൾക്ക് തീർപ്പാക്കാനുള്ള കരാർ ബാധ്യതകൾ നിറവേറ്റാനുള്ള ബിസിനസ്സിന്റെ കഴിവിനെയാണ് ലേയത്വം എന്ന് പറയുന്നത്. ഇത് അളക്കുവാൻ വേണ്ടി കണക്കാക്കുന്ന അനുപാതങ്ങളെയാണ് ലേയത്വ

അനുപാതങ്ങൾ (Solvency Ratios) എന്ന് പറയുന്നത്. ഇവയ്ക്ക് പ്രത്യേകിച്ച് ദീർഘകാല സ്വഭാവമാണ്.

3. *പ്രവർത്തന അനുപാതങ്ങൾ/വിറ്റുവരവ് അനുപാതങ്ങൾ (Activity or Turnover Ratios):* വിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗത്തെ അടിസ്ഥാനമാക്കി ബിസിനസ്പ്രവർത്തനങ്ങളുടെ കാര്യക്ഷമത കണക്കാക്കുന്നതിനുള്ള അനുപാതങ്ങളാണിവ. അതിനാൽ ഇവയെ 'കാര്യക്ഷമത അനുപാതങ്ങൾ' (Efficiency Ratios) എന്നും പറയുന്നു.
4. *ലാഭക്ഷമതാ അനുപാതങ്ങൾ (Profitability Ratios):* പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനവുമായോ അല്ലെങ്കിൽ ബിസിനസ്സിൽ ഉപയോഗിച്ചിട്ടുള്ള ഫണ്ടുകളുമായോ (അല്ലെങ്കിൽ ആസ്തികൾ) ബന്ധപ്പെട്ടുള്ള ലാഭത്തിന്റെ വിശകലനത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ഇതിനുവേണ്ടി കണക്കാക്കുന്ന അനുപാതങ്ങളെ ലാഭക്ഷമത അനുപാതങ്ങൾ (Profitabiltiy Ratios) എന്നറിയപ്പെടുന്നു.

## 5.6 ദ്രവണത അനുപാതം (Liquidity Ratios)

ബിസിനസ്സിന്റെ ഹ്രസ്വകാല ബാധ്യതകൾ നിറവേറ്റാനുള്ള കഴിവ് കണക്കാക്കുന്ന അനുപാതങ്ങളാണ് ദ്രവണത അനുപാതങ്ങൾ. ബാക്കിപത്രത്തിലെ കറന്റ് ആസ്തികളുടെയും കറന്റ് ബാധ്യതകളുടെയും തുക ഉപയോഗിച്ച് ഇത് കണക്കാക്കുന്നു. ദ്രവണത അനുപാതങ്ങളെ കറന്റ് അനുപാതം, ദ്രുത അനുപാതം എന്നിങ്ങനെ രണ്ടായി തരം തിരിച്ചിരിക്കുന്നു.

### *5.6.1* കറന്റ് അനുപാതം *(Current Ratio)*

*കറന്റ് ബാധ്യതകളും കറന്റ് ആസ്തികളും തമ്മിലുള്ള അനുപാതമാണ് കറന്റ് അനുപാതം. ഇത് ഇങ്ങനെ കണ്ടെത്താം.*

കറന്റ് അനുപാതം = ഹ്രസ്വകാല ആസ്തികൾ : ഹ്രസ്വകാല ബാധ്യതകൾ

$$\text{അല്ലെങ്കിൽ } \frac{\text{ഹ്രസ്വകാല ആസ്തികൾ}}{\text{ഹ്രസ്വകാല ബാധ്യതകൾ}}$$

ഹ്രസ്വകാല ആസ്തികളിൽ ഹ്രസ്വകാല നിക്ഷേപങ്ങൾ, ചരക്കുകൾ, ട്രേഡ് റിസീവബ്ൾ (ഡെബ്റ്റേഴ്സ്, ബിൽസ് റിസീവബ്ൾസ്), പണം, ഹ്രസ്വകാല വായ്പകളും മുൻകൂറായി നൽകലും, മുൻകൂർ നികുതി, കിട്ടാനുള്ള വരുമാനം മുതലായവ ഉൾപ്പെടുന്നു. ഹ്രസ്വകാല ബാധ്യതകളിൽ ഹ്രസ്വകാല വായ്പകൾ, ട്രേഡ് പേയബ്ൾസ് (ക്രെഡിറ്റേഴ്സ്, ബിൽസ് പേയബ്ൾസ് ), കൂടാതെ മറ്റ് ബാധ്യതകളും ഹ്രസ്വകാല നീക്കിയിരിപ്പുകളും ഉൾപ്പെടുന്നു.

***നിർധാരണം 1***

തന്നിരിക്കുന്ന വിവരങ്ങളിൽനിന്ന് കറന്റ് അനുപാതം കണ്ടുപിടിക്കുക.

| വിശദാംശങ്ങൾ | തുക |
|---|---|
| ഇൻവെന്ററീസ് | 50,000 |
| ട്രേഡ് റിസീവബിൾസ് | 50,000 |
| അഡ്വാൻസ് ടാക്സ് | 4,000 |
| ക്യാഷ് ആൻഡ് ക്യാഷ് ഇക്വലന്റ്സ് | 30,000 |
| ട്രേഡ് പേയബിൾസ് | 1,00,000 |
| ഷോർട്ട്ടേം ബോറോവിങ്സ് (ബാങ്ക് ഓവർഡ്രാഫ്ട്) | 4,000 |

**ഉത്തരം :**

കറന്റ് അനുപാതം = $\frac{\text{കറന്റ് അസെറ്റ്}}{\text{കറന്റ് ലയബിലിറ്റീസ്}}$

കറന്റ് ആസ്തികൾ = ഇൻവെന്ററീസ് + ട്രേഡ് റിസീവബിൾസ് + അഡ്വാൻസ് ടാക്സ് + ക്യാഷ് ആൻഡ് ക്യാഷ് ഇക്വലന്റ്സ്

= $50,000 + 50,000 + 4,000 + 30,000$

= $1,34,000$

കറന്റ് ബാധ്യതകൾ = ട്രേഡ് പേയബിൾസ് + ഷോർട്ട്ടേം ബോറോവിങ്സ്

= $1,00,000 + 4,000$

= $1,04,000$

കറന്റ് അനുപാതം = $\frac{\text{Rs.}1,34,000}{\text{Rs.}1,04,000} = 1.29 : 1$

*പ്രാധാന്യം :* ഹ്രസ്വകാല ബാധ്യതകൾ കൊടുത്തുതീർക്കുന്നതിന് എത്രമാത്രം ഹ്രസ്വകാല ആസ്തികൾ ലഭ്യമാണെന്ന് സൂചിപ്പിക്കുന്ന അനുപാതമാണിത്. ഹ്രസ്വകാല ബാധ്യതകളെക്കാൾ അധികമായുള്ള ഹ്രസ്വകാല ആസ്തികൾ ആസ്തികളുടെ വിറ്റഴിക്കലിലും ഫണ്ടിന്റെ ലഭ്യതയിലുമുള്ള അനിശ്ചിതാവസ്ഥയിൽ ഒരു സുരക്ഷിത നീക്കിയിരിപ്പായി വർത്തിക്കുന്നു. ഈ അനുപാതം വളരെക്കൂടുതലോ, വളരെക്കുറവോ ആകാൻ പാടില്ല. വളരെ ഉയർന്ന അനുപാതം ഹ്രസ്വകാല ആസ്തികളിലെ അമിത നിക്ഷേപത്തെയും അതിലൂടെ വിഭവങ്ങളുടെ അനുചിതമായ ഉപയോഗത്തെയുമാണ് സൂചിപ്പിക്കുന്നത്. എന്നാൽ വളരെക്കുറഞ്ഞ ഒരു അനുപാതം ഹ്രസ്വകാല ബാധ്യതകൾ യഥാസമയത്ത് കൊടുത്തുവീട്ടാൻ കഴിയാത്ത അപകടകരമായ സാഹചര്യത്തെ സൂചിപ്പിക്കുന്നു. ഇത് സ്ഥാപനത്തിന്റെ വായ്പാശേഷിയെയും സാരമായി ബാധിക്കും. സാധാരണയായി, ഒരു സുരക്ഷിത അനുപാതമായി കണക്കാക്കുന്നത് 2:1 ആണ്.

## 5.6.2 ദ്രുത അനുപാതം (*Quick Ratio*)

ഹ്രസ്വകാല ബാധ്യതയ്ക്കുമേലുള്ള ദ്രുത ആസ്തികളുടെ അനുപാതമാണിത്. ഇത് ഇങ്ങനെ കണ്ടെത്താം.

ക്വിക്ക് റേഷ്യോ = ദ്രുത ആസ്തികൾ : ഹ്രസ്വകാല ബാധ്യതകൾ അല്ലെങ്കിൽ

$$\frac{\text{ക്വിക്ക് അസറ്റ്സ്}}{\text{കറന്റ് ലയബിലിറ്റീസ്}} = \frac{\text{ദ്രുത ആസ്തികൾ}}{\text{ഹ്രസ്വകാല ബാധ്യതകൾ}}$$

വേഗത്തിൽ പണമായി മാറ്റാവുന്ന ആസ്തികളാണ് ദ്രുത ആസ്തികൾ. ദ്രുത ആസ്തികൾ കണക്കാക്കുമ്പോൾ വർഷാന്ത്യ ചരക്ക്, മുൻകുറായി കൊടുത്ത ചെലവുകൾ, മുൻകൂർ നികുതി മുതലായവ ഹ്രസ്വകാല ആസ്തികളിൽ നിന്ന് ഒഴിവാക്കുന്നു. ദ്രവണത കുറഞ്ഞ ഹ്രസ്വകാല ആസ്തികൾ ഒഴിവാക്കുന്നതിനാൽ ദ്രുത അനുപാതം ബിസിനസ്സിന്റെ ദ്രവണത അളക്കുന്നതിനുള്ള മികച്ച അനുപാതമായി കണക്കാക്കുന്നു. ഇത് ബിസിനസിന്റെ ദ്രവണതാവസ്ഥയെപ്പറ്റിയുള്ള ഒരു അനുബന്ധ പരിശോധനയായി കണക്കാക്കപ്പെടുന്നതിനാൽ ഇതിനെ 'ആസിഡ്ടെസ്റ്റ് റേഷ്യോ' എന്നും പറയുന്നു.

***നിർധാരണം 2***

നിർധാരണം-1 ൽ തന്നിരിക്കുന്ന വിവരങ്ങളിൽനിന്ന് ക്വിക്ക് റേഷ്യോ കണ്ടുപിടിക്കുക.

***ഉത്തരം***

ക്വിക്ക് റേഷ്യോ $= \dfrac{\text{ക്വിക്ക് അസെറ്റ്സ്}}{\text{കറന്റ് ബാധ്യതകൾ}}$

ക്വിക്ക് അസറ്റ്സ് = ഹ്രസ്വകാല ആസ്തികൾ (ഇൻവെന്ററീസ് + അഡ്വാൻസ് ടാക്സ് )

= 1,34,000 – (50,000 +4,000)

= 80,000 രൂപ

കറന്റ് ബാധ്യതകൾ = 1,04,000 രൂപ

ക്വിക്ക് റേഷ്യോ $= \dfrac{80,000}{1,04,000} = 0.77:1$

*പ്രാധാന്യം:* ഒരു ബിസിനസ്സിന്റെ ഹ്രസ്വകാല കടബാധ്യതകൾ പിഴവു കൂടാതെ കൊടുത്തുതീർക്കുവാനുള്ള കഴിവിന്റെ അളവുകോലാണ് ഈ അനുപാതം. സാധാരണയായി, സുരക്ഷിതമെന്ന് ശുപാർശചെയ്യുന്ന അനുപാതം 1:1 ആണ്. വളരെക്കുറഞ്ഞ അനുപാതം ഏറെ അപകടകരമാണ്, എന്നാൽ ഉയർന്ന അനുപാതം ലാഭകരമല്ലാത്ത ഹ്രസ്വകാല നിക്ഷേപങ്ങളിൽ വിഭവങ്ങൾ വിന്യസിച്ചിരിക്കുന്നതിന്റെ സൂചനയാണ്.

***നിർധാരണം 3***

തന്നിരിക്കുന്ന വിവരങ്ങളിൽനിന്ന് ലിക്വിഡിറ്റി റേഷ്യോ കണ്ടുപിടിക്കുക.

| | | |
|---|---|---|
| ഹ്രസ്വകാല ബാധ്യതകൾ | = | 50,000 രൂപ |
| ഹ്രസ്വകാല ആസ്തികൾ | = | 80,000 രൂപ |
| ഇൻവെന്ററീസ് | = | 20,000 രൂപ |
| അഡ്വാൻസ് ടാക്സ് | = | 5,000 രൂപ |
| പ്രീപെയ്ഡ് എക്സ്പെൻസസ് | = | 5,000 രൂപ |

***ഉത്തരം***

ലിക്വിഡ് റേഷ്യോ $= \frac{\text{ക്വിക്ക് അസറ്റ്സ്}}{\text{കറന്റ് ലയബിലിറ്റീസ്}}$

ലിക്വിഡ് അസറ്റ്സ് = ഹ്രസ്വകാല ആസ്തികൾ (ഇൻവെന്ററീസ് + പ്രീപെയ്ഡ് എക്സ്പെൻസസ് + അഡ്വാൻസ് ടാക്സ്)

$= 80,000 - (20,000 + 5,000 + 5,000)$

$= 50,000$

ലിക്വിഡ് റേഷ്യോ $= \frac{\text{Rs.}50,000}{\text{Rs.}50,000} = 1:1$

***നിർധാരണം 4***

'എക്സ്' ലിമിറ്റഡിന്റെ കറന്റ് റേഷ്യോ 3.5:1, ക്വിക്ക് റേഷ്യോ 2:1 ആണ്. ഹ്രസ്വകാല ബാധ്യതകളെ അധികരിക്കുന്ന ഹ്രസ്വകാല ആസ്തിയായ നീക്കിയിരിപ്പ് ചരക്ക് (ഇൻവെന്ററീസ്) 24,000 രൂപയാണ്. ഹ്രസ്വകാല ആസ്തികൾ, ഹ്രസ്വകാല ബാധ്യതകൾ എന്നിവ കണക്കുകൂട്ടുക.

***ഉത്തരം***

| | | |
|---|---|---|
| കറന്റ് റേഷ്യോ | = | 3.5:1 |
| ക്വിക്ക് റേഷ്യോ | = | 2:1 |
| ഹ്രസ്വകാല ബാധ്യതകൾ | = | x |
| ഹ്രസ്വകാല ആസ്തികൾ | = | 3.5x |
| ക്വിക്ക് അസറ്റ്സ് | = | 2x |
| ഇൻവെന്ററീസ് | = | ഹ്രസ്വകാല ആസ്തികൾ-ഹ്രസ്വകാല ബാധ്യതകൾ |
| 24,000 | = | $3.5x - 2x$ |
| 24,000 | = | 1.5x |
| x | = | 16,000 |
| ഹ്രസ്വകാല ബാധ്യതകൾ | = | 16,000 |
| ഹ്രസ്വകാല ആസ്തികൾ | = | $3.5x = 3.5 \times$ Rs. 16,000 = Rs. 56,000. |

*പരിശോധിച്ചാൽ:*

| | | |
|---|---|---|
| കറന്റ് റേഷ്യോ | = | ഹ്രസ്വകാല ആസ്തികൾ : ഹ്രസ്വകാല ബാധ്യതകൾ |
| | = | 56,000 : 16,000 |
| | = | 3.5 : 1 |
| ക്വിക്ക് റേഷ്യോ | = | ക്വിക്ക് അസറ്റ്സ് : ഹ്രസ്വകാല ബാധ്യതകൾ |
| | = | 32,000 : 16,000 |
| | = | 2 : 1 |

***നിർധാരണം 5***

തന്നിരിക്കുന്ന വിവരങ്ങളിൽനിന്നും കറന്റ് റേഷ്യോ കണ്ടുപിടിക്കുക.

| | | *രൂപ* |
|---|---|---|
| ആകെ ആസ്തികൾ | = | 3,00,000 |
| ദീർഘകാല ബാധ്യതകൾ | = | 80,000 |
| ഷെയർ ഹോൾഡേഴ്സ് ഫണ്ട് | = | 2,00,000 |
| *ദീർഘകാല ആസ്തികൾ* | | |
| ഫിക്സഡ് അസറ്റ്സ് | = | 1,60,000 |
| ദീർഘകാല ഇൻവെസ്റ്റ്മെന്റ്സ് | = | 1,00,000 |

***ഉത്തരം***

| | | |
|---|---|---|
| ആകെ ആസ്തികൾ | = | ദീർഘകാല ആസ്തികൾ + ഹ്രസ്വകാല ആസ്തികൾ |
| 3,00,000 | = | 2,60,000 + ഹ്രസ്വകാല ആസ്തികൾ |
| ഹ്രസ്വകാല ആസ്തികൾ | = | 3,00,000 – 2,60,000 = 40,000 രൂപ |
| ആകെ ആസ്തികൾ | = | ഇക്വിറ്റി ആൻഡ് ലയബിലിറ്റീസ് |
| | = | ഷെയർ ഹോൾഡേഴ്സ് ഫണ്ട് + ദീർഘകാല ബാധ്യതകൾ+ഹ്രസ്വകാല ബാധ്യതകൾ |
| 3,00,000 | = | 2,00,000 + 80,000 + ഹ്രസ്വകാല ബാധ്യതകൾ |
| ഹ്രസ്വകാല ബാധ്യതകൾ | = | 3,00,000 – 2,80,000 |
| | = | 20,000 രൂപ |

$$\text{കറന്റ് റേഷ്യോ} = \frac{\text{കറന്റ് അസറ്റ്സ്}}{\text{കറന്റ് ലയബിലിറ്റീസ്}}$$

$$= \frac{40,000}{20,000} = 2:1$$

**സ്വയം ചെയ്യുക**

1. ഒരു കമ്പനിയുടെ ഹ്രസ്വകാല ബാധ്യതകൾ 5,60,000 രൂപയും കറന്റ് അനുപാതം 2.5:1 ഉം ദ്രുത അനുപാതം 2:1 ഉം ആണ്. നീക്കിയിരിപ്പ് ചരക്കിന്റെ മൂല്യം കണ്ടെത്തുക.
2. കറന്റ് അനുപാതം = 4.5:1, ക്വിക്ക് അനുപാതം = 3:1, നീക്കിയിരിപ്പ് ചരക്ക് = 36,000രൂപ. ഹ്രസ്വകാല ആസ്തികൾ, ഹ്രസ്വകാല ബാധ്യതകൾ എന്നിവ കണക്കാക്കുക.
3. ഒരു കമ്പനിയുടെ ഹ്രസ്വകാല ആസ്തികൾ 5,00,000രൂപയാണ്. കറന്റ് അനുപാതം 2.5:1, ലിക്വിഡ് അനുപാതം 1:1. ഹ്രസ്വകാല ബാധ്യതകൾ, ലിക്വിഡ് ആസ്തികൾ, നീക്കിയിരിപ്പ് ചരക്ക് എന്നിവ കണക്കാക്കുക.

**നിർധാരണം 6**

കറന്റ് റേഷ്യോ 2:1 ആണ്. താഴെപ്പറയുന്ന ഇടപാടുകളിൽ ഏതൊക്കെ കറന്റ് റേഷ്യോ മെച്ചപ്പെടുത്തുകയോ കുറയ്ക്കുകയോ മാറ്റം വരുത്താതിരിക്കുകയോ ചെയ്യുമെന്ന് കാരണ സഹിതം പ്രസ്താവിക്കുക.

(a) ഹ്രസ്വകാല ബാധ്യതകൾ തിരിച്ചുകൊടുത്തു;
(b) സാധനങ്ങൾ കടത്തിൽ വാങ്ങി;
(c) കമ്പ്യൂട്ടർ 3,000 രൂപയ്ക്ക് വിറ്റു. (ബുക്ക് മൂല്യം: 4,000 രൂപ);
(d) 10,000രൂപയുടെ സാധനങ്ങൾ 11,000 രൂപയ്ക്ക് വിൽപ്പന നടത്തി.
(e) ലാഭ വിഹിതം നൽകൽ .

***ഉത്തരം***

തന്നിരിക്കുന്ന കറന്റ് റേഷ്യോ 2:1 ആണ്. ഹ്രസ്വകാല ആസ്തികൾ 50,000 രൂപയും ഹ്രസ്വകാല ബാധ്യതകൾ 25,000 രൂപയുമാണെന്ന് അനുമാനിക്കാം. എങ്കിൽ കറന്റ് റേഷ്യോ 2:1 ആണ്. ഇനി തന്നിരിക്കുന്ന ഇടപാടുകൾക്ക് കറന്റ് റേഷ്യോയിലുള്ള സ്വാധീനം നമുക്ക് വിശകലനം ചെയ്യാം.

(a) 10,000 രൂപയുടെ ക്രെഡിറ്റേഴ്സിന് ചെക്ക് നൽകിയെന്ന് അനുമാനിക്കുക. ഇത് ഹ്രസ്വകാല ആസ്തികളെ 40,000 രൂപയിലേക്കും ഹ്രസ്വകാല ബാധ്യതകളെ 15,000 രൂപയിലേക്കും താഴ്ത്തി നിശ്ചയിക്കുന്നു. അപ്പോൾ പുതിയ അനുപാതം 2.67: 1 ( 40,000/15,000) ആയിരിക്കും. ഇത് കറന്റ് റേഷ്യോയെ മെച്ചപ്പെടുത്തുന്നു.
(b) 10,000 രൂപയുടെ ചരക്കുകൾ കടമായി വാങ്ങിച്ചു എന്ന് അനുമാനിക്കാം. ഇത് ഹ്രസ്വകാല ആസ്തികളെ 60,000 രൂപയായും ഹ്രസ്വകാല ബാധ്യതകളെ 35,000 രൂപയായും വർധിപ്പിക്കുന്നു. അപ്പോൾ പുതിയ അനുപാതം 1.7 : 1 (60,000/ 35,000) ആയിരിക്കും. ഇത് കറന്റ് റേഷ്യോയെ കുറയ്ക്കുന്നു.

(c) കമ്പ്യൂട്ടറിന്റെ വിൽപ്പന കാരണം ഹ്രസ്വകാല ആസ്തികൾ 53,000 രൂപയായി വർധിക്കുന്നു. എന്നാൽ ഹ്രസ്വകാല ബാധ്യതകളിൽ മാറ്റമൊന്നും ഉണ്ടാക്കുന്നില്ല. അപ്പോൾ പുതിയ അനുപാതം 2.12 : 1 (53,000 / 25,000) ആയിരിക്കും. ഇത് കറന്റ് റേഷ്യോയെ മെച്ചപ്പെടുത്തുന്നു.

(d) ഈ ഇടപാടിൽ ഇൻവെന്ററീസ് 10,000 രൂപ കുറയുകയും ക്യാഷിൽ 11,000 രൂപയുടെ വർധനവും ഉണ്ടാക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഹ്രസ്വകാല ആസ്തികൾ 1000 രൂപ മാത്രം കൂടുകയും ഹ്രസ്വകാല ബാധ്യതകളിൽ മാറ്റമൊന്നും ഉണ്ടാക്കാതിരിക്കുകയും ചെയ്യുന്നു. അപ്പോൾ പുതിയ അനുപാതം 2.04 : 1 (51,000/25,000) ആയിരിക്കും. ഇത് കറന്റ് റേഷ്യോയെ മെച്ചപ്പെടുത്തുന്നു.

(e) ലാഭ വിഹിതമായി 5,000 രൂപ നൽകിയെന്ന് അനുമാനിക്കുക. ഇത് ഹ്രസ്വകാല ആസ്തികളെ 45,000 രൂപയായും ഹ്രസ്വകാല ബാധ്യതകളെ 5,000 രൂപയായും താഴ്ത്തി നിശ്ചയിക്കുന്നു. അപ്പോൾ പുതിയ അനുപാതം 2.25 : 1 ( 45,000 / 20,000) ആയിരിക്കും. ഇത് കറന്റ് റേഷ്യോയെ മെച്ചപ്പെടുത്തുന്നു.

## 5.7 ലേയത്വ അനുപാതങ്ങൾ (Solvency Ratios)

ബിസിനസ്സിന് ദീർഘകാലാടിസ്ഥാനത്തിൽ വായ്പ നൽകിയ വ്യക്തികൾ വായ്പാ കാലയളവിലുടനീളം പലിശയുടെയും മുതലിന്റെയും കൃത്യമായ തിരിച്ചടവിൽ താൽപ്പര്യപ്പെടുന്നു. ഇത്തരത്തിലുള്ള ദീർഘകാല ബാധ്യതകൾ നിറവേറ്റാനുള്ള ഒരു ബിസിനസ്സിന്റെ കഴിവിനെ ലേയത്വം (solvency) എന്നും അത് നിർണയിക്കാൻ കണക്കാക്കുന്ന അനുപാതത്തെ ലേയത്വ അനുപാതം (Solvency Ratios) എന്നും പറയുന്നു. ബിസിനസ്സിന്റെ ലേയത്വത്തെ വിലയിരുത്തുന്നതിന് താഴെപ്പറയുന്ന അനുപാതങ്ങൾ കണക്കാക്കപ്പെടുന്നു.

1. ഡെബ്റ്റ് ഇക്വിറ്റി അനുപാതം (Debt-Equity Ratio);
2. ഡെബ്റ്റ് റ്റു ക്യാപ്പിറ്റൽ എംപ്ലോയ്ഡ് അനുപാതം (Debt to Capital Employed Ratio);
3. പ്രോപ്രൈറ്ററി അനുപാതം (Proprietary Ratio);
4. ടോട്ടൽ അസറ്റ്സ് റ്റു ഡെബ്റ്റ് അനുപാതം (Total Assets to Debt Ratio);
5. ഇന്ററസ്റ്റ് കവറേജ് അനുപാതം (Interest Coverage Ratio).

### *5.7.1 ഡെബ്റ്റ് ഇക്വിറ്റി അനുപാതം (Debt-Equity Ratio)*

ദീർഘകാല വായ്പയും ഇക്വിറ്റിയും തമ്മിലുള്ള ബന്ധമാണ് ഡെബ്റ്റ്-ഇക്വിറ്റി അനുപാതം. മൊത്തം ദീർഘകാല ഫണ്ടുകളിൽ വായ്പ എന്ന ഘടകം കുറവാണെങ്കിൽ, പുറത്തുള്ളവർക്ക് കൂടുതൽ സുരക്ഷിതത്വം ലഭിക്കുന്നു. സുരക്ഷാ കാഴ്ചപ്പാടിൽ നിന്ന്

നോക്കിയാൽ, കുറഞ്ഞ വായ്പയും കൂടുതൽ ഇക്വിറ്റിയുമുള്ള മൂലധന ഘടന, പാപ്പരത്ത സാധ്യത കുറയ്ക്കുന്നതിനാൽ, വളരെ അനുകൂലമായി കണക്കാക്കുന്നു. സാധാരണയായി, ഡെബ്റ്റ് ഇക്വിറ്റി അനുപാതം 2:1 ആണെങ്കിൽ അത് സുരക്ഷിതമാണെന്ന് കരുതപ്പെടുന്നു. എന്നിരുന്നാലും, വിവിധ വ്യവസായങ്ങളിൽ ഇത് വ്യത്യാസപ്പെടാം. ഡെബ്റ്റ് ഇക്വിറ്റി അനുപാതം താഴെപറയുന്ന രീതിയിലാണ് കണക്കാക്കുന്നത്:

$$\text{ഡെബ്റ്റ് ഇക്വിറ്റി അനുപാതം} = \frac{\text{ദീർഘകാല കടം}}{\text{ഓഹരിയുടമകളുടെ ഫണ്ട്}}$$

ഇവിടെ;

ഓഹരിയുടമകളുടെ ഫണ്ട് (ഇക്വിറ്റി) = ഓഹരി മൂലധനം + കരുതൽ ധനവും, മിച്ചവും + ഓഹരി വാറന്റുകൾക്ക് ലഭിച്ച പണം

ഓഹരി മൂലധനം = സാധാരണ ഓഹരി മൂലധനം + മുൻഗണന ഓഹരി മൂലധനം;

അല്ലെങ്കിൽ

ഓഹരിയുടമകളുടെ ഫണ്ട് (ഇക്വിറ്റി) = ദീർഘകാല ആസ്തികൾ + പ്രവർത്തന മൂലധനം–ദീർഘകാല ബാധ്യതകൾ

പ്രവർത്തന മൂലധനം = ഹ്രസ്വകാല ആസ്തികൾ–ഹ്രസ്വകാല ബാധ്യതകൾ

*പ്രാധാന്യം:* ഈ അനുപാതം ഒരു സ്ഥാപനത്തിന്റെ കടബാധ്യതയുടെ അവസ്ഥ അളക്കുകയും ദീർഘകാല വായ്പയുടെ സുരക്ഷിതത്വത്തെകുറിച്ചുള്ള വിവരം വായ്പ ദാതാവിന് നൽകുകയും ചെയ്യുന്നു. മുൻപ് സൂചിപ്പിച്ചതുപോലെ, കുറഞ്ഞ ഡെബ്റ്റ് ഇക്വിറ്റി അനുപാതം കൂടുതൽ സുരക്ഷയെ പ്രതിഫലിപ്പിക്കുന്നു. മറുവശത്ത് ഉയർന്ന അനുപാതം, അപകടസാധ്യതയായി കണക്കാക്കപ്പെടുന്നു. കാരണം അതു പുറമെയുള്ളവരുടെ ബാധ്യതകൾ നിറവേറ്റുന്നതിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. എന്നിരുന്നാലും, ഉടമസ്ഥരുടെ കാഴ്ചപ്പാടിൽ നിന്ന്, കൂടുതൽ വായ്പ ഉപയോഗിക്കുന്നത് (ട്രേഡിങ് ഓൺ ഇക്വിറ്റി), മൂലധന വരുമാനത്തിന്റെ നിരക്ക് പലിശ നിരക്കിനേക്കാൾ കൂടുതലാണെങ്കിൽ, അവർക്ക് കൂടുതൽ വരുമാനം ഉറപ്പാക്കാൻ സഹായിച്ചേക്കാം.

***നിർധാരണം 7***

2017 മാർച്ച് 31ലെ 'എബിസി' കമ്പനി ലിമിറ്റഡിന്റെ ബാക്കിപത്രത്തിൽനിന്ന് ഡെബ്റ്റ് ഇക്വിറ്റി റേഷ്യോ കണ്ടുപിടിക്കുക.

**എബിസി കമ്പനി ലിമിറ്റഡ്**
**2017 മാർച്ച് 31–ലെ ബാക്കിപത്രം**

| വിശദാംശങ്ങൾ | നോട്ട് നമ്പർ | തുക (രൂപ) |
|---|---|---|
| **I. ഇക്വിറ്റി ആൻഡ് ലയബിലിറ്റീസ്** | | |
| **1. ഷെയർ ഹോൾഡേഴ്സ് ഫണ്ട്** | | |
| a) ഷെയർ ക്യാപ്പിറ്റൽ | | 12,00,000 |
| b) റിസർവ്സ് ആൻഡ് സർപ്ലസ് | | 2,00,000 |
| c) മണി റിസീവ്ഡ് എഗൻസ്റ്റ് ഷെയർ വാറണ്ട് | | 1,00,000 |
| **2. ദീർഘകാല ബാധ്യതകൾ** | | |
| a) ലോങ്ടേം ബോറോവിങ്സ് | | 4,00,000 |
| b) അദർ ലോങ്ടേം ലയബിലിറ്റീസ് | | 40,000 |
| c) ലോങ്ടേം പ്രൊവിഷൻസ് | | 60,000 |
| **3. ഹ്രസ്വകാല ബാധ്യതകൾ** | | |
| a) ഷോർട്ട്ടേം ബോറോവിങ്സ് | | 2,00,000 |
| b) ട്രേഡ് പേയബ്ൾസ് | | 1,00,000 |
| c) അദർ ഷോർട്ട് ടേം ലയബിലിറ്റീസ് | | 50,000 |
| d) ഷോർട്ട്ടേം പ്രൊവിഷൻസ് | | 1,50,000 |
| | | **25,00,000** |
| **II. അസറ്റ്സ്** | | |
| **1. ദീർഘകാല ആസ്തികൾ** | | |
| a) ഫിക്സഡ് അസറ്റ്സ് | | 15,00,000 |
| b) നോൺ കറന്റ് ഇൻവെസ്റ്റ്മെന്റ്സ് | | 2,00,000 |
| c) ലോങ്ടേം ലോൺസ് ആൻഡ് അഡ്വാൻസസ് | | 1,00,000 |
| **2. ഹ്രസ്വകാല ആസ്തികൾ** | | |
| a) കറന്റ് ഇൻവെസ്റ്റ്മെന്റ്സ് | | 1,50,000 |
| b) ഇൻവെന്ററീസ് | | 1,50,000 |
| c) ട്രേഡ് റിസീവബ്ൾസ് | | 1,00,000 |
| d) ക്യാഷ് ആൻഡ് ക്യാഷ് ഇക്വലന്റ്സ് | | 2,50,000 |
| e) ഷോർട്ട്ടേം ലോൺസ് ആൻഡ് അഡ്വാൻസസ് | | 50,000 |
| | | **25,00,000** |

**ഉത്തരം :**

ഡെബ്റ്റ്-ഇക്വിറ്റി റേഷ്യോ $= \frac{\text{ഡെബ്റ്റ്സ്}}{\text{ഇക്വിറ്റി}}$

ഡെബ്റ്റ് = ലോങ്ടേം ബോറോവിങ്സ്+അദർ ലോങ്ടേം ലയബിലിറ്റീസ്+ലോങ്ടേം പ്രൊവിഷൻസ്
= 4,00,000 + 40,000 + 60,000
= 5,00,000 രൂപ

ഇക്വിറ്റി = ഷെയർ ക്യാപ്പിറ്റൽ + റിസർവ്സ് ആൻഡ് സർപ്ലസ് + മണി റിസീവ്ഡ് എഗെൻസ്റ്റ് ഷെയർ വാറണ്ട്
= 12,00,000 + 2,00,000 + 1,00,000
= 15,00,000 രൂപ

പകരമായി,

ഇക്വിറ്റി = ദീർഘകാല ആസ്തികൾ + വർക്കിംഗ് ക്യാപ്പിറ്റൽ– ദീർഘകാല ബാധ്യതകൾ
= 18,00,000 + 2,00,000 – 5,00,000
= 15,00,000 രൂപ

വർക്കിംഗ് ക്യാപ്പിറ്റൽ = ഹ്രസ്വകാല ആസ്തികൾ–ഹ്രസ്വകാല ബാധ്യതകൾ
= 7,00,000 – 5,00,000
= 2,00,000 രൂപ

ഡെബ്റ്റ് ഇക്വിറ്റി റേഷ്യോ = $\frac{5,00,000}{15,00,000} = 0.33:1$

### *നിർധാരണം 8*

ഒരു കമ്പനിയുടെ താഴെ തന്നിരിക്കുന്ന ബാക്കിപത്രത്തിൽനിന്ന് ഡെബ്റ്റ്-ഇക്വിറ്റി റേഷ്യോ കണ്ടുപിടിക്കുക.

**ബാക്കിപത്രം**

| *വിശദാംശങ്ങൾ* | നോട്ട് നമ്പർ | തുക (രൂപ) |
|---|---|---|
| **I. ഇക്വിറ്റി ആൻഡ് ലയബിലിറ്റീസ്** | | |
| **1. ഷെയർ ഹോൾഡേഴ്സ് ഫണ്ട്** | | |
| a) ഷെയർ ക്യാപ്പിറ്റൽ | | 10,00,000 |
| b) റിസർവ്സ് ആൻഡ് സർപ്ലസ് | 1 | 1,00,000 |

| | | |
|---|---|---|
| **2. ദീർഘകാല ബാധ്യതകൾ** | | |
| ലോങ്ടേം ബോറോവിങ്സ് | | 1,50,000 |
| **3. ഹ്രസ്വകാല ബാധ്യതകൾ** | | 1,50,000 |
| | | **14,00,000** |
| **II. അസറ്റ്സ്** | | |
| **1. ദീർഘകാല ആസ്തികൾ** | | |
| a) ഫിക്സഡ് അസറ്റ്സ് | 2 | 11,00,000 |
| **2. ഹ്രസ്വകാല ആസ്തികൾ** | | |
| a) ഇൻവെന്ററീസ് | | 1,00,000 |
| b) ട്രേഡ് റിസീവബ്ൾസ് | | 90,000 |
| c) ക്യാഷ് ആൻഡ് ക്യാഷ് ഇക്വലന്റ്സ് | | 1,10,000 |
| | | **14,00,000** |

അക്കൗണ്ട് കുറിപ്പുകൾ :

| | രൂപ |
|---|---|
| **1.** ഷെയർ ക്യാപ്പിറ്റൽ | |
| ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ | 8,00,000 |
| പ്രിഫെറൻസ് ഷെയർ ക്യാപ്പിറ്റൽ | 2,00,000 |
| | **10,00,000** |

ഫിക്സഡ് അസറ്റ്സ്

| | രൂപ |
|---|---|
| **2. ടാൻജിബിൾ അസറ്റ്സ്** | |
| പ്ലാന്റ് ആൻഡ് മെഷനറി | 5,00,000 |
| ലാൻഡ് ആൻഡ് ബിൽഡിങ്സ് | 4,00,000 |
| മോട്ടോർ കാർ | 1,50,000 |
| ഫർണിച്ചർ | 50,000 |
| | **11,00,000** |

***ഉത്തരം :***

$$\text{ഡെബ്റ്റ്-ഇക്വിറ്റി റേഷ്യോ} = \frac{\text{ലോങ്ടേം ഡെബ്റ്റ്സ്}}{\text{ഇക്വിറ്റി (ഷെയർ ഹോൾഡേഴ്സ് ഫണ്ട്)}}$$

ലോങ്ടേം ഡെബ്റ്റ്സ് = ലോങ്ടേം ബോറോവിങ്സ്
= 1,50,000 രൂപ

ഇക്വിറ്റി = ഷെയർ ക്യാപ്പിറ്റൽ + റിസർവ്സ് ആൻഡ് സർപ്ലസ്
= 10,00,000 + 1,00,000 = 11,00,000 രൂപ

ഡെബ്റ്റ്-ഇക്വിറ്റി റേഷ്യോ = $\frac{1,50,000}{11,00,000} = 0.136 : 1$

### *5.7.2* ഡെബ്റ്റ് റ്റു ക്യാപ്പിറ്റൽ എംപ്ലോയ്ഡ് റേഷ്യോ (*Debt to Capital Employed Ratio)*

ബാഹ്യ ആഭ്യന്തര ഫണ്ടുകൾക്കുമേലുള്ള (മൂലധന നിക്ഷേപം അല്ലെങ്കിൽ അറ്റ ആസ്തികൾ) ദീർഘകാല കടത്തിന്റെ അനുപാതമാണ് ഡെബ്റ്റ് റ്റു ക്യാപ്പിറ്റൽ എംപ്ലോയ്ഡ് റേഷ്യോ. അത് താഴെപ്പറയുന്ന രീതിയിലാണ് കണക്കാക്കുന്നത്:

ഡെബ്റ്റ് റ്റു ക്യാപ്പിറ്റൽ എംപ്ലോയ്ഡ് റേഷ്യോ = ദീർഘകാല വായ്പ/മൂലധന നിക്ഷേപം (അല്ലെങ്കിൽ അറ്റ ആസ്തികൾ)

മൂലധന നിക്ഷേപം = ദീർഘകാല വായ്പകൾ + ഓഹരി ഉടമകളുടെ ഫണ്ടുകൾ.

മറ്റൊരുതരത്തിൽ, ഇത് മൊത്തം ആസ്തികളിൽ നിന്ന് ഹ്രസ്വകാല ബാധ്യതകൾ കുറച്ചാൽ ലഭിക്കുന്ന അറ്റ ആസ്തികളായും കണക്കാക്കാം. നിർധാരണം-7 ലെ വിവരങ്ങൾ പ്രകാരം മൂലധന നിക്ഷേപം ഇങ്ങനെ കണ്ടെത്താം. 5,00,000 രൂപ + 15,00,000 രൂപ = 20,00,000 രൂപ. അതുപോലെത്തന്നെ, അറ്റ ആസ്തികൾ 25,00,000 രൂപ - 5,00,000 രൂപ = 20,00,000 രൂപ. ഡെബ്റ്റ് റ്റു ക്യാപ്പിറ്റൽ എംപ്ലോയ്ഡ് റേഷ്യോ 5,00,000/20,00,000 = 0.25:1

*പ്രാധാന്യം:* ഡെബ്റ്റ് ഇക്വിറ്റി അനുപാതം പോലെ, ഇത് മൂലധന നിക്ഷേപത്തിൽ ദീർഘകാല കടങ്ങളുടെ അനുപാതം കാണിക്കുന്നു. കുറഞ്ഞ അനുപാതം വായ്പക്കാർക്ക് സുരക്ഷ നൽകുന്നു, ഉയർന്ന അനുപാതം മാനേജ്മെന്റിനെ ട്രേഡിങ് ഓൺ ഇക്വിറ്റിയിൽ സഹായിക്കുന്നു. മേൽപ്പറഞ്ഞ കാര്യങ്ങളിൽ, ഡെബ്റ്റ് റ്റു ക്യാപ്പിറ്റൽ എംപ്ലോയ്ഡ് അനുപാതം പകുതിയിലേറെ കുറവാണ്, ഇത് കുറഞ്ഞ കടബാധ്യതയും കടത്തിന്റെ മതിയായ സുരക്ഷയും സൂചിപ്പിക്കുന്നു.

ഡെബ്റ്റ് റ്റു ക്യാപ്പിറ്റൽ എംപ്ലോയ്ഡ് അനുപാതം മൊത്തം ആസ്തികളുമായി ബന്ധപ്പെട്ട് കണക്കാക്കാം എന്നത് ശ്രദ്ധേയമാണ്. അങ്ങനെയാണെങ്കിൽ, മൊത്തം ആസ്തികൾക്കു മേൽ (അല്ലെങ്കിൽ ഷെയർ ഹോൾഡേഴ്സ് ഫണ്ടുകൾ + ദീർഘകാല കടങ്ങൾ + ഹ്രസ്വകാല ബാധ്യതകൾ) മൊത്തം കടങ്ങൾക്കുള്ള (ദീർഘകാല കടങ്ങൾ + ഹ്രസ്വകാല ബാധ്യതകൾ) അനുപാതത്തെ ഇത് സൂചിപ്പിക്കുന്നു. ഇത് ഇങ്ങനെ പ്രസ്താവിക്കാം.

ഡെബ്റ്റ് റ്റു ക്യാപ്പിറ്റൽ എംപ്ലോയ്ഡ് അനുപാതം = $\frac{\text{മൊത്തം കടങ്ങൾ}}{\text{മൊത്തം ആസ്തികൾ}}$

### *5.7.3* പ്രോപ്രൈറ്ററി അനുപാതം *(Proprietary Ratio)*

അറ്റ ആസ്തികൾക്കുമേലുള്ള പ്രൊപ്രൈറ്ററി(ഓഹരി ഉടമകൾ) ഫണ്ടുകളുടെ ബന്ധമാണ് പ്രൊപ്രൈറ്ററി അനുപാതം. ഇത് ഇങ്ങനെ കണക്കാക്കാം.

പ്രൊപ്രൈറ്ററി അനുപാതം = ഷെയർ ഹോൾഡേഴ്സ് ഫണ്ടുകൾ/മൂലധന നിക്ഷേപം (അറ്റ ആസ്തികൾ)

പ്രാധാന്യം: ആസ്തികൾ വാങ്ങുന്നതിനു ഓഹരിയുടമകളുടെ ഫണ്ട് കൂടുതലായി ഉപയോഗിക്കുന്ന അനുകൂല സവിശേഷത ക്രെഡിറ്റേഴ്സിനു സുരക്ഷിതത്വം നൽകുന്നു. ഈ അനുപാതം അറ്റ ആസ്തിക്കുപകരം മൊത്തം ആസ്തി ഉപയോഗിച്ചും കണക്കാക്കാവുന്നതാണ്.

നിർധാരണം-7 ലെ വിവരങ്ങൾ പ്രകാരം ഇത് ഇങ്ങനെ കണ്ടെത്താം.

15,00,000/20,00,000 = 0.75 : 1

ഡെബ്റ്റ് റ്റു ക്യാപ്പിറ്റൽ എംപ്ലോയ്ഡ് അനുപാതത്തിന്റെയും പ്രൊപ്രൈറ്ററി അനുപാതത്തിന്റെയും ആകെ തുക 1 ആയിരിക്കും. നിർധാരണം-7 ലെ വിവരങ്ങളിൽനിന്ന് കണ്ടെത്തിയ അനുപാതം എടുക്കാം. ഇവിടെ, ഡെബ്റ്റ് റ്റു ക്യാപ്പിറ്റൽ എംപ്ലോയ്ഡ് അനുപാതം 0.25:1 ഉം പ്രൊപ്രൈറ്ററി അനുപാതം 0.75:1 ഉം, ആകെ 0.25 + 0.75 = 1 ഉം ആണ്. ശതമാനത്തിൽ പറഞ്ഞാൽ, മൂലധന നിക്ഷേപത്തിന്റെ 25% വായ്പയും 75% ഉടമസ്ഥരുടെ ഫണ്ടുമാണ്.

### *5.7.4* ടോട്ടൽ അസറ്റ്സ് റ്റു ഡെബ്റ്റ് അനുപാതം (*Total Assets to Debt Ratio)*

ദീർഘകാല വായ്പകളെ മൊത്തം ആസ്തികൾ ഉൾക്കൊള്ളുന്നതിന്റെ അനുപാതമാണിത്. ഇത് ഇങ്ങനെ കണക്കാക്കാം.

ടോട്ടൽ അസറ്റ്സ് റ്റു ഡെബ്റ്റ് അനുപാതം = മൊത്തം ആസ്തികൾ/ദീർഘകാല കടങ്ങൾ

നിർധാരണം-8 ലെ വിവരങ്ങളിൽനിന്ന്, ഈ അനുപാതം ഇങ്ങനെ കണക്കാക്കാം:

14,00,000/1,50,000 = 9.33 : 1

ഉയർന്ന അനുപാതം സൂചിപ്പിക്കുന്നത് ആസ്തികൾ പ്രധാനമായും ഉടമസ്ഥരുടെ ഫണ്ട് ഉപയോഗിച്ചതായും ദീർഘകാല വായ്പകൾ പൂർണമായും ആസ്തികൾ ഉൾക്കൊള്ളുകയും ചെയ്യുന്നു എന്നാണ്.

ഈ അനുപാതം കണക്കാക്കാൻ മൊത്തം ആസ്തികൾക്ക് പകരം അറ്റ ആസ്തികൾ (മൂലധനനിക്ഷേപം) എടുക്കുന്നതാണ് നല്ലത്. അത്തരം സാഹചര്യത്തിൽ, ഈ അനുപാതവും ഡെബ്റ്റ് റ്റു ക്യാപ്പിറ്റൽ എംപ്ലോയ്ഡ് അനുപാതവും പരസ്പര പൂരകങ്ങളായിരിക്കും.

*പ്രാധാന്യം:* ഈ അനുപാതം പ്രധാനമായും ആസ്തികളിലെ ബാഹ്യ ഫണ്ടിങ്ങിന്റെ തോതും, കടങ്ങളെ ആസ്തികൾ ഉൾക്കൊള്ളുന്ന പരിധിയും സൂചിപ്പിക്കുന്നു.

### *നിർധാരണം 9*

തന്നിരിക്കുന്ന വിവരങ്ങളിൽനിന്ന് ഡെബ്റ്റ്-ഇക്വിറ്റി റേഷ്യോ, ടോട്ടൽ അസറ്റ്സ് റ്റു ഡെബ്റ്റ് റേഷ്യോ, പ്രൊപ്രൈറ്ററി റേഷ്യോ, ഡെറ്റ് റ്റു ക്യാപ്പിറ്റൽ എംപ്ലോയ്ഡ് റേഷ്യോ എന്നിവ കണ്ടെത്തുക.

**2017 മാർച്ച് 31ന്റെ ബാക്കിപത്രം**

| *വിശദാംശങ്ങൾ* | നോട്ട് നമ്പർ | തുക (രൂപ) |
|---|---|---|
| **I. ഇക്വിറ്റി ആൻഡ് ലയബിലിറ്റീസ്** | | |
| **1. ഓഹരിയുടമകളുടെ ഫണ്ട്** | | |
| a) ഓഹരി മൂലധനം | | 4,00,000 |
| b) റിസർവ്സ് ആൻഡ് സർപ്ലസ് | | 1,00,000 |
| **2. ദീർഘകാല ബാധ്യതകൾ** | | |
| ദീർഘകാല കടങ്ങൾ | | 1,50,000 |
| **3. ഹ്രസ്വകാല ബാധ്യതകൾ** | | 50,000 |
| | | **7,00,000** |
| **II. അസറ്റ്സ്** | | |
| **1. ദീർഘകാല ആസ്തികൾ** | | |
| a) ഫിക്സഡ് അസറ്റ്സ് | | 4,00,000 |
| b) നോൺ കറന്റ് ഇൻവെസ്റ്റ്മെന്റ്സ് | | 1,00,000 |
| **2. ഹ്രസ്വകാല ആസ്തികൾ** | | 2,00,000 |
| | | **7,00,000** |

**ഉത്തരം :**

i) ഡെബ്റ്റ്-ഇക്വിറ്റി റേഷ്യോ $= \dfrac{\text{ഡെബ്റ്റ്സ്}}{\text{ഇക്വിറ്റി}}$

ഡെബ്റ്റ് = ദീർഘകാല കടങ്ങൾ = 1,50,000 രൂപ

ഇക്വിറ്റി = ഓഹരി മൂലധനം + റിസേർവ്സ് ആൻഡ് സർപ്ലസ്

= 4,00,000 + 1,00,000 = 5,00,000 രൂപ

ഡെബ്റ്റ്–ഇക്വിറ്റി റേഷ്യോ $= \frac{Rs.1,50,000}{Rs.5,00,000} = 0.3 : 1$

ii) ടോട്ടൽ അസറ്റ്സ് റ്റു ഡെബ്റ്റ് റേഷ്യോ $= \frac{\text{മൊത്ത ആസ്തികൾ}}{\text{ദീർഘകാല കടങ്ങൾ}}$

ടോട്ടൽ അസറ്റ്സ് = സ്ഥിരാസ്തികൾ + ദീർഘകാല നിക്ഷേപങ്ങൾ + ഹ്രസ്വകാല ആസ്തികൾ

$= 4,00,000 + 1,00,000 + 2,00,000$

$= 7,00,000$

ദീർഘകാല കടങ്ങൾ = 1,50,000 രൂപ

ടോട്ടൽ അസറ്റ്സ് റ്റു ഡെറ്റ് റേഷ്യോ $= \frac{Rs.7,00,000}{Rs.1,50,000} = 4.67 : 1$

iii) പ്രൊപ്രൈറ്ററി റേഷ്യോ $= \frac{\text{ഷെയർഹോൾഡേഴ്സ് ഫണ്ടുകൾ}}{\text{മൊത്തം ആസ്തികൾ}}$

$= \frac{Rs. 5,00,000}{Rs. 7,00,000} = 0.71 : 1$

iv) ഡെബ്റ്റ് റ്റു ക്യാപ്പിറ്റൽ എംപ്ലോയ്ഡ് റേഷ്യോ $= \frac{\text{ദീർഘകാലവായ്പ}}{\text{മൂലധന നിക്ഷേപം}}$

ഓഹരിയുടമകളുടെ ഫണ്ട് + ദീർഘകാല കടങ്ങൾ

$= 5,00,000 + 1,50,000$

$= 6,50,000$ രൂപ

ഡെബ്റ്റ് റ്റു ക്യാപ്പിറ്റൽ എംപ്ലോയ്ഡ് റേഷ്യോ $= \frac{\text{ദീർഘകാലവായ്പ}}{\text{മൂലധന നിക്ഷേപം}}$

$= \frac{Rs.1,50,000}{Rs.6,50,000} = 0.23 : 1$

***നിർധാരണം 10***

എക്സ് ലിമിറ്റഡിന്റെ ഡെബ്റ്റ് ഇക്വിറ്റി റേഷ്യോ 0.5 : 1 ആണ്. താഴെപ്പറയുന്നവയിൽ ഏതാണ് ഡെബ്റ്റ് ഇക്വിറ്റി അനുപാതം കൂട്ടുകയോ കുറയ്ക്കുകയോ അല്ലെങ്കിൽ മാറ്റം വരുത്താതിരിക്കുകയോ ചെയ്യുന്നത്?

(i) ഇക്വിറ്റി ഓഹരികൾ ഇറക്കുന്നു.

(ii) കടക്കാരനിൽ നിന്നു പണം ലഭിച്ചു.
(iii) രൊക്കം പണത്തിന് സാധനങ്ങളുടെ വിൽപ്പന
(iv) കടപത്രങ്ങളുടെ തീർപ്പാക്കൽ
(v) സാധനങ്ങൾ കടമായി വാങ്ങുന്നു.

***ഉത്തരം :***

അനുപാതത്തിലെ മാറ്റം യഥാർഥ അനുപാതത്തെ ആശ്രയിച്ചിരിക്കുന്നു. ബാഹ്യ ഫണ്ടുകൾ 5,00,000 രൂപയും ആന്തരിക ഫണ്ടുകൾ 10,00,000 രൂപയുമാണെന്ന് നമുക്ക് അനുമാനിക്കാം. ഇനി ഡെബ്റ്റ് ഇക്വിറ്റി അനുപാതത്തിൽ തന്നിരിക്കുന്ന ഇടപാടുകളുടെ സ്വാധീനം നമുക്ക് വിശകലനം ചെയ്യാം.

(i) 1,00,000 രൂപ മൂല്യമുള്ള ഇക്വിറ്റി ഓഹരികൾ ഇറക്കിയതായി അനുമാനിക്കാം. ഇത് ആന്തരിക ഫണ്ട് 11,00,000 രൂപയായി വർധിപ്പിക്കുന്നു. അപ്പോൾ പുതിയ അനുപാതം 0.45 : 1 (5,00,000 / 11,00,000) ആയിരിക്കും. ഇതിൽനിന്ന് അധിക ഇക്വിറ്റി ഓഹരികൾ ഇറക്കുന്നത് ഡെബ്റ്റ് ഇക്വിറ്റി അനുപാതം കുറയ്ക്കുന്നതായി കാണാം.
(ii) കടക്കാരനിൽനിന്ന് ലഭിക്കുന്ന പണം ആഭ്യന്തരവും ബാഹ്യവുമായ ഫണ്ടുകളിൽ മാറ്റമൊന്നും ഉണ്ടാക്കുന്നില്ല. ഇത് നിലവിലെ ആസ്തികളുടെ ഘടനയെ മാത്രം ബാധിക്കുന്നു. അതുകൊണ്ടു തന്നെ, ഡെബ്റ്റ് ഇക്വിറ്റി അനുപാതം മാറ്റമില്ലാതെ തുടരും.
(iii) രൊക്കം പണത്തിന് സാധനങ്ങൾ വിൽക്കുന്നത് കടത്തെയും ഇക്വിറ്റിയെയും ബാധിക്കാത്തതിനാൽ ഇത് അനുപാതത്തിൽ മാറ്റമുണ്ടാക്കുന്നില്ല.
(iv) 1,00,000 രൂപയുടെ കടപ്പത്രങ്ങൾ തീർപ്പാക്കിയെന്ന് അനുമാനിക്കാം. ഇത് ദീർഘകാല കടത്തെ 4,00,000 രൂപയായി കുറയ്ക്കുന്നു. എങ്കിൽ പുതിയ അനുപാതം 0.4 : 1 (4,00,000/1,00,000) ആണ്. കടപ്പത്രങ്ങളുടെ തീർപ്പാക്കൽ ഡെബ്റ്റ് ഇക്വിറ്റി അനുപാതം കുറയ്ക്കുന്നു.
(v) സാധനങ്ങൾ കടത്തിൽ വാങ്ങുന്നത് കടത്തെയും ഇക്വിറ്റിയെയും ബാധിക്കാത്തതിനാൽ ഇത് അനുപാതത്തിൽ മാറ്റമുണ്ടാക്കുന്നില്ല.

### *5.7.5* ഇന്ററെസ്റ്റ് കവറേജ് റേഷ്യോ *(Interest Coverage Ratio)*

വായ്പപ്പലിശ യഥാസമയത്ത് നൽകുന്നതിനുള്ള ശേഷി അളക്കുന്നതിനുള്ള അനുപാതമാണിത്. ദീർഘകാല വായ്പകൾക്ക് നൽകേണ്ടുന്ന പലിശ ഉറപ്പാക്കുന്നതിനുള്ള അളവുകോലാണിത്. പലിശ നൽകാൻ വേണ്ടി ലഭ്യമായ ലാഭവും, നൽകാനുള്ള പലിശയും തമ്മിലുള്ള ബന്ധം ഇത് സൂചിപ്പിക്കുന്നു. ഇത് ഇങ്ങനെ കണക്കുകൂട്ടാം.

$$\text{ഇന്ററെസ്റ്റ് കവറേജ് റേഷ്യോ} = \frac{\text{പലിശയ്ക്കും നികുതിയ്ക്കും മുമ്പുള്ള ലാഭം}}{\text{ദീർഘകാല വായ്പപ്പലിശ}}$$

*പ്രാധാന്യം:* പലിശ നൽകാൻ വേണ്ടി ലഭ്യമായ ലാഭം, ദീർഘകാല വായ്പകളുടെ പലിശ ഉൾക്കൊള്ളുന്ന പരിധി ഇത് വെളിപ്പെടുത്തുന്നു. ഉയർന്ന അനുപാതം വായ്പ പലിശയുടെ പരിരക്ഷ ഉറപ്പാക്കുന്നു.

***നിർധാരണം 11***

തന്നിരിക്കുന്ന വിശദാംശങ്ങളിൽനിന്ന് ഇന്ററെസ്റ്റ് കവറേജ് റേഷ്യോ കണക്കാക്കുക.

നികുതിക്ക് ശേഷമുള്ള അറ്റലാഭം 60,000 രൂപ; 15% ദീർഘലകാലവായ്പ 10,00,000 രൂപ, നികുതി നിരക്ക് 40%.

***ഉത്തരം :***

| | |
|---|---|
| നികുതിക്ക് ശേഷമുള്ള അറ്റലാഭം | = 60,000 രൂപ |
| നികുതി നിരക്ക് | = 40% |
| നികുതിക്ക് മുമ്പുള്ള അറ്റലാഭം | = നികുതിക്ക് ശേഷമുള്ള അറ്റ ലാഭം × 100/(100 – നികുതി നിരക്ക്) |
| | = 60,000 × 100/(100 – 40) |
| | = 1,00,000 രൂപ |
| ദീർഘകാല വായ്പപ്പലിശ | = Rs. 10,00,000× 15% = 1,50,000 രൂപ |
| പലിശയ്ക്കും നികുതിക്കും മുമ്പുള്ള അറ്റലാഭം | = നികുതിക്ക് മുമ്പുള്ള അറ്റ ലാഭം + പലിശ |
| | = 1,00,000 + 1,50,000 |
| | = 2,50,000 രൂപ |
| ഇന്ററെസ്റ്റ് കവറേജ് റേഷ്യോ | = പലിശയ്ക്കും നികുതിക്കും മുമ്പുള്ള ലാഭം/ദീർഘകാല വായ്പ പലിശ |
| | = Rs. 2,50,000/Rs. 1,50,000 |
| | = 1.67 തവണ |

## 5.8 പ്രവർത്തന വിറ്റുവരവ് അനുപാതം (Activity or Turnover Ratio)

ഈ അനുപാതങ്ങൾ, ബിസിനസ്സിലെ പ്രവർത്തനങ്ങളുടെ വേഗതയെ സൂചിപ്പിക്കുന്നു. ഉപയോഗിച്ചിട്ടുള്ള ആസ്തികൾ അല്ലെങ്കിൽ ആസ്തികളുടെ ഏതെങ്കിലുമൊരു ഘടകം ഒരു അക്കൗണ്ടിംഗ് കാലയളവിൽ വിൽപ്പനയായി മാറുന്ന തവണകളുടെ എണ്ണത്തെ പ്രവർത്തന അനുപാതങ്ങൾ സൂചിപ്പിക്കുന്നു. ഉയർന്ന വിറ്റുവരവ് അനുപാതം ആസ്തികളുടെ മികച്ച ഉപയോഗവും, മെച്ചപ്പെട്ട കാര്യക്ഷമതയും, ലാഭക്ഷമതയും സൂചിപ്പിക്കുന്നു, അതുകൊണ്ട് അവ കാര്യക്ഷമത അനുപാതങ്ങൾ (Efficiency Ratios) എന്നും അറിയപ്പെടുന്നു. ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന പ്രധാന പ്രവർത്തന അനുപാതങ്ങൾ ഇനി പറയുന്നു.

1. ഇൻവെന്ററി ടേണോവർ
2. ട്രേഡ് റിസീവബ്ൾ ടേൺ ഓവർ
3. ട്രേഡ് പേയബ്ൾ ടേൺ ഓവർ
4. ഇൻവെസ്റ്റ്മെന്റ് (നെറ്റ് അസറ്റ്സ്) ടേൺ ഓവർ
5. ഫിക്സഡ് അസറ്റ്സ് ടേൺ ഓവർ
6. വർക്കിങ് ക്യാപ്പിറ്റൽ ടേൺ ഓവർ

### *5.8.1* ഇൻവെന്ററി ടേൺ ഓവർ റേഷ്യോ *(Inventory Turnover Ratio)*

ഒരു അക്കൗണ്ടിംഗ് കാലയളവിലെ നീക്കിയിരിപ്പ് ചരക്കുകൾ (ഇൻവെന്ററീസ്) പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനമായി മാറുന്നതിന്റെ എണ്ണത്തെ സൂചിപ്പിക്കുന്ന അനുപാതമാണിത്. പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ ചെലവും, ശരാശരി നീക്കിയിരിപ്പ് ചരക്കുകളും തമ്മിലുള്ള ബന്ധത്തെ ഇത് പ്രകടിപ്പിക്കുന്നു. ഇത് ഇങ്ങനെ കണക്കാക്കാം.

ഇൻവെന്ററി ടേൺ ഓവർ റേഷ്യോ = പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ ചെലവ്/ശരാശരി നീക്കിയിരിപ്പ് ചരക്കുകൾ

ശരാശരി നീക്കിയിരിപ്പ് ചരക്കുകൾ (ഇൻവെന്ററി) എന്നത് വർഷാരംഭ-വർഷാന്ത്യ നീക്കിയിരിപ്പ് ചരക്കുകളുടെ ശരാശരിയെയും, പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ ചെലവ് എന്നത് പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനത്തിൽനിന്ന് മൊത്തം ലാഭം (Gross Profit) കുറച്ചാൽ കിട്ടുന്നതിനെയും സൂചിപ്പിക്കുന്നു.

*പ്രാധാന്യം:* പൂർത്തീകരിച്ച ചരക്കുകളുടെ നീക്കിയിരിപ്പ്, പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനമായി മാറുന്നതിന്റെ ആവൃത്തിയെ ഇത് സൂചിപ്പിക്കുന്നു. ഇത് ദ്രവണതയുടെ അളവ് കൂടിയാണ്. ഒരു വർഷത്തിൽ എത്ര തവണ സാധനങ്ങൾ വാങ്ങുകയോ, കൈമാറപ്പെടുകയോ ചെയ്യുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു. കുറഞ്ഞ വിറ്റുവരവ് ഉണ്ടാകുന്നത് മോശമായ വാങ്ങൽ, കാലഹരണപ്പെട്ട സാധനങ്ങൾ തുടങ്ങിയവ കാരണമാവാം, കൂടാതെ ഇതൊരു അപകടസൂചനയുമാണ്. ഉയർന്ന വിറ്റുവരവ് നല്ലതാണ് എന്നാൽ ഇത് ശ്രദ്ധാപൂർവം വ്യാഖ്യാനിക്കണം; കാരണം ഇൻവെന്ററി വളരെക്കുറഞ്ഞ അളവിൽ വാങ്ങുകയോ അല്ലെങ്കിൽ പണമാക്കി മാറ്റാൻ ചെറിയ ലാഭത്തിൽ പെട്ടെന്ന് വിൽക്കുകയോ ചെയ്യുമ്പോൾ ഉയർന്ന വിറ്റുവരവ് കാണിക്കുന്നു.

**സ്വയം പരിശീലന ചോദ്യങ്ങൾ– II**

(i) താഴെപ്പറയുന്ന അനുപാത ഗ്രൂപ്പുകൾ മുഖ്യമായും അപകടസാധ്യതയെ അളക്കുന്നു:

A. ദ്രവണത, പ്രവർത്തനം, ലാഭക്ഷമത എന്നിവ

B. ദ്രവണത, പ്രവർത്തനം, ഇൻവെന്ററി എന്നിവ

C. ദ്രവണത, പ്രവർത്തനം, കടം എന്നിവ

D. ദ്രവണത, കടം, ലാഭക്ഷമത എന്നിവ

(ii) .......................... അനുപാതം പ്രധാനമായും ആദായത്തെ അളക്കുന്നു.

A. ദ്രവണത

B. പ്രവർത്തനം

C. കടം

D. ലാഭക്ഷമത

(iii) ബിസിനസ് സ്ഥാപനത്തിന്റെ ............................. അളക്കുന്നത് ഹ്രസ്വകാല ബാധ്യതകൾ നിറവേറ്റാനുള്ള അതിന്റെ കഴിവിനെയാണ്.

A. പ്രവർത്തനം

B. ദ്രവണത

C. കടം

D. ലാഭക്ഷമത

(iv) വിവിധ ആസ്തികൾ പ്രവർത്തനങ്ങളിൽനിന്നുള്ള വരുമാനമായോ പണമായോ പരിവർത്തനം ചെയ്യുന്ന വേഗതയുടെ അളവാണ് ........................ അനുപാതം.

A. പ്രവർത്തനം

B. ദ്രവണത

C. കടം

D. ലാഭക്ഷമത

(v) ദ്രവണതയുടെ രണ്ട് അടിസ്ഥാന അളവുകൾ ഇവയാണ്:

A. ഇൻവെന്ററി ടേൺ ഓവർ, കറന്റ് റേഷ്യോ

B. കറന്റ് റേഷ്യോ, ലിക്വിഡ് റേഷ്യോ

C. ഗ്രോസ് പ്രോഫിറ്റ് മാർജിൻ, ഓപ്പറേറ്റിങ് റേഷ്യോ

D. കറന്റ് റേഷ്യോ, ശരാശരി ശേഖരണ കാലയളവ്

(vi) ................. എന്നത് ദ്രവണതയുടെ ഒരു അളവുകോലാണ്. അത് കുറഞ്ഞ ദ്രവണതയുള്ള ............നെ ഒഴിവാക്കുന്നു.

A. കറന്റ് റേഷ്യോ, ട്രേഡ് റിസീവബ്ൾ

B. ലിക്വിഡ് റേഷ്യോ, ട്രേഡ് റിസീവബ്ൾ

C. കറന്റ് റേഷ്യോ, ഇൻവെന്ററി

D. ലിക്വിഡ് റേഷ്യോ, ഇൻവെന്ററി

### നിർധാരണം 12

താഴെക്കാണുന്ന വിവരങ്ങളിൽ നിന്ന്, ഇൻവെന്ററി ടേൺ ഓവർ റേഷ്യോ കണക്കുകൂട്ടുക.

| | | cq |
|---|---|---|
| h Àj  ncw  C³ sh â dn | = | 18,000 |
| വർഷാന്ത്യ ഇൻവെന്ററി | = | 22,000 |
| നെറ്റ് പർച്ചെയ്സസ് | = | 46,000 |
| വേജസ് | = | 14,000 |
| റവന്യൂ ഫ്രം ഓപ്പറേഷൻസ് | = | 80,000 |
| കാരിയേജ് ഇൻവേർഡ്സ് | = | 4,000 |

**ഉത്തരം:**

$$\text{ഇൻവെന്ററി ടേൺ ഓവർ റേഷ്യോ} = \frac{\text{കോസ്റ്റ് ഓഫ് റെവന്യൂ ഫ്രം ഓപ്പറേഷൻസ്}}{\text{ശരാശരി ഇൻവെന്ററി}}$$

പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനച്ചെലവ് = വർഷാരംഭ ഇൻവെന്ററി + നെറ്റ് പർച്ചെയ്സസ് + വേജസ് + കാരിയേജ് ഇൻവേർഡ്സ്– വർഷാന്ത്യ ഇൻവെന്ററി

$= 18{,}000 + 46{,}000 + 14{,}000 + 4{,}000 - 22{,}000$

$= 60{,}000$

$$\text{ശരാശരി ഇൻവെന്ററി} = \frac{\text{വർഷാരംഭ ഇൻവെന്ററി} + \text{വർഷാന്ത്യ ഇൻവെന്ററി}}{2}$$

$$= \frac{18{,}000 - 22{,}000}{2} = 20{,}000 \text{ രൂപ}$$

$$\therefore \text{ഇൻവെന്ററി ടേൺ ഓവർ റേഷ്യോ} = \frac{60{,}000}{20{,}000} = 3 \text{ തവണ}$$

### നിർധാരണം 13

താഴെക്കാണുന്ന വിവരങ്ങളിൽ നിന്ന്, ഇൻവെന്ററി ടേൺ ഓവർ റേഷ്യോ കണക്കുകൂട്ടുക.

| | | രൂപ |
|---|---|---|
| റവന്യൂ ഫ്രം ഓപ്പറേഷൻസ് | = | 4,00,000 |
| ശരാശരി ഇൻവെന്ററി | = | 55,000 |
| ഗ്രോസ് പ്രോഫിറ്റ് റേഷ്യോ | = | 10% |

***ഉത്തരം:***

റവന്യൂ ഫ്രം ഓപ്പറേഷൻസ് = 4,00,000

ഗ്രോസ് പ്രോഫിറ്റ് = 4,00,000 x 10% = 40,000

കോസ്ററ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ് = റവന്യൂ ഫ്രം ഓപ്പറേഷൻസ്-ഗ്രോസ് പ്രോഫിറ്റ്

= 4,00,000 –40,000 = 3,60,000

$$\text{ഇൻവെന്ററി ടേൺ ഓവർ റേഷ്യോ} = \frac{\text{കോസ്റ്റ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ്}}{\text{ശരാശരി ഇൻവെന്ററി}}$$

$$= \frac{3,60,000}{55,000} = 6.55 \text{ times}$$

***നിർധാരണം 14***

ഒരു കച്ചവടക്കാരന്റെ ശരാശരി ഇൻവെന്ററി 40,000 രൂപയാണ്. അയാളുടെ ഇൻവെന്ററി ടേൺ ഓവർ റേഷ്യോ 8 തവണയാണ്. പ്രവർത്തനത്തിൽ നിന്നുള്ള വരുമാനത്തിന്റെ 20% ലാഭത്തിലാണ് സാധനങ്ങൾ വിൽക്കുന്നതെങ്കിൽ മൊത്തം ലാഭം കണ്ടെത്തുക.

***ഉത്തരം:***

$$\text{ഇൻവെന്ററി ടേൺ ഓവർ റേഷ്യോ} = \frac{\text{കോസ്റ്റ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ്}}{\text{ശരാശരി ഇൻവെന്ററി}}$$

$$8 = \frac{\text{കോസ്റ്റ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ്}}{\text{40,000 രൂപ}}$$

∴ കോസ്ററ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ് $= 8 \times 40,000$

$= 3,20,000$

റവന്യൂ ഫ്രം ഓപ്പറേഷൻസ് = കോസ്ററ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ് $\times \frac{100}{80}$

$= 3,20,000 \times \frac{100}{80} = 4,00,000$

ഗ്രോസ് പ്രോഫിറ്റ് = റവന്യൂ ഫ്രം ഓപ്പറേഷൻസ് -കോസ്ററ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ്

$= 4,00,000 – 3,20,000 = 80,000$

**സ്വയം ചെയ്യുക**

1. ഗ്രോസ് പ്രോഫിറ്റ് തുക കണ്ടുപിടിക്കുക.

| | | |
|---|---|---|
| ശരാശരി ഇൻവെന്ററി | = | 80,000 രൂപ |
| ഇൻവെന്ററി ടേണോവർ റേഷ്യോ | = | 6 തവണ |
| വിൽപ്പന വില | = | കോസ്റ്റിനുമുകളിൽ 25% |

2. ഇൻവെന്ററി ടേണോവർ റേഷ്യോ കണ്ടുപിടിക്കുക

| | | |
|---|---|---|
| റവന്യൂ ഫ്രം ഓപ്പറേഷൻസ് | = | 2,00,000 രൂപ |
| ഗ്രോസ് പ്രോഫിറ്റ് | = | കോസ്റ്റ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ് മുകളിൽ 20% |
| വർഷാരംഭ ഇൻവെന്ററി | = | 38,500 രൂപ |
| വർഷാന്ത്യ ഇൻവെന്ററി | = | 41,500 രൂപ |

### 5.8.2 ട്രേഡ് റിസീവബ്ൾ ടേൺ ഓവർ റേഷ്യോ *(Trade Receivables Turnover Ratio)*

പ്രവർത്തനങ്ങളിൽ നിന്നുള്ള കടവരുമാനവും, കടക്കാരിൽനിന്ന് കിട്ടാനുള്ള പണവും (ട്രേഡ് റിസീവബ്ൾ) തമ്മിലുള്ള ബന്ധം ഇത് സൂചിപ്പിക്കുന്നു. ഇത് ഇങ്ങനെ കണക്കാക്കാം

ട്രേഡ് റിസീവബ്ൾ ടേൺ ഓവർ റേഷ്യോ = നെറ്റ് ക്രെഡിറ്റ് റവന്യൂ ഫ്രം ഓപ്പറേഷൻസ്/ആവറേജ് ട്രേഡ് റിസീവബ്ൾ

ഇവിടെ; ആവറേജ് ട്രേഡ് റിസീവബ്ൾ = (ഓപ്പണിങ് ഡെബ്റ്റേഴ്സ് & ബിൽസ് റിസീവബിൾസ്+ക്ലോസിങ് ഡെബ്റ്റേഴ്സ് & ബിൽസ് റിസീവബ്ൾസ്)/2

സംശയാസ്പദമായ കടത്തിന്റെ നീക്കിയിരിപ്പ് നടത്തുന്നതിന് മുമ്പുള്ള ഡെബ്റ്റേർസ് ആണ് ഇവിടെ പരിഗണിക്കേണ്ടത്.

*പ്രാധാന്യം:* സ്ഥാപനത്തിന്റെ ദ്രവണത ട്രേഡ് റിസീവബ്ൾസ് പിരിച്ചെടുക്കുന്ന വേഗതയെ ആശ്രയിച്ചിരിക്കുന്നു. ഒരു അക്കൗണ്ടിംഗ് കാലയളവിൽ കിട്ടാനുള്ള തുക പണമാക്കി മാറ്റുന്നതിന്റെ എണ്ണത്തെ ഈ അനുപാതം സൂചിപ്പിക്കുന്നു. ഉയർന്ന വിറ്റുവരവ് (ടേൺ ഓവർ) കിട്ടാനുള്ള തുകയുടെ വേഗത്തിലുള്ള വസൂലാക്കൽ അർഥമാക്കുന്നു. ഈ അനുപാതം ശരാശരി ശേഖരണ കാലയളവ് (Average Collection Period) കണക്കാക്കാനും സഹായിക്കുന്നു. ഒരു വർഷത്തിലെ ദിവസങ്ങൾ അല്ലെങ്കിൽ മാസങ്ങൾ ഈ അനുപാതം കൊണ്ട് ഹരിച്ചാൽ അത് കണക്കാക്കാം.

അതായത് ; $\frac{\text{ദിവസങ്ങൾ അല്ലെങ്കിൽ മാസങ്ങളുടെ എണ്ണം}}{\text{ട്രേഡ് പേയബിൾ ടേൺ ഓവർ റേഷ്യോ}}$

***നിർധാരണം 15***

താഴെക്കാണുന്ന വിവരങ്ങളിൽ നിന്ന്, ട്രേഡ് റിസീവബ്ൾ ടേണോവർ റേഷ്യോ കണക്കുകൂട്ടുക.

| | | രൂപ |
|---|---|---|
| ടോട്ടൽ റവന്യു ഫ്രം ഓപ്പറേഷൻസ് | : | 4,00,000 |
| ക്യാഷ് റവന്യു ഫ്രം ഓപ്പറേഷൻസ് | : | ടോട്ടൽ റവന്യു ഫ്രം ഓപ്പറേഷൻ |
| | : | സിന്റെ 20% |
| ട്രേഡ് റിസീവബ്ൾ 1.4.2016 | : | 40,000 |
| ട്രേഡ് റിസീവബ്ൾ 31.3.2017 | : | 1,20,000 |

***ഉത്തരം:***

ട്രേഡ് റിസീവബ്ൾ ടേൺഓവർ റേഷ്യോ = $\frac{\text{നെറ്റ് ക്രെഡിറ്റ് പർച്ചെയ്സസ്}}{\text{ആവറേജ് ട്രേഡ് പേയബ്ൾ}}$

ക്രെഡിറ്റ് റവന്യു ഫ്രം ഓപ്പറേഷൻസ് = ടോട്ടൽ റവന്യു ഫ്രം ഓപ്പറേഷൻസ്– ക്യാഷ് റവന്യു ഫ്രം ഓപ്പറേഷൻസ്

ക്യാഷ് റവന്യു ഫ്രം ഓപ്പറേഷൻസ് = $4,00,000 \times 20\%$

$$= 4,00,000 \times \frac{20}{100} = 80,000$$

ക്രെഡിറ്റ് റവന്യു ഫ്രം ഓപ്പറേഷൻസ് = $4,00,000 - 80,000 = 3,20,000$

ആവറേജ് ട്രേഡ് റിസീവബ്ൾ = $\frac{\text{ഓപ്പണിങ് ട്രേഡ് റിസീവബ്ൾ + ക്ലോസിങ് ട്രേഡ് റിസീവബ്ൾ}}{2}$

$$= \frac{40,000 + 1,20,000}{2} = 80,000$$

ട്രേഡ് റിസീവബ്ൾ ടേൺ ഓവർ റേഷ്യോ = $\frac{\text{നെറ്റ് ക്രെഡിറ്റ് റവന്യു ഫ്രം ഓപ്പറേഷൻസ്}}{\text{ആവറേജ് റിസീവബ്ൾ}}$

ട്രേഡ് റിസീവബ്ൾ ടേൺ ഓവർ റേഷ്യോ = $\frac{3,20,000}{80,000}$ = 4 തവണ

### *5.8.3* ട്രേഡ് പേയബ്ൾ ടേൺ ഓവർ റേഷ്യോ *(Trade Payable Turnover Ratio)*

ട്രേഡ് പേയബ്ൾ ടേൺ ഓവർ റേഷ്യോ എന്നത് വ്യാപാര ബാധ്യതകൾ അടച്ചുതീർക്കുന്ന വേഗതയെ സൂചിപ്പിക്കുന്നു. സാധനങ്ങൾ കടത്തിൽ വാങ്ങുമ്പോഴാണ് ട്രേഡ് പേയബ്ൾ ഉണ്ടാകുന്നത്. അതുകൊണ്ട്, ഈ അനുപാതം കടത്തിലുള്ള വാങ്ങൽ, ട്രേഡ് പേയബ്ൾ എന്നിവ തമ്മിലുള്ള ബന്ധം പ്രകടിപ്പിക്കുന്നു. ഇത് ഇങ്ങനെ കണക്കുകൂട്ടുന്നു.

$$\text{ട്രേഡ് പേയബ്ൾ ടേൺ ഓവർ റേഷ്യോ} = \frac{\text{നെറ്റ് ക്രെഡിറ്റ് പർച്ചെയ്സസ്}}{\text{ആവറേജ് ട്രേഡ് പേയബിൾ}}$$

ഇവിടെ; ആവറേജ് ട്രേഡ് പേയബ്ൾ = (ഓപ്പണിങ് ക്രെഡിറ്റേഴ്സ് & ബിൽസ് പേയബിൾസ്+ക്ലോസിങ് ക്രെഡിറ്റേഴ്സ് & ബിൽസ് പേയബിൾസ്)/2

$$\text{ശരാശരി അടവ് (പേയ്മെന്റ്) കാലയളവ്} = \frac{\text{ദിവസങ്ങൾ അല്ലെങ്കിൽ മാസങ്ങളുടെ എണ്ണം}}{\text{ട്രേഡ് പേയബിൾ ടേൺ ഓവർ റേഷ്യോ}}$$

*പ്രാധാന്യം:* ഇത് ശരാശരി തിരിച്ചടവ് (പേയ്മെന്റ്) കാലയളവ് കാണിക്കുന്നു. കുറഞ്ഞ അനുപാതം, വിതരണക്കാരൻ അനുവദിച്ച കടത്തിന്റെ വൈകിയുള്ള തിരിച്ചടവ്, വ്യാപാരിയുടെ പ്രശസ്തിയെ ബാധിക്കും എന്നതിനാൽ ഒരു നല്ല സൂചനയല്ല. ഈ അനുപാതം ശരാശരി തിരിച്ചടവ് കാലയളവ് കണക്കാക്കാനും സഹായിക്കുന്നു. ഒരു വർഷത്തിലെ ദിവസങ്ങൾ അല്ലെങ്കിൽ മാസങ്ങൾ കൊണ്ട് ഈ അനുപാതത്തെ ഹരിച്ചാൽ അത് കണക്കാക്കാം.

***നിർധാരണം 16***

താഴെക്കാണുന്ന വിവരങ്ങളിൽ നിന്ന് ട്രേഡ് പേയബിൾ ടേൺ ഓവർ റേഷ്യോ കണക്കുകൂട്ടുക.

| | | രൂപ |
|---|---|---|
| 2016-17 ലെ ക്രെഡിറ്റ് പർച്ചെയ്സസ് | = | 12,00,000 |
| ക്രെഡിറ്റേഴ്സ് 1.4.2016 | = | 3,00,000 |
| ബിൽസ് പേയബിൾസ് 1.4.2016 | = | 1,00,000 |
| ക്രെഡിറ്റേഴ്സ് 31.3.2017 | = | 1,30,000 |
| ബിൽസ് പേയബിൾസ് 31.3.2017 | = | 70,000 |

***ഉത്തരം:***

$$\text{ട്രേഡ് പേയബിൾ ടേൺ ഓവർ റേഷ്യോ} = \frac{\text{നെറ്റ് ക്രെഡിറ്റ് പർച്ചെയ്സസ്}}{\text{ആവേറേജ് ട്രേഡ് പേയബിൾ}}$$

ആവറേജ് ട്രേഡ് പേയബ്ൾ = $\dfrac{\text{ഓപ്പണിങ് ക്രെഡിറ്റേഴ്സ് + ബിൽസ് പേയബിൾസ് + ക്ലോസിങ് ക്രെഡിറ്റേഴ്സ് + ബിൽസ് പേയബിൾസ്}}{2}$

$$= \frac{3.00,000 \quad 1.00,000 \quad 1,30.000 \; 70,000}{2}$$

$$= 3,00,000$$

∴ ട്രേഡ് പേയബ്ൾ ടേൺ ഓവർ റേഷ്യോ = $\dfrac{12,00,000}{3,00.000}$ = 4 തവണ

***നിർധാരണം 17***

ഇനിപ്പറയുന്ന വിവരങ്ങളിൽനിന്ന് ഇവ കണക്കുകൂട്ടുക.

(i) ട്രേഡ് റിസീവബിൾ ടേൺ ഓവർ റേഷ്യോ തന്നിരിക്കുന്നത്:

(ii) ആവറേജ് കളക്ഷൻ പീരീഡ്

(iii) ട്രേഡ് പേയബിൾ ടേൺ ഓവർ റേഷ്യോ

(iv) ആവറേജ് പേയ്മെന്റ് പീരീഡ്

വിവരങ്ങൾ:

| | രൂപ |
|---|---:|
| റവന്യൂ ഫ്രം ഓപ്പറേഷൻസ് | 8,75,000 |
| ക്രെഡിറ്റേഴ്സ് | 90,000 |
| ബിൽസ് റിസീവബിൾസ് | 48,000 |
| ബിൽസ് പേയബിൾസ് | 52,000 |
| പർച്ചെയ്സസ് | 4,20,000 |
| ടോട്ടൽ ഡെബ്റ്റേഴ്സ് | 59,000 |

***ഉത്തരം:***

(i) ട്രേഡ് റിസീവബിൾ ടേൺ ഓവർ റേഷ്യോ

$$= \frac{\text{നെറ്റ് ക്രെഡിറ്റ് റവന്യൂ ഫ്രം ഓപ്പറേഷൻസ്}}{\text{ആവറേജ് ട്രേഡ് റിസീവബിൾ}}$$

$$= \frac{8,75,000}{(59,000-48,000)^{*}}$$

= 8.18 തവണ

* ഇവിടെ ആവറേജ് ട്രേഡ് റിസീവബിൾ കണ്ടുപിടിക്കുന്നതിന് രണ്ടു കൊണ്ടുള്ള ഹരണം ആവശ്യമില്ല. ചോദ്യത്തിൽ വർഷാരംഭ തുകകൾ ലഭ്യമല്ല. നൽകിയിരിക്കുന്നത് വർഷാവസാന നീക്കിയിരിപ്പുതുകകളായി പരിഗണിച്ച് അവ മാത്രം കണക്കിലെടുക്കുന്നു.

(ii) ആവറേജ് കളക്ഷൻ പീരീഡ് $= \dfrac{365}{\text{ട്രേഡ് റിസീവബിൾ ടേൺ ഓവർ റേഷ്യോ}}$

$= \dfrac{365}{8.18}$

$=$ 45 ദിവസങ്ങൾ

(iii) ട്രേഡ് പേയബ്ൾ ടേൺ ഓവർ റേഷ്യോ

$= \dfrac{\text{നെറ്റ് ക്രെഡിറ്റ് പർച്ചെയ്സസ്}}{\text{ആവറേജ് ട്രേഡ് പേയബിൾ}}$

$= \dfrac{\text{പർച്ചെയ്സസ്}}{\text{ക്രെഡിറ്റേഴ്സ് + ബിൽസ് പേയബിൾ}}$

* ക്രെഡിറ്റ് പർച്ചെയ്സസ് തുക പ്രത്യേകമായി നൽകിയിട്ടില്ലാത്തതിനാൽ ആകെ പർച്ചേയ്സസിന്റെ തുക പരിഗണിച്ചിരിക്കുന്നു.

$= \dfrac{4{,}20{,}000^*}{90{,}000 + 52{,}000}$

$= \dfrac{4{,}20{,}000}{1{,}42{,}000}$

$= 2.96$ തവണ

(iv) ആവറേജ് പേയ്മെന്റ് പീരീഡ് $= \dfrac{365}{\text{ട്രേഡ് റിസീവബിൾ ടേൺ ഓവർ റേഷ്യോ}}$

$= \dfrac{365}{2.96}$

$=$ 123 ദിവസങ്ങൾ

## *5.8.4* നെറ്റ് അസറ്റ്സ് അല്ലെങ്കിൽ ക്യാപ്പിറ്റൽ എംപ്ലോയ്ഡ് ടേൺ ഓവർ റേഷ്യോ (*Net Assets or Capital Employed Turnover Ratio*)

പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനവും അറ്റ ആസ്തികളും (മൂലധന നിക്ഷേപം) തമ്മിലുള്ള ബന്ധം ഇത് പ്രതിഫലിപ്പിക്കുന്നു. ഉയർന്ന അനുപാതം നല്ല പ്രവർത്തനത്തെയും ലാഭക്ഷമതയെയും സൂചിപ്പിക്കുന്നു. അത് ഇങ്ങനെ കണക്കുകൂട്ടുന്നു.

നെറ്റ് അസറ്റ്സ് അല്ലെങ്കിൽ ക്യാപ്പിറ്റൽ എംപ്ലോയ്ഡ് ടേൺ ഓവർ റേഷ്യോ

$$= \frac{\text{റവന്യൂ ഫ്രം ഓപ്പറേഷൻസ്}}{\text{ക്യാപ്പിറ്റൽ എംപ്ലോയ്ഡ്}}$$

മൂലധന നിക്ഷേപത്തിലെ (അഥവാ നെറ്റ് അസറ്റ്സ്) വരുമാനത്തെക്കുറിച്ച് പഠിക്കുന്ന ക്യാപ്പിറ്റൽ എംപ്ലോയ്ഡ് ടേൺ ഓവർ അനുപാതം താഴെ പറയുന്ന 2 അനുപാതങ്ങൾ ഉപയോഗിച്ച് വിശകലനം ചെയ്യുന്നു.

*(a)* ഫിക്സഡ് അസറ്റ്സ് ടേൺ ഓവർ റേഷ്യോ : ഇത് ഇങ്ങനെ കണക്കാക്കാം.
ഫിക്സഡ് അസറ്റ്സ് ടേൺ ഓവർ റേഷ്യോ

$$= \frac{\text{നെറ്റ് റവന്യൂ ഫ്രം ഓപ്പറേഷൻസ്}}{\text{നെറ്റ് ഫിക്സഡ് അസറ്റ്സ്}}$$

*(b)* വർക്കിംഗ് ക്യാപ്പിറ്റൽ ടേൺ ഓവർ റേഷ്യോ : ഇത് ഇങ്ങനെ കണക്കാക്കാം.
വർക്കിംഗ് ക്യാപ്പിറ്റൽ ടേൺ ഓവർ റേഷ്യോ

$$= \frac{\text{നെറ്റ് റവന്യൂ ഫ്രം ഓപ്പറേഷൻസ്}}{\text{വർക്കിംഗ് ക്യാപ്പിറ്റൽ}}$$

*പ്രാധാന്യം:* ഉയർന്ന മൂലധന നിക്ഷേപവരുമാനം, പ്രവർത്തനമൂലധനം, സ്ഥിര ആസ്തികൾ എന്നിവ നല്ലൊരു സൂചനയാണ്. വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗത്തെയും ഇത് സൂചിപ്പിക്കുന്നു. മൂലധന നിക്ഷേപത്തിന്റെ ഉപയോഗം അല്ലെങ്കിൽ അതിലെ ഘടകങ്ങൾ എന്നിവ ഈ അനുപാതത്തിലൂടെ വെളിപ്പെടുത്തുന്നു. ഉയർന്ന അനുപാതം കാര്യക്ഷമമായ ഉപയോഗത്തെയും ബിസിനസ്സിന്റെ ലാഭക്ഷമതയെയും പ്രതിഫലിപ്പിക്കുന്നു.

***നിർധാരണം 18***

നൽകിയിരിക്കുന്ന വിവരങ്ങളിൽനിന്ന് ഇവ കണക്കുകൂട്ടുക. (i) നെറ്റ് അസറ്റ്സ് ടേൺ ഓവർ (ii) ഫിക്സഡ് അസറ്റ്സ് ടേൺ ഓവർ (iii) വർക്കിംഗ് ക്യാപ്പിറ്റൽ ടേൺ ഓവർ റേഷ്യോസ്

| | *തുക (രൂപ)* | | *തുക (രൂപ)* |
|---|---|---|---|
| പ്രിഫെറെൻസ് ഷെയർ ക്യാപ്പിറ്റൽ | 4,00,000 | പ്ലാന്റ് ആന്റ് മെഷനറി | 8,00,000 |
| ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ | 6,00,000 | ലാൻഡ് & ബിൽഡിങ്സ് | 5,00,000 |
| ജനറൽ റിസർവ് | 1,00,000 | മോട്ടോർ കാർ | 2,00,000 |
| ലാഭനഷ്ട പട്ടികയിലെ ബാലൻസ് | 3,00,000 | ഫർണിച്ചർ | 1,00,000 |
| 15% ഡിബഞ്ചേഴ്സ് | 2,00,000 | ഇൻവെന്ററി | 1,80,000 |

| | | | |
|---|---|---|---|
| 14% ലോൺ | 2,00,000 | ഡെബ്റ്റേഴ്സ് | 1,10,000 |
| ക്രെഡിറ്റേഴ്സ് | 1,40,000 | ബാങ്ക് | 80,000 |
| ബിൽസ് പേയബിൾസ് | 50,000 | ക്യാഷ് | 30,000 |
| ഔട്ട്സ്റ്റാന്റിങ് എക്സ്പെൻസസ് | 10,000 | | |

2016-17 ലെ റവന്യൂ ഫ്രം ഓപ്പറേഷൻസ് 30,00,000 രൂപ

***ഉത്തരം:***

റവന്യൂ ഫ്രം ഓപ്പറേഷൻസ് = 30,00,000 രൂപ

ക്യാപ്പിറ്റൽ എംപ്ലോയ്ഡ് = ഷെയർ ക്യാപ്പിറ്റൽ + റിസർവ്സ് ആൻഡ് സർപ്ലസ് + ലോങ് ടേം ഡെബ്റ്റ്സ് (അഥവാ നെറ്റ് അസറ്റ്സ്)
= (4,00,000 + 6,00,000) + (1,00,000 +3,00,000) + (2,00,000 +2,00,000)
= 18,00,000

ഫിക്സഡ് അസറ്റ്സ് = 8,00,000 + 5,00,000 +2,00,000 + 1,00,000 = 16,00,000

വർക്കിംഗ് ക്യാപ്പിറ്റൽ = ഹ്രസ്വകാല ആസ്തികൾ–ഹ്രസ്വകാല ബാധ്യതകൾ
= 4,00,000 – 2,00,000 = 2,00,000 രൂപ

നെറ്റ് അസറ്റ്സ് ടേൺ ഓവർ റേഷ്യോ = 30,00,000/18,00,000 = 1.67 തവണ

ഫിക്സഡ് അസറ്റ്സ് ടേൺ ഓവർ റേഷ്യോ = 30,00,000/16,00,000
= 1.88 തവണ

വർക്കിംഗ് ക്യാപ്പിറ്റൽ ടേൺ ഓവർ റേഷ്യോ = 30,00,000/2,00,000
= 15 തവണ

**സ്വയം പരിശീലന ചോദ്യങ്ങൾ – III**

(i) വായ്പ്പയെയും പിരിച്ചെടുക്കൽ നയങ്ങളെയും വിലയിരുത്തുന്നതിന് ............... ഉപയോഗപ്രദമാണ്.

A. ആവറേജ് പേയ്മെന്റ് പീരീഡ്
B. കറന്റ് റേഷ്യോ
C. ആവറേജ് കളക്ഷൻ പീരീഡ്
D. കറന്റ് അസറ്റ് ടേൺ ഓവർ

(ii) ഒരു സ്ഥാപനത്തിലെ നീക്കിയിരിപ്പ് സാധനങ്ങളുടെ പ്രവർത്തന മികവ് അളക്കുന്നത് ............................ ആണ്.

A. ആവറേജ് കളക്ഷൻ പീരിഡ്

B. ഇൻവെന്ററി ടേൺ ഓവർ

C. ലിക്വിഡ് റേഷ്യോ

D. കറന്റ് റേഷ്യോ

(iii) ഒരു കമ്പനിക്ക് നീക്കിയിരിപ്പ് ചരക്കുകളുടെ അഭാവവും നഷ്ടപ്പെട്ട വിൽപ്പനയും ഉണ്ടെന്ന് സൂചിപ്പിക്കുന്നത് ........................... ആണ്.

A. ആവറേജ് പേയ്മെന്റ് പീരീഡ്

B. ഇൻവെന്ററി ടേൺ ഓവർ റേഷ്യോ

C. ആവറേജ് കളക്ഷൻ പീരീഡ്

D. ക്വിക്ക് റേഷ്യോ

(iv) 'എബിസി' കമ്പനി വായ്പ്പക്കാലാവധി 45 ദിവസത്തേക്ക് ഉപഭോക്താക്കൾക്ക് നീട്ടി നൽകുന്നു. ശരാശരി ശേഖരണ കാലയളവ് ............. ആണെങ്കിൽ അതിന്റെ വായ്പ്പാത്തുക പിരിച്ചെടുക്കൽ ശേഷി മോശമായി കണക്കാക്കപ്പെടും.

A. 30 ദിവസങ്ങൾ

B. 36 ദിവസങ്ങൾ

C. 47 ദിവസങ്ങൾ

D. 37 ദിവസങ്ങൾ

(v) സ്ഥാപനത്തിന്റെ ബില്ലുകൾ അടച്ചുതീർക്കാനുള്ള രീതികളെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നതിനാൽ .................... എന്നത് ശരാശരി പണമടയ്ക്കൽ കാലയളവിൽ പ്രത്യേകിച്ചും താൽപ്പര്യമുള്ളവരാണ്.

A. ഉപഭോക്താക്കൾ

B. ഓഹരിയുടമകൾ

C. പണമിടപാടുകാരും വിതരണക്കാരും

D. ക്രെഡിറ്റേഴ്സും വാങ്ങുന്നവരും

(vi) കമ്പനിയുടെ ദീർഘകാല പ്രവർത്തനത്തിന് സുപ്രധാനമായ വിവരങ്ങൾ .................. അനുപാതങ്ങൾ നൽകുന്നു.

A. ലിക്വിഡിറ്റി

B. ആക്ടിവിറ്റി

C. സോൾവെൻസി

D. പ്രോഫിറ്റബിലിറ്റി

## 5.9 ലാഭക്ഷമത അനുപാതങ്ങൾ (Profitability Ratios)

ഒരു ബിസിനസ്സിന്റെ ലാഭക്ഷമത അല്ലെങ്കിൽ സാമ്പത്തിക പ്രവർത്തനശേഷി പ്രധാനമായും ലാഭനഷ്ട പത്രികയിൽ സംഗ്രഹിച്ചിരിക്കുന്നു. വിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ ബിസിനസ് കൈവരിച്ച സമ്പാദനശേഷി വിശകലനം ചെയ്യുന്നതിനാണ് ലാഭക്ഷമത അനുപാതങ്ങൾ കണക്കുകൂട്ടുന്നത്. ലാഭവും, കാര്യക്ഷമമായി ബിസിനസ്സിൽ വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതും തമ്മിൽ നല്ല ബന്ധമുണ്ട്. ബിസിനസ്സിന്റെ ലാഭക്ഷമത വിശ കലനം ചെയ്യുന്നതിന് ഉപയോഗിക്കുന്ന വിവിധ അനുപാതങ്ങളാണ് ചുവടെ:

1. മൊത്തലാഭ അനുപാതം (Gross profit ratio)
2. പ്രവർത്തന അനുപാതം (Operating ratio)
3. പ്രവർത്തന ലാഭ അനുപാതം (Operating profit ratio)
4. അറ്റലാഭ അനുപാതം (Net profit ratio)
5. നിക്ഷേപ ആദായ അനുപാതം അല്ലെങ്കിൽ മൂലധന നിക്ഷേപ ആദായ അനുപാതം [Return on Investment (ROI) or Return on Capital Employed (ROCE)]
6. അറ്റമൂല്യ ആദായ അനുപാതം [Return on Net Worth (RONW)]
7. പ്രതി ഓഹരി ആദായം (Earnings per share)
8. പ്രതി ഓഹരി പുസ്തക മൂല്യം (Book value per share)
9. ലാഭവിഹിത വിതരണ അനുപാതം (Dividend payout ratio)
10. ഓഹരി വില ആദായ അനുപാതം (Price earning ratio.)

### *5.9.1* മൊത്തലാഭ അനുപാതം (*Gross Profit Ratio*)

മൊത്തലാഭ അനുപാതം പ്രവർത്തനത്തിൽ നിന്നുള്ള വരുമാനത്തിന്റെ ശതമാനമായി കണക്കാക്കപ്പെടുന്നു. അത് ഇങ്ങനെ കണ്ടെത്താം:

$$\text{ഗ്രോസ് പ്രോഫിറ്റ് റേഷ്യോ} = \frac{\text{ഗ്രോസ് പ്രോഫിറ്റ്}}{\text{റവന്യൂ ഫ്രം ഓപ്പറേഷൻസ്}} \times 100$$

*പ്രാധാന്യം:* വിറ്റഴിക്കപ്പെട്ട ഉൽപ്പന്നങ്ങളിലെ മൊത്തലാഭത്തെ ഇത് സൂചിപ്പിക്കുന്നു. പ്രവർത്തനച്ചെലവുകൾ പ്രവർത്തനേതര ചെലവുകൾ മുതലായവ ഉൾക്കൊള്ളുന്ന ലാഭത്തെയും ഇത് സൂചിപ്പിക്കുന്നു. വിൽപ്പന വിലയിലോ അല്ലെങ്കിൽ പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ ചെലവിലോ അല്ലെങ്കിൽ ഇവ രണ്ടിലുമോ ഉണ്ടാകുന്ന മാറ്റ ങ്ങളുടെ ഫലമായി മൊത്തലാഭ അനുപാതത്തിലും മാറ്റം വരുന്നു. ഒരു കുറഞ്ഞ മൊത്തം ലാഭ അനുപാതം സൂചിപ്പിക്കുന്നത് അനുകൂലമല്ലാത്ത വാങ്ങൽവിൽപ്പന നയമാണ്. ഉയർന്ന മൊത്തലാഭ അനുപാതം എല്ലായ്പ്പോഴും നല്ലൊരു സൂചനയാണ്.

***നിർധാരണം 19***

2016-17വർഷത്തെ ലഭ്യമായ വിവരങ്ങളിൽനിന്ന് ഗ്രോസ്സ് പ്രോഫിറ്റ് റേഷ്യോ കണ്ടുപിടിക്കുക.

| | | |
|---|---|---|
| | | രൂപ |
| റവന്യൂ ഫ്രം ഓപ്പറേഷൻസ് | : ക്യാഷ് | 25,000 |
| | : ക്രെഡിറ്റ് | 75,000 |
| പർച്ചേയ്സസ് | : ക്യാഷ് | 15,000 |
| | : ക്രെഡിറ്റ് | 60,000 |
| കാരിയേജ് ഇൻവേർഡ്സ് | | 2,000 |
| സാലറീസ് | | 25,000 |
| ഡിക്രീസ് ഇൻ ഇൻവെന്ററി | | 10,000 |
| റിട്ടേൺസ് ഔട്ട്വോർഡ്സ് | | 2,000 |
| വേജസ് | | 5,000 |

***ഉത്തരം:***

റവന്യൂ ഫ്രം ഓപ്പറേഷൻസ് = ക്യാഷ് റവന്യൂ ഫ്രം ഓപ്പറേഷൻസ് + ക്രെഡിറ്റ് റവന്യൂ ഫ്രം ഓപ്പറേഷൻസ്

= 25,000 +75,000 = 1,00,000 രൂപ

നെറ്റ് പർച്ചേയ്സസ് = ക്യാഷ് പർച്ചേയ്സസ് + ക്രെഡിറ്റ് പർച്ചേയ്സസ് റിട്ടേൺസ് ഔട്ട്വേർഡ്സ്

= 15,000 + 60,000 – 2,000 = 73,000 രൂപ

കോസ്ററ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ് = പർച്ചേയ്സസ് + (ഓപ്പണിങ് ഇൻവെന്ററി - ക്ലോസിങ് ഇൻവെന്ററി ) + ഡയറക്റ്റ് എക്സ് പെൻസസ്

= പർച്ചേയ്സസ് + ഡിക്രീസ് ഇൻ ഇൻവെന്ററി + ഡയറക്റ്റ് എക്സ്പെൻസസ്

= 73,000 + 10,000 + (2,000 +5,000)

= 90,000 രൂപ

ഗ്രോസ് പ്രോഫിറ്റ് = റവന്യൂ ഫ്രം ഓപ്പറേഷൻസ്–കോസ്ററ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ്

= 1,00,000 – 90,000

= 10,000 രൂപ

ഗ്രോസ് പ്രോഫിറ്റ് റേഷ്യോ = $\frac{\text{ഗ്രോസ് പ്രോഫിറ്റ്}}{\text{നെറ്റ് റവന്യൂ ഫ്രം ഓപ്പറേഷൻസ്}} \times 100$

= 10,000/1,00,000 × 100

= 10%.

### *5.9.2* പ്രവർത്തന അനുപാതം *(Operating Ratio)*

പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനവുമായി ബന്ധപ്പെടുത്തി പ്രവർത്തനച്ചെലവ് വിശകലനം ചെയ്യാൻ ഇത് കണക്കാക്കുന്നു. ഇത് ഇങ്ങനെ കണ്ടെത്താം:

ഓപ്പറേറ്റിങ് റേഷ്യോ = (കോസ്റ്റ് ഓഫ് റവന്യു ഫ്രം ഓപ്പറേഷൻസ് + ഓപ്പറേറ്റിങ് എക്സ്പെൻസസ്)/നെറ്റ് റവന്യൂ ഫ്രം ഓപ്പറേഷൻസ് $\times 100$

ഓഫീസ് ചെലവുകൾ, ഭരണപരമായ ചെലവുകൾ, വിൽപ്പനച്ചെലവുകൾ, വിതരണ ച്ചെലവുകൾ, മൂല്യക്ഷയം, ജീവനക്കാരുടെ ആനുകൂല്യങ്ങൾ എന്നിവ പ്രവർത്തന ച്ചെലവുകളിൽ (ഓപ്പറേറ്റിങ് എക്സ്പെൻസസ്) ഉൾപ്പെടുന്നു.

ആസ്തികളുടെ വിൽപ്പന നഷ്ടം, പലിശ കൊടുത്തത്, ലാഭവിഹിതം കിട്ടിയത്, തീപിടുത്തം മൂലമുള്ള നഷ്ടം, ഊഹക്കച്ചവട നേട്ടങ്ങൾ മുതലായ പ്രവർത്തനേതര വരവുകളും ചെലവുകളും ഒഴിവാക്കിയാണ് പ്രവർത്തനച്ചെലവ് നിർണയിക്കുന്നത്.

### *5.9.3* പ്രവർത്തന ലാഭ അനുപാതം *(Operating Profit Ratio)*

ഇത് പ്രവർത്തനലാഭം (ഓപ്പറേറ്റിങ് മാർജിൻ) വെളിപ്പെടുത്താൻ വേണ്ടി കണക്കാക്കുന്നു. ഇത് നേരിട്ടോ അല്ലെങ്കിൽ പ്രവർത്തന അനുപാതത്തിന്റെ ശിഷ്ടമായോ കണക്കാക്കാം.

ഓപ്പറേറ്റിംഗ് പ്രോഫിറ്റ് റേഷ്യോ = 100 – ഓപ്പറേറ്റിംഗ് റേഷ്യോ

പകരമായി ഇത് ഇങ്ങനെ കണക്കാക്കാം.

ഓപ്പറേറ്റിംഗ് പ്രോഫിറ്റ് റേഷ്യോ = ഓപ്പറേറ്റിംഗ് പ്രോഫിറ്റ് / റവന്യൂ ഫ്രം ഓപ്പറേഷൻസ് $\times$ 100

ഇവിടെ ; ഓപ്പറേറ്റിംഗ് പ്രോഫിറ്റ് = റവന്യൂ ഫ്രം ഓപ്പറേഷൻസ്–ഓപ്പറേറ്റിംഗ് കോസ്റ്റ്

*പ്രാധാന്യം:* പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനവുമായി ബന്ധപ്പെട്ട്, സാമ്പത്തിക ചാർജുകൾ ഒഴികെയുള്ള പ്രവർത്തനച്ചെലവുകൾ സൂചിപ്പിക്കുവാനാണ് പ്രവർത്തന അനുപാതം കണക്കാക്കുന്നത്. അതിന്റെ ഒരു സ്വാഭാവിക ഫലമാണ് പ്രവർത്തന ലാഭ അനുപാതം. ഇത് ബിസിനസ്സിന്റെ പ്രകടനം വിശകലനം ചെയ്ത് അതിന്റെ പ്രവർത്തന കാര്യക്ഷമത പ്രകടമാക്കുന്നു. സ്ഥാപനത്തിനകത്തുള്ളതും, സ്ഥാപനങ്ങൾ തമ്മിലു ള്ളതുമായ താരതമ്യത്തിന് ഇത് വളരെ ഉപകാരപ്രദമാണ്. കുറഞ്ഞ പ്രവർത്തന അനുപാതം വളരെ ആരോഗ്യകരമായ ഒരു അടയാളമാണ്.

***നിർധാരണം 20***

താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ:

| | രൂപ |
|---|---|
| റവന്യൂ ഫ്രം ഓപ്പറേഷൻസ് | 3,40,000 |
| കോസ്ററ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ് | 1,20,000 |
| സെല്ലിങ് എക്സ്പെൻസസ് | 80,000 |
| അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ് | 40,000 |

ഗ്രോസ് പ്രോഫിറ്റ് റേഷ്യോ, ഓപ്പറേറ്റിങ് റേഷ്യോ എന്നിവ കണ്ടുപിടിക്കുക.

***ഉത്തരം:***

ഗ്രോസ് പ്രോഫിറ്റ് = റവന്യൂ ഫ്രം ഓപ്പറേഷൻസ്–കോസ്ററ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ്

$= 3,40,000 - 1,20,000$

$= 2,20,000$ രൂപ

ഗ്രോസ് പ്രോഫിറ്റ് റേഷ്യോ $= \frac{\text{ഗ്രോസ്സ് പ്രോഫിറ്റ്}}{\text{റവന്യൂ ഫ്രം ഓപ്പറേഷൻ}} \times 100$

$= \frac{2,20,000}{3,40,000} \quad 100$

$= 64.71\%$

ഓപ്പറേറ്റിങ് കോസ്ററ് = കോസ്ററ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ് + സെല്ലിങ് എക്സ്പെൻസസ് + അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ്

$= 1,20,000 + 80,000 + 40,000$

$= 2,40,000$ രൂപ

ഓപ്പറേറ്റിങ് റേഷ്യോ $= \frac{\text{ഓപ്പറേറ്റിങ് കോസ്റ്റ്}}{\text{റവന്യൂ ഫ്രം ഓപ്പറേഷൻ}} \times 100$

$= \frac{2,40,000}{3,40,000} \times 100$

$= 70.59\%$

## 5.9.4 അറ്റലാഭ അനുപാതം (*Net Profit Ratio*)

ലാഭം എന്ന ആശയത്തെ അടിസ്ഥാനമാക്കിയാണ് അറ്റലാഭ അനുപാതം. പ്രവർത്തനവും പ്രവർത്തനേതരവുമായ ചെലവുകൾക്കും വരുമാനത്തിനും ശേഷമുള്ള അറ്റലാഭത്തെ

പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനവുമായി ഇത് ബന്ധപ്പെടുത്തുന്നു. ഇത് ഇങ്ങനെ കണക്കുകൂട്ടാം.

നെറ്റ് പ്രോഫിറ്റ് റേഷ്യോ = നെറ്റ് പ്രോഫിറ്റ്/റവന്യൂ ഫ്രം ഓപ്പറേഷൻസ് $\times 100$

സാധാരണയായി, നികുതി കഴിച്ചുള്ള ലാഭമാണ് അറ്റ ലാഭം.

*പ്രാധാന്യം:* പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനവുമായി ബന്ധപ്പെടുത്തി അറ്റലാഭം അളക്കുകയാണ് ഇത് ചെയ്യുന്നത്. ലാഭക്ഷമത വെളിപ്പെടുത്തുന്നതിനു പുറമേ, നിക്ഷേപത്തിലെ ആദായം കണക്കാനുള്ള പ്രധാനപ്പെട്ട ഏകകമാണിത്. നിക്ഷേപകരുടെ കാഴ്ചപ്പാടിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഇത് ബിസിനസ്സിന്റെ മൊത്തത്തിലുള്ള പ്രവർത്തനക്ഷമത പ്രതിഫലിപ്പിക്കുന്നു.

***നിർധാരണം 21***

ഒരു കമ്പനിയുടെ ഗ്രോസ് പ്രോഫിറ്റ് റേഷ്യോ 25% ആണ്. ഇതിന്റെ ക്രെഡിറ്റ് റവന്യൂ ഫ്രം ഓപ്പറേഷൻസ് 20,00,000 രൂപയും ക്യാഷ് റവന്യൂ ഫ്രം ഓപ്പറേഷൻസ്, ടോട്ടൽ റവന്യൂ ഫ്രം ഓപ്പറേഷൻസിന്റെ 10% ആണ്. കമ്പനിയുടെ പരോക്ഷച്ചെലവുകൾ 50,000 രൂപയാണ്. നെറ്റ് പ്രോഫിറ്റ് റേഷ്യോ കണ്ടുപിടിക്കുക.

***ഉത്തരം:***

| | |
|---|---|
| ക്യാഷ് റവന്യൂ ഫ്രം ഓപ്പറേഷൻസ് | = 20,00,000 × 10/90 |
| | = 2,22,222 രൂപ |
| ആയതിനാൽ, ടോട്ടൽ റവന്യൂ ഫ്രം ഓപ്പറേഷൻസ് | = 22,22,222 രൂപ |
| ഗ്രോസ് പ്രോഫിറ്റ് = 0.25 × 22,22,222 | = 5,55,555 |
| നെറ്റ് പ്രോഫിറ്റ് | = 5,55,555 – 50,000 |
| | = 5,05,555 |
| നെറ്റ് പ്രോഫിറ്റ് റേഷ്യോ | = നെറ്റ് പ്രോഫിറ്റ്/റവന്യൂ ഫ്രം ഓപ്പറേഷൻസ് ×100 |
| | = 5,05,555/22,22,222 ×100 |
| | = 22.75%. |

## 5.9.5 നിക്ഷേപ ആദായ അനുപാതം അല്ലെങ്കിൽ മൂലധന നിക്ഷേപ ആദായ അനുപാതം *(Return on Capital Employed or Investment)*

ഒരു ബിസിനസ് സ്ഥാപനം ഉപയോഗിച്ചിട്ടുള്ള മൊത്തം ഫണ്ടുകൾ ഇത് വിശദമാക്കുന്നു. ഓഹരി ഉടമകളുടെ ഫണ്ട്, കടപ്പത്രങ്ങൾ, ദീർഘകാല വായ്പ്പകൾ മുതലായ ദീർഘകാല

ഫണ്ടുകളെയാണ് മൂലധന നിക്ഷേപം കൊണ്ട് അർത്ഥമാക്കുന്നത്. മറ്റൊരുതരത്തിൽ പറഞ്ഞാൽ, പ്രവർത്തന മൂലധനത്തിന്റെയും സ്ഥിരാസ്തികളുടെയും ആകെ തുകയെയും മൂലധന നിക്ഷേപമായി കണക്കാക്കാം. പലിശയും നികുതിയും കൊടുക്കുന്നതിനു മുമ്പുള്ള ലാഭമാണ് (PBIT) ഇത് കണക്കാക്കാനായി എടുക്കുന്നത്. ഇത് ഇങ്ങനെ കണക്കാക്കാം.

റിട്ടേൺ ഓൺ ഇൻവെസ്റ്റ്മെന്റ് = നികുതിപലിശയിതര ലാഭം (PBIT)/ മൂലധന നിക്ഷേപം × 100

*പ്രാധാന്യം:* ഇത് ബിസിനസ്സിൽ നിക്ഷേപിച്ചിട്ടുള്ള മൂലധനത്തിന്മേലുള്ള ആദായം അളക്കുന്നു. ഓഹരി ഉടമകൾ, കടപ്പത്ര ഉടമസ്ഥർ, ദീർഘകാല വായ്പകൾ എന്നിവ വഴിയുള്ള ഫണ്ടുകൾ പ്രയോജനപ്പെടുത്തുന്നതിൽ ബിസിനസിന്റെ കാര്യക്ഷമത ഇത് വെളിപ്പെടുത്തുന്നു. സ്ഥാപനങ്ങൾ തമ്മിലുള്ള താരതമ്യം നടത്തുമ്പോൾ, ലാഭക്ഷമത അളക്കാനുള്ള ഒരു നല്ല അളവുകോലായി ഇത് കണക്കാക്കാം. കൊടുത്ത പലിശ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ സ്ഥാപനം ഉയർന്ന മൂലധന നിക്ഷേപ ആദായം നേടുന്നുണ്ടോയെന്ന് വിലയിരുത്താനും ഇത് സഹായിക്കുന്നു.

### *5.9.6* അറ്റമൂല്യ ആദായ അനുപാതം (റിട്ടേൺ ഓൺ ഷെയർ ഹോൾഡേഴ്സ് ഫണ്ട്സ്) *(Return on Shareholders' Funds)*

ഓഹരി ഉടമകളുടെ കാഴ്ചപ്പാടിൽ നിന്ന്, കമ്പനിയിലെ അവരുടെ നിക്ഷേപം ന്യായമായ വരുമാനം നൽകുന്നുണ്ടോ എന്ന് വിലയിരുത്താൻ ഈ അനുപാതം ഉപകരിക്കുന്നു. ഇത് നിക്ഷേപത്തിന്മേലുള്ള വരുമാനത്തെക്കാൾ കൂടുതലായിരിക്കണം, അല്ലെങ്കിൽ കമ്പനി യുടെ ഫണ്ട് ലാഭകരമായി ഉപയോഗിക്കപ്പെട്ടില്ല എന്നാണ് അർത്ഥമാക്കുന്നത്.

ഓഹരി ഉടമകളുടെ കാഴ്ചപ്പാടിൽ നിന്ന്, മൊത്തം ഓഹരിയുടമ ഫണ്ടുകളിലെ ആദായം നിർണയിക്കുന്നതിലൂടെ മെച്ചപ്പെട്ട ലാഭക്ഷമത നേടിയെടുക്കാൻ സാധിക്കും. ഇതിനെ അറ്റമൂല്യ ആദായം (റിട്ടേൺ ഓൺ നെറ്റ് വർത്ത് RONW) എന്നും വിശേഷിപ്പിക്കാറുണ്ട്. ഇത് ഇങ്ങനെ കണക്കാക്കാം.

റിട്ടേൺ ഓൺ ഷെയർ ഹോൾഡേഴ്സ് ഫണ്ട്സ്

$$= \frac{\text{പ്രോഫിറ്റ് ആഫ്റ്റർ ടാക്സ്}}{\text{ഷെയർഹോൾഡേഴ്സ് ഫണ്ട്സ്}} \times 100$$

### *5.9.7* പ്രതിയോഹരി ആദായം *(Earnings per Share)*

ഈ അനുപാതം കണക്കാക്കുന്നത് ഇങ്ങനെയാണ്.

$$\text{പ്രതിയോഹരി ആദായം (EPS)} = \frac{\text{ഇക്വിറ്റി ഓഹരിയുടമകൾക്ക് ലഭ്യമായ ലാഭം}}{\text{ഇക്വിറ്റി ഓഹരികളുടെ എണ്ണം}}$$

ഇവിടെ വരുമാനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഇക്വിറ്റി ഓഹരി ഉടമകൾക്കായി ലഭ്യമായിട്ടുള്ള ലാഭം എന്നാണ്. അത് ഇങ്ങനെ കണ്ടെത്താം.

നികുതി കഴിച്ചുള്ള ലാഭം-മുൻഗണനാ ഓഹരികളുടെ ലാഭവിഹിതം

ഇക്വിറ്റി ഓഹരി ഉടമകളുടെ കാഴ്ചപ്പാടിലും ഓഹരി വിപണിയിലെ ഓഹരി വിലയ്ക്കും ഈ അനുപാതം വളരെ പ്രധാനപ്പെട്ടതാണ്. ലാഭവിഹിതം നൽകാനുള്ള കമ്പനിയുടെ കഴിവ് മനസ്സിലാക്കുവാൻ ഇത് മറ്റുള്ളവയുമായി താരതമ്യം ചെയ്യുവാനും സഹായിക്കുന്നു.

### *5.9.8* പ്രതി ഓഹരി പുസ്തക മൂല്യം *(Book Value per Share)*

ഈ അനുപാതം ഇങ്ങനെ കണക്കാക്കാം.

പ്രതി ഓഹരി പുസ്തക മൂല്യം = ഇക്വിറ്റി ഓഹരിയുടമകളുടെ ഫണ്ട്/ഇക്വിറ്റി ഓഹരികളുടെ എണ്ണം.

ഇക്വിറ്റി ഓഹരിയുടമകളുടെ ഫണ്ട് = ഓഹരിയുടമകളുടെ ഫണ്ട്-മുൻഗണന ഓഹരിമൂലധനം

ഓഹരിയുടമകൾക്ക് അവരുടെ കൈവശം വച്ചിട്ടുള്ള ഓഹരികളുടെ മൂല്യം കണക്കാക്കുന്നതിലും, ഓഹരികളുടെ വിപണി വിലയെ ബാധിക്കുന്നതുമായ വ്യക്തമായ ആശയം നൽകുന്നതിനാൽ ഈ അനുപാതം ഇക്വിറ്റി ഓഹരിയുടമകളുടെ കാഴ്ചപ്പാടിൽ വളരെ പ്രധാനപ്പെട്ടതാണ്.

### *5.9.9* ലാഭവിഹിത വിതരണ അനുപാതം *(Dividend Payout Ratio)*

ഓഹരിയുടമകൾക്ക് വിതരണം ചെയ്യുന്ന വരുമാനത്തിന്റെ അനുപാതത്തെ ഇത് സൂചിപ്പിക്കുന്നു. ഇത് ഇങ്ങനെ കണക്കാക്കാം.

$$\text{ലാഭവിഹിത വിതരണ അനുപാതം} = \frac{\text{പ്രതിഓഹരി ലാഭവിഹിതം}}{\text{പ്രതി ഓഹരി ആദായം}}$$

ഇത് കമ്പനിയുടെ ലാഭവിഹിത (ഡിവിഡന്റ്) നയവും ഉടമയുടെ ഇക്വിറ്റിയിലുള്ള വളർച്ചയും പ്രതിഫലിപ്പിക്കുന്നു.

### *5.9.10* ഓഹരി വില ആദായ അനുപാതം *(Price/Earning Ratio)*

ഈ അനുപാതം ഇങ്ങനെ കണക്കാക്കാം.

ഓഹരി വില ആദായ അനുപാതം (P/E)= ഓഹരിയുടെ വിപണി വില/പ്രതി ഓഹരി ആദായം

ഉദാഹരണമായി, 'X' Ltd ന്റെ പ്രതി ഓഹരി ആദായം (EPS) 10 രൂപയും വിപണി വില 100 രൂപയുമാണെങ്കിൽ അനുപാതം 10 (100/10) ആയിരിക്കും. സ്ഥാപനത്തിന്റെ വരുമാനത്തിന്റെ വളർച്ചയിലും ഓഹരിയുടെ വിപണി വിലയുടെ ന്യായമായ വർധന

വിലും ഇത് നിക്ഷേപകരുടെ പ്രതീക്ഷകൾ പ്രതിഫലിപ്പിക്കുന്നു. ഭാവിയെക്കുറിച്ചുള്ള നിക്ഷേപകരുടെ കാഴ്ചപ്പാട് അനുസരിച്ച് P/E അനുപാതം വ്യവസായങ്ങൾ തമ്മിലും കമ്പനികൾ തമ്മിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

***നിർധാരണം 22***

തന്നിരിക്കുന്ന വിവരങ്ങളിൽനിന്ന് റിട്ടേൺ ഓൺ ഇൻവെസ്റ്റ്മെന്റ് കണക്കാക്കുക.

| | | | |
|---|---|---|---|
| ഓഹരി മൂലധനം : ഇക്വിറ്റി | 4,00,000 | ഹ്രസ്വകാല ബാധ്യതകൾ | 1,00,000 |
| 12% പ്രീഫെറെൻസ് | 1,00,000 | ഫിക്സഡ് അസറ്റ്സ് | 9,50,000 |
| ജനറൽ റിസർവ് | 1,84,000 | ഹ്രസ്വകാല ആസ്തികൾ | 2,34,000 |
| കടപ്പത്രങ്ങൾ | 4,00,000 | | |

കൂടാതെ റിട്ടേൺ ഓൺ ഷെയർ ഹോൾഡർഴ്സ് ഫണ്ട്സ്, EPS, ഓഹരിയുടെ പുസ്തക മൂല്യം, P/E അനുപാതം എന്നിവ കണക്കാക്കുക. ഓഹരിയുടെ വിപണി വില 34രൂപയും നികുതിക്ക് ശേഷമുള്ള അറ്റ ലാഭം 1,50,000രൂപയുമാണ്. നികുതി 50,000 രൂപയാണ്.

***ഉത്തരം:***

നികുതിപലിശയിതര ലാഭം (PBIT)= 1,50,000 + കടപ്പത്രപ്പലിശ + നികുതി
= 1,50,000 + 40,000 + 50,000
= 2,40,000 രൂപ

മൂലധന നിക്ഷേപം = ഇക്വിറ്റി ഓഹരി മൂലധനം + പ്രിഫറൻസ് ഓഹരി മൂലധനം + റിസർവ് + കടപ്പത്രങ്ങൾ
= 4,00,000 +1,00,000 + 1,84,000 +4,00,000 = 10,84,000 രൂപ

റിട്ടേൺ ഓൺ ഇൻവെസ്റ്റ്മെന്റ് = നികുതിപലിശയിതര ലാഭം (PBIT)/ മൂലധന നിക്ഷേപം × 100
= 2,40,000/10,84,000 × 100
= 22.14%

ഷെയർ ഹോൾഡേഴ്സ് ഫണ്ട് = ഇക്വിറ്റി ഓഹരി മൂലധനം + പ്രിഫറൻസ് ഓഹരി മൂലധനം + റിസർവ്
= 4,00,000 +1,00,000 + 1,84,000
= 6,84,000 രൂപ

റിട്ടേൺ ഓൺ ഷെയർ $= \frac{\text{പ്രോഫിറ്റ് ആഫ്റ്റർ ടാക്സ്}}{\text{ഷെയർ ഹോൾഡേഴ്സ് ഫണ്ട്സ്}} \times 100$

| | | |
|---|---|---|
| ഹോൾഡർഴ്സ് ഫണ്ട് | = | 1,50,000/6,84,000 × 100 |
| | = | 21.93% |
| പ്രതി ഓഹരി ആദായം (EPS) | = | ഇക്വിറ്റി ഓഹരിയുടമകൾക്ക് ലഭ്യമായ ലാഭം /ഇക്വിറ്റി ഓഹരികളുടെ എണ്ണം |
| | = | 1,38,000/ 40,000 = 3.45 രൂപ |
| പ്രിഫറൻസ് ഷെയർ ഡിവിഡന്റ് | = | ഡിവിഡന്റ് നിരക്ക് × പ്രിഫറൻസ് ഷെയർ ഡിവിഡന്റ് ക്യാപ്പിറ്റൽ |
| | = | 1,00,000 × 12% |
| | = | 12,000 രൂപ |
| ഇക്വിറ്റി ഓഹരിയുടമകൾക്ക് ലഭ്യമായ ലാഭം | = | നികുതി കഴിച്ചുള്ള ലാഭം പ്രിഫറൻസ് ഡിവിഡന്റ് |
| ഡിവിഡന്റ് ഓൺ പ്രിഫറൻസ് ഷെയർസ് | = | ഡിവിഡന്റ് നിരക്ക് × പ്രിഫറൻസ് ഷെയർ ക്യാപ്പിറ്റൽ |
| | = | 1,00,000 × 12% |
| | = | 12,000 |
| | = | 1,50,000 – 12,000 = 1,38,000 |
| P/E റേഷ്യോ | = | ഓഹരിയുടെ വിപണി വില/പ്രതി ഓഹരി ആദായം |
| | = | 34/3.45 |
| | = | 9.86 തവണ |
| പ്രതി ഓഹരി പുസ്തക മൂല്യം | = | ഇക്വിറ്റി ഓഹരിയുടമകളുടെ ഫണ്ട്/ഇക്വിറ്റി ഓഹരികളുടെ എണ്ണം. |
| | = | $\frac{4,00,000}{10}$ |
| | = | 40,000 ഓഹരികൾ |
| പ്രതി ഓഹരി പുസ്തക മൂല്യം | = | 5,84,000/40,000 |
| | = | 14.60 രൂപ |

വിവിധ അനുപാതങ്ങൾ തമ്മിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിരിക്കും. ചിലപ്പോൾ, രണ്ടോ അതിലധികമോ അനുപാതങ്ങൾ സംബന്ധിച്ച സംക്ഷി പ്ത വിവരങ്ങൾ നൽകി വിട്ടുപോയവ കണ്ടെത്താൻ ആവശ്യപ്പെടും. അത്തരമൊരു സാഹചര്യത്തിൽ, അനുപാതത്തിന്റെ സമവാക്യം വിട്ടുപോയവ കണ്ടെത്താൻ സഹായി ക്കും (നിർധാരണം 23, 24 കാണുക).

### *നിർധാരണം 23*

തന്നിരിക്കുന്ന വിവരങ്ങളിൽനിന്ന് കമ്പനിയുടെ ഹ്രസ്വകാല ആസ്തികൾ കണക്കാക്കുക.

ഇൻവെന്ററി ടേൺ ഓവർ റേഷ്യോ = 4 തവണ

വർഷാന്ത്യ ഇൻവെന്ററി, വർഷാരംഭ ഇൻവെന്ററിയെക്കാൾ 20,000 രൂപ കൂടുതലാണ്. റവന്യൂ ഫ്രം ഓപ്പറേഷൻസ് 3,00,000 രൂപയും ഗ്രോസ് പ്രോഫിറ്റ് റവന്യൂ ഫ്രം ഓപ്പറേഷൻസിന്റെ 20% വുമാണ്.

ഹ്രസ്വകാല ബാധ്യതകൾ = 40,000 രൂപ

ക്വിക്ക് റേഷ്യോ = 0.75 : 1

***ഉത്തരം:***

കോസ്റ്റ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ് = റവന്യൂ ഫ്രം ഓപ്പറേഷൻസ്–ഗ്രോസ് പ്രോഫിറ്റ്
= 3,00,000 – (3,00,000 × 20%)
= 3,00,000 – 60,000
= 2,40,000

ഇൻവെന്ററി ടേൺ ഓവർ റേഷ്യോ = കോസ്റ്റ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ്/ ആവറേജ് ഇൻവെന്ററി

ആവറേജ് ഇൻവെന്ററി = കോസ്റ്റ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ്/4
= 2,40,000/4 = 60,000

ആവറേജ് ഇൻവെന്ററി = (ഓപ്പണിങ് ഇൻവെന്ററി + ക്ലോസിങ് ഇൻവെന്ററി)/2

60,000 രൂപ = ഓപ്പണിങ് ഇൻവെന്ററി + (ഓപ്പണിങ് ഇൻവെന്ററി + 20,000) /2

60,000 രൂപ = ഓപ്പണിങ് ഇൻവെന്ററി +10,000

ഓപ്പണിങ് ഇൻവെന്ററി = 50,000 രൂപ

ക്ലോസിങ് ഇൻവെന്ററി = 70,000 രൂപ

ലിക്വിഡ് റേഷ്യോ = ദ്രുത ആസ്തികൾ/ഹ്രസ്വകാല ബാധ്യതകൾ

0.75 = ദ്രുത ആസ്തികൾ /40,000

ദ്രുത ആസ്തികൾ = 40,000 × 0.75 = 30,000 രൂപ

ഹ്രസ്വകാല ആസ്തികൾ = ദ്രുത ആസ്തികൾ + ക്ലോസിങ് ഇൻവെന്ററി
= 30,000 + 70,000 = 1,00,000 രൂപ

### *നിർധാരണം 24*

കറന്റ് റേഷ്യോ 2.5 : 1 , ഹ്രസ്വകാല ആസ്തികൾ 50,000 രൂപ, ഹ്രസ്വകാല ബാധ്യതകൾ 20,000 രൂപ. അനുപാതത്തെ 2:1 എന്നതിലേക്ക് കൊണ്ടുവരുന്നതിന് ഹ്രസ്വകാല ആസ്തിയിലെ കുറവ് എത്രയായിരിക്കണം?

**ഉത്തരം:**

| | | |
|---|---|---|
| ഹ്രസ്വകാല ബാധ്യതകൾ | = | 20,000 രൂപ |
| 2:1 എന്ന അനുപാതത്തിന് ഹ്രസ്വകാല ആസ്തികൾ വേണ്ടത് 2 × 20,000 | = | 40,000 രൂപ |
| ഹ്രസ്വകാല ആസ്തികൾ | = | 50,000 രൂപ |
| ആവശ്യമായ കുറവ് | = | 50,000 – 40,000 രൂപ |
| | = | 10,000 രൂപ |

***നിർധാരണം 25***

2017, മാർച്ച് 31ന്റെ അക്കൗണ്ട് ബുക്കിൽനിന്ന് ഒരു കമ്പനി തന്നിരിക്കുന്ന വിവരങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്.

| വിശദശാംശങ്ങൾ | തുക |
|---|---|
| നീക്കിയിരിപ്പ് ചരക്കുകൾ | 1,00,000 |
| ആകെ ഹ്രസ്വകാല ആസ്തികൾ | 1,60,000 |
| ഓഹരിയുടമകളുടെ ഫണ്ട് | 4,00,000 |
| കടപ്പത്രങ്ങൾ | 3,00,000 |
| ഹ്രസ്വകാല ബാധ്യതകൾ | 1,00,000 |
| നികുതിക്ക് മുമ്പുള്ള നെറ്റ് പ്രോഫിറ്റ് | 3,51,000 |
| പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ ചെലവ് | 5,00,000 |

ഇവ കണ്ടുപിടിക്കുക.

i) കറന്റ് റേഷ്യോ
ii) ലിക്വിഡ് റേഷ്യോ
iii) ഡെബ്റ്റ്ഇക്വിറ്റി റേഷ്യോ
iv) ഇന്ററെസ്റ്റ് കവറേജ് റേഷ്യോ
v) ഇൻവെന്ററി ടേൺ ഓവർ റേഷ്യോ

**ഉത്തരം:**

i) കറന്റ് റേഷ്യോ $= \dfrac{\text{കറന്റ് ആസ്തികൾ}}{\text{കറന്റ് ബാധ്യതകൾ}}$

$= \dfrac{1{,}60{,}000}{1{,}00{,}000} = 1.6 : 1$

ii) ലിക്വിഡ് അസറ്റ്സ് = ഹ്രസ്വകാല ആസ്തികൾ–നീക്കിയിരിപ്പ് ചരക്കുകൾ

$= 1,60,000 - 1,00,000$

$= 60,000$ രൂപ

ലിക്വിഡ് റേഷ്യോ = $\frac{\text{ലിക്വിഡ് ആസ്തികൾ}}{\text{കറന്റ് ബാധ്യതകൾ}}$

$= \frac{60,000}{1,00,000} = 0.6 : 1$

iii) ഡെബ്റ്റ്-ഇക്വിറ്റി റേഷ്യോ = $\frac{\text{ദീർഘകാല കടം}}{\text{ഓഹരിയുടമകളുടെ ഫണ്ട്}}$

$= \frac{3,00,000}{4,00,000} = 0.75 : 1$

iv) നികുതി-പലിശകൾക്ക് മുമ്പുള്ള നെറ്റ് പ്രോഫിറ്റ് = നികുതിക്ക് മുമ്പുള്ള നെറ്റ് പ്രോഫിറ്റ് + ഇന്ററെസ്റ്റ് ഓൺ ലോങ്ടേം ഡെബ്റ്റ്സ്

$= 3,51,000 + (3,00,000 \times 13\%)$

$= 3,51,000 + 39,000 = 3,90,000$ രൂപ

ഇന്ററെസ്റ്റ് കവറേജ് റേഷ്യോ = $\frac{\text{നികുതി പലിശയ്ക്ക് മുമ്പുള്ള നെറ്റ് പ്രോഫിറ്റ്}}{\text{ഇന്ററെസ്റ്റ് ഓൺ ലോങ്ടേം ഡെബ്റ്റ്സ്}}$

$= \frac{3,90,000}{39,000} = 10$ തവണ

v) ഇൻവെന്ററി ടേൺ ഓവർ റേഷ്യോ = $\frac{\text{കോസ്റ്റ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ്}}{\text{ആവറേജ് ഇൻവെന്ററി}}$

$= \frac{5,00,000}{1,00,000} = 5$ തവണ

കുറിപ്പ്: വർഷാരംഭ ഇൻവെന്ററി, വർഷാന്ത്യ ഇൻവെന്ററി എന്നിവയെക്കുറിച്ചുള്ള വിവരങ്ങളുടെ അഭാവത്തിൽ ഇൻവെന്ററിയെ ശരാശരി ഇൻവെന്ററി ആയി കണക്കാക്കപ്പെടും.

***നിർധാരണം 26***

തന്നിരിക്കുന്ന വിവിരങ്ങളിൽനിന്ന് ഇവ കണ്ടുപിടിക്കുക. (i) പ്രതി ഓഹരി ആദായം (ii) പ്രതി ഓഹരി പുസ്തക മൂല്യം, (iii) ലാഭവിഹിത വിതരണ അനുപാതം, (iv) P/E അനുപാതം.

| വിശദശാംശങ്ങൾ | തുക |
|---|---|
| 10 രൂപയുടെ 70,000 ഇക്വിറ്റി ഓഹരികൾ | 7,00,000 |
| നികുതിക്ക് ശേഷവും ഡിവിഡൻന്റിന് മുമ്പുമുള്ള നെറ്റ് പ്രോഫിറ്റ് | 1,75,000 |
| ഓഹരിയുടെ വിപണി വില | 13 |
| ഡിവിഡന്റ് പ്രഖ്യാപിച്ചത് @ 15% | |

***ഉത്തരം:***

i) പ്രതി ഓഹരി ആദായം $= \dfrac{\text{ഇക്വിറ്റി ഓഹരിയുടമകൾക്ക് ലഭ്യമായ ലാഭം}}{\text{ഇക്വിറ്റി ഓഹരികളുടെ എണ്ണം}}$

$$= \frac{1,75,000}{70,000} = 2.50 \text{ രൂപ}$$

ii) പ്രതി ഓഹരി പുസ്തക മൂല്യം $= \dfrac{\text{ഇക്വിറ്റി ഓഹരിയുടമകളുടെ ഫണ്ട്}}{\text{ഇക്വിറ്റി ഓഹരികളുടെ എണ്ണം}}$

$$= \frac{8,75,000}{70,000} = 12.50 \text{ രൂപ}$$

iii) ലാഭവിഹിത വിതരണ അനുപാതം $= \dfrac{\text{ഓഹരിയുടെ വിപണി വില}}{\text{പ്രതി ഓഹരി ആദായം}}$

$$= \frac{1.50}{2.50} = 0.6$$

iv) ഓഹരി വില ആദായ അനുപാതം (P/E) $= \dfrac{\text{ഡിവിഡന്റ് പെർ ഷെയർ}}{\text{ഏണിങ്സ് പെർ ഷെയർ}}$

$$= \frac{13}{2.50} = 5.20$$

## പാഠഭാഗത്തെ മുഖ്യപദങ്ങൾ

1. അനുപാത വിശകലനം (Ratio Analysis)
2. ദ്രവണത അനുപാതങ്ങൾ (Liquidity Ratios)
3. ലേയത്വ അനുപാതങ്ങൾ (Solvency Ratios)
4. പ്രവർത്തന അനുപാതങ്ങൾ (Activity Ratios)
5. ലാഭക്ഷമത അനുപാതങ്ങൾ (Profitability Ratios)
6. നിക്ഷേപ ആദായ അനുപാതം (Return on Investment)
7. ദ്രുത അനുപാതം (Quick Ratio)
8. ഓഹരിയുടമകളുടെ ഫണ്ട് (ഇക്വിറ്റി) (Shareholders Fund)
9. അറ്റ മൂല്യ ആദായം (Return on Net Worth)
10. ശരാശരി ശേഖരണ കാലയളവ് (Average Collection period)
11. ട്രേഡ് റിസീവബ്ൾസ് (Trade Receivables)
12. വിറ്റുവരവ് അനുപാതങ്ങൾ (Turnover Ratios)
13. കാര്യക്ഷമത അനുപാതങ്ങൾ (Efficiency Ratios)
14. ലാഭവിഹിത വിതരണം (Dividend Distribution)

## പഠനനേട്ടങ്ങൾ അടിസ്ഥാനമാക്കിയുള്ള സംഗ്രഹം

*അനുപാത വിശകലനം:* സാമ്പത്തിക പത്രിക വിശകലനത്തിന്റെ ഒരു പ്രധാന ഉപകരണമാണ് അനുപാത വിശകലനം. അക്കൗണ്ടിംഗ് അനുപാതം രണ്ട് അക്കൗണ്ടിംഗ് സംഖ്യകൾ തമ്മിലുള്ള ബന്ധത്തെ പ്രതിനിധീകരിക്കുന്നു.

*അനുപാത വിശകലനത്തിന്റെ ലക്ഷ്യം:* ബിസിനസ്സിന്റെ ലാഭക്ഷമത, ദ്രവണത, ലേയത്വം, പ്രവർത്തന മികവ് എന്നിവയെക്കുറിച്ചുള്ള ആഴത്തിലുള്ള വിശകലനം നൽകലാണ് അനുപാത വിശകലനത്തിന്റെ ലക്ഷ്യം. ബിസിനസ്സിലെ പ്രശ്ന മേഖലകളും ശക്തികേന്ദ്രങ്ങളും തിരിച്ചറിയാനും ഇത് സഹായിക്കുന്നു.

*അനുപാത വിശകലനത്തിന്റെ നേട്ടങ്ങൾ:* തീരുമാനങ്ങളുടെ ഫലപ്രാപ്തി മനസ്സിലാക്കാൻ സഹായിക്കുക, സങ്കീർണമായ കണക്കുകൾ ലളിതമാക്കുക, ബന്ധം സ്ഥാപിക്കുക, താരതമ്യ വിശകലനങ്ങളിൽ സഹായിക്കുക, പ്രശ്ന മേഖലകൾ തിരിച്ചറിയുക, SWOT വിശകലനം പ്രാപ്തമാക്കുക, വിവിധ താരതമ്യങ്ങൾ സാധ്യമാക്കുക എന്നിവയാണ് ഇതിന്റെ നേട്ടങ്ങൾ.

*വിവിധതരം അനുപാതങ്ങൾ:* അനുപാതങ്ങൾ ദ്രവണത അനുപാതങ്ങൾ, ലേയത്വ അനുപാതങ്ങൾ, പ്രവർത്തന അനുപാതങ്ങൾ, ലാഭക്ഷമത അനുപാതങ്ങൾ എന്നിങ്ങനെ പല തരത്തിലുണ്ട്. ദ്രവണത അനുപാതങ്ങളിൽ കറന്റ് അനുപാതം, ആസിഡ് ടെസ്റ്റ് അനുപാതം എന്നിവ ഉൾപ്പെടുന്നു. ഗുണഭോക്താക്കൾക്ക് പ്രത്യേകിച്ച് ബാഹ്യ ഗുണഭോക്താക്കൾക്ക് തീർപ്പാക്കാനുള്ള കരാർ ബാധ്യതകൾ നിറവേറ്റാനുള്ള ഒരു ബിസിനസിന്റെ കഴിവാണ് ലേയത്വം നിർണയിക്കുന്നത്. ഇതിൽ ഡെബ്റ്റ്ഇക്വിറ്റി അനുപാതം, ഡെബ്റ്റ് റ്റു ക്യാപ്പിറ്റൽ എംപ്ലോയ്ഡ്

അനുപാതം, പ്രൊപ്രൈറ്ററി അനുപാതം, ടോട്ടൽ അസറ്റ്സ് റ്റു ഡെബ്റ്റ് അനുപാതം, ഇന്ററെസ്റ്റ് കവറേജ് അനുപാതം എന്നിവ ഉൾപ്പെടുന്നു. ഉയർന്ന വിൽപ്പന അല്ലെങ്കിൽ വിറ്റുവരവ് ഉണ്ടാക്കുന്നതിൽ ബിസിനസ്സിന്റെ ശേഷി വർധിപ്പിക്കുന്ന, പ്രവർത്തന നിലവാരം പ്രകടമാക്കുന്ന അനുപാതങ്ങളാണിത്. ഇതിൽ ഇൻവെന്ററി ടേൺ ഓവർ, ട്രേഡ് റിസീവബ്ൾ ടേൺ ഓവർ, ട്രേഡ് പേയബ്ൾ ടേണോവർ, ഇൻവെസ്റ്റ്മെന്റ് (നെറ്റ് അസറ്റ്സ്) ടേണോവർ, ഫിക്സഡ് അസറ്റ്സ് ടേൺ ഓവർ, വർക്കിങ് ക്യാപ്പിറ്റൽ ടേൺ ഓവർ എന്നിവ ഉൾപ്പെടുന്നു. വിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗത്തിലൂടെയുള്ള ബിസിനസ്സിന്റെ വരുമാനശേഷി വിശകലനം ചെയ്യുന്നതിനാണ് ലാഭക്ഷമതയുടെ അനുപാതം കണക്കുകൂട്ടുന്നത്. ഇതിൽ മൊത്തം ലാഭ അനുപാതം, പ്രവർത്തന അനുപാതം, പ്രവർത്തന ലാഭ അനുപാതം, അറ്റലാഭ അനുപാതം, നിക്ഷേപ ആദായ അനുപാതം, അറ്റ മൂല്യ ആദായ അനുപാതം, പ്രതി ഓഹരി ആദായം, പ്രതി ഓഹരി പുസ്തക മൂല്യം, ലാഭവിഹിത വിതരണ അനുപാതം, ഓഹരിവില ആദായ അനുപാതം എന്നിവയും ഉൾപ്പെടുന്നു

## പരിശീലന ചോദ്യങ്ങൾ

### ഹ്രസ്വോത്തര ചോദ്യങ്ങൾ

1. അനുപാത വിശകലനം കൊണ്ട് എന്താണ് നിങ്ങൾ അർഥമാക്കുന്നത്?
2. വിവിധ തരത്തിലുള്ള അനുപാതങ്ങൾ ഏതൊക്കെയാണ്?
3. ഇവ പഠിക്കുവാൻ ഏതൊക്കെ ഇനങ്ങൾ തമ്മിൽ താരതമ്യം ചെയ്യണം?
   a. ഇൻവെന്ററി ടേൺ ഓവർ
   b. ട്രേഡ് റിസീവബ്ൾസ് ടേൺ ഓവർ
   c. ട്രേഡ് പേയബ്ൾസ് ടേൺ ഓവർ
   d. വർക്കിംഗ് ക്യാപ്പിറ്റൽ ടേൺ ഓവർ
4. ഒരു ബിസിനസ് സ്ഥാപനത്തിന്റെ ദ്രവണത അളക്കുന്നത് അതിന്റെ ഹ്രസ്വ കാലാടിസ്ഥാനത്തിലുള്ള ബാധ്യതകൾ നിറവേറ്റാനുള്ള കഴിവ് അടിസ്ഥാനമാക്കിയാണ്. ഇതിനുവേണ്ടി ഉപയോഗിക്കുന്ന അനുപാതങ്ങൾ എന്തൊക്കെയാണ്?
5. ഒരു സ്ഥാപനം സാധനങ്ങൾ സൂക്ഷിച്ചുവയ്ക്കുന്ന ശരാശരി കാലായളവിനെയാണ് സാധനങ്ങളുടെ ശരാശരി കാലമായി കാണുന്നത്. കാരണം സഹിതം വിശദമാക്കുക.

### ദീർഘോത്തര ചോദ്യങ്ങൾ

1. ദ്രവണത അനുപാതങ്ങൾ എന്തൊക്കെയാണ്? കറന്റ്, ദ്രവണത അനുപാതത്തിന്റെ പ്രാധാന്യം ചർച്ചചെയ്യുക
2. ഒരു സ്ഥാപനത്തിന്റെ ലേയത്വ (സോൾവെൻസി) സ്ഥിതി നിങ്ങൾ എങ്ങനെയാണ് പഠിക്കുക?
3. വിവിധ ലാഭക്ഷമത അനുപാതങ്ങൾ ഏതൊക്കെയാണ്? ഇവ എങ്ങനെയാണ് നിർണയിക്കുന്നത്.
4. ഒരു സ്ഥാപനത്തിലെ ചരക്കുകൾ എളുപ്പത്തിൽ പണമായി മാറ്റാൻ കഴിയാതിരിക്കുമ്പോഴാണ് കറന്റ് അനുപാതം മൊത്തത്തിലുള്ള പണലഭ്യതയുടെ മികച്ച അളവ് നൽകുന്നത്. ചരക്കുകൾക്ക് ദ്രവണതയുണ്ടെങ്കിൽ മൊത്തത്തിലുള്ള പണലഭ്യത അളക്കുവാൻ ദ്രുത അനുപാതമാണ് അഭികാമ്യം. വിശദീകരിക്കുക.

### സംഖ്യാപരമായ ചോദ്യങ്ങൾ

1. 2017 മാർച്ച് 31ലെ രാജ് ഓയിൽ മിൽസിന്റെ ബാക്കിപത്രമാണ് ചുവടെ. കറന്റ് റേഷ്യോ കണ്ടുപിടിക്കുക.

| വിശദശാംശങ്ങൾ | തുക |
|---|---|
| **I. ഇക്വിറ്റി ആൻഡ് ലയബിലിറ്റീസ്** | |
| 1. ഷെയർ ഹോൾഡേഴ്സ് ഫണ്ട് | |
| a) ഷെയർ ക്യാപ്പിറ്റൽ | 7,90,000 |
| b) റിസർവ്സ് ആൻഡ് സർപ്ലസ് | 35,000 |
| 2. ഹ്രസ്വകാല ബാധ്യതകൾ | |
| ട്രേഡ് പേയബ്ൾസ് | 72,000 |
| **ആകെ** | **8,97,000** |
| **II. അസറ്റ്സ്** | |
| 1. നോൺ കറന്റ് ആസ്തികൾ | |
| ഫിക്സഡ് അസറ്റ്സ് | |
| – ടാൻജിബിൾ അസറ്റ്സ് | 7,53,000 |
| 2. ഹ്രസ്വകാല ആസ്തികൾ | |
| a) ഇൻവെന്ററീസ് | 55,800 |
| b) ട്രേഡ് റിസീവബ്ൾസ് | 28,800 |
| c) ക്യാഷ് ആൻഡ് ക്യാഷ് ഇക്വലന്റ്സ് | 59,400 |
| **ആകെ** | **8,97,000** |

(ഉത്തരം : കറന്റ് റേഷ്യോ 2:1)

2. 2017 മാർച്ച് 31ലെ ടൈറ്റിൽ മെഷീൻ ലിമിറ്റഡിന്റെ ബാക്കിപത്രമാണ് ചുവടെ.

| വിശദശാംശങ്ങൾ | തുക |
|---|---|
| **I. ഇക്വിറ്റി ആൻഡ് ലയബിലിറ്റീസ്** | |
| 1. ഷെയർ ഹോൾഡേഴ്സ് ഫണ്ട് | |
| a) ഷെയർ ക്യാപ്പിറ്റൽ | 24,00,000 |
| b) റിസർവ്സ് ആൻഡ് സർപ്ലസ് | 6,00,000 |
| 2. നോൺ കറന്റ് ബാധ്യതകൾ | |
| ലോങ്ടേം ബോറോവിങ്സ് | 9,00,000 |
| 3. ഹ്രസ്വകാല ബാധ്യതകൾ | |
| a) ഷോർട്ട്ടേം ബോറോവിങ്സ് | 6,00,000 |
| b) ട്രേഡ് പേയബ്ൾസ് | 23,40,000 |
| c) ഷോർട്ട്ടേം പ്രൊവിഷൻസ് | 60,000 |
| **ആകെ** | **69,00,000** |
| **II. അസറ്റ്സ്** | |
| 1. നോൺ കറന്റ് ആസ്തികൾ | |
| ഫിക്സഡ് അസറ്റ്സ് | |
| - റ്റാൻജിബിൾ അസറ്റ്സ് | 45,00,000 |
| 2. ഹ്രസ്വകാല ആസ്തികൾ | |
| a) ഇൻവെന്ററീസ് | 12,00,000 |
| b) ട്രേഡ് റിസീവബ്ൾസ് | 9,00,000 |
| c) ക്യാഷ് ആൻഡ് ക്യാഷ് ഇക്വലന്റ്സ് | 2,28,000 |
| d) ഷോർട്ട്ടേം ലോൺസ് ആൻഡ് അഡ്വാൻസസ് | 72,000 |
| **ആകെ** | **69,00,000** |

കറന്റ് റേഷ്യോ, ലിക്വിഡ് റേഷ്യോ എന്നിവ കണ്ടുപിടിക്കുക
(**ഉത്തരം:** കറന്റ് റേഷ്യോ 0.8 : 1, ലിക്വിഡ് റേഷ്യോ 0.4 : 1)

3. കറന്റ് റേഷ്യോ 3.5:1, വർക്കിംഗ് ക്യാപ്പിറ്റൽ 90,000 രൂപ. ഹ്രസ്വകാല ആസ്തികൾ, ഹ്രസ്വകാല ബാധ്യതകൾ എന്നിവയുടെ തുക കണ്ടുപിടിക്കുക.
(**ഉത്തരം:** ഹ്രസ്വകാല ആസ്തികൾ 1,26,000 രൂപ, ഹ്രസ്വകാല ബാധ്യതകൾ 36,000 രൂപ)

4. ഷൈൻ ലിമിറ്റഡിന്റെ കറന്റ് റേഷ്യോ 4.5:1, ക്വിക്ക് റേഷ്യോ 3:1. ഇൻവെന്ററി 36000 രൂപ ആണെങ്കിൽ ഹ്രസ്വകാല ആസ്തികൾ, ഹ്രസ്വകാല ബാധ്യതകൾ എന്നിവയുടെ തുക കണ്ടുപിടിക്കുക.

(**ഉത്തരം**: ഹ്രസ്വകാല ആസ്തികൾ 1,08,000 രൂപ, ഹ്രസ്വകാല ബാധ്യതകൾ 24,000 രൂപ)

5. ഒരു കമ്പനിയുടെ ഹ്രസ്വകാല ബാധ്യതകൾ 75,000 രൂപ. കറന്റ് റേഷ്യോ 4:1 ഉം ലിക്വിഡ് റേഷ്യോ 1 :1 ഉം ആണെങ്കിൽ, ഹ്രസ്വകാല ആസ്തികൾ, ദ്രുത ആസ്തികൾ, ഇൻവെന്ററി എന്നിവയുടെ തുക കണ്ടെത്തുക.
(**ഉത്തരം**: ഹ്രസ്വകാല ആസ്തികൾ 3,00,000 രൂപ, ദ്രുത ആസ്തികൾ 75,000 രൂപ, ഇൻവെന്ററി 2,25,000 രൂപ)

6. ഹന്ന ലിമിറ്റഡിന്റെ ഇൻവെന്ററി 20,000 രൂപയാണ്. ആകെ ദ്രുത ആസ്തികൾ 1,00,000 രൂപയും ക്വിക്ക് റേഷ്യോ 2:1 ഉം ആണ്. കറന്റ് റേഷ്യോ കണക്കാക്കുക.
(**ഉത്തരം:** കറന്റ് റേഷ്യോ 2.4:1)

7. തന്നിരിക്കുന്ന വിവരങ്ങളിൽനിന്ന് ഡെബ്റ്റ്ഇക്വിറ്റി റേഷ്യോ കണ്ടുപിടിക്കുക.

| | |
|---|---|
| ടോട്ടൽ അസറ്റ്സ് | 15,00,000 രൂപ |
| ഹ്രസ്വകാല ബാധ്യതകൾ | 6,00,000 രൂപ |
| ടോട്ടൽ ഡെബ്റ്റ്സ് | 12,00,000 രൂപ |

(**ഉത്തരം:** ഡെബ്റ്റ്ഇക്വിറ്റി റേഷ്യോ 2:1)

8. കറന്റ് റേഷ്യോകണക്കാക്കുക.
ഇൻവെന്ററി 6,00,000 രൂപ, ദ്രുത ആസ്തികൾ 24,00,000 രൂപ, ക്വിക്ക് റേഷ്യോ 2:1
(**ഉത്തരം:** കറന്റ് റേഷ്യോ 2.5:1 )

9. തന്നിരിക്കുന്ന വിവരങ്ങളിൽനിന്ന് ഇൻവെന്ററി ടേൺ ഓവർ റേഷ്യോ കണ്ടുപിടിക്കുക.

| | |
|---|---|
| നെറ്റ് റവന്യൂ ഫ്രം ഓപ്പറേഷൻസ് | 2,00,000 രൂപ |
| ഗ്രോസ് പ്രോഫിറ്റ് | 50,000 രൂപ |
| വർഷാന്ത്യ ഇൻവെന്ററി | 60,000 രൂപ |
| വർഷാരംഭ ഇൻവെന്ററിയെക്കാൾ അധികമുള്ള വർഷാന്ത്യ ഇൻവെന്ററി | 20,000 രൂപ |

(**ഉത്തരം:** ഇൻവെന്ററി ടേൺ ഓവർ റേഷ്യോ 3 തവണ)

10. തന്നിരിക്കുന്ന വിവരങ്ങളിൽനിന്ന് ഇവ കണ്ടുപിടിക്കുക.
(i) കറന്റ് റേഷ്യോ (ii) ലിക്വിഡ് റേഷ്യോ (iii) ഓപ്പറേറ്റിംഗ് റേഷ്യോ (iv) ഗ്രോസ് പ്രോഫിറ്റ് റേഷ്യോ

| | |
|---|---|
| ഹ്രസ്വകാല ആസ്തികൾ | 35,000 രൂപ |
| ഹ്രസ്വകാല ബാധ്യതകൾ | 17,500 രൂപ |

| | |
|---|---|
| ഇൻവെന്ററി | 15,000 രൂപ |
| ഓപ്പറേറ്റിംഗ് എക്സ്പെൻസസ് | 20,000 രൂപ |
| റവന്യൂ ഫ്രം ഓപ്പറേഷൻസ് | 60,000 രൂപ |
| കോസ്ററ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ് | 30,000 രൂപ |

(ഉത്തരം: കറന്റ് റേഷ്യോ 2:1, ലിക്വിഡ് റേഷ്യോ 1.14 :1, ഓപ്പറേറ്റിംഗ് റേഷ്യോ 83.3%, ഗ്രോസ് പ്രോഫിറ്റ് റേഷ്യോ 50%)

11. തന്നിരിക്കുന്ന വിവരങ്ങളിൽനിന്ന് ഇവ കണ്ടുപിടിക്കുക.

(i) ഗ്രോസ് പ്രോഫിറ്റ് റേഷ്യോ (ii) ഇൻവെന്ററി ടേണോവർ റേഷ്യോ (iii) കറന്റ് റേഷ്യോ (iv) ലിക്വിഡ് റേഷ്യോ (v) നെറ്റ് പ്രോഫിറ്റ് റേഷ്യോ (vi) വർക്കിംഗ് ക്യാപ്പിറ്റൽ റേഷ്യോ

| | |
|---|---|
| റവന്യൂ ഫ്രം ഓപ്പറേഷൻസ് | 25,20,000 രൂപ |
| നെറ്റ് പ്രോഫിറ്റ് | 3,60,000 രൂപ |
| കോസ്ററ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ് | 19,20,000 രൂപ |
| ലോങ്ടേം ഡെബ്റ്റ്സ് | 9,00,000 രൂപ |
| ട്രേഡ് പേയബ്ൾസ് | 2,00,000 രൂപ |
| ആവറേജ് ഇൻവെന്ററി | 8,00,000 രൂപ |
| ഹ്രസ്വകാല ആസ്തികൾ | 7,60,000 രൂപ |
| ഫിക്സഡ് അസറ്റ്സ് | 14,40,000 രൂപ |
| ഹ്രസ്വകാല ബാധ്യതകൾ | 6,00,000 രൂപ |
| നെറ്റ് പ്രോഫിറ്റ് ബിഫോർ ഇന്ററസ്റ്റ് ആൻഡ് ടാക്സ് | 8,00,000 രൂപ |

(**ഉത്തരം:** ഗ്രോസ് പ്രോഫിറ്റ് റേഷ്യോ 23.81%, ഇൻവെന്ററി ടേൺ ഓവർ റേഷ്യോ 2.4 തവണ, കറന്റ് റേഷ്യോ 2.6:1, ലിക്വിഡ് റേഷ്യോ 1.27:1, നെറ്റ് പ്രോഫിറ്റ് റേഷ്യോ 14.21%, വർക്കിംഗ് ക്യാപ്പിറ്റൽ റേഷ്യോ 2.625 തവണ)

12. തന്നിരിക്കുന്ന വിവരങ്ങളിൽനിന്ന് ഗ്രോസ് പ്രോഫിറ്റ് റേഷ്യോ, വർക്കിംഗ് ക്യാപ്പിറ്റൽ റേഷ്യോ, ഡെബ്റ്റ്-ഇക്വിറ്റി റേഷ്യോ, പ്രൊപ്രൈറ്ററി റേഷ്യോ എന്നിവ കണ്ടെത്തുക.

| | |
|---|---|
| പെയ്ഡ് അപ്പ് ഷെയർ ക്യാപ്പിറ്റൽ | 5,00,000 രൂപ |
| ഹ്രസ്വകാല ആസ്തികൾ | 4,00,000 രൂപ |
| റവന്യൂ ഫ്രം ഓപ്പറേഷൻസ് | 10,00,000 രൂപ |
| 13% ഡിബഞ്ചേഴ്സ് | 2,00,000 രൂപ |
| ഹ്രസ്വകാല ബാധ്യതകൾ | 2,80,000 രൂപ |
| കോസ്ററ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ് | 6,00,000 രൂപ |

(**ഉത്തരം:** ഗ്രോസ് പ്രോഫിറ്റ് റേഷ്യോ 40%, വർക്കിംഗ് ക്യാപ്പിറ്റൽ റേഷ്യോ 8.33 തവണ, ഡെബ്റ്റ്-ഇക്വിറ്റി റേഷ്യോ 0.4:1, പ്രൊപ്രൈറ്ററി റേഷ്യോ 0.51:1)

13. ഇൻവെന്ററി ടേൺ ഓവർ റേഷ്യോ കണ്ടുപിടിക്കുക.

വർഷാരംഭ ഇൻവെന്ററി 76,250 രൂപ, വർഷാന്ത്യ ഇൻവെന്ററി 98,500 രൂപ, ഗ്രോസ് റവന്യൂ ഫ്രം ഓപ്പറേഷൻസ് 5,20,000 രൂപ, പർച്ചെയ്സസ് 3,22,250 രൂപ, സെയിൽസ് റിട്ടേൺസ് 20,000 രൂപ.

(**ഉത്തരം:** ഇൻവെന്ററി ടേൺ ഓവർ റേഷ്യോ 3.43 തവണ)

14. തന്നിരിക്കുന്ന വിവരങ്ങളിൽനിന്ന് ഇൻവെന്ററി ടേൺ ഓവർ റേഷ്യോ കണ്ടുപിടിക്കുക.

| | |
|---|---|
| വർഷാരംഭ ഇൻവെന്ററി | 10,000 രൂപ |
| വർഷാന്ത്യ ഇൻവെന്ററി | 5,000 രൂപ |
| കാരിയേജ് | 2,500 രൂപ |
| റവന്യൂ ഫ്രം ഓപ്പറേഷൻസ് | 50,000 രൂപ |
| പർച്ചെയ്സസ് | 25,000 രൂപ |

(**ഉത്തരം**: ഇൻവെന്ററി ടേൺ ഓവർ റേഷ്യോ 4.33 തവണ)

15. ഒരു വ്യാപാര സ്ഥാപനത്തിന്റെ ശരാശരി ഇൻവെന്ററി 20,000 രൂപയാണ് (കോസ്റ്റ്). ഇൻവെന്ററി ടേൺ ഓവർ റേഷ്യോ 8 തവണയും സാധനങ്ങൾ വിൽക്കുന്നത് വിൽപ്പന വിലയുടെ 20% ലാഭത്തിലുമാണെങ്കിൽ, സ്ഥാപനത്തിന്റെ ലാഭം കണ്ടെത്തുക.

(**ഉത്തരം:** ലാഭം 40,000 രൂപ)

16. ഒരു കമ്പനിയുടെ രണ്ടു വർഷത്തെ വിവരങ്ങൾ താഴെ നൽകിയിരിക്കുന്നു.

| | *2017-18* | *2018-19* |
|---|---|---|
| ട്രേഡ് റിസീവബ്ൾസ് ഏപ്രിൽ 01 | 4,00,000 | 5,00,000 |
| ട്രേഡ് റിസീവബിൾസ് മാർച്ച് 31 | | 5,60,000 |
| സ്റ്റോക്ക് ഇൻ ട്രേഡ് മാർച്ച് 31 | 6,00,000 | 9,00,000 |
| റവന്യൂ ഫ്രം ഓപ്പറേഷൻസ് (ഗ്രോസ് പ്രോഫിറ്റ് 25%) | 3,00,000 | 24,00,000 |

ഇൻവെന്ററി ടേൺ ഓവർ റേഷ്യോ, ട്രേഡ് റിസീവബ്ൾസ് ടേൺ ഓവർ റേഷ്യോ എന്നിവ കണ്ടെത്തുക.

(**ഉത്തരം:** ഇൻവെന്ററി ടേൺ ഓവർ റേഷ്യോ 2.4 തവണ, ട്രേഡ് റിസീവബിൾസ് ടേൺ ഓവർ റേഷ്യോ 4.53 തവണ)

17. തന്നിരിക്കുന്ന ബാക്കിപത്രത്തിൽനിന്നും മറ്റു വിവരങ്ങളിൽനിന്നും താഴെ പറയുന്ന റേഷ്യോകൾ കണക്കാക്കുക.

(i) ഡെബ്റ്റ്ഇക്വിറ്റി റേഷ്യോ (ii) വർക്കിംഗ് ക്യാപ്പിറ്റൽ ടേൺ ഓവർ റേഷ്യോ
(iii) ട്രേഡ് റിസീവബ്ൾസ് ടേൺ ഓവർ റേഷ്യോ

**2017 മാർച്ച് 31 ലെ ബാക്കി പത്രം**

| വിശദാംശങ്ങൾ | തുക |
|---|---|
| **I. ഇക്വിറ്റി ആൻഡ് ലയബിലിറ്റീസ്** | |
| **1. ഷെയർ ഹോൾഡേഴ്സ് ഫണ്ട്** | |
| a) ഷെയർ ക്യാപ്പിറ്റൽ | 10,00,000 |
| b) റിസർവ്സ് ആൻഡ് സർപ്ലസ് | 9,00,000 |
| **2. നോൺ കറന്റ് ബാധ്യതകൾ** | |
| ലോങ്ടേം ബോറോവിങ്സ് | 12,00,000 |
| **3. ഹ്രസ്വകാല ബാധ്യതകൾ** | |
| ട്രേഡ് പേയബ്ൾസ് | 5,00,000 |
| **ആകെ** | **36,00,000** |
| **II. അസറ്റ്സ്** | |
| **1. നോൺ കറന്റ് ആസ്തികൾ** | |
| ഫിക്സഡ് അസറ്റ്സ് | |
| – ടാൻജിബിൾ അസറ്റ്സ് | 18,00,000 |
| **2. ഹ്രസ്വകാല ആസ്തികൾ** | |
| a) ഇൻവെന്ററീസ് | 4,00,000 |
| b) ട്രേഡ് റിസീവബ്ൾസ് | 9,00,000 |
| c) ക്യാഷ് ആൻഡ് ക്യാഷ് ഇക്വലന്റ്സ് | 5,00,000 |
| **ആകെ** | **36,00,000** |

അധിക വിവരങ്ങൾ: റവന്യൂ ഫ്രം ഓപ്പറേഷൻസ് 18,00,000 രൂപ.

(**ഉത്തരം:** ഡെബ്റ്റ്ഇക്വിറ്റി റേഷ്യോ 0.63 :1; വർക്കിംഗ് ക്യാപ്പിറ്റൽ ടേണോവർ റേഷ്യോ 1.39 തവണ; ട്രേഡ് റിസീവബ്ൾസ് ടേൺ ഓവർ റേഷ്യോ 2 തവണ)

18. തന്നിരിക്കുന്ന വിവരങ്ങളിൽനിന്ന് താഴെ പറയുന്ന റേഷ്യോകൾ കണക്കാക്കുക.

i) ലിക്വിഡ് റേഷ്യോ

ii) ഇൻവെന്ററി ടേൺ ഓവർ റേഷ്യോ

iii) റിട്ടേൺ ഓൺ ഇൻവെസ്റ്റ്മെന്റ്

| | രൂപ |
|---|---|
| വർഷാരംഭ ഇൻവെന്ററി | 50,000 |
| വർഷാന്ത്യ ഇൻവെന്ററി | 60,000 |
| റവന്യൂ ഫ്രം ഓപ്പറേഷൻസ് | 4,00,000 |
| ഗ്രോസ് പ്രോഫിറ്റ് | 1,94,000 |

| | |
|---|---|
| ക്യാഷ് ആൻഡ് ക്യാഷ് ഇക്വലന്റ്സ് | 40,000 |
| ട്രേഡ് റിസീവബിൾസ് | 1,00,000 |
| ട്രേഡ് പേയബിൾസ് | 1,90,000 |
| മറ്റ് ഹ്രസ്വകാല ബാധ്യതകൾ | 70,000 |
| ഷെയർ ക്യാപ്പിറ്റൽ | 2,00,000 |
| റിസർവ്സ് ആൻഡ് സർപ്ലസ് | 1,40,000 |
| (ലാഭനഷ്ട പത്രികയിലെ ബാക്കി) | |

(**ഉത്തരം:** ലിക്വിഡ് റേഷ്യോ 0.54:1 ഇൻവെന്ററി ടേൺ ഓവർ റേഷ്യോ 3.74 തവണ, റിട്ടേൺ ഓൺ ഇൻവെസ്റ്റ്മെന്റ് 41.17% )

19. തന്നിരിക്കുന്നതിൽ നിന്ന് ഇവ കണക്കാക്കുക. (a) ഡെബ്റ്റ്-ഇക്വിറ്റി റേഷ്യോ (b) ടോട്ടൽ അസറ്റ്സ് റ്റു ഡെബ്റ്റ് റേഷ്യോ (c) പ്രൊപ്രൈറ്ററി റേഷ്യോ

| | |
|---|---|
| ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ | 75,000 രൂപ |
| പ്രിഫെറൻസ് ഷെയർ ക്യാപ്പിറ്റൽ | 25,000 രൂപ |
| ജനറൽ റിസർവ് | 45,000 രൂപ |
| ലാഭനഷ്ട പത്രികയിലെ ബാലൻസ് | 30,000 രൂപ |
| ഡിബഞ്ചേഴ്സ് | 75,000 രൂപ |
| ട്രേഡ് പേയബ്ൾസ് | 40,000 രൂപ |
| ഔട്ട്സ്റ്റാന്റിങ് എക്സ്പെൻസസ് | 10,000 രൂപ |

(**ഉത്തരം:** ഡെബ്റ്റ്ഇക്വിറ്റി റേഷ്യോ 0.43:1, ടോട്ടൽ അസറ്റ്സ് റ്റു ഡെബ്റ്റ് റേഷ്യോ 4 : 1, പ്രൊപ്രൈറ്ററി റേഷ്യോ 0.58:1 )

20. കോസ്ററ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ് 1,50,000 രൂപ. ഓപ്പറേറ്റിംഗ് എക്സ് പെൻസസ് 60,000 രൂപ. റവന്യൂ ഫ്രം ഓപ്പറേഷൻസ് 2,50,000 രൂപ. ഓപ്പറേറ്റിംഗ് റേഷ്യോ കണക്കാക്കുക.

(**ഉത്തരം**: ഓപ്പറേറ്റിംഗ് റേഷ്യോ 84%)

21. തന്നിട്ടിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന റേഷ്യോകൾ കണ്ടുപിടിക്കുക.

(i) ഗ്രോസ് പ്രോഫിറ്റ് റേഷ്യോ (ii) കറന്റ് റേഷ്യോ (iii) ആസിഡ് ടെസ്റ്റ് റേഷ്യോ (iv) ഇൻവെന്ററി ടേണോവർ റേഷ്യോ (v) ഫിക്സഡ് അസറ്റ്സ് ടേൺ ഓവർ റേഷ്യോ

| | രൂപ |
|---|---|
| ഗ്രോസ് പ്രോഫിറ്റ് | 50,000 |
| റവന്യൂ ഫ്രം ഓപ്പറേഷൻസ് | 1,00,000 |
| ഇൻവെന്ററി | 15,000 |
| ട്രേഡ് റിസീവബിൾസ് | 27,500 |
| ക്യാഷ് ആൻഡ് ക്യാഷ് ഇക്വലന്റ്സ് | 17,500 |
| ഹ്രസ്വകാല ബാധ്യതകൾ | 40,000 |

| | |
|---|---|
| ലാൻഡ് ആൻഡ് ബിൽഡിങ്സ് | 50,000 |
| പ്ലാന്റ് ആൻഡ് മെഷിനറി | 30,000 |
| ഫർണിച്ചർ | 20,000 |

(**ഉത്തരം**: ഗ്രോസ് പ്രോഫിറ്റ് റേഷ്യോ 50%, കറന്റ് റേഷ്യോ 1.5 : 1, ആസിഡ് ടെസ്റ്റ് റേഷ്യോ 1.125 : 1, ഇൻവെന്ററി ടേൺ ഓവർ റേഷ്യോ 3.33 തവണ, ഫിക്സഡ് അസറ്റ്സ് ടേൺ ഓവർ റേഷ്യോ 1:1)

22. തന്നിരിക്കുന്ന വിവരങ്ങളിൽനിന്ന് ഗ്രോസ് പ്രോഫിറ്റ് റേഷ്യോ, ഇൻവെന്ററി ടേൺ ഓവർ റേഷ്യോ, ട്രേഡ് റിസീവബിൾസ് ടേൺ ഓവർ റേഷ്യോ എന്നിവ കണക്കാക്കുക.

| | |
|---|---|
| റവന്യൂ ഫ്രം ഓപ്പറേഷൻസ് | 3,00,000 രൂപ |
| കോസ്റ്റ് ഓഫ് റവന്യൂ ഫ്രം ഓപ്പറേഷൻസ് | 2,40,000 രൂപ |
| വർഷാന്ത്യ ഇൻവെന്ററി | 62,000 രൂപ |
| ഗ്രോസ് പ്രോഫിറ്റ് | 60,000 രൂപ |
| വർഷാരംഭ ഇൻവെന്ററി | 58,000 രൂപ |
| ട്രേഡ് റിസീവബിൾസ് | 32,000 രൂപ |

(**ഉത്തരം**: ഗ്രോസ് പ്രോഫിറ്റ് റേഷ്യോ 20%, ഇൻവെന്ററി ടേൺ ഓവർ റേഷ്യോ 4 തവണ, ട്രേഡ് റിസീവബിൾസ് ടേൺ ഓവർ റേഷ്യോ 9.4 തവണ)

## ഉത്തരങ്ങൾ

**സ്വയം പരിശീലന ചോദ്യങ്ങൾ – I**

(a) തെറ്റ്, (b) ശരി, (c) ശരി, (d) തെറ്റ്, (e) ശരി, (F) തെറ്റ്

**സ്വയം പരിശീലന ചോദ്യങ്ങൾ – II**

(i) D, (ii) D, (iii) B, (iv) A, (v) B, (vi) D

**സ്വയം പരിശീലന ചോദ്യങ്ങൾ – III**

(i) C, (ii) B, (iii) B, (iv) C, (v) C, (vi) C

# 6

# പണപ്രവാഹ പത്രിക
## (Cash Flow Statement)

**ബി**സിനസ് സ്ഥാപനങ്ങളുടെ പ്രധാന ധനകാര്യ രേഖകളായ ബാക്കിപത്രം (സാമ്പത്തിക സ്ഥിതി പത്രിക), ലാഭ-നഷ്ടക്കണക്ക് (വരുമാന പത്രിക) എന്നിവയെക്കുറിച്ച് മുൻ പാഠങ്ങളിൽ പ്രതിപാദിച്ചിരുന്നുവല്ലോ? എന്നാൽ കമ്പനികൾ തയാറാക്കുന്ന മറ്റൊരു ധനകാര്യ രേഖയായ പണപ്രവാഹപത്രികയെക്കുറിച്ചാണ് ഈ പാഠഭാഗത്ത് ചർച്ച ചെയ്യുന്നത്. പണം, പണ തുല്യ ആസ്തികൾ (cash equivalents) എന്നിവയുടെ അന്തർപ്രവാഹവും (Inflow), ബഹിർപ്രവാഹവും (outflow) കാണിക്കുന്ന വാർഷിക ധനകാര്യ രേഖയാണിത്. ഒരു ബിസിനസ് സ്ഥാപനത്തിന് വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ നിശ്ചിത കാലയളവിൽ ലഭിച്ച പണത്തിന്റെ ഉറവിടവും, അവയുടെ വിനിയോഗവും അറിയാൻ ഈ സാമ്പത്തിക രേഖകൾ സഹായിക്കുന്നു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ 1981 ജൂണിൽ പരിഷ്കരിച്ച് പുറത്തിറക്കിയ അക്കൗണ്ടിംഗ് സ്റ്റാന്റേർഡ്-3 (AS-3) പ്രകാരം 'ധനകാര്യ സ്ഥിതി വ്യതിയാന പട്ടിക' (Changes in Financial Position) അഥവാ 'ഫണ്ട് പ്രവാഹ പട്ടിക' (Fund Flow Statement) യ്ക്ക് പകരമായി പണപ്രവാഹ പത്രിക തയാറാക്കാൻ നിർദേശിക്കുന്നു. പരിഷ്കരിച്ച അക്കൗണ്ടിംഗ് സ്റ്റാന്റേർഡ് -3 പ്രകാരം സ്റ്റോക്ക് എക്സ്ചേഞ്ച് പട്ടികയിൽ ഉൾപ്പെട്ട എല്ലാക്കമ്പനികളും വാർഷിക ധനകാര്യ രേഖകളുടെ ഭാഗമായി പണപ്രവാഹ പത്രിക നിർബന്ധമായും തയാറാക്കേണ്ടതാണ്.

**പഠന നേട്ടങ്ങൾ**

- *പണപ്രവാഹ പത്രിക തയാറാക്കുന്നതിന്റെ ലക്ഷ്യങ്ങൾ വിവരിക്കുന്നു.*
- *ബിസിനസ്സ് പ്രവർത്തനങ്ങളെ ദൈനംദിന പ്രവർത്തനങ്ങൾ, നിക്ഷേപ പ്രവർത്തനങ്ങൾ, ധനകാര്യ പ്രവർത്തനങ്ങൾ എന്നിങ്ങനെ തരംതിരിക്കുന്നു.*
- *പ്രത്യക്ഷ രീതിയിൽ പണപ്രവാഹ പത്രിക തയാറാക്കുന്നു.*
- *പരോക്ഷ രീതിയിൽ പണപ്രവാഹ പത്രിക തയാറാക്കുന്നു.*

ബിസിനസ്സ് പ്രവർത്തനങ്ങളെ ദൈനംദിന, നിക്ഷേപ, ധനകാര്യ പ്രവർത്തനങ്ങളായി തരം തിരിച്ച്, ഒരു സ്ഥാപനത്തിലെ നിശ്ചിത കാലയളവിലുള്ള പണത്തിലും, പണ തുല്യമായ ആസ്തികളിലും ഉണ്ടായ വ്യതിയാനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്ന ധനകാര്യ രേഖയാണ് പണപ്രവാഹ പത്രിക. അതുകൊണ്ട്, ലാഭ നഷ്ട കണക്ക്, ബാക്കിപത്രം എന്നിവ പോലെ തന്നെ പ്രാധാന്യമർഹിക്കുന്ന ഒരു വാർഷിക ധനകാര്യ രേഖയാണിത്. ഒരു അക്കൗണ്ടിംഗ് കാലയളവിലെ പണപ്രവാഹ പത്രിക തയാറാക്കുന്ന രീതികളാണ് ഈ പാഠഭാഗത്ത് വിശദീകരിക്കുന്നത്.

## 6.1 പണപ്രവാഹ പത്രിക തയാറാക്കുന്നതിന്റെ ലക്ഷ്യങ്ങൾ (Objectives of Cash Flow Statement)

ഒരു കമ്പനിയുടെ വിവിധ പ്രവർത്തനങ്ങളിൽ നിന്നുമുണ്ടാകുന്ന പണത്തിന്റെയും, പണ തുല്യ ആസ്തികളുടെയും നിശ്ചിത കാലയളവിലുള്ള അന്തർപ്രവാഹവും, ബഹിർപ്രവാഹവും കാണിക്കുന്ന ഒരു ധനകാര്യ രേഖയാണ് പണപ്രവാഹ പത്രിക. ദൈനംദിന പ്രവർത്തനങ്ങൾ, നിക്ഷേപ പ്രവർത്തനങ്ങൾ, ധനകാര്യ പ്രവർത്തനങ്ങൾ എന്നീ ശീർഷകങ്ങളായി തിരിച്ച് സ്ഥാപനത്തിലെ ഒരു നിശ്ചിത കാലയളവിലുള്ള പണത്തിന്റെ വരവും, പോക്കും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുകയെന്നതാണ് പണപ്രവാഹ പത്രികയുടെ പ്രഥമമായ ലക്ഷ്യം. ഇതിലൂടെ വിവിധ ഉപയോക്താക്കൾക്ക് സ്ഥാപനത്തിന് പണവും, പണ തുല്യ ആസ്തികളും ഉളവാക്കാനുള്ള ശേഷി ഉണ്ടോയെന്ന് വിലയിരുത്തുവാൻ അവസരം ലഭിക്കുന്നു. അതിനു പുറമേ, പണ അന്തർപ്രവാഹവും, ബഹിർപ്രവാഹവും സംബന്ധിച്ച പ്രവണതകൾ മനസ്സിലാക്കി പണത്തിന്റെ വിവേകപൂർണമായ വിനിയോഗം ഉറപ്പാക്കാൻ പണപ്രവാഹ പത്രിക പ്രയോജനപ്പെടുത്താം. ഒരു സ്ഥാപനത്തിന് അകത്തും പുറത്തുമുള്ളവർ വിവിധ സാമ്പത്തിക തീരുമാനങ്ങളെടുക്കുമ്പോൾ പണത്തിന്റെയും, പണ തുല്യ ആസ്തികളുടെയും ലഭ്യതയിലുള്ള സമയക്രമവും, സുനിശ്ചിതാവസ്ഥയും പരിഗണിക്കാറുണ്ട്. ഒരു സ്ഥാപനത്തിന്റെ ഇത്തരത്തിലുള്ള പണലഭ്യതാ ശേഷിയെ വിലയിരുത്താനുള്ള ഒരു ഉപാധിയാണ് പണപ്രവാഹ പത്രിക.

## 6.2 പണപ്രവാഹ പത്രികയുടെ മേന്മകൾ (Benefits of Cash Flow Statement)

പണപ്രവാഹ പത്രികയ്ക്ക് താഴെ പറയുന്ന മികവുകളുണ്ട് :

- ഒരു പണപ്രവാഹ പത്രികയുടെ സഹായത്തോടെ ഒരു ബിസിനസ്സിലെ അറ്റ ആസ്തികളിലെ വ്യതിയാനവും, ധനപരമായ ഘടനയും, പണപ്രവാഹത്തിന്റെ അളവും സമയവും നിയന്ത്രിക്കുവാനുള്ള കഴിവും വിലയിരുത്തുവാൻ കഴിയുന്നു. ഇത് മാറുന്ന സാഹചര്യങ്ങളുമായും, പുതിയ അവസരങ്ങളുമായും അനുരൂപീകരണത്തിന് സഹായിക്കുന്നു.

- പണപ്രവാഹ പത്രികകളുടെ സഹായത്തോടെ ഒരു സ്ഥാപനത്തിന് പണമോ, പണ തുല്യ ആസ്തികളോ ആർജിക്കുവാനുള്ള ശേഷി വിലയിരുത്താനും, അതിലൂടെ ഭാവി പണപ്രവാഹത്തെ സംബന്ധിക്കുന്ന മാതൃകകൾ ചിട്ടപ്പെടുത്താനും കഴിയും.
- വിവിധ സ്ഥാപനങ്ങളുടെ പ്രവർത്തനശേഷിയും, ധന വിഭവങ്ങളുടെ വിനിയോഗവും താരതമ്യം ചെയ്യുവാനും, അതിനായി ഒരേ അക്കൗണ്ടിംഗ് രീതികൾ പിൻതുടരുന്നതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.
- മുൻകാല പണ അന്തർപ്രവാഹവും, ബഹിർപ്രവാഹവും ഭാവി പണപ്രവാഹത്തിന്റെ സൂചകങ്ങളാണ്. അതിനാൽ പണപ്രവാഹ പത്രിക ഭൂതകാലത്തെ പ്രവർത്തന മികവിനെ വിലയിരുത്തുകയും, ഭാവി സാമ്പത്തിക ആസൂത്രണത്തിനുള്ള അടിസ്ഥാന രേഖയായി പരിഗണിക്കപ്പെടുകയും ചെയ്യുന്നു.

## 6.3 പണവും, പണ തുല്യ ആസ്തികളും (Cash and Cash Equivalents)

ഒരു സ്ഥാപനത്തിന്റെ നിശ്ചിത കാലയളവിലെ വിവിധ പ്രവർത്തനങ്ങളിൽ നിന്നുമുള്ള പണത്തിന്റെയും, പണ തുല്യ ആസ്തികളുടെയും അന്തർപ്രവാഹവും, ബഹിർപ്രവാഹവും കാണിക്കുന്ന ഒരു ധനകാര്യ രേഖയാണല്ലോ പണപ്രവാഹ പത്രിക. അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്–3 പ്രകാരം പണമെന്നാൽ കൈവശമുള്ള നീക്കിയിരിപ്പ് പണവും, ആവശ്യാനുസരണം പിൻവലിക്കാവുന്ന ബാങ്ക് നിക്ഷേപങ്ങളും ഉൾപ്പെടുന്നു. എന്നാൽ, വില മാറ്റത്തിലൂടെയുള്ള നഷ്ട സാധ്യത അവഗണിക്കാവുന്നതും, വേഗത്തിൽ പണമാക്കി മാറ്റാൻ കഴിയുന്നതുമായ ഹ്രസ്വകാല നിക്ഷേപങ്ങളാണ് പണ തുല്യ ആസ്തികളിൽ ഉൾപ്പെടുന്നത്. അതായത്, നിക്ഷേപ ആവശ്യങ്ങൾക്കല്ലാതെ, ഹ്രസ്വകാല പണ ബാധ്യതകൾ കൊടുത്തു വീട്ടുന്നതിനായി സൂക്ഷിക്കുന്ന നിക്ഷേപങ്ങളാണ് പണതുല്യ ആസ്തികൾ. മൂന്ന് മാസത്തിൽ കുറഞ്ഞ കാലാവധിയുള്ള നിക്ഷേപങ്ങളായിരിക്കും ഇവ. വേഗത്തിലും, നഷ്ടമില്ലാതെയും പണമാക്കി മാറ്റാൻ കഴിയുന്ന ഓഹരി നിക്ഷേപങ്ങളെ മാത്രമേ പണതുല്യ ആസ്തികളായി പരിഗണിക്കാൻ കഴിയുകയുള്ളൂ. ഉദാഹരണമായി, തിരിച്ചടവു തീയതി അടുത്ത മുൻനിര കമ്പനികളുടെ മുൻഗണനാ ഓഹരികൾ വാങ്ങുന്നത് പണതുല്യ ആസ്തികളിലുള്ള നിക്ഷേപമാണ്. ചുരുക്കത്തിൽ, ഉടനടി പണമാക്കി മാറ്റാൻ കഴിയുന്ന ഹ്രസ്വകാല വിപണന സാധ്യമായ പ്രമാണങ്ങളാണ് പണതുല്യ ആസ്തികൾ.

## 6.4 പണപ്രവാഹം (Cash Flows)

പണയിതര ഇനങ്ങൾ പണമാക്കുകയോ, പണ നിക്ഷേപത്തിലൂടെ പണയിതര ഇനങ്ങൾ നേടുകയോ ചെയ്യുമ്പോൾ പണപ്രവാഹം ഉണ്ടാകുന്നു. പണവും പണയിതര ആസ്തികളും തമ്മിലുള്ള കൈമാറ്റമാണ് ഇതിലൂടെ നടക്കുന്നത്. പണയിതര ഇനങ്ങളുടെ വിൽപ്പനയിലൂടെ പണം ലഭിക്കുന്നത് പണ അന്തർപ്രവാഹവും, പണയിതര ഇനങ്ങൾ

വാങ്ങുന്നതിന് പണം നൽകുന്നത് പണബഹിർപ്രവാഹവുമാണ്. ഉദാഹരണമായി, രൊക്കം പണം നൽകി മെഷിണറി വാങ്ങുന്നതിലൂടെ പണ ബഹിർപ്രവാഹം ഉണ്ടാകുന്നു. എന്നാൽ, പഴയ മെഷിണറി വിറ്റ് പണം ലഭിക്കുന്നതിലൂടെ പണ അന്തർ പ്രവാഹവും ഉണ്ടാകുന്നു. ഡെബ്റ്റേഴ്സിൽ നിന്ന് പണം ലഭിക്കുന്നത്, ഓഹരികളിൽ നിന്ന് ലാഭവിഹിതം ലഭിക്കുന്നത് എന്നിവയും പണ അന്തർപ്രവാഹത്തിന് ഉദാഹരണങ്ങളാണ്. അതുപോലെ, ക്രെഡിറ്റേഴ്സിന് പണം നൽകുന്നത്, ജീവനക്കാർക്ക് ശമ്പളം നൽകുന്നത്, വായ്പയുടെ പലിശ നൽകുന്നത് എന്നിവയെല്ലാം പണ ബഹിർപ്രവാഹത്തിന് ഉദാഹരണങ്ങളാണ്.

അക്കൗണ്ടിംഗ് സ്റ്റാന്റേർഡ്-3 പ്രകാരം, പണം, പണതുല്യ ആസ്തികൾ എന്നിവ തമ്മിലുള്ള കൈമാറ്റം പണപ്രവാഹത്തിന്റെ ഭാഗമായി പരിഗണിക്കേണ്ടതില്ല. ഇത്തരത്തിൽ പണത്തെ പണതുല്യ പ്രമാണങ്ങളാക്കുകയോ, പണ തുല്യ പ്രമാണങ്ങളെ പണമാക്കി മാറ്റുകയോ ചെയ്യുന്നത് പണത്തിന്റെ കാര്യനിർവഹണവുമായി (Cash Management) ബന്ധപ്പെട്ടതാണ്. അതായത്, അധികമായുള്ള കൈവശപ്പണം പണതുല്യ പ്രമാണങ്ങളിൽ നിക്ഷേപിക്കുന്നത് പണ കാര്യനിർവഹണത്തിന്റെ ഭാഗമാണ്. അതുകൊണ്ട്, മർക്കറ്റബിൾ സെക്യൂരിറ്റികൾ വാങ്ങുകയോ, ഹ്രസ്വകാല നിക്ഷേപങ്ങൾ നടത്തുകയോ ചെയ്യുന്നത് പണപ്രവാഹ പത്രികയിൽ ഉൾപ്പെടുത്തേണ്ടതില്ല.

## 6.5 പണപ്രവാഹ പത്രിക തയാറാക്കുന്നതിന് പ്രവർത്തനങ്ങളെ തരംതിരിക്കൽ (Classification of Activities for the Preparation of Cash Flow Statement)

ഒരു പണപ്രവാഹ പത്രിക തയാറാക്കുന്നതിന് ആ സ്ഥാപനത്തിലെ വിവിധ പ്രവർത്തനങ്ങളിൽ നിന്നുള്ള പണ അന്തർപ്രവാഹവും (പണം സ്വീകരിക്കൽ) പണ ബഹിർപ്രവാഹവും (പണം നൽകൽ) പരിഗണിക്കണം. അക്കൗണ്ടിംഗ് സ്റ്റാന്റേർഡ്-3 പ്രകാരം ഇത്തരം പ്രവർത്തനങ്ങൾ മൂന്ന് തലക്കെട്ടുകളാക്കാം.

1. ദൈനംദിന പ്രവർത്തനങ്ങൾ
2. നിക്ഷേപ പ്രവർത്തനങ്ങൾ
3. ധനകാര്യ പ്രവർത്തനങ്ങൾ

ഇങ്ങനെ പ്രവർത്തനങ്ങൾ തരംതിരിക്കുന്നതിലൂടെ, ഓരോ മേഖലയിലുമുള്ള പ്രവർത്തനങ്ങൾ ഒരു സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയെയും, പണ ആസ്തികളെയും എങ്ങനെ സ്വാധീനിക്കുന്നുവെന്ന് വിലയിരുത്താൻ സാധിക്കുന്നു.

### *6.5.1* ദൈനംദിന പ്രവർത്തങ്ങളിൽ നിന്നുള്ള പണം *(Cash from Operating Activities)*

ഒരു സ്ഥാപനത്തിന്റെ പ്രാഥമികവും, പ്രധാനപ്പെട്ടതുമായ പ്രവർത്തനമാണ് ദൈനംദിന പ്രവർത്തനമായി പരിഗണിക്കുന്നത്. ഉദാഹരണമായി, തുണിത്തരങ്ങൾ നിർമ്മിക്കുന്ന

ഒരു കമ്പനിയെ സംബന്ധിച്ച് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നത്, നിർമ്മാണ ചെലവുകൾ നൽകുന്നത്, വസ്ത്രങ്ങളുടെ വിൽപ്പന എന്നിവയെല്ലാം ദൈനംദിന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ഒരു സ്ഥാപനത്തിന് ഏറ്റവും കൂടുതൽ വരുമാനം നേടികൊടുക്കുന്നത് ഇത്തരം ദൈനംദിന പ്രവർത്തനങ്ങളാണ്. ബിസിനസ്സിന്റെ ഹ്രസ്വകാല വായ്പാ ശേഷി നിർണയിക്കുന്നത് ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണത്തിന്റെ ലഭ്യതയാണ്. ബാഹ്യസ്രോതസുകളെ ആശ്രയിക്കാതെ വായ്പകൾ തിരിച്ചടയ്ക്കുക, പുതിയ നിക്ഷേപങ്ങൾ നടത്തുക, ലാഭവിഹിതം നൽകുക തുടങ്ങിയ പണവിനിയോഗ കാര്യങ്ങളെ നേരിട്ട് സ്വാധീനിക്കുന്നത് ദൈനദിന പ്രവർത്തനങ്ങളാണ്.

ഒരു ബിസിനസ്സ് സ്ഥാപനം ഏറ്റെടുക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനത്തിൽ നിന്ന് ഉണ്ടാകുന്നതാണ് ദൈനംദിന പ്രവർത്തങ്ങളിൽ നിന്നുള്ള പണപ്രവാഹം. ലാഭം/നഷ്ടം നിർണയിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നത് ഇത്തരം പ്രവർത്തനങ്ങളായിരിക്കും. ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹത്തിന് ഉദാഹരണങ്ങൾ താഴെ നൽകിയിരിക്കുന്നു:

***ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണ അന്തർപ്രവാഹം (Cash Inflows from operating activities)***

- സാധനങ്ങളുടെയോ, സേവനങ്ങളുടെയോ വിൽപ്പനയിലൂടെ പണം ലഭിക്കുന്നത്.
- റോയൽറ്റി, ഫീസ്, കമ്മീഷൻ, മറ്റ് വരുമാനങ്ങളിലൂടെ പണം ലഭിക്കുന്നത്.

***ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണ ബഹിർപ്രവാഹം (Cash Outflows from operating activities)***

- സാധനങ്ങളുടെയോ, സേവനങ്ങളുടെയോ വിതരണക്കാർക്ക് പണം നൽകുന്നത്.
- ജീവനക്കാർക്ക് വേതനമായോ, ആനുകൂല്യമായോ പണം നൽകുന്നത്.
- പ്രീമിയം, നഷ്ടപരിഹാരത്തുക, മറ്റ് പോളിസി ആനുകൂല്യങ്ങൾ എന്നിവയ്ക്കായി ഇൻഷൂറൻസ് സംരംഭങ്ങൾക്ക് പണം നൽകുന്നത്.
- നിക്ഷേപ, ധനകാര്യ പ്രവർത്തനങ്ങളുമായി ബന്ധമില്ലാത്ത വരുമാന നികുതികൾക്ക് പണം നൽകുന്നത്.

ഇത്തരത്തിലുള്ള പണ അന്തർപ്രവാഹവും, പണ ബഹിർപ്രവാഹവും തമ്മിലുള്ള വ്യത്യാസമാണ് ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം.

ധനകാര്യ സ്ഥാപനങ്ങൾ ഇടപാടുകൾക്കായി വായ്പകളോ, പ്രമാണങ്ങളോ ഉപയോഗിക്കാറുണ്ടല്ലോ. കച്ചവട പ്രവർത്തനങ്ങൾക്കുള്ള നീക്കിയിരിപ്പ് ചരക്കായി ഇവയെ പരിഗണിക്കാം. അതുകൊണ്ട്, ഇത്തരം പ്രമാണങ്ങളുടെ വാങ്ങലും, വിൽപ്പനയും ധനകാര്യ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനമായി കണക്കാക്കാം. അതുപോലെ,

വായ്പകൾ നൽകുന്നത് ഇവരുടെ പ്രധാന കർത്തവ്യമെന്നനിലയിൽ ദൈനംദിന പ്രവർത്തനമായി പരിഗണിക്കുന്നു.

### *6.5.2* നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള പണം. *(Cash from Investing Activities)*

അക്കൗണ്ടിംഗ് സ്റ്റാന്റേർഡ്-3 പ്രകാരം, സ്ഥിര ആസ്തികൾ, പണതുല്യ പ്രമാണങ്ങൾ ഒഴികെയുള്ള നിക്ഷേപങ്ങൾ എന്നിവ നേടുകയോ, ഒഴിവാക്കുകയോ ചെയ്യുന്നവയുമായി ബന്ധപ്പെട്ടവയാണ് നിക്ഷേപപ്രവർത്തനങ്ങൾ. ദീർഘകാലത്തേക്ക് ബിസിനസ്സിൽ ഉപയോഗിക്കുന്ന മെഷിണറി, ഫർണിച്ചർ എന്നിവ പോലുള്ള സ്ഥിര ആസ്തികൾ വാങ്ങുന്നതും വിൽക്കുന്നതും നിക്ഷേപപ്രവർത്തനങ്ങളാണ്. അതുപോലെ, ദീർഘകാല നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട ഇടപാടുകളും നിക്ഷേപപ്രവർത്തനമാണ്. ബിസിനസ് സ്ഥാപനങ്ങളിലെ നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹത്തിന് ഉദാഹരണങ്ങൾ താഴെ നൽകിയിരിക്കുന്നു.

### *നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള പണ ബഹിർപ്രവാഹം (Cash Outflows from investing activities)*

- സ്ഥിര ആസ്തികൾ (അദൃശ്യ ആസ്തികളും ഗവേഷണ-വികസനച്ചെലവുകളുടെ മൂലധനവൽക്കരണവും ഉൾപ്പടെ) വാങ്ങുന്നതിന് പണം നൽകുന്നത്.
- മറ്റ് സ്ഥാപനങ്ങളുടെ ഓഹരികളോ, കടപ്പത്രങ്ങളോ, വിൽപ്പന ലക്ഷ്യത്തോടെയല്ലാതെ, വാങ്ങുന്നതിന് പണം നൽകുന്നത്.
- ബിസിനസ്സിന് പുറമെയുള്ളവർക്ക് വായ്പയായി പണം നൽകുന്നത്. (എന്നാൽ ധനകാര്യ സ്ഥാപനങ്ങൾ വായ്പ നൽകുന്നത് ദൈനംദിന പ്രവർത്തനമാണ്)

### *നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള പണ അന്തർപ്രവാഹം (Cash Inflows from Investing Activities)*

- സ്ഥിര ആസ്തികളുടെ (അദൃശ്യ ആസ്തികൾ ഉൾപ്പടെ) വിൽപ്പനയിലൂടെ പണം ലഭിക്കുന്നത്.
- ബിസിനസ്സിന് പുറമെയുള്ളവർക്ക് നൽകിയിട്ടുള്ള വായ്പയുടെ തിരിച്ചടവിലൂടെ പണം ലഭിക്കുന്നത്. (ധനകാര്യ സ്ഥാപനങ്ങൾക്ക് വായ്പാ തിരിച്ചടവ് ലഭിക്കുന്നത് ഉൾപ്പെടുന്നില്ല)
- വിൽപ്പന ലക്ഷ്യത്തോടെയല്ലാതെ സൂക്ഷിച്ചിട്ടുള്ള ഓഹരികൾ, കടപ്പത്രങ്ങൾ എന്നിവയുടെ വിൽപ്പനയിലൂടെ പണം ലഭിക്കുന്നത്.
- വായ്പത്തുകയ്ക്ക് പലിശയായി പണം ലഭിക്കുന്നത്
- മറ്റ് സ്ഥാപനങ്ങളിലുള്ള ഓഹരി നിക്ഷേപത്തിന് ലാഭ വിഹിതമായി പണം ലഭിക്കുന്നത്.

### *6.5.3* ധനകാര്യ പ്രർത്തനങ്ങളിൽ നിന്നുള്ള പണം *(Cash from Financing Activities)*

ഒരു സ്ഥാപനത്തിന്റെ ദീർഘകാല ഫണ്ടുകൾ/മൂലധനം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് ധനകാര്യ പ്രവർത്തനങ്ങൾ. ഓഹരികൾ, കടപ്പത്രങ്ങൾ എന്നിവ പുറപ്പെടുവിച്ച് ലഭിക്കുന്ന പണം, ബാങ്ക് വായ്പകളിലൂടെ ലഭിക്കുന്ന പണം, ബാങ്ക് വായ്പയുടെ തിരിച്ചടവ് എന്നിവയെല്ലാം ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹത്തിന് ഉദാഹരണങ്ങളാണ്. അക്കൗണ്ടിംഗ് സ്റ്റാന്റേർഡ്-3 പ്രകാരം, ഒരു സ്ഥാപനത്തിന്റെ ഉടമസ്ഥതാ മൂലധനം (മുൻഗണനാ ഓഹരികൾ ഉൾപ്പടെ), വായ്പാ മൂലധനം എന്നിവയുടെ അളവിലോ, ഘടനയിലോ മാറ്റം ഉണ്ടാക്കുന്നവയാണ് ധനകാര്യ പ്രവർത്തനങ്ങൾ. ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം പ്രത്യേകമായി വെളിപ്പെടുത്തുന്നതിലൂടെ സ്ഥാപനത്തിലേക്ക് ഫണ്ട് (മൂലധനമായോ, വായ്പയായോ) നൽകിയിട്ടുള്ളവർക്ക് ഭാവിയിലുള്ള ബാധ്യതകൾ നിറവേറ്റുന്നതിനുള്ള പണലഭ്യത പ്രവചിക്കുന്നതിന് സാധിക്കുന്നു. ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹത്തിന് ഉദാഹരണങ്ങൾ താഴെ നൽകിയിരിക്കുന്നു.

#### *ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പണ അന്തർപ്രവാഹം (Cash Inflows from financing activities)*


- ഓഹരികൾ (സാധാരണ ഓഹരികളും, മുൻഗണനാ ഓഹരികളും) പുറപ്പെടുവിക്കുന്നതിലൂടെ പണം ലഭിക്കുന്നത്.
- കടപ്പത്രങ്ങൾ, ബോണ്ടുകൾ, ദീർഘകാല/ഹ്രസ്വകാല വായ്പകൾ എന്നിവ യിലൂടെ പണം സമാഹരിക്കുന്നത്.

#### *ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പണ ബഹിർപ്രവാഹം (Cash Outflows from financing activities)*

- വായ്പകളുടെ തിരിച്ചടവിന് പണം ചെലവഴിക്കുന്നത്.
- കടപ്പത്രങ്ങൾ, വായ്പകൾ എന്നിവയുടെ പലിശ പണമായി നൽകുന്നത്.
- സാധാരണ ഓഹരികൾ, മുൻഗണനാ ഓഹരികൾ എന്നിവയുടെ ലാഭവിഹിതം പണമായി നൽകുന്നത്.

ഒരു ഇടപാടിൽ തന്നെ വിവിധ തരം പണപ്രവാഹം ഉണ്ടാകാറുണ്ട്. ഉദാഹരണമായി, ഒരു സ്ഥിര ആസ്തി വാങ്ങിയതിന്റെ വില തവണകളായി നൽകുമ്പോൾ അതിൽ മുതൽ, പലിശ എന്നീ ഘടകങ്ങൾ ഉണ്ടാകും. ഇതിൽ മുതൽത്തുക അടയ്ക്കുന്നത് നിക്ഷേപ പ്രവർത്തനത്തിലും, പലിശത്തുക അടയ്ക്കുന്നത് ധനകാര്യ പ്രവർത്തനത്തിലുമാണ്

ഉൾപ്പെടുന്നത്. അതുപോലെ, ഒരേ പ്രവർത്തനം തന്നെ വിവിധ തരം സ്ഥാപനങ്ങളിൽ വ്യത്യസ്തമായാണ് പരിഗണിക്കാറുള്ളത്. ഉദാഹരണമായി, ഓഹരികൾ വാങ്ങുന്നത് ഒരു ഓഹരി ദല്ലാൾ സ്ഥാപനത്തെ സംബന്ധിച്ച് ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമാണ്. എന്നാൽ, മറ്റ് സ്ഥാപനങ്ങളെ സംബന്ധിച്ച് ഓഹരികൾ വാങ്ങുന്നത് നിക്ഷേപ പ്രവർത്തനത്തിന്റെ ഭാഗമാണ്.




**ചിത്രം: 6.1** *പണ അന്തർപ്രവാഹ, ബഹിർപ്രവാഹ പ്രവർത്തനങ്ങൾ തരംതിരിക്കൽ*

### 6.5.4 ചില പ്രത്യേക ഇനങ്ങൾ കണക്കിലെടുക്കൽ *(Treatment of Some Peculiar Items)*

#### 1. *അസാധാരണ ഇനങ്ങൾ (Extraordinary items)*

ബിസിനസ്സിൽ പതിവിന് വിപരീതമായി സംഭവിക്കുന്നവയാണിത്. ഉദാഹരണമായി, മോഷണം, തീപിടുത്തം, വെള്ളപ്പൊക്കം, ഭൂകമ്പം മുതലയവയിലൂടെ നഷ്ടം സംഭവിക്കുന്നത്. ഇത്തരം അസാധാരണ ഇനങ്ങളിൽ നിന്നുള്ള പണപ്രവാഹം ആവർത്തന സ്വഭാവമില്ലാത്തവ ആയതിനാൽ അവയെ ദൈനംദിന, നിക്ഷേപ, സാമ്പത്തിക പ്രവർത്തനങ്ങളെന്നു തരം തിരിച്ച് പ്രത്യേകമായി കണക്കിലെടുക്കേണ്ടതാണ്. അതിലൂടെ ഇത്തരം അസാധാരണ ഇനങ്ങളുടെ സ്വഭാവവും, സ്ഥാപനത്തിന്റെ പണപ്രവാഹത്തിൽ അവയുടെ സ്വാധീനവും മനസ്സിലാക്കാൻ കഴിയും.

#### 2. *പലിശയും, ലാഭവിഹിതവും (Interest and Dividend)*

നിക്ഷേപങ്ങൾ സ്വീകരിക്കലും, വായ്പകൾ നൽകലും പ്രധാന ബിസിനസ്സ് പ്രവർത്തനമായിട്ടുള്ള ധനകാര്യ സ്ഥാപനങ്ങളിൽ പലിശ നൽകുന്നത്, പലിശ ലഭിക്കുന്നത്, ലാഭവിഹിതം ലഭിക്കുന്നത് എന്നിവയെല്ലാം ദൈനംദിന പ്രവർത്തനമാണ്. എന്നാൽ ലാഭവിഹിതം നൽകുന്നത് ഒരു ധനകാര്യ പ്രവർത്തനമാണ്.

എന്നാൽ, ധനകാര്യയിതര സ്ഥാപനങ്ങളിൽ, അക്കൗണ്ടിംഗ് സ്റ്റാന്റേർഡ്–3 പ്രകാരം, പലിശ, ലാഭവിഹിതം എന്നിവ നൽകുന്നത് ധനകാര്യ പ്രവർത്തനമായി കണക്കാക്കുന്നതാണ് കൂടുതൽ അഭികാമ്യം. പലിശ, ലാഭവിഹിതം എന്നിവ ലഭിക്കുന്നത് നിക്ഷേപ പ്രവർത്തനമായി തരംതിരിക്കാവുന്നതാണ്.

#### 3. *വരുമാനത്തിനും നേട്ടങ്ങൾക്കുമുള്ള നികുതി (Taxes on Income and Gains)*

ബിസിനസ്സിന്റെ സാധാരണ ലാഭത്തിന് നൽകേണ്ട വരുമാന നികുതി, മൂലധന ലാഭത്തിന് നൽകേണ്ട മൂലധന നേട്ട നികുതി, ഓഹരി ഉടമകൾക്ക് വിതരണം ചെയ്യുന്ന ലാഭവിഹിതത്തിന് നൽകേണ്ട ലാഭവിഹിത നികുതി എന്നിവയെല്ലാം വിവിധ നികുതികളാണ്.

അക്കൗണ്ടിംഗ് സ്റ്റാന്റേർഡ്–3 പ്രകാരം, ധനകാര്യനിക്ഷേപ പ്രവർത്തനങ്ങളായി പ്രത്യേകം തിരിച്ചറിയാൻ കഴിയാത്തവയാണെങ്കിൽ, വരുമാന നികുതിയെ ദൈനംദിന പ്രവർത്തനത്തിൽ നിന്നുള്ള പണപ്രവാഹമായി പരിഗണിച്ച് പ്രത്യേകമായി കണക്കിലെടുക്കേണ്ടതാണ്. താഴെ പറയുന്നവ ഇതിൽ നിന്ന് വ്യക്തമായി മനസ്സിലാക്കാവുന്നതാണ്:

- ബിസിനസ്സിന്റെ സാധാരണ ലാഭത്തിൻ മേലുള്ള (പ്രവർത്തന ലാഭം) നികുതി ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹമായി പരിഗണിക്കണം.
- ലാഭവിഹിതം നൽകുന്നതിനോടൊപ്പം, ലാഭവിഹിതത്തിന് നൽകുന്ന നികുതിയും ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹമായി പരിഗണിക്കണം.
- സ്ഥിര ആസ്തികളുടെ വിൽപ്പനയിലൂടെ ലഭിക്കുന്ന മൂലധന നേട്ടത്തിൻ മേലുള്ള നികുതി നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹമായി പരിഗണിക്കാം.

### 4. *പണപരമല്ലാത്ത ഇടപാടുകൾ (Non-cash Transactions)*

അക്കൗണ്ടിംഗ് സ്റ്റാന്റേർഡ്-3 പ്രകാരം, പണമോ പണ തുല്യ ആസ്തികളോ ഉൾപ്പെടാത്ത നിക്ഷേപ-ധനകാര്യ ഇടപാടുകൾ പണപ്രവാഹ പത്രികയിൽ ഉൾപ്പെടുത്തേണ്ടതില്ല. സാധാരണ ഓഹരികൾ നൽകി മെഷിണറി വാങ്ങുക, സാധാരണ ഓഹരികൾ നൽകി കടപ്പത്രങ്ങളുടെ തിരിച്ചടവ് നടത്തുക എന്നിവ ഇത്തരം ഇടപാടുകൾക്ക് ഉദാഹരണങ്ങളാണ്. ധനകാര്യ-നിക്ഷേപ പ്രവർത്തനങ്ങളെപ്പറ്റിയുള്ള പൂർണമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഇത്തരം ഇടപാടുകൾ മറ്റ് ധനകാര്യ പത്രികകളിലൂടെ വെളിപ്പെടുത്താവുന്നതാണ്. അതുകൊണ്ട്, ഓഹരികൾ നൽകി ആസ്തികൾ വാങ്ങുന്നത് ഒരു പണപരമായ ഇടപാട് അല്ലാത്തതിനാൽ അത് പണപ്രവാഹ പത്രികയിൽ ഉൾപ്പെടുത്തേണ്ടതില്ല.

ഈ മൂന്ന് തരംതിരിവുകൾ ഉൾപ്പെടുത്തിയ പണപ്രവാഹ പത്രിക ചിത്രം 6.2 ൽ നൽകിയിരിക്കുന്നു.

**പണപ്രവാഹ പത്രിക (Cash Flow Statement)**

(പ്രധാന തലക്കെട്ടുകൾ മാത്രം)

| | |
|---|---|
| (A) ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം | xxx |
| (B) നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം | xxx |
| (C) ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം | xxx |
| പണ-പണതുല്യആസ്തികളിലെ അറ്റ വർധനവ് (കുറവ്) (A + B + C) | xxx |
| + വർഷാരംഭ പണ-പണതുല്യ ആസ്തികൾ | xxx |
| = വർഷാവസാന പണ-പണതുല്യ ആസ്തികൾ | xxxx |

**ചിത്രം: 6.2** *പണപ്രവാഹ പത്രികയുടെ മാതൃക*

**സ്വയം വിലയിരുത്തൽ - I**

നൽകിയിരിക്കുന്ന ഇനങ്ങൾ ദൈനംദിന പ്രവർത്തനങ്ങൾ, നിക്ഷേപ പ്രവർത്തനങ്ങൾ ധനകാര്യ പ്രവർത്തനങ്ങൾ, പണതുല്യ ആസ്തികൾ എന്നിവയായി തരംതിരിച്ച് എഴുതുക.

| | | | |
|---|---|---|---|
| 1. | മെഷിണറി വാങ്ങുന്നത് | 2. | ഇക്വിറ്റി ഓഹരികൾ പുറപ്പെടുവിച്ച് ലഭിച്ച തുക |
| 3. | ദൈനംദിന പ്രവർത്തങ്ങളിൽ നിന്നുള്ള പണ വരുമാനം | 4. | ദീർഘകാല വായ്പകളിൽ നിന്ന് ലഭിക്കുന്ന തുക |
| 5. | പഴയ മെഷിണറിയുടെ വിൽപ്പനയിൽനിന്നുള്ള തുക. | 6. | കച്ചവടക്കടക്കാരിൽ നിന്ന് പണം ലഭിക്കുന്നത്. |

| | | | |
|---|---|---|---|
| 7. | കച്ചവടത്തിന് കമ്മീഷൻ ലഭിച്ചത്. | 8. | ദീർഘകാലനിക്ഷേപങ്ങൾ വാങ്ങുന്നത്. |
| 9. | മുൻഗണനാ ഓഹരികളുടെ തിരിച്ചടവ് | 10. | രൊക്കം പണത്തിനുള്ള വിൽപ്പന |
| 11. | ദീർഘകാല നിക്ഷേപങ്ങളുടെ വിൽപ്പനയിലൂടെ ലഭിച്ചതുക. | 12. | ഗുഡ്‌വിൽ വാങ്ങുന്നത്. |
| 13. | വിതരണക്കാർക്ക് പണം നൽകിയത് | 14. | സാധാരണ ഓഹരി ഉടമകൾക്ക് ഇടക്കാല ലഭവിഹിതം നൽകിയത്. |
| 15. | ജീവനക്കാർക്ക് അനുകൂല്യങ്ങൾ നൽകിയത്. | 16. | നിർമ്മാണ അവകാശം വിറ്റ് ലഭിച്ച തുക |
| 17. | നിക്ഷേപമായി സൂക്ഷിച്ചിട്ടുള്ള കടപ്പത്രങ്ങളുടെ പലിശ ലഭിച്ചത് | 18. | ദീർഘകാല വായ്പയുടെ പലിശ നൽകിയത്. |
| 19. | ഓഫീസ്, ഭരണ നിർവഹണ ചെലവുകൾ നൽകിയത്. | 20. | ഉൽപ്പന്ന നിർമ്മാണച്ചെലവുകൾ നൽകിയത്. |
| 21. | ഓഹരി നിക്ഷേപത്തിൽ നിന്ന് ലഭിച്ച ലാഭവിഹിതം. | 22. | നിക്ഷേപമായിട്ടുള്ള സ്വത്തു വകയിൽ നിന്ന് വാടക ലഭിച്ചത് |
| 23. | വിൽപ്പന-വിതരണച്ചെലവുകൾ നൽകിയത്. | 24. | ആദായ നികുതി നൽകിയത് |
| 25. | മുൻഗണനാ ഓഹരികളുടെ ലാഭവിഹിതം നൽകിയത്. | 26. | ഓഹരികളുടെ വിൽപ്പന ഏറ്റെടുക്കൽ കമ്മീഷൻ നൽകിയത്. |
| 27. | വാടക നൽകിയത് | 28. | ദീർഘകാല നിക്ഷേപങ്ങൾ വാങ്ങിയതിനുള്ള ബ്രോക്കർ കമ്മീഷൻ നൽകിയത്. |
| 29. | ബാങ്ക് ഓവർ ഡ്രാഫ്റ്റ് | 30. | ക്യാഷ് ക്രെഡിറ്റ് |
| 31. | ഹ്രസ്വകാല നിക്ഷേപം | 32. | മാർക്കറ്റബിൾ സെക്യൂരിറ്റികൾ |
| 33. | ആദായ നികുതിയുടെ തിരിച്ചടവ് ലഭിച്ചത് | | |

## 6.6. ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം കണ്ടുപിടിക്കൽ (Ascertaining Cash Flow from Operating Activities)

ദൈനംദിനപ്രവർത്തനങ്ങളാണ് ഒരു സ്ഥാപനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ചെലവ് വരുമാന മാർഗങ്ങൾ. അതു കൊണ്ടു തന്നെ ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം കണ്ടു പിടിക്കുന്നത് ഏറെ പ്രാധാന്യം അർഹിക്കുന്നു.

അക്കൗണ്ടിംഗ് സ്റ്റാന്റേർഡ്-3 പ്രകാരം, ഒരു സ്ഥാപനത്തിന് ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം കാണിക്കുന്നതിന് രണ്ട് രീതികൾ അവലംബിക്കാവുന്നതാണ്.

- പ്രധാന വിഭാഗങ്ങളിലായി ആകെ പണം നൽകിയതും ആകെ പണം ലഭിച്ചതും കണക്കിലെടുത്തുകൊണ്ടുള്ള പ്രത്യക്ഷ രീതി (Direct method)
- അറ്റ ലാഭം/നഷ്ടം താഴെ പറയുന്ന വിവിധ ഇനങ്ങളുമായി ബന്ധപ്പെട്ട് ക്രമീകരിക്കുന്ന പരോക്ഷ രീതി (Indirect method)

(i) പണപരമല്ലാത്ത ഇടപാടുകൾ.

(ii) ഭൂത-ഭാവി കാലങ്ങളിലെ ദൈനംദിന പ്രവർത്തനത്തനത്തിന്റെ ഭാഗമായുള്ള മാറ്റിവെച്ച/കുടിശ്ശികയുള്ള പണം ലഭിച്ചത്.

(iii) നിക്ഷേപ-ധനകാര്യ പണപ്രവാഹവുമായി ബന്ധപ്പെട്ട വരവ്/ചെലവ് ഇനങ്ങൾ.

പരോക്ഷ രീതിയിൽ, നികുതിയും അസാധാരണ ഇനങ്ങളും കണക്കിലെടുക്കുന്നതിന് മുൻപായുള്ള ലാഭ, നഷ്ട പത്രിക പ്രകരമുള്ള അറ്റ ലാഭം /നഷ്ടം ആണ് പരിഗണിക്കേണ്ടത്. അതിനു ശേഷം പണപരമല്ലത്ത ഇനങ്ങൾ പോലുള്ളവ ക്രമീകരിച്ചാണ് ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം കണ്ടുപിടിക്കുന്നത്.

അതായത്, ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം കണ്ടുപിടിക്കുന്നതിന് പ്രത്യക്ഷ രീതിയോ, പരോക്ഷ രീതിയോ ഉപയോഗിക്കാം. ഈ രണ്ടു രീതികളും താഴെ വിശദീകരിച്ചിരിക്കുന്നു.

### *6.6.1* പ്രത്യക്ഷ രീതി *(Direct Method)*

പേര് സൂചിപ്പിക്കുന്നതുപോലെ, ഈ രീതിയിൽ പ്രധാന ശീർഷകങ്ങളിലുള്ള പണ അന്തർപ്രവാഹവും, പണ ബഹിർപ്രവാഹവുമാണ് പരിഗണിക്കുന്നത്. ഉദാഹരണമായി, കച്ചവടക്കടക്കാരിൽ നിന്ന് പണം ലഭിക്കുന്നത്, ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നത് മുതലായവ.

ഒരു ലാഭ-നഷ്ട പത്രികയിൽ വിവിധ ഇനങ്ങൾ കുടിശ്ശിക രീതി (Accrual basis) യിലാണല്ലോ പരിഗണിക്കുന്നത്. അതുകൊണ്ട് ഇവയെ രൊക്കം പണ രീതി (Cash basis) യിലേക്ക് മറ്റുന്നതിന് താഴെ പറയുന്ന ചില ക്രമീകരണങ്ങൾ ആവശ്യമാണ്:

1. ഉപഭോക്താക്കളിൽ നിന്നു ലഭിച്ച പണം = പ്രവർത്തനങ്ങളിൽ നിന്നു ലഭിച്ച വരുമാനം+വർഷാരംഭത്തിൽ കച്ചവടക്കടക്കാരിൽ നിന്ന് കിട്ടാനുള്ളത്-വർഷാവസാനത്തിൽ കച്ചവടക്കടക്കാരിൽ നിന്ന് കിട്ടാനുള്ളത്.
2. വിതരണക്കാർക്ക് നൽകിയ പണം = സാധനങ്ങളുടെ വാങ്ങിയ വില + വർഷാരംഭത്തിൽ കച്ചവടക്കടക്കാർക്ക് നൽകാനുള്ളത്-വർഷാവസാനത്തിൽ കച്ചവടക്കടക്കാർക്ക് നൽകാനുള്ളത്
3. സാധനങ്ങളുടെ വാങ്ങിയ വില = പ്രവർത്തന വരുമാനത്തിനുണ്ടായ ചെലവ്-വർഷാരംഭ നീക്കിയിരിപ്പ് ചരക്ക് + വർഷാവസാന നീക്കിയിരിപ്പ് ചരക്ക്.
4. പണപരമായ ചെലവുകൾ = കുടിശ്ശികപരമായ ചെലവുകൾ+വർഷാരംഭ മുൻകൂർ ചെലവുകളും വർഷാവസാന കുടിശ്ശികച്ചെലവുകളും-വർഷാവസാന മുൻകൂർ ചെലവുകളും വർഷാരംഭ കുടിശ്ശികച്ചെലവുകളും.

എന്നാൽ, താഴെ പറയുന്ന ഇനങ്ങൾ പരിഗണിക്കേണ്ടതില്ല:

1. പണപരമല്ലാത്ത ചെലവുകളായ ആസ്തികളുടെ മൂല്യശോഷണം, ഓഹരിവില കളുടെ കിഴിവ് മുതലായവ.
2. നിക്ഷേപ-ധനകാര്യ ഇനങ്ങളായി തരം തിരിക്കാൻ കഴിയുന്ന ഇനങ്ങളായ പലിശ ലഭിച്ചത്, ലാഭവിഹിതം നൽകിയത് മുതലായവ

അക്കൗണ്ടിംഗ് സ്റ്റാന്റേർഡ്-3 പ്രകാരം, പ്രത്യക്ഷ രീതിയിൽ ആകെ പണം ലഭിച്ചതും പണം നൽകിയതും കണ്ടെത്താൻ താഴെ പറയുന്ന രണ്ട് രീതികളിൽ ഏതെങ്കിലും ഉപയോഗിക്കാം.

- സ്ഥാപനത്തിന്റെ കണക്ക് ബുക്കുകളിൽ നിന്ന്, അല്ലെങ്കിൽ
- ലാഭ-നഷ്ട പത്രികയിലുള്ള പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, പ്രവർത്തന വരുമാനം നേടുന്നതിനുള്ള ചെലവുകൾ, മറ്റ് ഇനങ്ങൾ എന്നിവയെല്ലാം താഴെ പറയുന്ന ഇനങ്ങളുമായി ബന്ധപ്പെട്ട് ക്രമീകരണം നടത്തി:

(i) നീക്കിയിരിപ്പ് ചരക്ക്, കച്ചവടക്കടക്കാരിൽ നിന്ന് ലഭിക്കാനുള്ളത്, കച്ചവട കടക്കാർക്ക് നൽകാനുള്ളത് എന്നിവയിൽ പ്രസ്തുത കാലയളവിൽ ഉണ്ടായിട്ടുള്ള മാറ്റം.

(ii) മറ്റ് പണപരമല്ലാത്ത ഇനങ്ങൾ

(iii) നിക്ഷേപ-ധനകാര്യ പ്രവർത്തനവുമായി ബന്ധപ്പെട്ട ഇനങ്ങൾ

*പ്രത്യക്ഷ രീതിയിൽ ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം ചിത്രം 6.3 ലെ പട്ടിക ഉപയോഗിച്ച് കണ്ടുപിടിക്കാം:*

***ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം (പ്രത്യക്ഷരീതി)***

| | |
|---|---|
| ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം: | |
| ഉപഭോക്താക്കളിൽ നിന്ന് പണം ലഭിക്കുന്നത് | xxx |
| (–) വിതരണക്കാർക്കും, ജീവനക്കാർക്കും പണം നൽകുന്നത് | (xxx) |
| = പ്രവർത്തനങ്ങളിൽ നിന്ന് സ്വരൂപിക്കുന്ന പണം | **xxx** |
| (–) ആദായ നികുതി നൽകിയത് | (xxx) |
| = അസാധാരണ ഇനങ്ങൾക്ക് മുൻപുള്ള പണപ്രവാഹം | **xxx** |
| +/– അസാധരണ ഇനങ്ങൾ | xxx |
| ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള അറ്റ പണം | **xxxx** |

**ചിത്രം 6.3** *ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം കണ്ടുപിടിക്കുന്നതിനുള്ള മാതൃക*

***നിർധാരണം: 1***

നൽകിയിട്ടുള്ള വിവരങ്ങളിൽ നിന്ന് പ്രത്യക്ഷ രീതിയിൽ ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണത്തിന്റെ പ്രവാഹം കണ്ടുപിടിക്കുക

**2017 മാർച്ച് 31–ന് അവസാനിക്കുന്ന വർഷത്തെ ലാഭ–നഷ്ട പത്രിക**

| *വിശദാംശങ്ങൾ* | *കുറിപ്പുകൾ* | *നടപ്പ് വർഷത്തെ തുക (₹)* |
|---|---|---|
| i) പ്രവർത്തന വരുമാനം | | 2,20,000 |
| ii) മറ്റ് വരുമാനം | | — |
| iii) ആകെ വരുമാനം (i+ii) | | 2,20,000 |
| iv) ചെലവുകൾ | | |
| അസംസ്കൃത വസ്തുക്കളുടെ ചെലവ് | | 1,20,000 |
| ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ | | 30,000 |
| ആസ്തി മൂല്യക്ഷയം | | 20,000 |
| മറ്റ് ചെലവുകൾ | | |
| ഇൻഷുറൻസ് പ്രീമിയം | | 8,000 |
| ആകെ ചെലവുകൾ | | 1,78,000 |
| v) നികുതിക്ക് മുൻപുള്ള ലാഭം (iii-iv) | | 42,000 |
| (-) വരുമാന നികുതി | | (10,000) |
| vi) നികുതിക്ക് ശേഷമുള്ള ലാഭം | | 32,000 |

*അധിക വിവരങ്ങൾ :*

| *വിശദാംശങ്ങൾ* | *ഏപ്രിൽ 01, 2016 (₹)* | *മാർച്ച് 31, 2017 (₹)* |
|---|---|---|
| ട്രേഡ് റിസീവബിൾസ് | 33,000 | 36,000 |
| ട്രേഡ് പേയബിൾസ് | 17,000 | 15,000 |
| നീക്കിയിരിപ്പു ചരക്ക് | 22,000 | 27,000 |
| ജീവനക്കാരുടെ ആനുകൂല്യം കുടിശ്ശികയുള്ളത് | 2,000 | 3,000 |
| മുൻകൂർ ഇൻഷുറൻസ് പ്രീമിയം | 5,000 | 5,500 |
| കുടിശ്ശിക ആദായ നികുതി | 3,000 | 2,000 |

***ഉത്തരം :***

**ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം (പ്രത്യക്ഷ രീതി)**

| *വിശദാംശങ്ങൾ* | *തുക (രൂപ)* |
|---|---|
| ഉപഭോക്താക്കളിൽ നിന്ന് പണം ലഭിച്ചത് | 2,17,000 |
| വിതരണക്കാർക്ക് പണം നൽകിയത് | (1,27,000) |
| ജീവനക്കാർക്ക് പണം നൽകിയത് | (29,000) |
| ഇൻഷുറൻസിന് പണം അടച്ചത് | (8,500) |
| പ്രവർത്തനങ്ങളിൽ നിന്ന് സ്വരൂപിച്ച പണം | 52,500 |
| ആദായനികുതി അടച്ചത് | (11,000) |
| പ്രവർത്തനങ്ങളിൽ നിന്നുള്ള അറ്റ പണപ്രവാഹം | **41,500** |

*പ്രവർത്തനക്കുറിപ്പുകൾ:*

1. ഉപഭോക്താക്കളിൽ നിന്നു ലഭിച്ച പണം = പ്രവർത്തനങ്ങളിൽ നിന്നു ലഭിച്ച വരുമാനം+വർഷാരംഭ ട്രേഡ് റിസീവബ്ൾസ്-വർഷാവസാന ട്രേഡ് റിസീവബ്ൾസ്

   = ₹ 2,20,000 + ₹ 33,000 – ₹ 36,000

   = ₹ 2,17,000

2. സാധനങ്ങളുടെ വാങ്ങിയ വില = പ്രവർത്തന വരുമാനത്തിനുണ്ടായ ചെലവ്-വർഷാരംഭ നീക്കിയിരിപ്പു ചരക്ക് + വർഷാവസാന നീക്കിയിരിപ്പു ചരക്ക്

   = ₹ 1,20,000 – ₹ 22,000 + ₹ 27,000

   = ₹ 1,25,000

3. വിതരണക്കാർക്ക് നൽകിയ പണം = സാധനങ്ങളുടെ വാങ്ങിയ വില+ വർഷാരംഭട്രേഡ് പേയബ്ൾസ്-വർഷാവസാന ട്രേഡ് പേയബ്ൾസ്

   = ₹ 1,25,000 + ₹ 17,000 – ₹ 15,000

   = ₹ 1,27,000

4. പണപരമായ ചെലവുകൾ = കുടിശ്ശികപരമായ ചെലവുകൾ + വർഷാരംഭ മുൻകൂർ ചെലവുകളും വർഷാവസാന കുടിശ്ശികച്ചെലവുകളും - വർഷാവസാന മുൻകൂർ ചെലവുകളും വർഷാരംഭ കുടിശ്ശികച്ചെലവുകളും.

5. ജീവനക്കാർക്ക് പണം നൽകിയത്

   = ₹ 30,000 + ₹ 2,000 – ₹ 3,000

   = ₹ 29,000

6. ഇൻഷുറൻസിന് പണം നൽകിയത്

   = ₹ 8,000 – ₹ 5,000 + ₹ 5,500

   = ₹ 8,500

7. ആദായ നികുതി അടച്ചത്

= ₹ 10,000+₹ 3,000 – ₹ 2,000

= ₹ 11,000

8. ഇവിടെ അസാധാരണ ഇനങ്ങൾ ഇല്ല.

### *6.6.2* പരോക്ഷ രീതി *(Indirect Method)*

പരോക്ഷരീതിയിൽ ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം നിർണയിക്കുന്നതിന് ആദ്യമായി പരിഗണിക്കേണ്ടത് അറ്റ ലാഭം/നഷ്ടം ആണ്. ലാഭ-നഷ്ട പത്രിക ഒരു സ്ഥാപനത്തിന്റെ എല്ലാ ദൈനംദിന പ്രവർത്തനങ്ങളുടെയും സ്വാധീനം ഉൾക്കൊള്ളുന്നു എന്നതാണ് ഇതിന് കാരണം. എന്നാൽ, ലാഭ-നഷ്ട പത്രിക കടിശ്ശിക രീതിയിലാണ് (രൊക്കം പണ രീതിയിലല്ല) തയാറാക്കുന്നത്. തന്നെയുമല്ല, ഇതിൽ പലിശ നൽകിയത്, സ്ഥിര ആസ്തികളുടെ വിൽപ്പന ലാഭം/നഷ്ടം തുടങ്ങിയ ദൈനംദിന പ്രവർത്തനങ്ങളിൽ ഉൾപ്പെടാത്ത ഇനങ്ങളും, ആസ്തി മൂല്യശോഷണം, ഗുഡ് വിൽ എഴുതിത്തള്ളൽ തുടങ്ങിയ പണപരമല്ലാത്ത ചെലവുകളും ഉൾപ്പെട്ടിട്ടുണ്ടാവും. അതിനാൽ, ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം നിർണയിക്കുന്നതിനായി ലാഭ-നഷ്ട പത്രികപ്രകാരമുള്ള അറ്റ ലാഭം/നഷ്ടം ക്രമീകരണങ്ങൾക്ക് വിധേയമാക്കേണ്ടതാണ്. താഴെ നൽകിയിരിക്കുന്ന ഉദാഹരണം ശ്രദ്ധിക്കുക:

**2017 മാർച്ച് 31ന് അവസാനിക്കുന്ന വർഷത്തെ ലാഭനഷ്ട പത്രിക**

| *വിശദാംശങ്ങൾ* | *കുറിപ്പുകൾ* | *നടപ്പ് വർഷത്തെ* തുക (₹) |
|---|---|---|
| i) പ്രവർത്തന വരുമാനം | | 1,00,000 |
| ii) മറ്റ് വരുമാനം | 1 | 2,000 |
| iii) ആകെ വരുമാനം (i+ii) | | 1,02,000 |
| iv) ചെലവുകൾ | | |
| അസംസ്കൃത വസ്തുക്കളുടെ-ചെലവ് | | 30,000 |
| സാധനങ്ങളുടെ വാങ്ങിയ വില | | 10,000 |
| ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ | | 10,000 |
| ധനകാര്യച്ചെലവുകൾ | | 5,000 |
| ആസ്തി മൂല്യക്ഷയം | | 5,000 |
| മറ്റ് ചെലവുകൾ | | 12,000 |
| | | 72,000 |
| v) നികുതിക്ക് മുൻപുള്ള ലാഭം (iii-iv) | | 30,000 |

കുറിപ്പ് 1: സ്ഥലത്തിന്റെ വിൽപ്പനലാഭം മറ്റ് വരുമാനത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

മുകളിൽ നൽകിയിട്ടുള്ള ലാഭ-നഷ്ട പട്ടികയിൽ കാണിച്ചിട്ടുള്ള അറ്റ ലാഭം ₹ 30,000 ആണ്. ഇതിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തി ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം എങ്ങനെ കണ്ടെത്താമെന്ന് നോക്കാം.

1. മൂല്യക്ഷയം ഒരു പണപരമല്ലാത്ത ചെലവാണ്. മൂല്യക്ഷയത്തിന്റെ തുകയായ ₹ 5,000 പണപ്രവാഹമുണ്ടാക്കുന്നില്ല. അതിനാൽ, ഈ തുക അറ്റലാഭത്തോട് കൂട്ടേണ്ടതാണ്.
2. ധനകാര്യച്ചെലവായ ₹ 5,000 ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പണ ബഹിർപ്രവാഹമാണ്. അതിനാൽ, ഈ തുകയും അറ്റലാഭത്തോട് കൂട്ടേണ്ടതാണ്. ഈ ചെലവുതുക തുടർന്ന് ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പണ ബഹിർപ്രവാഹത്തിൽ പരിഗണിക്കേണ്ടതാണ്.
3. മറ്റ് വരുമാനങ്ങൾ എന്ന ഇനത്തിൽ സ്ഥലത്തിന്റെ വിൽപ്പനലാഭമാണ് ഉൾപ്പെടുന്നത്. ഇത് നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള പണ അന്തർ പ്രവാഹമാണ്. അതിനാൽ, ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം കണ്ടുപിടിക്കുന്നതിന് മറ്റ് വരുമാനമായ ₹ 2,000 കുറയ്ക്കേണ്ട താണ്.

മുകളിൽ പ്രതിപാദിച്ച ഉദാഹരണത്തിൽ നിന്ന് അറ്റ ലാഭം/നഷ്ടത്തിൽ എങ്ങനെയാണ് വിവിധ ക്രമീകരണങ്ങൾ നടത്തേണ്ടതെന്ന് മനസ്സിലായല്ലോ? അറ്റലാഭം/നഷ്ടത്തെ ദൈനംദിന പ്രവർത്തനങ്ങളിലൂടെയുള്ള പണപ്രവാഹമാക്കി മാറ്റുന്നതിന് പ്രവർത്തന മൂലധനത്തിലുണ്ടായ മാറ്റവും (അതായത്, ഹ്രസ്വകാല ആസ്തികളും ഹ്രസ്വകാല ബാധ്യതകളും) പരിഗണിക്കണം. അതുകൊണ്ട്, ഹ്രസ്വകാല ആസ്തികളുടെ വർധനവും, ഹ്രസ്വകാല ബാധ്യതകളുടെ കുറവും പ്രവർത്തന ലാഭത്തിൽ നിന്ന് കുറയ്ക്കണം. എന്നാൽ, ഹ്രസ്വകാല ആസ്തികളുടെ കുറവും, ഹ്രസ്വകാല ബാധ്യതകളുടെ വർധനവും പ്രവർത്തനലാഭത്തോടൊപ്പം കൂട്ടണം. എങ്കിൽ മാത്രമേ ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള കൃത്യമായ അറ്റ പണപ്രവാഹം നിർണയിക്കാൻ കഴിയുകയുള്ളൂ.

അക്കൗണ്ടിംഗ് സ്റ്റാന്റേർഡ്-3 പ്രകാരം, പരോക്ഷ രീതിയിൽ ദൈനംദിന പ്രവർത്തന ങ്ങളിൽ നിന്നുള്ള അറ്റ പണപ്രവാഹം കണ്ടുപിടിക്കുന്നതിന്, അറ്റ ലാഭം/നഷ്ടത്തിൽ താഴെ പറയുന്ന ക്രമീകരണങ്ങളാണ് ചെയ്യേണ്ടത്:

- പണപരമല്ലാത്ത ഇനങ്ങളായ മൂല്യക്ഷയം, ഗുഡ്‌വിൽ എഴുതിത്തള്ളൽ, മാറ്റിവയ്ക്കൽ (പ്രൊവിഷൻ), മാറ്റിവെച്ച നികുതികൾ മുതലായവ കൂട്ടിച്ചേർക്കണം.
- നിക്ഷേപ ധനകാര്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പണപ്രവാഹയിനങ്ങൾ. ഓരോന്നിനെയും സ്വഭാവമനുസരിച്ചാണ് കണക്കിലെടുക്കേണ്ടത്.
- എല്ലാ നിക്ഷേപ-ധനകാര്യ വരുമാനങ്ങളും അറ്റ ലാഭ തുകയിൽ നിന്ന് കുറയ്ക്കണം, എന്നാൽ ഇത്തരം ചെലവുകൾ അറ്റലാഭത്തോട് കൂട്ടണം. ഉദാഹരണമായി, ധനകാര്യ ചെലവ് ധനകാര്യ പണ ബഹിർപ്രവാഹത്തിന് കാരണമാകുന്നതിനാൽ അറ്റലാഭ

ത്തോട് കൂട്ടുകയും, പലിശ ലഭിക്കുന്നതുപോലുള്ള മറ്റ് വരുമാനങ്ങൾ നിക്ഷേപ പ്രവർത്തനത്തിൽ നിന്നുള്ള പണ അന്തർപ്രവാഹത്തിന് കാരണമാകുന്നതിനാൽ അറ്റ ലാഭത്തിൽ നിന്ന് കുറയ്ക്കുകയും ചെയ്യുന്നു.

- പ്രസ്തുത കാലയളവിലെ ഹ്രസ്വകാല ആസ്തി-ബാധ്യതകളിലുണ്ടാവുന്ന മാറ്റം. ഹ്രസ്വകാല ആസ്തികളുടെ വർധനവ്, ഹ്രസ്വകാല ബാധ്യതകളുടെ കുറവ് എന്നിവ കുറയ്ക്കണം. എന്നാൽ, ഹ്രസ്വകാല ആസ്തികളുടെ കുറവും, ഹ്രസ്വകാല ബാധ്യതകളുടെ വർധനവും കൂട്ടണം. ഒരു സ്ഥാപനത്തിന്റെ ഭാവി പണപ്രവാഹം തിട്ടപ്പെടുത്തുന്നതിന് ഉപകരിക്കുന്ന വിവരങ്ങൾ പ്രത്യക്ഷരീതി ലഭ്യമാക്കുന്നു. എന്നാൽ പരോക്ഷ രീതിയിൽ ഇത്തരം വിവരങ്ങൾ ലഭ്യമല്ല. എന്നിരുന്നാലും, ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം നിർണയിക്കാൻ പ്രായോഗികമായും കൂടുതൽ കമ്പനികളും പരോക്ഷരീതിയാണ് ഉപയോഗിക്കുന്നത്.

ചിത്രം 6.4 ൽ, പരോക്ഷരീതിയിൽ ദൈനദിനപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം കണ്ടുപിടിക്കുന്നതിനുള്ള മാതൃക നൽകിയിരിക്കുന്നു :

**ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം**
**(പരോക്ഷ രീതി)**

| *വിശദാംശങ്ങൾ* | *തുക (₹)* |
|---|---|
| *നികുതിക്കും അസാധാരണ ഇനങ്ങൾക്കും മുൻപുള്ള അറ്റ ലാഭം/നഷ്ടം.* | |
| + മൂല്യക്ഷയം, ഗുഡ്‌വിൽ എഴുതിത്തള്ളൽ മുതലായ പണപരമല്ലാത്ത ഇനങ്ങൾ ലാഭ-നഷ്ട പത്രികയിൽ നിലവിൽ കിഴിവ് വരുത്തിയത്. | XXX |
| + പലിശ പോലുള്ള പ്രവർത്തനയിതര ഇനങ്ങൾ ലാഭ-നഷ്ട പത്രികയിൽ നിലവിൽ കിഴിവ് വരുത്തിയത്. | XXX |
| – ലാഭവിഹിതം ലഭിച്ചത്, സ്ഥിര ആസ്തികളുടെ വിൽപ്പനലാഭം തുടങ്ങിയ പ്രർത്തനയിതര വരുമാനങ്ങൾ ലാഭ-നഷ്ട പത്രികയിൽ ഉൾപ്പെടുത്തിയത്. | XXX |
| പ്രവർത്തനമൂലധനമാറ്റം കണക്കിലെടുക്കുന്നതിന് മുൻപുള്ള *പ്രവർത്തന ലാഭം* | |
| + ഹ്രസ്വകാല ബാധ്യതകളുടെ വർധനവ് | XXX |
| + ഹ്രസ്വകാല ആസ്തികളുടെ കുറവ് | XXX |
| – ഹ്രസ്വകാല ആസ്തികളുടെ വർധനവ് | XXX |
| – ഹ്രസ്വകാല ബാധ്യതകളുടെ കുറവ് | XXX |
| നികുതിക്കും അസാധാരണയിനങ്ങൾക്കും മുൻപുള്ള പണപ്രവാഹം | XXX |
| – ആദായ നികുതി നൽകിയത് | XXX |
| +/– അസാധാരണയിനങ്ങളുടെ ക്രമീകരണം | XXX |
| ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള അറ്റ പണം | **XXX** |

***ചിത്രം 6.4:** പരോക്ഷ രീതിയിൽ ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം*

പരോക്ഷ രീതിയിൽ ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം നിർണയിക്കുന്നത് ആരംഭിക്കേണ്ടത് 'നികുതിക്കും അസാധാരണയിനങ്ങൾക്കും ശേഷമുള്ള അറ്റ ലാഭം' പരിഗണിച്ചുകൊണ്ടാണ്. ലാഭ-നഷ്ട പത്രിക പ്രകാരമുള്ള അറ്റലാഭം പരിഗണിക്കേണ്ടതില്ല. അവസാന ഇനമായി ആദായ നികുതി അടച്ചത് കുറച്ചാണ് ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള അറ്റ പണപ്രവാഹം കണ്ടുപിടിക്കുന്നത്.

***നിർധാരണം: 2***

നിർധാരണം: 1-ൽ നൽകിയിട്ടുള്ള വിവരങ്ങൾ അടിസ്ഥാനമാക്കി, പരോക്ഷരീതി ഉപയോഗിച്ച് ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം കണ്ടുപിടിക്കുക.

***ഉത്തരം:***

**ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം (പരോക്ഷ രീതി)**

| | *വിശദാംശങ്ങൾ* | *തുക (₹)* |
|---|---|---|
| | നികുതിക്കും, അസാധാരണയിനങ്ങൾക്കും മുൻപുള്ള അറ്റലാഭം (കുറിപ്പ്:1) | 42,000 |
| | ക്രമീകരണം നടത്തേണ്ടത്: | |
| + | മൂല്യക്ഷയം | 20,000 |
| = | പ്രവർത്തനമൂലധന മാറ്റങ്ങൾക്ക് മുൻപുള്ള ലാഭം | 62,000 |
| – | ട്രേഡ് റിസീവബിൾസിലുള്ള വർധനവ് | (3,000) |
| – | നീക്കിയിരിപ്പ് ചരക്കിലുള്ള വർധനവ് | (5,000) |
| – | മുൻകൂർ ഇൻഷുറൻസിലുള്ള വർധനവ് | (500) |
| – | ട്രേഡ് പേയബിൾസിലുള്ള കുറവ് | (2,000) |
| + | ജീവനക്കാരുടെ കുടിശ്ശിക അനുകൂല്യങ്ങളിലുള്ള വർധനവ് | +1,000 |
| = | ദൈനംദിന പ്രവർത്തനങ്ങളിൽ നിന്ന് സ്വരൂപിച്ച പണം | 52,500 |
| – | ആദായ നികുതി നൽകിയത് | (11,000) |
| = | ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള അറ്റ പണം | **41,500** |

*പ്രത്യക്ഷ രീതി, പരോക്ഷ രീതി എന്നിവയിൽ ഏത് ഉപയോഗിച്ചാലും ഉത്തരമായി ലഭിക്കുന്ന ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹത്തിന്റെ തുക ഒന്നുതന്നെ ആയിരിക്കുമെന്ന് ഇതിലൂടെ മനസ്സിലാക്കാം.*

*പ്രവർത്തനക്കുറിപ്പ്: 1*

നികുതിക്കും, അസാധാരണയിനങ്ങൾക്കും മുൻപുള്ള അറ്റലാഭം:

| | | | |
|---|---|---|---|
| | അറ്റലാഭം | = | 32,000 |
| + | ആദായ നികുതി | = | 10,000 |
| = | നികുതിക്കും, അസാധാരണയിനങ്ങൾക്കും മുൻപുള്ള അറ്റലാഭം | = | 42,000 |

***നിർധാരണം :3***

താഴെ നൽകിയിരിക്കുന്ന വിശദാംശങ്ങളിൽ നിന്ന് ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം കണ്ടുപിടിക്കുക.

**2017 മാർച്ച് 31ന് അവസാനിക്കുന്ന വർഷത്തെ ലാഭ-നഷ്ട പത്രിക**

| *വിശദാംശങ്ങൾ* | *കുറിപ്പുകൾ* | *നടപ്പ് വർഷത്തെ* തുക (₹) |
|---|---|---|
| i) പ്രവർത്തനവരുമാനം | | 50,000 |
| ii) മറ്റ് വരുമാനം | 1 | 5,000 |
| iii) ആകെ വരുമാനം (i+ii) | | 55,000 |
| iv) ചെലവുകൾ | | |
| അസംസ്കൃത വസ്തുക്കളുടെ ചെലവ് | | 15,000 |
| ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ | | 10,000 |
| ആസ്തി മൂല്യക്ഷയം & എഴുതിത്തള്ളൽ ചെലവ് | 2 | 7,000 |
| മറ്റ് ചെലവുകൾ | 3 | 21,000 |
| ആകെ ചെലവുകൾ | | 53,000 |
| v) നികുതിക്ക് മുൻപുള്ള ലാഭം (iii-iv) | | 2,000 |

*പ്രവർത്തനക്കുറിപ്പുകൾ:*

| | | | |
|---|---|---|---|
| 1. | മറ്റ് വരുമാനം | = | മെഷിണറിയുടെ വിൽപ്പന ലാഭം ( 2,000 ) + ആദായ നികുതിയുടെ തിരിച്ചടവ് (3,000) |
| | | = | 5,000 |
| 2. | മൂല്യക്ഷയവും എഴുതിത്തള്ളൽ ചെലവും | = | മൂല്യക്ഷയം (5,000) + ഗുഡ്‌വിൽ എഴുതിത്തള്ളൽ ചെലവും (2,000) |
| | | = | 7,000 |
| 3. | മറ്റ് ചെലവുകൾ | = | വാടക (10,000) + ഉപകരണങ്ങളുടെ വിൽപ്പനനഷ്ടം (3,000) +നികുതിക്കുള്ള പ്രൊവിഷൻ (8,000) |
| | | = | 21,000 |

*അധിക വിവരങ്ങൾ :*

| | ഏപ്രിൽ 01, 2016 (₹) | മാർച്ച് 31, 2017 (₹) |
|---|---|---|
| നികുതിക്കുള്ള പ്രൊവിഷൻ | 10,000 | 13,000 |
| ട്രേഡ് പേയബ്ൾസ് | 2,000 | 2,500 |
| ട്രേഡ് റിസീവബ്ൾസ് | 21,000 | 25,000 |
| നീക്കിയിരിപ്പ് ചരക്ക് | 15,000 | 21,000 |
| വാടകക്കുടിശ്ശിക | 25,000 | 22,000 |

***ഉത്തരം:***

**ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം (പരോക്ഷ രീതി)**

| *വിശദാംശങ്ങൾ* | *തുക* (₹) |
|---|---|
| നികുതിക്കും, അസാധാരണയിനങ്ങൾക്കും മുൻപുള്ള അറ്റലാഭം | 7,000 |
| ( കുറിപ്പ്: 1) ക്രമീകരണം നടത്തേണ്ടത്: | |
| + മൂല്യക്ഷയം | 5,000 |
| + ഉപകരണങ്ങളുടെ വിൽപ്പന നഷ്ടം | 3,000 |
| + ഗുഡ്‌വിൽ എഴുതിത്തള്ളൽ | 2,000 |
| – മെഷിണറിയുടെ വിൽപ്പനലാഭം | (2,000) |
| പ്രവർത്തന മൂലധന മാറ്റങ്ങൾക്ക് മുൻപുള്ള ലാഭം | 15,000 |
| – ട്രേഡ് റിസീവബിൾസിലുള്ള വർധനവ് | (6,000) |
| + നീക്കിയിരിപ്പ് ചരക്കിലുള്ള കുറവ് | 3,000 |
| + ട്രേഡ് പേയബിൾസിലുള്ള വർധനവ് | 4,000 |
| + വാടകക്കുടിശ്ശികയിലുള്ള വർധനവ് | 500 |
| ദൈനംദിനപ്രവർത്തനങ്ങളിൽ നിന്ന് സ്വരൂപിച്ച പണം | 16,500 |
| ആദായ നികുതി നൽകിയത് (കുറിപ്പ്: 2) | (5,000) |
| ആദായ നികുതിയുടെ തിരിച്ചടവ് | 3,000 |
| ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള അറ്റ പണം | **14,500** |

*പ്രവർത്തനക്കുറിപ്പുകൾ :*

1. നികുതിക്കും അസാധാരണ ഇനങ്ങൾക്കും മുൻപുള്ള അറ്റ ലാഭം
   = 2,000 + 8,000 – 3,000
   = 7,000
2. തനത് വർഷം അടച്ച വരുമാന നികുതിയുടെ തുക കണ്ടു പിടിക്കുന്നതിന് പ്രൊവിഷൻ ഫോർ ടാക്സേഷൻ അക്കൗണ്ട് തയാറാക്കണം.

**പ്രൊവിഷൻ ഫോർ ടാക്സേഷൻ അക്കൗണ്ട്**

Dr. Cr.

| വിശദാംശങ്ങൾ | എൽ എഫ് | തുക (₹) | വിശദാംശങ്ങൾ | എൽ എഫ് | തുക (₹) |
|---|---|---|---|---|---|
| ക്യാഷ് (ആദായ നികുതി അടച്ചത്- ബാലൻസ് തുക) | | 5,000 | ബാലൻസ് b/d | | 10,000 |
| | | | പ്രോഫിറ്റ് & ലോസ് അക്കൗണ്ട് | | 8,000 |
| ബാലൻസ് c/d | | 13,000 | | | |
| | | **18,000** | | | **18,000** |

***നിർധാരണം :4***

ആസ്തികളുടെ മൂല്യക്ഷയം ₹ 20,000, ജനറൽ റിസർവ് ₹ 30,000 എന്നിവ കണക്കിലെടുത്ത ശേഷമുള്ള ചാൾസ് ലിമിറ്റഡിന്റെ വാർഷിക ലാഭം ₹1,00,000 ആയിരുന്നു. ഗുഡ്‌വിൽ എഴുതിത്തള്ളിയത് ₹ 7,000, മെഷിണറിയുടെ വിൽപ്പനയിലൂടെ ലഭിച്ച ലാഭം ₹ 3,000. ഹ്രസ്വകാല ആസ്തി ബാധ്യതകളിലുള്ള മാറ്റം താഴെ നൽകിയിരിക്കുന്നു:

ട്രേഡ് റിസീവബിൾസിലുള്ള വർധനവ് ₹ 3,000, ട്രേഡ് പേയബ്ൾസിലുള്ള വർധനവ് ₹ 6,000, മുൻകൂർ ചെലവുകളിലുള്ള വർധനവ് ₹ 200, കുടിശ്ശികച്ചെലവുകളിലുള്ള കുറവ് ₹ 2,000 .

ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം കണ്ടുപിടിക്കുക.

***ഉത്തരം***

**ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം (പരോക്ഷ രീതി)**

| വിശദാംശങ്ങൾ | തുക (₹) |
|---|---|
| നികുതിക്കും, അസാധാരണയിനങ്ങൾക്കും മുൻപുള്ള അറ്റലാഭം (കുറിപ്പ്: 1) | 1,30,000 |
| പണപരമല്ലാത്ത ഇനങ്ങൾ പ്രവർത്തനയിതര ഇനങ്ങൾ എന്നിവയുടെ ക്രമീകരണം : | |
| + മൂല്യക്ഷയം | 20,000 |
| + ഗുഡ്‌വിൽ എഴുതിത്തള്ളൽ | 7,000 |
| – മെഷിണറിയുടെ വിൽപ്പനലാഭം | (3,000) |

| | |
|---|---|
| പ്രവർത്തനമൂലധനമാറ്റങ്ങൾക്ക് മുൻപുള്ള ലാഭം | **1,54,000** |
| ഹ്രസ്വകാല ആസ്തി ബാധ്യതകളിലുള്ള മാറ്റം: | |
| – ട്രേഡ് റിസീവബിൾസിലുള്ള വർധനവ് | (3,000) |
| + ട്രേഡ് പേയബിൾസിലുള്ള വർധനവ് | 6,000 |
| – മുൻകൂർ ചെലവുകളിലുള്ള വർധനവ് | (200) |
| – കുടിശ്ശികച്ചെലവുകളിലുള്ള കുറവ് | (2,000) |
| = ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള അറ്റ പണം | **1,54,800** |

*പ്രവർത്തനക്കുറിപ്പുകൾ :*

നികുതിക്കും, അസാധാരണയിനങ്ങൾക്കും മുൻപുള്ള അറ്റലാഭം

(1): അറ്റലാഭം = ₹ 1,00,000

\+ ജനറൽ റിസർവ് = ₹ 30,000

= ₹ 1,30,000

**സ്വയം ചെയ്യുക:**

**2017 മാർച്ച് 31ന് അവസാനിക്കുന്ന വർഷത്തെ ലാഭ-നഷ്ട പത്രിക**

| *വിശദാംശങ്ങൾ* | *കുറിപ്പുകൾ* | *തുക (₹)* |
|---|---|---|
| i) പ്രവർത്തന വരുമാനം | 1 | 40,00,000 |
| ii) മറ്റ് വരുമാനം | 2 | 21,00,000 |
| iii) ആകെ വരുമാനം (i+ii) | | **61,00,000** |
| iv) ചെലവുകൾ | | |
| അസംസ്കൃകൃത വസ്തുക്കളുടെ ചെലവ് | 3 | 20,00,000 |
| നീക്കിയിരിപ്പ് ചരക്കിലുള്ള മാറ്റം | 4 | 1,00,000 |
| ആസ്തി മൂല്യക്ഷയം & എഴുതിത്തള്ളൽ ചെലവ് | 5 | 3,80,000 |
| മറ്റ് ചെലവുകൾ | 6 | 20,40,000 |
| **ആകെ ചെലവുകൾ** | | **45,20,000** |
| v) നികുതിക്ക് മുൻപുള്ള ലാഭം (iii-iv) | | 15,80,000 |

*പ്രവർത്തനക്കുറിപ്പുകൾ :*

| | | തുക (₹) |
|---|---|---|
| 1. | വിൽപ്പനയിലൂടെ പണമായി ലഭിച്ച വരുമാനം | 8,00,000 |
| | കടമായുള്ള വിൽപ്പനയിലൂടെ ലഭിച്ച വരുമാനം | 34,00,000 |
| | (-) : വിൽപ്പന മടക്കം | (2,00,000) |
| | വിൽപ്പനയിലൂടെയുള്ള അറ്റ വരുമാനം | **40,00,000** |
| 2. | ട്രേഡിങ് കമ്മീഷൻ | 20,40,000 |
| | സപ്ലയേഴ്സിൽ നിന്ന് ലഭിച്ച കിഴിവ് | 60,000 |
| | മറ്റ് വരുമാനങ്ങൾ | **21,00,000** |
| 3. | സാധനങ്ങൾ വാങ്ങുന്നതിന് പണമായി നൽകിയ ചെലവ് | 4,00,000 |
| | സാധനങ്ങൾ വാങ്ങുന്നതിന് കടമായി നൽകിയ ചെലവ് | 17,00,000 |
| | (-): വാങ്ങൽ മടക്കം | (1,00,000) |
| | ഉപയോഗിച്ച സാധനങ്ങളുടെ അറ്റ ചെലവ് (Net) | **20,00,000** |

4. ഉൽപ്പന്നങ്ങളുടെ നീക്കിയിരിപ്പിലുള്ള മാറ്റം = പ്രാരംഭ നീക്കിയിരിപ്പ്-സമാപ്ത നീക്കിയിരിപ്പ്.
 = Rs 2,00,000 – Rs 1,00,000
 = Rs 1,00,000

5. മൂല്യക്ഷയവും എഴുതിത്തള്ളൽ ചെലവും = മൂല്യക്ഷയം + എഴുതിത്തള്ളൽച്ചെലവ്
 = Rs 3,80,000 + 0
 = Rs 3,80,000

6. മറ്റ് ചെലവുകൾ = 10,20,000 (ഭരണനിർവഹണ ചെലവുകൾ) + 1,20,000 (ഉപഭോക്താക്കൾ അനുവദിച്ച കിഴിവ്) + 1,00,000 (കിട്ടാക്കടം) + 8,00,000(നികുതിക്കായുള്ള പ്രൊവിഷൻ)
 = Rs 20,40,000

*അധിക വിവരങ്ങൾ :*

| | 1/4/2016 (₹) | 31/3/2017 (₹) |
|---|---|---|
| ട്രേഡ് റിസീവബ്ൾസ് | 20,00,000 | 40,00,000 |
| ട്രേഡ് പേയബ്ൾസ് | 20,00,000 | 10,00,000 |
| ഭരണനിർവഹണച്ചെലവുകളുടെ കുടിശ്ശിക | 10,000 | 20,000 |
| ഭരണനിർവഹണച്ചെലവുകൾ മുൻകൂർ നൽകിയത് | 20,000 | 10,000 |
| ട്രേഡിങ് ചെലവുകളുടെ കുടിശ്ശിക | 20,000 | 40,000 |
| ട്രേഡിങ് ചെലവുകൾ മുൻകൂർ നൽകിയത് | 40,000 | 20,000 |
| നികുതിയുടെ പ്രൊവിഷൻ | 10,00,000 | 12,00,000 |

ആവശ്യമായ കണക്കുകൂട്ടലുകൾ നൽകി ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള പണം നിർണയിക്കുക.

2. താഴെ നൽകിയിരിക്കുന്ന വിവരങ്ങളിൽ നിന്ന് ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള അറ്റ പണം കണ്ടുപിടിക്കുക.

| *വിശദാംശങ്ങൾ* | തുക (₹) |
|---|---|
| ദൈനംദിന പ്രവർത്തനലാഭം (നികുതിക്കുള്ള പ്രൊവിഷൻ 1,53,000 കണക്കിലെടുത്ത ശേഷം) | 6,28,000 |
| ഇൻഷുറൻസിന്റെ അന്തിമ തീർപ്പാക്കൽ പ്രകാരം ലഭിച്ച തുക | 1,00,000 |
| നടപ്പ് വർഷത്തെ ശുപാർശ ചെയ്ത ലാഭവിഹിതം | 72,000 |
| മൂല്യക്ഷയം | 1,40,000 |
| മെഷിണറിയുടെ വിൽപ്പന നഷ്ടം | 30,000 |
| നിക്ഷേപ വിൽപ്പന നഷ്ടം | 20,000 |
| നിക്ഷേപങ്ങൾക്ക് ലഭിച്ച ലാഭവിഹിതം | 6,000 |
| പണവും, പണതുല്യ ആസ്തികളും ഒഴികെയുള്ള ഹ്രസ്വകാല ആസ്തികളുടെ കുറവ് | 10,000 |
| ഹ്രസ്വകാല ബാധ്യതകളുടെ വർധനവ് | 1,51,000 |
| പണവും, പണതുല്യ ആസ്തികളും ഒഴികെയുള്ള ഹ്രസ്വകാല ആസ്തികളുടെ വർധനവ് | 6,00,000 |
| ഹ്രസ്വകാല ബാധ്യതകളുടെ കുറവ് | 64,000 |
| ആദായ നികുതി അടച്ചത് | 1,18,000 |
| ആദായ നികുതി തിരിച്ചടവ് ലഭിച്ചത് | 3,000 |

## സ്വയം വിലയിരുത്തൽ – II

1. ചോദ്യങ്ങളുടെ ബ്രായ്ക്കറ്റിൽ നൽകിയിരിക്കുന്നവയിൽ നിന്ന് ഉചിതമായ ഉത്തരം തിരഞ്ഞെടുത്ത് പൂരിപ്പിക്കുക.

(a) ഒരു വർഷത്തെ അറ്റലാഭം ₹ 50,000 ആയിരുന്നു. ഡെബ്റ്റേഴ്സിൽ നിന്ന് വർഷാരംഭവും, വർഷാവസാനവും ലഭിക്കാനുള്ള തുക യഥാക്രമം ₹10,000, ₹ 20,000 ആയിരുന്നു. എന്നാൽ ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള പണം .......... ആണ് . (₹ 40,000/₹ 60,000)

(b) ഒരു വർഷത്തെ അറ്റലാഭം ₹ 50,000 ആയിരുന്നു. ആ വർഷ കാലയളവിൽ ബിൽസ് റിസീവബ്ളിൽ ഉണ്ടായ കുറവ് ₹ 10,000 ആയിരുന്നു. എന്നാൽ ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണം .......... ആണ്. (₹40,000/ ₹ 60,000)

(c) വർഷാവസാനമുള്ള മുൻകൂർചെലവ്, പ്രസ്തുത കാലയളവിലെ ലാഭത്തിനോടൊപ്പം ................. ആണ് ചെയ്യേണ്ടത്. (കൂട്ടുക/കുറയ്ക്കുക)

(d) നിശ്ചിത കാലയളവിൽ കുടിശ്ശിക വരുമാനത്തിലുണ്ടായ വർധനവ് അറ്റ ലാഭത്തോട് ............. ആണ് ചെയ്യേണ്ടത്. (കൂട്ടുക/കുറയ്ക്കുക)

(c) ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം കണ്ടു പിടിക്കുന്നതിന്, ഗുഡ്വിൽ എഴുതിത്തള്ളുന്നത് ലഭത്തോടൊപ്പം ........ ആണ് ചെയ്യെണ്ടത്. (കൂട്ടുക/കുറയ്ക്കുക)

(f) ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം കണ്ടു പിടിക്കുന്നതിന്, സംശയാസ്പദ കടത്തിനുള്ള പ്രൊവിഷൻ പ്രസ്തുത വർഷത്തെ ലാഭത്തോട് ....... ചെയ്യുന്നു. (കൂട്ടുന്നു/കുറയ്ക്കുന്നു)

2. ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം കണ്ടുപിടിക്കുന്നതിന്, താഴെ നൽകിയിരിക്കുന്ന ഇനങ്ങൾ അറ്റലാഭത്തിൽ നിന്ന് കൂട്ടകയാണോ, കുറയ്ക്കുകയാണോ ചെയ്യേണ്ടതെന്ന് സൂചിപ്പിക്കുക. ഏതെങ്കിലും ഇനങ്ങൾ പരിഗണിക്കേണ്ടതില്ലെങ്കിൽ (NC) എന്ന് എഴുതുക

| *ഇനങ്ങൾ* | *പരിഗണിക്കേണ്ട രീതി* |
|---|---|
| (a) ക്രെഡിറ്റേഴ്സിന്റെ തുകയിലുള്ള വർധനവ് | |
| (b) നിർമ്മാണ അവകാശത്തിന്റെ തുകയിലുള്ള വർധനവ്. | |
| (c) മുൻകൂർചെലവിലുള്ള കുറവ് | |
| (d) മുൻകൂർ വരുമാനത്തിലുള്ള കുറവ് | |
| (e) നീക്കിയിരിപ്പ് ചരക്കിന്റെ തുകയിലുള്ള കുറവ് | |
| (f) ഓഹരി മൂലധനത്തിലുള്ള വർധനവ് | |

(g) ട്രേഡ് റിസീവബിൾസിന്റെ തുകയിലുള്ള വർധനവ്.
(h) കുടിശ്ശികച്ചെലവുകളിലുള്ള വർധനവ്
(i) കടപ്പത്രങ്ങൾ ഓഹരികളാക്കി മാറ്റുന്നത്.
(j) ട്രേഡ് പേയബിൾസിന്റ തുകയിലുള്ള കുറവ്
(k) ട്രേഡ് റിസീവബിൾസിന്റെ തുകയിലുള്ള കുറവ്
(l) കുടിശ്ശിക വരുമാനത്തുകയിലുള്ള കുറവ്.

ചില സാഹചര്യങ്ങളിൽ അറ്റ ലാഭത്തിന്റെ തുകയോ, ലാഭ-നഷ്ട പത്രികയോ ലഭ്യമായിരിക്കില്ല. ഇത്തരം സാഹചര്യങ്ങളിൽ, രണ്ട് വർഷങ്ങളിലെ താരതമ്യ ബാക്കിപത്രം ഉപയോഗിച്ച് ലാഭ-നഷ്ട പത്രികയുടെ തുകകൾ തമ്മിലുള്ള വ്യത്യാസം അറ്റ ലാഭമായി പരിഗണിക്കാം. ഇങ്ങനെ ലഭിക്കുന്ന അറ്റ ലാഭം തനത് വർഷത്തെ നികുതി പ്രൊവിഷനുമായി ബന്ധപ്പെട്ട ക്രമീകരണം നടത്തി നികുതിക്ക് മുൻപുള്ള അറ്റലാഭമായി മാറ്റാവുന്നതാണ്. (നിർധാരണം 7, 8 എന്നിവ കാണുക)

## 6.7 നിക്ഷേപ – ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം നിർണയിക്കൽ (Ascertainment of Cash Flow from Investing and Financing Activities)

നിക്ഷേപ-ധനകാര്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പണ അന്തർപ്രവാഹവും, ബഹിർപ്രവാഹവും ഉണ്ടാക്കുന്ന ഇനങ്ങളെക്കുറിച്ച് നമ്മൾ ചർച്ച ചെയ്തുവല്ലോ? പണപ്രവാഹപട്ടിക തയാറാക്കുമ്പോൾ, 'നിക്ഷേപപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം', 'ധനകാര്യപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം' എന്നീ പ്രത്യേക തലക്കെട്ടുകളിൽ ഉൾപ്പെടുത്തി നിക്ഷേപ-ധനകാര്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ പ്രധാന പണമിടപാടുകളും കാണിക്കേണ്ടതുണ്ട്. നിക്ഷേപ-ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള അറ്റ പണപ്രവാഹം എങ്ങനെ കണ്ടു പിടിക്കാമെന്ന് നിർധാരണം 5, 6 എന്നിവയിൽ വിശദീകരിച്ചിരിക്കുന്നു.

***നിർധാരണം: 5***

വെൽ പ്രിന്റ് ലിമിറ്റഡിന്റെ താഴെ നൽകിയിട്ടുള്ള വിവരങ്ങളിൽ നിന്ന് നിക്ഷേപ പ്രവർത്തനങ്ങളിൽനിന്നുള്ള പണപ്രവാഹം കണ്ടു പിടിക്കുക.

| | തുക (₹) |
|---|---|
| ഏപ്രിൽ 1, 2016 ലെ മെഷിണറി | 50,000 |
| മാർച്ച് 31, 2017 ലെ മെഷിണറി | 60,000 |
| ഏപ്രിൽ 1, 2016 ലെ സഞ്ചിത മൂല്യക്ഷയം | 25,000 |
| മാർച്ച് 31, 2017 ലെ സഞ്ചിത മൂല്യക്ഷയം | 15,000 |

2016-17 കാലയളവിൽ, ₹ 25,000 വിലയുള്ളതും, ₹ 15,000 സഞ്ചിത മൂല്യക്ഷയമുള്ളതുമായ മെഷിണറി വിൽപ്പന നടത്തി ₹13,000 ലഭിച്ചു.

**ഉത്തരം:**

| *നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം:* | *തുക (₹)* |
|---|---|
| മെഷിണറി വിറ്റത് | 13,000 |
| മെഷിണറി വാങ്ങിയത് | (35,000) |
| നിക്ഷേപ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച അറ്റ പണം | **(22,000)** |

*പ്രവർത്തനക്കുറിപ്പ്:*

**മെഷിണറി അക്കൗണ്ട്**

*Dr.* *Cr.*

| *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക (₹)* | *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക (₹)* |
|---|---|---|---|---|---|
| ബാലൻസ് b/d | | 50,000 | ക്യാഷ് (മെഷിണറി വിറ്റത്) | | 13,000 |
| ലാഭ-നഷ്ട പത്രിക *(വിൽപ്പന നഷ്ടം)* | | 3,000 | സഞ്ചിത മൂല്യക്ഷയം | | 15,000 |
| ക്യാഷ് *(മെഷിണറി വാങ്ങിയത്-ബാലൻസിങ് തുക)* | | 35,000 | ബാലൻസ് c/d | | 60,000 |
| | | **88,000** | | | **88,000** |

**സഞ്ചിത മൂല്യക്ഷയ അക്കൗണ്ട്**

*Dr.* *Cr.*

| *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക (₹)* | *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക (₹)* |
|---|---|---|---|---|---|
| മെഷിണറി | | 15,000 | ബാലൻസ് b/d | | 25,000 |
| ബാലൻസ് c/d | | 15,000 | ലാഭ-നഷ്ട പത്രിക (തനത്‌വർഷത്തെ മൂല്യക്ഷയം) | | 5,000 |
| | | **30,000** | | | **30,000** |

***നിർധാരണം :6***

നൽകിയിരിക്കുന്ന വിശദാംശങ്ങളിൽ നിന്ന് ധനകാര്യപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം കണ്ടുപിടിക്കുക.

| | ഏപ്രിൽ 1, 2016 (₹) | മാർച്ച് 31, 2017 (₹) |
|---|---|---|
| ദീർഘകാല വായ്പകൾ | 2,00,000 | 2,50,000 |

നടപ്പ് വർഷം കമ്പനി ₹ 1,00,000 വായ്പാ തിരിച്ചടവ് നടത്തി.

***ഉത്തരം:***

**ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം:**

| | |
|---|---|
| ദീർഘകാല വായ്പയിലൂടെ ലഭിച്ച തുക | 1,50,000 |
| ദീർഘകാല വായ്പയുടെ തിരിച്ചടവ് | (1,00,000) |
| ധനകാര്യപ്രവർത്തനങ്ങളിൽ നിന്നുള്ള അറ്റ പണ അന്തർപ്രവാഹം | *50,000* |

*പ്രവർത്തനക്കുറിപ്പുകൾ:*

**ദീർഘകാല വായ്പ അക്കൗണ്ട്**

*Dr.* *Cr.*

| *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക* (₹) | *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക* (₹) |
|---|---|---|---|---|---|
| ക്യാഷ് (വായ്പ തിരിച്ചടവ്) | | 1,00,000 | ബാലൻസ് b/d | | 2,00,000 |
| ബാലൻസ് c/d | | 2,50,000 | ക്യാഷ് (പുതിയ വായ്പ, ബാലൻസിങ് തുക) | | 1,50,000 |
| | | **3,50,000** | | | **3,50,000** |

**സ്വയം ചെയ്യുക**

1. നൽകിയിരിക്കുന്ന വിവരങ്ങളിൽ നിന്ന് നിക്ഷേപപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം കണ്ടുപിടിക്കുക.

| | *വാങ്ങിയത്* (₹) | *വിറ്റത്* (₹) |
|---|---|---|
| പ്ലാന്റ് | 4,40,000 | 50,000 |
| ഇൻവെസ്റ്റുമെന്റ്സ് | 1,80,000 | 1,00,000 |
| ഗുഡ്‌വിൽ | 2,00,000 | —— |
| പേറ്റന്റ്സ് | —— | 1,00,000 |

കടപ്പത്രനിക്ഷേപത്തിന് പലിശ ലഭിച്ചത് ₹ 60,000

ഓഹരി നിക്ഷേപത്തിന് ലാഭ വിഹിതം ലഭിച്ചത് ₹ 10,000

നിക്ഷേപാവശ്യത്തിനായി ഒരു സ്ഥലം വാങ്ങി. അത് വാണിജ്യ ആവശ്യങ്ങൾക്കായി നൽകിയതിൽ നിന്ന് ലഭിച്ച വാടക ₹ 30,000.

2. നൽയിട്ടുള്ള വിശദാംശങ്ങളിൽ നിന്ന് നിക്ഷേപ-ധനകാര്യ പ്രവർത്തനങ്ങളിനിന്നുള്ള പണപ്രവാഹം നിർണയിക്കുക.

| *വിശദാംശങ്ങൾ* | *2016* (₹) | *2017* (₹) |
|---|---|---|
| മെഷിണിയുടെ മുടക്ക് തുക | 5,00,000 | 9,00,000 |
| സഞ്ചിതമൂല്യക്ഷയം | 3,00,000 | 4,50,000 |
| സാധാരണ ഓഹരിമൂലധനം | 28,00,000 | 35,00,000 |
| ബാങ്ക്‌വായ്പ | 12,50,000 | 7,50,000 |

2017ൽ ₹ 2,00,000 വിലയുള്ള മെഷിണറി ₹ 1,50,000 ലാഭത്തിന് വിറ്റു. 2017-ൽ മെഷിണറിക്ക് ഈടാക്കിയ മൂല്യക്ഷയം ₹ 2,50,000 ആണ്.

## 6.8 പണപ്രവാഹ പത്രിക തയാറാക്കൽ (Preparation of Cash Flow Statement)

നിശ്ചിത അക്കൗണ്ടിംഗ് കാലയളവിൽ ഒരു സ്ഥാപനത്തിന്റെ പണത്തിന്റെയും പണതുല്യ ആസ്തികളുടെയും സ്ഥിതിയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നവയാണ് പണപ്രവാഹ പത്രിക. ഈ സ്ഥിതിമാറ്റത്തിന് കാരണമാകുന്ന പ്രവർത്തനങ്ങളെ ദൈനംദിന, നിക്ഷേപ, ധനകാര്യ പ്രവർത്തനങ്ങളായി തരംതിരിച്ചിരിക്കുന്നു. ഈ മൂന്നു തരം പ്രവർത്തനങ്ങളിൽ നിന്ന് ഒരു പ്രത്യേക കാലയളവിലുള്ള അറ്റ പണപ്രവാഹം (ഉപയോഗം) നിർണയിക്കുന്നതിനുള്ള പത്രികയുടെ മാതൃക ചിത്രം:6.2ൽ നൽകിയത് ശ്രദ്ധിച്ചുവല്ലോ? ഒരു പണപ്രവാഹപ്പത്രിക തയാറാക്കുമ്പോൾ ഈ മൂന്ന് തരം പ്രവർത്തനങ്ങളിൽ നിന്നുമുള്ള പണ അന്തർപ്രവാഹത്തിന്റെയും, ബഹിർപ്രവാഹത്തിന്റെയും പൂർണമായ വിശദാംശങ്ങൾ നൽകുകയും, അവയിൽ നിന്നുള്ള അറ്റ പണപ്രവാഹം നിർണയിക്കുകയും ചെയ്യേണ്ടതുണ്ട്. മൂന്ന് മേഖലകളിൽ നിന്നുമുള്ള പണപ്രവാഹത്തിന്റെ ആകെ തുകയിൽ നിന്ന് 'പണം, പണതുല്യ ആസ്തികൾ എന്നിവയുടെ അറ്റ വർധനവ്/കുറവ്' കണ്ടു പിടിക്കാവുന്നതാണ്. ഇതിൽ നിന്ന് 'വർഷാരംഭത്തിലുള്ള പണവും, പണതുല്യ ആസ്തികളും' കുറച്ചാൽ, 'വർഷാവസാനമുള്ള പണവും, പണതുല്യ ആസ്തികളും' എത്രയെന്ന് ലഭിക്കും. ഇങ്ങനെ കണ്ടെത്തുന്ന തുക, ബാലൻസ് ഷീറ്റ് പ്രകാരമുള്ള കൈവശപ്പണം, ബാങ്കിലുള്ള പണം, പണതുല്യ ആസ്തികൾ എന്നിവയുടെ ആകെ തുകയ്ക്ക് സമാനമായിരിക്കും (നിർധാരണം 7 മുതൽ 10 വരെ കാണുക)

മറ്റൊരു ശ്രദ്ധേയമായ കാര്യം, ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം കണ്ടുപിടിക്കുന്നതിന് പരോക്ഷ രീതിയാണ് ഉപയോഗിക്കുന്നതെങ്കിൽ 'പണപ്രവാഹ പത്രികയുടെ പരോക്ഷ രീതി' എന്നാണ് അറിയപ്പെടുന്നത്. നിർധാരണം 7,8,9 എന്നിവയിൽ ഈ പരോക്ഷ രീതിയാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ, ദൈനംദിനപ്രവർ

ത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം കണ്ടുപിടിക്കുന്നതിന് പ്രത്യക്ഷരീതിയാണ് ഉപയോഗിക്കുന്നതെങ്കിൽ, അതിനെ 'പണപ്രവാഹ പത്രികയുടെ പ്രത്യക്ഷ രീതി' എന്ന് വിളിക്കാം. നിർധാരണം 10–ൽ ഈ രണ്ട് രീതികളും ഉപയോഗിച്ചിരിക്കുന്നു. ഏത് രീതിയാണ് ഉപയോഗിക്കേണ്ടത് എന്ന് പ്രത്യേകം പരാമർശിക്കുന്നില്ലെങ്കിൽ, പ്രായോഗികമായി കൂടുതൽ കമ്പനികളും ഉപയോഗിക്കാറുള്ള പരോക്ഷ രീതിയിൽ പണപ്രവാഹ പത്രിക തയാറാക്കുന്നതാണ് അഭികാമ്യം.

***നിർധാരണം: 7***

നൽകിയിരിക്കുന്ന വിവരങ്ങൾ അടിസ്ഥാനമാക്കി പയനിയർ ലിമിറ്റഡിനു വേണ്ടി പണപ്രവാഹപ്പത്രിക തയാറാക്കുക.

**പയനിയർ ലിമിറ്റഡിന്റെ ബാലൻസ് ഷീറ്റ്**

| *വിശദാംശങ്ങൾ* | *നോട്ട് നമ്പർ* | *മാർച്ച് 31 2017 (₹)* | *മാർച്ച് 31 2016 (₹)* |
|---|---|---|---|
| **I. ഇക്വിറ്റിയും, ബാധ്യതകളും** | | | |
| 1. ഓഹരിയുടമകളുടെ ഫണ്ട് | | | |
| a) ഓഹരി മൂലധനം | 1 | 7,00,000 | 5,00,000 |
| b) റിസർവ് & സർപ്ലസ് | 2 | 3,50,000 | 2,00,000 |
| 2. ദീർഘകാല ബാധ്യതകൾ | | | |
| ബാങ്ക് വായ്പ | | 50,000 | 1,00,000 |
| 3. ഹ്രസ്വകാല ബാധ്യതകൾ | | | |
| a) ട്രേഡ് പേയബിൾസ് | | 45,000 | 50,000 |
| b) കുടിശ്ശികവാടക | | 7,000 | 5,000 |
| c) ഹ്രസ്വകാല പ്രൊവിഷനുകൾ | 3 | 1,20,000 | 80,000 |
| **ആകെ** | | **12,72,000** | **9,35,000** |
| **II. ആസ്തികൾ** | | | |
| 1. ദീർഘകാല ആസ്തികൾ | | | |
| a) സ്ഥിര ആസ്തികൾ | | | |
| (i) ദൃശ്യ ആസ്തികൾ | 4 | 5,00,000 | 5,00,000 |
| (ii) അദൃശ്യ ആസ്തികൾ | 5 | 95,000 | 1,00,000 |
| b) ദീർഘകാല നിക്ഷേപങ്ങൾ | | 1,00,000 | - |
| 2. ഹ്രസ്വകാല ആസ്തികൾ | | | |
| a) നീക്കിയിരിപ്പ് ചരക്ക് | | 1,30,000 | 50,000 |
| b) ട്രേഡ് റിസീവബിൾസ് | | 1,20,000 | 80,000 |
| c) പണവും പണതുല്യ ആസ്തികളും | 6 | 3,27,000 | 2,05,000 |
| **ആകെ** | | **12,72,000** | **9,35,000** |

*അക്കൗണ്ടിനുള്ള കുറിപ്പുകൾ:*

| *വിശദാംശങ്ങൾ* | *നോട്ട് നമ്പർ* | *മാർച്ച് 31 2017 (₹)* | *മാർച്ച് 31 2016 (₹)* |
|---|---|---|---|
| 1. ഇക്വിറ്റി ഓഹരി മൂലധനം | | **7,00,000** | **5,00,000** |
| 2. റിസർവ് & സർപ്ലസ് | | | |
| സർപ്ലസ് (ലാഭ-നഷ്ട പത്രികയുടെ ബാലൻസ്) | | **3,50,000** | **2,00,000** |
| 3. ഹ്രസ്വകാല പ്രൊവിഷനുകൾ | | | |
| ശുപാർശ ചെയ്ത ലാഭവിഹിതം | | 70,000 | 50,000 |
| നികുതിക്കുള്ള പ്രൊവിഷൻ | | 50,000 | 30,000 |
| | | **1,20,000** | **80,000** |
| 4. സ്ഥിര ആസ്തികൾ | | | |
| ദൃശ്യ ആസ്തികൾ: | | | |
| ഉപകരണങ്ങൾ | | 2,30,000 | 2,00,000 |
| ഫർണിച്ചർ | | 2,70,000 | 3,00,000 |
| | | **5,00,000** | **5,00,000** |
| 5. അദൃശ്യ ആസ്തികൾ | | | |
| പേറ്റന്റ്സ് | | **95,000** | **1,00,000** |
| 6. പണവും, പണതുല്യ ആസ്തികളും | | | |
| i) ക്യാഷ് | | 27,000 | 5,000 |
| ii) ബാങ്ക് ബാലൻസ് | | 3,00,000 | 2,00,000 |
| | | **3,27,000** | **2,05,000** |

നടപ്പ് വർഷം ₹ 80,000 രൂപയുടെ ഉപകരണങ്ങൾ വാങ്ങി. ഉപകരണങ്ങളുടെ വിൽപ്പനയിൽ ഉണ്ടായ നഷ്ടം ₹ 5,000. ഉപകരണങ്ങളുടെയും, ഫർണിച്ചറിന്റെയും മൂല്യക്ഷയം ₹ 15,000, ₹ 3,000 എന്ന ക്രമത്തിലാണ്.

***ഉത്തരം:***

**പണപ്രവാഹ പത്രിക**

| | *വിശദാംശങ്ങൾ* | തുക (₹) |
|---|---|---|
| **I.** | **ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം:** നികുതിക്കും അസാധാരണ ഇനങ്ങൾക്കും മുൻപുള്ള ലാഭം പ്രൊവിഷനുകൾ: | 2,70,000 |

| | | |
|---|---|---|
| | ഉപകരണങ്ങളുടെ മൂല്യക്ഷയം | 15,000 |
| | ഫർണിച്ചറിന്റെ മൂല്യക്ഷയം | 30,000 |
| | പേറ്റന്റ് എഴുതിത്തള്ളിയത് | 5,000 |
| | ഉപകരണങ്ങളുടെ വിൽപ്പന നഷ്ടം | 5,000 |
| | പ്രവർത്തന മൂലധന മാറ്റത്തിന് മുൻപുള്ള ഓപ്പറേറ്റിങ് ലാഭം | 3,25,000 |
| | – ട്രേഡ് പേയബിൾസിലുള്ള കുറവ് | (5,000) |
| | + കുടിശ്ശികവാടകയിലുള്ള വർധനവ് | 2,000 |
| | – ട്രേഡ് റിസീവബിൾസിലുള്ള വർധനവ് | (40,000) |
| | – നീക്കിയിരിപ്പ് ചരക്കിലെ വർധനവ് | (80,000) |
| | ദൈനംദിനപ്രവർത്തനങ്ങളിൽ നിന്ന് സ്വരൂപിച്ച പണം | 2,02,000 |
| | (–) നികുതി അടച്ചത് | (30,000) |
| A. | ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം | 1,72,000 |
| **II.** | **നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം** | |
| | ഉപകരണങ്ങൾ വിറ്റ് കിട്ടിയ തുക | 30,000 |
| | പുതിയ ഉപകരണങ്ങൾ വാങ്ങിയത് | (80,000) |
| | നിക്ഷേപങ്ങൾ നടത്തിയത് | (1,00,000) |
| B. | നിക്ഷേപപ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച പണം | (1,50,000) |
| **III.** | **ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം** | |
| | ഇക്വിറ്റി ഓഹരികൾ പുറപ്പെടുവിച്ചത് | 2,00,000 |
| | ബാങ്ക്വായ്പയുടെ തിരിച്ചടവ് | (50,000) |
| | ലാഭവിഹിതം നൽകിയത് | (50,000) |
| C. | ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പണ അന്തർപ്രവാഹം | **1,00,000** |
| | പണം, പണതുല്യ ആസ്തികളിലുള്ള അറ്റ വർധനവ് (A+B+C) | 1,22,000 |
| | + വർഷാരംഭ പണ പണതുല്യ ആസ്തികൾ | 2,05,000 |
| | വർഷാവസാന പണ പണതുല്യ ആസ്തികൾ | **3,27,000** |

*പ്രവർത്തനക്കുറിപ്പുകൾ:*

(1)

**ഉപകരണങ്ങളുടെ അക്കൗണ്ട്**

*Dr.* *Cr.*

| *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക (₹)* | *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക (₹)* |
|---|---|---|---|---|---|
| ബാലൻസ b/d | | 2,00,000 | മൂല്യക്ഷയം (ബാലൻസിങ് തുക) | | 15,000 |
| ക്യാഷ് | | 80,000 | ബാങ്ക് | | 30,000 |
| | | | ലാഭ-നഷ്ട പത്രിക (വിൽപ്പന നഷ്ടം) | | 5,000 |
| | | | ബാലൻസ് c/d | | 2,30,000 |
| | | **2,80,000** | | | **2,80,000** |

(2) തനത് വർഷം എഴുതിത്തള്ളിയ പേറ്റന്റ് ₹ 5,000 (1,00,000 – 95,000). ഫർണിച്ചറിന്റെ മൂല്യക്ഷയം ₹ 30,000 (₹ 3,00,000 – ₹ 2,70,000)

(3) 2015-16 വർഷത്തെ ലാഭവിഹിതം ₹ 50,000, നികുതി ₹ 30,000 എന്നിവ 2016-17 വർഷത്തിലാണ് നൽകിയത് എന്ന് അനുമാനിക്കുന്നു. അതിനാൽ, തനത് വർഷത്തെ ശുപാർശിത ലാഭവിഹിതവും, നികുതി പ്രൊവിഷനും ₹ 70,000, ₹ 50,000 എന്ന ക്രമത്തിലായിരിക്കും.

| | | *തുക (₹)* |
|---|---|---|
| (4) | വർഷാവസാന ലാഭ-നഷ്ട അക്കൗണ്ട് | 3,50,000 |
| | (–) വർഷാരംഭ ലാഭ-നഷ്ട അക്കൗണ്ട് | 2,00,000 |
| (5) | തനത് വർഷത്തെ അറ്റ ലാഭം | 1,50,000 |
| | + നികുതി പ്രൊവിഷൻ | 50,000 |
| | + ശുപാർശ ചെയ്ത ലാഭവിഹിതം | 70,000 |
| | നികുതിക്കും, അസാധാരണ ഇനങ്ങൾക്കും മുൻപുള്ള അറ്റലാഭം | **2,70,000** |

***നിർധാരണം 8***

നൽകിയിരിക്കുന്ന വിവരങ്ങൾ അടിസ്ഥാനമാക്കി സിറോക്സ് ലിമിറ്റഡിനു വേണ്ടി പണപ്രവാഹ പത്രിക തയാറാക്കുക.

## സിറോക്സ് ലിമിറ്റഡിന്റെ ബാലൻസ് ഷീറ്റ്

| വിശദാംശങ്ങൾ | നോട്ട് നമ്പർ | മാർച്ച് 31 2017 (₹) | മാർച്ച് 31 2016 (₹) |
|---|---|---|---|
| **I. ഇക്വിറ്റിയും, ബാധ്യതകളും** | | | |
| 1. ഓഹരിയുടമകളുടെ ഫണ്ട് | | | |
| a) ഓഹരി മൂലധനം | | 15,00,000 | 10,00,000 |
| b) റിസർവ് & സർപ്ലസ് (ലാഭ-നഷ്ട പത്രികയുടെ ബാലൻസ്) | | 7,50,000 | 6,00,000 |
| 2. ദീർഘകാല ബാധ്യതകൾ | | | |
| ദീർഘകാല വായ്പ | 1 | 1,00,000 | 2,00,000 |
| 3. ഹ്രസ്വകാല ബാധ്യതകൾ | | | |
| a) ട്രേഡ് പേയബിൾസ് | | 1,00,000 | 1,10,000 |
| b) ഹ്രസ്വകാല പ്രൊവിഷനുകൾ (നികുതിക്കുള്ള പ്രൊവിഷൻ) | | 95,000 | 80,000 |
| **ആകെ** | | **25,45,000** | **19,90,000** |
| **II. ആസ്തികൾ** | | | |
| 1. ദീർഘകാല ആസ്തികൾ | | | |
| a) സ്ഥിര ആസ്തികൾ | | | |
| (i) ദൃശ്യ ആസ്തികൾ | 2 | 10,10,000 | 12,00,000 |
| (ii) അദൃശ്യ ആസ്തികൾ (ഗുഡ്‌വിൽ) | | 1,80,000 | 2,00,000 |
| b) ദീർഘകാല നിക്ഷേപങ്ങൾ | | 6,00,000 | - |
| 2. ഹ്രസ്വകാല ആസ്തികൾ | | | |
| a) നീക്കിയിരിപ്പ് ചരക്ക് | | 1,80,000 | 1,00,000 |
| b) ട്രേഡ് റിസീവബിൾസ് | | 2,00,000 | 1,50,000 |
| c) പണവും പണതുല്യ ആസ്തികളും | 3 | 3,75,000 | 3,40,000 |
| **ആകെ** | | **25,45,000** | **19,90,000** |

*അക്കൗണ്ടിനുള്ള കുറിപ്പുകൾ*

| വിശദാംശങ്ങൾ | നോട്ട് നമ്പർ | മാർച്ച് 31 2017 (₹) | മാർച്ച് 31 2016 (₹) |
|---|---|---|---|
| 1. ദീർഘകാല വായ്പ | | | |
| i) കടപ്പത്രങ്ങൾ | | — | 2,00,000 |
| ii) ബാങ്ക് വായ്പ | | 1,00,000 | — |
| | | **1,00,000** | **2,00,000** |

| | | | |
|---|---|---|---|
| 2. ദൃശ്യ ആസ്തികൾ: | | | |
| i) ലാന്റ് & ബിൾഡിങ് | | 6,50,000 | 8,00,000 |
| ii) പ്ലാന്റ് & മെഷിണറി | | 3,60,000 | 4,00,000 |
| | | **10,10,000** | **12,00,000** |
| 3. പണവും, പണതുല്യ ആസ്തികളും | | | |
| i) കൈവശമുള്ള ക്യാഷ് | | 70,000 | 50,000 |
| ii) ബാങ്ക് ബാലൻസ് | | 3,05,000 | 2,90,000 |
| | | **3,75,000** | **3,40,000** |

അധിക വിവരങ്ങൾ:

1. തനത് വർഷം ശുപാർശ ചെയ്തതും, കൊടുത്തതുമായ ലാഭ വിഹിതം ₹ 1,50,000.
2. തനത് വർഷം നൽകിയ ആദായ നികുതിയിൽ ₹15,000 ലാഭവിഹിത നികുതിയാണ്.
3. ബുക്ക് വില ₹1,50,000 ഉണ്ടായിരുന്ന ലാന്റ് & ബിൾഡിങ് 10% ലാഭത്തിൽ വിറ്റു.
4. പ്ലാന്റ് & മെഷിണറിയുടെ മൂല്യക്ഷയ നിരക്ക് 10% ആണ്.

***ഉത്തരം:***

**പണപ്രവാഹ പത്രിക**

| *വിശദാംശങ്ങൾ* | തുക (₹) |
|---|---|
| **I. ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം** | |
| നികുതിക്കും അസാധാരണ ഇനങ്ങൾക്കും മുൻപുള്ള ലാഭം | 3,95,000 |
| ക്രമീകരണങ്ങൾ: | |
| + മൂല്യക്ഷയം | 40,000 |
| + ഗുഡ്‌വിൽ എഴുതിത്തള്ളിയത് | 20,000 |
| − ലാന്റ് & ബിൾഡിങ് വിൽപ്പന നഷ്ടം | (15,000) |
| = പ്രവർത്തനമൂലധനമാറ്റത്തിന് മുൻപുള്ള ഓപ്പറേറ്റിങ് ലാഭം | 4,40,000 |
| − ട്രേഡ് പേയബിൾസിലുള്ള കുറവ് | (10,000) |
| − ട്രേഡ് റിസീവബിൾസിലുള്ള വർധനവ് | (50,000) |
| − നീക്കിയിരിപ്പ് ചരക്കിലെ വർധനവ് | (80,000) |
| = ദൈനംദിന പ്രവർത്തനങ്ങളിൽ നിന്ന് സ്വരൂപിച്ച പണം | 3,00,000 |
| − നികുതി അടച്ചത് (1) | (65,000) |
| | |

| | |
|---|---|
| A. ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം | **2,35,000** |
| **II. നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം** | |
| ലാന്റ് & ബിൽഡിങ് വിറ്റ് കിട്ടിയ തുക | 1,65,000 |
| നിക്ഷേപങ്ങൾ നടത്തിയത് | (6,00,000) |
| B. നിക്ഷേപ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച പണം | **(4,35,000)** |
| **III. ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം** | |
| ഇക്വിറ്റി ഓഹരികൾ പുറപ്പെടുവിച്ചത് | 5,00,000 |
| കടപ്പത്രങ്ങളുടെ തിരിച്ചടവ് | (2,00,000) |
| ബാങ്ക് വായ്പ ലഭിച്ചത് | 1,00,000 |
| ലാഭവിഹിതം നൽകിയത് | (1,50,000) |
| ലാഭവിഹിത നികുതി നൽകിയത് | (15,000) |
| C. ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പണ അന്തർപ്രവാഹം | **2,35,000** |
| പണം, പണതുല്യ ആസ്തികളിലുള്ള അറ്റ വർധനവ് (A+B+C) | 35,000 |
| + വർഷാരംഭ പണ പണതുല്യ ആസ്തികൾ | 3,40,000 |
| വർഷാവസാന പണ പണതുല്യ ആസ്തികൾ | **3,75,000** |

*പ്രവർത്തനക്കുറിപ്പുകൾ:*

(1) തനത് വർഷം ആകെ അടച്ച നികുതി ₹80,0000

(–) ലാഭവിഹിത നികുതി അടച്ചത് ₹(15,000)

ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നികുതി **₹65,000**

(2) നികുതിക്കും ലാഭവിഹിതത്തിനും ശേഷമുള്ള തനത് വർഷത്തെ അറ്റ ലാഭം

= ₹7,50,000 – 6,00,000 = ₹1,50,000

(3) നികുതിക്ക് മുൻപുള്ള അറ്റലാഭം

= നികുതിക്കും ലാഭവിഹിതത്തിനും ശേഷമുള്ള തനത് വർഷത്തെ അറ്റ ലാഭം + നികുതിക്കുള്ള പ്രൊവിഷൻ + ശുപാർശ ചെയ്ത നികുതി

= ₹1,50,000 + ₹95,000 (നികുതിക്കുള്ള പ്രൊവിഷൻ അക്കൗണ്ട് കാണുക) + ₹1,50,000

= ₹3,95,000

### ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ അക്കൗണ്ട്

*Dr.* *Cr.*

| *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക (₹)* | *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക (₹)* |
|---|---|---|---|---|---|
| ബാലൻസ് c/d | | 15,00,000 | ബാലൻസ് b/d<br>ക്യാഷ്<br>(പുതിയ മൂലധനം സ്വരൂപിച്ചത്) | | 10,00,000<br>5,00,000 |
| | | **15,00,000** | | | **15,00,000** |

### കടപ്പത്ര (ഡിബഞ്ചർ) അക്കൗണ്ട്

*Dr.* *Cr.*

| *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക (₹)* | *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക (₹)* |
|---|---|---|---|---|---|
| ക്യാഷ് (തിരിച്ചടവ്) | | 2,00,000 | ബാലൻസ് b/d | | 2,00,000 |
| | | **2,00,000** | | | **2,00,000** |

### ബാങ്ക് വായ്പ അക്കൗണ്ട്

*Dr.* *Cr.*

| *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക (₹)* | *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക (₹)* |
|---|---|---|---|---|---|
| ബാലൻസ് c/d | | 1,00,000 | ക്യാഷ് | | 1,00,000 |
| | | **1,00,000** | | | **1,00,000** |

### പ്രൊവിഷൻ ഫോർ ടാക്സേഷൻ അക്കൗണ്ട്

*Dr.* *Cr.*

| *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക (₹)* | *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക (₹)* |
|---|---|---|---|---|---|
| ക്യാഷ് (നികുതി അടച്ചത്, ₹ 15,000 ലാഭവിഹിത നികുതി ഉൾപ്പടെ)<br>ബാലൻസ് c/d | | 80,000<br>95,000 | ബാലൻസ് b/d<br>ലാഭ-നഷ്ട പത്രിക (തനത് വർഷത്തെ പ്രൊവിഷൻ) | | 80,000<br>95,000 |
| | | **1,75,000** | | | **1,75,000** |

### ലാന്റ് & ബിൽഡിങ് അക്കൗണ്ട്

*Dr.* *Cr.*

| വിശദാംശങ്ങൾ | എൽ എഫ് | തുക (₹) | വിശദാംശങ്ങൾ | എൽ എഫ് | തുക (₹) |
|---|---|---|---|---|---|
| ബാലൻസ് b/d | | 8,00,000 | ക്യാഷ് | | 1,65,000 |
| ലാഭ-നഷ്ട പത്രിക (വിൽപ്പന ലാഭം) | | 15,000 | ബാലൻസ് c/d | | 6,50,000 |
| | | **8,15,000** | | | **8,15,000** |

### പ്രൊപ്പോസ്ഡ് ഡിവിഡന്റ് അക്കൗണ്ട്

*Dr.* *Cr.*

| വിശദാംശങ്ങൾ | എൽ എഫ് | തുക (₹) | വിശദാംശങ്ങൾ | എൽ എഫ് | തുക (₹) |
|---|---|---|---|---|---|
| ക്യാഷ് | | 1,50,000 | സർപ്ലസ് | | 1,50,000 |
| | | **1,50,000** | | | **1,50,000** |

### പ്ലാന്റ് & മെഷിണറി അക്കൗണ്ട്

*Dr.* *Cr.*

| വിശദാംശങ്ങൾ | എൽ എഫ് | തുക (₹) | വിശദാംശങ്ങൾ | എൽ എഫ് | തുക (₹) |
|---|---|---|---|---|---|
| ബാലൻസ് b/d | | 4,00,000 | മൂല്യക്ഷയം | | 40,000 |
| | | | ബാലൻസ് c/d | | 3,60,000 |
| | | **4,00,000** | | | **4,00,000** |

***നിർധാരണം 9***

നൽകിയിരിക്കുന്ന വിവരങ്ങൾ അടിസ്ഥാനമാക്കി ഓസ്വാൾ മിൽസ് ലിമിറ്റഡിനു വേണ്ടി പണപ്രവാഹ പത്രിക തയാറാക്കുക.

## ഓസ്വാൾ മിൽസ് ലിമിറ്റഡിന്റെ ബാലൻസ് ഷീറ്റ്

(തുക ലക്ഷത്തിൽ)

| *വിശദാംശങ്ങൾ* | *നോട്ട് നമ്പർ* | *മാർച്ച് 31 2017 (₹)* | *മാർച്ച് 31 2016 (₹)* |
|---|---|---|---|
| **I. ഇക്വിറ്റിയും, ബാധ്യതകളും** | | | |
| 1. ഓഹരിയുടമകളുടെ ഫണ്ട് | | | |
| a) ഓഹരി മൂലധനം | 1 | 1,300 | 1,400 |
| b) റിസർവ് & സർപ്ലസ് (സർപ്ലസ്) | | 4,700 | 4,000 |
| 2. ഹ്രസ്വകാല ബാധ്യതകൾ | | | |
| a) ഹ്രസ്വകാല വായ്പകൾ | | 200 | 600 |
| b) ട്രേഡ് പേയബ്ൾസ് | | 500 | 400 |
| **ആകെ** | | **6,700** | **6,400** |
| **II. ആസ്തികൾ** | | | |
| 1. ദീർഘകാല ആസ്തികൾ | | | |
| a) സ്ഥിര ആസ്തികൾ | 2 | 2,400 | 2,400 |
| b) ദീർഘകാല നിക്ഷേപങ്ങൾ | | 300 | 200 |
| 2. ഹ്രസ്വകാല ആസ്തികൾ | | | |
| a) നീക്കിയിരിപ്പ് ചരക്ക് | | 1,200 | 1,300 |
| b) ട്രേഡ് റിസീവബിൾസ് | | 800 | 900 |
| c) പണവും പണതുല്യ ആസ്തികളും | | 1,200 | 800 |
| d) ഹ്രസ്വകാല വായ്പകളും, മുൻകൂറുകളും | | 800 | 800 |
| **ആകെ** | | **6,700** | **6,400** |

അക്കൗണ്ടിനുള്ള കുറിപ്പുകൾ: (തുക ലക്ഷത്തിൽ)

| *വിശദാംശങ്ങൾ* | *നോട്ട് നമ്പർ* | *മാർച്ച് 31 2017 (₹)* | *മാർച്ച് 31 2016 (₹)* |
|---|---|---|---|
| 1. ഓഹരി മൂലധനം | | | |
| ഇക്വിറ്റി ഓഹരി മൂലധനം | | 1,000 | 1,000 |
| 10% മുൻഗണനാ ഓഹരി മൂലധനം | | 300 | 400 |
| | | **1,300** | **1,400** |
| 2. സ്ഥിര ആസ്തികൾ | | | |
| ദൃശ്യ ആസ്തികൾ: | | 3,600 | 3,400 |
| (-): സഞ്ചിത മൂല്യക്ഷയം | | (1,200) | (1,000) |
| | | **2,400** | **2,400** |

### 2017 മാർച്ച് 31–ൽ അവസാനിക്കുന്ന വർഷത്തെ ലാഭ–നഷ്ട പത്രിക

(തുക ലക്ഷത്തിൽ)

| *വിശദാംശങ്ങൾ* | *നോട്ട് നമ്പർ* | *മാർച്ച് 31 2017 (₹)* | - |
|---|---|---|---|
| I. പ്രവർത്തന വരുമാനം | | 2,800 | - |
| II. മറ്റ് വരുമാനം (ലാഭവിഹിത വരുമാനം) | | 1,000 | - |
| III. ആകെ വരുമാനം | | 3,800 | - |
| IV. ചെലവുകൾ | | | - |
| അസംസ്കൃത വസ്തുക്കളുടെ ചെലവ് | | 400 | - |
| ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ | | 200 | - |
| ധനകാര്യച്ചെലവുകൾ (പലിശ നൽകിയത്) | | 200 | - |
| മൂല്യക്ഷയം | | 200 | - |
| ഭൂകമ്പം മൂലമുള്ള നഷ്ടം | | 1,100 | - |
| ആകെ ചെലവുകൾ | | 2,100 | |
| V. നികുതിക്ക് മുൻപുള്ള ലാഭം | | 1,700 | - |
| VI. വരുമാന നികുതി | | 1,000 | - |
| നികുതിക്ക് ശേഷമുള്ള ലാഭം | | 700 | - |

അധിക വിവരങ്ങൾ :

1. തനത് വർഷം കമ്പനി ലാഭവിഹിതം നൽകിയിട്ടില്ല.
2. സ്ഥിര ആസ്തികളിൽ ഉൾപ്പെട്ടിട്ടുള്ള സഞ്ചിതമൂല്യക്ഷയം ഇല്ലാത്ത ₹ 1,000 ലക്ഷത്തിന്റെ സ്ഥലം ലാഭമോ, നഷ്ടമോ ഇല്ലാതെ വിറ്റു.

***ഉത്തരം:***

### പണപ്രവാഹ പത്രിക

(തുക ലക്ഷത്തിൽ)

| *വിശദാംശങ്ങൾ* | (₹) |
|---|---|
| **ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം** | |
| നികുതിക്കും അസാധാരണയിനങ്ങൾക്കും മുൻപുള്ള ലാഭം (1) | 2,800 |
| ക്രമീകരണങ്ങൾ : | |
| + പലിശ നൽകിയത് | 200 |
| + മൂല്യക്ഷയം | 200 |

| | |
|---|---|
| പ്രവർത്തന മൂലധന മാറ്റത്തിന് മുൻപുള്ള ഓപ്പറേറ്റിങ് ലാഭം | 3,200 |
| ക്രമീകരണങ്ങൾ : | |
| + നീക്കിയിരിപ്പ് ബാക്കിച്ചരക്കിലെ കുറവ് | 100 |
| + ട്രേഡ് റിസീവബിൾസിലുള്ള കുറവ് | 100 |
| + ട്രേഡ് പേയബ്ൾസിലുള്ള വർധനവ് | 100 |
| ദൈനംദിന പ്രവർത്തനങ്ങളിൽ നിന്ന് സ്വരൂപിച്ച പണം | 3,500 |
| (–) ആദായ നികുതി അടച്ചത് | (1,000) |
| അസാധാരണ ഇനങ്ങൾക്കു മുൻപുള്ള ലാഭം | 2,500 |
| (–) ഭൂകമ്പം മൂലമുള്ള നഷ്ടം | (1,100) |
| A. ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള അറ്റ പണം | 1,400 |
| **നിക്ഷേപപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം** | |
| സ്ഥലം വിറ്റ് കിട്ടിയ തുക | 1,000 |
| സ്ഥിര ആസ്തികൾ വാങ്ങിയത് (2) | (1,200) |
| നിക്ഷേപങ്ങൾ നടത്തിയത് | (100) |
| B. നിക്ഷേപപ്രവർത്തനങ്ങളിൽ നിന്നുള്ള അറ്റ പണം | (300) |
| **ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം** | |
| ഹ്രസ്വകാലവായ്പകളുടെ തിരിച്ചടവ് | (400) |
| പലിശ നൽകിയത് | (200) |
| 10% മുൻഗണനാ ഓഹരികളുടെ തിരിച്ചടവ് | (100) |
| C. ധനകാര്യ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച അറ്റ പണം | (700) |
| പണം, പണതുല്യ ആസ്തികളിലുള്ള അറ്റ വർധനവ് (A+B+C) | 400 |
| + വർഷാരംഭ പണ പണതുല്യ ആസ്തികൾ | 800 |
| = വർഷാവസാന പണ പണതുല്യ ആസ്തികൾ | **1,200** |

*പ്രവർത്തനക്കുറിപ്പുകൾ:*

(തുക ലക്ഷത്തിൽ)

(1) നികുതിക്കും അസാധാരണയിനങ്ങൾക്കും മുൻപുള്ള ലാഭം

= ₹ 700 + ₹ 1,100 + ₹ 1,000

= ₹ 2,800

(2) **സ്ഥിര ആസ്തികളുടെ അക്കൗണ്ട്**

*Dr.* *Cr.*

| *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക (₹)* | *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക (₹)* |
|---|---|---|---|---|---|
| ബാലൻസ് b/d | | 3,400 | ക്യാഷ് (ലാന്റ് വിറ്റത്) | | 1,000 |
| ക്യാഷ് (സ്ഥിര ആസ്തികൾ വാങ്ങിയത്) | | 1,200 | ബാലൻസ് c/d | | 3,600 |
| | | **4,600** | | | **4,600** |

**സഞ്ചിത മൂല്യക്ഷയ അക്കൗണ്ട്**

*Dr.* *Cr.*

| *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക (₹)* | *വിശദാംശങ്ങൾ* | *എൽ എഫ്* | *തുക (₹)* |
|---|---|---|---|---|---|
| ബാലൻസ് c/d | | 1,200 | ബാലൻസ് b/d | | 1,000 |
| | | | ലാഭ-നഷ്ട പത്രിക | | 200 |
| | | **1,200** | | | **1,200** |

***നിർധാരണം 10***

നൽകിയിരിക്കുന്ന വിവരങ്ങൾ അടിസ്ഥാനമാക്കി ബഞ്ചാരിയ ലിമിറ്റഡിനു വേണ്ടി പണപ്രവാഹപ്പട്ടിക തയാറാക്കുക.

**ബഞ്ചാരിയ ലിമിറ്റഡിന്റെ ബാലൻസ് ഷീറ്റ്**

(തുക ലക്ഷത്തിൽ)

| *വിശദാംശങ്ങൾ* | *നോട്ട് നമ്പർ* | *മാർച്ച് 31 2017 (₹)* | *മാർച്ച് 31 2016 (₹)* |
|---|---|---|---|
| **I. ഇക്വിറ്റിയും, ബാധ്യതകളും** | | | |
| 1. ഓഹരിയുടമകളുടെ ഫണ്ട് | | | |
| a) ഓഹരി മൂലധനം | | 1,500 | 1,250 |
| b) റിസർവ് & സർപ്ലസ് (സർപ്ലസ്) | | 3,410 | 1,380 |
| 2. ദീർഘകാല ബാധ്യതകൾ | | | |
| ദീർഘകാല വായ്പ | | 1,110 | 1,040 |

| | | | |
|---|---|---|---|
| 3. ഹ്രസ്വകാല ബാധ്യതകൾ | | | |
| a) ട്രേഡ് പേയബിൾസ് | | 150 | 1,890 |
| b) മറ്റ് ഹ്രസ്വകാല ബാധ്യതകൾ | 1 | 630 | 1,100 |
| **ആകെ** | | **6,800** | **6,660** |
| **II. ആസ്തികൾ** | | | |
| 1. ദീർഘകാല ആസ്തികൾ | | | |
| a) സ്ഥിര ആസ്തികൾ | 2 | 730 | 850 |
| b) ദീർഘകാല നിക്ഷേപങ്ങൾ | | 2,500 | 2,500 |
| 2. ഹ്രസ്വകാല ആസ്തികൾ | | | |
| a) ഹ്രസ്വകാല നിക്ഷേപങ്ങൾ (മാർക്കറ്റബിൾ) | | 670 | 135 |
| b) നീക്കിയിരിപ്പ് ചരക്ക് | | 900 | 1,950 |
| c) ട്രേഡ് റിസീവബിൾസ് | | 1,700 | 1,200 |
| d) പണവും പണതുല്യ ആസ്തികളും | | 200 | 25 |
| c) മറ്റ് ഹ്രസ്വകാല ആസ്തികൾ (കുടിശ്ശികപ്പലിശ) | | 100 | — |
| **ആകെ** | | **6,800** | **6,660** |

അക്കൗണ്ടിനുള്ള കുറിപ്പുകൾ:

(തുക ലക്ഷത്തിൽ)

| *വിശദാംശങ്ങൾ* | *മാർച്ച് 31 2017 (₹)* | *മാർച്ച് 31 2016 (₹)* |
|---|---|---|
| 1. മറ്റ് ഹ്രസ്വകാല ബാധ്യതകൾ | | |
| i) പലിശ നൽകാനുള്ളത് | 230 | 100 |
| ii) ആദായ നികുതി അടയ്ക്കാനുള്ളത് | 400 | 1,000 |
| | **630** | **1,100** |
| 2. സ്ഥിര ആസ്തികൾ | | |
| ദൃശ്യ ആസ്തികൾ: | 2,180 | 1,910 |
| Less: സഞ്ചിത മൂല്യക്ഷയം | (1,450) | (1,060) |
| | **730** | **850** |

**2017 മാർച്ച് 31ൽ അവസാനിക്കുന്ന വർഷത്തെ ലാഭ-നഷ്ട പത്രിക**

(തുക ലക്ഷത്തിൽ)

| *വിശദാംശങ്ങൾ* | *നോട്ട് നമ്പർ* | *മാർച്ച് 31 2017 (₹)* |
|---|---|---|
| I. പ്രവർത്തന വരുമാനം | | 30,650 |
| II. മറ്റ് വരുമാനം | 1 | 640 |
| III. ആകെ വരുമാനം | | **31,290** |
| IV. ചെലവുകൾ | | |
| അസംസ്കൃത വസ്തുക്കളുടെ ചെലവ് | | 26,000 |
| ധനകാര്യച്ചെലവുകൾ (പലിശ നൽകിയത്) | | 400 |
| മൂല്യക്ഷയം | | 450 |
| മറ്റ് ചെലവുകൾ (ഭരണനിർവഹണ, വിൽപ്പനച്ചെലവുകൾ) | | 910 |
| **ആകെ ചെലവുകൾ** | | **27,760** |
| നികുതിക്ക് മുൻപുള്ള ലാഭം | | 3,530 |
| (-) : വരുമാന നികുതി | | (300) |
| നികുതിക്ക് ശേഷമുള്ള ലാഭം | | **3,230** |

അക്കൗണ്ടിനുള്ള കുറിപ്പുകൾ:

(തുക ലക്ഷത്തിൽ)

| *വിശദാംശങ്ങൾ* | (₹) |
|---|---|
| 1. 2016 - 17 വർഷത്തെ മറ്റ് വരുമാനം | |
| i) പലിശ വരുമാനം | 300 |
| ii) ലാഭവിഹിത വരുമാനം | 200 |
| iii) ഭൂകമ്പ ദുരന്തത്തിന് ഇൻഷുറൻസ് നഷ്ടപരിഹാരം ലഭിച്ചത് | 140 |
| | **640** |

*അധിക വിവരങ്ങൾ:*

(Rs '000)

(i) ഓഹരി മൂലധനത്തിലൂടെ ₹ 250 സമാഹരിക്കുകയും, ദീർഘകാല വായ്പയിലൂടെ അധികമായി ₹ 250 സമാഹരിക്കുകയും ചെയ്തു.

(ii) പലിശച്ചെലവ് ₹ 400 ആയിരുന്നതിൽ, ₹ 170 തനത് വർഷം നൽകി. കഴിഞ്ഞ വർഷത്തെ പലിശച്ചെലവ് കടിശ്ശികയിൽ ₹ 100 ഈ വർഷം നൽകി.

(iii) ലാഭവിഹിതം നൽകിയത് ₹ 1,200.

(iv) ലാഭവിഹിതം ലഭിച്ചതിന് ഉറവിടത്തിൽ നികുതി ചുമത്തിയത് ₹ 40 (തനത് വർഷത്തെ നികുതിച്ചെലവ് ₹ 300-ൽ ഇത് ഉൾപ്പെട്ടിട്ടുണ്ട്)

(v) നടപ്പ് വർഷം സ്ഥിര ആസ്തികൾ വാങ്ങിയത് ₹ 350. പ്രസ്തുത തുക പണമായി നൽകി.

(vi) വാങ്ങിയ വില ₹ 80, സഞ്ചിത മൂല്യക്ഷയം ₹ 60 ആയിട്ടുള്ള പ്ലാന്റ് വിറ്റ് ₹ 20 ലഭിച്ചു.

(vii) ട്രേഡ് റിസീവബ്ൾസ്, ട്രേഡ് പേയബ്ൾസ് എന്നിവ സാധനങ്ങളുടെ വാങ്ങലും വിൽപ്പനയുമായി മാത്രം ബന്ധപ്പെട്ടവയാണ്.

**പണപ്രവാഹ പത്രിക**
**(പ്രത്യക്ഷ രീതി)**

(തുക ലക്ഷത്തിൽ)

| വിശദാംശങ്ങൾ | (₹) | (₹) |
|---|---|---|
| **ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം:** | | |
| ഉപഭോക്താക്കളിൽ നിന്ന് പണം ലഭിച്ചത് | 30,150 | |
| വിതരണക്കാർക്കും ജീവനക്കാർക്കും പണം നൽകിയത് | (27,600) | |
| പ്രവർത്തനങ്ങളിൽ നിന്ന് സ്വരൂപിച്ച പണം | 2,550 | |
| ആദായ നികുതി അടച്ചത് | (860) | |
| അസാധാരണ ഇനങ്ങൾക്കു മുൻപുള്ള പണപ്രവാഹം | 1,690 | |
| ഭൂകമ്പ ദുരന്തത്തിന് ഇൻഷുറൻസ് നഷ്ടപരിഹാരം ലഭിച്ചത് | 140 | |
| ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള അറ്റ പണം | | 1,830 |
| **നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം** | | |
| സ്ഥിര ആസ്തികൾ വാങ്ങിയത് | (350) | |
| ഉപകരണങ്ങൾ വിറ്റ് കിട്ടിയ തുക | 20 | |
| പലിശ കിട്ടിയത് | 200 | |
| ലാഭവിഹിതം കിട്ടിയത് | 160 | |
| നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള അറ്റ പണം | | 30 |
| **ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം** | | |
| ഓഹരികൾ പുറപ്പെടുവിച്ചത് | 250 | |
| ദീർഘകാലവായ്പ എടുത്തത് | 250 | |

| | | |
|---|---|---|
| ദീർഘകാല വായ്പയുടെ തിരിച്ചടവ് | (180) | |
| പലിശ നൽകിയത് | (270) | |
| ലാഭവിഹിതം നൽകിയത് | (1,200) | |
| ധനകാര്യ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച അറ്റ പണം | | (1,150) |
| **പണം, പണതുല്യ ആസ്തികളിലുള്ള അറ്റ വർധനവ്** | | 710 |
| വർഷാരംഭപണ, പണതുല്യ ആസ്തികൾ | | 160 |
| വർഷാവസാനപണ, പണതുല്യ ആസ്തികൾ | | 870 |

**പണപ്രവാഹ പത്രിക**
**(പരോക്ഷ രീതി)**

(തുക ലക്ഷത്തിൽ)

| *വിശദാംശങ്ങൾ* | (₹) |
|---|---|
| **ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം** | |
| നികുതിക്കും അസാധാരണയിനങ്ങൾക്കും മുൻപുള്ള ലാഭം | 3,390 |
| ക്രമീകരണങ്ങൾ : | |
| + മൂല്യക്ഷയം | 450 |
| – പലിശ ലഭിച്ചത് | (300) |
| – ലാഭവിഹിതം ലഭിച്ചത് | (200) |
| + പലിശ നൽകിയത് | 400 |
| പ്രവർത്തന മൂലധനമാറ്റത്തിന് മുൻപുള്ള ഓപ്പറേറ്റിങ് ലാഭം | 3,740 |
| ട്രേഡ് റിസീവബിൾസിലുള്ള വർധനവ് | (500) |
| നീക്കി ബാക്കി ചരക്കിന്റെ കുറവ് | 1,050 |
| ട്രേഡ് പേയബിൾസിലുള്ള കുറവ് | (1,740) |
| ദൈനംദിനപ്രവർത്തനങ്ങളിൽ നിന്ന് സ്വരൂപിച്ച പണം | 2,550 |
| ആദായ നികുതി അടച്ചത് | (860) |
| അസാധാരണ ഇനങ്ങൾക്കു മുൻപുള്ള ലാഭം | 1,690 |
| ഭൂകമ്പ ദുരന്തത്തിന് ഇൻഷുറൻസ് നഷ്ടപരിഹാരം ലഭിച്ചത് | 140 |
| ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള അറ്റ പണം | **1,830** |
| **നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം** | |
| സ്ഥിര ആസ്തികൾ വാങ്ങിയത് | (350) |
| ഉപകരണങ്ങൾ വിറ്റ് കിട്ടിയ തുക | 20 |

| | |
|---|---|
| പലിശ കിട്ടിയത് | 200 |
| ലാഭവിഹിതം കിട്ടിയത് (നികുതി കുറച്ചത്) | 160 |
| നിക്ഷേപപ്രവർത്തനങ്ങളിൽ നിന്നുള്ള അറ്റ പണം | **30** |
| **ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം** | |
| ഓഹരികൾ പുറപ്പെടുവിച്ചത് | 250 |
| ദീർഘകാല വായ്പ എടുത്തത് | 250 |
| ദീർഘകാല വായ്പയുടെ തിരിച്ചടവ് | (180) |
| പലിശ നൽകിയത് | (270) |
| ലാഭവിഹിതം നൽകിയത് | (1,200) |
| ധനകാര്യ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച അറ്റ പണം | **(1,150)** |
| **പണം, പണതുല്യ ആസ്തികളിലുള്ള അറ്റ വർധനവ്** | 710 |
| വർഷാരംഭപണ, പണതുല്യ ആസ്തികൾ | 160 |
| വർഷാരംഭപണ, പണതുല്യ ആസ്തികൾ | **870** |

*പ്രവർത്തനക്കുറിപ്പുകൾ:*

(1) *പണവും, പണതുല്യ ആസ്തികളും*

കൈവശമുള്ള പണം, ബാങ്ക് ബാലൻസുകൾ, പണവിപണിപ്രമാണങ്ങളിലുള്ള നിക്ഷേപങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് പണപണതുല്യ ആസ്തികൾ. താഴെ പറയുന്ന ബാലൻസ് ഷീറ്റ് ഇനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

*(തുക ലക്ഷം രൂപയിൽ)*

| | 2017 (₹) | 2016 (₹) |
|---|---|---|
| കൈവശ പണവും, ബാങ്ക് ബാലൻസും | 200 | 25 |
| ഹ്രസ്വകാല നിക്ഷേപങ്ങൾ | 670 | 135 |
| പണവും പണതുല്യ ആസ്തികളും | 870 | 160 |

(2) ഉപഭോക്താക്കളിൽ നിന്ന് ലഭിച്ച പണം

| | |
|---|---|
| സാധനങ്ങളുടെ വിൽപ്പന | 30,650 |
| (+) : വർഷാരംഭ ട്രേഡ് റിസീവബിൾസ് | 1,200 |
| | 31,850 |
| (-) : വർഷാന്ത്യ ട്രേഡ് റിസീവബിൾസ് | (1,700) |
| | 30,150 |

(3) വിതരണക്കാർക്കും, ജീവനക്കാർക്കും നൽകിയ പണം

| | | |
|---|---|---|
| പ്രവർത്തന വരുമാനത്തിനുള്ള ചെലവ് | | 26,000 |
| ഭരണനിർവഹണ, വിൽപ്പനച്ചെലവുകൾ | | 910 |
| | | 26,910 |
| (+) : വർഷാരംഭ ട്രേഡ് പേയബിൾസ് | 1,890 | |
| വർഷാന്ത്യ കൈവശ ചരക്ക് | 900 | 2,790 |
| | | 29,700 |
| (-) : വർഷാന്ത്യ ട്രേഡ് പേയബിൾസ് | 150 | |
| വർഷാരംഭ കൈവശ ചരക്ക് | 1,950 | (2,100) |
| | | 27,600 |

(4) ആദായ നികുതി അടച്ചത്
(ലാഭവിഹിതത്തിന് ഉറവിടത്തിൽ അടച്ച നികുതി ഉൾപ്പടെ)

| | |
|---|---|
| തനത് വർഷത്തെ ആദായ നികുതി | 300 |
| (+) : വാർഷരംഭ നികുതി ബാധ്യത | 1,000 |
| | 1,300 |
| (-) : വർഷാന്ത്യ നികുതിക്കുടിശ്ശിക | (400) |
| | 900 |

(നികുതി അടച്ച ആകെ തുക ₹ 900. ഇതിൽ ലാഭവിഹിതത്തിന് ഉറവിടത്തിൽ അടച്ച നികുതിയായ ₹ 40 നിക്ഷേപ പ്രവർത്തങ്ങളുടെ ഭാഗമായി ഉൾപ്പെടുത്തുകയും, ബാക്കി ₹ 860 ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തുകയും ചെയ്യണം.)

(5) ദീർഘകാല വായ്പകളുടെ തിരിച്ചടവ്

| | |
|---|---|
| വർഷാരംഭ ഭീർഘകാല വായ്പകൾ | 1,040 |
| (+) : തനത് വർഷം ദീർഘകാല വായ്പ എടുത്തത് | 250 |
| | 1,290 |
| (-) : വർഷാന്ത്യ ദീർഘകാല വായ്പകൾ | (1,110) |
| | 180 |

(6) പലിശ നൽകിയത്

| | |
|---|---|
| തനത് വർഷത്തെ പലിശച്ചെലവ് | 400 |
| (+) : വർഷാരംഭ കുടിശ്ശികപ്പലിശ | 100 |
| | 500 |
| (-) : വർഷാന്ത്യ കുടിശ്ശികപ്പലിശ | (230) |
| | 270 |

## പാഠഭാഗത്തെ മുഖ്യപദങ്ങൾ

1. പണം (Cash)
2. പണതുല്യ ആസ്തികൾ (Cash Equivalents)
3. പണപ്രവാഹം (Cash flows)
4. പണ അന്തർപ്രവാഹം (Cash Inflows)
5. പണബാഹ്യപ്രവാഹം (Cash out flows)
6. പണപ്രവാഹ പത്രിക (Cash Flow Statement)
7. പണപരമല്ലാത്ത ഇനങ്ങൾ (Non-cash item)
8. ദൈനദിനപ്രവർത്തനങ്ങൾ (Operating Activities)
9. നിക്ഷേപപ്രവർത്തനങ്ങൾ (Investing Activities)
10. ധനകാര്യപ്രവർത്തനങ്ങൾ (Financing Activities)
11. അസാധാരണയിനങ്ങൾ (Extraordinary Items)
12. അക്കൗണ്ടിംഗ് സ്റ്റാന്റേർഡ് (Accounting Standard)

## പഠനനേട്ടങ്ങൾ അടിസ്ഥാനമാക്കിയുള്ള സംഗ്രഹം

ഒരു സ്ഥാപനത്തിന്റെ ഹ്രസ്വകാല ബാധ്യതകൾ തിരിച്ചടയ്ക്കുന്നതിനുള്ള ശേഷി നിർണയിക്കാൻ സഹായിക്കുന്നവയാണ് പണപ്രവാഹ പത്രിക. അക്കൗണ്ടിംഗ് സ്റ്റാന്റേർഡ് -3 പ്രകാരം ഇന്ത്യൻ കമ്പനികൾ അവരുടെ വാർഷിക ധനകാര്യ രേഖകളുടെ ഭാഗമായി ഇവയും തയാറാക്കേണ്ടതാണ്. ഇതിൽ പണപ്രവാഹത്തെ ദൈനംദിനം, നിക്ഷേപം, ധനകാര്യം എന്നീ മൂന്ന് പ്രവർത്തനങ്ങളിലായി തരംതിരിച്ചിരിക്കുന്നു. ഇതിലൂടെ നിശ്ചിത കാലയളവിൽ ഒരു കമ്പനി സ്വരൂപിക്കുന്ന പണ, പണതുല്യ ആസ്തികളുടെ തുകയും, സ്ഥിരതയും തിട്ടപ്പെടുത്താൻ കഴിയും.

## പരിശീലന ചോദ്യങ്ങൾ
## *(Questions for Practice)*

### ഹ്രസ്വോത്തര ചോദ്യങ്ങൾ (Short Answer Questions)

1. പണപ്രവാഹ പത്രിക എന്താണ്?
2. പരിഷ്കരിച്ച അക്കൗണ്ടിംഗ് സ്റ്റാന്റേർഡ്-3 പ്രകാരം പണപ്രവാഹ പത്രിക തയാറാക്കുന്നതിന് ബിസിനസ് പ്രവർത്തനങ്ങൾ തരം തിരിച്ചിരിക്കുന്നത് എങ്ങനെ?
3. പണപ്രവാഹ പത്രികയുടെ ഉപയോഗങ്ങൾ എന്തെല്ലാം?
4. പണപ്രവാഹ പത്രിക തയാറാക്കുന്നതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം?
5. നൽകിയിരിക്കുന്ന പദങ്ങളുടെ അർഥം വിശദമാക്കുക. (i) പണതുല്യ ആസ്തികൾ (ii) പണപ്രവാഹം

6. പരോക്ഷ രീതിയിൽ ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം നിർണയിക്കുന്നതിനുള്ള മാതൃകാ രൂപം നൽകുക.
7. താഴെ പറയുന്ന സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നവ ഏതെന്ന് എഴുതുക:
   (i) ഹോട്ടൽ
   (ii) സിനിമാ നിർമ്മാണ സ്ഥാപനം
   (iii) ധനകാര്യ സ്ഥാപനം
   (iv) പത്രമാധ്യമ സ്ഥാപനം
   (v) ഇരുമ്പ്-ഉരുക്ക് നിർമ്മാണ സ്ഥാപനം
   (vi) സോഫ്റ്റ്വെയർ നിർമ്മാണ സ്ഥാപനം
8. 'ഒരു പ്രവർത്തനത്തെ ഏത് പ്രത്യേക ശീർഷകത്തിൽ ഉൾപ്പെടുത്തണമെന്നത് ബന്ധപ്പെട്ട സ്ഥാപനത്തിന്റെ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നു.' ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുവോ? നിങ്ങളുടെ പ്രതികരണം വിശദീകരിക്കുക.

## ദീർഘോത്തര ചോദ്യങ്ങൾ (Long Answer Questions)

1. പണപ്രവാഹ പത്രിക തയാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിവരിക്കുക.
2. ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം നിർണയിക്കുന്നതിനുള്ള പരോക്ഷരീതി വിശദീകരിക്കുക.
3. നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള പ്രധാന പണ അന്തർ-ബഹിർ പ്രവാഹങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കുക.
4. ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പ്രധാന പണ അന്തർ-ബഹിർ പ്രവാഹങ്ങൾ ഏതെല്ലാമെന്ന്വിശദീകരിക്കുക.

## സംഖ്യാപരമായ ചോദ്യങ്ങൾ (Numerical Questions)

1. ആനന്ദ് ലിമിറ്റഡിന്റെ മാർച്ച് 31, 2017ൽ അവസാനിക്കുന്ന വർഷത്തെ അറ്റ വരുമാനം ₹ 5,00,000 ആയിരുന്നു. കണക്കാക്കിയ മൂല്യക്ഷയം ₹ 2,00,000 ആണ്. ലാഭ-നഷ്ട പത്രികയിൽ ആസ്തികൾ വിറ്റതിലുള്ള ലാഭം ₹ 50,000 ഉൾപ്പെടുത്തിയിട്ടുണ്ട്. തനത് വർഷം ട്രേഡ് റിസീവബ്ൾസിൽ ₹ 40,000, ട്രേഡ് പേയബ്ൾസിൽ ₹ 60,000 എന്നീ വർധനവുകൾ ഉണ്ടായിട്ടുണ്ട്. പരോക്ഷ രീതിയിൽ ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം കണ്ടുപിടിക്കുക.

   **[ഉത്തരം: ₹ 6,70,000]**
2. നൽകിയിരിക്കുന്ന വിവരങ്ങളിൽനിന്ന് നടപ്പ് വർഷം ചരക്കുകൾക്കായി നൽകിയ പണം എത്രയെന്ന് കണ്ടുപിടിക്കുക:

| വിശദാംശങ്ങൾ | (₹) |
|---|---|
| പ്രാരംഭ ചരക്ക് | 40,000 |
| കടമായി സാധനങ്ങൾ വാങ്ങിയത് | 1,60,000 |
| സമാപ്ത ചരക്ക് | 38,000 |
| പ്രാരംഭ ട്രേഡ് പേയബിൾസ് | 14,000 |
| സമാപ്ത ട്രേഡ് പേയബിൾസ് | 14,500 |

**[ഉത്തരം:** ₹ 1,59,500]

3. നൽകിയിരിക്കുന്ന ഓരോ ഇടപാടിൽ നിന്നുമുള്ള പണപ്രവാഹം എത്രയെന്നു നിർണയിച്ച്, അത് ദൈനംദിനം, നിക്ഷേപം, ധനകാര്യം എന്നീ പ്രവർത്തനങ്ങളിൽ ഏതിൽ ഉൾപ്പെടുമെന്ന് കണ്ടെത്തുക.
   (a) പുതിയ മെഷിണറി വാങ്ങിയതിന്റെ വിലയായ ₹ 2,50,000-ൽ 20% ചെക്കായും, ബാക്കി തുക ഒരു ബോണ്ട് തയാറാക്കിയും നൽകി.
   (b) ഇൻഫോർമടെക് ലിമിറ്റഡിൽ നിന്ന് ₹ 2,50,000 നൽകി അവരുടെ ഓഹരികൾ വാങ്ങുകയും, അതിന്റെ ലാഭവിഹിതമായി ₹ 50,000 ലഭിക്കുകയും ചെയ്തു.
   (c) വാങ്ങിയ വില ₹ 2,00,000 ഉള്ളതും, സഞ്ചിത മൂല്യക്ഷയം ₹ 160,000 ഉള്ളതുമായ പഴയ മെഷിണറി വിറ്റ് ₹ 60,000 കിട്ടി.

   **[ഉത്തരം:** (a) ₹ (50,000) നിക്ഷേപപ്രവർത്തനത്തിൽ നിന്നുള്ള പണ ബഹിർപ്രവാഹം ; (b) ₹ (2,00,000) നിക്ഷേപ പ്രവർത്തനത്തിൽ നിന്നുള്ള പണ ബഹിർപ്രവാഹം; (c) ₹ 60,000 നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള പണ അന്തർപ്രവാഹം).

4. യമുനാ ലിമിറ്റഡിന്റെ ലാഭ-നഷ്ട പത്രിക താഴെ നൽകിയിരിക്കുന്നു.

**മാർച്ച് 31, 2017ൽ അവസാനിക്കുന്ന വർഷത്തെ ലാഭനഷ്ട പത്രിക**

| വിശദാംശങ്ങൾ | നോട്ട് നമ്പർ | തുക (₹) |
|---|---|---|
| i) പ്രവർത്തന വരുമാനം | | 10,00,000 |
| ii) ചെലവുകൾ | | |
| അസംസ്കൃത വസ്തുക്കളുടെ വില | 1 | 50,000 |
| ചരക്കുകൾ വാങ്ങിയത് | | 5,00,000 |
| മറ്റ് ചെലവുകൾ | 2 | 3,00,000 |
| ആകെ ചെലവ് | | **8,50,000** |
| iii) നികുതിക്ക് മുൻപുള്ള ലാഭം (i-ii) | | 1,50,000 |

*അധിക വിവരങ്ങൾ:*

(i) ട്രേഡ് റിസീവബിൾസിൽ ഉണ്ടായ കുറവ് ₹ 30,000.

(ii) മുൻകൂർ ചെലവുകളിലുള്ള വർധനവ് ₹ 5,000.

(iii) ട്രേഡ് പേയബിൾസിലുള്ള വർധനവ് ₹ 15,000 .

(iv) കുടിശ്ശികച്ചെലവുകളിലുള്ള വർധനവ് ₹ 3,000

(v) മറ്റ് ചെലവുകളിൽ മൂല്യക്ഷയം ₹25,000 ഉൾപ്പെട്ടിട്ടുണ്ട്.

പരോക്ഷ രീതിയിൽ, ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള അറ്റ പണം കണ്ടുപിടിക്കുക.

[**ഉത്തരം:** ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണം ₹ 2,18,000].

5. നൽകിയിരിക്കുന്ന വിശദാംശങ്ങളിൽ നിന്ന് ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണത്തിന്റെ തുക നിർണയിക്കുക.

(i) മൂല്യക്ഷയം ₹ 2,000 കണക്കിലെടുത്തതിനുശേഷമുള്ള 2016-17-ലെ ലാഭം ₹ 10,000 ആണ്.

(ii) മാർച്ച് 31, 2016-2017 വർഷങ്ങളിലെ ഹ്രസ്വകാല ആസ്തി-ബാധ്യതകൾ താഴെ നൽകിയിരിക്കുന്നു.

| *വിശദാംശങ്ങൾ* | *മാർച്ച് 31 2016 (₹)* | *മാർച്ച് 31 2017 (₹)* |
|---|---|---|
| ട്രേഡ് റിസീവബിൾസ് | 14,000 | 15,000 |
| സംശയാസ്പദകടത്തിനുള്ള പ്രൊവിഷൻ | 1,000 | 1,200 |
| ട്രേഡ് പേയബിൾസ് | 13,000 | 15,000 |
| നീക്കിയിരിപ്പ് ചരക്ക് | 5,000 | 8,000 |
| മറ്റ് താൽക്കാലിക ആസ്തികൾ | 10,000 | 12,000 |
| കുടിശ്ശികചെലവുകൾ | 1,000 | 1,500 |
| മുൻകൂർ ചെലവുകൾ | 2,000 | 1,000 |
| കുടിശ്ശിക വരുമാനം | 3,000 | 4,000 |
| മുൻകൂർ വരുമാനം | 2,000 | 1,000 |

[**ഉത്തരം:** ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള പണം: ₹ 7,700].

6. നൽകിയിരിക്കുന്ന വിവരങ്ങളിൽ നിന്ന് ഭാരത് ഗ്യാസ് ലിമിറ്റഡിന്റെ നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം കണ്ടെത്തുക. ആവശ്യമായ ലെഡ്ജർ അക്കൗണ്ടുകൾ പ്രവർത്തനക്കുറിപ്പായി തയാറാക്കുക.

**ബാലൻസ് ഷീറ്റ്**

| *വിശദാംശങ്ങൾ* | *നോട്ട് നമ്പർ* | *2017 ലെ തുക (₹)* | *2016 ലെ തുക (₹)* |
|---|---|---|---|
| II) ആസ്തികൾ | | | |
| 1. ദീർഘകാല ആസ്തികൾ | | | |
| a) സ്ഥിര ആസ്തികൾ | | | |
| i) ദൃശ്യ ആസ്തികൾ | 1 | 12,40,000 | 10,20,000 |
| ii) അദൃശ്യ ആസ്തികൾ | 2 | 4,60,000 | 3,80,000 |
| b) ദീർഘകാല നിക്ഷേപങ്ങൾ | 3 | 3,60,000 | 2,60,000 |

കുറിപ്പുകൾ: 1. ദൃശ്യ ആസ്തികൾ = മെഷിണറി
2. അദൃശ്യ ആസ്തികൾ = പേറ്റന്റ്സ് + ഗുഡ്‌വിൽ

അക്കൗണ്ട് കുറിപ്പുകൾ:

| *വിശദാംശങ്ങൾ* | തനത് വർഷത്തെ തുകകൾ (₹) | കഴിഞ്ഞ വർഷത്തെ തുകകൾ (₹) |
|---|---|---|
| 1. ദൃശ്യ ആസ്തികൾ | | |
| മെഷിണറി | **12,40,000** | **10,20,000** |
| 2. അദൃശ്യ ആസ്തികൾ | | |
| ഗുഡ്‌വിൽ | 3,00,000 | 1,00,000 |
| പേറ്റന്റ് | 1,60,000 | 2,80,000 |
| | **4,60,000** | **3,80,000** |
| 3. ദീർഘകാല നിക്ഷേപങ്ങൾ | | |
| 10% ദീർഘകാല നിക്ഷേപങ്ങൾ | 1,60,000 | 60,000 |
| സ്ഥലത്തിലുള്ള നിക്ഷേപം | 1,00,000 | 1,00,000 |
| അമർടെക്സ് ലിമിറ്റഡിന്റെ | 1,00,000 | 1,00,000 |
| ഓഹരികൾ | **3,60,000** | **2,60,000** |

*അധിക വിവരങ്ങൾ:*

(a) ₹ 40,000 മൂല്യമുള്ള പേറ്റന്റുകൾ എഴുതിത്തള്ളുകയും, ഏതാനും പേറ്റന്റുകൾ ₹ 20,000 ലാഭത്തിൽ വിറ്റഴിക്കുകയും ചെയ്തു.

(b) മൂല്യക്ഷയം ₹ 60,000 ചുമത്തിയ, ₹ 1,40,000 വിലയുള്ള ഒരു മെഷിണറി ₹50,000ന് വിറ്റു. ഈ വർഷം ചുമത്തിയ ആകെ മൂല്യക്ഷയം ₹ 1,40,000 ആണ്.

(c) മാർച്ച് 31, 2006-ൽ 10% നിക്ഷേപങ്ങൾ ₹ 1,80,000 നൽകി വാങ്ങുകയും, ഏതാനും നിക്ഷേപങ്ങൾ ₹ 20,000 ലാഭത്തിൽ വിൽക്കുകയും ചെയ്തു. മാർച്ച് 31, 2017ൽ നിക്ഷേപങ്ങളുടെ പലിശ ലഭിച്ചിട്ടുണ്ട്.

(d) അമർടെക്സ് ലിമിറ്റഡിന്റെ ഓഹരികൾക്ക് 10% നിരക്കിൽ ലാഭവീതം ലഭിച്ചിട്ടുണ്ട്.

(e) നിക്ഷേപ ആവശ്യത്തിനായി പുതിയ സ്ഥലം വാങ്ങുകയും, അത് വ്യാവസായിക ആവശ്യത്തിന് വാടകയ്ക്കു നൽകിയ വകയിൽ ₹ 30,000 ലഭിക്കുകയും ചെയ്തു.

[ഉത്തരം: ₹ 5,24,000].

7. മോഹൻ ലിമിറ്റഡിന്റ് നൽകിയിരിക്കുന്ന ബാലൻസ് ഷീറ്റുകളിൽ നിന്ന് പണപ്രവാഹ പട്ടിക തയാറാക്കുക

**മോഹൻ ലിമിറ്റഡിന്റെ ബാലൻസ് ഷീറ്റ്**

| *വിശദാംശങ്ങൾ* | *നോട്ട് നമ്പർ* | *മാർച്ച് 31 2017 (₹)* | *മാർച്ച് 31 2016 (₹)* |
|---|---|---|---|
| **I) ഇക്വിറ്റിയും, ബാധ്യതകളും** | | | |
| 1. ഓഹരിയുടമകളുടെ ഫണ്ട് | | | |
| a) ഓഹരി മൂലധനം | | 3,00,000 | 2,00,000 |
| b) റിസർവ് & സർപ്ലസ് | | 2,00,000 | 1,60,000 |
| 2. ദീർഘകാല ബാധ്യതകൾ | | | |
| a) ദീർഘകാല വായ്പ | 1 | 80,000 | 1,00,000 |
| 3. ഹ്രസ്വകാല ബാധ്യതകൾ | | | |
| ട്രേഡ് പേയബിൾസ് | | 1,20,000 | 1,40,000 |
| ഹ്രസ്വകാല പ്രൊവിഷനുകൾ | 2 | 70,000 | 60,000 |
| **ആകെ** | | **7,70,000** | **6,60,000** |
| **II) ആസ്തികൾ** | | | |
| 1. ദീർഘകാല ആസ്തികൾ | | | |
| സ്ഥിര ആസ്തികൾ | 3 | 5,00,000 | 3,20,000 |
| 2. ഹ്രസ്വകാല ആസ്തികൾ | | | |
| a) നീക്കിയിരിപ്പ് ചരക്ക് | | 1,50,000 | 1,30,000 |
| b) ട്രേഡ് റിസീവബിൾസ് | 4 | 90,000 | 1,20,000 |
| c) പണവും പണതുല്യ ആസ്തികളും | 5 | 30,000 | 90,000 |
| **ആകെ** | | **7,70,000** | **6,60,000** |

അക്കൗണ്ടിനുള്ള കുറിപ്പുകൾ:

| *വിശദാംശങ്ങൾ* | *മാർച്ച് 31 2017 (₹)* | *മാർച്ച് 31 2016 (₹)* |
|---|---|---|
| 1. ദീർഘകാല വായ്പ | | |
| ബാങ്ക് വായ്പ | **80,000** | **1,00,000** |
| 2. ഹ്രസ്വകാല പ്രൊവിഷനുകൾ | | |
| ശുപാർശ ചെയ്ത ലാഭവിഹിതം | **70,000** | **60,000** |
| 3. സ്ഥിര ആസ്തികൾ | 6,00,000 | 4,00,000 |
| (-) : സഞ്ചിത മൂല്യക്ഷയം | 1,00,000 | 80,000 |
| അറ്റ സ്ഥിര ആസ്തികൾ | **5,00,000** | **3,20,000** |
| 4. ട്രേഡ് റിസീവബിൾസ് | | |
| ഡെബ്റ്റേഴ്സ് | 60,000 | 1,00,000 |
| ബിൽസ് റിസീവബിൾ | 30,000 | 20,000 |
| | **90,000** | **1,20,000** |
| 5. പണവും, പണതുല്യ ആസ്തികളും | | |
| ബാങ്ക് ബാലൻസ് | **30,000** | **90,000** |

*അധിക വിവരങ്ങൾ:*

വാങ്ങിയ വില ₹ 80,000, സഞ്ചിത മൂല്യക്ഷയം ₹ 50,000 ആയിട്ടുള്ള മെഷിണറി വിറ്റ് കിട്ടിയത് ₹20,000.

| | (₹) |
|---|---|
| [**ഉത്തരം:** ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം | 1,80,000 |
| നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം | (2,60,000) |
| ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം | 20,000. |

8. നൽകിയിരിക്കുന്ന വിവരങ്ങൾ അടിസ്ഥാനമാക്കി ടൈഗർ സൂപ്പർ സ്റ്റീൽ ലിമിറ്റഡിനു വേണ്ടി പണപ്രവാഹ പത്രിക തയാറാക്കുക.

## ടൈഗർ സൂപ്പർ സ്റ്റീൽ ലിമിറ്റഡിന്റെ ബാലൻസ് ഷീറ്റ്

| വിശദാംശങ്ങൾ | നോട്ട് നമ്പർ | മാർച്ച് 31 2017 (₹) | മാർച്ച് 31 2016 (₹) |
|---|---|---|---|
| **I) ഇക്വിറ്റിയും, ബാധ്യതകളും** | | | |
| 1. ഓഹരിയുടമകളുടെ ഫണ്ട് | | | |
| a) ഓഹരി മൂലധനം | 1 | 1,40,000 | 1,20,000 |
| b) റിസർവ് & സർപ്ലസ് | 2 | 22,800 | 15,200 |
| 2. ഹ്രസ്വകാല ബാധ്യതകൾ | | | |
| a) ട്രേഡ് പേയബിൾസ് | 3 | 21,200 | 14,000 |
| b) മറ്റ് ഹ്രസ്വകാല ബാധ്യതകൾ | 4 | 2,400 | 3,200 |
| c) ഹ്രസ്വകാല പ്രൊവിഷനുകൾ | 5 | 28,400 | 22,400 |
| **ആകെ** | | **2,14,800** | **1,74,800** |
| **II) ആസ്തികൾ** | | | |
| 1. ദീർഘകാല ആസ്തികൾ | | | |
| a) സ്ഥിര ആസ്തികൾ | | | |
| i) ദൃശ്യ ആസ്തികൾ | 6 | 96,400 | 76,000 |
| ii) അദൃശ്യ ആസ്തികൾ | | 18,800 | 24,000 |
| b) ദീർഘകാല നിക്ഷേപങ്ങൾ | | 14,000 | 4,000 |
| 2. ഹ്രസ്വകാല ആസ്തികൾ | | | |
| a) നീക്കിയിരിപ്പ് ചരക്ക് | | 31,200 | 34,000 |
| b) ട്രേഡ് റിസീവബിൾസ് | | 43,200 | 30,000 |
| c) പണവും പണതുല്യ ആസ്തികളും | | 11,200 | 6,800 |
| | | **2,14,800** | **1,74,800** |

അക്കൗണ്ടിനുള്ള കുറിപ്പുകൾ:

| വിശദാംശങ്ങൾ | 2017 (₹) | 2016 (₹) |
|---|---|---|
| 1. ഓഹരി മൂലധനം | | |
| ഇക്വിറ്റി ഓഹരി മൂലധനം | 1,20,000 | 80,000 |
| 10% പ്രിഫറൻസ് ഓഹരികൾ | 20,000 | 40,000 |
| | **1,40,000** | **1,20,000** |
| 2. റിസർവ് & സർപ്ലസ് | | |
| ജനറൽ റിസർവ് | 12,000 | 8,000 |

| | | |
|---|---|---|
| ലാഭ – നഷ്ട പത്രികയുടെ ബാലൻസ് | 10,800 | 7,200 |
| | **22,800** | **15,200** |
| 3. ട്രേഡ് പേയബ്ൾസ് | | |
| ബിൽസ് പേയബ്ൾ | 21,200 | 14,000 |
| 4. മറ്റ് ഹ്രസ്വകാല ബാധ്യതകൾ | | |
| കുടിശ്ശികച്ചെലവുകൾ | **2,400** | **3,200** |
| 5. ഹ്രസ്വകാല പ്രൊവിഷനുകൾ | | |
| നികുതിക്കുള്ള പ്രൊവിഷൻ | 12,800 | 11,200 |
| ശുപാർശ ചെയ്ത ലാഭവിഹിതം | 15,600 | 11,200 |
| | **28,400** | **22,400** |
| 6. ദൃശ്യ ആസ്തികൾ | | |
| ലാന്റ് & ബിൽഡിങ് | 20,000 | 40,000 |
| പ്ലാന്റ് | 76,400 | 36,000 |
| | **96,400** | **76,000** |

*അധിക വിവരങ്ങൾ :*

തനത് വർഷത്തെ ലാന്റ് & ബിൽഡിങ്ങിന്റെ മൂല്യക്ഷയം ₹ 20,000, പ്ലാന്റിന്റെ മൂല്യക്ഷയം ₹ 10,000.

[**ഉത്തരം:** ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം ₹ 56,000
നിക്ഷേപപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം ₹ (60,400)
ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം ₹ 8,800].

9. നൽകിയിരിക്കുന്ന വിവരങ്ങൾ അടിസ്ഥാനമാക്കി ഒരു പണപ്രവാഹ പട്ടിക തയാറാക്കുക.

## ബാലൻസ് ഷീറ്റ്

| *വിശദാംശങ്ങൾ* | *നോട്ട് നമ്പർ* | *മാർച്ച് 31 2017 (₹)* | *മാർച്ച് 31 2016 (₹)* |
|---|---|---|---|
| **I. ഇക്വിറ്റിയും, ബാധ്യതകളും** | | | |
| 1. ഓഹരിയുടമകളുടെ ഫണ്ട് | | | |
| a) ഓഹരി മൂലധനം | | 7,00,000 | 5,00,000 |
| b) റിസർവ് & സർപ്ലസ് | | 4,70,000 | 2,50,000 |
| 2. ദീർഘകാല ബാധ്യതകൾ | | | |
| (8% കടപ്പത്രങ്ങൾ) | | 4,00,000 | 6,00,000 |
| 3. ഹ്രസ്വകാല ബാധ്യതകൾ | | | |
| ട്രേഡ് പേയബിൾസ് | | 9,00,000 | 6,00,000 |
| **ആകെ** | | **24,70,000** | **19,50,000** |
| **II. ആസ്തികൾ** | | | |
| 1. ദീർഘകാല ആസ്തികൾ | | | |
| സ്ഥിര ആസ്തികൾ | | | |
| i) ദൃശ്യ ആസ്തികൾ | | 7,00,000 | 5,00,000 |
| ii) അദൃശ്യ ആസ്തികൾ (ഗുഡ്‌വിൽ) | | 1,70,000 | 2,50,000 |
| 2. ഹ്രസ്വകാല ആസ്തികൾ | | | |
| a) നീക്കിയിരിപ്പ് ചരക്ക് | | 6,00,000 | 5,00,000 |
| b) ട്രേഡ് റിസീവബിൾസ് | | 6,00,000 | 4,00,000 |
| c) പണവും പണതുല്യ ആസ്തികളും | | 4,00,000 | 3,00,000 |
| **ആകെ** | | **24,70,000** | **19,50,000** |

*അധിക വിവരങ്ങൾ:*

തനത് വർഷത്തെ പ്ലാന്റിന്റെ മൂല്യക്ഷയം ₹ 80,000.

| | (₹) |
|---|---|
| [**ഉത്തരം:** ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം | 4,28,000 |
| നിക്ഷേപപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം | (2,80,000) |
| ധനകാര്യപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം | (48,000) |

10. നൽകിയിരിക്കുന്ന വിവരങ്ങൾ അടിസ്ഥാനമാക്കി യോജിറ്റ ലിമിറ്റഡിനു വേണ്ടി പണപ്രവാഹ പത്രിക തയാറാക്കുക.

**യോജിറ്റ ലിമിറ്റഡിന്റെ ബാലൻസ് ഷീറ്റ്**

| *വിശദാംശങ്ങൾ* | *നോട്ട് നമ്പർ* | *മാർച്ച് 31 2017 (₹)* | *മാർച്ച് 31 2016 (₹)* |
|---|---|---|---|
| **I. ഇക്വിറ്റിയും, ബാധ്യതകളും** | | | |
| 1. ഓഹരിയുടമകളുടെ ഫണ്ട് | | | |
| a) ഓഹരി മൂലധനം | 1 | 4,00,000 | 2,00,000 |
| b) റിസർവ് & സർപ്ലസ് (സർപ്ലസ്) | | 2,00,000 | 1,00,000 |
| 2. ദീർഘകാല ബാധ്യതകൾ | | | |
| ദീർഘകാല വായ്പകൾ | 2 | 1,50,000 | 2,20,000 |
| 3. ഹ്രസ്വകാല ബാധ്യതകൾ | | | |
| a) ഹ്രസ്വകാല വായ്പകൾ (ബാങ്ക് ഓവർഡ്രാഫ്റ്റ്) | | 1,00,000 | |
| b) ട്രേഡ് പേയബിൾസ് | | 70,000 | 50,000 |
| c) ഹ്രസ്വകാല പ്രൊവിഷനുകൾ (നികുതിക്കുള്ള പ്രൊവിഷൻ) | | 50,000 | 30,000 |
| **ആകെ** | | **9,70,000** | **6,00,000** |
| **II. ആസ്തികൾ** | | | |
| 1. ദീർഘകാല ആസ്തികൾ | | | |
| സ്ഥിര ആസ്തികൾ | | | |
| ദൃശ്യ ആസ്തികൾ | | 7,00,000 | 4,00,000 |
| 2. ഹ്രസ്വകാല ആസ്തികൾ | | | |
| a) നീക്കിയിരിപ്പ് ചരക്ക് | | 1,70,000 | 1,00,000 |
| b) ട്രേഡ് റിസീവബിൾസ് | | 1,00,000 | 50,000 |
| c) പണവും പണതുല്യ ആസ്തികളും | | | 50,000 |
| **ആകെ** | | **9,70,000** | **6,00,000** |

അക്കൗണ്ടിനുള്ള കുറിപ്പുകൾ:

| വിശദാംശങ്ങൾ | മാർച്ച് 31 2017 (₹) | മാർച്ച് 31 2016 (₹) |
|---|---|---|
| 1. ഓഹരി മൂലധനം | | |
| a) ഇക്വിറ്റി ഓഹരി മൂലധനം | 3,00,000 | 2,00,000 |
| b) പ്രിഫറൻസ് ഓഹരികൾ | 1,00,000 | — |
| | **4,00,000** | **2,00,000** |
| 2. ദീർഘകാല ബാധ്യതകൾ | | |
| ദീർഘകാല വായ്പകൾ | — | 2,00,000 |
| രാഹുലിൽ നിന്നുള്ള വായ്പ | 1,50,000 | 20,000 |
| | **1,50,000** | **2,20,000** |

*അധിക വിവരങ്ങൾ :*

മൂല്യക്ഷയം ₹ 50,000 കണക്കിലെടുത്തതിനു ശേഷമുള്ള അറ്റലാഭം ₹ 1,50,000 ആണ്. ഓഹരികൾക്ക് ലാഭവിഹിതം നൽകിയത് ₹ 50,000. നികുതിക്കുള്ള പ്രൊവിഷൻ മാറ്റി വച്ചത് ₹ 60,000.

| | (₹) |
|---|---|
| [**ഉത്തരം:** ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം | 1,20,000 |
| നിക്ഷേപപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം | (3,50,000) |
| ധനകാര്യപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം | 80,000 |

11. നൽകിയിട്ടുള്ള ധനകാര്യ പത്രികയിൽ നിന്ന് ഗരിമ ലിമിറ്റഡിനു വേണ്ടി പണ പ്രവാഹ പത്രിക തയാറാക്കുക.

**ബാലൻസ് ഷീറ്റ്**

| വിശദാംശങ്ങൾ | നോട്ട് നമ്പർ | മാർച്ച് 31 2017 (₹) | മാർച്ച് 31 2016 (₹) |
|---|---|---|---|
| **I. ഇക്വിറ്റിയും, ബാധ്യതകളും** | | | |
| 1. ഓഹരി ഉടമകളുടെ ഫണ്ട് | | | |
| a) ഓഹരി മൂലധനം | 1 | 4,40,000 | 2,80,000 |
| b) റിസർവ് & സർപ്ലസ് (സർപ്ലസ്) | 2 | 40,000 | 28,000 |
| 2. ഹ്രസ്വകാല ബാധ്യതകൾ | | | |
| a) ട്രേഡ് പേയബിൾസ് | | 1,56,000 | 56,000 |
| b) ഹ്രസ്വകാല പ്രൊവിഷനുകൾ (നികുതിക്കുള്ള പ്രൊവിഷൻ) | | 12,000 | 4,000 |
| **ആകെ** | | **6,48,000** | **3,68,000** |

| | | | |
|---|---|---|---|
| **II. ആസ്തികൾ** | | | |
| 1. ദീർഘകാല ആസ്തികൾ | | | |
| സ്ഥിര ആസ്തികൾ | | | |
| ദൃശ്യ ആസ്തികൾ | | 3,64,000 | 2,00,000 |
| 2. ഹ്രസ്വകാല ആസ്തികൾ | | | |
| a) നീക്കിയിരിപ്പ് ചരക്ക് | | 1,60,000 | 60,000 |
| b) ട്രേഡ് റിസീവബിൾസ് | | 80,000 | 20,000 |
| c) പണവും പണതുല്യ ആസ്തികളും | | 28,000 | 80,000 |
| d) മറ്റ് ഹ്രസ്വകാല ആസ്തികൾ | | 16,000 | 8,000 |
| **ആകെ** | | **6,48,000** | **3.68,000** |

അക്കൗണ്ടിനുള്ള കുറിപ്പുകൾ:

| *വിശദാംശങ്ങൾ* | | *മാർച്ച് 31 2017 (₹)* | *മാർച്ച് 31 2016 (₹)* |
|---|---|---|---|
| 1. ഓഹരി മൂലധനം | | | |
| a) ഇക്വിറ്റി ഓഹരി മൂലധനം | | 3,00,000 | 2,00,000 |
| b) പ്രിഫറൻസ് ഓഹരികൾ | | 1,40,000 | 80,000 |
| | | **4,40,000** | **2,80,000** |
| 2. റിസർവ് & സർപ്ലസ് | | | |
| ലാഭ-നഷ്ട പത്രിക പ്രകാരമുള്ള വർഷാരംഭ സർപ്ലസ് | | 28,000 | |
| (+) : നടപ്പ് വർഷത്തെ ലാഭം | | 16,000 | |
| (-) : ലാഭവിഹിതം | | 4,000 | |
| വർഷാവസാന ലാഭം | | **40,000** | |

*അധിക വിവരങ്ങൾ :*

1. കടപ്പത്രങ്ങളുടെ പലിശ ₹ 600
2. തനത് വർഷം നൽകിയ ലാഭവിഹിതം ₹ 4,000
3. തനത് വർഷം ചുമത്തിയ മൂല്യക്ഷയം ₹ 32,000

(₹)

[**ഉത്തരം:** ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം (12,000)

നിക്ഷേപപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം (1,96,000)

ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം (1,56,000)].

12. കമ്പ്യൂട്ടർ ഇന്ത്യ ലിമിറ്റഡിന്റെ നൽകിയിരിക്കുന്ന ബാലൻസ് ഷീറ്റിൽ നിന്ന് പണപ്രവാഹ പത്രിക തയാറാക്കുക.

**ബാലൻസ് ഷീറ്റ്**

(തുക ആയിരം രൂപയിൽ)

| *വിശദാംശങ്ങൾ* | *നോട്ട് നമ്പർ* | *മാർച്ച് 31 2017 (₹)* | *മാർച്ച് 31 2016 (₹)* |
|---|---|---|---|
| **I. ഇക്വിറ്റിയും, ബാധ്യതകളും** | | | |
| 1. ഓഹരിയുടമകളുടെ ഫണ്ട് | | | |
| a) ഓഹരി മൂലധനം | | 50,000 | 40,000 |
| b) റിസർവ് & സർപ്ലസ് (സർപ്ലസ്) | 1 | 3,700 | 3,000 |
| 2. ദീർഘകാല ബാധ്യതകൾ | | | |
| 10% കടപ്പത്രങ്ങൾ | | 6,500 | 6,000 |
| 3. ഹ്രസ്വകാല ബാധ്യതകൾ | | | |
| a) ഹ്രസ്വകാല വായ്പകൾ | 2 | 6,800 | 12,500 |
| b) ട്രേഡ് പേയബിൾസ് | | 11,000 | 12,000 |
| c) ഹ്രസ്വകാല പ്രൊവിഷനുകൾ | 3 | 10,000 | 8,000 |
| **ആകെ** | | **88,000** | **81,500** |
| **II. ആസ്തികൾ** | | | |
| 1. ദീർഘകാല ആസ്തികൾ | | | |
| a) സ്ഥിര ആസ്തികൾ | | | |
| 2. ഹ്രസ്വകാല ആസ്തികൾ | 4 | 25,000 | 30,000 |
| a) നീക്കിയിരിപ്പ് ചരക്ക് | | 35,000 | 30,000 |
| b) ട്രേഡ് റിസീവബിൾസ് | | 24,000 | 20,000 |
| c) പണവും പണതുല്യ ആസ്തികളും (ക്യാഷ്) | | 3,500 | 1,200 |
| d) മറ്റ് ഹ്രസ്വകാല ആസ്തികൾ (മുൻകൂർ ചെലവുകൾ) | | 500 | 300 |
| **ആകെ** | | **88,000** | **81,500** |

അക്കൗണ്ടിനുള്ള കുറിപ്പുകൾ:

| വിശദാംശങ്ങൾ | മാർച്ച് 31 2017 (₹) | മാർച്ച് 31 2016 (₹) |
|---|---|---|
| 1. റിസർവ് & സർപ്ലസ് | | |
| i) ലാഭ-നഷ്ട പത്രിക പ്രകാരമുള്ള ബാലൻസ് | 1,200 | 1,000 |
| ii) ജനറൽ റിസർവ് | 2,500 | 2,000 |
| | **3,700** | **3,000** |
| 2. ഹ്രസ്വകാല വായ്പകൾ | | |
| ബാങ്ക് ഓവർഡ്രാഫ്റ്റ് | 6,800 | 12,500 |
| 3. ഹ്രസ്വകാല പ്രൊവിഷനുകൾ | | |
| i) നികുതിക്കുള്ള പ്രൊവിഷൻ | 4,200 | 3,000 |
| ii) ശുപാർശ ചെയ്ത ലാഭവിഹിതം | 5,800 | 5,000 |
| | **10,000** | **8,000** |
| 4. അറ്റ സ്ഥിര ആസ്തികൾ : | | |
| സ്ഥിര ആസ്തികൾ | 40,000 | 41,000 |
| (-) സഞ്ചിത മൂല്യക്ഷയം | (15,000) | (11,000) |
| | **25,000** | **30,000** |

*അധിക വിവരങ്ങൾ :*

കടപ്പത്രങ്ങളുടെ പലിശ നൽകിയത് ₹ 600

[**ഉത്തരം:** ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം Rs 2,100

നിക്ഷേപപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം Rs 1,000

ധനകാര്യപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം Rs 4,900

## പ്രോജക്ട് വർക്ക് *(Project Work)*

1. ഏതെങ്കിലും മൂന്ന്, ലിസ്റ്റ് ചെയ്ത കമ്പനികളുടെ വാർഷിക ധനകാര്യ റിപ്പോർട്ടിന്റെ ഭാഗമായിട്ടുള്ള പണപ്രവാഹ പട്ടികകൾ പരിശോധിച്ച് താഴെ പറയുന്നവ കണ്ടെത്തുക:
   (i) ദൈനംദിനപ്രവർത്തനങ്ങളിൽ നിന്നുള്ള പണപ്രവാഹം നിർണയിക്കുന്നതിനു വേണ്ടി പരോക്ഷ രീതിയാണോ, പ്രത്യക്ഷ രീതിയാണോ ഉപയോഗിച്ചിരിക്കുന്നത്?

(ii) പ്രത്യേക ഇനങ്ങളായ ലാഭവിഹിത നികുതി, സറിര ആസ്തികളുടെ വിൽപ്പന ലാഭം/നഷ്ടം,മൂല്യക്ഷയം, അസാധാരണയിനങ്ങൾ തുടങ്ങിയവയെ പരിഗണിച്ചിരിക്കുന്നത് എങ്ങനെ?

(iii) വിവിധ കമ്പനികൾ പണപ്രവാഹ പട്ടികയുടെ ഒരേ മാതൃകാ രൂപമാണോ ഉപയോഗിച്ചിരിക്കുന്നത്?

(iv) കമ്പനികൾ പണപ്രവാഹ പട്ടിക യഥാവിധം അവരുടെ വാർഷിക ധനകാര്യ റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തുന്നുണ്ടോ?

2. 'കമ്പനികൾ അവരുടെ പണപ്രവാഹത്തെക്കുറിച്ചുള്ള പട്ടികകൾ തയാറാക്കേണ്ടതിന്റെ ആവശ്യകതയും, പ്രാധാന്യവും' ക്ലാസ് മുറിയിൽ വിശദമായി ചർച്ച ചെയ്യുക.

3. ഏതെങ്കിലും ഒരു കമ്പനിയുടെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ പണപ്രവാഹ പട്ടികകൾ വിശകലനം ചെയ്ത്, താഴെ പറയുന്ന കാര്യങ്ങൾ കണ്ടെത്തുക:

(i) പണത്തിന്റെയും, പണ തുല്യ ആസ്തികളുടെയും വിവിധ വർഷങ്ങളിലുള്ള അറ്റ വർധനവ് സൂചിപ്പിച്ചിട്ടുണ്ടോ?

(ii) വിവിധ വർഷങ്ങളിലും ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള പണ പ്രവാഹം പ്രതികൂലമാണെങ്കിൽ (നെഗറ്റീവ്) അതിനുള്ള സാധ്യമായ കാരണങ്ങൾ എന്തെല്ലാമായിരിക്കും? കമ്പനിയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ നിഗമനങ്ങൾക്കുള്ള സാധ്യമായ കാരണങ്ങൾ എന്തെല്ലാമാണ്?

## സ്വയം വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ– I

**ഉത്തരങ്ങൾ :** a) ദൈനംദിനപ്രവർത്തനങ്ങൾ - 3, 6, 7, 10, 13, 15, 19, 20, 23, 24, 27;
b) നിക്ഷേപപ്രവർത്തനങ്ങൾ - 1, 5, 8, 11, 12, 16, 17, 21, 22
c) ധനകാര്യപ്രവർത്തനങ്ങൾ - 2, 4, 9, 14, 18, 25, 26, 28, 29;
d) പണതുല്യ ആസ്തികൾ - 30, 31, 32, 33.

### സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ – II

**ഉത്തരങ്ങൾ:** (a) 40,000, (b) 60,000, (c) കുറയ്ക്കണം

(d) കുറയ്ക്കണം, (e) കൂട്ടണം, (f) കൂട്ടണം.

**ഉത്തരങ്ങൾ:** 1. +, 2. NC, 3. +, 4. –, 5. +, 6. NC, 7. –, 8 +, 9. NC, 10 –, 11 –, 12 +